1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) ചട്ടം 11(1) പ്രകാരം ജൂലൈ 31-ന് മുമ്പായി മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 28.08.2025-ലെ സ.ഉ (കൈ) നം. 156/2025/തസ്വഭവ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി നവംബർ 30 വരെ ദീർഘിപ്പിച്ചിരുന്നു. ടി സമയപരിധി ധനകാര്യ പത്രിക സമർപ്പണത്തിൽ പാലിച്ചിട്ടില്ല. തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡിസംബർ 10 വരെ സമയപരിധി ദീർഘിപ്പിച്ച് നൽകിയെന്ന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 11.12.2025-ലെ കത്ത് നം 2639715-2025 മൂലം അറിയിച്ചുവെങ്കിലും അപ്രകാരം ദീർഘിപ്പിച്ച് നൽകിയ നിർദ്ദേശം ഉൾപ്പെട്ട കത്ത്/ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. 2024-25 ലെ വാർഷിക ധനകാര്യ പത്രിക 11/12/2025 നാണ് എയിംസിൽ സമർപ്പിച്ചിരിക്കുന്നത്.

1-1-3 ക്യാഷ് അക്കൗണ്ട് മുന്നിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

2023-24 R & P 40 (B) പ്രകാരമുള്ള ക്യാഷ് ബാലൻസ് 5016226/- രൂപയാണ്. എന്നാൽ 2024-25 RP Schedule പ്രകാരം OB-Cash 15004647/- രൂപയാണ് (ഹെഡ് കോഡ് 4501001). ആകെ ക്യാഷ് ബാലൻസ് മുന്നിരിപ്പിൽ ഉണ്ടായ 9988424/- രൂപയുടെ വ്യത്യാസം അക്കൗണ്ടിംഗിൽ സംഭവിച്ചിട്ടുള്ള ഗുരുതരമായ അപാകം ആണ്. ഇത് സംബന്ധിച്ച് Notes On Account-ൽ പരാമർശം ഉണ്ടെങ്കിലും അപാകം സംഭവിച്ചതിന്റെ കാരണവും ക്രമീകരിച്ചതിന്റെ നടപടിക്രമങ്ങളും വിശദീകരിച്ചിട്ടില്ല. രസീത് ചെയ്യപ്പെട്ട ക്യാഷ് ഇനത്തിലെ വരവ് മുൻവർഷത്തെ AFSൽ ഉൾപ്പെടാത്ത സാഹചര്യം ആണ് ഉണ്ടായിട്ടുള്ളത് എന്ന് കാണുന്നു. ഈ അപാകത കത്ത് നം.കെ.എസ്.എ.698/ടിവിസി.9/2025. തീയതി: 23.12.2025. പ്രകാരം അറിയിച്ചിരുന്നു. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.(വിശദ വിവരം ഖണ്ഡിക 1-14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്) മെയിൻ ഓഫീസിൽ നിന്നും സോണൽ ഓഫീസുകളിൽ നിന്നും 31.03.2024 ന് ഉൾപ്പെടുത്താൻ വിട്ടുപോയ ക്യാഷ് വിവരങ്ങളും, രസീറ്റ് ആകാത്ത ഇനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളും പ്രത്യേകിച്ച് ലഭ്യമാക്കേണ്ടതാണ്.

1-1-4 റിക്കൺസിലേഷൻ പത്രികയിലെ നീക്കിയിരിപ്പ് തുകയും ബാങ്ക് ബുക്ക് പ്രകാരമുള്ളതുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല.

ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയാണ് ഓരോ അക്കൗണ്ടിലും നീക്കിയിരിപ്പായി വരേണ്ടത്. എന്നാൽ റിക്കൺസിലേഷൻ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിൽ റിക്കൺസിലേഷൻ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻഷീറ്റ് (B-17) പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

അക്കൗണ്ട്	ബാലൻഷീറ്റ് (B-17) പ്രകാരമുള്ള നീക്കിയിരിപ്പ്	റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക്ബുക്കിലെ നീക്കിയിരിപ്പ്
സായാഹ്നം 9375	3,82,676/-	380676/-
സുജലം സുലഭം 9688	1,48,21,549.72/-	14813298.77/-
ശുചിത്വ മിഷൻ ICICI 3172	3,49,07,279/-	റിക്കൺസിലേഷൻ വിവരങ്ങൾ ലഭ്യമല്ല.

1-1-5 ബാങ്ക് ബുക്കുകളിലെ വർഷാവസാന നീക്കിയിരിപ്പ് നെഗറ്റീവ്/ക്രെഡിറ്റ് ബാലൻസ് കാണുന്നു.

ചുവടെ പരാമർശിക്കുന്ന അക്കൗണ്ടുകളിൽ 31-03-2025 ന് ക്രെഡിറ്റ്/നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

ക്രമ നം.	ബാങ്ക്	ഹെഡ് കോഡ്	ബാലൻസ് (RP Schedule)
1	Canara Bank - NULM 9534	4502101	-9874291
2	Amrut Indian Bank- 8809	4502101	-284786
3	District Treasuty - LGTSB	4502201	-22394957

ബാങ്ക് ബുക്ക് പ്രകാരമുള്ള ക്ലോസിംഗ് ബാലൻസുകൾ ക്രെഡിറ്റ്/നെഗറ്റീവ് ബാലൻസ് ആയതിന് ലഭ്യമാക്കിയ മറുപടി പ്രകാരം CANARA ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് വന്നത് സാങ്കേതിക പ്രശ്നം ആണെന്നും ടഷറി അക്കൗണ്ടിലെ വ്യത്യാസം Redemption ഇനത്തിൽ സർക്കാർ പിൻവലിച്ച തുകയാണെന്നും ടി തുക 3/4/2025 ൽ ക്രെഡിറ്റ് ആയതായും അറിയിച്ചിട്ടുണ്ട്. അമൃത് ഇൻഡ്യൻ ബാങ്കിനെ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. കൃത്യമായി റിക്കൺസിലേഷൻ നടത്തി ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-1-6 മുൻവർഷം ക്ലോസിംഗ് ബാലൻസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും തൻവർഷം നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.

മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP40 (B) യിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും തൻവർഷ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഉദാ- 2023-24-ലെ RP 40(b) പ്രകാരമുള്ള താഴെപ്പറയുന്ന അക്കൗണ്ടുകൾ 2024-25 ൽ ഉൾപ്പെട്ടിട്ടില്ല.

Sl No.	Head Code	Bank Account	Balance Amount
1	450210110	Profession Tax Account 38104936870	0
2	450450200	799012700001460 - PSTSB	0
3	450410800	7143286407 - Padna Likhna Abhiyan	0

ഈ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ്ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ക്ലോസ് ചെയ്തിട്ടില്ലായെങ്കിൽ അക്കൗണ്ടുകൾ ഉൾപ്പെടുത്താത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-7 അടിസ്ഥാന അനുപാതങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ 2007 ചട്ടം 58(f) -ൽ നിഷ്കർഷിക്കും പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷികധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ ആയത് സമർപ്പിച്ചിട്ടില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. എൻകൃയറിയിലൂടെ വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

1-1-8 Excess Of Income Over Expenditure കണക്കാക്കിയതിൽ പൊരുത്തക്കേട് കാണുന്നു.

Prior Period Items അഡ്ജസ്റ്റ് ചെയ്ത ശേഷമുള്ള തുക Excess Of Income Over Expenditure ഹെഡിലേക്ക് ക്യാരി ഓവർ ചെയ്ത് വന്നതിൽ പൊരുത്തക്കേട് കാണുന്നു. വിവരം ചുവടെ ചേർക്കുന്നു.

മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള Excess Of Income Over Expenditure	81,00,97,794
തൻവർഷ കമ്മി (Deficit) തുക	-62,53,006.63
തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള Excess Of Income Over Expenditure	53,37,78,238.37

വാർഷിക ധനകാര്യപത്രികയിൽ സൂചിപ്പിക്കുന്ന കണക്കുകൾ പ്രകാരം തൻവർഷ കമ്മി (Deficit) തുക -62,53,006.63 ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള Excess Of Income Over Expenditure ൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക 80,38,44,787.4 ആകേണ്ടതായിരുന്നു. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയെ (53,37,78,238.37) സംബന്ധിക്കുന്ന വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-9 ബാങ്കിൽ ക്രെഡിറ്റ് വരുന്ന തുക സമയബന്ധിതമായി അക്കൗണ്ട് ചെയ്യുന്നില്ല.

ചുവടെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രെഡിറ്റ് വന്ന തുകകൾ സമയബന്ധിതമായി ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത അക്കൗണ്ടിംഗിന്റെ സുതാര്യതയെയും കൃത്യതയെയും പ്രതികൂലമായി ബാധിക്കുന്നു.

ബാങ്ക് അക്കൗണ്ട് നം	തുക	തുക ബാങ്കിൽ ക്രെഡിറ്റ് വന്ന തീയതി	തുക ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്ത തീയതി

Federal Bank-CFC Tied Federal 6600	16,96,079	29/06/2024	16/03/2025
Do	16,65,137	29-09-2024	16/03/2025
Do	35,10,00,000	12-12-2024	16/03/2025
Do	26,95,967	29-12-2024	16/03/2025
Panjab National Bank-PNB Sewage JNRUM 00017	2,11,849/-	02-06-2024	15-03-2025
Do	2,13,317/-	08-09-2024	15-03-2025
Do	100/-	20-09-2024	15-03-2025
Do	2,12,462/-	02-12-2024	16-03-2025

എല്ലാ മാസവും റിക്കൺസിലേഷൻ റിപ്പോർട്ട് തയ്യാറാക്കാത്തതിനാലാണ് ഇത്തരം അപാകത സംഭിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ മാസങ്ങളിൽ ക്രെഡിറ്റ് വന്ന തുകകൾ എല്ലാം തന്നെ മാർച്ച് 2025നാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എല്ലാ മാസവും ബാങ്ക് റിക്കൺസിലേഷൻ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

1-1-10 സ്ഥാപനം നൽകിയതും എന്നാൽ ബാങ്കിൽ സമർപ്പിക്കാത്തതുമായ ചെക്കുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

നഗരസഭ ഇഷ്യൂചെയ്ത് മൂന്ന് മാസം കഴിഞ്ഞ ചെക്കുകൾ പിന്നീട് പണമാക്കിമാറ്റാൻ കഴിയാത്ത സാഹചര്യം ഉള്ളതിനാൽ ആവയെ Liability In Respect Of Stale Cheque എന്ന ശിർഷകത്തിലേക്ക് മാറ്റേണ്ടതാണ്. (2007 ലെ മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂളിലെ ചട്ടം. 45) എന്നാൽ നിലവിൽ റിക്കൺസിലേഷൻ പത്രികയിൽ 'Cheque Issued But Not Presented' എന്നതിൽ ഈയിനത്തിലെ ആകെ തുകയാണ് (Consolidated Figure) രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ ചെക്കിന്റെയും നമ്പർ, അവ ഇഷ്യൂ ചെയ്ത തീയതി, തുക എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശിർഷകത്തിലേക്ക് മാറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനത്തിന്റെ തനത് വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ (SBI A/C 67041351385) ഈയിനത്തിൽ 2,78,51,665/- രൂപയുടെ ചെക്കുകൾ (Old=3309153/-New 24542512/-) ഇനിയും ബാങ്കിൽ ഹാജരാക്കാനവശേഷിക്കുന്നു. ഇതിൽ Old=3309153/- രൂപ Stale Cheque ശിർഷകത്തിലേക്ക് ഇതുവരെയും മാറ്റിയിട്ടില്ല. ഈ തുക സംബന്ധിക്കുന്ന വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇതേ ശീർഷകത്തിലെ ആകെ ചെക്ക് തുകയെ (2,78,51,665/-)സംബന്ധിക്കുന്ന വിശദവിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. ഇതിൻ പ്രകാരം എല്ലാ ബാങ്ക് ബുക്കുകളും, ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ച് ഈ വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-11 സ്ഥാപനത്തിന് ലഭ്യമായതും എന്നാൽ ബാങ്കിൽ സമർപ്പിച്ചശേഷം പണമാകാത്തതുമായ ചെക്ക് വിവരങ്ങളുടെ ആധികാരികത പരിശോധിക്കാൻ കഴിയുന്നില്ല.

നഗരസഭയ്ക്ക് ലഭിച്ച് ബാങ്കിൽ സമർപ്പിച്ചശേഷം പണമാകാത്തതായ ചെക്കുകൾ മൂന്ന് മാസം കഴിഞ്ഞാൽ പിന്നീട് പണമാക്കിമാറ്റാൻ കഴിയാത്ത സാഹചര്യം ഉണ്ട് . എന്നാൽ നിലവിൽ റിക്കൺസിലേഷൻ പത്രികയിൽ 'Cheque Deposited But Not Collected' എന്നതിൽ ഈയിനത്തിലെ ആകെ തുകയാണ് (Consolidated Figure) രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ ചെക്കിന്റെയും നമ്പർ, അവ ഇഷ്യൂ ചെയ്ത തീയതി, തുക എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ കാലഹരണപ്പെട്ട ചെക്കുകൾ പണമാക്കിയിട്ടുണ്ടോയെന്ന്പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പണമാക്കാൻ കഴിയാതെ Dishonour ചെയ്യപ്പെടുന്ന ചെക്കുകൾ പ്രസ്തുത Receipt Cancellation ഉൾപ്പെടെയുള്ള നടപടികളുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനത്തിന്റെ തനത് വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ (SBI A/C 67041351385) ഈയിനത്തിൽ ആകെ 7,30,98,324/-(Old= 58,94,890/- New= 6,72,03,434/-) ഇനിയും പണമാകാനവശേഷിക്കുന്നു. ഇതിൽ Old എന്നയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക (58,94,890/-) സ്ഥിരമായി നഷ്ടപ്പെട്ടിരിക്കുവാനാണ് സാധ്യതയെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇനിയും പണമാകാത്ത 7,30,98,324/-രൂപ പണമാക്കിമാറ്റാൻ നഗരസഭ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. ഇതിൻ പ്രകാരം എല്ലാ ബാങ്ക് ബുക്കുകളും, ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ച് ഈ വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

1-1-12 ബാലൻസ്ഷീറ്റിലെ മുൻവർഷ ബാധ്യതകൾ തൻവർഷവും ക്രമീകരിക്കാതെ തുടരുന്നു.

ബാലൻസ് ഷീറ്റിൽ (Schedule B-4) വർഷങ്ങളായി നിലനിന്നിരുന്നതും 2023-24 വരെ ക്രമീകരിക്കാത്തതുമായ തുകകൾ തൻവർഷവും ബാധ്യതയായി നിലനിൽക്കുന്നു.

അക്കൗണ്ട് ഹെഡ്	ഇനം	2023-24 ലെ തുക	2024-25 ലെ വരവ്	2024-25 ലെ നീക്കിയിരിപ്പ്.
3203001	Grant From Other Govt Agencies	1170000	-	1170000
3208010	Beneficiary Contribution	4664049	2588910	7252959

ബാധ്യതയായി നിലനിൽക്കുന്ന ടി തുകകൾ ക്രമീകരിക്കുവാനോ അല്ലാത്തപക്ഷം തുക നല്കിയ ഏജൻസികൾക്ക്/വ്യക്തികൾക്ക് ഇവ തിരികെ നൽകുവാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-1-13 ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുകയോ വരുമാനമാക്കി മാറ്റുകയോ ചെയ്തിട്ടില്ല.

ചുവടെ പറയുന്ന ഡെപ്പോസിറ്റ് ഇനങ്ങളിൽ മുൻവർഷങ്ങളിലുണ്ടായിരുന്ന നീക്കിയിരിപ്പ് തൻവർഷവും ക്രമീകരിക്കാതെ തുടരുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	2023-24 ലെ തുക	2024-25 ലെ വരവ്	2024-25 ലെ നീക്കിയിരിപ്പ്.
3401002	Security Deposit	5000	-	5000
3402006	Election Deposit	381000	25000	416000
3401004	Water Connection SD	9427	-	9427

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോയെന്നും, പ്രസ്തുത തുകകളിൽ കാലഹരണപ്പെട്ട തുക വരുമാനമാക്കി മാറ്റുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

1-1-14 E-Payment, Epos വഴിയുള്ള വരവുകൾ വൻ തുക ലഭിക്കുവാനവശേഷിക്കുന്നു.

Bank Account No& Bank Name	Cheque Deposited But Not Collected ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക
SBI E-Payment A/C No-67136978148	2,12,51,682/- 3,13,27,025.59 (Old)
Epos Canara Bank A/C No-120027792429	6,45,435/-
ആകെ	53224142.59

E-Payment, Epos വഴിയുള്ള രസീത് വരവ് തുകകൾ പേയ്മെന്റ് ഗേറ്റ് വഴി ഐ.കെ.എമ്മിന്റെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ആകുന്നത്. എന്നാൽ നഗരസഭ ഈ തുക രസീത് ചെയ്യുമ്പോൾത്തന്നെ ബാങ്ക് ബുക്കിൽ (Cheque Deposited) വരവായി രേഖപ്പെടുത്തുന്നു. എന്നാൽ ഈ തുക നഗരസഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് വരുന്നത് വളരെ താമസിച്ചാണ്. തന്മൂലം സ്ഥാപനത്തിന് ലഭിക്കേണ്ട പലിശ വരവ് നഷ്ടപ്പെടുന്നു. 2024-25 വർഷം 53224142.59രൂപ ഈയിനത്തിൽ ലഭിക്കാനവശേഷിക്കുന്നു. ഇതിൽ 3,13,27,025.59 രൂപ 'Old' എന്നയിനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഐ.കെ.എമ്മിൽ നിന്ന് സ്ഥാപനത്തിന് ലഭിക്കാനുള്ള മഴുവൻ തുകയും പലിശയുൾപ്പെടെ ക്ലെയിം ചെയ്യേണ്ടതാണ്.

1-1-15 ബാധ്യതാ തുകകൾ സൂക്ഷിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നഗരസഭയ്ക്ക് ലഭിച്ച ചുവടെ സൂചിപ്പിക്കുന്ന ബാധ്യതാതുകകൾ സൂക്ഷിക്കുന്നതിന് പ്രത്യേക ബാങ്ക്/ട്രഷറി അക്കൗണ്ട് /എ.സി.ആർ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ അവ ഏതൊക്കെ അക്കൗണ്ടുകളിലാണ് സൂക്ഷിക്കുന്നതെന്ന് വ്യക്തമല്ല.

Head Of Account	Liability Grant	Amount
3201020	ICDS	10,03,63,750
3201021	Jawaharlal Nehru Nationa Urban Renewal Mission	7,31,20,577
3202026	Library Grant	30,260
3208010	Beneficiary Contribution	72,52,959
3208096	Donation To CMDRF	76,75,153
3208097	Donation Related To Pandemic Control.	45,24,198

ഈ തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ഈ ബാധ്യതാ തുകകൾക്ക് കൂടി ലഭിക്കുന്ന പലിശ തനത് വരുമാനമായി അക്കൗണ്ട് ചെയ്യാനുള്ള സാധ്യതയുണ്ട്. ഈ ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ സൂക്ഷിക്കുന്നതായി മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-16 Capital Work In Progress-സുസ്ഥിര ആസ്തിയാക്കാൻ വൻ തുക അവശേഷിക്കുന്നു.

Capital Work In Progress ഇനത്തിൽ വിവിധ ഇനങ്ങളിൽ മുൻവർഷം നിലനിന്നിരുന്ന നീക്കിയിരിപ്പ് തൻവർഷവും ആസ്തിയായി മാറ്റിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	തുക
412010100	Municipal Fund	210,843,985
412100100	Development Fund	1,778,635,407
412100200	JnNURM Grant	159,153,840
412100500	Funds For Transferred Institutions	334,769,503
412109900	Other Specific Grants	3964947
412200100	Special Funds	4791759

മുൻവർഷം 2,49,21,59,441 /- രൂപയുടെ പദ്ധതികൾ സ്ഥിര ആസ്തിയാക്കിമാറ്റാനുണ്ടായിരുന്നു. തൻവർഷം ഇത് 2485976878/- രൂപയാണ്. 6182563/- രൂപയാണ് ഈയിനത്തിലെ വ്യത്യാസം. തൻവർഷം പാർട്ടുബില്ലുകൾക്കായി നൽകിയ തുകയുടെ വിവരങ്ങളും, തൻവർഷം സ്ഥിര ആസ്തിയിലേക്ക് മാറ്റിയ പ്രവൃത്തികളുടെ വിവരങ്ങളും ഇനം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

1-1-17 വാർഷിക ധനകാര്യ പത്രികയിൽ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഉൾപ്പെടുന്നില്ല.

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-1-1-ലും, 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-1-30-ലും നഗരസഭ പരിപാലിക്കുന്നതും എന്നാൽ AFS ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ IBPMS-മായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് വിവരങ്ങൾ 2023-24 ൽ AFS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും AFS ൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

* ഗാന്ധി പാർക്ക്- (SBI A/C No. 57044146583)

* സ്ഥിരനിക്ഷേപങ്ങളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ- (നം.37462822046, 67131919518)

* ശുചിത്വ പരിപാലന സമിതിയുമായി ബന്ധപ്പെട്ട അക്കൗണ്ട് - (Punjab National Bank A/C No. 3301000104116493)

* മേയറുടെ പേരിലുള്ള ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട അക്കൗണ്ട് - (SBI A/C No. 57044156477)

* സുജലം (Federal Bank A/C No. 10210200019969)

* SBI Vikas Bhavan A/C No. 67038771144

* SBI Vikas Bhavan A/C No. 67069296773

* SBI Statue A/C No. 6717169390

ഇത് കൂടാതെ സ്ഥിരനിക്ഷേപങ്ങളുമായി ബന്ധപ്പെട്ട ചുവടെപ്പറയുന്ന അക്കൗണ്ടുകളും AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

1. HDFC Bank, PMG Branch – A/C No. 50300673884879

2. Induslnd Bank, Pettah Branch – (ലഭ്യമല്ല)

3. Bank Of Baroda, Vallakkadavu - (A/C No. 19390300018732, 19390300018733)

4. Federal Bank, Palayam Branch – (A/C No.10210301156041, 10210301156058)

5. SBI, Vikas Bhavan Branch – (A/C No.41759999547, 41760108265, 41760109246, 41760110161, 40507912775)

നഗരസഭ പരിപാലിക്കുന്ന മുഴുവൻ ബാങ്ക് അക്കൗണ്ടുകളും കെ-സ്മാർട്ട് നിലവിൽ വന്ന സാഹചര്യത്തിലും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരിക്കുന്നത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള അതീവ ഗുരുതരമായ വീഴ്ചയാണ്. അടിയന്തിരമായി എല്ലാ അക്കൗണ്ടുകളുടെയും വിവരങ്ങൾ ലഭ്യമാക്കാത്ത പക്ഷം സാമ്പത്തിക അച്ചടക്കമില്ലായ്മയായി കണക്കാക്കി സർക്കാറിൽ റിപ്പോർട്ട് ചെയ്യുന്നതാണ്.

1-1-18 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-ക്യാഷ് ബുക്കിലെ വിവരങ്ങളും എ.എഫ്.എസിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വിവരം

ഇനം	തുക	ആകെ
മുന്നിരിപ്പ്.	55,42,735.38	55,42,735.38
പലിശ വരവ്	66,086/-	5,18,66,086
ട്രഷറി വരവ്	5,18,00,000	
ആകെ	5,74,08,821.38	5,74,08,821.38
ജീവനക്കാരുടെ ശമ്പളം	11,11,748	87,58,453.5
ബാങ്കിൽ നിന്നുള്ള ചെലവ്	43,48,549.5	
ട്രഷറിയിൽ നിന്നുള്ള ചെലവ്	32,98,156	
നീക്കിയിരിപ്പ്ട്രഷറി	1,844	1,50,367
നീക്കിയിരിപ്പ് ബാങ്ക്	1,48,523	

-അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പത്രികയിലെ വിവരങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

-തൻ വർഷത്തെ ആകെ റവന്യൂ ചെലവ് (അഡ്മിൻ ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവയുൾപ്പെടെ) വാർഷിക ധനകാര്യ പത്രിക I&E Schedule-I-14പ്രകാരം 6,43,86,147/- രൂപയാണ്. എന്നാൽ റവന്യൂ വരവ് ഹെഡിലെ തുക 5,55,69,374/-രൂപ മാത്രമാണ്. അഡ്മിൻ ചെലവ് ഈ ഹെഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല. വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

-അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പത്രിക പ്രകാരം മുന്നിരിപ്പ് തുക 55,42,735.38 രൂപയാണ്. എന്നാൽ എന്നാൽ AUEGS ലെ ബാങ്ക് അക്കൗണ്ടിലെ മുന്നിരിപ്പ് തുക 33,58,164/- രൂപ മാത്രമാണ്. വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

- അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പത്രിക പ്രകാരം നീക്കിയിരിപ്പ് തുക 1,50,367/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 1,48,523/-രൂപയാണ്. ട്രഷറി ബാലൻസായി സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുകയുടെ (1844/-രൂപ) വിവരങ്ങൾ നീക്കിയിരിപ്പിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-19 റോഡ് കട്ടിംഗ് ചാർജ്ജ് - തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രിക ഹെഡ് കോഡ് 1407001 പ്രകാരം റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 3,53,31,939/- രൂപ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയതിൽ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 3,51,64,082/-രൂപയുടെ വരവുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് കട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള ''സുഗമ'' പോർട്ടലിൽ വകുപ്പിനു ലോഗിൻ അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിലുള്ള വരവിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-20 വാർഷിക കണക്കിലെ തുകകൾ പൂർണ്ണ സംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ, ചട്ടം -58 (4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ സംഖ്യയിലാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ചുവടെ പറയുന്ന അക്കൗണ്ട് ഹെഡുകളിലെ രേഖപ്പെടുത്തലിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

അക്കൗണ്ട് ഹെഡ്	ഇനം	രേഖപ്പെടുത്തിയിരിക്കുന്ന തുക
1405013	Water Charges-(R&P Report)	9525442.77
4312004	Receivables For Service Cess-(R&P Report)	30231622.23
2801001	Prior Period Income-(R&P Report)	46338010.6

1-1-21 സാമ്പത്തിക വർഷത്തിൽ ആർജിച്ച ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2025 മാർച്ച് മാസത്തിൽ ചെലവ് ആർജിച്ചതും എന്നാൽ പണംകൊടുക്കൽ നടന്നിട്ടില്ലാത്തതുമായ ഇനങ്ങളായ ടെലിഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്ക് ബാലൻസ് ഷീറ്റ് B-9 പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-22 Accumulated Depreciation Value ആയതുമായി ബന്ധപ്പെട്ട ആസ്തിയേക്കാൾ അധികം ഉൾപ്പെടുത്തിയിരിക്കുന്നു.

06.08.2012 ലെ സ.ഉ.(കൈ) നം. 212/12/തസ്വഭവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിപ്പോരുന്നത്. ഒരു ആസ്തിയിൽ പൂർണമായും ഡിപ്രീസിയേഷൻ നടത്തിക്കഴിഞ്ഞാൽ ആസ്തിയുടെ മൂല്യം ഒരു രൂപയായി തുടരുന്നതാണ്. എന്നാൽ വാർഷിക കണക്കിലെ ആസ്തികളുടെ മൂല്യവും അതുമായി ബന്ധപ്പെട്ട ഡിപ്രീസിയേഷനും പരിശോധിച്ചതിൽ, ചില ആസ്തികളുടെ ഡിപ്രീസിയേഷൻ മൂല്യം ആയതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ കൂടുതയായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

Head Code	Asset Value	Head Code	Depreciation Value
4108001 – Other Fixed Assets	684536906	4118001-Accumulated Depreciation Other Fixed Assets	(1498429736)
4103205- Public Lighting	10811028	4113301-Accumulated Depreciation Public Lighting	(122022158)

ആസ്തികളുടെ ഡിപ്രീസിയേഷൻ മൂല്യം ആയതുമായി ബന്ധപ്പെട്ട ആസ്തിയുടെ മൂല്യത്തെക്കാൾ കൂടിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-23 സർക്കാർ ഗ്രാന്റുകൾ- ഗ്രാന്റ് പത്രിക, എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

Grant	Grant Statement പ്രകാരം	ACR	AFS പ്രകാരം
Development Fund General	1557036795	1542468138	1559691735
Development Fund SCP	257511485	249967075	257511486
Maintenance Grant Non Road	249020508	255240427	249020508
Maintenance Grant Road	250984068	254482916	250984068

മേൽ സൂചിപ്പിച്ച പൊരുത്തക്കേടിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

1-1-24 അക്രൂവൽ ഇനത്തിലുള്ള തനത് വരുമാന ഇനങ്ങളുടെ DCB –AFS പ്രകാരം ചേർത്തിരിക്കുന്ന വിവരങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തുന്ന ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ വിവരങ്ങൾ അതത് ഷെഡ്യൂളുകളിൽ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്നത് പരസ്പരം പൊരുത്തപ്പെടുന്നില്ല. വിവരം ചുവടെ ചേർക്കുന്നു.

(എ) Current DCB

ക്രമ നം.	ഇനം	ഡിമാന്റ്	ലഡ്ജർ പ്രകാരമുള്ള റസീറ്റും അഡ്വാൻസ് കളക്ഷൻ തുകയും	ബാലൻസ്
1	*വസ്തുനികുതി	1145108879	740266919 407330	426597818 LC

			(Advance തൻവർഷ കളക്ഷൻ ലഡ്ജർ പ്രകാരം)	ഉൾപ്പെടെ
2	*തൊഴിൽ നികുതി (വ്യാപാരികൾ)	54090714	43989286 3050 (Advance തൻവർഷ കളക്ഷൻ ലഡ്ജർ പ്രകാരം)	2869227
3	*Licence Fee (IFTE & OS)	28114416	25862875 1917500 (Advance തൻവർഷ കളക്ഷൻ ലഡ്ജർ പ്രകാരം)	329041
4	Rent From Building	-	4931351 379584 (Advance) Journal Report 01.04.2024	-

(ബി) Arrear DCB

Item	Arrear Demand	Collection	Balance
* Property Tax (Arrear)	1079120943	294097951	770420221 LC ഉൾപ്പെടെ
*Profession Tax (Traders)	15578293	17092994	5563642
Licence Fees	27287862	139810	80690

*വസ്തുനികുതി നിർണയവും അതുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും കെ-സ്മാർട്ടിലേക്ക് ആയതിനാൽ ഇവയുടെ ഡി.സി.ബി. വിവരങ്ങളിൽ മാറ്റം വരാൻ പാടില്ലാത്തതാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഇതിൽ പൊരുത്തക്കേടുണ്ട്.

* Rent From Building (Current) ഹെഡിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല.

* ലൈസൻസ് ഫീ (Current) ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല.

*ലൈസൻസ് ഫീ (Arrear) ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല.

* Sale Of Usufructs Of Trees (Current) ഡിമാന്റ് ഉണ്ട്. എന്നാൽ കളക്ഷനോ ബാലൻസോ കാണുന്നില്ല.

* തൊഴിൽനികുതി (വ്യാപാരികൾ) ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക എന്നിവയുടെ തൻവർഷ കളക്ഷൻ ലഡ്ജറിൽ സാമ്പത്തിക വർഷം ആദ്യംതന്നെ അഡ്വാൻസ് കളക്ഷൻ തുക ചേർത്തിട്ടുണ്ട്. എന്നാൽ മുൻവർഷ ബാലൻഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം ഈ ഇനങ്ങൾക്കൊന്നും അഡ്വാൻസ് തുക ലഭിച്ചതായി കാണുന്നില്ല. തനത് വരുമാനത്തെ സംബന്ധിക്കുന്ന ഡി.സി.ബി പത്രിക/രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-25 സർക്കാർ ഏജൻസികൾക്ക് അടവാക്കേണ്ട തുക നൽകാൻ അവശേഷിക്കുന്നു.

Head Of Account	ഇനം	തുക
3502026	Kerala Construction Workers Wlefare Fund	2539038
3503001	Library Cess Payable	30091937
3503005	TDS -CGST	1543698
3503006	TDS-SGST	1543698
3503007	TDS - IGST	122025
3503008	CGST	469034
3503009	SGST	469034
3503013	Other Payable	30455760

ഈയിനത്തിൽ വൻ തുകകൾ ഒടുക്കുവാൻ അവശേഷിക്കുന്നു. സർക്കാർ വകുപ്പുകൾക്ക്/മറ്റ് ഏജൻസികൾക്ക് നൽകേണ്ട തുകകൾ, അവ ലഭിക്കുന്നതിന്റെ അടുത്ത മാസം തന്നെ ഒടുക്കുവരുത്തേണ്ടതാണ്. (ഉദാ. GST, IT മുതലായവ). അപ്രകാരം ഒടുക്കുവരുത്തിയാൽ ബാധ്യതയായി ശേഷിക്കുന്നത് 2025 മാർച്ച് മാസത്തിൽ ലഭ്യമായ തുക മാത്രമായിരിക്കും. പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ബാധ്യതാ തുകകളിൽ 2025 മാർച്ച് മാസത്തിന് മുമ്പ് ലഭ്യമായ തുകകളുണ്ടെങ്കിൽ അവ സമയബന്ധിതമായി ഒടുക്കു വരുത്താത്തതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. മറുപടിയോ വിവരങ്ങളോ ലഭ്യമാക്കിയില്ല.

1-1-26 കരാറുകാർക്ക് നൽകിയ അഡ്വാൻസ് തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 (Loans, Advances, Deposits) ൽ കരാറുകാർക്ക് 2020-21 മുതൽ നൽകിയ അഡ്വാൻസ് തുകകൾ നാളിതുവരെയും ക്രമീകരിക്കാതെ തുടരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഹെഡ് ഓഫ് അക്കൗണ്ട്	ക്രമീകരിക്കാനുള്ള തുക	ആകെ
2020-21	460400205 460400201	51012873 667819	51680692
2021-22	460400205 460400201	51012873 667819	51680692
2022-23	460400205 460400201	51012873 667819	51680692
2023-24	460400205 460400201	51012873 667819	51680692
2024-25	4604002	51680692	51680692

മേൽ സൂചിപ്പിച്ച അഡ്വാൻസ് തുക വർഷങ്ങളായി ക്രമീകരിക്കാതെ തുടരുന്നു. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത തുകയെപ്പറ്റി പരാമർശിച്ചിരിക്കുന്നു. ടി തുക എന്താവശ്യത്തിന് ഏതൊക്കെ കരാറുകാർക്ക് നൽകിയതായിരുന്നുവെന്ന മറുപടി ലഭ്യമാക്കേണ്ടതാണ്. നാളിതുവരെ തുക കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കാത്തവരിൽ നിന്നും മുഴുവൻ തുകയും കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99(3) പ്രകാരം 18% പിഴ ഉൾപ്പെടെ തിരികെ ഈടാക്കി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-27 മുൻവർഷങ്ങളിലെ അഡ്വാൻസ് തുകകൾ തൻവർഷവും ക്രമീകരിക്കാതെ തുടരുന്നു.

ബാലൻഷീറ്റ് ഷെഡ്യൂൾ B-18 (Loans, Advances, Deposits) ൽ Adv. To Beneficiaries Committee, Telephone Deposits, Water Deposits എന്നീയിനങ്ങളിൽ മുൻവർഷം നിലനിന്നിരുന്ന തുകകൾ ഇതുവരെയും ക്രമീകരിച്ചിട്ടില്ല.

മുൻവർഷ ഹെഡ് ഓഫ് അക്കൗണ്ട് (2023-24)	തൻവർഷ ഹെഡ് ഓഫ് അക്കൗണ്ട് (2024-25)	ഇനം	ഇനിയും ക്രമീകരിക്കാത്ത തുക
460500102	4605001	Adv. To Beneficiaries Committee	100000
460600200	4606002	Telephone Deposits	48050
460600300	4606003	Water Deposits	19674434

സ.ഉ (എം.എസ്) 419/2011/ധന, തീയതി.04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും 18% പിഴ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതാണ്. ഇതിന്മേൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയ്ക്കേണ്ടതാണ്.

1-1-28 ആസ്തികളുടെ ഡിപ്രീസിയേഷൻ- വാർഷിക കണക്കുകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷംവരെ (2023-24) നഗരസഭ സൃഷ്ടിച്ച ആസ്തികളിൻമേലുള്ള ആകെ ഡിപ്രീസിയേഷൻ 73,76,84,975/- രൂപയായിരുന്നു. എന്നാൽ തൻവർഷത്തെ മാത്രം ഡിപ്രീസിയേഷൻ 26,53,36,831/-രൂപയും നാളിതുവരെ (2024-25) സൃഷ്ടിച്ച ആസ്തികളിൻമേലുള്ള ആകെ ഡിപ്രീസിയേഷൻ 2,45,20,38,605/- രൂപയുമാണ്.

2023-24 വരെയുള്ള ആകെ ഡിപ്രീസിയേഷൻ	73,76,84,975/-
2024-25 ലെ മാത്രം ഡിപ്രീസിയേഷൻ	26,53,36,831/-
2024-25 വരെയുള്ള ആകെ ഡിപ്രീസിയേഷൻ	2,45,20,38,605/-

വാർഷിക കണക്കുകൾ പ്രകാരം ഡിപ്രീസിയേഷൻ മൂല്യം പരസ്പരം പൊരുത്തപ്പെടുന്നില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയ പത്രിക ലഭ്യമാക്കിയിട്ടില്ല. 06.08.2012 ലെ സ.ഉ.(കൈ)നം. 212/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റ അടിസ്ഥാനത്തിൽ ഡിപ്രീസിയേഷൻ കണക്കാക്കിയ പത്രിക

ലഭ്യമാക്കേണ്ടതാണ്.

1-1-29 ബാധ്യതാ ഗ്രാന്റിൽ നിന്നുള്ള പലിശ വരുമാനമായി അക്കൗണ്ട് ചെയ്യ.

AUEGS-7571 ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ വരുമാനമായി അക്കൗണ്ട് ചെയ്തിട്ടുണ്ട്.

തുക അക്കൗണ്ട് ചെയ്ത തീയതി	തുക
29/03/2025	2,940/-

ബാധ്യതാ തുക വരുമാനമായി അക്കൗണ്ട് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-30 ബാങ്ക്ബുക്ക് പ്രകാരമുള്ള ധനകാര്യ ഇടപാടുകളിൽ നെഗറ്റീവ് ബാലൻസ് വരുന്നു.

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ഒരു ദിവസം പോലും ക്രെഡിറ്റ് ബാലൻസ് വരാൻ പാടില്ലാത്തതാണ്. എന്നാൽ ചുവടെ പരാമർശിക്കുന്ന അക്കൗണ്ടുകളിൽ നെഗറ്റീവ് ബാലൻസ് വന്നിട്ടുണ്ട്.

അക്കൗണ്ട്/ബാങ്ക് ബുക്ക്	ക്രെഡിറ്റ് ബാലൻസ് തുക	വൗച്ചർ നം	ക്രെഡിറ്റ് ബാലൻസ് ആയ തീയതി.
CANARA NULM 9534	4395131/-	P-C010100-24004624	07/03/2025
Do	183010/-	C-C010100-24005498	07/03/2025
**AMRUT 3052	2771799	P-C010100-24000244	08/05/2024
Do	7316818	P-C010100-24000240	08/05/2024

**AMRUT 3052 ബാങ്ക് ബുക്കിൽ 08/05/2024 മുതൽ 27/01/2025 വരെ നെഗറ്റീവ് ബാലൻസ് ആയിരുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-31 KURDFC ലോൺ തിരിച്ചടവ് വിവരങ്ങൾ വാർഷിക കണക്കിൽ ചേർക്കുന്നില്ല.

KURDFC ലോൺ സംബന്ധിക്കുന്ന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

31-03-2024 ലെ നീക്കിയിരിപ്പ്	690933332/-
ലോൺ വരവ് തുക	-
ലോൺ തിരിച്ചടവ് തുക	6,90,93,334/-
ലോൺ നീക്കിയിരിപ്പ് തുക	62,18,39,998/-

ലോൺ തിരിച്ചടവ് തുക 6,90,93,334/-റവന്യൂ ചെലവ് ആയതിനാൽ ഈ തുക എക്സ്പെൻഡിച്ചർ ഹെഡിൽ ഉൾക്കൊള്ളിക്കേണ്ടതായിരുന്നു. എന്നാൽ ഉൾക്കൊള്ളിച്ചിട്ടില്ല. നേരിട്ട് ബാധ്യതയിൽ നിന്നും തുക കുറവ് ചെയ്യുന്ന രീതിയിലാണ് അക്കൗണ്ടിംഗ് നടത്തിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-32 സ്റ്റോക്കിന്റെ വർഷാന്ത്യ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 54(5) പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ തൻവർഷം ചേർത്തിരിക്കുന്ന തുക മുൻവർഷത്തെ തുകയായ 4545752/- രൂപ തന്നെയാണ്. സ്റ്റോക്കുകളുടെ വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തിയതിന്റെയും ഭൗതീക പരിശോധന നടത്തിയതിന്റെയും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-1-33 Prior Period Items- ലൈസൻസ് ഫീസ്-അരിയർ തുക ഒഴിവാക്കിയിരിക്കുന്നു.

ലൈസൻസ് ഫീസ് അരിയർ ഇനത്തിൽനിന്നും (Head-4313004) 2,70,67,362/-രൂപ ഡിമാന്റ് കറക്ഷൻ നടത്തിയതായി കാണുന്നു. ഉത്തരവ് നം 2639715-2025 തീയതി. 14-11-2025 പ്രകാരം കറക്ഷൻ വരുത്തിയതായാണ് റിമാർക്ക്സ് കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്രയും തുക ഡിമാന്റിൽ നിന്നും ഒഴിവാക്കാനുള്ള കാരണം, ആയതിന് ലഭിച്ച കൗൺസിൽ അനുമതി, ഒഴിവാക്കിയ തുകയുടെയും വാണിജ്യസ്ഥാപനങ്ങളുടെയും Splitup List, മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-34 കറന്റ് ഹെഡിലെ തുകകൾ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ അരിയർ ആക്കി മാറ്റിയിട്ടില്ല.

അക്രൂവലായി വരുമാനം രേഖപ്പെടുത്തുന്ന ഇനങ്ങളിലെ കറന്റ് ലഡ്ജറിലെ തുകകൾ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ (01-04-2024) അതത് ഇനങ്ങളുടെ അരിയർ ഹെഡുകളിലേക്ക് മാറ്റേണ്ടതാണ്. എന്നാൽ നഗരസഭയുടെ വാർഷിക കണക്ക് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള നടപടി ക്രമം പാലിച്ചതായി കാണുന്നില്ല. മുൻവർഷത്തെ കറന്റ് തുകകളെല്ലാംതന്നെ 31-03-2025 നാണ് അരിയർ ഹെഡിലേക്ക് മാറ്റിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

അരിയർ ഹെഡ്	ഇനം	01-04-2024 ൽ തന്നെ മാറ്റേണ്ടിയിരുന്ന തുക	അരിയർ ഹെഡിലേക്ക് യഥാർത്ഥത്തിൽ മാറ്റിയ തുക	തുക മാറ്റിയ തീയതി.
4311002	Receivables For Property Taxes (Arrears)	424323225/	424323225/-	31-03-2025
4314016	Rent Receivables From Local Body Properties (Arrear)	96315823/-	96315823/-	31-03-2025

1-1-35 വസ്തുനികുതി (കറന്റ് ഇനം) ഡിമാന്റിൽ വൻ കുറവ് ഉണ്ടാകുന്നു. തൻവർഷം 8,10,20,010/-രൂപ ഡിമാന്റിൽ കുറവ്

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തെ ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പരിശോധിച്ചതിൽ വസ്തുനികുതി ഡിമാന്റിൽ വൻ കുറവ് ഉണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023-ലെ സ.ഉ (അച്ചടി) നം. 26/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി 01.04.2023പ്രാബല്യത്തിൽ പരിഷ്കരിച്ച് R3/26859/23, തീയതി.09.02.2024 ഉത്തരവ് പ്രകാരം നഗരസഭാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ്, വിജ്ഞാപനം എന്നിവ പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ 5% വീതം വാർഷിക വർദ്ധനവ് വരുത്തുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

2022-23 ലെ വസ്തുനികുതി ഡിമാന്റ്		2023-24 ലെ വസ്തു നികുതി ഡിമാന്റ്		2024-25 ലെ വസ്തുനികുതി ഡിമാന്റ്	
ഹെഡ്	തുക	ഹെഡ്	തുക	ഹെഡ്	തുക
110010100	1,00,00,00,000/-	110010100	1,22,61,28,889	1100101	1,14,51,08,879/-

ഇതോടൊപ്പം കെട്ടിടങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെയും സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റിൽ വലിയ കുറവ് ഉണ്ടായതിന് കാരണം ഓഡിറ്റ് എൻകൃയറിയിലൂടെ വ്യക്തമാക്കാനാവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. ഡിമാന്റിൽ വലിയ കുറവുണ്ടാകുവാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-1-36 ബാലൻസ് ഷീറ്റ് (B-12 Schedule) പ്രകാരമുള്ള Investments -ന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ്- B-12 Schedule പ്രകാരമുള്ള Investments & Fixed Deposits Funds-ലെ നീക്കിയിരിപ്പിന്റെ (5214500/-) വിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മുൻവർഷത്തെ വാർഷിക കണക്കിലും (B-12 Schedule-) പ്രസ്തുത ഇനത്തിൽ (Investment) 50,22,730/-രൂപ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയെ സംബന്ധിക്കുന്ന ആധികാരികത പരിശോധിക്കുവാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ആയത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-37 അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ വരുമാനം രേഖപ്പെടുത്തുന്ന ഇനങ്ങളിലെ തുകകളിൽ വ്യത്യസം കാണുന്നു.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവൽ ഖണ്ഡിക 27.48-A(1) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ, യഥാർത്ഥ വരവ് തന്നെ വരുമാനമായി കണക്കാക്കുന്ന ഇനങ്ങൾക്ക് ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് , റസീപ്റ്റ് & പേയ് മെന്റ് സ്റ്റേറ്റ്മെന്റ് എന്നീ പത്രികകളിൽ ഒരേ തുകകളായിരിക്കണം. എന്നാൽ താഴെ കൊടുത്ത ഇനങ്ങളുടെ വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ശീർഷകം	ഇനം	ഇൻകം&എക്സ്പെൻഡിച്ചർ റിപ്പോർട്ടിലെ തുക.	രസീറ്റ്&പേയ്മെന്റ് റിപ്പോർട്ടിലെ തുക.
1401201	Fees For Construction Of Building.	232722335	234083496
1301001	Rent From Town Hall	201427	201607
1407001	Road Cutting Charges.	35331939	35164082

1401501	Fee From Hoardings	8001514	7989914
1402001	Penal Interest	53778781	53767353

1-1-38 State Sponsord Scheme Expenses- വാർഷിക കണക്കിലെ വിവരങ്ങളും DBT പത്രികയിലെ വിവരങ്ങളും പരസ്പരം പൊരുത്തപ്പെടുന്നില്ല.

State Sponsord Scheme- നായി ചെലവഴിച്ച തുകയിൽ വാർഷിക കണക്കുകൾ പ്രകാരമുള്ളതും (I-6 &I-14.D എന്നിവയിലെ വിവരങ്ങൾ) സ്ഥാപനം ലഭ്യമാക്കിയ DBTപത്രിക പ്രകാരമുള്ളതും തമ്മിൽ പൊരുത്തക്കേട് നിലനിൽക്കുന്നു. അപാകത സംഭവിക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ഇനം	(I-6 &I-14.D എന്നീ ഷെഡ്യൂളുകളിലെ വിവരങ്ങൾ)	സ്ഥാപനം ലഭ്യമാക്കിയ DBT പത്രിക പ്രകാരമുള്ള വിവരങ്ങൾ
Financial Help For Intercaste Marriage.	2627312	വിവരങ്ങൾ ഇല്ല.
Unemployment Wages.	2880	2100
Financial Assistance For Widows Daughter`s Marriage	വിവരങ്ങൾ ഇല്ല.	2640000

1-1-39 Sale Of Tender Forms എന്ന ഇനത്തിൽ തുക ഉൾപ്പെട്ടിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ Sale Of Tender Forms എന്ന ഇനത്തിൽ (Head Of Account- 150110101) 6,5,07,532/-രൂപ വരവായി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ തൻവർഷത്തെ (2024-25) വാർഷിക കണക്കിൽ ഈ അക്കൗണ്ട് ഹെഡ് (150110101) ഉൾപ്പെടുത്തിയതായി കാണുന്നില്ല. സ.ഉ (സാ.ധാ) നമ്പർ 3186/2017 ത.സ്വ.ഭ.വ തീയതി. 02.10.2017 പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ. യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2024-25 വർഷം എഞ്ചിനീയറിംഗ് വിഭാഗം ഇ-ടെണ്ടർ ചെയ്ത ആകെ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വരവായി ചേർത്തിരിക്കുന്നതെന്നും തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിൽ കാരണം ബോധ്യപ്പെടുത്തേണ്ടതാണെന്നുമുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മറുപടി അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ഖണ്ഡികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മുഴുവൻ അപാകതകളും പരിഹരിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കി പരാമർശങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-1-40 ദുരിതാശ്വാസനിധിയുടെ വരവ്-ചെലവ് കണക്കുകൾ -വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളുടെ ചട്ടം (3) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭയ്ക്കും നഗരസഭാ കൗൺസിലിന്റെ ഒരു പ്രമേയം മൂലം നഗരസഭാ ഫണ്ടിൽ പ്രത്യേകം വരവുവച്ച് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് അതത് സംഗതിപോലെ ചെയർമാന്റെ/മേയറുടെ ദുരിതാശ്വാസനിധി എന്നറിയപ്പെടുന്നതുമാണ്.

ചട്ടം (5) (1) പ്രകാരം നിധിയെ സംബന്ധിച്ച വരവ്- ചെലവ് കണക്കുകൾ സെക്രട്ടറി/അദ്ദേഹം ചുമതലപെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ബുക്കിൽ സൂക്ഷിച്ചു പോരേണ്ടതും, ചട്ടം (5) (3) പ്രകാരം നിധിയുമായി ബന്ധപ്പെട്ട രസീത്ബുക്ക്, ബാങ്ക് പാസ്സ് ബുക്ക്, ചെക്ക് ബുക്ക്, രജിസ്റ്ററുകൾ, അപേക്ഷകൾ, അന്വേഷണ റിപ്പോർട്ടുകൾ എന്നിവ സെക്രട്ടറിയുടെ/അദ്ദേഹം ചുമതലപെടുത്തുന്ന ഉദ്യോഗസ്ഥന്റെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്.
ചട്ടം 6(1) പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവ്-ചെലവ് കണക്കുകളും (നിധിയിലേക്ക് സംഭാവന നല്കിയവരുടെയും നിധിയിൽ നിന്ന് ധനസഹായം ലഭിച്ചവരുടെയും പേരുകൾ ഉൾപ്പെടെ) സെക്രട്ടറി മാസാമാസം നഗരസഭാ കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതാണ്. കൂടാതെ ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ കാലാകാലങ്ങളിൽ നഗരസഭയുടെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതെ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

ഇപ്രകാരം നഗരസഭാ മേയറുടെ പേരിൽ രൂപീകരിക്കപ്പെട്ട ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ പല ആവൃത്തി ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിപാലിക്കുന്ന ഏതൊരു അക്കൗണ്ടിന്റെയും കണക്കുകൾ കൃത്യതയും സുതാര്യതയും ഉൾകൊള്ളുന്നതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

ദുരിതാശ്വാസ നിധിയുടെ കണക്കുകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-1-41 സ്ഥിരനിക്ഷേപം രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

സ്ഥാപനം സൂക്ഷിക്കുന്ന സ്ഥിരനിക്ഷേപം രജിസ്റ്റർ പ്രകാരം ആകെ നിക്ഷേപ തുക 310,48,65,882/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള തുക 310,48,70,882/-ആണ്. ഇതിൽ 5000/-രൂപ കൂടുതലായി വാർഷിക കണക്കിൽ ഉൾപ്പെട്ടു കാണുന്നു. ലഡ്ജർ പരിശോധിച്ചതിൽ ടി തുക -നന്തൻ കോട് വാർഡ് -നന്തൻ കോട് കോംപ്ലക്സിലെ നം11/1197/(3) കടമുറി യുടെ ലേല നടപടിയുമായി ബന്ധപ്പെട്ട് ശ്രീ. സെയ്ദ് നസറുദ്ദീന് നിരതദ്രവ്യം ഇനത്തിൽ നഗരസഭയിൽ ഒടുക്കിയ തുകയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി തുക ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെട്ടതിന് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.
ഖണ്ഡികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മുഴുവൻ അപാകതകളും പരിഹരിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കി പരാമർശങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-1-42 Advance To Implementing Agencies-തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

വാർഷിക കണക്ക് പ്രകാരം നിർവഹണ ഏജൻസികൾക്ക് തൻവർഷം അഡ്വാൻസ് ഇനത്തിൽ നല്കിയിരിക്കുന്ന തുക 26,11,729/-ആണ്. (AFS Head Code 4605002- P-23). എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം നിർവഹണ ഏജൻസികൾക്ക് നൽകിയിരിക്കുന്ന മുൻതൂർ തുക 11,30,76,000/-രൂപയാണ്. കൂടാതെ തൻവർഷം നിർവഹണ ഏജൻസികളിൽ നിന്നും 1,05,07,718/-രൂപ തിരികെ ലഭിച്ചിട്ടുമുണ്ട്. (AFS Head Code 4605002- R-18) Advance To Implementing Agencies ന് നൽകിയ തുക വാർഷിക കണക്ക് പ്രകാരവും സുലേഖ ചെലവ് പത്രിക പ്രകാരവും വ്യത്യാസം ഉണ്ടായതിന് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-2 ബജറ്റ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 285 മുതൽ 293 വരെയുള്ള വകുപ്പുകളിലും 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 63 മുതൽ 66 വരെയുള്ള വ്യവസ്ഥകളിലുമാണ് നഗരസഭകളിൽ വാർഷിക ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുള്ളത്. മേൽ നിയമത്തിലെ 285 ാം വകുപ്പ് പ്രകാരം, നഗരസഭ സെക്രട്ടറി വരവുചെലവ് കണക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ₹18530966591 വരവും, ₹17029023600 ചെലവും ₹1501942991 നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് നഗരസഭ ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ 09.02.2024 ലെ 1ാം നമ്പർ തീരുമാനപ്രകാരവും ശേഷം ജനറൽ കൗൺസിലിന് സമർപ്പിച്ച ബജറ്റ് തിരുവനന്തപുരം നഗരസഭയുടെ 17.02.2024ലെ ജനറൽ കൗൺസിലിന്റെ 1ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ശേഷം പുതുക്കിയ ബജറ്റ് നഗരസഭാ കൗൺസിൽ 28/03/2025 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	യഥാർത്ഥ ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം	വാർഷിക കണക്ക് പ്രകാരം (R&P Schedule)
വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	₹18,53,09,66,591	₹15,79,38,13,829	9,74,30,43,696.6
ചെലവ്	₹17,02,90,23,600	₹11,74,01,00,572	6,54,13,73,617
നീക്കിയിരിപ്പ്	₹1,50,19,42,991	₹4,05,37,13,257	3,20,16,70,079

(എ). ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനവും വാർഷിക കണക്ക് പ്രകാരമുള്ള വരുമാനവും തമ്മിൽ അന്തരം നിലനിൽക്കുന്നു.

ബജറ്റ് പ്രകാരം തൻവർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന ഏതാനും ഇനങ്ങളുടെ പ്രതീക്ഷിത വരുമാനവും അതേ ഇനങ്ങൾക്ക് വാർഷിക കണക്കുപ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന വരുമാനവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.

ഹെഡ്	ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനം.	വാർഷിക കണക്കു പ്രകാരമുള്ള വരുമാനം.
1100101	Property Tax.	1,38,86,25,001	1,14,51,08,879
1101001	Profession Tax-Employees.	65,00,00,000	61,76,57,590
1401001	Private Hospitals & Paramedical Institutions Registration Fee	2,00,000	46,500
1401101	License Fees For IFTEOS	4,00,00,000	2,81,14,416
1401103	License Fees Under PPR Act	4,00,000	1,65,397
1401199	Other License Fee	4,00,000	1,11,520
1401802	Application Fee-Unauthorised Construction Regularisation	20,00,000	13,30,337
1404005	License Changing Fee	9,00,000	Nil

(ബി).ബാധ്യതാ ഇനങ്ങളുടെ പ്രതീക്ഷിത വരവിലും യഥാർത്ഥ വരവിലും വ്യത്യാസം നിലനില്ക്കുന്നു.

തൻവർഷ ബാധ്യതാ ഇനങ്ങളുടെ പ്രതീക്ഷിത വരവും അതേ ഇനങ്ങൾക്ക് വാർഷിക കണക്കുപ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ വരവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.

ഹെഡ്	ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്.	വാർഷിക കണക്കു പ്രകാരമുള്ള യഥാർത്ഥ വരവ്.

3201004	CentralFinance Commission Grant-Tied CFC	39,00,00,000	36,48,04,569
3201020	ICDS	Nil	6,99,43,585
3201037	AMRUT-Adal Mission For Rejuvenation For Urban Transfermation.	Nil	1,19,48,20,497
3402002	Auctin Deposit	4,50,00,,000	15,92,562
3408099	Other Deposits.	25,000,000	

(സി). ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചിരിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടങ്ങളിലെ സെക്ഷൻ 293(6) പ്രകാരം അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പരിശോധിച്ചപ്പോൾ വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

അക്കൗണ്ട് ഹെഡ്	ഇനം	ബജറ്റ് പ്രകാരമുള്ള തുക	വാർഷിക കണക്കിലെ തുക
2103008	Pension-Regular Employees	ഇല്ല	18,633
2305902	Repairs&Maintenance-Office Equipments	ഇല്ല	20,000
2302001	Water Charges-Street Tap	ഇല്ല	1,16,762

ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

സ്ഥാപനം ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രികയിലെ റെസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരമാണ് നൽകിയിരിക്കുന്നത്. 2023-24 R & P 40 (B) പ്രകാരമുള്ള ക്യാഷ് ബാലൻസ് 5016226/- രൂപയാണ്. എന്നാൽ 2024-25 RP Schedule പ്രകാരം OB-Cash 15004647/- രൂപയാണ് (ഹെഡ് കോഡ് 4501001). ഇത് സംബന്ധിച്ച് Notes On Account-ൽ പരാമർശം ഉണ്ടെങ്കിലും അപാകം സംഭവിച്ചതിന്റെ കാരണവും ക്രമീകരിച്ചതിന്റെ നടപടിക്രമങ്ങളും വിശദീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കെസ്മാർട്ടിൽ നിന്നും സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്ത വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.കെ.എസ്.എ.698/ടിവിസി.9 /2025. തീയതി: 23.12.2025, നം.206/കെ.എസ്.എ/ ടിവിസി.2/2025, തീയതി.24.01.2026) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഓപ്പണിംഗ് ബാലൻസിൽ(Cash) നിലവിലും വ്യത്യാസം നിലനിൽക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ കാണുന്ന സാഹചര്യത്തിൽ മുന്നിരിപ്പ്,നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റ് അംഗീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ഖ.1-1-3,ഖ.1-14 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്.

മുന്നിരിപ്പ്	3578861784
വരവ്	6164181912.6
ആകെ	9743043696.6
ചെലവ്	6541373617
നീക്കിയിരിപ്പ്	3201670079.6

1-4 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരമുള്ള ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ്/ലാപ്സായ തുക സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗ്രാന്റ്.	ലഭ്യമായ ഗ്രാന്റ്	ചെലവഴിച്ച തുക	ബാലൻസ് തുക
1	വികസന ഫണ്ട് (ജനറൽ)	14341201887	1557036795	12784165092
2	വികസന ഫണ്ട് (എസ്.സി.പി)	5000849241	257511485	4743337756
3	വികസന ഫണ്ട് (ടി.എസ്.പി)	14906980	-	14906980
4	മെയിന്റനൻസ് ഫണ്ട് (റോഡ്)	387995270	250984068	137011202
5	മെയിന്റനൻസ് ഫണ്ട്	2844230831	249020508	2595210323

	(റോഡിതരം)			

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരമുള്ള ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും എ.സി.ആർ പ്രകാരമുള്ള ഈയിനങ്ങളിലെ തുകകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്. ആയത് വാർഷിക കണക്കുകളിലെ അപാകതകളിൽ സൂചിപ്പിച്ചിട്ടുണ്ട്.

1-5 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി-ചുമതലാ നിർവഹണത്തിൽ വീഴ്ച

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഴുവൻ സാമ്പത്തിക കാര്യങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. ബജറ്റ് തയ്യാറാക്കൽ, അംഗീകാരത്തിന് സമർപ്പിക്കൽ, ഗ്രാന്റുകളുടെ വിനിയോഗത്തിന്റെയും വരവ് ചെലവ് കണക്കുകളുടെയും മേൽനോട്ടം വഹിക്കൽ, നഗരസഭയുടെ നികുതികൾ, ഫീസുകൾ, വാടക എന്നിവ കൃത്യമായി പിരിച്ചടുക്കുന്നുണ്ടോ എന്ന് ഉറപ്പാക്കൽ സാമ്പത്തിക കാര്യങ്ങളിൽ കൗൺസിലിന് നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് പ്രധാന ചുമതലകൾ. കൂടാതെ വാർഷിക അക്കൗണ്ടിലെ വിവിധ ഇനങ്ങളുടെ ഡിമാന്റ്-കളക്ഷൻ എന്നിവയുടെ സൂക്ഷ്മപരിശോധന, യഥാർത്ഥ ചെലവുകളും ബഡ്ജറ്റ് പ്രൊവിഷനും തമ്മിലുള്ള താരതമ്യം, വസൂലാക്കാൻ കഴിയാത്ത തുകകളുടെ എഴുതിത്തള്ളൽ എന്നിവയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ ആണ്. മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിലൂടെ സ്ഥാപനത്തിന്റെ സാമ്പത്തിക സുസ്ഥിരത, സുതാര്യത ഉറപ്പാക്കുവാൻ കഴിയുന്നു.

നഗരസഭയുടെ 17.04.2025 മുതൽ 21.03.2025 വരെയുള്ള കാലയളവിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധനയിൽ സുപ്രധാന ചുമതലകൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22(A) 1(ഐ) പ്രകാരം ഒരു ടൗൺ പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടലും, തുക പിരിച്ചെടുക്കലും, നീക്കിയിരിപ്പ് തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവ് ചെലവ് കണക്കുകളുടെ സംക്ഷേപവും പരിശോധിക്കേണ്ടതാണ്. എന്നാൽ തിരുവനന്തപുരം നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു പ്രാവശ്യം പോലും ഇത്തരം ഒരു പരിശോധന നടത്തിയതായി കാണുന്നില്ല.

2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 286 പ്രകാരം അടുത്ത വർഷത്തേയ്ക്കുള്ള മുനിസിപ്പാലാറ്റിയുടെ വരവ് ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. എന്നാൽ മിനിട്സിന്റെ പരിശോധനയിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ക്രിയാത്മകമായ ഇടപെടലുകളൊന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് 20.03.2025-ൽ ചേർന്ന യോഗത്തിൽ വിവിധ കമ്മിറ്റികളിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾ കമ്മിറ്റി ചർച്ച ചെയ്ത് ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ച എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ധാരാളം കടമുറികളുടെ കരാറുകാർ കരാർ കാലാവധി കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷം കരാർ പുതുക്കി നൽകുന്നതിന് അപേക്ഷ നൽകുകയും നഗരസഭ ആയത് പുതുക്കി നൽകുവാൻ തീരുമാനിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾക്കായി (ഖ.1-21-2 കാണുക)

4. ചാലകുളപ്പെട്ടിക്കട മാർക്കറ്റ്, പേട്ട മാർക്കറ്റ്, വട്ടിയൂർക്കാവ് മാർക്കറ്റ് എന്നിവ 2023-24 സാമ്പത്തിക വർഷത്തെക്കാൾ കുറഞ്ഞ തുകയ്ക്കാണ് 2024-25-ൽ ലേലം ചെയ്ത് നൽകിയത്. ഇപ്രകാരം കുറഞ്ഞ തുകയ്ക്ക് മാർക്കറ്റുകൾ ലേലം ചെയ്ത് നൽകിയതിനാൽ നഗരസഭയ്ക്ക് 23,33,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി (ഖ.1-20-1 കാണുക)

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിസ്ഥാന ചുമതലകൾ പോലും കൃത്യമായി നിർവ്വഹിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-6 നഗരസഭയുടെ 2024-25 അവസ്ഥാ രേഖ – പദ്ധതി നടത്തിപ്പ് താരതമ്യ പഠനം - അപാകങ്ങൾ

സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് വിഭാവനം ചെയ്ത പതിനാലാം പഞ്ചവത്സര പദ്ധതി തദ്ദേശ സ്ഥാപനങ്ങൾ മുഖേന സാമ്പത്തിക വികസനവും പശ്ചാത്തല സൗകര്യവികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമുൾപ്പെടെ വിശാലമായ വികസന പ്രക്രിയയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൊതു വികസന ലക്ഷ്യങ്ങൾ മുൻനിർത്തി അനുകരണീയ മാതൃകകൾ അടിസ്ഥാനമാക്കി വികസന പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുക എന്നത് നഗരഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പരമപ്രധാനമായ ചുമതലയാണ്. ഇത്തരത്തിൽ തങ്ങളിൽ നിക്ഷിപ്തമായ വികസന പദ്ധതികളുടെ ആസൂത്രണത്തിനും നടത്തിപ്പിനുമായി പ്രശ്ന വിഷയം/മേഖല എന്നിവ അടിസ്ഥാനപ്പെടുത്തി സ്വീകരിക്കേണ്ട പൊതുലക്ഷ്യങ്ങളും മുൻഗണനകളും ഉൾപ്പെടുത്തി സർക്കാർ തയ്യാറാക്കി നൽകിയിട്ടുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.86/2022/തസ്വഭവ, തീയതി. 19.04.2022, 2.5.(8) പ്രകാരം തദ്ദേശസ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. എന്നാൽ തിരുവനന്തപുരം നഗരസഭയുടെ 2024-25 വർഷത്തെ അവസ്ഥാ രേഖ തയ്യാറാക്കിയതിലെ അപാകങ്ങളും ആയതിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങളും അടിസ്ഥാനപ്പെടുത്തി തയ്യാറാക്കേണ്ട പ്രോജക്ടുകളുടെ/ വിഷയങ്ങളുടെ വ്യതിചലനവും സംബന്ധിച്ച് താഴെപ്പറയുന്നു.

2022 ഏപ്രിൽ 1-ന് ആരംഭിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിനായി അവസ്ഥാരേഖ തയ്യാറാക്കുന്നതിന് സ.ഉ(കൈ) നം. 275/2021/ തസ്വഭവ, തീയതി.26.11.2021 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനാലാം പദ്ധതി രൂപീകരിണത്തിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ചുമതലപ്പെട്ട ഓരോ വികസന മേഖലയിലെയും കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി 25 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളും നേട്ടങ്ങളും വ്യക്തമായി പ്രതിഫലിക്കുന്ന അവസ്ഥാ വിശകലനം നടത്തി പോരായ്മകൾ കണ്ടെത്തേണ്ടതുണ്ട്. ഇപ്രകാരം ഓരോ വികസന മേഖലയിലും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സാധ്യതകൾ, സ്വീകരിക്കാവുന്ന പരിഹാര നടപടികൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കുന്നതാകണം അവസ്ഥാ രേഖ എന്നും പ്രശ്നപരിഹാര നിർദ്ദേശങ്ങൾ രൂപീകരിച്ച് അവസ്ഥാരേഖ പൂർണമാക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു. കൂടാതെ ഇന്നത്തെ അവസ്ഥ വ്യക്തമാക്കുന്നതിന് ഓരോ മേഖലയിലെയും സ്ഥിതി വിവരകണക്കുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു.

അവസ്ഥാ രേഖ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയിൽ വിജയം കൈവരിച്ച മുൻകാല പ്രോജക്ടുകളുടെ വിവരങ്ങൾ ഫോറം 3-ലും പ്രതീക്ഷിച്ച വിജയം കൈവരിക്കാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ഫോറം 4-ലും ഉൾപ്പെടുത്തേണ്ടതാണ്. 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം 5-ലും ഉൾപ്പെടുത്തിയാണ് അവസ്ഥാരേഖ തയ്യാറാക്കേണ്ടത്. ഓരോ വികസന ഉപമേഖലയിലെയും പ്രധാന വെല്ലുവിളികളും പ്രശ്നങ്ങളും അവയുള്ള പ്രായോഗികമായ പരിഹാര സാധ്യതകൾ ഫോറം 6-ലും ദീർഘകാല ലക്ഷ്യങ്ങളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യങ്ങളും ഫോറം 7-ലും കൃത്യതയോടെ നിർവ്വചിക്കേണ്ടതാണ്. മറ്റ് മേഖലകളുമായും കേന്ദ്രസംസ്ഥാന പദ്ധതികളുമായും മിഷനുകളുമായും മേൽത്തട്ട്/കീഴ്ത്തട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ഉള്ള സംയോജന സാധ്യതകൾ, സംയോജിത പരിപാടികൾ എന്നിവ വ്യക്തമാക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

2024-25 വർഷത്തെ നഗരസഭയുടെ അവസ്ഥാരേഖ പരിശോധിച്ചതിൽ പ്രതീക്ഷിച്ച വിജയം കൈവരിച്ച പ്രോജക്ടുകളുടെ വിവരങ്ങൾ ഫോറം 3-ലും പ്രതീക്ഷിച്ച വിജയം കൈവരിക്കാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ഫോറം 4-ലും ഉൾപ്പെടുത്തിയിട്ടില്ല. ഫോറം 3, ഫോറം 4 എന്നിവയിലെ വിശകലനത്തിന്റെ അഭാവത്തിൽ ഫോറം 6, ഫോറം 7 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ മേഖലയിലെയും വെല്ലുവിളികളും പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങൾ ഓരോ മേഖലയിലെയും ലക്ഷ്യങ്ങൾ എന്നിവയുടെ കൃത്യമായ വിശകലനം സാധ്യമല്ല.

മാർഗ്ഗരേഖ, സ.ഉ(കൈ) നം.86/2022/തസ്വഭവ, തീയതി.19.04.2022-ൽ 2.5(8) സിയിലും 2023-24 മുതൽ അവസ്ഥാരേഖ കാലികമാക്കി പരിഷ്കരിച്ചതിന് ശേഷമാവണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതെന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ 2024-25 ലെ അവസ്ഥാരേഖ പരിശോധിച്ചതിൽ സ്ഥിതിവിവര കണക്കുകൾ ഭ്രരിഭാഗവും 31.03.2016-നെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സ്ഥിതിവിവര കണക്കുകൾ 2009-10-നെ അടിസ്ഥാനമാക്കിയാണ്. സ്ഥിതിവിവര കണക്കുകൾ കാലികമാക്കാത്തതും ഫോറം 3, 4 എന്നിവ ഉൾപ്പെടുത്താത്തതും നഗരസഭയുടെ അവസ്ഥാ വിശകലനത്തിന് ഭംഗം വരുത്തുന്നുണ്ട്. കൂടാതെ ഓരോ സാമ്പത്തിക വർഷത്തെയും അവസ്ഥാരേഖയിലെ വിവരങ്ങൾക്ക് യാതൊരു മാറ്റവും ഇല്ലാതെ തുടർവർഷങ്ങളിലെ അവസ്ഥാരേഖകളിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി പൂർത്തിയാകാൻ 2026-27 സാമ്പത്തിക വർഷം കൂടി മാത്രം

ബാക്കി നിൽക്കെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി അവസ്ഥാരേഖ കാലികമാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അവസ്ഥാരേഖയും നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണവും നടത്തിപ്പും തമ്മിലുള്ള പൊരുത്തക്കേടുകൾ 14-ാം പഞ്ചവത്സര പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ നേടുന്നതിൽ തടസ്സം സൃഷ്ടിക്കുന്നതായി കാണുന്നു. ഗൗരവമേറിയ പ്രശ്ന വിഷയങ്ങളിൽ നഗരസഭ വിഭാവനം ചെയ്ത പ്രതിവിധിയും ലക്ഷ്യവും 2024-25 ലെ പദ്ധതി ആസൂത്രണവും നടത്തിപ്പും ഓഡിറ്റ് പരിശോധനയിൽ കണ്ട നിലവിലെ അവസ്ഥാ വിശകലനവും താഴെ ചേർക്കുന്നു.

വിഷയം	ഗൗരവമേറിയ പ്രശ്നങ്ങൾ (സ്ഥാപനത്തിന്റെ അവസ്ഥാരേഖ പ്രകാരം)	പ്രതിവിധി (അവസ്ഥാരേഖ പ്രകാരം)	ലക്ഷ്യം (അവസ്ഥാരേഖ പ്രകാരം)	അവസ്ഥാ വിശകലനം (തൻവർഷ/മുൻവർഷ പ്രോജക്ടുകളുടെ രൂപീകരണം, നടത്തിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരിശോധിച്ച് തയ്യാറാക്കിയത്)
പൊതുഭരണവും ധനകാര്യവും	പ്രാകൃതമായ റെക്കോർഡ്, പര്യാപ്തമല്ലാത്ത ഇ-ഗവേണൻസ് സോഫ്റ്റ്വെയറുകൾ, ISO Certification ലഭിച്ചിട്ടില്ല. പശ്ചാത്തല സൗകര്യം പര്യാപ്തമല്ല	ഡിജിറ്റലൈസേഷൻ സമ്പൂർണ്ണ ഇലക്ട്രോണിക് വർക്ക് ഫ്ലോ സിസ്റ്റം	കടലാസ് രഹിത, കടിശ്ലിക രഹിത ജനസൗഹൃദ ഡിജിറ്റലൈസ്ഡ് ഓഫീസുകൾ	ITസെൽ രൂപീകരണം - തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല IT അധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനം (45 ലക്ഷം) - വകയിരുത്തി ചെലവഴിച്ചിട്ടില്ല – റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ, ജനന മരണ വിവാഹ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ (ചെലവ് 28% മാത്രം) 2020-21 മുതൽ 2025-26 വരെ നഗരസഭ വിവിധ പദ്ധതികൾ പ്രകാരം നഗരസഭയിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഐ.റ്റി ഉപകരണങ്ങളുടെ കൃത്യമായ കണക്കിന്റെ അഭാവം, അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ പോരായ്മകൾ,ഐ.റ്റി ഉപകരണങ്ങളുടെ സൂക്ഷിപ്പിലെയും , കൈയ്യൊഴിയലുകളിലെയും അനാസ്ഥ, എ.എം.സി യിലെ അപാകത, ഐ.റ്റി വാങ്ങളുടെ വാങ്ങലിനും കൃത്യമായ പരിപാലനത്തിനുമുള്ള് ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവ ഖണ്ഡിക 1-73 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം	ലാഭകരമല്ല, സ്ഥലലഭ്യതക്കുറവ്, വിപണന സൗകര്യക്കുറവ്, താങ്ങുവില	ബന്ധപ്പെട്ട ഏജൻസികളുടെയും വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി നൂതന രീതിയിലുള്ള കൃഷി, മൃഗസംരക്ഷണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക, ഗ്രണനിലവാരം	സ്വയം പര്യാപ്തത, ഗ്രണനിലവാരം മെച്ചപ്പെടുത്തൽ	വകയിരുത്തിയ തുകയുടെ 78% ചെലവഴിക്കുന്നുണ്ടെങ്കിലും ഈ മേഖലകളിൽ സ്വയംപര്യാപ്തത നോടാത്തതിനാൽ ദൈനംദിനാവശ്യങ്ങൾക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. സ്വയംപര്യാപ്തത എന്ന പരമ പ്രധാന ലക്ഷ്യം

		മെച്ചപ്പെടുത്തുക, ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിതമാക്കി അവയുടെ വിപണനം പ്രോത്സാഹിപ്പിക്കുക		കൈവരിച്ചിട്ടില്ല. ഹൈഡ്രോപോണിക്സ്, തിരിനന പോലെയുള്ള നൂതന സാങ്കേതിക വിദ്യകൾ കൃഷിയിൽ വ്യാപകമാക്കുന്നതിന്റെ ആവശ്യകത, കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ, സ്വയംപര്യാപ്തത നേടുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവ ഖണ്ഡിക- 1-96 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
മത്സ്യബന്ധനം	സ്ഥിരം വരുമാനം, സുരക്ഷിത മത്സ്യബന്ധന ഉപകരണങ്ങളുടെ അപര്യാപ്തത, തീരദേശ മേഖലയിലെ അടിസ്ഥാന വിദ്യാഭ്യാസ കുറവ്, വിപണന സൗകര്യക്കുറവ്	പാർപ്പിട പദ്ധതി, കുടിവെള്ള പദ്ധതി, പൊതു സാനിട്ടേഷൻ, മത്സ്യതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുക	ജീവിത നിലവാരം മെച്ചപ്പെടുത്തുക, വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക	മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് (പദ്ധതി - തുകയൊന്നും ചെലവഴിച്ചിട്ടില്ല) മറ്റുവികസന പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയിൽ 43.325% മാത്രമാണ് ചെലവഴിച്ചത്
പ്രാദേശിക സാമ്പത്തിക വികസനം	മൂലധനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ലഭ്യതകുറവ്, സത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറവ്	ചെറുകിട വ്യവസായ യൂണിറ്റുകൾ, കുടുംബശ്രീ, ബാങ്കുകൾ എന്നിവയുമായി സംരംഭ പ്രോജക്ടുകൾ രൂപീകരിക്കുക, മികച്ച നൈപുണ്യ പരിശീലനങ്ങൾ സംഘടിപ്പിക്കുക	തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാർക്കറ്റിംഗിന് ഫലപ്രദമായ മാർഗ്ഗം ഉണ്ടാക്കുക, പ്രാദേശിക സാമ്പത്തിക ഭദ്രത ഉറപ്പാക്കുക	സൂക്ഷ്മ ചെലവ് പത്രിക പ്രകാരം സ്വയംതൊഴിൽ, തൊഴിൽ നൈപുണ്യ വർദ്ധനവ് എന്നിവയ്ക്കായി വകയിരുത്തിയ 2,10,73,245/- രൂപയിൽ 1671624/- രൂപ മാത്രം (7.9324%) മാത്രമാണ് ചെലവഴിച്ചത്. വൻ തുക പാഴായി.
ദാരിദ്യ ലഘൂകരണം	നഗരത്തിൽ 10% ൽ അധികം പേർക്കും വീടില്ലാത്ത അവസ്ഥ, ഗതാഗത സൗകര്യം ലഭ്യമല്ലാത്തതിനാൽ കെട്ടിട നിർമ്മാണ വസ്തുക്കൾ എത്തിക്കാൻ ചെലവ് കൂടുന്നു, ശുദ്ധജല ലഭ്യതക്കുറവ്	ഭവനപുനരുദ്ധാരണം, മേൽക്കൂരമാറ്റൽ എന്നീ പദ്ധതികൾക്കുള്ള ആനുകൂല്യങ്ങൾ ഹഡ്കോ പോലുള്ള സ്ഥാപനങ്ങളുമായും, സർവ്വീസ് സഹകരണ സംഘങ്ങളുമായും ചേർന്ന് നടപ്പിലാക്കാവുന്നതാണ്. ഭക്ഷണം, മരുന്ന്, തൊഴിൽ പരിശീലനം, തൊഴിൽ നൽകൽ	ദാരിദ്ര്യ നിർമ്മാർജ്ജനം	സൂക്ഷ്മ ചെലവ് പത്രിക പ്രകാരം നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 353662233/- രൂപ വകയിരുത്തിയെങ്കിലും 149481229/- രൂപ (42.266%) മാത്രമേ ചെലവഴിച്ചിട്ടുള്ളൂ 2017-18 സാമ്പത്തിക വർഷം മുതൽ PMAY പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ചുള്ള ലിശദാംശങ്ങൾ ഖ-1-88 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
സാമൂഹ്യനീതി	വൃദ്ധജനങ്ങൾ, കുട്ടികൾ,സ്ത്രീകൾ, ഭിന്നശേഷിക്കാർ, അസംഘടിത തൊഴിലാളികൾ എന്നിവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ	വനിതാഘടക പദ്ധതി, നന്മ പ്രോജക്ടുകളുടെ സുതാര്യമായ നടത്തിപ്പ്, ഭിന്നശേഷിക്കാരുടെ കൃത്യമായ ഡേറ്റാബേസ് സൂക്ഷിക്കുക, തൊഴിൽ സംരംഭങ്ങൾ, കൗമാര കൗൺസിലിംഗ്, മദ്യം-മയക്കുമരുന്ന് എന്നിവയ്ക്കെതിരെയുള്ള നടപടികൾ ശക്തമാക്കുക. കൃത്യമായ പദ്ധതികൾ	സ്ത്രീ സുരക്ഷ, വയോജനക്ഷേമം, ബാലസൗഹൃദ നഗരസഭ	അവസ്ഥാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 31.03.2016-നെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ്. കൃത്യമായ ഡേറ്റാബേസ് സൂക്ഷിക്കാത്തതിനാൽ നന്മ പ്രോജക്ടുകൾ സുതാര്യമല്ല. ഷീ ജിം പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. അപാകതകൾ ഖണ്ഡിക 1-50,


		ആവിഷ്കരിക്കുന്നതിന് ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ശിശുക്കൾ എന്നിവരുടെ ഡേറ്റാബേസ് സൂക്ഷിക്കുക		1-79, 1-79-1, 1-79-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
പട്ടികജാതി പട്ടികവർഗ്ഗ വികസനം	പാർപ്പിടം, ആരോഗ്യം, ശുചിത്വം, തൊഴിൽ തുടങ്ങിയ അടിസ്ഥാന മേഖലകളിലെ പിന്നോക്കാവസ്ഥ	വാസഗൃഹം ഒരുക്കുക, വൈദ്യുതി, കുടിവെള്ളം അടിസ്ഥാന സൗകര്യ വികസനം, മെച്ചപ്പെട്ട വിദ്യാഭ്യാസം എന്നിവയിലൂന്നിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക	പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തല സൗകര്യ വികസനം	അവസ്ഥാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 2009-10 അടിസ്ഥാനമാക്കിയുള്ള കണക്കുകൾ. TSP ഫണ്ടായി 12323344/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല. പട്ടിക വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം (ചെലവില്ല) പട്ടികജാതി - ഭവനപൂർത്തീകരണം (28%) ദുർബലരായ ടൈബൽ വിഭാഗങ്ങൾക്ക് കുടിവെള്ള കണക്ഷൻ, മണ്ണന്തല Postmatric Hostel നവീകരണം (തുക ചെലവഴിച്ചിട്ടില്ല). SCP ഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ ഖണ്ഡിക 1-72, 1-74 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
ആരോഗ്യ മേഖല	എല്ലാ ആശുപത്രികൾക്കും സ്വന്തമായി കെട്ടിടം, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഇല്ല. പകർച്ചവ്യാധി തടയൽ, മരുന്നുകളുടെ ലഭ്യ ഉറപ്പാക്കുക	ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെയുള്ള ഫണ്ടുകൾ കൃത്യമായി വിനിയോഗിക്കുക	ആശുപത്രികളുടെ പ്രവർത്തനം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണം	2023-24 ൽ ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ തുടങ്ങാൻ ഹെൽത്ത് ഗ്രാന്റ് വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചില്ല. 2024-25 ൽ FHC, CHC, PHCഎന്നിവിടങ്ങളിൽ രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തുന്നതിന് ഹെൽത്ത് ഗ്രാന്റ് വകയിരുത്തിയെങ്കിലും മിക്ക പദ്ധതികളും നടപ്പിലാക്കിയില്ല. കൂടാതെ ഹെൽത്ത് & വെൽനെസ് സെന്റർ സ്ഥാപിക്കൽ സ്കീം - 6 ലെ മിക്ക പദ്ധതികളും ലക്ഷ്യപ്രാപ്തി നേടുന്നില്ല. അപാകതകൾ ഖണ്ഡിക 1-53, 1-53-1, 1-53-2, 1-53-3, 1-53-4, 1-53-5, 1-53-6 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
ശുചിത്വം മാലിന്യ സംസ്കരണം -	വിവിധ തരത്തിലുള്ള മാലിന്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. പൊതുസ്ഥലങ്ങളിലും റോഡിലും മറ്റും കൂട്ടിയിടുന്ന മാലിന്യങ്ങൾ ആശുപത്രിയിൽ നിന്നുമുള്ള വിഷമയമായ മാലിന്യങ്ങൾ, പ്രതിദിനം നഗരത്തിൽ ഏകദേശം 426 ടൺ മാലിന്യങ്ങൾ ഉൽപാദിപ്പിക്കുന്നു.	ഉറവിട മാലിന്യ നിർമ്മാർജ്ജനം പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം കുറയ്ക്കുക	ശുചിത്വ പൂർണ്ണ നഗരം	പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം നേടുന്നില്ല. നഗരസഭയിൽ മാലിന്യ സംസ്കരണത്തിനായി നടത്തിയിട്ടുള്ള പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങളിലെ അപാകതകൾ, മാലിന്യ സംസ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളിലെ അപാകതകൾ ഖണ്ഡിക 1-40, 1-41, 1-42-1, 1-46 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

വിദ്യാഭ്യാസം/ കായിക യുവജന ക്ഷേമം	ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കാത്തത് കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസത്തെ ബാധിക്കുന്നത് അക്കാഡമിക് നിലവാര തകർച്ചയും, വിദ്യാലയങ്ങളുടെ കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളുടെ കുറവിനും കാരണമാകുന്നു	ലഭ്യമാകുന്ന ഫണ്ടുകളുടെ കൃത്യമായ വിനിയോഗം കരിയർ ഗൈഡൻസ് കൗമാര കൗൺസിലിംഗ്	പൊതുവിദ്യാഭ്യാസ യജ്ഞവുമായി സമന്വയിപ്പിച്ച് ഗുണമേന്മയും വിദ്യാർത്ഥികേന്ദ്രീകൃതവുമായ സമഗ്രവിദ്യാഭ്യാസം. കായികക്ഷമതയുള്ള യുവതലമുറയെ വളർത്തിയെടുക്കുക. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക	സൂക്ഷ്മ ചെലവ് പദ്ധതി പ്രകാരം കുട്ടികളുടെ സമഗ്രവികസനത്തിനായി മാർഷൽ ആർട്സ്, യോഗ, ബീച്ച് ഗെയിംസ്. ആർച്ചറി പരിശീലനം, ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം, സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം, എന്നീ പ്രോജക്ടുകൾക്ക് 2023-24, 2024-25 ലും തുക വകയിരുത്തിയെങ്കിലും നടപ്പിലാക്കിയില്ല. ഭാവിയിലേക്കുള്ള നിക്ഷേപമായി യുവതലമുറയുടെ വികസനം എന്ന പരമപ്രധാന ലക്ഷ്യം നേടുന്നില്ല.
പാർപ്പിടം/ കുടിവെള്ളം	നഗരപ്രദേശത്തെ ഉയർന്ന ഭൂമിവില, നഗരത്തിലെ 10% ൽ അധികം പേർക്കും വീടില്ലാത്ത അവസ്ഥ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ കെട്ടിട നിർമ്മാണ വസ്തു എത്തിക്കാൻ ചെലവ് കൂടുന്നു. ശുദ്ധജല ലഭ്യത കുറവ്	ഫ്ലാറ്റ് നിർമ്മാണം, പുനരധിവാസം, ദാരിദ്ര്യനിർമ്മാർജ്ജനം, പൈപ്പ് ലൈൻ നീട്ടലും വ്യാസം കൂട്ടലും, ശുദ്ധജല പ്ലാന്റുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുക, കിണർ റീചാർജ്ജിംഗ്, അണുനശീകരണം എന്നിവ വ്യാപകമാക്കുക	പാർപ്പിട സുരക്ഷ, ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ, എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം എത്തിക്കുക	സൂക്ഷ്മ ചെലവ് പദ്ധതി പ്രകാരം ഭവനനിർമ്മാണം, കുടിവെള്ള പ്ലാന്റുകൾ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി നടപ്പിലാക്കുന്നില്ല. വൻതുകകൾ ലാപ്സാകുന്നു. പ്രശ്നപരിഹാരം എന്ന ലക്ഷ്യം നടപ്പാവുന്നില്ല.
പൊതുമരാമത്ത്	പുതിയ റോഡുകളുടെ നിർമ്മാണമോ, നിലവിലുള്ള റോഡുകളുടെ വികസനമോ, വർദ്ധിച്ചുവരുന്ന നഗരാവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ അളവിൽ ഉണ്ടായില്ല. പൊതുശൗചാലയങ്ങളുടെ ശോചനീയാവസ്ഥ	പുതിയ റോഡുകളുടെ നിർമ്മാണം, റോഡ് മെയിന്റനൻസ്, പ്രധാന തോടുകളുടെയും കുളങ്ങളുടെയും നവീകരണം, മേൽപ്പാലനിർമ്മാണം, സ്വീവറേജ് കണക്ഷൻ വ്യാപിപ്പിക്കൽ, സ്പെസിഫിക്കേഷനിൽ കാലാനുസൃതമായ മാറ്റം വരുത്തി ഗുണനിലവാരം ഉറപ്പ് വരുത്തുക	ശുചിത്വപൂർണ്ണമായ പൊതു നിരത്തുകൾ, അപകടരഹിതമായ ട്രാഫിക് സംവിധാനം, കാലവർഷ സമയത്തെ നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുക, പഴക്കമുള്ള സ്ലൂൾ കെട്ടിടങ്ങൾ എന്നിവ പൊളിച്ച് പുതിയവ നിർമ്മിക്കുക	സൂക്ഷ്മ ചെലവ് പദ്ധതി പ്രകാരം വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും നടപ്പിലാക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഉദാ. നഗരസഭാ പരിധിയിലെ തുമ്പൂർമൂഴി അറ്റകുറ്റപ്പണി, ടോയിലെറ്റ് നിർമ്മാണം, ക്യാമറ സ്ഥാപിക്കൽ (95 ലക്ഷം - തുക ചെലവഴിച്ചിട്ടില്ല) പൂങ്കുളം വാർഡിലെ 117 അംഗനവാടി കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കൽ (20 ലക്ഷം - തുക ചെലവഴിച്ചിട്ടില്ല) – തൈക്കാട് വാർഡിലെ പൗണ്ട് കോളനി ഓട നവീകരണവും സ്ലാബ് നിർമ്മാണം (15ലക്ഷം - തുക ചെലവഴിച്ചിട്ടില്ല), മുല്ലൂർ വാർഡ് ഇഞ്ചി പുല്ലുവിള കോളനി വലൻവിള, പ്ലാവിള കോളനി കുഴിവിളാകം കോളനി റോഡ് നവീകരണം (30 ലക്ഷം - തുക ചെലവഴിച്ചിട്ടില്ല) കരിയ്ക്കകം വാർഡിലെ പുന്നക്കത്തോപ്പ് കരാട്ടുവിളാകം ആറ്റുവരമ്പ് റോഡ്, ഇശക്കി അമ്മൻ ക്ഷേത്രം ഇടമന ലൈൻ പരുത്തി റോഡ് എന്നിവിടങ്ങളഇൽ ഓട നിർമ്മാണം, റോഡ് കോൺക്രീറ്റ്, യൂറോകോൺ ടൈൽ പാകൽ (49 ലക്ഷം - തുക ചെലവഴിച്ചിട്ടില്ല) എന്നിങ്ങനെ വൻതുക വകയിരുത്തിയ പദ്ധതികൾ ഒന്നും തന്നെ

				നടപ്പാക്കിയിട്ടില്ല.
നഗരാസൂത്രണം	വർദ്ധിച്ചുവരുന്ന വാഹനത്തിരക്ക് വാഹന പാർക്കിംഗിന് മതിയായ സംവിധാനത്തിന്റെ കുറവ്, കാൽ നടയാത്രക്കാർക്കുള്ള സൗകര്യങ്ങൾ കുറവ്, വിവിധ തരത്തിലുള്ള മാലിന്യ പ്രശ്നങ്ങൾ	കേന്ദ്രസംസ്ഥാന നഗരവികസന പദ്ധതികളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക (Amruth, Smart City) കൂടുതൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക, പാർക്കുകളും, തുറസ്സായ സ്ഥലങ്ങളും സമ്മേളന കേന്ദ്രങ്ങളും, ശുചീകരണ മാലിന്യസംസ്കരണം മെച്ചപ്പെടുത്തുക	നഗരവികസനത്തിനായി വിഭാവനം ചെയ്യുന്ന മസ്റ്റർ പ്ലാനിന്റെ പൂർത്തീകരണം	സുലേഖ ചെലവ് പദ്ധതി പ്രകാരം നഗരാസൂത്രണം നടപ്പാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും ലക്ഷ്യപ്രാപ്തി നേടുന്നില്ല. നഗരസഞ്ചയം, സ്മാർട്ട് സിറ്റി, അമൃത് പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ ഖണ്ഡിക 1-47, 1-47-1, 1-102, 1-103 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
ദുരന്തനിവാരണം	ദുരന്തത്തിന്റെ ആഘാതം പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതികളുടെ കുറവ്	വാർഡ് തല ദുരന്തനിവാരണ പരിശീലനം, അടിയന്തിര ഉപകരണങ്ങളുടെ വാങ്ങൽ മുഖേന ദുരന്ത പ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്തുക, ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുക	പ്രതികൂല സാഹചര്യങ്ങളോട് പ്രതികരിക്കാനും അവയിൽ നിന്നും കരകയറാനുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക	ഭിന്നശേഷിക്കാർക്കുള്ള ദ്വിദിന ദുരന്ത ലഘൂകരണ പരിപാടി (451800/-തുക ചെലവഴിച്ചിട്ടില്ല.) ദ്രുതഗതിയിലുള്ള ദുരന്ത പ്രതികരണത്തിനായി അടിയന്തിര ഉപകരണങ്ങൾ വാങ്ങൽ (2010000 തുക ചെലവഴിച്ചിട്ടില്ല. മുനിസിപ്പൽ കോർപ്പറേഷനിലെ എമർജൻസി റെസ്പോൺസ് ടീം അംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടി (5 ലക്ഷം തുക ചെലവഴിച്ചിട്ടില്ല. നഗരസഭയിലെ ജീവനക്കാർക്ക് ഫസ്റ്റ് എയ്ഡ് ട്രെയിനിംഗ് (1 Lakh – തുക ചെലവഴിച്ചിട്ടില്ല) നാഷണൽ ട്രേഡ് യൂണിയനിലെ 5 ദ്വിദിന ദുരന്ത ലഘൂകരണ പരിശീലന പരിപാടി 100 വാർഡിൽ നിന്നും (131000/- തുക ചെലവഴിച്ചിട്ടില്ല) എന്നീ പദ്ധതികളിലൊന്നും തുക ചെലവഴിച്ചിട്ടില്ല. നഗരസഭയുടെ അനിവാര്യ ചുമതലകളുടെ പദ്ധതികൾ പോലും ലക്ഷ്യപ്രാപ്തി നേടുന്നില്ല.


വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ഓരോ മേഖലയിലെയും മാറ്റങ്ങളും നേട്ടങ്ങളും പോരായ്മകളും കണ്ടെത്തിയാകണം അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കേണ്ടിയിരുന്നത്. അവസ്ഥാ റിപ്പോർട്ടിൽ ഫോറം 3 ഉം 4 ഉം ഉൾപ്പെടുത്താത്തത് തന്നെ നഗരസഭയുടെ ഇപ്പോഴത്തെ കൃത്യമായ അവസ്ഥാ വിശകലനം നടന്നിട്ടില്ലായെന്നതിന് തെളിവാണ്. കൂടാതെ 2024-25 സാമ്പത്തിക വർഷമായിട്ടും കാലികമായ സ്ഥിതി വിവരകണക്കുകളും അവസ്ഥാ രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വികസനത്തിലുള്ള വിടവുകൾ കണ്ടെത്തി അവ നികത്തുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചത് എത്രത്തോളം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞു എന്നുള്ളത് വിലയിരുത്തേണ്ടതുണ്ട്. 2023-24, 2024-25 വർഷത്തെ വിവിധ ഫണ്ടുകളുടെ സുലേഖ പ്രകാരമുള്ള വിനിയോഗ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

2023-24



Esti-mate	1988403170	467315479	10293100	853378784	14577183	7264663	8172683 86	3181953 05	3174379 41	3331054 5
Ex-pendi-ture	1072847474	266762382	1500000	3009461 44	5292177 0	2272058 5	1224070 59	7685845 4	1331171 81	5733126
Bal-ance/ Lapsed amoun t	8955556 96	1985530 97	1014310 0	5525326 40	9284940 5	4992007 8	6948613 27	2413368 51	1843207 60	2757741 9

ആകെ പാഴാകുന്ന തുക - 1529909504/- (വികസന ഫണ്ട്, നോൺ റോഡ്, റോഡ് എന്നിവ ലാപ്സായത്)
2024-25



Esti-mate	2300950536	440017088	12323344	862422548	31597531 8	9166625 8	1100246490	3151864 0	3794648 28	4025225 1
Expen-diture	1557036795	257511485	0	1692676 73	4566826 2	5370918	8049398 8	2509840 68	2490205 08	91250
Bal-ance/ Lapsed Amoun t	7439137 41	1825056 03	12323344	6931548 75	2703070 56	8629534 0	1019752502	6420277 2	1304443 20	4016101

ആകെ പാഴാകുന്ന തുക – 1133389780/- രൂപ (വികസന ഫണ്ട്, നോൺ റോഡ്, റോഡ്)

വകയിരുത്തിയ തുകകൾ ചെലവഴിക്കാതെ ലാപ്സായി പോകുന്ന സാഹചര്യത്തിൽ 2026-27-ൽ പതിനാലാം പഞ്ചവത്സര പദ്ധതി പൂർത്തിയാകുമ്പോൾ വികസന ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. 2023-24, 2024-25-ലെ ഫണ്ടുകളുടെ വിനിയോഗം പരിശോധിക്കുമ്പോൾ സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം ദുർബ്ബലമാണ്. 2024-25 ൽ പട്ടികവർഗ്ഗ ഫണ്ടിൽ നിന്നും തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. കൂടാതെ തൊഴിലില്ലായ്മ, മാലിന്യസംസ്കരണം എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗവും നടപ്പിലാക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അവസ്ഥാ റിപ്പോർട്ട് രൂപീകരണം മുതൽ പദ്ധതി നടത്തിപ്പു വരെയുള്ള കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ച 14-ാം പഞ്ചവത്സര പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെ ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 14-ാം പഞ്ചവത്സര പദ്ധതി പൂർത്തീകരണത്തിന് ഒരു വർഷം മാത്രം ശേഷിക്കെ (2026-27) അവസ്ഥാ റിപ്പോർട്ട് കാലികമാക്കുന്നതിനും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും സ്വീകരിച്ച നടപടിയുടെ വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്യയറിയ്ക്ക് (നം.190/കെ.എസ്.എ/ടിവിസി.6/2025, തീയതി. 21.01.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 2026-27 സാമ്പത്തിക വർഷം അവസ്ഥാ റിപ്പോർട്ട് കാലികമാക്കി രൂപീകരിക്കേണ്ടതുമാണ്.

1-7 പദ്ധതി ആസൂത്രണം - നടത്തിപ്പ് - അവലോകനം


അധികാര വികേന്ദ്രീകരണത്തിലൂടെ പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണ നിയന്ത്രണവും നിയമപരമായ ചട്ടക്കൂടിനുള്ളിൽ നിന്ന് നടത്തുകയും ഇതിലൂടെ കേരളത്തിന്റെ വികസനത്തിൽ പ്രധാനപങ്ക് വഹിക്കുകയെന്നതുമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലൂടെ നടപ്പിലാക്കേണ്ടത്. നഗരസഭയുടെ പരിധിയിലുള്ള ഭൂപ്രദേശത്തെയും അവിടുത്തെ ജനങ്ങളുടെയും അടിസ്ഥാന വികസനം ഉൾപ്പെടെയുള്ള സമഗ്ര വികസനത്തിനായി സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി ലക്ഷ്യപ്രാപ്തി കൈവരിക്കുക എന്നതാണ് വാർഷിക പദ്ധതിയുടെ ആത്യന്തികലക്ഷ്യം. തിരുവനന്തപുരം നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയതിൽ ലഭ്യമാകുന്ന പദ്ധതി വിഹിതം ഉപയോഗ്യമാക്കുന്നതിൽ ജാഗ്രത കുറവ് കാണുന്നു. പദ്ധതി ആസൂത്രണം,നടത്തിപ്പ്,കണക്കുകളുടെ കൃത്യതയും സുതാര്യതയും ഉറപ്പാക്കൽ എന്നീ മേഖലകളിലെ ജാഗ്രതാ കുറവും മറ്റ് അപാകങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ.

അംഗീകൃത പദ്ധതികൾ

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭ അംഗീകാരം നൽകിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

ആകെ അംഗീകാരം നൽകിയ പദ്ധതികൾ	നടപ്പിലാക്കിയ പദ്ധതികൾ	നടപ്പിലാക്കാത്തവ	ശതമാനം
2079	1192	887	57.33%

നഗരസഭ ആകെ 2079 പ്രോജക്ടുകളാണ് വിവിധ ഫണ്ടുകൾ വകയിരുത്തി അംഗീകാരം നൽകിയിരിക്കുന്നത്. അതിൽ 1192 പദ്ധതികൾ നടപ്പിലാക്കുകയും അതിൽ തന്നെ 305 പദ്ധതികൾ മാത്രമാണ് മുഴുവൻ തുകകളും ചെലവഴിച്ച് നടപ്പിലാക്കിയത്. സ്ഥാപനം ലഭ്യമാക്കിയ സൂചിക ചെലവ് പത്രിക പ്രകാരം വിവിധ പദ്ധതികൾക്കായി 6,07,13,31,077/- രൂപ വകയിരുത്തുകയും 2,66,30,00,676/- രൂപ (എല്ലാ ഫണ്ടുകളുമുൾപ്പെടെ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.



ആകെ 39 നിർവ്വഹണോദ്യോഗസ്ഥർക്കാണ് നഗരസഭ പദ്ധതികൾ ഏൽപ്പിച്ചു നൽകിയിരിക്കുന്നത്. ഓരോ നിർവ്വഹണോദ്യോഗസ്ഥരുടെയും പദ്ധതി/ചെലവ് എന്നിവയുടെ വിവിരം ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികൾ	നിർവ്വഹിച്ചത്	നിർവ്വഹിക്കാത്തത്	ആകെ	ചെലവ്	ചെലവ് ശതമാനം (%)
1	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	12	12	0	37256451	34123857	91.59
2	മെഡിക്കൽ ഓഫീസർ (ഹോമിയോ)	9	6	3	8905226	8176841	91.82
3	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ	1	0	1	323344	0	0
4	സെക്രട്ടറി, കോർപ്പറേഷൻ	163	57	106	1043425108	523035024	50.12
5	കൃഷി ഓഫീസർ, അസി. ഡയറക്ടർ	135	132	3	80204325	62563835	78
6	മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	17	13	4	38163273	25961572	68.62
7	ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം	20	18	2	72323427	67268595	93.01
8	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ	21	15	6	353662233	149481229	42.26
9	പട്ടികജാതി വികസന ഓഫീസർ	23	21	2	293531134	195345773	66.55

10	ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ	32	16	16	192813634	67924818	35.22
11	മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ	11	9	2	10048585	5635050	56.07
12	ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം	4	4	0	20218804	9429950	46.63
13	പ്രിൻസിപ്പാൾ, ഗവ. ഹയർസെക്കണ്ടറി സ്കൂൾ	10	4	6	11765116	4843493	41.16
14	വെറ്ററനറി സർജൻ	17	17	0	26181754	19454762	74.30
15	സീനിയർ വെറ്ററിനറി സർജൻ	1	1	0	500000	426170	85.23
16	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	22	12	10	21073245	1671624	7.93
17	മെഡിക്കൽ ഓഫീസർ (സിദ്ധ)	4	4	0	4700000	4700000	100
18	പ്രിൻസിപ്പാൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ	15	13	2	46173927	29162320	63.15
19	ഡെപ്യൂട്ടി ഡയറക്ടർ, ഫീഷറീസ്	12	9	3	49414376	21408861	43.32
20	കോർപ്പറേഷൻ എഞ്ചിനീയർ	5	2	3	145789762	4707599	3.22
21	ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ	51	47	4	228969585	157039837	68.58
22	ഡെപ്യൂട്ടി സെക്രട്ടറി	1	0	1	500000	0	0
23	അഡീഷണൽ സെക്രട്ടറി	68	30	38	167646989	54535183	32.52
24	ഹെൽത്ത് സൂപ്പർവൈസർ	71	24	47	258459579	38405377	14.85
25	അസി. എഞ്ചിനീയർ (6)	275	141	134	218042451	104625937	47.98
26	അസി. എക്സി എഞ്ചിനീയർ (5)	918	510	408	1664116580	741134808	44.53
27	എക്സി. എഞ്ചിനീയർ (3)	153	74	79	1066151168	331783375	31.11
28	മെഡിക്കൽ ഓഫീസർ, PHC/CHC	8	1	7	10971001	154786	1.41
ആകെ		2079	1192	887	6071331077	2663000676	43.86%

വകയിരുത്തിയ പദ്ധതി വിഹിതം -പകുതിയിൽ താഴെ മാത്രം ചെലവ്

വകയിരുത്തിയ പദ്ധതി തുക ചെലവു ചെയ്യുന്നതിനു നിർവഹണോദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള നിരുത്തരവാദപരമായ സമീപനം പദ്ധതി പ്രവർത്തനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യപ്രാപ്തിക്ക് വിഘാതമാകുന്നു. ആകെ വകയിരുത്തിയതിൽ 43.86% മാത്രമാണ് ചെലവ്. ഇപ്രകാരം പദ്ധതി വിഹിതം ചെലവഴിക്കാതെ പോകുന്നത് തൻവർഷത്തെ പദ്ധതി വിഹിതം പാഴായിപ്പോകുന്നതിന് കാരണമാകുന്നു. സ്പിൽ ഓവർ ആയി പദ്ധതി നടപ്പാക്കുന്നതിനു തൻവർഷ ഫണ്ട് ഉപയോഗിക്കുന്നതാണ് നിലവിലെ നിയമം. എന്നിരുന്നാലും ഏതാനും നിർവഹണോദ്യോഗസ്ഥർ പദ്ധതി തുക വിനിയോഗിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വകയിരുത്തിയ തുകയുടെ 80 ശതമാനത്തിനു മുകളിൽ ചെലവ് നടത്തിയിരിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു .

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	ചെലവ് ശതമാനം
1	മെഡിക്കൽ ഓഫീസർ (ആയുർവേദം)	91.59%
2	മെഡിക്കൽ ഓഫീസർ (ഹോമിയോ)	91.82%
3	ഡെപ്യൂട്ടി ഡയറക്ടർ ,വിദ്യാഭ്യാസം	93.01%
4	സീനിയർ വെറ്ററിനറി സർജൻ	85.23%
5	മെഡിക്കൽ ഓഫീസർ (സിദ്ധ)	100%

വകയിരുത്തിയ തുകയുടെ 20 ശതമാനത്തിൽ താഴെ ചെലവ് നടത്തിയിരിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു .

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	ചെലവ് ശതമാനം
1	മെഡിക്കൽ ഓഫീസർ PHC/CHC	1.4%
2	ഹെൽത്ത് സൂപ്പർവൈസർ	14.85%
3	കോർപ്പറേഷൻ എഞ്ചിനീയർ	3.22%
4	ഇൻടസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	7.93%

വകയിരുത്തിയ തുക ചെലവ് നടത്താത്തവരുടെ വിവരം ചുവടെ ചേർക്കുന്നു .

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	ചെലവ് ശതമാനം
1	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ	0%
2	ഡെപ്യൂട്ടി സെക്രട്ടറി	0%


പദ്ധതിവിഹിതമായി സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകകൾ യഥാവിധി വിനിയോഗിക്കുവാൻ കഴിയാതെ നഷ്ടപ്പെടുന്നത് കോർപ്പറേഷൻ ലക്ഷ്യമിട്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. ഇത്തരത്തിലുള്ള ഫണ്ട് നഷ്ടത്തിനു ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്ക് പൂർണമായും അതതു

മേഖലയിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ, മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഭരണസമിതി എന്നിവർക്കെല്ലാം ഉത്തരവാദിത്തമുണ്ട്.

പദ്ധതി വിഹിതം ചെലവഴിക്കപ്പെടുന്നില്ല .-സ്ഥാപനത്തിനു ലഭിച്ച തുക പാഴാകുന്നു

സർക്കാരിൽ നിന്നും ലഭിച്ച തുക യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുവാൻ കഴിയാത്തതിനാൽ വികസന ഫണ്ട് - ജനറൽ, എസ്.സി.പി, റ്റി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ എന്നിവ പൂർണമായും വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. സുലേഖ പത്രിക പ്രകാരമുള്ള വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	അലോട്ട്മെന്റ് തുക (സംസ്ഥാന ബജറ്റ് അനബന്ധം -4, വിവിധ ഗവ. ഉത്തരവുകൾ മുഖേന)	ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	ബാലൻസ് തുക/ ലാപ്സായ തുക
1	വികസന ഫണ്ട് (ജനറൽ)	1992621000	1557036795	435584205
2	വികസന ഫണ്ട് (എസ്.സി.പി)	407278000	257511485	149766515
3	വികസന ഫണ്ട് (ടി.എസ്.പി)	8375000	0	8375000
4	മെയിന്റനൻസ് ഫണ്ട് (റോഡ്)	271119000	250984068	20134932
5	മെയിന്റനൻസ് ഫണ്ട് (റോഡിതരം)	324219000	249020508	75198493
	ആകെ	2822866000	2314552856	508313145



മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച 2,82,28,66,000/- രൂപയിൽ 2,31,45,52,856/- രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.50,83,13,145 രൂപ ഈയിനത്തിൽ നഗരസഭ പാഴാക്കിയിട്ടുണ്ട്.

നഗരസഭ ലഭ്യമാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം ഫണ്ട് നടത്തിയ ചെലവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
1	വികസന ഫണ്ട് (ജനറൽ)	2300950536	1557036795	67.66
2	വികസന ഫണ്ട് (എസ്.സി.പി)	441724194	257511485	58.29
3	വികസന ഫണ്ട് (ടി.എസ്.പി)	14906980	0	0
4	മെയിന്റനൻസ് ഫണ്ട് (റോഡ്)	315186840	250984068	79
5	മെയിന്റനൻസ് ഫണ്ട് (റോഡിതരം)	379464828	249020508	65.62
6	കേന്ദ്രാവിഷ്കൃത ഫണ്ട്	315975318	45668262	14

7	സംസ്ഥാനാവിഷ്കൃത ഫണ്ട്	91666258	5370918	5.85
8	തനത് ഫണ്ട്	1100246490	80493988	7.31
9	മറ്റുള്ളവ	40252251	91250	0.22

മേൽ പട്ടികയിൽ നിന്നും മെയിന്റനൻസ് ഫണ്ട് റോഡ് ഫണ്ടിൽ നിന്നും മാത്രമാണ് 75% ത്തിനു മുകളിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ റ്റി.എസ്.പി ഫണ്ടിൽ 149,06,980/- രൂപ വകയിരുത്തിയതിൽ ചെലവ് വന്നിട്ടില്ല.. സ.ഉ(പി) നമ്പർ 86/22/LSGD, തീയതി.19.04.2022 ഖണ്ഡിക.3.4.1(4) പ്രകാരം പട്ടികജാതി/വർഗ്ഗ ഉപപദ്ധതി വിഹിതത്തിലെ വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ ക്യാരി ഓവറായി സർക്കാർ അനുവദിക്കുന്ന 20% കഴിച്ചുള്ള സംഖ്യ തൻവർഷത്തെ (2025-26) പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം. ഈ നിബന്ധന പ്രകാരം ഓഡിറ്റ് വർഷം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ ചെലവിലുള്ള കുറവ് വഴി സാമ്പത്തിക വർഷം (2025-26) വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും നല്കിയ തുക പരിഹാര വകയിരുത്തലായി മാറ്റി വയ്ക്കേണ്ടി വരും.

സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ യഥാവിധി വിനയോഗിക്കുവാൻ കഴിയാതെ നഷ്ടപ്പെടുന്നത് നഗരസഭയുടെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് വിഭവങ്ങളുടെ ലഭ്യത പരിഗണിച്ച് പ്രോജക്കുകൾ ആവിഷ്കരിക്കേണ്ടതാണ്.

ഫണ്ട് വിവരം രേഖപ്പെടുത്താതെ സൂക്ഷ്മ ചെലവ് പത്രിക

അഡീഷണൽ സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫണ്ട് വിവരം രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം/ പേര്	അടങ്കൽ	ചെലവ്
1	1985/നിലവിലുള്ള RRF നവീകരണം-കൺവേയർ ബൽറ്റ് സ്ഥാപിക്കൽ-5%ESPN ഉൾപ്പടെ	1107000	1100000
2	1982/നിലവിലുള്ള RRF നവീകരണം-ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ-5%ESPN ഉൾപ്പടെ	1968000	1520000
3	1981/RRF ൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ-5%ESPN ഉൾപ്പടെ	492000	492000
4	1977/MCF-തുമ്പൂർമുഴികളിൽ വേയിംഗ് മെഷീൻ സ്ഥാപിക്കൽ-5%ESPN ഉൾപ്പടെ	423736	250053
5	1983/RRF ൽ ഡിഡെസ്റ്റർ മെഷീൻ സ്ഥാപിക്കൽ-5%ESPN ഉൾപ്പടെ	399750	294750

മേഖലാടിസ്ഥാനത്തിലുള്ള ചെലവ്

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ മേഖലാടിസ്ഥാനത്തിൽ നടത്തിയ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ഉൽപാദന മേഖല		സേവന മേഖല		പശ്ചാത്തല മേഖല	
	അടങ്കൽ	ചെലവ്	അടങ്കൽ	ചെലവ്	അടങ്കൽ	ചെലവ്
വികസന ഫണ്ട്-ജനറൽ	154874131	111720875	1345387618	971000309	799773731	475596071
വികസന ഫണ്ട്-എസ്.സി.പി	8939037	849037	324841289	218147459	107943868	38514989
വികസന ഫണ്ട്-റ്റി.എസ്.പി	0	0	10583636	0	4323344	0
മെയിന്റനൻസ് ഫണ്ട്-റോഡിതരം	9164707	8301253	227243015	129973207	143057106	110746048
മെയിന്റനൻസ് ഫണ്ട്-റോഡ്	0	0	0	0	315186840	250984068

വികസന ഫണ്ട് പൊതുവിഭാഗം മേഖല ചെലവുകൾ ഉൾപാദനം, സേവനം, പശ്ചാത്തലം എന്നിവ യഥാക്രമം 72.13%, 72.17%, 59.46% വുമാണ്. എസ്.സി.പിയുടേത് യഥാക്രമം 9.49%, 67.15%, 35.68% എന്നിങ്ങനെയും റ്റി.എസ്.പി വിഭാഗത്തിൽ തുക വകയിരുത്തിയെങ്കിലും ചെലവ് നടന്നിട്ടില്ല. മെയിന്റനൻസ് ഫണ്ടിനത്തിൽ റോഡിതരത്തിൽ ആയതു യഥാക്രമം 90.57%, 57.19%, 77.41% വുമാണ്.റോഡിനത്തിൽ പശ്ചാത്തലമേഖലയിൽ 79.63% മാണ് ചെലവ് ചെയ്തിരിക്കുന്നത്.വികസന ഫണ്ട് എസ് സി പി/റ്റി എസ്.പി എന്നിവയുടെ ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടെ ബന്ധപ്പെട്ട വിഭാഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

മുൻ വർഷങ്ങളിലും ഇപ്രകാരം പാഴായ തുക സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകം വീണ്ടും ആവർത്തിക്കപ്പെടുന്നു.പദ്ധതി വിഹിതം നഗരസഭയിലെ വികസനപ്രവർത്തനങ്ങൾക്ക് പൂർണമായി വിനിയോഗിക്കപ്പെടുന്നുവെന്നും തുക പാഴാകുന്നില്ല എന്നും ഭരണസമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും മോണിറ്ററിംഗ് നടത്തേണ്ടതുണ്ട്.

1-8 ആഭ്യന്തര നിയന്ത്രണം

ഒരു തദ്ദേശസ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ശക്തമായ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. സ്ഥാപനത്തിലെ ജനപ്രതിനിധികളിലും ജീവനക്കാരിലും നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങളും ചുമതലകളും കൃത്യമായും സുതാര്യമായും നിറവേറ്റുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് സേവനവും സദ്ഭരണവും പ്രദാനം ചെയ്യുന്നതിനും അനുയോജ്യമായ രീതിയിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം രൂപീകരിക്കേണ്ടതുണ്ട്. ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിനായി നഗരസഭയുടെ എല്ലാ വിഭാഗങ്ങളും സംയുക്തമായി ഏകോപനത്തോടു കൂടി പ്രവർത്തിക്കേണ്ടത് നഗരസഭയുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമാണ്. ഇതിനായി വിവിധ സെക്ഷനുകളിലെ ഓഫീസ് തല ജോലി വിഭജനം കൃത്യമായി നടത്തേണ്ടതും, കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്. തിരുവനന്തപുരം നഗരസഭയിൽ അക്കൗണ്ട്സ്, റവന്യൂ, ഹെൽത്ത്, എഞ്ചിനീയറിംഗ് എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനമില്ലായ്മ നഗരസഭാ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. യാഥാർത്ഥ്യവുമായ പൊരുത്തപ്പെടാതെ ബജറ്റ് തയ്യാറാക്കൽ, വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലെ അപാകം, മൻകൂറുകൾ ക്രമീകരിക്കുന്നതിലെ അനാസ്ഥ, തനത് വരുമാന ശേഖരണത്തിലെ ജാഗ്രതക്കുറവ് മൂലമുള്ള ഭീമമായ കടിശ്ശിക, കടിശ്ശിക നിവാരണത്തിലെ അനാസ്ഥ, വരവ് അക്കൗണ്ടിംഗിലെ പിഴവ്, ഗുണഭോക്തൃ ലിസ്റ്റ് ആധികാരികവും സുതാര്യവുമായി തയ്യാറാക്കുന്നതിലുള്ള വീഴ്ച ആയത് നഗരസഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതിരിക്കുന്നത്, ഓഡിറ്റിന്റെ സുഗമമായ നടത്തിപ്പിന് ഫയലുകൾ, മറുപടികൾ എന്നിവ ലഭ്യമാക്കുന്നതിലെ ശ്രദ്ധക്കുറവ് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. ആയത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയായി വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനം, ബാദ്ധ്യതാ ഇനങ്ങളുടെ പ്രതീക്ഷിത വരവ് എന്നിവയും, വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. കൂടാതെ ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ച സാഹചര്യവും നിലവിലുണ്ട് (ഖ1-2). ബജറ്റ് തയ്യാറാക്കൽ, വരവ് ചെലവ് കണക്കുകളുടെ മേൽനോട്ടം വഹിക്കൽ എന്നീ അടിസ്ഥാന ചുമതലകൾ നിർവഹിക്കുന്നതിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ പതിയേണ്ടതാണ്.

2.മെയിൻ ഓഫീസിൽ നിന്നും സോണൽ ഓഫീസുകളിൽ നിന്നും 31.03.2024 ന് ക്യാഷ് വിവരങ്ങൾ കൃത്യമായി അക്കൌണ്ട് ചെയ്യാത്തതിനാൽ ഈ വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ക്യാഷ് ഓപ്പണിംഗ് ബാലൻസും (2024-25-OB-Cash) മുൻവർഷ ക്യാഷ് ബാലൻസും (2023-24-CB-Cash) തമ്മിൽ ഏകദേശം ഒരു കോടിയോളം രൂപയുടെ വ്യത്യാസമുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ നിലവിലും നഗരസഭയുടെ എല്ലാ ബാങ്ക് അക്കൌണ്ടുകളും പ്രതിഫലിക്കുന്നില്ല. വിവിധ സെക്ഷനുകൾ പുതിയ പദ്ധതികളുടെ ഭാഗമായി ബാങ്ക് അക്കൌണ്ടുകൾ ആരംഭിക്കുകയും, വിവരം കൃത്യമായി അക്കൌണ്ട് സെക്ഷനെ അറിയിക്കാതെയും വരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത അക്കൌണ്ടുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്ത സ്ഥിതിയും ഉണ്ട്.

3.സർക്കാർ ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരസഭകളിലെ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള കെ-സ്മാർട്ട് ആപ്ലിക്കേഷൻ 01/04/2024 മുതൽ നഗരസഭയിൽ പ്രവർത്തനം ആരംഭിക്കുകയും, നഗരസഭയുടെ ഭൂരിഭാഗം പ്രവർത്തനങ്ങളും കെസ്മാർട്ട് മുഖാന്തിരം നിർവ്വഹിക്കപ്പെടുന്നുവെങ്കിലും,നിലവിലും ഉദ്ദേശ ലക്ഷ്യം നേടാൻ ബഹുദൂരം മുന്നോട്ടു പോകേണ്ടതായുണ്ട്. (ഖ- 1-13, 1-18-1)

4. നികുതി നികുതിയേതര ഇനങ്ങളുടെ ശേഖരണത്തിൽ ഒട്ടേറെ അപാകങ്ങൾ നിലനില്ക്കുന്നു.(ഖ-1-16 മുതൽ 1-24 വരെ)

5.നഗരസഭയുടെ ലൈസൻസ് നേടി നിർദ്ദിഷ്ട നിരക്ക് മാത്രം ഈടാക്കി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾ നിയമാനുസൃത ലൈസൻസ് എടുക്കാതെയും ഏകീകൃത നിരക്കിലല്ലാതെയും പ്രവർത്തിക്കുന്നു.

6. പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങളിൽ അർഹരായ ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല.(ഖ- 1-87)

7. പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നിവയുടെ പരിശോധനയിൽ വികസന ഫണ്ടുകൾ ഉൾപ്പെടെ വിവിധ ഫണ്ടുകളിൽ നിന്ന് തുക വകയിരുത്തി ആസൂത്രണം ചെയ്യുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കാതെ വൻ തുക പാഴാക്കി കളയുന്നതായി കാണുന്നു.

8.റവന്യൂ,കണ്ടിജന്റ് വിഭാഗത്തിലെ ജീവനക്കാരുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് അപാകത നിലനില്ക്കുന്നു. (ഖ1-25)

9. ജീവനക്കാർ ഔദ്യോഗിക സാമ്പത്തിക ഇടപാടുകളിൽ പിൻതുടരേണ്ട നിയമ വ്യവസ്ഥകൾ പാലിക്കുന്നില്ല. മൻകൂർ തുകകൾ ക്രമീകരിക്കാതെ കൈവശം വയ്ക്കുന്നു.

10. ഓഡിറ്റ് പരിശോധനക്ക് ഫയലുകൾ ഹാജരാക്കുന്നതിൽ ഉദാസീനത നിലനില്ക്കുന്നു. സെക്രട്ടറി ഉൾപ്പെടെ വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കുന്നതിൽ വീഴ്ചയുണ്ട്.

11. നഗരസഭയിലും അനുബന്ധ സ്ഥാപനങ്ങളിലും സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള കരാർ നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൻമേൽ തുടർനടപടിൾ സ്വീകരിക്കുന്നില്ല. അപാകങ്ങൾ നിലവിലും തുടരുന്നു.

1-9 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വിവരം

ഇനം	തുക	ആകെ
മുന്നിരിപ്പ്.	55,42,735.38	55,42,735.38
പലിശ വരവ്	66,086/-	5,18,66,086
ട്രഷറി വരവ്	5,18,00,000	
ആകെ	5,74,08,821.38	5,74,08,821.38
ജീവനക്കാരുടെ ശമ്പളം	11,11,748	87,58,453.5
ബാങ്കിൽ നിന്നുള്ള ചെലവ്	43,48,549.5	
ട്രഷറിയിൽ നിന്നുള്ള ചെലവ്	32,98,156	
നീക്കിയിരിപ്പ് ട്രഷറി	1,844	1,50,367
നീക്കിയിരിപ്പ് ബാങ്ക്	1,48,523	


അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പത്രികയിലെ വിവരങ്ങളിൽ തന്നെ പൊരുത്തക്കേട് നിലനിൽക്കുന്നു. ഈ പത്രികയിലെ വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. തൻ വർഷത്തെ ആകെ റവന്യൂ ചെലവ് (അഡ്വിൻ ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവയുൾപ്പെടെ) വാർഷിക ധനകാര്യ പത്രിക I&E Schedule-I-14പ്രകാരം 6,43,86,147/- രൂപയാണ്. എന്നാൽ റവന്യൂ വരവ് ഹെഡിലെ തുക 5,55,69,374/-രൂപ മാത്രമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പത്രിക പ്രകാരം മുന്നിരിപ്പ് തുക 55,42,735.38 രൂപയാണ്. എന്നാൽ എന്നാൽ AUEGS ലെ ബാങ്ക് അക്കൗണ്ടിലെ മുന്നിരിപ്പ് തുക 33,58,164/- രൂപ മാത്രമാണ്. വ്യത്യാസം നിലനില്ക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പത്രിക പ്രകാരം നീക്കിയിരിപ്പ് തുക 1,50,367/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 1,48,523/-രൂപയാണ്. ടഷറി ബാലൻസായി സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുകയുടെ (1844/-രൂപ) വിവരങ്ങൾ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-10 സാമൂഹ്യ ക്ഷേമ പെൻഷൻ - അവലോകനം

സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കവും ആശ്രയ രഹിതരുമായ വിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള സർക്കാർ വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന പെൻഷൻ തുക സംസ്ഥാന തലത്തിൽ നിയന്ത്രിക്കുന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലൂടെ Direct Benefit Transfer (DBT) സംവിധാനത്തിലൂടെ ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റ്ഓഫീസ് അക്കൗണ്ടുകളിലേയ്ക്കും സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ടും (Direct To Home) വിതരണം ചെയ്യുന്നു. ഗുണഭോക്താക്കളെ കണ്ടെത്തൽ, അപേക്ഷ സ്വീകരിക്കൽ, അർഹത പരിശോധന, പട്ടിക പുതുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നിർവ്വഹിക്കപ്പെടുന്നു. സാമൂഹ്യക്ഷേമ പെൻഷൻ സംബന്ധിച്ച ഇടപാടുകൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് നടത്തപ്പെടുന്നത്.

വിവിധ ക്ഷേമപെൻഷൻഗുണഭോക്താക്കളുടെ എണ്ണം വർഷം തിരിച്ച്

ക്രമ നം	ക്ഷേമ പെൻഷൻ	വർഷം			2024-25 വർഷം ചെലവഴിച്ച തുക(രൂപ)
		2022-23	2023-24	2024-25	
1	കർഷക തൊഴിലാളി പെൻഷൻ	749	764	771	21186400
2	വിധവാ പെൻഷൻ	24957	25803	26515	609029100
3	വാർദ്ധക്യകാല പെൻഷൻ	48492	51810	54575	1151574900
4	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	6541	6764	6880	161934500
5	അമ്പത് വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള ധനസഹായം	1024	1043	1051	25204400



പെൻഷൻ വിതരണം സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ അർഹത ഉറപ്പാക്കൽ, മരണപ്പെട്ടവരെ പട്ടികയിൽ നിന്ന് സമയബന്ധിതമായി ഒഴിവാക്കൽ, ലഭിക്കുന്ന അപേക്ഷകളുടെ സമയബന്ധിതമായ തീർപ്പാക്കൽ തുടങ്ങിയ നടപടികൾ കാര്യക്ഷമമായി പാലിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. അനർഹമായി കൈപ്പറ്റിയ ക്ഷേമ പെൻഷൻ തുക തിരികെ ഈടാക്കിയില്ല

സർക്കാർ ജോലി ലഭ്യമായതിനു ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി വന്നിരുന്ന ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതും ടി ആളുകൾ അനർഹമായി കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ എടുക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും നഗര സഭ അറിയിച്ചിട്ടുണ്ട്.

താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ തുക തിരികെ ഒടുക്കിയിട്ടില്ല

ക്രമ നം	പേര്	പെൻഷണർ ഐഎഡി	അനർഹമായി കൈപ്പറ്റിയ തുക	റിമാർക്സ്
1	പത്മകുമാരി.കെ	101670605359	177150	18550 രൂപയും പലിശയും ഒടുക്കാൻ അവശേഷിക്കുന്നു.
2	ലതിക.എൽ	101670611953	11200	തുകയും പലിശയും അടവാക്കാൻ അവശേഷിക്കുന്നു.
3	ഷീന.എസ്	101670632628	3200	തുകയും പലിശയും അടവാക്കാൻ അവശേഷിക്കുന്നു.
4	ജോബിൻ	101670408815	8000	തുകയും പലിശയും അടവാക്കാൻ അവശേഷിക്കുന്നു.

മേൽ പറഞ്ഞ വ്യക്തികൾ അനർഹമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം അടിയന്തിരമായി തിരികെ ഈടാക്കുന്നതിന് 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലറ് നിർദ്ദേശം 4 പ്രകാരം ബന്ധപ്പെട്ട വകപ്പ് തലവന്മാരെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(Ii) മരണപ്പെട്ടവരേയും അനർഹരേയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന ഒഴിവാക്കുന്നതിന് നഗര സഭ സ്വീകരിച്ചിട്ടുള്ള നടപടികൾ

മരണപ്പെട്ടവരേയും ക്ഷേമപെൻഷന് അനർഹരായവരേയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക്(നം.280/കെ.എസ്.എ/എ.ഒ1/2025 തീയതി 27/02/2026) നഗരസഭ താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്താവ് മരണപ്പെട്ട വിവരം പെൻഷൻ വിതരണം ചെയ്യ സഹകരണ സ്ഥാപനങ്ങൾ സേവന വെബ്സൈറ്റിൽരേഖപ്പെടുത്താറുണ്ടെങ്കിലും മരണ തീയതി രേഖപ്പെടുത്താറില്ല. ആയതിനാൽ ഫീൽഡ് തല അന്വേഷണം നടത്തി മരണ തീയതി ലഭ്യമാക്കുന്ന മുറയ്ക്ക് സൈറ്റിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്യ വരുന്നത്.

ഇപ്രകാരം മരണപ്പെട്ടവരേയും പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ ഫീൽഡ് തല അന്വേഷണ ഉദ്യോഗസ്ഥർ മുഖാന്തിരവും അപേക്ഷ പ്രകാരവും ശേഖരിച്ച് പ്രസ്തുത ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കി വരുന്നു. 2024-25 കാലയളവിൽ പുനർ വിവാഹം ചെയ്ത 7 വിധവാ പെൻഷൻ ഗുണഭോക്താക്കളെയും മരണപ്പെട്ട 1265
ഗുണഭോക്താക്കളെയും ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

നോൺ പ്രയോറിറ്റി റേഷൻ കാർഡിൽ ഉൾപ്പെട്ട അനർഹരായ ഗുണഭോക്താക്കളുടെ കാര്യത്തിൽ അനർഹത റിപ്പോർട്ട് ചെയ്യുന്ന കേസുകൾ ഫീൽഡ് തല അന്വേഷണം നടത്തി ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കി വരുന്നു എന്നും നഗരസഭ അറിയിച്ചിട്ടുണ്ട്.

2023-24 വർഷം മരണപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കളുടെ മരണ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിച്ച സാമൂഹ്യ ക്ഷേമ പെൻഷൻ തിരികെ ഈടാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പെൻഷൻ എഐ.ഡി	പേര്	മേൽവിലാസം	മരണപ്പെട്ട തീയതി	പെൻഷൻ സസ്പെൻറ് ചെയ്ത തീയതി	വിതരണം ചെയ്ത തുക
1	101670408524	അബ്ദുൾ സലാം.എം	കുളംവിളാകം	13.01.2024	13.02.2025	14400(9*1600)

2	101670272824	അബ്ദുൾ സലാം.എം	കളംവിളാകം	13.01.2024	13.02.2025	5400 (9*600)
3	101670226207	കൃഷ്ണൻ കുട്ടി നായർ. ആർ	ഇരമത്ത് വീട്	15.01.2024	13.02.2025	14400(9*1600)
4	101670274722	ക്ലീറ്റസ്	പുതുവൽ പുയിടം	13.03.2024	13.02.2025	14400(9*1600)
5	101670254947	ഗോപി	സന്തോഷ് ഭവൻ	10.04.2024	12.02.2025	9600(6*1600)
6	101670268728	കെ.ആർ ഭാസി	തൃക്കാർത്തിക	12.04.2024	12.02.2025	9600(6*1600)

(Iii) സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം

സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കളുടെ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത് അന്തിമ തീരുമാനം എടുക്കേണ്ടതാണ്. അപേക്ഷയുടെ പരിശോധനയും അംഗീകാരവും സാധാരണയായി സേവന പോർട്ടൽ മുഖേനയാണ് നടത്തുന്നത്.

എന്നാൽ ഓഡിറ്റിൽ പരിശോധിച്ചതിൽ കോർപ്പറേഷനിൽ ലഭിച്ച ചില സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ 45 ദിവസത്തെ സമയ പരിധിയ്ക്കുള്ളിൽ പരിഗണിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതായി ശ്രദ്ധയിൽ പെട്ടു. ഇതുമൂലം അർഹരായ ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കുന്നതിൽ അനാവശ്യമായ കാലതാമസം സംഭവിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പെൻഷൻ ഇനം	അപേക്ഷകന്റെ പേര്	ഫയൽ നം	പെൻഷൻഐഡി	അപേക്ഷ നൽകിയ തീയതി	അപേക്ഷ തീർപ്പാക്കി സേവന പോർട്ടലിൽ അംഗീകരിച്ച് തീയതി	അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കുന്നതിനെടുത്ത ദിവസം
1	വിധവ പെൻഷൻ	അനിതകുമാരി.എസ്സ്	2682005/24	101670634927	29-11-2024	27/03/2025	119
2	,,	സുമ.എസ്	2616545/24	101670634957	20-11-2024	27/03/2025	128
3	,,	ദീപ.കെ	2807189/24	101670634990	18-12-2024	27-03-2025	100
4	,,	സുനിതകുമാരി. എസ്.ബി	2157193/24	101670635128	20-09-2024	26/05/2025	249
5	,,	രാജേശ്വരി.ജെ	300648/25	101670635224	13-02-2025	28-06-2025	135
6	,,	മേരി.എസ്	250080/25	101670635243	06-02-2025	28/06/2025	143
7	,,	രാജി.എം	190292/25	101670635237	29-01-2025	28/06/2025	151
8	,,	സുനിത.എസ്	49483/25	101670635172	08-01-2025	26/05/2025	139
9	വികലാംഗ പെൻഷൻ	ഷീല.വി	1872861/24	101670409516	08-08-2024	29/03/2025	234
10	,,	നന്ദു.എം	2857350/24	101670409522	26-12-2024	29/03/2025	94
11	,,	പ്രീതാറാണി.എസ്	2806659/24	101670409520	18-12-2024	29/03/2025	102
12	വാർദ്ധക്യകാല പെൻഷൻ	കെ.ശശി	2438530/24	101670283646	26-10-2024	28/01/2025	95
13	,,	മറിയകുട്ടി	2101194/24	101670283967	10-09-2024	19/03/2025	191
14	,,	മുരുകൻ ആശാരി.പി	2355315/24	101670284010	15-10-2024	19/03/2025	156
15	,,	ശോഭന വി	2434027/24	101670283937	25-10-2024	18/03/2025	145
16	,,	ആലീസ്	2501704/24	101670283938	04-11-2024	18/03/2025	135

ഇതിന് കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.111/കെ.എസ്.എ/ടി.വി.സി എ.ഒ1/2024-25 തീയതി 15.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06/10/2025, 17/01/2026, 03/02/2026, 23/02/2026, 06/03/2026 എന്നീ തീയതികളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ബോധ്യപ്പെട്ട ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

പരിശോധന നടത്തിയ ദിവസം	സമയം	ക്യാഷ് ചെസ്റ്റിലെ നീക്കിയിരിപ്പ്

		തുക.
06/10/2025	10.30 AM	5,55,416/-
17/01/2026	11.00 AM	10,41,524/-
03/02/2026	10.30 AM	10,51,160/-
23/02/2026	10.30 AM	12,47,690/-
06/03/2026	10.40 AM	22,40,335

1-12 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	21.01.2025	2023-24	07.07.2025
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	30.11.2024	2023-24	10.02.2025

1-13 കെസ്മാർട്ട് അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സേവനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിക്കാതെ സമയബന്ധിതമായി പൊതുജനങ്ങൾക്ക ലഭ്യമാക്കുന്നതിനായുള്ള ഓൺലൈൻ സംവിധാനമാണ് കെ-സ്മാർട്ട്. ഇത് വഴി സേവനങ്ങൾപൊതുജനങ്ങൾക്ക് വേഗത്തിലും,സുതാര്യമായും ലഭ്യമാകുന്നു. ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിനവേണ്ടി, ഇൻഫർമേഷൻ കേരള മിഷനാണ് കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റിഫർമേഷൻ ആൻഡ് ട്രാൻഫർമേഷൻ വികസിപ്പിച്ചത് . തിരുവനന്തപുരം നഗരസഭയിൽ 2024 ജനുവരി 01 മുതൽ കെ-സ്മാർട്ട് ആപ്ലിക്കേഷൻആരംഭിച്ചു. നഗരസഭയുടെ ഭൂരിഭാഗം പ്രവർത്തനങ്ങളും നിലവിൽ കെസ്മാർട്ട് മുഖാന്തിരമാണ് നിർവഹിക്കപ്പെടുന്നത്.

കെ-സ്മാർട്ടിൽ ഓഡിറ്റർ ലോഗ്-ഇൻ വഴി പരിശോധനകൾ നടത്താൻ കഴിയുന്നുണ്ട് എങ്കിലും ഇതുവഴി പൂർണമായ രീതിയിൽ പരിശോധന നിർവ്വഹിക്കുന്നതിന് നിലവിലും പരിമിതികളുണ്ട്. മുൻവർഷം പരിഹരിക്കാൻ ആവശ്യപ്പെട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകൾ നിലവിലും പൂർണമായും പരിഹരിക്കപ്പെട്ടിട്ടില്ല. വസ്തുനികുതി, പെർമിറ്റ്, ലൈസൻസ് എന്നീ വരവിനങ്ങൾക്കായി കെ-സ്മാർട്ടിൽ മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, വാടക, ലേലം, തുടങ്ങിയവയ്ക്കായുള്ള മൊഡ്യൂളുകൾ നിലവിലും തയ്യാറാക്കിയിട്ടില്ല. കെ-സ്മാർട്ട് സംബന്ധിച്ച പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ/ന്യൂനതകൾ, പരിശോധനകൾ നടത്തുന്നതിന് ഓഡിറ്റ് നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവ ഈ റിപ്പോർട്ടിൽ വാർഷിക ധനകാര്യപത്രിക, വരവ് ഇനങ്ങൾ എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് പുറമെയുള്ള പ്രസക്ത വിവരങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

- സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെ-സ്മാർട്ടിൽ ഹെഡുകൾ അനുവദിച്ചിട്ടില്ല, സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൌണ്ടും, കെ-സ്മാർട്ടിലെ ഹെഡ് ഓഫ് അക്കൌണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല തുടങ്ങിയ ന്യൂനതകൾ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും നിലവിലും അപാകം പരിഹരിച്ചിട്ടില്ല.
- രസീത് പരിശോധനയുമായി ബന്ധപ്പെട്ട് മെയിൻ ഓഫീസ്/സോണൽ ഓഫീസ് EPOS Cash Collection പരിശോധിക്കുന്നതിന് EPOS Consolidated Statement ലഭ്യമാണ്. എന്നാൽ കെ-സ്മാർട്ടിലെ Data Lock ചെയ്തിട്ടില്ലാത്തതിനാൽ EPOS Machine സംബന്ധിച്ച് പിന്നീട് വരുന്ന മാറ്റങ്ങൾ (Machine കേടാകുക, ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ മാറുക മുതലായവ) മുൻ തീയതികളിലെ ഡേറ്റയിലും മാറ്റം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
- കെസ്മാർട്ട് മുഖേനയുള്ള Cash വരവുകൾ മാത്രമെ ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തു നോക്കി ഉറപ്പു വരുത്താൻ കഴിയുന്നുള്ളൂ, UPI, Card Payment എന്നിവ ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തു നോക്കി ഉറപ്പു വരുത്താൻ കഴിയുന്നില്ല.
- പണം ഒടുക്ക് പരിശോധനയുമായി ബന്ധപ്പെട്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് കെ-സ്മാർട്ടിൽ ലഭ്യമല്ല. ബാങ്ക് അക്കൗണ്ടിൽ Bulk Posting ആയി തുക വരുന്നതിനാൽ ഇതിൽ ഉൾപ്പെട്ട വരവ് തുകകൾ ഏതൊക്കെയെന്ന് നിലവിൽ പരിശോധിക്കാൻ കഴിയുന്നില്ല
- പണം പിൻവലിക്കൽ പരിശോധനയുമായി ബന്ധപ്പെട്ട് Cheque Issue Register-ൽ നിന്നും നേരിട്ട് വൗച്ചർ അനുബന്ധ ഫയലുകൾ, ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കൽ എന്നിവ പരിശോധിക്കാനുള്ള ക്രമീകരണം കെസ്മാർട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ Cheque Issue Register പരിശോധിച്ച് വൗച്ചർ നം. കണ്ടെത്തി അത് Search ചെയ്ത് വിവരങ്ങൾ പരിശോധിക്കേണ്ടി വരുന്നു.
- നഗരസഭയുടെ വരവ് ചെലവ് അക്കൗണ്ടിംഗുകൾ, പദ്ധതി എന്നിവ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേയ്ക്ക് മാറിയ സാഹചര്യത്തിലും ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ മാനുവൽ ആയി മാത്രമാണ് ലഭിക്കുന്നത്.
- കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള ഗ്രാന്റ് വരവ്, വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ള ഗ്രാന്റ് വരവ് എന്നിവയുടെ പരിശോധനക്കായി ബന്ധപ്പെട്ട ഉത്തരവുകൾ, അക്കൗണ്ടിംഗ് വിവരങ്ങൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ കെ സ്മാർട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് വരവ് പരിശോധിക്കുന്നതിനായുള്ള എല്ലാ ഇനം ഫണ്ടും നിലവിൽ ACR മെനുവിൽ ഉൾപ്പെട്ട് കാണുന്നില്ല.
- വസ്തു നികുതി പരിശോധന - Field Collection Report, Building List Report,Building Count, Assessment Report, DCB Report, Write Off Report Ward Wise Consolidation DCB Report എന്നിങ്ങനെയുള്ള റിപ്പോർട്ടുകൾ കെ-സ്മാർട്ടിൽ ലഭ്യമാണെങ്കിലും അനധികൃത കെട്ടിടങ്ങളുടെ വിവരം, Tax Exemption നടത്തിയ കെട്ടിടങ്ങളുടെ വിവരം,Vacancy Remission, വിമുക്ത ഭടൻമാർക്കുള്ള ഇളവ്, 60ച.മീറ്ററിൽ താഴെയുള്ള കെട്ടിട ഉടമകൾക്ക് കൊടുത്ത ഇളവ്, Demolished കെട്ടിടങ്ങളുടെ വിവരം എന്നിവ ലഭിക്കുന്നില്ല. ലഭിക്കുന്ന റിപ്പോർട്ടുകളിലും പരിമിതികൾ നിലനില്ക്കുന്നു. ഉദാഹരണമായി Building List Report, Usage അനുസരിച്ച് Download ചെയ്താമെങ്കിലും കാലയളവ് നൽകാൻ കഴിയുന്നില്ല. വസ്തു നികുതി നിരക്ക്, മേഖല ഇളവ് എന്നിവ നിലവിൽ മാനുവൽ ആയി നല്കുകയാണ് ചെയ്യുന്നത്.അതിന് പകരം അവsystem Generated ആയി ലഭ്യമാകുന്ന രീതിയിലുള്ള ക്രമീകരണം വരുത്തേണ്ടതാണ്.

  വസ്തു നികുതിയുമായി ബന്ധപ്പെട്ട് കെ-സ്മാർട്ടിലെ പോരായ്മകൾ ഖണ്ഡിക 1-18ലും തുടർ ഖണ്ഡികകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
- പെർമിറ്റ് - Self Certified Permit, General Permit, Consolidated Report, Rejected Report, Regularised Construction Report-കൾ ലോഗിനിൽ ഉണ്ട്. സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാകുക, ഓരോ പെർമിറ്റ് നമ്പറിൽ നിന്നും ഫയൽ നമ്പറിൽ നിന്നും നേരിട്ട് ഫയലുകൾ

പരിശോധിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തുക, റിപ്പോർട്ടുകൾ Ward Wise/Zonal Wise/Year Wise Download ചെയ്യാൻ കഴിയുക, പെർമിറ്റ് രജിസ്റ്റർ View ചെയ്യാൻ കഴിയുക എന്നിവ ഉൾപ്പെടുത്തി ഓഡിറ്റ് പരിശോധനക്കാവശ്യമായ വിധത്തിൽ ആക്സസ് മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഖണ്ഡിക1-22ലും തുടർ ഖണ്ഡികകളിലായും ഉൾപ്പെടുത്തിയിട്ടുണ്ട്.

- ലൈസൻസ് പരിശോധനയുമായി ബന്ധപ്പെട്ട് Statitics, Licence Register എന്നിവ ലഭിക്കുന്നുണ്ട്. Renewal Pending Report -ൽ എന്നാണോ Licence Pendingആകുന്നത് അത്തരത്തിലുള്ള റിപ്പോർട്ട് ആണ് കിട്ടുന്നത്. ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ സാമ്പത്തികവർഷം തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാകുന്നില്ല.
- തൊഴിൽ നികുതി, വാടക, ലേലം എന്നിവയ്ക്ക് മൊഡ്യൂൾ നിലവിലും തയ്യാറാക്കിയിട്ടില്ല. കൂടാതെ റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് പരിശോധനക്കായി പ്രത്യേക മൊഡ്യൂൾ ക്രമീകരിച്ച് Period Wise, Zonal Wise ഫയലുകൾ ലഭ്യമാകുന്നതിനുള്ള ക്രമീകരണം ആവശ്യമാണ്
- നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവുകൾ -വെബ് സാംഖ്യ, സൂലേഖ വിവരങ്ങൾ നിലവിൽ പ്രോജക്ട് ഫയൽ, ഗുണഭോക്തൃ ലിസ്റ്റ്, വിവിധ രജിസ്റ്ററുകൾ എന്നിവ ഉൾപ്പെടുത്തണം. ഗുണഭോക്തൃ ലിസ്റ്റ് ഓൺലൈൻ ആക്കണം

നിലവിൽ Expenditure Head -കളിലെ Detailed Ledger പരിശോധന സാധ്യമല്ല.

കെസ്മാർട്ടിലെ പരിമിതികൾ ഐകെഎം തലത്തിൽ പൂർണ്ണമായും പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും, ഓഡിറ്റിന് ആവശ്യമായ റിപ്പോർട്ടുകളും മറ്റ വിവരങ്ങളും ലഭിക്കും വിധം ആക്സസ് നല്കി, ഫയലുകളും ധനകാര്യ ഇടപാടുകളും സമഗ്രമായും ക്രമപ്രകാരവും ഓഡിറ്റ് നിർവ്വഹിക്കുന്നതിനതകുന്നതുമായ സജ്ജീകരണം കെ-സ്മാർട്ട് ഓഡിറ്റർ ലോഗിനിൽ ഉറപ്പാക്കുന്നതിനുമുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതും അനിവാര്യമാണ്.

1-14 Cash-In-Hand തുകയിൽ വ്യത്യാസം - നഗരസഭയുടെ അക്കൗണ്ടിംഗ് നടപടിക്രമങ്ങളിൽ കൃത്യതയോ സുതാര്യതയോ ഇല്ല.

2023-24 വാർഷിക വരവ് ചെലവ് പത്രിക പ്രകാരം Closing Balance Cash In Hand ആയി രേഖപ്പെടുത്തിയിരിക്കുന്നത് 50,16,226/- രൂപയാണെന്നിരിക്കെ 2024-25 വാർഷിക വരവ് ചെലവ് പത്രിക പ്രകാരം Cash In Hand (Opening Balance) ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,50,04,647/-രൂപയാണ്. തുകകളിലെ വ്യത്യാസത്തിന് കാരണം അന്വേഷിച്ച നൽകിയ കത്തിന് (കെ.എസ്.എ.698/ടിവിസി.9/2025, തീയതി.23.12.2025) ലഭിച്ച മറുപടി പ്രകാരം 2023-24 കാലയളവിലെ ജനുവരി മുതൽ മാർച്ച് വരെയുള്ള ഡേറ്റാ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്താണ് റിക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടുള്ളതെന്നും ഇത് മുഖേനയാണ് സാംഖ്യയിൽ Cash Balance ചെയ്തിരുന്നതെന്നും ആദ്യ മാസങ്ങളിൽ EPOS Machine ഉപയോഗിച്ച് കളക്ഷൻ ചെയ്യുന്ന തുകയുടെ റിപ്പോർട്ടുകൾ കെസ്മാർട്ട് വഴി ജനറേറ്റ് ചെയ്യാൻ കഴിഞ്ഞിരുന്നില്ല എന്നും അറിയിച്ചു. കൂടാതെ Closing Balance 50,16,226/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 2024 ഏപ്രിൽ മാസത്തിൽ Negative ബാലൻസ് കാണിക്കുകയും തുടർന്നുള്ള പരിശോധനയിൽ Closing Balance 1,50,04,647/- രൂപയാണെന്ന് കണ്ടെത്തുകയും സെക്രട്ടറിയുടെ 6448729/2025 ഉത്തരവ് പ്രകാരം 9988421/- രൂപ കൂടി Cash Opening Balance Correction വഴി ചേർത്ത് Opening Balance 1,50,04,647/- രൂപയായി Correct ചെയ്യുകയും ചെയ്തു എന്നും വിശദീകരണം നൽകി. മേൽപ്പറഞ്ഞ സംഗതികളുടെ വസ്തുത ഉറപ്പ് വരുത്തുന്നതിനായി കെസ്മാർട്ടിൽ നിന്നും സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്ത വിവരങ്ങളുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 206/കെ.എസ്.എ/ടിവിസി.2/2025, തീയതി.24.01.2026)മറുപടി ലഭ്യമാക്കിയിട്ടില്ല.ഇപ്രകാരം കൃത്യതയോ സുതാര്യതയോ ഇല്ലാതെ വാർഷിക കണക്കുകളിൽ മാറ്റം വരുത്തുന്നത് അക്കൗണ്ടിംഗിലെ അപാകം എന്നതിലുപരി സാമ്പത്തിക അച്ചടക്കമില്ലായ്മയിലേയ്ക്കും വഴിതെളിക്കും എന്ന കൂടി ഓഡിറ്റ് വിലയിരുത്തുന്നു.

എന്നാൽ ഓപ്പണിംഗ് ബാലൻസിൽ നിലവിലും വ്യത്യാസം നിലനിൽക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ കാണുന്നു. കെസ്മാർട്ടിലെ EPOS Cash Collection, Front Office Counter Cash Collection എന്നിവയുടെ പരിശോധനയിൽ 01.04.2024-ലെ Opening Balance (Cash In Hand) 1,51,34,689/- രൂപയാണെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.എ.698/ടിവിസി.9/2025, തീയതി.23.12.2025 എന്ന കത്തിന് ലഭിച്ച മറുപടി പ്രകാരം മാർച്ച് 30, 31 തീയതികളിൽ വിവിധ സോണലുകളിൽ വരവ് വന്ന തുകയും അടവാക്കിയ തുകയും പരിശോധിച്ചതിൽ തിരുവല്ലം, കഴക്കൂട്ടം, വിഴിഞ്ഞം, കടപ്പനക്കുന്ന് സോണലുകളിൽ നിന്നുമായി ആകെ 1,30,042/- രൂപ ഉൾപ്പെടുത്താതെയാണ് Cash In Hand കണക്കാക്കിയിരിക്കുന്നത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 206/കെ.എസ്.എ/ടിവിസി.2/2025, തീയതി.24.01.2026) ടി വ്യത്യാസം തുക മാന്വലായി കണക്കുകൂട്ടി എടുത്തപ്പോൾ ഉണ്ടായ വ്യത്യസമാണെന്നും കെസ്മാർട്ടിലെ റിപ്പോർട്ടുകൾ പലപ്പോഴും മാറി മാറി വരുന്നതും കെസ്മാർട്ടിന്റെ പ്രാരംഭ ഘട്ടത്തിൽ ജീവനക്കാരുടെ പരിചയക്കുറവുമാണ് ഈ വ്യത്യാസത്തിന് കാരണമായിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. കൂടാതെ EPOS കളക്ഷൻ വഴി വരുന്ന ക്യാഷ് രസീത് ആകുകയും ആയത് ബാങ്കിൽ റെമിറ്റൻസ് ആകുന്നതുവരെയുള്ള കാലയളവിൽ Cash In Hand ആകാതിരിക്കുന്നതിനുള്ള സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-14-1 ഇപോസ് ക്യാഷ് ഇനത്തിലെ വരവ്,ഒടുക്ക് എന്നിവ സംബന്ധിച്ച മറ്റ് അപാകതകൾ

1.ഫോർട്ട് സോണൽ

കെസ്മാർട്ട് - ഇപോസ് കൺസോളിഡേറ്റഡ് റിപ്പോർട്ടിലെ ക്യാഷ് ഇനത്തിലെ വരവ് തുകയും സ്ഥാപനം ബാങ്കിൽ ഒടുക്കിയ തുകയും പൊരുത്തപ്പെടുന്നില്ല.

ഫോർട്ട് സോണലിലെ 2024-25 കാലയളവിലെ കെസ്മാർട്ട് ഇപോസ് കൺസോളിഡേറ്റഡ് റിപ്പോർട്ടിലെ ക്യാഷ് ഇനത്തിലെ വരവ്, ഇപോസ് ക്യാഷ് കളക്ഷൻ രജിസ്റ്റർ, ബാങ്ക് അക്കൗണ്ടിലെ ഒടുക്ക് എന്നിവ പരിശോധിച്ചതിൽ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ ഒടുക്കും പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തീയതി	ഇപോസ് കൺസോളിഡേറ്റഡ് റിപ്പോർട്ടിലെ ക്യാഷ് വരവ്	ബാങ്ക് അക്കൗണ്ടിലെ ക്യാഷ് ഒടുക്ക്	വ്യത്യാസം	
				കുറവ്	കൂടുതൽ
1	01.04.2024 - 16.04.2024	14379	12563	1816	
2	06.06.2024	31204	42785		11581
3	07.06.2024	12976	12530	446	
4	03.01.2025	55694	60913		5219
5	01.03.2025	226557	230931		4374
6	03.03.2025	130802	162067		31265
7	04.03.2025	84521	175904		91383

8	05.03.2025	165191	228582		63391
9	06.03.2025	198020	364107		166087
10	10.03.2025	859003	1321984		462981
11	27.03.2025	709767	724891		15124
12	28.03.2025	1039636	1052093		12457
13	29.03.2025	965752	1086262		120510
14	30.03.2025	331481	406170		74689
15	31.03.2025	149490	151685		2195

മേൽ പരാമർശിച്ചവയിൽ 27.03.2025 മുതൽ 31.03.2025 വരെയുള്ള ഇപോസ് റിപ്പോർട്ടിൽ ശ്രീ. സന്തോഷ് കുമാർ.ജി.ഒ, എന്ന ജീവനക്കാരൻ പിരിച്ച തുകകൾ ഉൾപ്പെട്ടിട്ടില്ലെന്ന് വിശദമായ പരിശോധനയിൽ കാണുന്നു. ടിയാൻ ഈ കാലയളവിൽ ഉപയോഗിച്ച് വന്ന 12000123244693 എന്ന EPOS Device കേടായതിനെ തുടർന്ന് 24.09.2025-ൽ മടക്കി നൽകുകയും പുതിയ Device (നം. 12000123240763) കൈപ്പറ്റുകയും ചെയ്തതായി മെയിൻ ഓഫീസിലെ EPOS വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു.

12000123244693 എന്ന EPOS Device പ്രകാരം മേൽ തീയതികളിൽ പിരിച്ചെടുത്ത തുകകൾ സ്റ്റേറ്റ്മെന്റ് പ്രകാരം ഫോർട്ട് സോണലിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപോസ് കൺസോളിഡേറ്റഡ് റിപ്പോർട്ടിലെ 'Device Name' എന്ന ഭാഗത്താണ് സോണലിന്റെ പേര് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മേൽ പരാമർശിച്ച Device പ്രകാരമുള്ള വരവിൽ Employee Name രേഖപ്പെടുത്തിയിട്ടില്ല. Device Name – 'Complaint' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത്തരത്തിൽ കെസ്മാർട്ടിൽ ഒരു തീയതിയിൽ വരുത്തുന്ന മാറ്റങ്ങൾ മുൻ തീയതികളിലെ ഡേറ്റായിലും പ്രതിഫലിക്കുന്നതായി കാണുന്നു.

മേൽ അപാകത സംബന്ധിച്ച് നൽകിയ 09.01.2026 ലെ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/കെ.എസ്.എ/ZO-FT/2024-25) ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക പ്രശ്നം പരിഹരിക്കാൻ ഐകെഎം ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

വരവ് തുകകളുടെ കൃത്യമായ അക്കൗണ്ടിംഗിനെ ബാധിക്കുന്ന കെസ്മാർട്ടിലെ പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടി നഗരസഭ ഐകെഎം മുഖേന സ്വീകരിക്കേണ്ടതാണ്.

2.തിരുവല്ലം സോണൽ

E Pos ക്യാഷ് കളക്ഷൻ പരിശോധന

2024-25സാമ്പത്തിക വർഷത്തെ E-Pos Cash Remittance ന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി കെ സ്മാർട്ടിൽ നിന്നുള്ള Daily E-Pos Consolidation Statement, സ്ഥാപനത്തിന്റെ E-Pos Cash Remittence വിവരങ്ങൾ സൂക്ഷിച്ചിട്ടുള്ള Cash Register(Cash Remittance -Pay In Slip Register) എന്നിവയിലെ വിവരങ്ങൾ ഒത്തുനോക്കി പരിശോധിച്ചതിൽ ചില ദിവസങ്ങളിലെ E-Pos Cash Collection സംബന്ധിച്ച വിവരങ്ങൾ കെസ്മാർട്ടിൽ നിന്നുള്ള E-Pos Consolidation Statement ലെതിൽ നിന്നും വ്യത്യാസപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള അപാകങ്ങൾ വരവിന്റെ ശരിയായ അക്കൌണ്ടിംഗിനെ ബാധിക്കുന്നു.
അപാകങ്ങൾ സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	തീയതി	E-Pos Consolidation Statementപ്രകാരമുള്ളcashcollection	സ്ഥാപനത്തിന്റെ രജിസ്റ്റർ പ്രകാരമുള്ള വരവ്	റിമാർക്സ്
1	8.4.2024	7374	8546	വീണ.വി.എസ് എന്ന BCയുടെ തുക മാത്രമാണ് K Smart Consolidation ൽ ഉൾപ്പെട്ടിട്ടുള്ളത്. രോഷ്ണി.ബി.ആർ എന്ന BCയുടെ പേരിലുള്ള 1172 രൂപ K Smart Consolidation ൽ, G49136 പെൻ നമ്പരായുള്ള ആര്യ.എസ്.ആർ എന്ന BC കഴക്കൂട്ടം സോണൽ ചന്തവിള വാർഡിലേക്ക് നടത്തിയ കളക്ഷൻ ആയിട്ടാണ് രേഖപ്പെടുത്തൽ വന്നിട്ടുള്ളത്. രോഷ്ണി.ബി.ആർ എന്ന BC യുടെ പേര് വിവരങ്ങൾ പ്രസ്തുത ദിവസം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട വന്നിട്ടില്ല.
2	17.4.2024	17343	30858	വീണ.വി.എസ് എന്ന BCയുടെ പേരിലുള്ള 17343 രൂപയും രോഷ്ണി.ബി.ആർ എന്ന BC യുടെ പേരിലുള്ള 13515രൂപയും ചേർത്ത് ആകെ 30858രൂപ ബാങ്കിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ K Smart Epos Consolidation ൽ വീണ.വി.എസ് ന്റെ 17343രൂപ മാത്രമാണ് ഉൾപ്പെട്ട് വന്നിട്ടുള്ളത്. രോഷ്ണി.ബി.ആർ എന്ന BCയുടെ പേരിലുള്ള 13515രൂപ അന്നേ ദിവസം G49136 പെൻ നമ്പരായുള്ള ആര്യ.എസ്.ആർ (Device Id-12000123241998) എന്ന BCയുടെ കളക്ഷൻ ആയിട്ടാണ് രേഖപ്പെടുത്തൽ വന്നിട്ടുള്ളത്.

3	20.4.2024	3351	Nil	12000123243469 നം Device ഉപയോഗിച്ച് G49370 പെൻ നമ്പരിലുള്ള സുമ.ഐ എന്ന BC 3351 രൂപ തിരുവല്ലം സോണലിന് വേണ്ടി ക്യാഷ് കളക്ഷൻ നടത്തിയതായി കെ സ്മാർട്ട് സ്റ്റേറ്റ് മെന്റിൽ കാണുന്നു. സോണൽ കാര്യാലയത്തിന്റെ രേഖകൾ പ്രകാരം അന്നേ ദിവസം E-Posക്യാഷ് കളക്ഷൻ ഇല്ല. 3351 എന്ന തുകയുടെ അടവ് വിവരം പരിശോധിക്കാനായിട്ടില്ല.
4	30.4.2024	12125	5520	വീണ.വി.എസ് BCയുടെ E Pos Cash Collection തുകയായ 5520 രൂപ ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തി ബാങ്കിൽ അടവാക്കിയിട്ടുണ്ട്. കെ സ്മാർട്ട് പ്രകാരം സുമ.ഐ എന്ന BC 6605 രൂപ പ തിരുവല്ലം സോണലിന് വേണ്ടി ക്യാഷ് കളക്ഷൻ നടത്തിയതായി കാണുന്നു

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/കെ.എസ്.എ/2024-25തീയതി.13.01.2026) ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിക്കാൻ നഗരസഭ ഐകെഎം മുഖേന നടപടി സ്വീകരിക്കേണ്ടതാണ്.

1-15 പണമാകാത്ത ചെക്കുകൾ, ഡിഡികൾ 91,39,949/- രൂപ നഗരസഭാ ഫണ്ടിൽ വരവ് വന്നില്ല

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസിൽ 01.04.2024 മുതൽ 31.08.2025 വരെ നികുതി നികുതിയേതര ഇനങ്ങളിലെ വരവ് സംബന്ധിച്ച് കെസ്മാർട്ട് ചെക്ക്/ഡിഡി റിസീവ്ഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 91,39,949/- രൂപ മൂല്യമുള്ള ചെക്കുകൾ/ഡിഡികൾ നഗരസഭയുടെ SBI സേവിംഗ്സ്/കറന്റ്/SIB എന്നീ മൂന്ന് ബാങ്ക് അക്കൗണ്ടുകളിലും വരവ് വന്നതായി കാണുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

1-15-1 രസീത് പ്രകാരമുള്ള തുകയും ചെക്ക് പ്രകാരം അക്കൗണ്ടിൽ വന്ന തുകയും തമ്മിൽ വ്യത്യാസം

ഏതാനും രസീതുകൾ പ്രകാരമുള്ള തുകയും ചെക്ക് പ്രകാരം അക്കൗണ്ടിൽ വരവ് വന്ന തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 261/കെ.എസ്.എ/ടിവിസി.2/2025, തീയതി 19.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും സ്ഥാപനത്തിന് ലഭ്യമാകേണ്ട തുക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.വിശദാംശങ്ങൾക്ക് അനുബന്ധം-3(2) കാണുക.

1-16 വിനോദ നികുതി വരവ് - മാളുകൾ, മറ്റ് വിനോദ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നില്ല – നഗരസഭാ ഫണ്ടിന് നഷ്ടം.

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ആക്ടിലെ സെക്ഷൻ 3, സർക്കാരിന്റെ 31.01.2024ലെ സ ഉ (കൈ) നം 17/2024/ത സ്വ ഭ വ ഉത്തരവ് പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന് മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. തൻവർഷത്തെ വിനോദ നികുതി ശേഖരണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (എൻക്വയറി നം 231/കെ എസ് എ /ടി വി സി 10/2025 തീയതി 03.01.2026) മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നം	ഇനം	തുക
1	വാർഷിക ധനകാര്യ പത്രിക RP ഷെഡ്യൂൾ, ഹെഡ്കോഡ് 1108004 പ്രകാരമുള്ള വരവ്	7,22,24,717/- രൂപ
2	നഗരസഭാ പരിധിയിലുള്ള സിനിമ തീയേറ്ററുകളിലെ ടിക്കറ്റിന്മേലുള്ള നികുതിയിനത്തിലെ വരവ്	5,70,49,255/- രൂപ
3	നഗരസഭാ പരിധിയിൽ പ്രവേശന ഫീസീടാക്കി നടത്തിയ എക്സിബിഷൻ , സർക്കസ്, മേളകൾ മറ്റു പരിപാടികൾ എന്നിവയിൽ നിന്നുള്ള വരവ്	3,29,068 /-രൂപ

2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം 7,22,24,717 രൂപ വിനോദനികുതിയിനത്തിൽ വരവ് വന്നിട്ടുണ്ടെങ്കിലും 5,73,78,323 രൂപയുടെ വിശദാംശങ്ങൾ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ബാക്കി 1,48,46,394 രൂപയുടെ വരവിന്റെ സ്രോതസ്സ് ലഭ്യമാക്കിയിട്ടില്ല.

മാളുകൾ മറ്റ് വിനോദ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.

31.01.2024ലെ സ ഉ (കൈ) നം 17/2024/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഉൾപ്പെടുന്ന മാളുകളിൽ പ്രവർത്തിക്കുന്ന വിനോദ കേന്ദ്രങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ തുക അടവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലുലു മാളിൽ പ്രവർത്തിക്കുന്ന Funtura എന്ന സ്ഥാപനത്തിൽ ഗെയിംസ് നടക്കുന്നതുമായി ബന്ധപ്പെട്ട് WP(C)33260/2024 എന്ന കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണെന്നും നിലവിൽ മറ്റ് മാളുകളിലെ ഗെയിംഷോകൾ ഒന്നും തന്നെ റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

എന്നാൽ തിരുവനന്തപുരം നഗരസഭ പരിധിയിൽ അനേകം വിനോദകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ഗെയിമിംഗ് സെന്ററുകൾ ഇൻഡോർ കളിസ്ഥലങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ വിവരം
1	Playaza, Mall Of Travancore
2	Magic Planet
3	Akkulam Tourist Village
4	Pitter Patter Kids Fun Center
5	Wello Kids, RJ's Tiny Town
6	Trident Gaming Lounge
7	Sector 7
8	Arcadex

കൂടാതെ കേരള സർക്കാർ സംഘടിപ്പിക്കുന്ന വസന്തോത്സവം, ഓണം ക്രിസ്മസ് വാരാഘോഷങ്ങൾ തുടങ്ങിയ സാംസ്കാരിക പരിപാടികൾ ഒഴികെയുള്ള പ്രദർശനങ്ങൾക്കും പുഷ്പമേളകൾക്കും IFFK, സ്വകാര്യ ഏജൻസികൾ നടത്തുന്ന വിപണന മേളകൾ എന്നിവയ്ക്കും പ്രവേശന ഫീസ് ഈടാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പരിപാടികൾ എല്ലാം തന്നെ നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ റവന്യൂ ഇൻസ്പെക്ടർ നൽകേണ്ടതും ഈ സ്ഥലങ്ങളിൽ ഈടാക്കുന്ന ഫീസിന്റെ അടിസ്ഥാനത്തിൽ വിനോദനികുതി ഏർപ്പെടുത്തേണ്ടതുമാണ്. ഇതുവഴി നഗരസഭയുടെ വരുമാനം വർധിപ്പിക്കാവുന്നതും നിയമാനുസൃത ലൈസൻസ് നൽകി പരാമർശിത സ്ഥാപനങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

തിരുവനന്തപുരം നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ 10/കെ.എസ്.എ/ടിവിസി.6/2024 നമ്പർ എൻക്വയറി പരാമർശിച്ച് ലുലു ഇന്റർനാഷണലിന് ഡിമാന്റ് നോട്ടീസ് നൽകിയതിനെ തുടർന്ന് ടി സ്ഥാപനം ബഹു.ഹൈക്കോടതിയിൽ WPC 33260/2024 നം കേസ് ഫയൽ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിലും നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് വിനോദ കേന്ദ്രങ്ങൾ പരിശോധിക്കുകയോ വിനോദ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല എന്നത് റവന്യൂ വിഭാഗത്തിന്റെ കറ്റകരമായ അനാസ്ഥയായി വിലയിരുത്തുന്നു. മേൽ പരാമർശിച്ചതുൾപ്പെടെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വിനോദ കേന്ദ്രങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കേണ്ടതും നഗരസഭയുടെ ലൈസൻസ് ഇല്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-17 നഗരസഭയുടെ ലൈസൻസ് എടുക്കാതെയും അമിത നിരക്കിൽ പാർക്കിംഗ് ഫീസ് ഈടാക്കിയും സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നു - അടിയന്തിര നടപടി അനിവാര്യം

ഫയൽ നം - ആർ11/90967/18

ഓഡിറ്റ് എൻക്വയറി നം.250/കെ. എസ്.എ/എ.ഒ1/2025തീയതി 13.02.2026

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 475 പ്രകാരം നഗരസഭയിൽ നിന്നുള്ള ലൈസൻസ് കൂടാതെ ഒരു പുതിയ വണ്ടിത്താവളം തുറക്കുകയോ സ്വകാര്യ വണ്ടിത്താവളം തുറന്നു വയ്ക്കുന്നത് തുടരുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

എന്നാൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന Pay&Parking കേന്ദ്രങ്ങളും സ്വകാര്യവണ്ടിത്താവളങ്ങളും നഗരസഭയിൽ നിന്ന് ഇപ്രകാരമുള്ള ലൈസൻസ് എടുക്കാതെയും പൊതു ജനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീസ് ഈടാക്കിയുമാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. ഇതിനു പുറമെ, പാർക്കിംഗ് നിരക്കുകൾ കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ളതോ അംഗീകരിച്ചതോ ആണോ എന്ന് പരിശോധിച്ചപ്പോൾ ചില സ്ഥലങ്ങളിൽ അനിയന്ത്രിതവും അമിതവുമായ നിരക്കുകൾ ഈടാക്കുന്നതായും കണ്ടെത്തി. ഇത് പൊതു ജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതോടൊപ്പം കോർപ്പറേഷന്റെ വരുമാന നഷ്ടത്തിനും കാരണമാകുന്നതാണ്.

1. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന വണ്ടിത്താവളങ്ങൾ

നഗരസഭ ലഭ്യമാക്കിയ ഫയൽ പ്രകാരം 2024-25 വർഷം നിയമാനുസൃത ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതായി കണ്ടെത്തിയ വണ്ടിത്താവളങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വ്യക്തി/സ്ഥാപനം
1	ശ്രീ.ജഗന്നാഥൻ, P.S പാർക്ക്, ലോറി പാർക്കിംഗ് , അട്ടക്കുളങ്ങര ബൈപാസ്, മണക്കാട് പി.ഒ,തിരുവനന്തപുരം
2	മാൾ ഓഫ് ട്രാവൻകൂർ
3	ശ്രീ.സജീവ്, Sks നിലയം, പറമ്പിൽ പറ, മുട്ടത്തറ, വള്ളക്കാട് പി.ഒ
4	ആർടെക്ക് മാൾ, പാറ്റൂർ

5	ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ, തിരുവനന്തപുരം

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ വ്യവസ്ഥകൾ പ്രകാരം പൊതുജനങ്ങളിൽ നിന്ന് ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന വ്യാപാര/സേവന പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ നഗരസഭയുടെ മുൻകൂർ ലൈസൻസ് നിർബന്ധമായും വാങ്ങേണ്ടതാണ്. ലൈസൻസ് ഉല്ലാതെ പ്രവർത്തിക്കുന്നത് നിയമ ലംഘനമാണ്.

നഗരസഭയിലെ വണ്ടിത്താവളങ്ങളുടെ ലൈസൻസ് ഫീ ഈടാക്കുന്ന രജിസ്റ്റർ , അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചതിന്മേലുള്ള വിവരങ്ങൾ അനുസരിച്ച് നഗരസഭാ പരിധിയിലുള്ള സ്വകാര്യ വണ്ടിത്താവളങ്ങളിൽ അനധികൃതമായി വൻതോതിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നുവെന്ന പൊതുജനങ്ങളുടെ പരാതിയെ തുടർന്ന് സ്വകാര്യ വണ്ടിത്താവളങ്ങൾ നിയമ വിധേയമാക്കുന്നതിന് 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 567 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് തയ്യാറാക്കിയ ബൈലോ 11/07/2018ലെ കൗൺസിൽ തീരുമാനപ്രകാരം നം.3(F)2 പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. തുടർന്ന് നഗരസഭാ പരിധിയിലുള്ള ഷോപ്പിംഗ് മാളുകൾ, ഹോസ്പിറ്റലുകൾ, സ്വകാര്യ വ്യക്തികൾ നടത്തുന്ന പാർക്കിംഗ് ഏര്യകൾ, സ്വകാര്യ ഓട്ടോണമസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ റവന്യൂ ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15/11/2018ൽ ഇപ്രകാരമുള്ള 10 സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് കുടിശ്ശിക (2014-15 മുതൽ 2018-19 വരെയുള്ള) പിഴ സഹിതം ഒടുക്കാത്ത പക്ഷം വണ്ടിത്താവളം അടച്ചു പൂട്ടുന്നതിന് നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന നോട്ടീസ് നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ പിന്നീട് തുടർ നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ രേഖയില്ല. 2022-23 വർഷവും ഇപ്രകാരം നോട്ടീസ് നൽകിയത് ഒഴിച്ച് മറ്റ് നിയമനടപടിൾ ഒന്നും തന്നെ നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല.

നഗരസഭാ പരിധിയിലെ വണ്ടിത്താവളങ്ങളുടെ ലൈസൻസ് സംബന്ധിച്ച് പരിശോധിച്ചതിൽ ലഭ്യമായ രേഖകൾ പ്രകാരം 2022-23 വർഷം 3 വണ്ടിത്താവളങ്ങളും 2023-24 വർഷം 1 വണ്ടിത്താവളവും ലൈസൻസ് പുതുക്കിയിട്ടുള്ളതായി കാണുന്നു. 2024-25 വർഷം ഒരു സ്വകാര്യ വണ്ടിത്താവളത്തിന് പുതുതായി ലൈസൻസ് നൽകിയിട്ടുള്ളതായും ലൈസൻസില്ലാതെ പ്രവർത്തിച്ച മറ്റ് വണ്ടിത്താവളങ്ങൾക്കെതിരെ യാതൊരു നിയമ നടപടിയും നഗര സഭ സ്വീകരിച്ചിട്ടില്ലാത്തതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.250/കെ.എസ്.എ/എ.ഒ1/2025 തീയതി 13.02.2026) മറുപടിയായി അറിയിച്ചിട്ടുണ്ട്.

2. സ്വകാര്യ വണ്ടിത്താവളങ്ങൾ ലൈസൻസ് പുതുക്കാതെ തുടരുന്നു.

നഗരസഭ കൗൺസിൽ തീരുമാനം നം. 3(എ) 6, തീയതി.14.09.2023 ഖണ്ഡിക 4.2 പ്രകാരം വണ്ടിത്താവള ലൈസൻസിന്റെ കാലാവധി ഒരു സാമ്പത്തിക വർഷം ആയിരിക്കും. ഓരോ വർഷവും മുൻകൂറായി അപേക്ഷയും ലൈസൻസ് ഫീസും നഗരസഭയിൽ സമർപ്പിച്ച് ലൈസൻസ് പുതുക്കേണ്ടതാണ്. എന്നാൽ വണ്ടിത്താവളങ്ങളുടെ നഗരസഭ രജിസ്റ്റർ പ്രകാരം 2022-23 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ള/അപേക്ഷിച്ചിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് പുതുക്കാതെ തന്നെ വ്യാപാരം തുടർന്നിട്ടുള്ളതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ

ക്രമ നം.	ലൈസൻസിയുടെ പേര്	വർഷം		
		2022-23	2023-24	2024-25
1	എം.പി.അഹമ്മദ്, മാൾ ഓഫ് ട്രാവൻകൂർ	ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിച്ചിട്ടും ലൈസൻസ് അനുവദിച്ചിട്ടില്ല	ലൈസൻസ് പുതുക്കിയിട്ടില്ല	ലൈസൻസ് പുതുക്കിയിട്ടില്ല
2	ആശിഷ് ശിവൻ, കോവളം റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്	ലൈസൻസ് പുതുക്കിയിട്ടുണ്ട്	അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കി നൽകിയിട്ടില്ല	ലൈസൻസ് പുതുക്കിയിട്ടില്ല
3	ജോജു മാത്യു & വിജയകുമാർ , Nr. വൈകുണ്ഠം കല്യാണമണ്ഡപം	അപേക്ഷ സമർപ്പിച്ചിട്ടുണ്ട്, ലൈസൻസ് അനുവദിച്ചിട്ടില്ല	ലൈസൻസ് പുതുക്കി നൽകിയിട്ടില്ല	ലൈസൻസ് പുതുക്കിയിട്ടില്ല

മേൽപ്പറഞ്ഞ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വണ്ടിത്താവളങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടും പുതുക്കി നൽകുന്നതിന് നടപടിയെടുക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിന് എൻക്വയറി (നം.307/കെ.എസ്.എ/എ.ഒ.I/2025, തീയതി.07.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

3. മാളുകൾ അംഗീകൃത നിരക്കിൽ നിന്നും അധികമായി ഫീസ് ഈടാക്കുന്നു. 11.07.2018 ലെ നഗരസഭാ കൗൺസിൽ തീരുമാനം നം.3(എഫ്) പ്രകാരം അംഗീകരിച്ച ബൈലോ പരിഷ്കരിക്കുന്ന ഭേദഗതി ബൈലോ, 14.09.2023 ലെ നഗരസഭാ കൗൺസിൽ തീരുമാനം നം. 3(എ)6 പ്രകാരം അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടിയ്ക്കായി സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത കൗൺസിൽ തീരുമാനം നം.3(എ)6-1.1 പ്രകാരം കെട്ടിട സമുച്ചയത്തോട് ചേർന്ന് KMBR പ്രകാരം അനിവാര്യമായി ഉണ്ടായിരിക്കേണ്ട പാർക്കിംഗ് ഏര്യ വണ്ടിത്താവളം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല എന്നും 3.3 പ്രകാരം വണ്ടിത്താവളങ്ങൾ ആരംഭിക്കുന്നത് ഏതെങ്കിലും കെട്ടിട സമുച്ചയത്തോട് ചേർന്നാണെങ്കിൽ ബിൽഡിംഗ് റൂൾസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പാർക്കിംഗ് ഏര്യ പ്രത്യേകം വേർതിരിക്കേണ്ടതും ഇങ്ങനെ വേർതിരിക്കേണ്ട സ്ഥലം ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം പാർക്കിംഗ് ഏര്യയ്ക്ക് വാഹന പാർക്കിംഗിന് ഫീസ് ഈടാക്കാൻ വ്യവസ്ഥയില്ല. എന്നാൽ തിരുവനന്തപുരം നഗരത്തിലെ പ്രമുഖ മാളുകളായ ലുലു ഇന്റർനാഷണൽ മാൾ, മാൾ ഓഫ് ട്രാവൻകൂർ എന്നിവയോട് ചേർന്നുള്ളതും കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങളുടെ ഭാഗമായി നിയമപരമായി നിലനിർത്തിയിട്ടുള്ളതുമായ പാർക്കിംഗ് സ്ഥലങ്ങളിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കുന്നതായാണ് കാണുന്നത്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഇത്തരം പാർക്കിംഗ് ഏര്യയ്ക്ക് പുറമെ അധികമായി ബന്ധപ്പെട്ട കെട്ടിട സമുച്ചയങ്ങൾക്ക് പാർക്കിംഗ് ഏര്യകൾ ഉള്ള പക്ഷം ആയതിന് നിയമപരമായി നഗരസഭയിൽ നിന്നും ലൈസൻസ് വാങ്ങിയിരിക്കേണ്ടതും (കേരള മുനിസിപ്പാലിറ്റി ആക്ട് 1994 റൂൾ 475) ആയത് വണ്ടിത്താവളത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ നഗരസഭാരേഖകൾ പരിശോധിച്ചതിൽ 2024-25 വർഷം വരെ പ്രസ്തുത മാളുകളുടെ സ്വതന്ത്രമായ പാർക്കിംഗ് യൂണിറ്റുകൾക്ക് നിയമാനുസൃത ലൈസൻസ് എടുത്തിട്ടുള്ളതായി രേഖയില്ല. അപ്രകാരമുള്ള പാർക്കിംഗ് എര്യയിൽ പാർക്ക് ചെയ്യുന്നതിന് സന്ദർശകരിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ട്. പ്രസ്തുത ഫീസാകട്ടെ നഗരസഭാബൈലോ പ്രകാരം നിശ്ചയിച്ച നിരക്കിലല്ല മറിച്ച് നിശ്ചയിച്ച നിരക്കിനേക്കാൾ

അധിക നിരക്കിലാണ് മാനദണ്ഡങ്ങൾ ഇല്ലാതെ ഈടാക്കുന്നത് എന്നും കാണുന്നു. 14.09.2023ലെ 3(എ) 6 നം.കൗൺസിൽ തീരുമാനപ്രകാരമുള്ള ബൈലോ അനുസരിച്ച് കാർ പാർക്കിംഗ് ഫീസ് ചുവടേ ചേർക്കുന്നു.

ഇനം	വണ്ടിത്താവളം					
	മേൽക്കൂരയുള്ളത്			മേൽക്കൂരയില്ലാത്തത്		
	ആദ്യ 4 മണിക്കൂർ	12 മണിക്കൂർ വരെ ഓരോ 4 മണിക്കൂറിനും	12മണിക്കൂറിനു മേൽ ഓരോ 4 മണിക്കൂറിനും	ആദ്യ 4 മണിക്കൂർ	12 മണിക്കൂർ വരെ ഓരോ 4 മണിക്കൂറിനും	12മണിക്കൂറിനു മേൽ ഓരോ 4 മണിക്കൂറിനും
കാർ ചെറുത്	25	25	30	15	15	20
കാർ വലുത് (SUV/ Innova)	30	30	35	20	20	25

എന്നാൽ നഗരത്തിലെ ഷോപ്പിംഗ് മാളുകളിൽ ഈടാക്കുന്ന പാർക്കിംഗ് ഫീസ് പ്രസ്തുത നിരക്കുകളെക്കാൾ വളരെ കൂടുതലാണ്.ഉദാഹരണങ്ങൾ താഴെ.

ഉദാ :-1

ലുലു മാളിലെ പാർക്കിംഗ് ഫീ രസീത്


NETC FASTag IndusInd Bank

Transaction History

Customer Name : MANI PATTOOR
Mobile Number : 9400513342
Transaction Date : 06/02/2026-12/02/2026
Report Date : 13/02/2026

Type	Description	TransactionDTStamp	Transaction DateTime	VehicleNumber	Debit	Credit	Balance
Toll Transaction	Toll Debit:Lulu mall Trivandrum	20260212010454	12/Feb/2026 01:04:54 AM	KL01CW0177	40.00	0.00	225.00

ഉദാ :-2

മാൾ ഓഫ് ട്രാവൻകൂറിലെ പാർക്കിംഗ് ഫീ രസീത്


Federal FASTag Account Statement

Statement ID
21032026184519452

Statement Date
21 Mar 2026; 18:45 Hours

Account ID
21Mar2026184519452

Vehicle Number
Vehicle No.KL01DC0864

Transaction Date
01 Mar 2026 To 21 Mar 2026

Expenditure Summary
Total Spent: 70
Total Recharge: 10

Closing Balance
INR 40/-
INR and Forty Rupees Only

Transaction Summary

Transaction Location	Transaction Type	Vehicle Number	Transaction Time	Travel Date Time	Debit	Credit	Status	Wallet Balance	Transaction RefNo
Mall of Travancore	Toll	KL01DC0864	21 March, 2026 05:23:03 PM	21 March, 2026 05:16:21 PM	70	0	Success	40	306376123408

4. നഗരസഭ പരിധിയിൽ വിവിധ സർക്കാർ ഏജൻസികൾ അനുവദിച്ച Pay & Park കേന്ദ്രങ്ങളുടെ നിയന്ത്രണവും ലൈസൻസും സംബന്ധിച്ച്.

നഗരപരിധിയിലുള്ള ടിഡ, KSRTC തുടങ്ങിയ സർക്കാർ ഏജൻസികളുടെ അധീനതയിലുള്ള ചില സ്ഥലങ്ങൾ Pay & Parking കേന്ദ്രങ്ങളായി ലേലം വഴി സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ലേലം നിബന്ധനകൾ പ്രകാരം ബന്ധപ്പെട്ട കരാറുകാരെ ടിഡ/ KSRTC നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ വാഹന പാർക്കിംഗ് ഫീസ് പൊതുജനങ്ങളിൽ നിന്ന് ഈടാക്കുന്നുണ്ട്.





എന്നാൽ ഈ Pay & Park കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് തിരുവനന്തപുരം നഗരസഭയുടെ പരിധിക്കുള്ളിലായതിനാൽ നഗരസഭാ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഇത്തരം വ്യാപാര പ്രവർത്തനങ്ങൾക്ക് നഗരസഭയിൽ നിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. നഗരസഭ ലൈസൻസ് അനുവദിക്കുന്ന പക്ഷം സാധാരണയായി നഗരസഭ നിശ്ചയിക്കുന്ന നിബന്ധനകളും ഫീസ് നിരക്കുകളും ബാധകമാകുന്നതാണ്. എന്നാൽ ടിഡ/KSRTC മുതലായ സർക്കാർ ഏജൻസികളുമായുള്ള കരാറിൽ തന്നെ പാർക്കിംഗ് ഫീസ് നിരക്കുകൾ നിശ്ചയിക്കുന്നതിനാൽ നഗരസഭ നിശ്ചയിക്കുന്ന വ്യത്യസ്ത നിരക്കുകൾ നടപ്പാക്കുക പ്രായോഗികമല്ല.

അതിനാൽ നഗരസഭ പരിധിക്കുള്ളിൽ സർക്കാർ ഏജൻസികൾ അനുവദിക്കുന്ന Pay & Park കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലൈസൻസ് ആവശ്യകത, ഫീസ് നിശ്ചയിക്കൽ, നിയന്ത്രണാധികാരം എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

മേൽ വിഷയങ്ങളിലേയ്ക്ക് നഗരസഭാകൗൺസിലിന്റേയും സംസ്ഥാന സർക്കാരിന്റേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

നിർദ്ദേശങ്ങൾ :-

1. കോർപ്പറേഷന്റെ പരിധിക്കുള്ളിലെ എല്ലാ വാർഡുകളിലെയും സ്വകാര്യ വണ്ടിത്താവളങ്ങൾ/ പേ

& പാർക്ക് കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കുക.

2. അവയ്ക്ക് നിയമാനുസൃത ലൈസൻസ് ഉണ്ടോ എന്ന് പരിശോധിക്കുക.

3. ബൈലോയിലെ നിർദ്ദേശാനുസരണം അംഗീകൃത വണ്ടിത്താവളങ്ങളുടെ വിശദാംശങ്ങൾ

ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുക.

4. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃത പിഴ

ഈടാക്കേണ്ടതും നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. പാർക്കിംഗ് ഫീസ് നിരക്കുകൾ കോർപ്പറേഷൻ അംഗീകരിച്ച രീതിയിൽ ഏകീകരിച്ച്

പൊതുജനങ്ങൾക്ക് അറിയിപ്പായി വണ്ടിത്താവളങ്ങളിൽ പ്രദർശിപ്പിക്കുവാൻ നടപടികൾ

സ്വീകരിക്കുക.

6. വണ്ടിത്താവളങ്ങളുടെ വാർഷിക ലൈസൻസ് ഫീസ് കാലാനുസൃതമായി പരിഷ്കരിക്കുക.

7. ബൈലോ കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ മേൽ നോട്ടം/മോണിറ്ററിംഗ് ഫലപ്രദമാക്കുക.

8. സർക്കാർ ഏജൻസികൾ അനുവദിക്കുന്ന Pay And Park കേന്ദ്രങ്ങളുടെ ലൈസൻസ് ഫീസ്, നിയന്ത്രണാധികാരം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.

1-18 വസ്തു നികുതി

നഗരസഭയുടെ ഏറ്റവും പ്രധാന തനത് വരുമാനസ്രോതസ്സാണ് വസ്തു നികുതി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും, അതിൻപ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നഗരസഭ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലെ നിരക്കുകൾ പ്രകാരവുമാണ് വസ്തു നികുതി നിരക്ക് നിശ്ചയിച്ച് ഈടാക്കുന്നത്. തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023-ലെ സ.ഉ (അച്ചടി) നം. 26/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച് R3/26859/23, തീയതി.09.02.2024 ഉത്തരവ് പ്രകാരം നഗരസഭാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ്, വിജ്ഞാപനം എന്നിവ പ്രകാരം 01.04.2023 മുതൽ 5 വർഷ കാലയളവ് പൂർത്തിയാകുന്നതുവരെ അടിസ്ഥാന വസ്തു നികുതിയിൽ 5% വീതം വാർഷിക വർദ്ധനവ് വരുത്തുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. കെസ്മാർട്ടിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ തൻവർഷ വസ്തുനികുതി വരുമാനം നികുതി നിരക്ക്, നികുതി നിർണയം, കടിശ്ശിക, തൻവർഷ ഡിമാന്റ് എന്നിവയുടെ കളക്ഷൻ എന്നീ മേഖലകളുടെ സമഗ്ര പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ വിശദമായി താഴെ പ്രതിപാദിച്ചിരിക്കുന്നു.

1-18-1 കെസ്മാർട്ടിലെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച മൊഡ്യൂൾ കാര്യക്ഷമമല്ല.

01.01.2023 മുതൽ കെ-സ്മാർട്ട് സോഫ്റ്റ് വെയർ മുഖേനയാണ് വസ്തു നികുതി ഈടാക്കുന്നത്. മുൻ സോഫ്റ്റ് വെയറായ സഞ്ചയയിൽ നിന്നുള്ള ഡേറ്റാ കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്തതിൽ ധാരാളം പാകപ്പിഴകൾ ഉണ്ടായിട്ടുണ്ട്. കെസ്മാർട്ടിലെ വസ്തുനികുതി നിർണ്ണയത്തിൽ നിരവധി അപാകതകൾ നില നിൽക്കുന്നതായി പരിശോധനയിൽ കണ്ടെത്തി.

- അടിസ്ഥാന വസ്തുനികുതിയിൽ വാർഷിക വർദ്ധനവ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രബല്യത്തിൽ വരുത്തിയിട്ടില്ല. കൂടാതെ സാമ്പത്തിക വർഷാരംഭത്തിൽ (07/2024 വരെ) നികുതി നിർണ്ണയിച്ച വാണിജ്യ കെട്ടിടങ്ങൾക്ക് 01.04.2023-ന് മുൻമ്പുള്ള നിരക്കാണ് ചുമത്തിയിരിക്കുന്നത്.
- മേഖല നിർണ്ണയത്തിൽ നഗരസഭാ വിജ്ഞാപന പ്രകാരം ഒരു വാർഡിനെ ഒന്നാകെ ഒരു മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെസ്മാർട്ടിൽ ഒരു വാർഡിലെ വിവിധ കെട്ടിടങ്ങളെ വ്യത്യസ്ത മേഖല ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള തെറ്റായ നികുതി നിർണ്ണയത്തിലൂടെ നഗരസഭയ്ക്ക് നികുതി നഷ്ടം ഉണ്ടാകുന്നതും പൊതുജനങ്ങളിൽ നിന്നും അധിക നികുതി ഈടാക്കിയതുമായ വ്യത്യസ്ത കേസുകൾ നിലനിൽക്കുന്നു.
- 100 ച.മീറ്ററിൽ അധികം തറ വിസ്തീർണ്ണമുള്ള നിരവധി വാണിജ്യ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്ക് ഈടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. കൂടാതെ 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ ഉയർന്ന തറ വിസ്തീർണ്ണമുള്ളവയുടെ ഗണത്തിൽ ഉൾപ്പെടുത്തി അധിക നിരക്ക് ഈടാക്കിയതായും കാണുന്നു.
- 300 ച.മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള നിരവധി കെട്ടിടങ്ങളെ 300 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവയുടെ ഗണത്തിൽ ഉൾപ്പെടുത്തി താഴ്ന്ന നിരക്ക് ഈടാക്കിയതായും കണ്ടെത്തിയിട്ടുണ്ട്.
- ചില കേന്ദ്രസർക്കാർ സ്ഥാപനങ്ങളെ കേരള സർക്കാർ കെട്ടിടങ്ങളുടെ ഗണത്തിലും ചില കേരള സർക്കാർ സ്ഥാപനങ്ങൾ കേന്ദ്രസർക്കാർ കെട്ടിടങ്ങളുടെ ഗണത്തിലും ഉൾപ്പെടുത്തി നികുതി കണക്കാക്കിയതായി കാണുന്നു. ഉദാ- പാളയം വാർഡിലെ പബ്ലിക് ഓഫീസ് കെട്ടിടം കേന്ദ്രസർക്കാർ സ്ഥാപനമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാർ കെട്ടിടമായ നിയമസഭാ മന്ദിരം പാളയം വാർഡിൽ നിലനിന്നിരുന്നത് ഇപ്പോൾ ലിസ്റ്റിൽ ഇല്ല. കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ചില കെട്ടിടങ്ങളുടെ Owner Name എന്നത് വിവിധ വ്യക്തികൾ ആയി കാണുന്നു.
- കൂടാതെ നഗരസഭ വിജ്ഞാപന പ്രകാരമുള്ള എല്ലാ കെട്ടിട ഉപവിഭാഗങ്ങളും കെസ്മാർട്ടിൽ ഉൾപ്പെട്ടിട്ടില്ല.
- മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പിന്റെ 05.04.2023 ലെ വസ്തു നികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള 09.02.2024 ലെ നഗരസഭ വിജ്ഞാപന പ്രകാരം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങളെയും ഹോം സ്റ്റേകളെയും (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) വ്യത്യസ്ത ഉപയോഗ ക്രമങ്ങളായാണ് പരിഗണിച്ചിട്ടുള്ളത്. ഇവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ നിരക്കും വ്യത്യസ്തമാണ്. ഇതനുസരിച്ച് 300 ച.മീ വരെ തറ വിസ്തീർണ്ണമുള്ള സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾക്ക്, 01.04.2023 മുതൽ പ്രാബല്യത്തിൽ 16 രൂപയും 300 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 20 രൂപയുമാണ് നിരക്ക്.ഹോം സ്റ്റേകൾക്ക് ഇത് യഥാക്രമം 20 ഉം 25 ഉം രൂപയുമാണ്. തുടർന്നുള്ള 5 വർഷ കാലയളവ് പൂർത്തിയാകുന്നതുവരെ അടിസ്ഥാന വസ്തു നികുതിയിൽ 5% വീതം വാർഷിക വർദ്ധനവ് വരുത്തുന്നതാണെന്നും വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ 05.04.2023 ലെ സർക്കാർ ഉത്തരവിൽ പാർപ്പിടങ്ങളെയും ഹോംസ്റ്റേകളെയും ഒരേ ഗണത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്.നഗരസഭയുടെ വിജ്ഞാപനം സർക്കാർ ഉത്തരവിനനുസൃതമായി മാറ്റം വരുത്തുന്നതിനോ അല്ലെങ്കിൽ വരുമാന വർദ്ധനവിനായി സർക്കാർ ഉത്തരവ് ഉചിതമായി പരിഷ്കരിക്കുന്നതിനോ വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.
- കെസ്മാർട്ട് മുഖേനയുള്ള വസ്തുനികുതി നിർണയ ഫയലുകളിൽ കൃത്യമായ രേഖകൾ ഉൾപ്പെടുത്താത്തതും തെറ്റായ രേഖകൾ ഉൾപ്പെടുത്തിയതുമായ നിരവധി

കേസുകൾ ശ്രദ്ധയിൽപ്പെട്ടു. കംപ്ലീഷൻ പ്ലാൻ, ഫോം 6, കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പർ ഉൾപ്പെടുന്ന Details എന്നിവ നികുതി നിർണ്ണയ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഉൾപ്പെടുത്തിയിരിക്കുന്ന കംപ്ലീഷൻ പ്ലാൻ വ്യക്തമല്ലാത്തതിനാൽ ആകെ Built Up Area, Building Location എന്നിവ ഉറപ്പു വരുത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഉദാഹരണമായി ശ്രീമതി. ജയലക്ഷ്മിയുടെ ഉടമസ്ഥതയിലുള്ള 44/2737 (2 മുതൽ 5 വരെയുള്ള) കെട്ടിട അസസ്മെന്റ് കെസ്മാർട്ടിൽ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിന് പകരം ശ്രീ. അബ്ദുൾ വഹാബ് അലിക്കുന്ന് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2088 (1 മുതൽ 4 വരെ) കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ടി കെട്ടിടങ്ങളുടെ അസസ്മെന്റിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

- കൂടാതെ സഞ്ചയയിൽ നിന്നും കെ-സ്മാർട്ടിലേയ്ക്ക് കെട്ടിടങ്ങളുടെ വിവരങ്ങൾ പോർട്ട് ചെയ്തപ്പോൾ കെട്ടിടങ്ങൾ Demolished/Deleted List-ൽ ഉൾപ്പെടു. 28/866 നമ്പർ നിലവിലുള്ള കെട്ടിടം കെസ്മാർട്ടിൽ ഡിമോളിഷ്ഡ് എന്ന് രേഖപ്പെടുത്തുകയും പരാതിയെ തുടർന്ന് ഇത് റിവോക്ക് ചെയ്തതായും കാണുന്നു.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.69/ കെ.എസ്.എ/ ടിവിസി.9/ 2024-25 തീയതി 25.09.2025,നം.198/ കെ.എസ്.എ./ടിവിസി.6/2025.തീയതി:21.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇത്തരത്തിൽ കെസ്മാർട്ടിലെ വസ്തുനികുതി സംബന്ധിച്ച മൊഡ്യൂൾ നഗരസഭയുടെ വിവിധ ഉപയോഗക്രമത്തിലും ഉപവിഭാഗത്തിലുമുള്ള കെട്ടിടങ്ങളുടെ ശരിയായ നികുതി നിർണ്ണയത്തിന് പര്യാപ്തമാകുന്നില്ല. പ്രസ്തുത മൊഡ്യൂളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതി നിർണ്ണയം കുറ്റമറ്റമാക്കുന്നതിനുള്ള നടപടി നഗരസഭ സ്വീകരിക്കേണ്ടതാണ്.

കെസ്മാർട്ട് മുഖേനയുള്ള വസ്തുനികുതി നിർണ്ണയത്തിൽ കണ്ടെത്തിയ അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-18-2 തൻവർഷ ഡിമാന്റിൽ വൻകുറവ് - വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല

തിരുവനന്തപുരം നഗരസഭയിൽ 2024-25 സാമ്പത്തിക വർഷം മുൻവർഷത്തെ അപേക്ഷിച്ച് വസ്തു നികുതി ഡിമാന്റിൽ വൻകുറവ് വന്നിട്ടുണ്ട്. വസ്തുനികുതി നിരക്ക് വർദ്ധനവ്, വാർഷിക വർദ്ധനവ് എന്നിവയോടൊപ്പം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റും കൂടി ചേരുമ്പോൾ ഡിമാന്റ് കൂടുന്നതിന് പകരം 2023-24 വസ്തു നികുതി ഡിമാന്റായ 1,22,61,28,889 രൂപയിൽ നിന്ന് 8 കോടിയോളം രൂപ കുറവായി 1,14,51,08,879 രൂപയാണ് 2024-25 ലെ വസ്തു നികുതി ഡിമാന്റായി നഗരസഭ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ഡിമാന്റിൽ കുറവ് വന്നത് വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.243/കെ.എസ്.എ/ടിവിസി.11/2024 തീയതി:10.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അനധികൃത കെട്ടിടങ്ങളുൾപ്പെടെയുള്ളവയുടെ വസ്തു നികുതി കടിശ്ശിക, റിസോർട്ടുകൾ ഉൾപ്പെടെയുള്ള അനധികൃത കെട്ടിടങ്ങളുടെ ക്രമവല്ക്കരണം തുടങ്ങി മുൻവർഷങ്ങളിൽ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകതകൾ നിലവിലും തുടരുന്നു.

1-18-3 വസ്തു നികുതി കുടിശ്ശിക-കൃത്യമായ കണക്ക് ലഭ്യമല്ല.

നഗരസഭയുടെ പ്രധാന തനത് വരവിനമായ വസ്തു നികുതിയിൽ 2024-25 വർഷം വൻകുടിശ്ശിക നിലനിൽക്കുന്നു.എന്നാൽ സ്ഥാപനം ലഭ്യമാക്കിയ കെസ്മാർട്ടിൽ നിന്നുള്ള ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഈ ഇനത്തിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുക 2024-25 ലെ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 വർഷത്തെ ഡിമാന്റ് 341.94 കോടി രൂപയും കളക്ഷൻ 163.14 കോടി രൂപയും ബാലൻസ് 178.79 കോടി രൂപയുമാണ്.ഇതു പ്രകാരം 47.71% തുക മാത്രമെ നഗരസഭ പിരിച്ചെടുത്തിട്ടുള്ളു.52.29% തുക കുടിശ്ശികയാണ്.വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് 222.42 കോടി രൂപയും കളക്ഷൻ 103.47 കോടി രൂപയും ബാലൻസ് 119.70 കോടി രൂപയുമാണ്. ഇതു പ്രകാരം നികുതി പിരിവ് 46.14%ഉം കുടിശ്ശിക 53.86%ഉം ആണ്. ഇത്തരത്തിൽ വസ്തു നികുതി ഇനത്തിൽ 50%ത്തിലധികം തുക കുടിശ്ശികയായത് സ്ഥാപനത്തിന്റെ നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മ സൂചിപ്പിക്കുന്നു.കെസ്മാർട്ടിൽ നിന്നുള്ള മേൽ പരാമർശിച്ച രണ്ട് റിപ്പോർട്ടുകളിലെയും കണക്കുകൾ പൊരുത്തപ്പെടാത്തത് സംബന്ധിച്ച് നഗരസഭ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.വിശദമായ ഡിസിബി സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

Demand			Collections			Balance		
Arrear	Current	Total	Arrear	Current	Total	Arrear	Current	Total
കെസ്മാർട്ടിൽ നിന്നുള്ള ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം								
2139374902	1280047191	3419422093	790220552	841254105	1631474657	1349154349	438793086	1787947436
വാർഷിക ധനകാര്യപത്രിക പ്രകാരം								
1079120943	1145108879	2224229822	294097951	740674249	1034772200	770420221	426597818	1197018039

വൻതോതിലുള്ള നികുതി കുടിശ്ശിക നഗരസഭയുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കുന്നതിനാൽ, വീഴ്ച വരുത്തിയ ഉടമകളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

1-18-4 ക്രമവൽക്കരിക്കാതെ അനധികൃത കെട്ടിടങ്ങൾ - നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ ലഭിക്കാനുള്ളത് 41,82,54,931/- രൂപ.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് നിയമം 406, 407, 408 എന്നിവ പ്രകാരം അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും ഉള്ള നിയമവ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് 242-ാം വകുപ്പ് പ്രകാരം നിയമ വിരുദ്ധ നിർമ്മാണങ്ങളിൽ തുടർനടപടി സ്വീകരിച്ച് കെട്ടിടം പൊളിച്ചു കളയുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകുവാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണ്. കൂടാതെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ 1999, 2024 എന്നിവ പ്രകാരം ക്രമവൽക്കരണ അപേക്ഷയുടെ തുടർനടപടികൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഉൾപ്പെടുന്നതും വിവിധ വാർഡുകളിലായി വിവിധ ഉപയോഗക്രമങ്ങൾക്കായി നിർമ്മിക്കപ്പെട്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അനധികൃത കെട്ടിടമായി രേഖപ്പെടുത്തപ്പെട്ടതുമായ കെട്ടിടങ്ങളുടെ നിജസ്ഥിതി, സ്വീകരിച്ച തുടർനടപടികൾ എന്നിവ സംബന്ധിച്ച് കെസ്മാർട്ടിൽ നടത്തിയ പരിശോധനയിൽ ആകെ 1554 കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി ഉൾപ്പെട്ടതായി കാണുന്നു. പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും 41,82,54,931/- രൂപയാണ് വസ്തുനികുതി ഇനത്തിൽ കുടിശ്ശികയായി 01.02.2026 തീയതി പ്രാബല്യത്തിൽ നിലനിൽക്കുന്നത്. ഇവയിൽ പലതും അഞ്ചോ അതിലധികമോ വർഷങ്ങളായി UA നമ്പർ നൽകപ്പെട്ട് നികുതി അടയ്ക്കാതെ തുടരുന്നതുമാണ്. ഓരോ ഉപയോഗക്രമത്തിലുമുള്ള അനധികൃത കെട്ടിടങ്ങളുടെ എണ്ണവും നികുതി കുടിശ്ശികയുടെ വിവരവും ചുവടെ ചേർക്കുന്നു. (വിശദാംശങ്ങൾ അനുബന്ധം-4 ൽ ചേർത്തിട്ടുണ്ട്)

Sl No	Usage	Tax Due	Number Of Buildings
1	Assembly Hall,Convention Centre,Auditorium,Wedding Hall, Lodge, Cinema Theatre	29156576.00	29

2	Assembly Building(Convention Centre , Auditorium,Cinema Theatre, Marriage Hall)	150547.00	2
3	Agricultural Purposes	477.00	3
4	Buildings Exempted From Tax		9
5	Commercial Buildings - Above 500 Sq.Mtr	1970890.00	2
6	Commercial Buildings - Up To 100 Sq.Mtr	19869.00	6
7	Dwellings For Own House, Home Stay,One Or Two Rooms For Home Stay Up To 300 Sqr. Mtr	348940.00	104
8	Dwellings For Own House, Home Stay,One Or Two Rooms For Home Stay More Than 300 Sqr. Mtr	4480.00	1
9	Educational Purpose	33437651.00	37
10	For Commercial Purpose , Hotels , Restaurants, Shops ,Go Downs With A Floor Area Of Above 100 Sqr. Mtr	27773715.00	46
11	For Commercial Purpose , Hotels , Restaurants, Shops ,Go Downs With A Floor Area Of Up To 100 Sqr. Mtr	60227193.00	154
12	For Commercial Purpose Supermarkets And Shopping Malls With Floor Area Of Above 200 Sq. Mtr	90114903.00	53
13	For Office Use(including Office Buildings Of Industrial Plants)	10082956.00	14
14	Hospitals	3555807.00	6
15	Industrial Purposes (Hand-Loom Shed, Coir Shed)	9059.00	2
16	Mobile Telephone Tower	84546223.00	223
17	Place Of Worship		1
18	Office Buildings - Other Office Buildings	60995.00	1
19	Residential	59903819.00	848
20	Resorts	16890831.00	13
Total		418254931	1554

അനധികൃത കെട്ടിടങ്ങളുടെ കടിശ്ശികയുടെ വൻ വർദ്ധനവിന്റെ കാരണവും ഇത്തരത്തിൽ നികുതി കുടിശ്ശികയായ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും, കുടിശ്ശിക അടവാക്കാതെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിൽ തുടരുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിവരങ്ങളും, അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണ അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നിരസിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത വിഷയത്തിൽ നഗരസഭ സമയബന്ധിതമായി സ്വീകരിച്ച തുടർനടപടി വിവരങ്ങളും, അപ്രകാരം ക്രമവൽക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിലേയ്ക്ക് നീക്കം ചെയ്യുന്നതിലേയ്ക്ക് നഗരസഭ അനുവദിച്ച നൽകുന്ന പരമാവധി കാലാവധി എത്രയാണെന്നതും ഇതിന്മേൽ നഗരസഭ സ്വീകരിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്നതും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും തടയുകയും ചെയ്യുന്നതിന് നഗരസഭ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 223/കെ.എസ്.എ/ടിവിസി.10/2025, തീയതി.03.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും അതുവരെയുള്ള കുടിശ്ശിക കൃത്യമായി ഈടാക്കേണ്ടതുമാണ്.

1-18-5 ഒരു കോടിയിലധികം വസ്തു നികുതി കുടിശ്ശികയുള്ള ഷോപ്പിംഗ് മാൾ ഉൾപ്പെടെയുള്ള അനധികൃത കെട്ടിടങ്ങൾ - ഭീമമായ കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടി അനിവാര്യം.

കെസ്മാർട്ടിൽ തിരുവനന്തപുരം നഗരസഭയുടെ 100 വാർഡുകളിലേയും വസ്തു നികുതി കുടിശ്ശിക പരിശോധിച്ചതിൽ താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് 1 കോടിയിലധികം വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ് നം., പേര്	ഡോർ നം.	വിസ്തീർണ്ണവും ഉപയോഗവും	ഉടമസ്ഥൻ	കുടിശ്ശിക കാലയളവ്	വസ്തുനികുതി കുടിശ്ശിക (രൂപ)
1	26-കുന്നുകുഴി	2250 UA	4763 ച.മീ ലോഡ്ജ്	ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റ്	2016 I-)o അർദ്ധവർഷം മുതൽ	12708582
2	87-വലിയതുറ	247 3UA	3402.90 ച.മീ സ്കൂൾ (Other)	പ്രിൻസിപ്പൽ, സെന്റ് ആന്റണീസ് എച്ച്.എസ്.എസ് വലിയതുറ	1996 I-)o അർദ്ധവർഷംI മുതൽ	25229699
3	82-വഞ്ചിയൂർ	5819 UA	833.22 ച.മീ ഷോപ്പ്	രാജശേഖരൻ നായർ	2013 I I-)o അർദ്ധവർഷംമുതൽ	18869656
4	94-കണ്ണമ്മൂല	3753 3UA	25 ച.മീ മൊബൈൽ ടെലഫോൺ ടവർ	ജ്യോതി ഐസക്ക്	2023 II-)o അർദ്ധവർഷം മുതൽ	22286049
5	81-തമ്പാനൂർ	975 UA	7562.47 ച.മീ ഷോപ്പിംഗ് മാൾ	എം.കെ. സുദർശൻ	2023 II-)o അർദ്ധവർഷംമുതൽ	15804728
6	46-ആറന്നൂർ	1692 UA	63849.16 ച.മീ ഹൗസസ്	വേണുഗോപാൽ , രമേശ്, അനുബാല	2020 II-)o അർദ്ധവർഷം മുതൽ	27799862
	ആകെ					122698576

മേൽ പറഞ്ഞ കെട്ടിടങ്ങൾ എത്ര കാലമായി അനധികൃതമായി തുടരുന്നു എന്നും ഈ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.247/കെ.എസ്.എ/എ.1/2025 തീയതി 10.02.2026) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 406 മുതൽ 408 വരെയുള്ള ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണവിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വലിയ അനാസ്ഥയാണ് നഗരസഭയ്ക്കുള്ളത്.

കെട്ടിടങ്ങൾ ദീർഘകാലം അനധികൃതമായി തുടർന്നിട്ടും നികുതി നിർണ്ണയം അന്തിമമാക്കുന്നതിനോ കുടിശ്ശിക ഈടാക്കുന്നതിനോ നഗരസഭയുടെ ഭാഗത്തു നിന്നും ഫലപ്രദമായ നടപടി ഉണ്ടാവുന്നില്ല. വൻതുകകൾ ദീർഘകാലമായി ഈടാക്കാതെ തുടരുന്നത് കോർപ്പറേഷന്റെ വരുമാന ശേഖരണ സംവിധാനത്തിന്റെയും, സ്ഥാപനത്തിന്റെ അനിവാര്യ ചുമതലകളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതുമായ കെട്ടിടനിർമ്മാണ നിയന്ത്രണ സംവിധാനത്തിന്റെയും വീഴ്ചയാണ്. അനധികൃതകെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ്, പിഴ പലിശ ഈടാക്കൽ, റവന്യൂ റിക്കവറി, കെട്ടിടം അധികൃമാക്കുന്നതിനോ പൊളിച്ചു കളയുന്നതിനോ ശക്തമായ നടപടികൾ തുടങ്ങിയവ നഗരസഭ യഥാസമയം സ്വീകരിച്ചിട്ടില്ലെന്ന് കാണുന്നു. കുടിശ്ശിക പിരിവിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിനാൽ നഗരസഭയ്ക്ക് ഗണ്യമായ വരുമാന നഷ്ടം സംഭവിക്കുന്ന സാഹചര്യമാണുള്ളത്.

അനധികൃതകെട്ടിടങ്ങളുമായി ബന്ധപ്പെട്ട നികുതി കുടിശ്ശികകൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നതിനും ഫലപ്രദമായ പിരിവ് നടപടികൾ ആരംഭിക്കുന്നതിനും ശക്തമായ സംവിധാനം ഉണ്ടാവേണ്ടതാണ്.

ഓരോ കെട്ടിടത്തിന്റെയും നികുതി നിർണ്ണയിച്ച വർഷം , കണക്കാക്കിയിട്ടുള്ള നികുതി, നിലവിലെ കുടിശ്ശിക തുക (പലിശ സഹിതം), ഡിമാന്റ് നോട്ടീസ്

നൽകിയതിന്റെ വിശദാംശങ്ങൾ, റവന്യൂ റിക്കവറി തുടങ്ങിയ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, ഇത്രയും വൻ തുകകൾ കുടിശ്ശികയായതിന്റെ കാരണം, കുടിശ്ശിക ഈടാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തന പദ്ധതികൾ എന്നിവ അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കുടിശ്ശിക ഈടാക്കുന്നതിന് 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19, 20(3) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-18-6 പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി - നഗരസഭയ്ക്ക് 11,21,58,987/- രൂപ നഷ്ടം

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24(3) പ്രകാരം ഏതെങ്കിലും കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിയ്ക്ക് അറിയിപ്പ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തുനികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ 01.02.2026 പ്രാബല്യത്തിൽ കെസ്മാർട്ടിലെ Demolished കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്തതിൽ 100 വാർഡുകളിൽ നിന്നായി 11,21,58,987/- രൂപ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. ആയതിൽ 1000/- രൂപയ്ക്ക് മുകളിൽ നികുതി കുടിശ്ശികയുള്ള Demolished കെട്ടിടങ്ങളിൽ നിന്നായി 11,12,85,810/- രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നു. 1000/- രൂപയ്ക്ക് മേൽ കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Sl No	Ward Name/Number	Tax Pending
1	Ambalathara /67	23353
2	Anamugham/95	979167
3	Arannoor/46	15410
4	Attipra/98	11461
5	Attukal/70	215346
6	Bheemapally East/76	1221.00
7	Bheemapally/77	40996
8	Chackai/86	36301
9	Chalai/71	883311
10	Chanthavila/2	142508
11	Chellamangalam/8	136965
12	Chempazhanthy/9	172052
13	Cheruvaickal/5	24199
14	Chettivilakom/21	4606
15	Kottappuram/61	59202
16	Kanjirampara/30	47179
17	Edavakkode/7	1200.00
18	Estate/53	13556
19	Fort/80	773925
20	Harbour/63	7208.00

21	Jagathy/44	803980
22	Kachani/34	1786.00
23	Kadakampally/92	137252
24	Kalady/55	110580
25	Kalippankulam/69	173388
26	Kamaleswaram/68	65405
27	Kannammola/94	12454
28	Karamana/45	2059853
29	Karikkakam/91	143692
30	Kattayikkonam/3	134482
31	Kawadiyar/23	2494262
32	Kazhakkuttam/1	388177
33	Kesavadasapuram/15	2264751
34	Kinavoor/12	14280.00
35	Kodunganoor/37	2399
36	Kudappanakkunnu/19	17630.00
37	Kunnukuzhy/26	4380347
38	Kuravankonam/24	872323
39	Kuriyathi/73	64600
40	Manacaud/72	249078
41	Manikyavilakam/75	7058
42	Mannanthala/13	4088.00
43	Medical College/16	2784294
44	Melamcode/56	83629
45	Mudavanmukal/47	5291
46	Mullor/60	54132
47	Muttada/18	2860985
48	Muttathara/78	1436816
49	Nanthancode/25	128238
50	Nedunkad/54	1966839
51	Nemom/49	101378
52	Nettayam/33	1679.00
53	Palayam/27	63333
54	Palkulangara/85	40856
55	Pallithura/100	60627
56	Pangode/39	3628.00
57	Pappanamcode/52	15046
58	Pathirapally/20	42615
59	Perunthanni	683686
60	Pettah/93	1587407
61	Ponnumangalam/50	65286
62	Poojappura/42	172876
63	Poonkulam/58	2908038
64	Poundukadav/99	22027
65	Powdikonam/10	27930
66	PTP Nagar/38	59884
67	Punchakkari/57	334374
68	Punnakkamugal	511903
69	Sasthamangalam/22	331995
70	Shankhumukham/89	483007
71	Sreekandeswaram/83	2147237
72	Sreekaryam/4	18681
73	Sreevaraham/79	23902
74	Thampanoor/81	666588
75	Thirumala/40	16341
76	Thiruvallam/65	7836
77	Thrikkannapuram/48	680550

78	Thuruthummoola/32	7199
79	Thycaud/28	94512
80	Ulloor/6	11688
81	Valiyasala/43	50886
82	Valiyathura/87	73511
83	Valiyavila/41	91124
84	Vattiyoorkkavu/36	58037
85	Vazhuthacaud/29	1125048
86	Venganoor/59	2537.00
87	Vettukadu/90	71268486
88	Vizhinjam/62	22211
89	Pattom/17	90606
	Total	111285810

മേൽ ചട്ടപ്രകാരം Demolish ചെയ്ത കെട്ടിടങ്ങളുടെ കുടിശ്ശികകളെല്ലാം ഡിമോളിഷനു മുൻപേ തീർപ്പാക്കേണ്ടതാണെന്നിരിക്കെ ഇത്രയും ഭീമമായ തുക വസ്തുനികുതി ഇനത്തിൽ കുടിശ്ശികയായി നിലനിൽക്കുന്നത് സ്ഥാപനത്തിന്റെ വസ്തുനികുതി കുടിശ്ശികയുടെ കണക്കിന്റെ ആധികാരികതയെ ബാധിക്കും. Demolish ചെയ്ത കെട്ടിടങ്ങളിൽ നിന്നും ഇനി എപ്രകാരമാണ് കുടിശ്ശിക ഈടാക്കുന്നത്, ആയതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് തുടങ്ങിയവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 262/കെ.എസ്.എ/ടിവിസി.10/2025, തീയതി.20.02.2026) മറുപടി ലഭ്യമാക്കിയില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി - 9,38,29,754/- രൂപ കുടിശ്ശിക

തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിലെയും മൊബൈൽ ടവറുകളിൽ നിന്നായി വസ്തുനികുതി ഇനത്തിൽ 9,38,29,754/- രൂപ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. 01.02.2026 പ്രാബല്യത്തിൽ കെസ്മാർട്ടിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിശോധിച്ചതിൽ അനധികൃത മൊബൈൽ ടവറുകളിൽ നിന്ന് 8,45,46,223/- രൂപയും അധികൃത മൊബൈൽ ടവറുകളിൽ നിന്ന് 92,83,531/- രൂപയും പിരിച്ചെടുക്കാനവശേഷിക്കുന്നതായി ബോദ്ധ്യപ്പെട്ടു. അനധികൃത മൊബൈൽ ടവറുകളുടെ വിശദാംശം അനുബന്ധം -5 ലും അധികൃത മൊബൈൽ ടവറുകളുടെ വിശദാംശം അനുബന്ധം -6 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 223/കെ.എസ്.എ/ടിവിസി.10/2025, തീയതി. 03.02.2026, നം. 266/കെ.എസ്.എ/ടിവിസി.10/2025, തീയതി. 23.02.2026) മറുപടി ലഭ്യമാക്കിയില്ല. വൻ കുടിശ്ശിക ഈടാക്കി നഗരസഭയുടെ വരുമാന ചോർച്ച തടയുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18-8 കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നില്ല – 2,83,94,180/- രൂപ കുടിശ്ശിക

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 285 (1) പ്രകാരം കേന്ദ്രസർക്കാർ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും, മുനിസിപ്പാലിറ്റി നൽകുന്ന പൊതു സേവനങ്ങൾക്ക് (തെരുവ് വിളക്ക്, ശുചീകരണം, ജലവിതരണം, ഡ്രെയിനേജ്) ആനുപാതികമായ സർവ്വീസ് ചാർജ്ജ് ഈടാക്കാൻ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230-ാം വകുപ്പ്, 2011 ലെ മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും ചട്ടങ്ങൾ) ചട്ടം30 എന്നിവ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കേന്ദ്രസർക്കാർ കെട്ടിടങ്ങളുടെ സർവ്വീസ് ചാർജ്ജിനത്തിൽ ആകെ 2,41,63,378/- രൂപ (അരിയർ - 2,23,20,684/- രൂപ, 2024-25 സാമ്പത്തിക വർഷം പിരിച്ചെടുക്കാനുള്ളത് - 18,42,694/- രൂപ) കുടിശ്ശികയുണ്ട്. ആയതിൽ ഭൂരിഭാഗവും മുൻവർഷത്തെ കുടിശ്ശികയാണ്. ഇപ്രകാരം വൻതുക കുടിശ്ശിക നിലനിൽക്കുന്നത് നഗരസഭയുടെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്നു. 19.02.2026 പ്രാബല്യത്തിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഓഫീസ് കെട്ടിടങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച് കെസ്മാർട്ട് മുഖേന നടത്തിയ പരിശോധനയിൽ 2,83,94,180/- രൂപ അടവാക്കാനുള്ളതായി കണ്ടു. കെട്ടിടങ്ങളുടെ വിശദാംശം അനുബന്ധം-7 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങളും, കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 200/കെ.എസ്.എ/ടിവിസി.8/2024-25, തീയതി. 23.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക തുക ഈടാക്കുന്നതിനായി മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഡിമാന്റ് നോട്ടീസ് നൽകുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ ലിസ്റ്റിൽ മറ്റ് കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ആയത് പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് 233 -ാം വകുപ്പ് പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട കുടിശ്ശികകൾ പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, കുടിശ്ശിക കൃത്യമായി ഈടാക്കി നഗരസഭയുടെ തനത വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതുമാണ്.

1-18-9 വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങൾ,ആശുപത്രി,ലോഡ്ജ് എന്നിവയുടെ വസ്തുനികുതി കെസ്മാർട്ടിൽ നിർണ്ണയിച്ചതിൽ വാർഷിക വർദ്ധനവ് വരുത്തിയില്ല- നഗരസഭ ഫണ്ടിന് നഷ്ടം - 1,13,694/- രൂപ.

01.04.2023 പ്രാബല്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ വസ്തു നികുതി പരിഷ്കരിച്ചിരുന്നു.അടിസ്ഥാന വസ്തു നികുതിയിൽ 5% വീതം വാർഷിക വർദ്ധനവ് പ്രസ്തുത പരിഷ്കരണ ഉത്തരവിൽ നിഷ്കർച്ചിരുന്നു.എന്നാൽ 01.04.2024 ന് ശേഷം വസ്തുനികുതി നിർണ്ണയം നടത്തിയ നിരവധി വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങൾ,ആശുപത്രി,ലോഡ്ജ് എന്നിവയ്ക്ക് ഇപ്രകാരമുള്ള വാർഷിക വർദ്ധനവ് വരുത്തിയില്ല.വിശദാംശങ്ങൾക്ക് ഖണ്ഡിക 2-2 കാണുക.

1-18-10 പാർപ്പിടാവശ്യത്തിനുള്ളതും മറ്റ് ഓഫീസ് കെട്ടിടങ്ങളുടെയും വസ്തുനികുതി കെസ്മാർട്ടിൽ നിർണ്ണയിച്ചതിൽ വാർഷിക വർദ്ധനവ് വരുത്തിയില്ല- നഗരസഭ ഫണ്ടിന് നഷ്ടം 26,573/- രൂപ.

01.04.2023 പ്രാബല്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ വസ്തു നികുതി പരിഷ്കരിച്ചിരുന്നു.അടിസ്ഥാന വസ്തു നികുതിയിൽ 5% വീതം വാർഷിക വർദ്ധനവ് പ്രസ്തുതപരിഷ്കരണ ഉത്തരവിൽ നിഷ്കർച്ചിരുന്നു.എന്നാൽ 01.04.2024 ന് ശേഷം വസ്തുനികുതി നിർണ്ണയം നടത്തിയ നിരവധി വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങൾ,ആശുപത്രി,ലോഡ്ജ് എന്നിവയ്ക്ക് ഇപ്രകാരമുള്ള വാർഷിക വർദ്ധനവ് വരുത്തിയില്ല.വിശദാംശങ്ങൾക്ക് ഖണ്ഡിക 2-3 കാണുക.

1-18-11 നഗരസഭ ഉത്തരവിനു വിരുദ്ധമായി മേഖലാ വിഭജനം നടത്തി വസ്തുനികുതി നിർണയിച്ച - അപാകത പരിഹരിക്കേണ്ടതാണ്.

09.02.2024 ലെ R3/26859/23 നമ്പർ വിജ്ഞാപന പ്രകാരം നഗരസഭ ഒരു വാർഡിനെ പൂർണ്ണമായും ഒരു മേഖലയിൽ ഉൾപ്പെടുത്തുന്ന തരത്തിൽ പ്രാഥമികം,ദ്വിതീയം,ത്രിതീയം എന്നിങ്ങനെ മേഖലാ വിഭജനം നടത്തിയിരുന്നു.ഇതു പ്രകാരമാണ് അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിലെ മേഖലാ ഇളവ് നൽകുന്നത്. എന്നാൽ 2024-25 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള ഒരേ വാർഡിലെ വിവിധ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1.തെറ്റായ മേഖലാ നിർണ്ണയത്തിലൂടെ നഗരസഭ ഫണ്ടിന് നഷ്ടം 18453/- രൂപ.

മേൽ പരാമർശിച്ചപ്രകാരം കെട്ടിടങ്ങളെ തെറ്റായ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ നഗരസഭ ഫണ്ടിന് നഷ്ടം ഉണ്ടായി.വിശദ വിവരം ഖണ്ഡിക.2-4 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

2.തെറ്റായി മേഖലാ വിഭജനം നടത്തിയതിലൂടെ അധിക വസ്തു നികുതി ഈടാക്കി .

കെട്ടിടങ്ങളെ തെറ്റായ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ ഉടമകളിൽ നിന്നും അധിക വസ്തു നികുതി ഈടാക്കിയതായും പരിശോധനയിൽ കണ്ടു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.120/കെ.എസ്.എ/ടിവിസി.5/2024-25 തീയതി 18.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിടങ്ങളെ ശരിയായ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾക്ക് അനുബന്ധം-10കാണുക.

1-18-12 തെറ്റായ ഉപവിഭാഗത്തിൽ കെട്ടിടങ്ങളെ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം - നഗരസഭയ്ക്ക് വരുമാന നഷ്ടം.

കെസ്മാർട്ട് സോഫ്റ്റ്വെയറിലെ വസ്തുനികുതി സംബന്ധിച്ച മൊഡ്യൂളിന്റെ പോരായ്മ കാരണം ഉയർന്ന തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെയും പാർപ്പിടങ്ങളെയും കുറഞ്ഞ തറവിസ്തീർണ്ണമുള്ളവയുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിലൂടെ നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടായി.

1. ഉയർന്ന തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ കുറഞ്ഞ തറവിസ്തീർണ്ണമുള്ളവയുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു - നഗരസഭയ്ക്ക് വരുമാന നഷ്ടം .

തിരുവനന്തപുരം നഗരസഭയുടെ 09.02.2024-ലെ ആർ.3/26859/23 വസ്തുനികുതി പരിഷ്കരണ വിജ്ഞാപനപ്രകാരം 100ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 94.5/- രൂപയും 100 ച.മീറ്റർ മുതൽ 500 ച.മീറ്റർ വരെയുള്ളതിന് 126/- രൂപയും 500 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 136.5/ രൂപയുമാണ് 01.04.2024 മുതലുള്ള വസ്തുനികുതി നിരക്ക്. എന്നാൽ അനുബന്ധം-11 ൽ ചേർത്തിരിക്കുന്ന 100 ച. മീറ്ററിന് മുകളിൽ വിസ്തീർണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ "100 ച. മീറ്റർ വരെയുള്ള വാണിജ്യ സ്ഥാപനങ്ങൾ" എന്ന ഉപവിഭാഗത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. കെസ്മാർട്ട് സോഫ്റ്റ്വെയറിലെ വസ്തുനികുതി സംബന്ധിച്ച മൊഡ്യൂളിന്റെ പോരായ്മയാണ് ഈ അപാകതയ്ക്ക് കാരണം. ഇത നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ വരുമാന നഷ്ടത്തിന് കാരണമാകുന്നു. ഇവ സംബന്ധിച്ച വിശദവിവരത്തിന് അനുബന്ധം-11 കാണുക

2. ഉയർന്ന തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ താഴ്ന്ന തറവിസ്തീർണ്ണമുള്ളവയുടെ ഗണത്തിൽ ഉൾപ്പെടുത്തിയുള്ള നികുതി നിർണ്ണയം - നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം

തിരുവനന്തപുരം നഗരസഭയുടെ 09.02.2024-ലെ ആർ.3/26859/2023 വസ്തുനികുതി പരിഷ്കരണ വിജ്ഞാപന പ്രകാരം 300 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 16.8/- രൂപയും 300 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 21/- രൂപയുമാണ് 01.04.2024 മുതലുള്ള വസ്തു നികുതി നിരക്ക്. എന്നാൽ അനുബന്ധം-12 ൽ ചേർത്തിരിക്കുന്ന 300 ച. മീറ്ററിന് മുകളിൽ വിസ്തീർണമുള്ള പാർപ്പിടവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളെ "300 ച. മീറ്റർ വരെയുള്ള പാർപ്പിടവശ്യങ്ങൾക്കുപയോഗിക്കുന്ന കെട്ടിടങ്ങൾ" എന്ന ഉപവിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഗരസഭയ്ക്ക് വരുമാന ചോർച്ചയുണ്ടായി.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.242/കെ.എസ്.എ/ടി.വി.സി.3/2025, തീയതി.09.02.2026) മറുപട ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗത്തിൽ ഉൾപ്പെടുത്തിയത് വഴി നഗരസഭയ്ക്ക് വസ്തു നികുതി ഇനത്തിതിൽ നഷ്ടം വന്നിട്ടുണ്ട കെസ്മാർട്ട് സോഫ്റ്റ്വെയറിലെ ഈ ന്യൂനത പരിഹരിച്ച്, കെട്ടിടങ്ങളെ ശരിയായ തറ വിസ്തീർണ്ണത്തിനനുസരിച്ചുള്ള ഉപവിഭാഗത്തിൽപ്പെടുത്തി, വസ്തു നികുത പുനർനിർണ്ണയിക്കേണ്ടതാണ്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇവ സംബന്ധിച്ച വിശദവിവരത്തിന് അനുബന്ധം-12 കാണുക.

1-18-13 കെ.സ്മാർട്ടിലെ വസ്തു നികുതി ഇനത്തിൽ ഉൾപ്പെട്ട സർക്കാർ കെട്ടിടങ്ങളുടെ നികുതി/ഉടമസ്ഥത സംബന്ധിച്ച അപാകതകൾ

സർക്കാർ ഓഫിസുകളുടെ വസ്തു നികുതി വിവരങ്ങൾ കെസ്മാർട്ടിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള നിരവധി കെട്ടിടങ്ങൾ 'സർക്കാർ ഓഫീസ് കെട്ടിടങ്ങൾ' എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. അനേകം സംസ്ഥാന സർക്കാർ ഓഫീസ് കെട്ടിടങ്ങളെ "കേന്ദ്ര സർക്കാർ ഓഫീസ് കെട്ടിടങ്ങൾ" എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

3. പാളയം വാർഡിലെ (വാർഡ് 27) നിയമസഭ സെക്രട്ടേറിയറ്റിനെയും, അനുബന്ധ കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തമ്പാനൂർ

വാർഡിൽ (വാർഡ് 81) ഉൾപ്പെടുന്ന ഗവണ്മെന്റ് സെക്രട്ടേറിയറ്റ് കോംപ്ലക്സിൽ ഉൾപ്പെട്ട കെട്ടിടങ്ങളിന്മേൽ നിലവിലും വസ്തു നികുതി ഡിമാൻഡ് ചെയ്യപ്പെടുന്നുണ്ടെന്നിരിക്കെ മേൽ കെട്ടിടങ്ങളെ ഒഴിവാക്കിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.263/കെഎസ്എ/ടിവിസി.3/2025 തീയതി:20.02.2026)മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്കുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വിശദാംശങ്ങൾക്ക് അനുബന്ധം-13 കാണുക.

1-18-14 വ്യക്തമായ രേഖകൾ ഹാജരാക്കാതെ അനധികൃത മൊബൈൽ ടവർ ഡിമോളിഷ്ഡ് എന്ന് രേഖപ്പെടുത്തി വസ്തു നികുതി ഡിമാൻഡ് ക്യാൻസൽ ചെയ്തിരിക്കുന്നു.

പട്ടം വാർഡിലെ അനധികൃത മൊബൈൽ ടവറിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ സന്തോഷ് ജോൺ & സതീഷ് ജോൺ കെ എന്നിവരുടെ ഉടമസ്ഥതയിൽ കെസ്മാർട്ട് റിപ്പോർട്ട് പ്രകാരം 1863/UA, 1862/UA എന്നീ 2 അനധികൃത മൊബൈൽ ടവറുകൾ ഉണ്ട്. ഇത് പ്രകാരം 1863/UA (File No. 2085517-2025) മൊബൈൽ ടവർ Demolish ചെയ്യുന്നതിനായി 14/6/25-ൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി ഫയലിൽ 386131/2025 ഫയലിന്റെ അടിസ്ഥാനത്തിൽ Demolish ചെയ്യുന്നതിനും ഡിമാന്റിൽ നിന്ന് ഒഴിവാക്കുന്നതിന് സൂപ്രണ്ട് അംഗീകാരം നൽകിയിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ 2018-19 ൽ ടവർ Demolished എന്ന് രേഖപ്പെടുത്തി 2018 Ist Half മുതൽ പ്രസ്തുത ടവറിന് നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഫയൽ 386131/2025 കെസ്മാർട്ടിൽ പരിശോധിച്ചതിൽ 1863/UA നമ്പർ മൊബൈൽ ടവറിന് റ്റി. സി.നം. 17/1871 എന്ന നമ്പറിൽ (Deputy General Manager Indus Tower) 2011-2012 2-ാം അർദ്ധവർഷത്തിൽ നികുതി ചുമത്തിയിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. 17/1871-ഉം 1863/UA യും ഒരേ ടവർ ആണെന്നും ആയതിനാൽ 1863/UA ക്യാൻസൽ ചെയ്യാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. 17/1871 നമ്പരിലെ മൊബൈൽ ടവർ 11m^2 ആകുന്നു. കെസ്മാർട്ട് Details പ്രകാരം 1863/UA 40m^2 ആണ്. കൂടാതെ സന്തോഷ് ജോൺ.കെ & സതീഷ് ജോൺ.കെ എന്നിവരുടെ ഉടമസ്ഥതയിൽ 1862/ UA എന്ന 40m^2ഉള്ള ഒരു അനധികൃത മൊബൈൽ ടവർ കൂടി നിലനിൽക്കുന്നുണ്ട് (ഫയൽ നം. 386131/25-ൽ പ്രസ്തുത കെട്ടിടത്തിൽ 2 മൊബൈൽ ടവർ ഉണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്)

2011-12 കാലയളവിൽ നികുതി നിർണയിച്ച മൊബൈൽ ടവർ (17/1871-11m^2) 2018-19 ഒന്നാം അർദ്ധവർഷത്തിൽ വ്യത്യസ്തമായ പ്ലിന്ത് ഏര്യയോടെ അനധികൃതത്തിൽ (17/1863UA-40m^2) ഉൾപ്പെട്ടത് എന്തുകൊണ്ടെന്ന് വ്യക്തമാക്കേണ്ടതുണ്ട്. 17/1871-ന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും 17/1871-ഉം 1863/UAയും ഒന്നാണെന്നുള്ള രേഖകൾ ഹാജരാക്കിയിട്ടുമില്ല. 2-ന്റെയും പ്ലിന്ത് ഏര്യ വ്യത്യാസപ്പെട്ടിരിക്കുന്നു. Ksmart Building Search-ൽ 17/1871-ന്റെ ഉപയോഗഗണം പാർപ്പിടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ Category Wise Mobile Tower – Pattom Ward ൽ Enlist ചെയ്യപ്പെടുന്ന Mobile Tower-കളുടെ List ൽ 17/1871 ലഭ്യമല്ല. കൂടാതെ ഇതിനൊപ്പമുള്ള 1862/UA ഇപ്പോഴും 40m^2 പ്ലിന്ത്2 ഏര്യയോട് കൂടി Unauthorised ആയി നിലനിൽക്കുന്നു. ആയതിന്റെ കടിശ്ശിക 2018 മുതൽ ഒടുക്കു വരുത്തിയിട്ടില്ല ഡിമാന്റ് നോട്ടീസ് പ്രകാരം - 9,69,453/- രൂപ കടിശ്ശിക ഉണ്ട്. പ്രസ്തുത ടവറിന്റെ അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് നടത്തിയ നടപടിക്രമങ്ങളും അതിന്റെ തുടർനടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. കടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 17/1871 ഉം 1863/UA യും ഒരേ മൊബൈൽ ടവർ ആണെന്ന് ഫയൽ നം. 386131/25 പ്രകാരം രേഖപ്പെടുത്തലുകൾ നിലനിൽക്കെ ഫയൽ നം. 2085517/25 പ്രകാരം 1863/UA Demolished എന്ന് രേഖപ്പെടുത്തി ഡിമാന്റിൽ മാറ്റം വരുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. . കൂടാതെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് സൂപ്രണ്ട് (HG) ആണ് അംഗീകരിച്ചിരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.198/കെ.എസ്.എ./ടിവിസി.6/2025. തീയതി: 21.01.2026.) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 1862/UAയുടെ വസ്തുനികുതി കടിശ്ശികയായ 9,69,453/- രൂപ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-18-15 കംപ്ലീഷൻ പ്ലാനിന് അനുസൃതമായി വസ്തുനികുതി നിർണയിച്ചിട്ടില്ല

ജഗതി വാർഡിൽ ഉൾപ്പെട്ട ശ്രീ. സുരേഷ് ചിദംബരം, തൈക്കാട് എന്ന് വ്യക്തി വസ്തുനികുതി അസസ്മെന്റിനായി സമർപ്പിച്ചിട്ടുള്ള എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ Built Up Area 1874.79 M^2 ആണ്. എന്നാൽ കെസ്മാർട്ടിലെ വസ്തുനികുതി അസസ്മെന്റ് പരിശോധിച്ചതിൽ ആകെ 1429.3m^2-ന് മാത്രമേ നികുതി നിർണയിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ബിൽറ്റ് അപ്പ് ഏരിയ	തരം
1	44/1113	60m2	Shop
2	44/1111	546m2	Godown
3	44/1111(1)	121.84m2	Lodge
4	44/1111(2)	124.41m2	Lodge
5	44/1111(3)	121.14m2	Lodge
6	44/1111(4)	104.56m2	Lodge
7	44/1111(5)	128.27m2	Lodge
8	44/1111(6)	111.08m2	Office Building
9	44/1116	112m2	Houses
	ആകെ	1429.3m2	

1874.79m^2-ൽ 445.49m^2 -ന് (1874.79-1429.3) നികുതി നിർണയിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.198/കെ.എസ്.എ./ടിവിസി.6/2025 തീയതി: 21.01.2026.). 445.49m^2-നെ കൃത്യമായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ച് തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-18-16 തറവിസ്തീർണ്ണടിസ്ഥാനത്തിലുള്ള തെറ്റായ ഗണത്തിലുൾപ്പെടുത്തി വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്ക് ഈടാക്കി-നികുതി പുനർനിർണ്ണയിക്കണം.

തിരുവനന്തപുരം നഗരസഭ ഫോർട്ട് സോണൽ പരിധിയിലെ മുട്ടത്തറ വാർഡിൽ ശ്രീ. പുഷ്പരൻ, പുന്നവിളവീട് എന്ന വ്യക്തിയുടെ 218.26m^2 തറസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 320(8) മുതൽ 12 വരെ നമ്പർ നൽകി നികുതി നിർണ്ണയിച്ചിരിക്കുന്നു. 320(9)-65.73 ച. മി, 320(10)- 14-17 ച. മി, 320(11)- 77.8 ച. മി, 320(12)- 17.49 ച. മി എന്നീ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള 100m^2-ന് മുകളിൽ 500m^2ന് താഴെ തറ വിസ്തീർണ്ണം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ കെട്ടിട നമ്പർ 320(8)- 43.07 ച. മി വാണിജ്യാവശ്യത്തിനുള്ള 100m^2താഴെ

തറവിസ്തീർണ്ണമുള്ള ഗണത്തിൽ ഉൾപ്പെടുത്തി നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു.

വിസ്തീർണ്ണം ച.മീറ്റർ ഉപയോഗക്രമം	Ksmart നിർണ്ണയിച്ച വസ്തു നികുതി		നികുതി ഈടാക്കേണ്ടിയിരുന്നത്	
3.07 ച.മീ, Commercial Building Above 100sq.Mt Upto 500 Sq.	ബേസിക് ടാക്സ്	4071	ബേസിക് ടാക്സ്	5427
	തൃതീയ മേഖല 20% ഇളവ്	814	തൃതീയ മേഖല 20% ഇളവ്	1086
	റോഡ് 20% വർദ്ധനവ്-	815	റോഡ് 20% വർദ്ധനവ്-	1086
	LC &SC 15%	611	LC &SC 15%	814
	ആകെ	4683	ആകെ	6241
			വ്യത്യാസം 6241-4683	1558/-

കൃത്യമായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർ നിർണയിച്ച് ഉക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാമാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.225/കെ.എസ്.എ./ടിവിസി.6/2025. തീയതി: 31.01.2026.) മറുപടി ലഭ്യമാക്കിയില്ല.

1-18-17 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കെ-സ്മാർട്ടിൽ തെറ്റായി നിർണ്ണയിച്ചിരിക്കുന്നു.

2024-25 വർഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള 100 ച.മീ ന് താഴെ തറവിസ്തീർണ്ണമുള്ള പല വാണിജ്യ കെട്ടിടങ്ങളുടെയും വസ്തു നികുതി കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ തെറ്റായാണ് നിർണ്ണയിച്ചിരിക്കുന്നത്.

കെസ്മാർട്ട് പരിശോധനയിൽ 100 ച.മീ ന് താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് '100 ച.മീ ന് മുകളിൽ500 ച.മീ വരെ' തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 110 രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്. എന്നാൽ നഗരസഭാ വിജ്ഞാപനപ്രകാരം (നം.R3-26859/23 തീയതി:09.02.2024) 100 ച.മീ വരെയുള്ള അത്തരം വാണിജ്യ കെട്ടിടങ്ങൾക്ക് 90 രൂപയും (വാർഷിക വർദ്ധനവിന് ശേഷം 94.5) 100 ച.മീ ന് മുകളിൽ 500 ച.മീ വരെയുള്ളവക്ക് 120 രൂപയുമാണ് (വാർഷിക വർദ്ധനവിന് ശേഷം 126/-രൂ) നിശ്ചയിച്ചിട്ടുള്ളത്. ആയതിൻപ്രകാരമാണ് കെ-സ്മാർട്ട് Functionality Rate Settings നടത്തിയിട്ടുള്ളത്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം/ ഉടമയുടെ പേര് , ഉപയോഗക്രമം,	തറ വിസ്തീർണം (ച.മീ)	ഈടാക്കിയ വസ്തുനികുതി നിരക്ക്, കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി (Ksmart പ്രകാരം**)	ഈടാക്കേണ്ട നിരക്ക്, കണക്കാക്കേണ്ട അടിസ്ഥാന വസ്തു നികുതി	വ്യത്യാസം	നികുതി നിർണയിച്ച കാലയളവ് (അർദ്ധവർഷം)
1	22/2855/9 വി.ആർ.കൃഷ്ണകുമാർ (വാണിജ്യം)	46.49	110 5114	94.5 4393	721	2024-25 I-Half
2	22/2855/7 വി.കൃഷ്ണകുമാർ (വാണിജ്യം)	92.27	110 10227	94.5 8720	1507	2024-25 I-Half
3	30/2383/4 കെ.ജയധരൻ നായർ (വാണിജ്യം)	10	110 1100	94.5 945	155	2024-25 I-Half

**Commercial Buildings Above 100sqm And Upto 500sqm ,Commercial Buildings Above 500sqm എന്നിങ്ങനെയാണ് കെ-സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ടി കെട്ടിടങ്ങൾക്ക് 110/- രൂപ നിരക്കിൽ വസ്തുനികുതി കണക്കാക്കിയ സാഹചര്യം വ്യക്തമാക്കാനും, പ്രസ്തുത അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് 31.10.2025. ന നൽകിയ ഓഡിറ്റ് എന്ക്വയറി നം 41 /കെ.എസ്.എ./എ.ഒ.III/2025 മറുപടി നല്കിയില്ല. അപാകത പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-18-18 ഫ്ലാറ്റ് സമുച്ചയങ്ങളിലെ പാർപ്പിടയൂണിറ്റുകളുടെ വസ്തു നികുതി നിർണ്ണയം ഏകീകൃതമല്ല- നിരക്കിൽ അവ്യക്തത.

2024-25 വർഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിശോധനയിൽ ഫ്ലാറ്റ് സമുച്ചയങ്ങളിലെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ അവ്യക്തതയുണ്ട്. ഫ്ലാറ്റ് സമുച്ചയങ്ങളിൽപ്പെട്ട ചിലകെട്ടിടങ്ങളിലെ 300 ച.മീറ്ററിന് താഴെ തറവിസ്തീർണ്ണമുള്ള പാർപ്പിട യൂണിറ്റുകൾക്ക് 300 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയുടെ നിരക്കായ 22രൂപയും, എന്നാൽ മറ്റ് ചില കെട്ടിടങ്ങളിൽ സമാന സ്വാഭാവനുള്ളവയ്ക്ക് 16രൂപ നിരക്കിലുമാണ് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇത്തരം പാർപ്പിട യൂണിറ്റുകൾക്ക് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023-ലെ സ.ഉ (അച്ചടി) നം. 26/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

തിരുവനന്തപുരം നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച് R3/26859/23, തീയതി.09.02.2024 ഉത്തരവ് പ്രകാരം നഗരസഭാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും ആയതിൻ പ്രകാരം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന 300 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 01.04.2023 മുതൽ 16 രൂപയും 300 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 20(ksmart ൽ നിലവിലുള്ള നിരക്ക്-22രൂപയാണ്) രൂപയുമാണ്. 01.04.2024 മുതൽ ഇത് 5% വാർഷിക വർദ്ധനവ് ഉൾപ്പെടെ യഥാക്രമം 16.80 രൂപയും 21രൂപയുമാണ്.

എന്നാൽ കെസ്മാർട്ടിലെ വസ്തുനികുതി നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള 'Functionality Rate Settings'ൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ 300 ച.മീറ്ററിന് താഴെ തറവിസ്തീർണ്ണമുള്ളവയ്ക്ക് 16 രൂപ നിരക്കിലും, 300 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 22 രൂപ നിരക്കിലുമായി ആകെ രണ്ട് വിഭാഗങ്ങളായി മാത്രമാണ് തിരിച്ചിട്ടുള്ളത്.

[1. Dwellings For Own House, Home Stay, One Or Two Rooms For Homestay Up To 300 Square Metre @ 16/Sq M 2

2. Dwellings For Own House, Home Stay, One Or Two Rooms For Homestay Above 300 Squaremetre@ 22/Sqm.

മേൽപ്പറഞ്ഞ പ്രകാരമുള്ള അപാകത ശ്രദ്ധയിൽപ്പെട്ട കെട്ടിടങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) PTP നഗർ വാർഡിൽ എസ്.ചന്ദ്രബാബു, ശ്രീകല ചന്ദ്രബാബു എന്നിവരുടെ ഉടമസ്ഥതയിലുള്ള "Aroma High Bloom Apartments" എന്ന കെട്ടിടത്തിലെ 103 യൂണിറ്റുകൾക്ക് TC നമ്പർ നല്കി 2024-25 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ച് നല്കിയിട്ടുണ്ട് (38/1744-1 To 38/1744-103). ഇതിൽ 13.52 ച.മീ തറവിസ്തീർണ്ണമുള്ള 38/1744-103 എന്ന കെട്ടിട ഭാഗമൊഴികെ ബാക്കി എല്ലാ ഫ്ലാറ്റുകളെയും "300ച.മീ തറവിസ്തീർണ്ണത്തിന് മുകളിലുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നല്കുന്നതുമായ പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 23.1 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഫ്ലാറ്റുകൾ എല്ലാം തന്നെ 300 ച.മീ ന് താഴെ തറവിസ്തീർണ്ണമുള്ള യൂണിറ്റുകളായാണ് കെ-സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ പ്രസ്തുത കെട്ടിടസമുച്ചയത്തിലെ 13.52ച.മീ തറവിസ്തീർണ്ണമുള്ള 38/1744-103 "ലോഡ്ജ്, ഹോട്ടൽ, മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ" എന്ന ഗണത്തിൽപ്പെട്ട കെട്ടിടഭാഗത്തിനും നഗരസഭാ വിജ്ഞാപനപ്രകാരമുള്ള 84 രൂപ നിരക്കിന് പകരം, പ്രസ്തുത ഗണത്തിൽപ്പെട്ട 300ച.മീ ന് മുകളിലുള്ളവയുടെ കൂടിയ നിരക്കായ 94.5രൂപ നിരക്കിലാണ് വസ്തുനികുതി നിശ്ചയിച്ച് ഈടാക്കിയിട്ടുള്ളത്.

2) എന്നാൽ മെഡിക്കൽ കോളേജ് വാർഡിലുൾപ്പെട്ട എൻ.എസ്.കൃഷ്ണകുമാർ, ബി.ശാരദാ ദേവി, കോണ്ടൂർ പ്രൈമോസെ എന്ന കെട്ടിടത്തിലെ 300 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള 48 പാർപ്പിട യൂണിറ്റുകൾക്ക് (റ്റി.സി നം.16/3447(1) മുതല് 16/3447(48)വരെയുള്ളവ) 16.8 രൂപ നിരക്കിലാണ് വസ്തുനികുതി കണക്കാക്കി ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം വ്യത്യസ്ത നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 142 /കെ.എസ്.എ./എ.ഒ.III/2025. തീയതി:31.10.2025.) സെക്രട്ടറി മറുപടി നല്കിയില്ല.നഗരസഭ ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

1-18-19 കൂട്ടിച്ചേർക്കലുകൾ വരുത്തി ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചില്ല/കുറവായി നിർണ്ണയിച്ചു.

നിലവിലുള്ള കെട്ടിടഭാഗത്തോട് കൂട്ടിച്ചേർക്കലുകൾ വരുത്തി ക്രമവൽക്കരണം നടത്തിയിട്ടുള്ള നിരവധി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിക്കാത്തതായോ കുറവായി നിർണയിച്ചതായോ പ്രസ്തുത വാർഡിലെ Building List Report പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ അപാകതയിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 252/കെ.എസ്.എ/എഒ2/2025, തീയതി 17.02.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.വിശദാംശങ്ങൾക്ക് അനുബന്ധം-14 കാണുക.

1-18-20 ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളെ U/A ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കിയിട്ടില്ല

നഗരസഭ പരിധിയിൽ അനുമതി ഇല്ലാതെ നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ അപേക്ഷ സമർപ്പിച്ചശേഷം വിവിധ കാരണങ്ങളാൽ ക്രമവൽക്കരണ അനുമതി ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ട്. 2024-25 ൽ ക്രമവൽക്കരണ അപേക്ഷ നൽകിയിരുന്നുവെങ്കിലും നാളിതുവരെ ക്രമവൽക്കരിക്കാത്ത ഇത്തരം കെട്ടിടങ്ങളെ U/A ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടില്ല. ഇത്തരത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ.നം.	ഫയൽനം.തീയതി	അപേക്ഷന്റെ പേര്	നിർമ്മാണം പൂർത്തിയാ ക്കിയ തീയതി	ക്രമവൽക്കരണം നടത്തേണ്ട വിസ്തീർണ്ണം	കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം
01	2622215-2024	ശരത് കുമാർ	03.11.2024	516.91 M^2	905.89 M^2
02	226728-2024	അഭിലാഷ്	13.09.2024	90.56 M^2	318.39 M^2
03	2312342-2024	ചിത്ര കുറുപ്പയ്യ	03.11.2024	516.91 M^2	905.89 M^2
04	473014-2025	മേരി ചാക്കോ	25.09.2024	1070.70 M^2	2527.25 M^2
05	2318813-2024	രവീന്ദ്രൻ	10.09.2024	605.33 M^2	606.33m^2
06	2586370-2024	സിന്ധു.എസ്	11.11.2024	42.21 M^2	160.80m^2
07	2663254-2024	സുരേഷ്.ജെ	17.11.2024	39.05m^2	45.10m^2
08	2872929-2024	നന്ദകുമാർ.വി.എസ്	01.12.2024	35.98m^2	35.98m^2
09	156479-2025	ബാദിഷ.എം	10.01.2025	129.09m^2	129.09m^2
10	1951753-2024	ഹെപ്സി മേരി റോസ്	01.08.2024	1.22m^2	121m^2
11	2003461-2024	പഴനി ആചാരി.കെ	12.08.2024	47.66m^2	97.12m^2
12	2330955-2024	അസൂറ ബീവി	10.08.2024	146.21m^2	146.21m^2
13	599817-2025	വിനു.വി	13.03.2025	97.50m^2	97.50m^2
14	1203289-2024	ഗ്ലാഡിസ് ഇഗ്നേഷ്യസ്	04.01.2024	79.38m^2	79.38m^2
15	2248915-2024	എൻ.രമേഷ് കുമാർ	05.09.2024	64.38m^2	135.14m^2

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണങ്ങൾക്ക് (നം.222/കെ.എസ്എ/ടിവിസി.9/2024-25 തീയതി 31.01.2026,നം.239/ കെഎസ്എ/ടിവിസി.7/2024-25 തീയതി 07.02.2026)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി ഇത്തരം അനധികൃത കെട്ടിടങ്ങളെ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-18-21 അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് - പുനർനിർണ്ണയിക്കണം.

കഴക്കൂട്ടം സോണലിലെ കാട്ടായിക്കോണം വാർഡിലെ റ്റി.സി. III/3215/UA1/2025 നമ്പർ കെട്ടിടത്തിന് (ഉടമസ്ഥന്റെ പേര്, വിലാസം- രത്നാകരൻ, ഷീജാ ഭവൻ, സന്നിധിപുരം, കാട്ടായിക്കോണം) വസ്തുനികുതി നിർണ്ണയ റിപ്പോർട്ടിൽ (ഫോറം 6) റോഡിന്റെ ഇനം 5 മീറ്ററിൽ താഴെയും 1.5 മീറ്ററിന്റെ മുകളിലും എന്ന് രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചത്.

മുൻവശത്തെ 6m വീതിയുള്ള റോഡിൽ നിന്നും 3m ദൂരപരിധി പാലിക്കേണ്ട സ്ഥാനത്ത് 2 ഉം ഒരു വശത്ത് 1.5m ആവശ്യമുള്ളടത്ത് 0.65 മാത്രമാണ് Setback എന്നതിനാൽ KMBR ചട്ടങ്ങൾ ലംഘിച്ച് പണിതതിനാൽ UA (Unauthorised Assessment) നമ്പരാണ് കെട്ടിടത്തിന് നൽകിയിട്ടുള്ളത്.

മുൻവശത്ത് 6m വീതിയുള്ള റോഡ് ഉള്ളതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് താഴെപ്പറയും പ്രകാരം നിർണ്ണയിക്കേണ്ടതാണ്.

ക്രമ നം.	പ്ലിന്ത് ഏര്യ (ച.മീറ്റർ)	വസ്തു നികുതി നിരക്ക് (രൂപ)	അടിസ്ഥാന വസ്തുനികുതിയിലെ ഇളവുകൾ	അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ്	UAകെട്ടിടത്തിന്റെ വസ്തുനികുതി (SC, LC സഹിതം)	ആകെ
1	ഗ്രൗണ്ട് ഫ്ലോർ Door - 1 - 20.12	16.8	Based On Zone – 20% - 68	5m Above Road – 20% - 68	(1014+51+102)=1167	3965
2	Door -2, Shop-9.53	94.5	Based On Zone - 20% - 180 Based On Roof – 10% -90	5m Above Road 20% - 180	2433+122+243 = 2798	

കെ-സ്മാർട്ട് ഫോറം 6 പ്രകാരം നഗരസഭ നിർണ്ണയിച്ച വസ്തുനികുതി

Ground Floor Door 1 – 932/- (SC, LC സഹിതം)

Door 2 – 2177/- (SC, LC സഹിതം)

Total – 3109/-

വ്യത്യാസം 3965-3109= 856/- രൂപ

വസ്തുനികുതി പുനനിർണ്ണയിച്ച് കുറവ് തുക ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-18-22 നിലവിലുള്ള കെട്ടിടത്തെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു.

നിലവിലുള്ളതും, ഉപയോഗ ഗണം മാറാതെ വിസ്തൃതിയിൽ വർദ്ധനവ് വരുത്തുന്ന തുമായ കെട്ടിടത്തിന്റെ പെർമിറ്റിനായാണ് ശ്രീ ഗണേഷ്.സി/ ചിത്തരഞ്ചൻ ഫയൽ നം. 719891-2025 പ്രകാരം അപേക്ഷ സമർപ്പിച്ചത്. Proposed Plan, പെർമിറ്റ് അപേക്ഷ എന്നിവയിൽ നിലവിലുള്ള കെട്ടിടത്തിന്റെ ഗണം വാണിജ്യം (207.93 ച.മി. കെട്ടിട നമ്പർ TC 95/299) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത കെട്ടിടനമ്പർ കെസ്മാർട്ടിൽ പരിശോധിക്കുമ്പോൾ 600ച. മി ഉള്ള പാർപ്പിടം എന്ന് കാണിച്ച് വാർഷിക വസ്തു നികുതി 701/- രൂപയായി നിശ്ചയിച്ചിരിക്കുന്നു. ഇത്തരത്തിൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തെ തെറ്റായഗണത്തിൽ ഉൾപ്പെടുത്തി നികുതി കുറവായാണ് നിർണ്ണയിച്ചിരിക്കുന്നത്. പ്രസ്തുത കെട്ടിടത്തെ കൃത്യമായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് 22.03.2023-ലെ സ.ഉ.(കൈ) നം.77/2023/തസ്വഭവ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 7-ൽ 2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ17-ാം ചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ മാറ്റം വരുത്തുകയാണെങ്കിൽ 30 ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അല്ലാത്തപക്ഷം സെക്രട്ടറിയ്ക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികം അത് പിഴയായി ചുമത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 10-ൽ കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതുണ്ടെന്നും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ടെന്നും മേൽ പരിശോധനകൾ 30.06.2023-ന് മുൻപ് പൂർത്തീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി താൽക്കാലിക ജീവനക്കാരെ നിയോഗിക്കാമെന്നും വ്യക്തമാക്കിയിരിക്കുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിൽ ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ആയത് ഫലപ്രദമായി നടപ്പിലാക്കാത്ത സാഹചര്യത്തിൽ നികുതി ചോർച്ചയുണ്ടാകുന്നതിന് കാരണമാകും. നിലവിലുള്ള കെട്ടിടത്തിൽ വിസ്തൃതി വ്യതിയാനം വരുത്തുമ്പോൾ പെർമിറ്റ്, നമ്പറിംഗ് എന്നിവയ്ക്കായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിലെങ്കിലും നിലവിലുള്ള കെട്ടിടത്തിന്റെ Built Up Area, ഗണം എന്നിവ കെസ്മാർട്ടുമായി താരതമ്യപ്പെടുത്തി നികുതി പുനർനിർണ്ണയിക്കാത്തത് വീഴ്ചയായി കണക്കാക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.248/കെ.എസ്.എ./ടിവിസി.6/2026.തീയതി:13.02.2026.) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത് നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

1-18-23 നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തൃതി കുറവായി പരിഗണിച്ച് വസ്തുനികുതി നിർണ്ണയിച്ചു.

നിലവിലുള്ള കെട്ടിടങ്ങളോട് കൂടിചേർക്കൽ വരുത്തുന്ന കെട്ടിട പെർമിറ്റ് അപേക്ഷകളുടെ പരിശോധനയിൽ പ്രസ്തുത ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്ന നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തൃതിയെക്കാൾ കുറവാണ് കെസ്മാർട്ടിലെ വസ്തു നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയിരിക്കുന്നതെന്ന് കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	നിലവിലുള്ള കെട്ടിട നം.	പെർമിറ്റ് ഫയൽ പ്രകാരം നിലവിലെ കെട്ടിടത്തിന്റെ വിസ്തൃതി (M^2)	കെസ്മാർട്ട് പ്രകാരം നിലവിലെ കെട്ടിടത്തിന്റെ വിസ്തൃതി (M^2)	കെസ്മാർട്ടിൽ കുറവായി കണക്കാക്കിയ വിസ്തൃതി (M^2)

1	1301255-2024/12.07.2024	2/893-4	81 (GF-67.86) (FF – 13.14)	65.63	15.37
2	1152620-2424	98/3677	194.23 (GF-104.10 FF-90.13)	66	128.2
3	1607003-2024	38/1708	280.48 (GF-67.25, FF-128.29, SF-84.94)	252	28.48

സ്ഥല പരിശോധന നടത്തി നിലവിലുള്ള കെട്ടിടത്തിന്റെ കൃത്യമായ വിസ്തീർണ്ണം അനുസൃതമായി വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

1-18-24 വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - VISL ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തിയിട്ടില്ല – നഗരസഭാ ഫണ്ടിന് ഭീമമായ നഷ്ടം

നഗരസഭാ പരിധിയിലുള്ള വിഴിഞ്ഞം സോണൽ ഓഫീസിന് കീഴിൽ ഹാർബർ വാർഡിൽ സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 2025 മെയ് മാസത്തിൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (VISL) ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായ 2015-ൽ കേരള സർക്കാർ പുറത്തിറക്കിയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഘട്ടം 1-ന്റെ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം തുറമുഖത്തിന് 8670 M2 വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയം വിഭാവനം ചെയ്തിട്ടുണ്ട്.

കേരള ഗവൺമെന്റും Adani Vizhinjam Port Private Ltd-ഉം തമ്മിലുള്ള Concession Agreement For Development And Operation Of Vizhinjam International Deepwater Multipurpose Seaport രേഖകൾ പ്രകാരം (Article 44) വസ്തു നികുതി Authority അടവാക്കേണ്ടതാണ്. ആയതിന് ഏതെങ്കിലും Exemption ലഭിച്ചതായി രേഖകൾ ലഭ്യമായിട്ടില്ല.

കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ പ്രോപ്പർട്ടി ടാക്സ് - ബിൽഡിംഗ് ലിസ്റ്റ് റിപ്പോർട്ട്സിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ വിഴിഞ്ഞം സോണൽ ഓഫീസിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലെ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ തുറമുഖത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തിയിട്ടുണ്ടെങ്കിൽ വസ്തുനികുതി നിർണയ ഫയൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 04.06.2025-ലെ 9/കെ.എസ്.എ/ടിവിസി.6/2025 നമ്പർ ഓഡിറ്റ് എൻക്വയറി നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. ആയതിന് അസി. സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം VISL-ന്റെ നിർമ്മാണ പ്രവൃത്തികൾക്ക് വിഴിഞ്ഞം സോണൽ ഓഫീസിൽ നിന്നും അനുമതി നൽകുകയോ വസ്തുനികുതി നിർണയം നടത്തുകയോ ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഘടകങ്ങൾ പരിശോധിക്കുമ്പോൾ വിഴിഞ്ഞം തുറമുഖത്തിലെ കെട്ടിടങ്ങൾ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപെടുകയോ നഗരസഭ നാളിതുവരെ വസ്തുനികുതി നിർണയം നടത്തി ഈടാക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇതുമൂലം വസ്തുനികുതി ഇനത്തിൽ വരവ് വരേണ്ടിയിരുന്ന ഭീമമായ തുകയുടെ നഷ്ടം നഗരസഭാ ഫണ്ടിന് ഉണ്ടാകുന്നു.പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി സംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടേണ്ടതും അടിയന്തിര നടപടികൾ സ്വീകരിച്ച് നഗരസഭയ്ക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

1-19 തൊഴിൽ നികുതി

നഗരസഭയുടെ തനത് വരുമാന സ്രോതസ്സുകളിലെ ഒരു പ്രധാന ഇനമാണ് തൊഴിൽ നികുതി. 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെ വകുപ്പുകളുടെയും, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കുന്നത്. നഗരസഭാ പരിധിയിൽ ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ/മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാർ, സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവർ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.

നഗരസഭയിൽ 01.01.2024മുതൽ കെസ്മാർട്ട് സോഫ്റ്റ് വെയർ നിലവിൽ വന്നു എങ്കിലും നിലവിലും തൊഴിൽനികുതി മൊഡ്യൂൾ കെസ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിൽനികുതി നിലവിലും ഡിജിറ്റലൈസ് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ ഉപയോഗത്തിലുണ്ടായിരുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടെങ്കിലും മെയിൻ ഓഫീസിലും പല സോണൽ കാര്യാലയങ്ങളിലും ഇത് കാര്യക്ഷമമല്ലെന്ന് പരിശോധനയിൽ ബോധ്യമായി.

മെയിൻ ഓഫീസിലെയും വിവിധ സോണൽ ഓഫീസുകളിലെയും തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അർദ്ധവാർഷിക വരുമാന പത്രികയും രജിസ്റ്ററുകളും പരിശോധിച്ചതിൽ കൃത്യമായി ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെ വീഴ്ച, നികുതി ഒടുക്കിയതിന്റെ വിവരങ്ങൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുക, യഥാസമയം നികുതി ഡിമാന്റ് ചെയ്ത് പിരിക്കുന്നതിലെ ജാഗ്രതക്കുറവ് എന്നിങ്ങനെ മുൻ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ തുടരുന്നതായും, നികുതി ഇനത്തിൽ വലിയ കുടിശ്ശിക ഉള്ളതായും കാണുന്നു. കൂടാതെ അർദ്ധ വാർഷികവരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കാതിരിക്കുക, 27.06.2024-ലെ സ.ഉ(സാധാ) നം. 1149/2024/തസ്വഭവ ഉത്തരവ് പ്രകാരം പരിഷ്കരിച്ച നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കാതിരിക്കുക എന്നീ അപാകതകളും ശ്രദ്ധയിൽപ്പെട്ടു. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെയുള്ള ഖണ്ഡികകളിൽ പ്രത്യേകമായി ചേർത്തിരിക്കുന്നു.

1-19-1 വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-11,88,040/- രൂപ നഷ്ടം.

നഗരസഭാ പരിധിയിലെ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ 2024-25 വർഷം 11,88,040 /- രൂപ ഈടാക്കിയിട്ടില്ല . വിശദവിവരം ഖ.2-5 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-19-2 അർദ്ധ വർഷ വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-104642/- രൂപ നഷ്ടം.

നഗരസഭ പരിധിയിലെ നിരവധി ജീവനക്കാരിൽ നിന്നും അർദ്ധ വർഷ വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടായി.വിശദാംശങ്ങൾക്ക് ഖ.2-6 കാണുക.

1-19-3 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മെയിൻ ഓഫീസിലെ ശാസ്തമംഗലം വാർഡ്, വിഴിഞ്ഞം, നേമം എന്നീ സോണൽ കാര്യാലയങ്ങൾ എന്നിവിടങ്ങളിലെ നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു.

1)മെയിൻ ഓഫീസ്-ശാസ്തമംഗലം വാർഡ്

മെയിൻ ഓഫീസ് - ശാസ്തമംഗലം വാർഡിലെ നിരവധി സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 15.10.2025 നു

നൽകിയ ഓഡിറ്റ് എൻക്വയറി നം.112/കെ.എസ്.എ/എ.ഒ 1/2024-25 നുള്ള മറുപടിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർക്ക് കുറിപ്പ് നല്കി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. വിശദവിവരം അനുബന്ധം-17 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

2)വിഴിഞ്ഞം സോണൽ

ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ/സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, വിഴിഞ്ഞം സോണൽ പരിധിയിലെ വിവിധ വാർഡുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് കാണുന്നു.

ചാർജ്ജ് ഓഫീസർ ലഭ്യമാക്കിയ തൊഴിൽ നികുതി പത്രിക/രജിസ്റ്റർ പ്രകാരം പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെന്ന് കാണുന്നു. ഈ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/ കെ.എസ്.എ /ZO-VIZHINJAM, തീയതി: 20.01.2026.) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.വിശദവിവരം അനുബന്ധം-18 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

3)നേമം സോണൽ

ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ, സോണൽ പരിധിയിലെ വിവിധ വാർഡുകളിൽനിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 02/ കെ.എസ്.എ /ZO-NEMതീയതി: 06.01.2026.) നൽകിയ മറുപടിയാണ് പട്ടികയിൽ റിമാർക്ക്സ് ആയി നൽകിയിരിക്കുന്നത്. ഇനിയും തൊഴിൽ നികുതി ഈടാക്കാത്തവരിൽ നിന്നും ആയത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പട്ടികയിൽ പരാമർശിച്ചിരിക്കുന്ന മറ്റ് അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്. വിശദാംശങ്ങൾ അനുബന്ധം-19 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-19-4 വിഴിഞ്ഞം സോണൽ പരിധിയിലെ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്നില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെയാണ് തൊഴിൽ നികുതി ഈടാക്കിയതെന്ന് കാണുന്നു. അതിനാൽ തൊഴിൽ നികുതി കളക്ഷനിൽ കുറവ് സംഭവിക്കുന്നു.
അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്തതിനാൽ വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലെ 5 വാർഡുകളിലെയും ഭ്രരിഭാഗം വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ പരിഷ്കരിച്ച സർക്കാർ ഉത്തരവിൻ പ്രകാരമുള്ള നിരക്കിന്റെ അടിസ്ഥാനത്തിലാണോയെന്നത് വ്യക്തമല്ല. കൂടാതെ പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ/സ്റ്റേറ്റ്മെന്റ് പ്രകാരം തൊഴിൽ നികുതി ഒടുക്കാത്തതും എന്നാൽ രണ്ടാം അർദ്ധവർഷം ഡിമാന്റ് നിർണയിച്ചിരിക്കുന്നതുമായ ഭ്രരിഭാഗം ജീവനക്കാർക്കും സർക്കാർ ഉത്തരവ് (സാ.ഡാ) നം.1149/2024/ എൽ.എൽ.ജി.ഡി. തീയ്യതി. 27.06.2024 പ്രകാരമുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണയിച്ചിരിക്കുന്നത് എന്ന് ബോധ്യമായിട്ടുണ്ട്. അപാകത ഓഡിറ്റ് എൻക്വയറി നം. 03/ കെ.എസ്.എ /ZO-Vizhinjam തീയതി: 20.01.2026. പ്രകാരം ചാർജ് ഓഫീസറെ അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർണയിച്ച് കുറവ് വന്നവരിൽ നിന്നും ബാക്കി തുക ഈടാക്കേണ്ടതും രണ്ടാം അർദ്ധവർഷം നികുതി ഒടുക്കാത്ത ജീവനക്കാരുടെ/വ്യാപാരികളുടെ തൊഴിൽ നികുതി പുതുക്കി നിർണയിച്ച് ഈടാക്കിയും വിവരം ലഭ്യമാക്കേണ്ടതാണ്.

1-19-5 തൊഴിൽ നികുതി അധികമായി ഈടാക്കി

കടപ്പനക്കുന്ന് സോണൽ പരിധിയിലെ Delta Security Services എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ നിന്നും 2024-25 ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി നിർണയിച്ചതിൽ അപാകത കാണുന്നു. പ്രസ്തുത സ്ഥാപനത്തിൽ 446 ജീവനക്കാരാണ് ഒന്നാം അർദ്ധവർഷം ഉണ്ടായിരുന്നത്. ചുവടെ ഉദാഹരണമായി ചേർത്തിരിക്കുന്ന ജീവനക്കാർ കൂടാതെ മറ്റു ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കിയതിലെ അപാകങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

ക്രമ നം.	ജീവനക്കാരൻറെ പേര്	തൊഴിൽ നികുതിയ്ക്ക് അടിസ്ഥാനമായ ശമ്പളം	ഈടാക്കിയ നികുതി	ഈടാക്കേണ്ടിയിരുന്ന നികുതി
1	വിഷ്ണു.എസ്	52809	498	450
2	സുരേഷ്.എ	50127	457	450
3	മണിയമ്മാൾ.ജെ.എൻ	40199	325	300
4	ഇന്ദുമോൾ.വി	38828	362	300
5	ബിന്ദു.വി	44350	416	300
6	ശാലിനി.എസ്	31046	280	300
7	ഹരികുമാർ.ജി	42316	350	300
8	അനിതകുമാരി.ബി	40889	350	300
9	സൽമാൻ.വി	37223	325	300
10	ജയ.എ	44372	375	300

1-19-6 തൊഴിൽ നികുതി രജിസ്റ്ററിലെ അപാകതകൾ

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെ (ചട്ടം 3) അടിസ്ഥാനത്തിൽ വരുമാനത്തിന്റെ സ്ലാബ് നിർണ്ണയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതി നിർണ്ണയിച്ചിട്ടുമുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 249, 250 പ്രകാരം സെക്രട്ടറി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും വകുപ്പ് 257-ൻറെ അടിസ്ഥാനത്തിൽ വകുപ്പ് 253 ഉപവകുപ്പ് (2) പ്രകാരമുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ അടവാക്കുന്ന തൊഴിൽ നികുതി സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതുമാണ്.

മെയിൻ ഓഫീസ് - തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല .

2024-25 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും സെക്ഷൻ 257 പ്രകാരം ഡിമാൻറ് രജിസ്റ്ററിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരായവരുടെ അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതാണെന്നിരിക്കെ നഗരസഭയുടെ R17(1) Employees Professional Tax Demand Register പരിശോധിച്ചതിൽ കണ്ട അപാകതകൾ അനുബന്ധം-20 ആയി ചേർക്കുന്നു.

ഈ അപാകങ്ങൾ സംബന്ധിച്ച് 27.01.2026 ന നൽകിയ ഓഡിറ്റ് എൻക്വയറി നം.204/കെ.എസ്.എ./ടിവിസി.7/2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (R40/69/2025 തീയതി 02.02.2026) തൊഴിൽ നികുതി 1101001 എന്ന ഹെഡിലും സ്ഥാപന നികുതി 4311901 എന്ന ഹെഡിലുമാണ് റസീപ്റ്റ് ചെയ്യുന്നതെന്നും ആയതിനാൽ പ്രത്യേകം രജിസ്റ്ററുകളിലാണ് വരവ് രേഖപ്പെടുത്തുന്നതെന്നും സ്ഥാപനങ്ങളുടെ പേര് ഡിമാന്റ് രജിസ്റ്ററിലും കെസ്മാർട്ടിലും വ്യത്യാസപ്പെട്ടിരിക്കുന്നതും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ തുക രേഖപ്പെടുത്താത്തവയിൽ ആയതു രേഖപ്പെടുത്തിയും അപാകത പരിഹരിച്ചിട്ടുണ്ട്. നികുതി ഡിമാൻറ് രജിസ്റ്റർ യഥാവിധി പരിപാലിക്കേണ്ടതും കെസ്മാർട്ടിൽ ഉൾപ്പെട്ട രസീത് നമ്പരും തുകയും രേഖപ്പെടുത്തുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

ഫോർട്ട് സോണൽ - തൊഴിൽ നികുതി അപാകതകൾ

ഫോർട്ട് സോണൽ ഓഫീസ് കാര്യാലയത്തിൽ വാർഡിൻറെ ചുമതലയുള്ള ബിൽ കളക്ടർമാർ സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ബിൽ കളക്ടർമാർ ഹാജരാക്കിയ വാണിജ്യ സ്ഥാപനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്	ഒന്നാം അർദ്ധ വർഷം		രണ്ടാം അർദ്ധ വർഷം	
		വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം	ഡിമാൻറ് തുക	വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം	ഡിമാൻറ് തുക
1	66, പൂന്തുറ	30	7320	31	15450
2	67, അമ്പലത്തറ	255	179450	256	218300
3	68, കമലേശ്വരം	140	17240	144	26750
4	69, കളിപ്പാൻകുളം	119	56960	116	83250
5	70, ആറ്റുകാൽ	118	66670	120	93300
6	71, ചാല	1999	1892080	2005	ലഭ്യമല്ല
7	72, മണക്കാട്	288	ലഭ്യമല്ല	286	214920
8	73, കുര്യാത്തി	183	88810	172	124700
9	74, പുത്തൻപള്ളി	116	59810	117	119710
10	75, മാണിക്യവിളാകം	44	18250	46	31000
11	76, ബീമാപള്ളി ഈസ്റ്റ്	36	13030	35	20900
12	77, ബീമാപള്ളി	143	48970	125	77850
13	78, മുട്ടത്തറ	140	76740	149	113700
14	79, ശ്രീവരാഹം	168	ലഭ്യമല്ല	172	146950
15	80, ഫോർട്ട്	514	412560	522	419310
16	87, വലിയതുറ	ബി.സി ലിസ്റ്റ് ലഭ്യമല്ല, രജിസ്റ്റർ പ്രകാരം 94	ലഭ്യമല്ല	84	68900
17	88, വള്ളക്കടവ്	84	68900	71	51950
18	55, കാലടി	131	59920	121	99153
ആകെ			3066710		1926093
ആകെ			4992803		

ബിൽ കളക്ടർമാരുടെ ലിസ്റ്റ്, ഡിമാൻറ് എന്നിവ ലഭ്യമല്ലാത്ത വാർഡുകളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/കെ.എസ്.എ/ZO-Fort/2024-25, തീയതി. 09.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ലിസ്റ്റിൻറെ അടിസ്ഥാനത്തിൽ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും തുക അടവാക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ബിൽ കളക്ടർമാർ ഹാജരാക്കിയ ഡിമാന്റ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ ആകെ ഡിമാന്റ് 49,92,803/- രൂപയാണ്. മേൽ തുകയിൽ മണക്കാട് (I Half), ശ്രീവരാഹം (Ist Half) വലിയതുറ (Ist Half), ചാല (IInd Half) എന്നീ വാർഡുകളുടെ ഡിമാന്റ് തുക ഉൾപ്പെട്ടിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം ഏതൊക്കെ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടുണ്ടെന്നും എത്ര കടിശ്ശിക നിലനിൽക്കുന്നുവെന്നും വ്യക്തമല്ല. ഫോർട്ട് സോണൽ പരിധിയിൽ പ്രവർത്തിക്കുന്ന IFTE & OS ലൈസൻസ് ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുമ്പോൾ Professional Tax Institution/Traders ഒടുക്കേ വരുത്തേണ്ടത് നിർബന്ധമാണെന്നിരിക്കെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ ലൈസൻസില്ലാതെ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അനുമാനിക്കേണ്ടിവരും. ലൈസൻസ് ഡിമാൻറ് രജിസ്റ്ററും തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററും പൊരുത്തപ്പെടുത്തി സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആയത് പൊരുത്തപ്പെടുത്തുന്നതിനുള്ള സംവിധാനം കെസ്മാർട്ടിൽ ഇല്ല എന്നും ലൈസൻസ് സംബന്ധമായ രേഖകൾ ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമാക്കി തൊഴിൽ നികുതി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുവെന്നും മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (കെ.എസ്.എ.215/ടിവിസി.9/2025(2)) മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ മറുപടിയും ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററുകളിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം കൂടുതൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ പോസ്റ്റ് ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.4/കെ.എസ്.എ/ZO-Fort/2024-25, തീയതി.09.01.2026) 18 വാർഡിലെയും ഡിമാൻറ് ചെയ്യൽ, ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുക, ഡിമാന്റ് നോട്ടീസ് നൽകുക, അസസ്മെൻറ് ഇൻസേർഷൻ ക്യാൻസലേഷൻ ഉൾപ്പെടെയുള്ള ഭാരിച്ച ജോലികൾ ജീവനക്കാരുടെ കുറവ് മൂലം ഒരാൾ ചെയ്യേണ്ടിവരുന്നതിനാലും, കെസ്മാർട്ട് സംവിധാനം ആരംഭിച്ചത് മുതൽ ഓരോ വാർഡുകളിലെയും തുക ഒടുക്കിയതിൻറെ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കാത്തതിനാലും പോസ്റ്റിംഗ് യഥാസമയം പൂർത്തീകരിക്കുന്നതിന് കഴിയാതെ വരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും തൊഴിൽ നികുതിയും കെസ്മാർട്ടിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനം നിലവിൽ വരാത്ത

സാഹചര്യത്തിൽ ചട്ടപ്രകാരം നിർദ്ദേശിക്കുന്ന രജിസ്റ്ററുകളും രേഖപ്പെടുത്തലുകളും സൂതാര്യതയോടെ സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയാണ്. ആയതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാൻ കഴിയില്ല. കൃത്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സൂക്ഷിക്കാത്തതു മൂലം ഏതൊക്കെ സ്ഥാപനങ്ങൾ, ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ എത്ര തുക ലഭിച്ചിട്ടുണ്ടെന്നോ അറിയാത്ത സാഹചര്യം അഭികാമ്യമല്ല. കൃത്യമായ പോസ്റ്റിംഗ് പൂർത്തീകരിച്ച് ഡിമാൻറ് രജിസ്റ്റർ കാലികമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കു വരുത്താത്ത ജീവനക്കാരുടെ സ്ഥാപന ലിസ്റ്റ് ലഭ്യമാക്കിയത് അനുബന്ധം-21 ആയി ചേർക്കുന്നു.

1-19-7 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയില്ല - 1,24,000/-രൂപ കുടിശ്ശിക.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.വിശദവിവരം ഖ.2-7 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-20 ലേലം

നഗരസഭയിലെ ലേല നടപടികളിൽ നിരവധി അപാകതകൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) മുൻ വർഷത്തെ തുകയെക്കാൾ കുറഞ്ഞ തുകയിൽ ലേലം ചെയ്തു നൽകുന്നു.

2) പ്രാരംഭ ലേലത്തുക മുൻ വർഷ ലേലത്തുകയെക്കാൾ കുറവായി നിശ്ചയിക്കുന്നു.

3) ലേല നടപടികൾ കൂടാതെ നിലവിലെ ലേലക്കാരന് കരാർ ദീർഘിപ്പിച്ച് നൽകുന്നു.

4) നിബന്ധനകൾ പാലിക്കാതെ ലേലം ഉറപ്പിച്ച് നൽകുന്നു.

5) ലേലത്തുക അടവാക്കിയതിലെ കാലതാമസത്തിന് പിഴ പലിശ ഈടാക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദ വിവരം തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നു.

1-20-1 ചാലകുളപ്പെട്ടിക്കട മാർക്കറ്റ് ലേലം - 23,16,000/- രൂപയുടെ നഷ്ടം - വ്യക്തമായ വിശദീകരണം നൽകാത്ത പക്ഷം ഉത്തരവാദികളിൽ നിന്നും നഷ്ടത്തുക ഈടാക്കണം.

തിരുവനന്തപുരം നഗരസഭയുടെ ചാല കുളപ്പെട്ടിക്കട മാർക്കറ്റിന്റെ ഫീസ് പിരിവ് അവകാശത്തിനായുള്ള 2024-25 സാമ്പത്തിക വർഷത്തെ ലേലത്തിൽ നഗരസഭയ്ക്ക് 23,16,000/-രൂപയുടെ നഷ്ടമുണ്ടായി. വിശദാംശങ്ങൾ ഖണ്ഡിക.2-8 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-20-2 പാളയം മാർക്കറ്റിനെ ലേല നടപടിക്രമങ്ങളിൽ നിന്നും ഒഴിവാക്കി - 3 വർഷമായി ഒരേ തുകയ്ക്ക് ലേലം ചെയ്ത് നൽകുന്നു - തനത് വരുമാനം കുറയുന്നു.

ഫയൽ നം. - R11/2159/22(3)

തിരുവനന്തപുരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാളയം മാർക്കറ്റിൽ സ്മാർട്ട് സിറ്റി പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുമെന്നതിനാൽ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ലേലത്തിൽ നിന്നും മാർക്കറ്റിനെ ഒഴിവാക്കി, 2022-23 ലെ ലേലക്കാരനായ ശ്രീ.സന്തോഷ്.സി.എ എന്നയാൾ തുടരുന്നതിനും പ്രസ്തുത മാർക്കറ്റിൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതു വരെ ആനുപാതിക തുക ഈടാക്കി നിലവിലെ കരാറുകാരന് അനുവദിക്കുന്നതിന് തീരുമാനിച്ച (ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.01.2023-ലെ 3-ാം തീരുമാനം, 22.07.2024ലെ 11(16)-ാം നമ്പർ തീരുമാനം).

2022-23 സാമ്പത്തിക വർഷം പാളയം മാർക്കറ്റ് 5,61,000/- രൂപയ്ക്കാണ് ലേലം ചെയ്ത് നൽകിയത്. ഇതേ തുക തന്നെയാണ് 2023-24, 2024-25 ലും കരാറുകാരനിൽ നിന്നും ഈടാക്കിയിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തെ മുഴുവൻ ലേല തുകയും (കെസ്മാർട്ട് ഫയൽ നം.1314542 – 2025) ഒടുക്കിയിട്ടുണ്ട്. (രസീത് നം. RC010100-25257055/16.12.2025, RC010100-25047765/02.05.2025) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി പാളയം മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.151/കെ.എസ്.എ/ടി.വി.സി.5/2025 തീ.10.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരപരിധിയിലെ സുപ്രധാനമായ മാർക്കറ്റുകളിൽ ഒന്നായ പാളയം മാർക്കറ്റ് 3 വർഷം യാതൊരു വാർഷിക വർദ്ധനവും വരുത്താതെ ഒരേ തുകയ്ക്ക് കരാറുകാരന് നൽകിയ നടപടി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ഉദാസീനതയെയാണ് ചൂണ്ടിക്കാട്ടുന്നത്. നവീകരണ പ്രവൃത്തി അടിയന്തിമായി പൂർത്തീകരിച്ച് മാർക്കറ്റ് ലേലം ചെയ്യുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-20-3 മാർക്കറ്റ് ലേലം (മെയിൻ ഓഫീസ്)

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസ് പരിധിയിലുള്ള മാർക്കറ്റുകളുടെ ലേലവുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ലേലത്തുക കുറയുന്നു .

ചില മാർക്കറ്റുകൾ 2023-24 സാമ്പത്തിക വർഷത്തെ ലേല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ 2024-25 -ൽ ലേലം ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം.	മാർക്കറ്റിന്റെ പേര്	2023-24 ലെ ലേലതുക (രൂപ)	2024-25 ലെ ലേലതുക (രൂപ)	കുറവ് (രൂപ)
1.	R11/85077/2024	ചാല കുളപ്പെട്ടിക്കട മാർക്കറ്റ്	25,54,000	5,00,000	20,54,000
2.	R11/85111/2024	പേട്ട മാർക്കറ്റ്	11,37,000	8,60,500	2,76,500
3.	R11/85143/2024	വട്ടിയൂർക്കാവ് മാർക്കറ്റ്	24,501	22,001	2500
ആകെ					23,33,000/-

മുൻ വർഷത്തെ ലേല തുകയെക്കാൾ കുറഞ്ഞ നിരക്കിൽ മാർക്കറ്റുകൾ ലേലം ചെയ്ത് നൽകേണ്ടി വന്നതിന്റെ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.150/കെ.എസ്.എ./ടി.വി.സി.5/2024-25, തീ.10.11.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ഇപ്രകാരം കുറഞ്ഞ തുകയ്ക്ക് മാർക്കറ്റുകൾ ലേലം ചെയ്ത് നൽകിയതിനാൽ നഗരസഭയ്ക്ക് 23,33,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ലേലത്തുക കുറയുവാനുള്ള കാരണം വ്യക്തമായി പരിശോധിച്ച് അവ പരിഹരിച്ച് ഉയർന്ന നിരക്കിൽ ലേലം ഉറപ്പിച്ച് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടുന്ന ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

2. നിബന്ധനകൾ പാലിക്കാതെ ലേലം ഉറപ്പിച്ച് നൽകുന്നു .

നഗരസഭ 18.01.2024-ൽ തയ്യാറാക്കിയ ലേലനോട്ടീസ് (R11/78768/2023) ലെ നിബന്ധന (ക്രമ നം.7) പ്രകാരം ലേലം സ്ഥിരപ്പെടുത്തിയാലുടൻ ലേലത്തുകയുടെ 1/3 ഭാഗം ഒടുക്കുകയും നിശ്ചിതസമയത്തിനകം എഗ്രിമെന്റ് ഹാജരാക്കുകയും ചെയ്യേണ്ടതാണ് . അല്ലാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതും ഡെപ്പോസിറ്റ് നഗരസഭാ ഫണ്ടിൽ വകകൊള്ളിക്കുന്നതുമാണ്. നഗരസഭ തയ്യാറാക്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം ലേലം സ്ഥിരപ്പെടുത്തുന്ന അവസരത്തിൽ ലേല തുകയുടെ 1/3 തുകയും കേന്ദ്രസംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നികുതിയും ഉൾപ്പെടെ 7 ദിവസത്തിനകം നഗരസഭാ ട്രഷറിയിൽ ഒടുക്കി 200/-രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ 1994-ലെ കേരള മുനിസിപാലിറ്റി ആക്ട് പ്രകാരം നഗരസഭ അംഗീകരിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച കൊണ്ട് ഉടമ്പടി എഴുതി ഹാജരാക്കേണ്ടതുമാണ്. ബാക്കി വരുന്ന തുക തുല്യ രണ്ട് ഗഡുക്കളായി 2024 മെയ്, ജൂൺ എന്നീ മാസങ്ങളിൽ 10-ാം തീയതിയ്ക്കകം ഒടുക്കേണ്ടതാണ്. ഫയലുകളുടെ പരിശോധനയിൽ മേൽ പറഞ്ഞിരിക്കുന്ന ലേല നിബന്ധനകൾ പൂർണ്ണമായും പാലിക്കാതെ ലേലം ഉറപ്പിച്ച് നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം./ മാർക്കറ്റിന്റെ പേര്	ലേലക്കാരൻ	തുക (രൂപ)	സെലക്ഷൻ നോട്ടീസ് നൽകിയ തീയതി	കരാർ ഉടമ്പടി വച്ച തീയതി	ഒടുക്കിയ തുക/ രസീത് നം./തീയതി	റിമാർക്സ്
1.	R11/85077/2024 ചാല(കരുപ്പെട്ടിക്കട) മാർക്കറ്റ്	എം.അബ്ദുൾ റഹ്മാൻ	500000	30.03.2024	03.06.2024	1,66,667(1-ാം ഗഡു) 15000- CGST 15000-SGST 3333-TDS 24001298/02.04.2024	സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടില്ല. ബാക്കി തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
2.	R11/85111/2024 പേട്ട മാർക്കറ്റ്	റാണി.എസ്.	8,60,000	30.03.2024	എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.	286833(1-ാം ഗഡു) 25815-CGST 25815-SGST 5727-TDS 24002102/03.04.2024	ലേല നോട്ടീസ് പ്രകാരം ഹാജരാക്കേണ്ട സോൾവെൻസി തുക 8,34,000/- രൂപയുള്ളതാണ് എന്നാൽ 5,00,000/- രൂപയുടെ സോൾവെൻസി സർട്ടിഫിക്കേറ്റാണ് ഹാജരാക്കിയത്. സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടില്ല. ബാക്കി തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
3.	R11/85126/2024 പേരൂർക്കട മാർക്കറ്റ്	സുരേന്ദ്രൻ.സി.	11,90,000	25.03.2024	05.06.2024	-	എഗ്രിമെന്റ് വയ്ക്കുവാൻ കാലതാമസം, തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
4.	R11/85137/2024 അമ്പലത്തറ മാർക്കറ്റ്	സിദ്ദീഖ്.എൻ	11,20,000	15.03.2024	04.06.2024	373333(1-ാം ഗഡു) 33600- CGST 33600- SGST 7467-TDS 24000133/01.04.2024	എഗ്രിമെന്റ് വയ്ക്കുവാൻ കാലതാമസം, ഒന്നാം ഗഡുതുക ഒടുക്കിയതിന് കാലതാമസം,ലേല നിബന്ധന പ്രകാരം 7,50,000/- രൂപയുടെ സോൾവെൻസി ആണ് ഹാജരാക്കേണ്ടിയിരുന്നത്. എന്നാൽ 400000/-രൂപയുടെ സോൾവെൻസി ആണ് ഹാജരാക്കിയത്.ബാക്കി തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
5.	R11/85098/2024 കളിപ്പാൻകുളം മാർക്കറ്റ്	സെയ്ദലി.പി.	4,63,000	23.03.2024	09.05.2024	154334(1-ാം ഗഡു) 13890- CGST 13890- SGST 3087- TDS 23084898/ 27.03.2024	സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടില്ല. ബാക്കി തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
6.	R11/85143/2024 വട്ടിയൂർക്കാവ് മാർക്കറ്റ്	സന്തോഷ്.സി.എ.	22,001	26.03.2024	13.08.2024	-	സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടില്ല. തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
7.	R11/85145/2024 കരമന മാർക്കറ്റ്	നവാസ്.ഐ.	2,33,000	25.03.2024	എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.	77667(1-ാം ഗഡു) 6990- CGST 6990- SGST 1553-TDS 24009222/15.04.2024	എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.ഒന്നാം ഗഡുതുക ഒടുക്കിയതിന് കാലതാമസം. ബാക്കി തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
8.	R11/85159/2024പൂജപ്പുര മാർക്കറ്റ്	ബിന്നു.കെ.	1,56,000	01.03.2024	എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.	58333(1-ാം ഗഡു) 5250- CGST	എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല2,3-ം ഗഡുക്കൾ

						5250- SGST 1167-TDS 24011499/16.04.2025	ഒടുക്കിയിട്ടില്ലായെന്നത് ചൂണ്ടിക്കാട്ടി 18.06.2024-ൽ 85159/24 കത്ത് നൽകിയിട്ടുണ്ട്.
9.	R11/85164/2024 മണക്കാട് മാർക്കറ്റ്	അനീഷ് കുമാർ. ആർ.എസ്.	1,91,251	15.03.2024	എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.	63751(1-ാം ഗഡു) 5738- CGST 5738- SGST 1275-TDS 23077618/25.03.2024	എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ല.ബാക്കി തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.
10.	R11/85170/2024 കുന്നപ്പുഴ മാർക്കറ്റ്	2024-25-ൽ ലേലം ചെയ്ത് നൽകിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28.06.2024 ലെ 1(15)-ാം നം .തീരുമാന പ്രകാരം നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു.					നിലവിലെ സ്ഥിതിയുടെ വിവരം അറിയിച്ചിട്ടില്ല.

ലേലനിബന്ധനകൾ പൂർണ്ണമായും പാലിക്കാതെ മാർക്കറ്റുകൾ ലേലം ചെയ്ത് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനും പ്രസ്തുത മാർക്കറ്റുകളുടെ ലേലവുമായി ബന്ധപ്പെട്ട് മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. (നം.150/കെ.എസ്.എ./ടി.വി.സി.5/2024-25, തീ.10.11.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

മാർക്കറ്റുകളുടെ ലേലമിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന മുഴുവൻ തുകയും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-20-4 ഉള്ളൂർ സോണൽ-മാർക്കറ്റ് ലേലം-പിഴപലിശ ഈടാക്കിയില്ല-7333 രൂപയുടെ നഷ്ടം

2024-25 സാമ്പത്തിക വർഷം ഉള്ളൂർ നീരാഴി മാർക്കറ്റ് ലേലം കൈക്കൊണ്ട വ്യക്തി ലേല നിബന്ധന പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലേല തുക ഒടുക്കിയില്ല.എന്നാൽ കാലതാമസത്തിന് പിഴപലിശ ഈടാക്കിയില്ല.വിശദ വിവരം ഖണ്ഡിക 2-9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-20-5 ആറ്റിപ്ര സോണൽ മാർക്കറ്റ് ലേലം - ആകെ വരവ് തുക Headwise Consolidation Report ൽ പ്രതിഫലിക്കുന്നില്ല

മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന കുളത്തൂർ മാർക്കറ്റ് കൗൺസിൽ തീരുമാനം 3 എ (22) തീയതി 30.08.2024 പ്രകാരം ശ്രീ. ശിവപ്രസാദ്, പൂരാടം നിവാസ്, തൃപ്പാദപുരം, കുളത്തൂർ എന്ന വ്യക്തിക്ക് 172500/-രൂപയ്ക്ക് 2024-25 സാമ്പത്തികവർഷത്തിൽ ലേലം ചെയ്ത് നൽകിയിട്ടുള്ളതാണ്. ലേലതുകയിനത്തിൽ 18.11.2024ൽ 57500/-രൂപയും 06.02.2025ൽ 57500/-രൂപയുംകൂടി ആകെ 115000/-രൂപ മേഖലാകാര്യാലയത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ Headwise Consolidation Report ൽ തൻവർഷം വരവായി ലഭിച്ചിട്ടുള്ളത് 57500/-രൂപ എന്നാണ് ചേർത്തിട്ടുള്ളത്. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/കെ.എസ്.എ/24-25, തീയതി 5-1-26) Accounting Module ലെ അപാകത കാരണമാണ് ഒരു രസീതിന്റെ വിവരം ഉൾപ്പെടുത്താൻ വിട്ടുപോയതെന്നും ഐ കെ എം ഉം ആയി ബന്ധപ്പെട്ട് അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 വാടക

നഗരസഭയിലെ വാടകകരാറുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിരവധി അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. കരാർ നിലവില്ലാതെ വാടകയ്ക്ക് നൽകുക,കരാറുകാരൻ മരണപ്പെട്ട് വർഷങ്ങൾക്കുശേഷവും കരാർ ഇല്ലാതെ അനന്തരാവകാശികൾവാടക കെട്ടിടങ്ങൾ കൈവശം വയ്ക്കുക,കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുക,വാടക കുടിശ്ശിക വരുത്തുക തുടങ്ങിയ അപാകങ്ങൾ നിലനിൽക്കുന്നതായി പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടേ ഖണ്ഡികകളായി ചേർക്കുന്നു.

1-21-1 യഥാസമയം കരാർ പുതുക്കാതെ കടമുറികൾ പ്രവർത്തിക്കുന്നു.

മെയിൻ ഓഫീസ്

17.04.2024 മുതൽ 21.03.2025 വരെയുള്ള കാലയളവിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിന്റെ പരിശോധനയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ധാരാളം കടമുറികളുടെ കരാറുകാർ കരാർ കാലാവധി കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷം കരാർ പുതുക്കി നൽകുന്നതിന് അപേക്ഷ നൽകുന്നതായും നഗരസഭ ആയത് പുതുക്കി നൽകുവാൻ തീരുമാനിക്കുന്നതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(ചുവടെ ചേർത്തിരിക്കുന്ന പട്ടികകളിലെ 8-ാമത്തെ കോളത്തിൽ കാലയളവിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവസാനത്തെ തീയതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരാർ കാലാവധി പുതുക്കുവാൻ അനുമതി നൽകിയ തീയതിയാണ്.)

I) പേട്ട മാർക്കറ്റ് സ്റ്റാൾ

ക്രമ നം.	ഫയൽ നം./ തീരുമാനം./ തീയതി	കടമുറി നം./പേര്	കരാർ അവസാനിച്ച തീയതി	കരാർ കാലയളവിലെ വാടക	കരാർ ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ച കാലയളവ്	പുതുക്കിയ പ്രതിമാസ വാടക/ നിരക്ക്	കരാറില്ലാതെ കരാറുകാരൻ കടമുറി കൈവശം വച്ചിരുന്ന കാലയളവ്
1	2	3	4	5	6	7	8
1	R38/ R10/180448/10 17.02.2025/1(47)	30/670, ശ്രീമതി. വിലാസിനി.ബി	31.03.2023	658	01.04.2023 മുതൽ 31.03.2025 വരെ	724 (10%)	01.04.2023 മുതൽ 17.02.2025 വരെ
					01.04.2025 മുതൽ 31.03.2027 വരെ	869(20%)	

2	R21/48023/96 17.02.2025/2(9)	3, ശ്രീമതി.സോജാബീഗം	31.07.2024	9900	01.08.2024 മുതൽ 31.07.2026 വരെ	11880 (20%)	01.08.2024 മുതൽ 17.02.2025 വരെ
3	R10/17462/03 17.04.2024/2(13)	30/665 ശ്രീമതി. സുനന്ദ കുമാരി	31.03.2020	568	01.04.2020 മുതൽ 31.03.2022വരെ	682 (20%)	01.04.2020 മുതൽ 17.04.2024 വരെ
					01.04.2022 മുതൽ 31.03.2024 വരെ	818 (20%)	
4	R10/34552/12 25.05.2024/1(24)	30/569 ശ്രീമതി.ഇന്ദിര	31.03.2023	ലഭ്യമല്ല	01.04.2023 മുതൽ 31.03.2025 വരെ	990 (ഇല്ല)	01.04.2023 മുതൽ 25.05.2024 വരെ
5	R10/18213/12(1) 25.05.2024/1(40)	30/653, ശ്രീ. ബോസ്	31.03.2022	1664	01.04.2022 മുതൽ 31.03.2024 വരെ	1914 (15%)	01.04.2022 മുതൽ 25.05.2024 വരെ
					01.04.2024 മുതൽ 31.03.2026 വരെ	2201 (15%)	
6	R10/161866/12 10.06.2024/1(20)	30/649 ശ്രീ. ടി.വിനോദ്	31.03.2022	710	01.04.2022 മുതൽ 31.03.2024വരെ	852 (20%)	01.04.2022 മുതൽ 10.06.2024 വരെ
					01.04.2024 മുതൽ 31.03.2026 വരെ	1022 (20%)	
7	R10/18213/12(3) 24.07.2024/2(12)	30/671 ശ്രീമതി. നിഷ.എൻ.വി	31.03.2022	1588	01.04.2022 മുതൽ 31.03.2024വരെ	1747 (10%)	01.04.2022 മുതൽ 24.07.2024 വരെ
					01.04.2024 മുതൽ 31.03.2026 വരെ	1922 (10%)	

II) ചാല കെ.കെ. മാർക്കറ്റ്

ക്രമ നം.	ഫയൽ നം./തീരുമാനം./ തീയതി	കടമുറി നം./പേര്	കരാർ അവസാനിച്ച തീയതി	കരാർ കാലയളവിലെ വാടക	കരാർ ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ച കാലയളവ്	പുതുക്കിയ പ്രതിമാസ വാടക/ നിരക്ക്	കരാറില്ലാതെ കരാറുകാരൻ കടമുറി കൈവശം വച്ചിരുന്ന കാലയളവ്
1	2	3	4	5	6	7	8
1	R13/ KSMART/29195/25 17.02.2025/1(49)	29, ശ്രീ.നൗഷാദ്.എം.എസ്	31.03.2022	2772	01.04.2022 മുതൽ 31.03.2024 വരെ	3326 (20%)	01.04.2022 മുതൽ 17.02.2025 വരെ
					01.04.2024 മുതൽ 31.03.2026 വരെ	3991 (20%)	
2	R13/ KSMART/176013/24/ 17.02.2025/2(18)	38, ശ്രീമതി. സരോജിനി	31.03.2024	899	01.04.2024 മുതൽ 31.03.2026 വരെ	1079 (20%)	01.04.2024 മുതൽ 17.02.2025 വരെ
3	R13/ KSMART/2241733/24 17.02.2025/2(21)	36, ശ്രീമതി. ബിന്ദു	31.03.2022	863	01.04.2022 മുതൽ 31.03.2024 വരെ	1036 (20%)	01.04.2022 മുതൽ 17.02.2025 വരെ
					01.04.2024 മുതൽ	1243 (20%)	

					31.03.2026 വരെ		
4	R13/ KSMART/1949106/24 17.02.2025/2(20)	18*, ശ്രീ. ശ്രീധരൻ	31.03.2024	3038	01.04.2024 മുതൽ 31.03.2026 വരെ	3646 (20%)	01.04.2024 മുതൽ 17.02.2025 വരെ
5	R13/ KSMART/186066/25 17.02.2025/2(24)	18*, ശ്രീ. ഷാഹുൽ ഹമീദ്	31.03.2022	784	01.04.2022 മുതൽ 31.03.2024 വരെ	941 (20%)	01.04.2022 മുതൽ 17.02.2025 വരെ
					01.04.2024 മുതൽ 31.06.2026 വരെ	1129 (20%)	
6	R13/21787/97 10.05.2024/1(23)	TC 71/5018(33) ശ്രീ. നവാബുദ്ദീൻ	31.03.2023	849	01.04.2023 മുതൽ 31.03.2025 വരെ	1019 (20%)	01.04.2023 മുതൽ 10.05.2024 വരെ

* മിനിട്സ് പ്രകാരം ക്രമ നം5, ക്രമനം.6-എന്നിവയിലെ കടമുറികൾക്ക് ഒരേ കടമുറി നമ്പറാണ് (നം. ആണ് (നം.18) നൽകിയിട്ടുള്ളത് .ഇതിൽ വ്യക്തത വരുത്തേണ്ടതാണ്.

III) പാളയം മാർക്കറ്റ്

ക്രമ നം.	ഫയൽ നം./ തീരുമാനം./ തീയതി	കടമുറി നം./പേര്	കരാർ അവസാനിച്ച തീയതി	കരാർ കാലയളവിലെ വാടക	കരാർ ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ച കാലയളവ്	പുതുക്കിയ പ്രതിമാസ വാടക/ നിരക്ക്	കരാറില്ലാതെ കരാറുകാരൻ കടമുറി കൈവശം വച്ചിരുന്ന കാലയളവ്
1	2	3	4	5	6	7	8
1	R10/75317/22 17.04.2024/2(9)	193, ശ്രീമതി. സരസു	31.03.2018	495	01.04.2018 മുതൽ 31.03.2020 വരെ	545 (10%)	01.04.2018 മുതൽ 17.04.2024 വരെ
					01.04.2020 മുതൽ 31.03.2022 വരെ	654 (20%)	
					01.04.2022 മുതൽ 31.03.2024 വരെ	785 (20%)	
2	R10/149825/11 17.04.2024/2(10)	163, ശ്രീ.അബൂബേക്കർ	31.03.2022	774	01.04.2022 മുതൽ 31.03.2024 വരെ	929 (20%)	01.04.2022 മുതൽ 17.04.2024 വരെ
3	R10/79581/13 10.05.2024/1(7)	73, ശ്രീ.എം.എ.റഷീദ്	31.03.2023	978	01.04.2023 മുതൽ 31.03.2025 വരെ	1174 (20%)	01.04.2023 മുതൽ 10.05.2024 വരെ
4	R10/2707/08 10.05.2024/1(8)	263, ശ്രീമതി.ബി.രമണി	31.03.2020	710	01.04.2020 മുതൽ 31.03.2022 വരെ	852 (20%)	01.04.2020 മുതൽ 10.05.2024 വരെ
					01.04.2022 മുതൽ 31.03.2024 വരെ	1022 (20%)	
5	R10/36426/08 24.07.2024/2(19)	150, ശ്രീ. ഷാഹുൽ ഹമീദ്	31.03.2022	1517	01.04.2022 മുതൽ 31.03.2024 വരെ	1669 (10%)	01.04.2022 മുതൽ 24.07.2024 വരെ
					01.04.2024	2003	

					മുതൽ 31.03.2026 വരെ	(20%)	
6	R10/56707/09 24.07.2024/2(46)	202, ശ്രീ. ഷാം.എസ്	31.03.2021	916	01.04.2021 മുതൽ 31.03.2023 വരെ	1008 (10%)	01.04.2021 മുതൽ 24.07.2024 വരെ
					01.04.2023 മുതൽ 31.03.2025 വരെ	1210 (20%)	
7	R10/29168/2005 08.08.2024/2(13)	39, ശ്രീ. മുഹമ്മദ് ഹമീദ്	31.03.2023	1504	01.04.2023 മുതൽ 31.03.2025 വരെ	1805 (20%)	01.04.2023 മുതൽ 08.08.2024 വരെ

IV) പേരൂർക്കട സോപാനം ഷോപ്പിംഗ് കോംപ്ലക്സ്

ക്രമ നം.	ഫയൽ നം./തീരുമാനം./ തീയതി	കടമുറി നം./പേര്	കരാർ അവസാനിച്ച തീയതി	കരാർ കാലയളവിലെ വാടക	കരാർ ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ച കാലയളവ്	പുതുക്കിയ പ്രതിമാസ വാടക/ നിരക്ക്	കരാറില്ലാതെ കരാറുകാരൻ കടമുറി കൈവശം വച്ചിരുന്ന കാലയളവ്
1	R21/55499/08 28.06.2024/1(63)	5/1001 (24) സർവ്വീസ് സഹകരണ ബാങ്ക് സൊസൈറ്റി	31.03.2023	42189	01.04.2023 മുതൽ 31.03.2025 വരെ	46408 (10%)	01.04.2023 മുതൽ 28.06.2024 വരെ
V) പൂജപ്പുര ഷോപ്പിംഗ് കോംപ്ലക്സ്							
1	R10/ PRE2/55415/04(3) 28.06.2024/2(2)	17/2008 (3) ശ്രീ.എസ്.സജീവൻ	31.03.2022	2393	01.04.2022 മുതൽ 31.03.2024 വരെ	2632 (10%)	01.04.2022 മുതൽ 28.06.2024 വരെ
					01.04.2024 മുതൽ 31.03.2026 വരെ	3158 (20%)	
VI) വട്ടിയൂർക്കാവ് ഷോപ്പിംഗ് കോംപ്ലക്സ്							
1	R21/60311/05 24.07.2024/2(16)	6/880 ശ്രീ. ആർ.അജീവ്	31.03.2023	3663	01.04.2023 മുതൽ 31.03.2025 വരെ	4396 (20%)	01.04.2023 മുതൽ 24.07.2024 വരെ
VII) വള്ളക്കടവ് മാർക്കറ്റ്							
1	R10/19800/17(7) 24.07.2024/2(18)	88/1087(7) ശ്രീ.അബ്ദുൾ മജീദ്	31.03.2023	2808	01.04.2023 മുതൽ 31.03.2025 വരെ	3089 (10%)	01.04.2023 മുതൽ 24.07.2024 വരെ
VIII) വലിയതുറ മാർക്കറ്റ്							
1	R10/32526/05 08.08.2024/1(51)	4, ശ്രീ. സക്കീർ ഹുസൈൻ	31.03.2023	773	01.04.2023 മുതൽ 31.03.2025 വരെ	806 (10%)	01.04.2023 മുതൽ 08.08.2024 വരെ
IX) അട്ടക്കുളങ്ങര ഷോപ്പിംഗ് കോംപ്ലക്സ്							
1	R13/ KSMART/1010688/24 08.08.2024/2(34)	37, ശ്രീ. സുൽത്താൻ	31.03.2022	757	01.04.2022 മുതൽ 31.03.2026 വരെ	833 (10%)	01.04.2022 മുതൽ 08.08.2024 വരെ
X) പൂന്തുറ മാർക്കറ്റ്							
1	R10/47588/19 10.06.2024/1(69)	69/982, ശ്രീ. ദേവരാജൻ	30.06.2012	300	01.07.2012 മുതൽ 31.03.2014 വരെ	360 (20%)	01.07.2012 മുതൽ 10.06.2024 വരെ
					01.04.2014 മുതൽ	432 (20%)	

31.03.2016 വരെ	
01.04.2016 മുതൽ 31.03.2018 വരെ	519 (20%)
01.04.2018 മുതൽ 31.03.2020 വരെ	623 (20%)
01.04.2020 മുതൽ 31.03.2022 വരെ	747 (20%)
01.04.2022 മുതൽ 31.03.2024 വരെ	895 (20%)

ഒരേ മാർക്കറ്റ് സ്റ്റോളിലെ വിവിധ കടമുറികൾക്ക് ഒരേ കാലയളവിൽ വ്യത്യസ്ത നിരക്കിൽ വാടക വർദ്ധനവ് വരുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം പേട്ട മാർക്കറ്റ് സ്റ്റാളിലെ 30/655-ാം നം കടമുറിയുടെ 01.04.2022 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ വാടകയിൽ 20% വർദ്ധനവ് വരുത്തിയപ്പോൾ ഇതേ സ്റ്റോളിലെ 30/653, 30/671 എന്നീ നം. കടമുറികളുടെ ഇതേ കാലയളവിലെ വാടക യഥാക്രമം 15%, 10% നിരക്കിലാണ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

കരാർ കാലാവധി അവസാനിച്ചതിന് ശേഷം നിയമാനുസൃത കരാർ നിലവിലില്ലാതെ ഏത് നിരക്കിലാണ് പ്രസ്തുത കടമുറികളിൽ നിന്നും വാടക ഈടാക്കിയത് ,കരാർ കാലാവധി അവസാനിച്ചതിന് ശേഷം യാതൊരു ഉപാധിയുമില്ലാതെ അതേ കരാറുകാരന് തന്നെ കടമുറി കൈവശം വയ്ക്കുന്നതിന് അനുമതി നൽകിയതിന്റെ കാരണം പ്രസ്തുത കടമുറികളുടെ പുതുക്കിയ കരാർ പകർപ്പുകൾ, ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും സോൾവെൻസി സർട്ടിഫിക്കേറ്റിന്റെയും വിശദാംശങ്ങൾ, നഗരസഭയുടെ അധീനതയിലുള്ള കടമുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള കരാർ വ്യവസ്ഥകളുടെ അംഗീകൃത ബൈലോ എന്നീവ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.122/കെ.എസ്.എ/ടി.വി.സി.5/2025 തീ.23.10.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

കടമുറികളുടെ വാടക യഥാസമയം പുതുക്കി നൽകുന്നതിന് വേണ്ടുന്ന നടപടി സ്വീകരിയ്ക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ കടമുറികളുടെയും കരാർ യഥാസമയം പുതുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1-21-2 കരാറുകാർ മരണപ്പെട്ട് വർഷങ്ങൾക്ക് ശേഷവും കടമുറികൾ കൈമാറ്റം ചെയ്ത് കരാർ ചമച്ചിട്ടില്ല – വരവിൽ നഷ്ട സാധ്യത - സമഗ്ര അന്വേഷണം അനിവാര്യം

മെയിൻ ഓഫീസ്.

17.04.2024 മുതൽ 21.03.2025 വരെയുള്ള കാലയളവിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിന്റെ പരിശോധനയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികളുടെ കരാറുകാർ മരണപ്പെട്ട് വർഷങ്ങൾക്ക് ശേഷം അവരുടെ അനന്തരവകാശികൾക്ക് പ്രസ്തുത കടമുറികൾ കൈമാറ്റം ചെയ്യുവാൻ അനുമതി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം./ തീരുമാനം./ തീയതി	കടമുറി നം./ കരാറുകാരന്റെ പേര്	കരാറുകാരൻ മരണപ്പെട്ട തീയതി	അവകാശം കൈമാറ്റം ചെയ്യുവാൻ അപേക്ഷ നൽകിയ തീയതി	പുതിയ അവകാശി/ ബന്ധം	കരാറുകാരൻ മരണപ്പെടുന്നതിനു മുമ്പുള്ള കരാർ പ്രകാരമുള്ള കാലയളവ്	കരാർ പുതുക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി അനുമതി നൽകിയ തീയതി
1	2	3	4	5	6	7	8
1	R21/ PRE2/28949/85 1(16)/18.12.2024	പേരൂർക്കട സോപാനം ഷോപ്പിംഗ് കോംപ്ലക്സ്, TC5/1001(10), ഷാഹുൽ ഹമീദ്	20.02.2022	ലഭ്യമല്ല	സജിമി.പി.എ (ഭാര്യ)	01.04.2020 മുതൽ 31.03.2022 വരെ	18.12.2024
2	R10/61952/06/ 1(10)/10.06.2024	പാളയം മാർക്കറ്റ്, 1, ഷംസുദ്ദീൻ	20.09.2020	21.06.2023	മൻസൂർ (മകൻ)	01.04.2020 മുതൽ 31.03.2022 വരെ	10.06.2024
3	R10/47032/10/ 1(45)/10.06.2024	പാളയം മാർക്കറ്റ്, 157, ധനപാലൻ	24.01.2015	30.04.2024	സൂസി.എസ് (മകൾ)	01.04.2012 മുതൽ 31.03.2014 വരെ	10.06.2024
4	R10/35638/04 1(25)/28.06.2024	പാളയം മാർക്കറ്റ്, 289, ഷാർജിഖാൻ	18.12.2017	15.06.2023	ഷാജിമ (ഭാര്യ)	01.04.2015 മുതൽ 31.03.2017	28.06.2024

കരാറുകാരൻ മരണപ്പെട്ട ശേഷം പ്രസ്തുത കടമുറികൾ ലേലം ചെയ്യുന്നതിന് നഗരസഭ കൈക്കൊണ്ട നടപടികൾ, കരാറുകാരൻ മരണപ്പെട്ട തീയതി മുതൽ തുടർന്നുള്ള കാലയളവിൽ ഈടാക്കിയ വാടക നിരക്ക് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.123/

കെ.എസ്.എ./ടി.വി.സി.5/2025 തീയതി.23.10.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലവുമായി ബന്ധപ്പെട്ട നിയമാവലി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

കരാറുകാരൻ മരണപ്പെട്ടതിന് ശേഷം പ്രസ്തുത കടമുറികൾ ലേല നടപടിക്രമങ്ങളിലൂടെ കൈമാറ്റം ചെയ്യാതെ വർഷങ്ങളോളം അതേ കരാറുകാരന്റെ പേരിൽ തുടർന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അനാസ്ഥയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത കാലയളവിൽ വാടകയിനത്തിലെ മുഴുവൻ തുകയും ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. അപ്രകാരം തുക ഒടുക്കാത്ത സാഹചര്യം ഉണ്ടെങ്കിൽ കരാറിന്റെ അഭാവത്തിൽ നഗരസഭയ്ക്ക് വാടകയിനത്തിലെ തുക തിരികെ ഈടാക്കുന്നതിനുള്ള നിയമസാധ്യത ഇല്ലാതാകും എന്നതിനാൽ ഈയിനത്തിലെ വരവിൽ വൻ നഷ്ടത്തിന് സാധ്യതയുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ കടമുറികളും നിയമാനുസൃതമായാണോ ലേലം ചെയ്ത് നൽകിയിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതും കരാറില്ലാത്ത കാലയളവിലെ ഒടുക്കേ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിന്മേൽ സമഗ്ര അന്വേഷണം അനിവാര്യമാണ്.

1-21-3 വാടക ഒടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ - കുടിശ്ശിക 1,14,29,061/- രൂപ

മെയിൻ ഓഫീസ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ചുവടെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക തുക മുഴുവനായും ഈടാക്കിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (അവലംബം-ഓഡിറ്റ് എൻക്വയറി നം. 191/കെ.എസ്.എ/ടിവിസി.9/2025, തീയതി.19.01.2026 യുടെ മറുപടി)

ക്രമ നം.	പേര്	റ്റി.സി. നം	കരാർ കാലയളവ്	പ്രതിമാസ വാടക	തൻവർഷം			അരിയർ	അരിയർ	അരിയർ	ആകെ
					ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	
മെയിൻ ഓഫീസ് കെട്ടിടം											
1	Chief Elecrtical Inspectorate	ലഭ്യമല്ല	4/2019 To 3/2021	27066	324792	0	324792	975593	0	975593	1300385
2	Directorate Of Higher Education	ലഭ്യമല്ല	28/3/11 To 31/3/2016	21780	261360	0	261360	370260	0	370260	631620
3	AIR TRAVEL ENTERPRISES	ലഭ്യമല്ല	1/4/2019 To 31/3/2022	267000	3204000	0	3204000	5788562	3195720	2592842	5796842
4	Great India TOUR COMPANY	ലഭ്യമല്ല	1/4/2019 To 31/3/2022	87120	1045440	0	1045440	39842	0	39842	1085282
5	Generator ROOM - AIR TRAVELS	ലഭ്യമല്ല	ലഭ്യമല്ല	4529	54348	0	54348	153986	0	153986	208334
ഗോൾഡൻ ജൂബിലി കെട്ടിടം											
6	ANANTHPURI CAFÉ-Kudumbashree District Mission Coordinator	82/5508(1)-67.68 M2 82/5508(2)-33.89 M2	ലഭ്യമല്ല	34534	414408	0	414408	1992190	0	1992190	2406598
	ആകെ										11429061

കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-21-4 വിവിധ സോണൽ കാര്യാലയങ്ങളിലെ വാടക കുടിശ്ശിക-165024/-രൂപ

വിവിധ സോണൽ കാര്യാലയങ്ങളിലെ വാടക രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പ്രകാരം വാടക കുടിശ്ശികയുള്ളതായി കാണുന്നു.

ക്രമനം.	സോണൽ കാര്യാലയം	കുടിശ്ശിക തുക (രൂപ)
01	വട്ടിയൂർക്കാവ്	63708/-
02	കടകംപള്ളി	56889/-
03	കടപ്പനക്കുന്ന്	7653/-
04	വിഴിഞ്ഞം	36774/-
	ആകെ	165024/-

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.07/2024-25 തീയതി:06.01.2026) വട്ടിയൂർക്കാവ് സോണൽ കാര്യാലയം ലഭ്യമാക്കിയ മറുപടി പ്രകാരം വാടക ഒടുക്കുന്നതിനും കടമുറി ഒഴിയുന്നതിനും നോട്ടീസ് നൽകിയിട്ടുണ്ടെന്നും, വാടക കുടിശ്ശിക ഡെപ്പോസിറ്റ് തുകയേക്കാൾ കൂടിയതിനാൽ ധനകാര്യ കമ്മിറ്റിയുടെ 30.06.2025-ലെ 7(1) തീരുമാന പ്രകാരം കടമുറി ഏറ്റെടുത്ത് ലേലനടപടികൾ സ്വീകരിച്ച വരുന്നതായും അറിയിച്ചിട്ടുണ്ട്.കടകംപള്ളി,കടപ്പനക്കുന്ന്, വിഴിഞ്ഞം സോണൽ കാര്യാലയങ്ങൾ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 2/കെ എസ് എ 2024-25 തീയതി 12.01.26 ,നം.3/കെ.എസ്.എ/2024-25, തീയതി. 20.01.2026, നം. 5/ കെ എസ് എ/ZO-VIZHINJAM തീയതി. 20.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾക്ക് അനുബന്ധം- 23 കാണുക.

1-21-5 വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലെ കടമുറികളുടെ വാടക – അപാകതകൾ

വിഴിഞ്ഞം ഷോപ്പിംഗ് കോംപ്ലക്സിലെ 8 കടമുറികൾ, പീപ്പിൾസ് ഹാളിലെ 2 കടമുറികൾ, ആമ്പൽക്കുളം മാർക്കറ്റ് സ്റ്റാളിലെ 5 കടമുറികൾ, കോവളം ഫെസിലിറ്റേഷൻ സെന്ററിലെ 20 കടമുറികൾ എന്നിവയാണ് വർഷങ്ങളായി ലേലം ചെയ്ത് നൽകി വരുന്നത്. ലേല രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ

സൂചിപ്പിക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. വാടക കരാറിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തുകയോ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്	ഷോപ്പ് നം.	വാടകക്കാരൻ	പ്രതിമാസ വാടക
പീപ്പിൾസ് ഹാൾ	1	സുരജു	13849
കോവളം ഫെസിലിറ്റേഷൻ സെന്റർ	17	ഉമർഖാൻ	1467
	18	സുലൈമാൻ	1467

കരാർ പൂർണ്ണമാകാതെ കട വാടകയ്ക്ക് നൽകുന്നത് ഭാവിയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. ആയതിനാൽ വാടക കരാറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി ഒപ്പ് വച്ച് സൂക്ഷിക്കേണ്ടതാണ്.

2) കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു .

ചുവടെ സൂചിപ്പിക്കുന്ന കടമുറികൾ 2024-25 കാലയളവിൽ ഒഴിഞ്ഞു കിടന്നു.

ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്	ഷോപ്പ് നം.
വിഴിഞ്ഞം ഷോപ്പിംഗ് കോംപ്ലക്സ്	2, 8
കോവളം ഫെസിലിറ്റേഷൻ സെന്റർ	2, 3, 4, 9, 10, 12, 13, 14, 15

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 5/20.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത കടമുറികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. കടമുറികൾ വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-21-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക 8,15,264/- രൂപ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും വാടക തുക മുഴുവനായും ഈടാക്കിയില്ലാത്തതായി കാണുന്നു. (അവലംബം- ഓഡിറ്റ് എൻക്വയറി നം. 180/കെ.എസ്.എ/ടിവിസി.9/2025, തീയതി.01.01.2026 യുടെ മറുപടി). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

					തൻവർഷം						
ക്രമ നം.	പേര്	റ്റി.സി. നം	കരാർ കാലയളവ്	പ്രതിമാസ വാടക	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	അരിയർ ഡിമാന്റ്	അരിയർ കളക്ഷൻ	അരിയർ ബാലൻസ്	ആകെ
കൊത്തുവാൾ സ്ട്രീറ്റ്, ചാല											
1	Raveendran	T.C 39/328	1/4/20 To 31/3/25	1498	17976	14980	2996				
2	Radha.B	T.C 39/325	1/4/20 To 31/3/22	1171	14052	0	14052	1171	0	0	14052
കളിപ്പാൻകുളം ഷോപ്പിംഗ് കോംപ്ലക്സ്											
3	Abdul Hakkim		1/4/20 To 31/3/22	2363	28356	0	28356	28356	2363	25993	54349
4	Thameen Ansari		1/4/23 To 31/3/25	3759	45108	45108	0	11277	0	11277	11277
5	Noushadh		1/4/23 To 31/3/25	4025	48300	48300	0	4025	0	4025	4025
തിരുമല ഷോപ്പിംഗ് കോംപ്ലക്സ്											
6	NithinKumar	T.C 8/758(9)	1/4/18 To 31/3/22	1031	12372	0	12372	0	0	0	12372
HI ഓഫീസ്											
7	Thirumala Service	T.C 8/758(26)	1/4/22 To 31/3/24	2755	33060	16530	16530				16530

	Cooperative Bank										
8	Thirumala Service Cooperative Bank	T.C 8/758(27)	1/4/20 To 31/3/2	8149	97788	0	97788	125497	0	125497	223285
പെരുന്നെല്ലി ഷോപ്പിംഗ് കോംപ്ലക്സ്											
9	Vichithran	T.C 78/127(1)	1/4/22 To 31/3/24	4224	50688	0	50688	46464	0	46464	97152
10	Muttathara Service Sahakarana Bank	T.C 8/758(5.6.7)	1/4/2024 To 31/03/2026	11616	139392	0	139392	0	0	0	139392
11	CAFETEERIA CUM TOILET ,DPI Junction	T.C 29/3184	9/11/20 To 8/11/25	3088	27792	0	27792	0	0	0	27792
എം.പി. അപ്പൻ സ്മാരക മന്ദിരം											
12	M.P Appan Nagar Residents Association		1/1/21 To 31/3/23	2382	7146	0	7146	114336	0	114336	121482
13	Rani Mathew	T.C 29/2944(2)	ലഭ്യമല്ല	4528	54336	0	54336	36224	0	36224	90560
ആകെ											815264

കുടിശ്ശിക തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-21-7 ശ്രീകാര്യം സോണൽ-ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക കുടിശ്ശിക -സംബന്ധിച്ച്.

തിരുവനന്തപുരം നഗരസഭയുടെ ശ്രീകാര്യം സോണൽ ഓഫീസ് പരിധിയിലുള്ള പൗഡിക്കോണം ഷോപ്പിംഗ് കോംപ്ലക്സിൽ, 2024-25 വർഷം 9 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഈ കടമുറികളുടെ വാടക 2022-23 വർഷം മുൻവർഷത്തെ വാടകയേക്കാൾ 10% വർദ്ധനവ് വരുത്തിയാണ് നൽകിയിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ (2023-24, 2024-25, 2025-26) വാടകയിൽ വർദ്ധനവ് വരുത്താതെയാണ് സ്ഥാപനങ്ങൾ തുടർന്നത്. 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാടക സംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പുകൾ/സ്ഥാപന ഉടമയുമായി നഗരസഭ ചമച്ച എഗ്രിമെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. യഥാസമയം കൗൺസിൽ തീരുമാനം ഇല്ലാതിരുന്നതിനാലാണ് വാടക വർദ്ധിപ്പിക്കാതിരുന്നത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഗരസഭ അറിയിച്ചിട്ടുള്ളത്.

2020-21 മുതൽ 2024-25 വരെ ഈടാക്കിയ വാടകയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

കടമുറി നം.	ഉടമയുടെ/ സ്ഥാപനത്തിന്റെ പേര്, മേൽവിലാസം	2020-21 GST @ 18%	2021-22 GST @ 18%	കടമുറി നം.	കട ഉടമയുടെ/ സ്ഥാപനത്തിന്റെ പേര്, മേൽവിലാസം	2022-23 GST @ 18%	2023-24 GST @ 18%	2024-25 GST @ 18%
1	നിതീഷ്	1135	1135	1	ബിന്ദു.ബി.ആർ. എസ്.എൻ കുടുംബശ്രീ യൂണിറ്റ്	1210	1210	1210
2&3	പോസ്റ്റ് ഓഫീസ്, പൗഡിക്കോണം	1100	1210	2&3	പോസ്റ്റ് ഓഫീസ്, പൗഡിക്കോണം	1210	1100	1100
4	ഷാജി.ജി.എൽ, ഷാജി ഭവൻ, പൗഡിക്കോണം	1696	1696	4	ഷാജി.ജി.എൽ, ഷാജി ഭവൻ, പൗഡിക്കോണം	1866	1866	1866
5	വി. ശശിധരൻ	1057	1057	5	വി. ശശിധരൻ	1163	1163	1163

6	സുദർശൻ	617	617	6	സുദർശൻ	679	679	679
7	സുരേന്ദ്രൻ പിള്ള	1268	1268	7	സുരേന്ദ്രൻ പിള്ള	1395	1395	1395
8	ബിന്ദു.ബി.ആർ. എസ്.എൻ കുടുംബശ്രീ യൂണിറ്റ്	1100	1100	8	രാജേന്ദ്രൻ, നാരായണമംഗലം	രേഖപ്പെടുത്തിയിട്ടില്ല		
9	രാജേന്ദ്രൻ, നാരായണമംഗലം	1334	1334	9	നിതീഷ്	1467	1032	1032

പൗഡിക്കോണം ഷോപ്പിംഗ് കോപ്ലക്സിലെ കടമുറി നം. 8 രാജേന്ദ്രൻ, നാരായണമംഗലം, പൗഡിക്കോണം എന്ന വ്യക്തിയ്ക്കും, കടമുറി നം. 9, നിതീഷ്, പൂന്തിയിൽ, റ്റി.സി. 14/388 എന്ന വ്യക്തിയ്ക്കും 2018 മുതൽ 1395/-രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുള്ളതായും പ്രസ്തുത കടമുറികളിൽ ഷോപ്പ് നം.(8) ന്റെ വാടക ജി.എസ്.ടി, പിഴ എന്നി ഉൾപ്പെടെ 2021 ഏപ്രിൽ മുതൽ 2024-25 വരെ 120993/- രൂപയും ഷോപ്പ് നം.(9) ന്റെ വാടക 79010/-രൂപയും ആണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/കെ.എസ്.എ/2024-25 തീയതി 13.01.2026) മറുപടിയായി നഗരസഭ അറിയിച്ചിട്ടുണ്ട്.

കടമുറി നം. 2 & 3 പോസ്റ്റ് ഓഫീസ് പൗഡിക്കോണത്തിന്റെ വാടക 2021-22 വർഷം വർദ്ധനവ് വരുത്തിയിരുന്നെങ്കിലും 2022-23 മുതൽ കുറവ് വരുത്തി ഈടാക്കുന്നതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം വാടക കുറച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കടമുറികളുടെ 2025 മാർച്ച് വരെയുള്ള കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 181/കെ.എസ്.എ/ടിവിസി9/2025/01.01.2026) കൃത്യമായ കുടിശ്ശിക കണക്ക് ലഭ്യമാക്കിയിട്ടില്ല.

വാടക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനു കൗൺസിൽ തീരുമാനം ഉണ്ടാകേണ്ടതും വാടക കുടിശ്ശിക കണക്കാക്കി പലിശ സഹിതം ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-22 കെട്ടിട നിർമ്മാണ പെർമിറ്റ്

നഗരസഭയിൽ 2024-25 വർഷം കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത് കെസ്മാർട്ട് മുഖേന ആണ്. എന്നാൽ നിലവിൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് പരിശോധനയ്ക്ക് ആവശ്യമായ വിവരങ്ങൾ കെസ്മാർട്ട് ബിൽഡിംഗ് പെർമിറ്റ് മൊഡ്യൂളിൽ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് സമഗ്രമായി നിർവ്വഹിക്കാൻ കഴിയുന്നില്ല. കെസ്മാർട്ട് ബിൽഡിംഗ് പെർമിറ്റ് മൊഡ്യൂളിലെ പരിമിതികൾ ചുവടെ ചേർക്കുന്നു.

- നിലവിൽ കെസ്മാർട്ട് ബിൽഡിംഗ് പെർമിറ്റ് മൊഡ്യൂളിലെ റിപ്പോർട്ട് സെക്ഷനിൽ Self Certified Permit, General Permit, Consolidated Report,Rejected Repot, Regularised Construction എന്നിവ പെർമിറ്റ് തീയതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുമെങ്കിലും ഫയൽ പരിശോധന സാധ്യമല്ല. ഇത് Digital ManagementSystemമൊഡ്യൂളിലെ Search File ഓപ്ഷൻ മുഖേന നിർവ്വഹിക്കണം.
- കെസ്മാർട്ടിൽ വിവിധ തരം പെർമിറ്റുകളുടെ ലിസ്റ്റ് നിലവിൽ വാർഡ്, സോണൽ ക്രമത്തിൽ തരം തിരിച്ച് ലഭ്യമല്ല. കൂടാതെ Regularised Construction സംബന്ധിച്ച് നിലവിൽ ലഭ്യമാകുന്ന ലിസ്റ്റിൽ വാർഡിന്റെ പേരും ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ പെർമിറ്റ് അനുവദിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ, എക്സി.എഞ്ചിനീയർ എന്നിവർക്ക് വാർഡ് ക്രമത്തിലാണ് ഈ ചുമതല എന്നുള്ളതിനാൽ ഇത്തരത്തിലൊരു തരംതിരിക്കൽ ഫയലുകളുടെ കൃത്യമായ ഓഡിറ്റിന് അനിവാര്യമാണ്.
- പെർമിറ്റ് ഫീസ് ഒടുക്ക് തീയതിയുടെ അടിസ്ഥാനത്തിൽ വിവിധ തരം പെർമിറ്റുകളുടെ ലിസ്റ്റ് ലഭ്യമാകുകയാണെങ്കിൽ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ഇവയുടെ പരിശോധനയ്ക്ക് സഹായകരമാകും.

കെസ്മാർട്ട് മുഖേനയുള്ള കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് നിർണ്ണയത്തിൽ കണ്ടെത്തിയ അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-22-1 81 ചതുരശ്രമീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള എല്ലാ വിഭാഗം കെട്ടിടങ്ങളെയും പെർമിറ്റ് ഫീസിൽ നിന്നും ഒഴിവാക്കിയതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നു.

സർക്കാർ ഉത്തരവ് (കൈ)നം.97/2024/ LSGD തീയതി 30.07.2024 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ്ഫീസ്,അപേക്ഷഫീസ്,സൂക്ഷ്മനി ഫീസ് എന്നിവ പുതുക്കി നിശ്ചയിച്ചിരുന്നു.പ്രസ്തുത ഉത്തരവ് പ്രകാരം 81 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഗാർഹിക,വാണിജ്യ,വ്യവസായ,മറ്റുള്ളവ എന്നീ ഗണത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 81 ചതുരശ്രമീറ്ററിൽ കുറവ് തറ വിസ്തീർണ്ണമുള്ള, താമസത്തിനുള്ള കെട്ടിടങ്ങൾക്ക് പുറമെ വാണിജ്യ,വ്യവസായ,മറ്റുള്ള തരത്തിൽപ്പെട്ട കെട്ടിടങ്ങൾക്കും പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടില്ല. നഗരസഭയിലെ വാണിജ്യകെട്ടിടങ്ങളിൽ മിക്കവയും 81 ചതുരശ്രമീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവയാണെന്ന് പരിശോധനയിൽ കാണുന്നു. വിസ്തീർണ്ണം കുറഞ്ഞ ഗാർഹിക കെട്ടിടങ്ങൾക്ക് അനുവദിച്ച ഇളവ് മറ്റ് തരത്തിലുള്ള കെട്ടിടങ്ങൾക്കു കൂടി ബാധകമാക്കിയതിനാൽ നഗരസഭയ്ക്ക് ഫീസിനത്തിൽ വരവ് നഷ്ടത്തിന് കാരണമാകുന്നു. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ 81 ചതുരശ്രമീറ്ററിൽ കുറവ് തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് നിലവിൽ ചതുരശ്രമീറ്ററിന് 15രൂപ ക്രമത്തിലാണ് നഗരസഭ ഫീസ് ഈടാക്കിയിരിക്കുന്നത്, ഇതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന്(നം.222/കെ.എസ്,എ/ടിവിസി.9/2024-25 തീയതി 31.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22-2 അനുവദനീയമായ FSI ൽ അധികരിച്ച നിർമ്മാണത്തിനുള്ള ഫീസിൽ വർദ്ധനവ് അനിവാര്യം.

2019 ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് പെർമിറ്റ് റൂൾസ് , റൂൾ 27 ടേബിൾ -6 പ്രകാരമാണ് അനുവദനീയമായ FSI യും ഇതിൽ അധികരിക്കുന്ന നിർമ്മാണത്തിനുള്ള ഫീസും നിർണ്ണയിച്ചിരിക്കുന്നത്. ഇതു പ്രകാരം അധിക നിർമ്മാണത്തിനുള്ള ഫീസ് ചതുരശ്രമീറ്ററിന് 5000/-രൂപയാണ്. എന്നാൽ 2019 ലെ പ്രസ്തുത റൂൾ പ്രകാരം നിർണ്ണയിച്ചിരുന്ന കെട്ടിട നിർമ്മാണ പെർമിറ്റ്ഫീസ്,അപേക്ഷഫീസ്,സൂക്ഷ്മനി ഫീസ് എന്നിവ സർക്കാർ ഉത്തരവ് (കൈ)നം.97/2024/ LSGD തീയതി 30.07.2024 പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നുവെങ്കിലും അനുവദനീയമായ FSI ൽ അധികരിക്കുന്ന നിർമ്മാണത്തിനുള്ള ഫീസ് വർദ്ധിപ്പിച്ചിരുന്നില്ല.കെട്ടിട നിർമ്മാണ പെർമിറ്റ്ഫീസ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ അനുവദനീയമായ FSI ൽ അധികരിക്കുന്ന നിർമ്മാണത്തിനുള്ള ഫീസ് വർദ്ധിപ്പിക്കുന്ന വിഷയം നഗരസഭ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

1-22-3 അപാകത പരിഹരിക്കാതെ റഗുലറൈസേഷൻ അനുവദിച്ചു. FSI അധികരിച്ചതിന്റെ ഫീസും ഈടാക്കിയില്ല-558750/-രൂപ നഷ്ടം

ഫയൽ നം. 2195166-2024, 1153009-2024

ശ്രീ G S ഗോപു ന്റെ ഉടമസ്ഥതയിലുള്ള പട്ടം വാർഡിൽ പട്ടം വില്ലേജിൽ ബ്ലോക്ക് 18 ൽ റീ സർവ്വേ നമ്പർ 103 ,102, 134 എന്നിവയിൽ 19 .03 ആർ വസ്തുവിൽ SKYLINE MAPLE HEIGHTS APARTMENTS , APARTMENTNO 11 -B നിർമ്മാണത്തിൽ അനുവദനീയമായ FSI അധികരിച്ചതിനുള്ള ഫീസ് ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം.വിശദവിവരം ഖ.2-10 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-22-4 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്,ക്രമവൽക്കരണ ഫീസ് എന്നിവ കുറവായി ഈടാക്കി നഗരസഭ ഫണ്ടിന് 226041/- രൂപ നഷ്ടം

കെട്ടിട നിർമ്മാണ പെർമിറ്റ്,ക്രമവൽക്കരണ ഫയലുകളുടെ പരിശോധനയിൽ കൃത്യമായ ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് ഫീസ് ഈടാക്കാത്തത്, ക്രമവൽക്കരണ ഫീസ് ഈടാക്കുമ്പോൾ കൃത്യമായ സ്ലാബിൽ ഉൾപ്പെടുത്താതിരുന്നത്,ഇരട്ടി ഫീസ് ഈടാക്കാത്തത് എന്നീ കാരണങ്ങളാൽ പെർമിറ്റ്, ക്രമവൽക്കരണ ഫീസുകൾ കുറവായാണ് ഈടാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.വിശദവിവരം ഖ.2-11 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-22-5 ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിന് തറ വിസ്തീർണ്ണം കുറവായി പരിഗണിച്ചു-നഗരസഭ ഫണ്ടിന് നഷ്ടം-122855/-

തറ വിസ്തീർണ്ണം കുറവായി കണക്കാക്കി ക്രമവൽക്കരണ ഫീസ് ഈടാക്കിയതിലൂടെ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായി.ഇവ സംബന്ധിച്ച വിശദവിവരം ഖ.2-12 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-22-6 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതായി രേഖപ്പെടുത്തുന്നതിൽ അവ്യക്തത

1-10-2024 മുതൽ 31-03-2025 വരെ റഗുലറൈസേഷൻ നടത്തിയ ക്രമ നം 1 മുതൽ 100 വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ കെ സ്മാർട്ട് ൽ നിന്നും ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ട് മുഖേന പരിശോധിക്കുമ്പോൾ ചുവടെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കെ സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങളുടെ റഗുലറൈസേഷൻ നടപടികൾ പൂർത്തിയായതായോ ഫീസ് ഈടാക്കിയതായോ ബോദ്ധ്യപ്പെടുന്നില്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് കെ സ്മാർട്ട് മുഖേനയല്ലാതെ ഒക്യുപെൻസി അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 215 /കെ. എസ്.എ/എ ഒ 2/2025 തീയതി 29.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

Sl No	Name Of Applicant/ File No	Total Built Up Area (M^2)	Proposed Area (M^2)	Amount, Date Of Regularisation Fee Paid Shown In Statement	Remarks
1	രമ്യ വി എസ്/ 1515208-2024	140.85	80.85	6468/- 23.06.2024	ഫയലിൽ 3234/- രൂപഎന്ന് രേഖപ്പെടുത്തിയിരിക്കുന്നു
2	ചന്ദ്രകുമാർ വി/ 2554261-2024	160.07	82.49	11549/- 11.11.2024	
3	അജിത്ത്കുമാർ ആർ 2748575-2024	209.45	21.1	2954/- 9.12.2024	
4	അഭിലാഷ് ആർ എസ് 2256728-2024	318.39	90.56	27168/- 30.09.2024	
5	ഷാജി മാത്യു 2081424-2024	30.62	30.62	919/- 07.09.2024	
6	ദിലീപ് കുമാർ എ 2517982-2024	143.7	143.7	12596/- 05.11.2024	

1-22-7 ക്രമവൽക്കരണ അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല.

ക്രമവൽക്കരണ അപേക്ഷയിൽ ദീർഘകാലമായി തുടർനടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടു. ഇതിനാൽ നഗരസഭയ്ക്ക് ലഭ്യമാകേണ്ട നികുതിയും ഫീസും സമയബന്ധിതമായി ലഭ്യമാകുന്നില്ല. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

ഫയൽ നം. 2792600-2024

ചെട്ടിവിളാകം വാർഡിൽ ശ്രീ ജോർജ്കുട്ടി സി കെ എന്ന വ്യക്തി തന്റെ ഉടമസ്ഥതയിലുള്ള 552.73m^2 തറവിസ്തീർണമുള്ള കെട്ടിടത്തിൽ 308.65m^2 കൂട്ടിച്ചേർക്കലുകൾ വരുത്തിയതിന് ക്രമവൽക്കരണം ലഭിക്കുന്നതിനായി 16-12-2024 ൽ നഗരസഭയ്ക്ക് അപേക്ഷ നൽകിയിട്ടുള്ളതാണ്. ഓഫീസ് നടപടിക്രമങ്ങളെ തുടർന്ന് പ്രസ്തുത വ്യക്തി സമർപ്പിച്ചിട്ടുള്ള രേഖകൾ 04.08.2025ൽ സെക്ഷൻ ക്ലർക്ക്, പബ്ലിക്ക് വർക്ക് ഓഫീസർക്ക് സമർപ്പിച്ചെങ്കിലും തുടർന്ന് മറ്റ് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ആറ് മാസം കഴിഞ്ഞിട്ടും ഫയലിൻമേൽ തുടർനടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 253/കെ. എസ്.എ/എ ഒ 2/2025, തീയതി 17-02-2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപേക്ഷയിൻമേൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22-8 അധികമായി ഒടുക്കിയ പെർമിറ്റ് തുക റീഫണ്ട് ചെയ്തിട്ടുള്ള അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സ.ഉ(കൈ) നം.85/2023/തസ്വഭവ, തീയതി. 31.03.2023 പ്രകാരം 2023 ഏപ്രിൽ മുതൽ പെർമിറ്റ് ഫീസും അപേക്ഷാ ഫീസും അടവാക്കിയവർക്ക് സ.ഉ(കൈ) നം. 97/2024/തസ്വഭവ, തീയതി.30.07.2024 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികമായി അടവാക്കിയ തുക തിരികെ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുമ്പോൾ ആയതിനോടൊപ്പം പെർമിറ്റിന്റെ പകർപ്പ്, തുക അടവാക്കിയ രസീത് വിശദാംശങ്ങൾ ,രസീത് നഷ്ടപ്പെട്ടുവെങ്കിൽ ആയത് സംബന്ധിച്ച അപേക്ഷകന്റെ സത്യപ്രസ്താവന, അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഉൾപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പെർമിറ്റ് ഫയലുകൾ കെസ്മാർട്ട് ഫയലിൽ പരിശോധിച്ചതിൽ Refundable Amount സൂചിപ്പിച്ചിട്ടുണ്ടെങ്കിലും തുക റീഫണ്ട് ചെയ്തോയെന്ന് വ്യക്തമല്ല. തുക റീഫണ്ട് ചെയ്യുന്നതിനെ സാധൂകരിക്കുന്ന അപേക്ഷ ഉൾപ്പെടെയുള്ള യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	പേര്/ഫയൽ നം.	ഗണം	Old Permit	New	Refundable

നം.			Rate/ Application Fees	Permit Rate/ Application Fees	Amount
1	ശ്രീജിത്ത്.വി 999681-24 (Regularisaton)	Residential (170.92m2)	51276/- 1000/-	23954/- 500/-	27322/- 500/-
2	മുഹമ്മദ് ബഷീർ 1189963-24 (Regularisation)	Industrial (120.96m2)	29030/- 1000/-	12096/- 500/-	16934/- 500/-
3	മത്തായി 1077884-24 (Self Certified Permit)	Residential (234.03)	35105/- 1000/-	16382/- 500/-	18723/- 500/-
4	സനിൽ.പി.എസ് 1189980-2024 (Regularisation)	Residential (208m2) (107m2)	32100/- 1000/-	14980/- 500/-	17120/- 500/-
5	ഷൈനി.എസ്.ജി 1000309-24 (General Permit)	Residential (476.19m2)	95238/- 5000/-	71429/- 4000/-	23809/- 1000/-
6	10133224-2024 രാഹൽ.എ (General Permit)	Commercial (199.6)	33932/ 1000/-	19960/- 500/-	13972/- 500/-
7	1341447-2024 കേശവപിള്ള.കെ.ജെ (General Permit)	Residential (134.48)	13448/- 1000/-	5579/- 500/-	8069/- 500/-
8	1311933-2024 അരുൺ ബാലകൃഷ്ണൻ (General Permit)	Residential (522.43)	104486/- 5000/-	78365/- 4000/-	26121/- 1000/-

മേൽ ഉദാഹരണങ്ങൾ ഉൾപ്പെടെ അധികമായി ഒടുക്കിയ പെർമിറ്റ് തുക റീഫണ്ട് ചെയ്തിട്ടുള്ള അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.235/കെ.എസ്.എ./ടിവിസി.6/2026. തീയതി: 04.02.2026.) മറുപടി ലഭ്യമാക്കിയില്ല. അധികമായി ഒടുക്കിയ പെർമിറ്റ് തുക റീഫണ്ട് ചെയ്യുന്നതിനുള്ള അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ ഈയിനത്തിൽ കോർപ്പറേഷൻ ആകെ എത്ര തുക റീഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

1-22-9 പെർമിറ്റ് ഫീ ഒടുക്കുവരുത്തിയത് നഗരസഭാ അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിലെ അപാകത

പെർമിറ്റ് ഫയൽ നം. 441694-2024/10.06.2024 ശ്രീ. പവിത്രൻ ശ്രീധരൻ, റസീപ്റ്റ് നം. R-C010100-23029001/23.02.2024. പ്രകാരം 5000/- രൂപ Application Fee അടവാക്കി. 19 യൂണിറ്റ് ഉള്ള 1639.36m2 ഉള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് നിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിരുന്നു. ടി ഫയലിന്റെ നോട്ട് ഫയൽ Para 16 (10.05.2025) പരിശോധിച്ചതിൽ 18.03.2024-ൽ പ്രസ്തുത പെർമിറ്റ് ഗ്രാന്റ് ചെയ്ത് ഡിമാന്റ് നൽകിയതിനെ തുടർന്ന് R-C010100-23064514/18.03.2024 പ്രകാരം 3,27,872/- രൂപ അടവാക്കിയിട്ടുള്ളതാണ്. എന്നാൽ കെസ്മാർട്ടിൽ വന്ന സാങ്കേതിക കാരണങ്ങളാൽ പെർമിറ്റ് പ്രിന്റ് ഔട്ട് എടുക്കുന്നതിന് അപേക്ഷകന് സാധിച്ചില്ല എന്നും പെർമിറ്റ് അപ്രൂവൽ നൽകാവുന്നതാണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കെസ്മാർട്ടിൽ BP/17968/2025/14.05.2025 നമ്പർ പ്രകാരം Issue ചെയ്ത Building Permit-ൽ Permit Fees Details '0' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ R-C010100-23064514/18.03.2024 കെസ്മാർട്ടിൽ പരിശോധിക്കുമ്പോൾ പ്രസ്തുത റസീപ്റ്റിൽ UTR, Reference നമ്പർ ജനറേറ്റ് ആയിട്ടില്ല. Ksmart File Payment Details-ൽ Old Permit Fees – 327872/- Revised Permit Fees - 245904/-, Refundable Amount – 81968/- എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ R-C010100-23064514/18.03.2024 പ്രകാരം 3,27,872/- രൂപ നഗരസഭാ അക്കൗണ്ടിൽ ക്രെഡിറ്റ് ആയോ എന്ന് വ്യക്തമല്ല. ആയതിനാൽ മേൽ 3,27,872/- രൂപ നഗരസഭാ അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിന്റെ രേഖകളും റീഫണ്ട് ചെയ്ത (81968/- രൂപ) വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കാനും മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.234/കെ.എസ്.എ./ടിവിസി.6/2026. തീയതി: 04.02.2026.) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ വിശദീകരണം ലഭ്യമാക്കേണ്ടതും തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-22-10 ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധന - അധിക FSI ഏരിയയ്ക്ക് ഈടാക്കിയ ഫീസിൽ കുറവ് - നഗരസഭാ ഫണ്ടിന് 18,15,000/- രൂപയുടെ നഷ്ടം

E5/BA/20420/2019 നമ്പർ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ 2019 KMBR ചട്ടം 27 പ്രകാരം അധിക FSI ഏര്യയ്ക്ക് ഈടാക്കിയ ഫീസ് തുകയിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 2-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-22-11 നഗരസഭ - എഞ്ചിനീയറിംഗ് വിഭാഗം പെർമിറ്റ് ഫയൽ പരിശോധന - FSI ഫീസ് ഈടാക്കിയതിൽ അവ്യക്തത നിലനിൽക്കുന്നു

06.05.2025-ലെ 2/കെ.എസ്.എ/ടിവിസി.6/2025 നമ്പർ ഓഡിറ്റ് നിക്വസിഷൻ പ്രകാരം UE2/1980661/2024 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയൽ (മാനുവൽ ഫയൽ) (പെർമിറ്റ് നമ്പർ.UE2/BA/113/24, തീയതി.07.09.2024, അപേക്ഷകൻ-സുനിൽ കുമാർ & ലളിതാംബിക) ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫയൽ ലഭ്യമാക്കിയിട്ടില്ല. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ ഒദ്യോഗിക വെബ്സൈറ്റിൽ തിരുവനന്തപുരം നഗരസഭ നൽകിയ പരാമർശിത പെർമിറ്റ് അപേക്ഷകനായ ബിൽഡിംഗ് പ്രൊമോട്ടർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. (റിയൽ എസ്റ്റേറ്റ് പ്രോജക്ട് നം. K-RERA/PRJ/TVM/38/2025) ടി ബിൽഡിംഗ് പെർമിറ്റ്, കെസ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമായ പ്രസ്തുത പെർമിറ്റ് ഫയലിന്റെ നോട്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

നോട്ട് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്ലോട്ട് ഏര്യ	2680 M^2

കെട്ടിടത്തിന്റെ ആകെ ഏര്യ	12144.36m^2
നിയമാനുസൃത കിഴിവുകൾ കുറച്ചുള്ള FSIഏര്യ	8892.49 M^2
FSI = 8892.49/2680	3.31

നോട്ട് ഫയലിലെ ഓവർസിയറുടെ രേഖപ്പെടുത്തൽ പ്രകാരം അപേക്ഷ ലഭിച്ച തീയതി 20.02.2017 ആയതിനാൽ അന്ന് പ്രാബല്യത്തിൽ ഉണ്ടായിരുന്ന KMBR 1999 പ്രകാരമുള്ള നിരക്കായ 3000/M2 ൽ ആണ് അധിക FSI ഏര്യ (8892.49-8040=853m2) യ്ക്കുള്ള ഫീസ് ഡിമാൻഡ് ചെയ്തിട്ടുള്ളത്. 1999 KMBR പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി FSI 3 -ഉം ഫീസോടു കൂടിയ പരമാവധി FSI 4-ഉം ആണ്.

Ie, 853*3000 = 2559000/-

റെസീപ്റ്റ് നമ്പർ 24162566/24.08.2024 പ്രകാരം ടി തുക ഒടുക്കിയിട്ടുള്ളതായി പെർമിറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ പെർമിറ്റിൽ അപേക്ഷ ലഭിച്ച തീയതി ആയി 04.11.2022 എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. നോട്ട് ഫയൽ പരിശോധിച്ചതിൽ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട റൂൾ ചാർട്ട് KMBR 2019 പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ നോട്ട് ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, എക്സി.എഞ്ചിനീയർ എന്നിവർ പ്ലാൻ 2019 KMBR ന് വിധേയമാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഫയലിൽ 2019 KMBR ലെ വ്യവസ്ഥകൾ പ്രകാരം പ്ലാൻ അംഗീകരിക്കുകയും 1999 KMBR ലെ നിരക്ക് പ്രകാരം അധിക FSI ഫീസ് ഈടാക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. 02.11.2019 മുതൽ ലഭിക്കുന്ന പെർമിറ്റ് അപേക്ഷകൾക്ക് 2019-ലെ KMBR ആണ് ബാധകമായിട്ടുള്ളത്.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 06.06.2024-ലെ 12/കെ.എസ്.എ/ടിവിസി.6/2025 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

ഒരേ ഫയൽ കൈകാര്യം ചെയ്യുന്നതിൽ 1999-ലെ KMBR, 2019 ലെ KMBR എന്നിവയിലെ ചട്ടങ്ങൾ ഒരേ സമയം ഉപയോഗിച്ചത് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ച ആയി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത പെർമിറ്റ് ഫയലിന് 1999-ലെ KMBR ആണോ 2019 ലെ KMBR ആണോ ബാധകം എന്ന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം വ്യക്തമാക്കേണ്ടതും നഗരസഭയുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന തെളിവുകൾ പെർമിറ്റ് ഫയലിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-22-12 സ്വഭാവ വ്യതിയാനം നടത്തിയ ഭൂമിയിലെ നിർമ്മാണാനുമതി - FSI അധിക ഏരിയയ്ക്കുള്ള ഫീസ് കണക്കുന്നതിൽ സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

സ്വഭാവവ്യതിയാനം നടത്തുന്ന നിലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന നിയമ വ്യവസ്ഥകൾ നിലനിൽക്കുന്നു.

1. 2018-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ സെക്ഷൻ (6) പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്കായി പുരയിടമായി സ്വഭാവവ്യതിയാനം നടത്തുന്ന നിലം/തണ്ണീർത്തട – ഭൂമിയുടെ വിസ്തീർണം 20.23 ആർ-നു മുകളിൽ ആണെങ്കിൽ ആകെ വിസ്തൃതിയുടെ 10% ഭൂമി നിലം ആയി നിലനിർത്തേണ്ടതും ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതുമാണ്.

2. 2018-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 13(1) പ്രകാരം സ്വഭാവവ്യതിയാനം അനുവദിച്ച അപേക്ഷകളിൽ സബ്ഡിവിഷൻ ആവശ്യമുള്ള സംഗതിയിൽ തണ്ടപ്പേരിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിലും ഭൂമിയുടെ വിശദാംശങ്ങളും ജലസംരക്ഷണ നടപടികളുടെ വിശദാംശങ്ങളും രേഖപ്പെടുത്തുകയും തണ്ടപ്പേർ അക്കൗണ്ടിൽ പുതിയ സബ്ഡിവിഷൻ അനുവദിച്ച് റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിലേയ്ക്കായി തഹസീൽദാർ നടപടിക്രമം തയ്യാറാക്കി വില്ലേജ് ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

3. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 13(3) പ്രകാരം നിലമായി നിലനിൽക്കുന്ന 10% ഭൂമി നിലം- ജലസംരക്ഷണ പ്രദേശം എന്ന് സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നിലം-ജലസംരക്ഷണ പ്രദേശം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി കരുതപ്പെടുന്നതുമാണ്.

സ്വഭാവവ്യതിയാനം നടത്തിയ ഭൂമിയിലെ നിർമ്മാണങ്ങളുടെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിക്കുമ്പോൾ FSI കണക്കാക്കുന്നതിലെ നിയമവ്യവസ്ഥയിൽ വ്യക്തത വരുത്തേണ്ടതുണ്ട്.

വിശദാംശങ്ങൾ താഴെ

1 . 2019-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 27 പ്രകാരം Floor Space Index (FSI) കണക്കാക്കുന്നത് താഴെപ്പറയുന്ന പ്രകാരമാണ്.

FSI = Total Floor Area On All Floors*/Plot Area

(*2020-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെൻഡ്മെന്റ്) റൂൾസ് പ്രകാരമുള്ള ഭേദഗതി അനുസരിച്ച്)

സ്വഭാവവ്യതിയാനം നടത്തിയ ഭൂമിയിലെ നിർമ്മാണത്തിന് FSI കണക്കാക്കുന്നതിന് പരിഗണിക്കുന്ന 'Plot Area' യിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി മാറ്റി വച്ചതും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി കണക്കാക്കുന്നതുമായ 10% നില-ഭൂമി (നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമല്ലാത്ത ഭൂമി)-യുടെ വിസ്തീർണം ഒഴിവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടില്ല .

2. നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന പ്ലോട്ടിനോട് ചേർന്ന് നിലം വരുന്ന പക്ഷം FSI കാൽക്കുലേഷനിൽ നിലത്തിന്റെ ഏര്യ പരിഗണിക്കുന്നത് സംബന്ധിച്ച വിവരാവകാശ അപേക്ഷയ്ക്ക് തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനർ നൽകിയ 01.08.2022 ലെ TCPCTP/1701/2022/E1 നമ്പർ മറുപടിയിലും ഇത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. ടി കത്തിന്റെ പകർപ്പ് നഗരസഭയിലെ കടകംപള്ളി സോണലിലെ ZK2/2024/2023 നമ്പർ ഫയലിൽ ചേർത്തിട്ടുള്ളതാണ്.

3. തിരുവനന്തപുരം നഗരസഭയിലെ കടകംപള്ളി സോണൽ കാര്യാലയത്തിലെ താഴെപ്പറയുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ FSI കണക്കാക്കിയതിൽ അവ്യക്തത നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ	ZK2/2024/2023
പെർമിറ്റ് നമ്പർ	ZK2/2024/2023, തീയതി.22.05.2024
അപേക്ഷകൻ	ജയപാൽ.എസ് & ജയലത.പി.കെ

ആകെ Builtup Area	17131.81m^2
നിയമാനുസൃത കിഴിവുകൾ കഴിച്ചുള്ള FSI Area	11597.46

ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം തണ്ടപ്പേർ നം 52629-ൽ സ്വഭാവ വ്യതിയാനം നടത്തി പുരയിടമാക്കി മാറ്റി നിർമ്മാണം നടക്കുന്ന പ്ലോട്ടിന്റെ വിശദാംശങ്ങൾ

തണ്ടപ്പേർ നം. - 52629

ക്രമ നം	സർവ്വേ നം	വിസ്തീർണം
1	1494/3	1 ആർ.53 M^2 (153 M^2)
2	1497/15	30 ആർ.2m^2 (3002 M^2)
3	1497/16	3 ആർ.56m^2 (356 M^2)

ഇതിൽ ക്രമ നം.(സി) പ്രകാരമുള്ള ഭൂമി (3ആർ.56m2) തിരുവനന്തപുരം RDO യുടെ 18/6/21-ലെ RDO/TVM/3609/21 നമ്പർ നടപടിക്രമം പ്രകാരം 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ജലസംരക്ഷണ പ്രദേശമായി നിലനിർത്തിയിട്ടുള്ളതാണ്. ടി ഭൂമിയിൽ ചട്ടപ്രകാരം നിർമ്മാണം അനുവദനീയമല്ല എന്നാൽ ടി ഭൂമിയുടെ വിസ്തീർണം FSI കണക്കാക്കുന്നതിനുള്ള പ്ലോട്ട് ഏരിയയിൽ ഉൾപ്പെടുത്താവുന്നതാണോ എന്ന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലോ 2019 കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലോ പരാമർശിച്ചിട്ടില്ല.

I) ഫയൽ പ്രകാരം FSI കണക്കാക്കിയിരിക്കുന്നത് താഴെപ്പറയുന്ന പ്രകാരമാണ്.

FSI Area	11597.46
Plot Area	3511 M^2
FSI=11597.46/3511	3.30
ഫീസ് ഈടാതെ അനുവദനീയമായ FSI Area-3511*3	10533
Additional Area 11597.46-10533	1064.46
2019-ലെ KMBR പ്രകാരം അധിക ഫീസ് - 1064.46*5000	5322300/- രൂപ

അപേക്ഷകനിൽ നിന്ന് ടി തുകയാണ് ഈടാക്കിയിട്ടുള്ളത്

(രസീത് നം. C010100-24056016/21.05.2024 പ്രകാരം)

II) നിർമ്മാണം അനുവദനീയമല്ലാത്ത ജലസംരക്ഷണ പ്രദേശത്തിന്റെ വിസ്തീർണം ഒഴിവാക്കിയാണ് FSI കണക്കാക്കേണ്ടതെങ്കിൽ FSI കണക്കാക്കേണ്ടത് താഴെപ്പറയുന്ന പ്രകാരമാണ്.

FSI Area (ജലസംരക്ഷണ പ്രദേശത്തിന്റെ വിസ്തീർണം കുറച്ചത്)	11597.46
Plot Area 3511m^2 – 356m^2	3155m^2
FSI - 11597.46 / 3155	3.67
ഫീസ് ഈടാതെ അനുവദനീയമായ FSI Area-3155* 3	9465
Additional Area = 11597.46-9465	2132.46m^2

2019-ലെ KMBR പ്രകാരം അധിക FSI ഏരിയയുള്ള ഫീസ് - 2132.46*5000	10662300/- രൂപ

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിർദ്ദേശങ്ങൾ/നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, 2019 ലെ KMBR ചട്ടങ്ങൾ, എന്നിവയിൽ സ്വഭാവവ്യതിയാനം നടത്തിയ ഭൂമിയിലെ നിർമ്മാണത്തിന് FSI കണക്കാക്കുന്നതിനായി പ്ലോട്ട് ഏരിയയിൽ നിലം - ജലസംരക്ഷണ പ്രദേശത്തിന്റെ വിസ്തീർണം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ അധിക FSI ഏരിയയുള്ള ഫീസ് കണക്കാക്കുന്ന വിഷയത്തിൽ സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കി സമാനമായ നിർമ്മാണങ്ങൾക്കും പെർമിറ്റ് അനുവദിക്കുമ്പോൾ FSI കണക്കാക്കുന്നതിൽ ഉണ്ടാകുന്ന അവ്യക്തത നീക്കേണ്ടതാണ്.

2. പെർമിറ്റ് ഫയലിൽ മേൽ അപാകതകൾ സംബന്ധിച്ച് 17.06.2025-ന് നം.13/കെ.എസ്.എ/ടിവിസി.6/2025നമ്പർ ഓഡിറ്റ് എൻക്വയറി സെക്രട്ടറിയ്ക്ക് നൽകിയതിന് നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ലഭ്യമാക്കിയ 05.07.2025-ലെ കത്തിൽ -നിലം - ജലസംരക്ഷണ പ്രദേശം ഉൾപ്പെടെ ആകെയുള്ള 3511m2 ഭൂമിയുടെ ഉടമസ്ഥതയും കരം ഒടുക്കുന്നതിനുള്ള ബാധ്യതയും അപേക്ഷകനിൽ തന്നെ ആയതിനാലും ടി ഭൂമി നഗര വികസനവുമായി ബന്ധപ്പെട്ടുള്ള മാസ്റ്റർപ്ലാൻ സ്കീം പ്രകാരം സർക്കാർ ഏറ്റെടുക്കേണ്ട ഭൂമി അല്ലാത്തതിനാലും KMBR പ്രൊവിഷൻ പ്രകാരം ഭൂമി മുഴുവനായും FSI കാൽക്കുലേഷനിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന അവ്യക്തമായ മറുപടി ആണ് നൽകിയത്.നിലമായി നിലനിർത്തുന്ന ഭൂമി നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ അനുമതിയില്ലാത്ത സാഹചര്യത്തിൽ FSI കണക്കാക്കുന്നതിൽ നിന്ന് ഒഴിവാക്കേണ്ടതാണ് എന്നതിനാൽ ഇത്തരത്തിൽ നഗരസഭ സർക്കാരിൽ നിന്നും സ്പഷ്ടീകരണം നേടേണ്ടതാണ്.
3 .പ്രസ്തുത വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് അയച്ച ഡി.കെ.എസ്.എ.1296/2025/ആർ.1, തീയതി.22.05.2025 നമ്പർ കത്തിൽ സർക്കാർ തലത്തിൽ സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

1-23 IFTE & OS ലൈസൻസ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 447-449 വകുപ്പുകൾ (വ്യവസായങ്ങളും, ഫാക്ടറികളും, വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്) പ്രകാരം മുനിസിപ്പൽ പ്രദേശത്തെ യാതൊരു സ്ഥലവും ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടുള്ളതല്ല. നഗരസഭാ പരിധിയിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനിവാര്യമാണെന്നും, ലൈസൻസ് കാലയളവ് കഴിഞ്ഞാൽ നിർബന്ധമായും ട്രേഡ് ലൈസൻസ് പുതുക്കേണ്ടതുമാണെന്നും ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നു.

കൂടാതെ വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 30.10.2020ലെ സ.ഉ(പി)നം.62/2020/ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് - കേന്ദ്രീകൃതപരിശോധനാ സംവിധാനത്തിന്റെ പുതുക്കിയ ഉത്തരവ് (31.08.2021ലെ സ.ഉ(കൈ)നം.191/2021/ത.സ്വ.ഭ.വ) പ്രകാരം പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോഴും, നിലവിലുള്ള സ്ഥാപനങ്ങളിലെ ലൈസൻസ് പുതുക്കുമ്പോഴും സ്വീകരിക്കേണ്ട പരിശോധനാ നിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ്.

തിരുവനന്തപുരം നഗരസഭയുടെ മെയിൻ ഓഫീസിന്റെയും സോണൽ ഓഫീസുകളുടെയും 2024-25 വർഷത്തെ ലൈസൻസ് ഫീ വരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ലൈസൻസ് എടുക്കാതെയും നിലവിലെ ലൈസൻസ് പുതുക്കാതെയും നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തനം നടത്തുന്നതായി കാണുന്നു. ഇതുവഴി നഗരസഭാഫണ്ടിന് വലിയ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ഖണ്ഡികകളായി ചേർക്കുന്നു.

1-23-1 ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു നഗരസഭാ ഫണ്ടിന് 1,06,000/- രൂപയുടെ നഷ്ടം

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും IFTE & OS ലൈസൻസ് എടുക്കാതെയും, ലൈസൻസ് പുതുക്കാതെയും പ്രവർത്തിക്കുന്നു. ആയതിനാൽ ലൈസൻസ് ഫീ ഇനത്തിൽ വലിയ കുടിശ്ശിക നിലവിലുണ്ട്. ലൈസൻസ് ഫീ ഡിമാന്റ് ചെയ്തിട്ടും ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് വഴി നഗരസഭക്ക് വരുമാനച്ചോർച്ച ഉണ്ടാകുന്നു എന്ന് മാത്രമല്ല, ലൈസൻസ് ഇല്ലാതെ അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പൊതുജനങ്ങളുടെ ആരോഗ്യത്തിനും, പരിസ്ഥിതിക്കും ഹാനികരമാകുന്നതും, പൊതുജന ആരോഗ്യത്തിനും സുരക്ഷയ്ക്കും ബാധകമായ നിയമങ്ങളുടെ ലംഘനത്തിനും അതുവഴി വ്യാപാര നിയന്ത്രണ സംവിധാനം ദുർബലമാക്കപ്പെടുന്നതിനും കാരണമാകുന്നു.
വിശദ വിവരങ്ങൾ ഖണ്ഡിക 2-14 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-23-2 ലൈസൻസ് ഫീ ഒടുക്കാത്തവർക്കും ലൈസൻസ് അനുവദിച്ച-നഷ്ടം 78115/-

നഗരസഭയുടെ മെയിൻ ഓഫീസിലെയും, കടകംപള്ളി സോണലിലെയും IFTE&OS ലൈസൻസ് പരിശോധനയിൽ ലൈസൻസ് ഫീ ഒടുക്കാതെ ലൈസൻസ് അനുവദിച്ച നൽകിയിട്ടുള്ളതായി കണ്ടെത്തി. 2024-25-ലേയ്ക്ക് ലൈസൻസ് പുതുക്കുവാനുള്ള പല അപേക്ഷകളിലും സ്റ്റാറ്റസ് "Approved" എന്ന് കെസ്മാർട്ടിൽ കാണുന്നു. അപേക്ഷകരിൽ നിന്ന് ലൈസൻസ് ഫീസ് തുക ഡിമാൻഡ് ചെയ്തിട്ടുണ്ടെങ്കിലും ഫീസ് അടവാക്കിയ രസീത് വിവരങ്ങൾ ലഭ്യമല്ല. കൂടാതെ ലൈസൻസ് കാലാവധി 31.03.2024-ൽ പൂർത്തിയാക്കിയിട്ടുള്ള പല വാണിജ്യ സ്ഥാപനങ്ങളുടെയും ഉടമസ്ഥർ അടുത്ത വർഷങ്ങളിലേയ്ക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ താമസിച്ചാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷകരുടെ Payment Status Pending For Payment എന്ന് കാണിക്കുന്നെങ്കിലും 2024-25/2024-26 കാലയളവിൽ പ്രസ്തുത അപേക്ഷകർക്ക് ലൈസൻസ് അനുവദിച്ചതായി കെസ്മാർട്ട് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യമാകുന്നു

വിശദ വിവരങ്ങൾക്കായി ഖണ്ഡിക 2-15 കാണുക.

1-23-3 അനധികൃത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

തിരുവനന്തപുരം നഗരസഭാ പരിധിയിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ലംഘിച്ച് നിർമ്മിച്ചിട്ടുള്ളതിനാൽ UA നമ്പർ നൽകിയിട്ടുള്ള അനധികൃത കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ സെക്ഷൻ 406 മുതൽ 408 വരെ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണ വിഭാഗത്തിൽപ്പെടുന്നതും സെക്ഷൻ 242-ലെ 3-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകിയിട്ടുള്ളതുമായ കെട്ടിടങ്ങൾ, സെക്ഷൻ 242(5) പ്രകാരം കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് നഗരസഭ അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിയ്ക്കും നോട്ടീസ് നൽകി അത് പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്.

A) കെ-സ്മാർട്ട് പരിശോധിച്ചതിൽ തിരുവനന്തപുരം നഗരസഭയുടെ വിവിധ വാർഡുകളിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള പ്രത്യേക നമ്പർ നൽകിയിട്ടുള്ള അനധികൃത കെട്ടിടങ്ങളിൽ 2024-25 വർഷം ലൈസൻസ് ആവശ്യമായ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ തൻവർഷം പ്രസ്തുത കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ/പുതുക്കിയിട്ടുണ്ടോ എന്ന വിവരം കെ -സ്മാർട്ടിൽ ലഭ്യമല്ല. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ സംഗതിയിൽ മേൽ പരാമർശിച്ച ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ

ലഭ്യമാക്കുന്നതിനും, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ/ലൈസൻസ് നൽകിയിട്ടില്ലെങ്കിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാനിടയായതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട നൽകിയ 10.02.2026.ലെ 245/കെ.എസ്.എ./എ.ഒ.I/2025 നം ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. കെട്ടിടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 25 ആയി ചേർക്കുന്നു.

B) 2024-25 വർഷം അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിച്ച വാണിജ്യ സ്ഥാപനങ്ങൾക്ക് പുതിയ/ പുതുക്കിയ ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന വിവരം കെസ്മാർട്ടിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 245/കെ.എസ്.എ/എ.ഒ.1/2025, തീയതി.10.02.2026) മറുപടിയായി അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 447 പ്രകാരമുള്ള ലൈസൻസ് നൽകിയിട്ടുള്ളതുമായ വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക നഗരസഭ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ് നം./ പേര്	ഡോർ നം. / സബ് നം.	കെട്ടിട ഉടമയുടെ പേര്	ലൈസൻസിയുടെ പേര്	ലൈസൻസ് യൂണിറ്റ്
1.	71-ചാല	3797/UA2	സലിം കുമാരൻ നായർ.എൻ.എസ്	സലിം കുമാരൻ നായർ.എൻ.എസ്	റൂബി ഫാൻസി ഗാർമെന്റ്സ്
2.	71- ചാല	3797/1/2UA	“”	“”	ദാവത്ത് ഹോട്ട് ആൻഡ് കൂൾ
3.	52-പാപ്പനംകോട്	1738/UA	ടി.വി.എസ് മൊബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ്	ജോയ്മോൻ .എസ്.ആർ	ജോയ്മോൻ .എസ്.ആർ
4.	39-പാങ്ങോട്	462/UA	ശിവൻകുട്ടി സേതു ശിവൻകുട്ടി സിന്ധു.കെ.എസ്	വിൽഫ്രെഡ്	എസ്.കെ. ഹോസ്പിറ്റൽ ക്യാന്റീൻ
5.	52പാപ്പനംകോട്	3854UA	ദീപ.സി.എസ്	എം.രാജൻ	അമൃത ഏജൻസീസ്

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ളതിനാൽ പ്രത്യേക നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(5) പ്രകാരം കച്ചവടത്തിനായോ വ്യാപാരത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് നഗരസഭ അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിയ്ക്കും നോട്ടീസ് നൽകി ആയ്ത പുന: പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. ലൈസൻസ് അനുവദിച്ച മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ സംഗതിയിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും സ്വീകരിച്ചിട്ടില്ലെങ്കിൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-23-4 ക്വാറി യൂണിറ്റിന് ലൈസൻസ് അനുവദിച്ചതിലെ അപാകത -പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നത് ഉറപ്പു വരുത്തേണ്ടതാണ്.

ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്ന് നിർബന്ധമായും ലഭ്യമാക്കേണ്ടതായിട്ടുള്ള അനുമതി ഉത്തരവുകൾ സർക്കുലർ നമ്പർ 78327/ആർ. സി.3//09/തസ്വഭവ തീയതി 15.03.2010 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ 21.02.2014 തീയതിയിലെ ജി. ഒ. (എം. എസ്) നം. 2/14/ഇ. എൻ. വി. ടി നമ്പർ ഉത്തരവ് പ്രകാരം 5 ഹെക്ടറിൽ താഴെയുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് "സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയിൽ" നിന്നും അനുമതി വാങ്ങേണ്ടതാണ്. അഞ്ചു ഹെക്ടറിൽ കൂടുതലുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ആവശ്യമാണ്.

എന്നാൽ വട്ടിയൂർക്കാവ് സോണൽ, കാച്ചാണി (34)വാർഡിൽ -ൽ 5.9747 ഹെക്ടർ സ്ഥലത്ത് ക്വാറിയിങ് ലീസ് എടുത്തു പ്രവർത്തിക്കുന്ന, എബി മാത്യു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എം. ഐ. എസ് പോബ്സൺ എന്ന ക്വാറി യൂണിറ്റിന്റെ (ലൈസൻസ് അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ- 1313/1) 2024-25 വർഷത്തേയ്ക്കുള്ള ലൈസൻസ് പുതുക്കാനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളിൽ ചുവടെപ്പറയുന്ന അപാകതകൾ കാണുന്നു.

. സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയിൽ നിന്നുമുള്ള എൻവയോൺമെന്റൽ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 14.03.2024 ൽ അവസാനിച്ചിട്ടുള്ളതാണ്. നോട്ട് ഫയൽ പരിശോധിച്ചതിൽ, സർട്ടിഫിക്കറ്റ് പുതുക്കി ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടില്ല.

. 2025-2026 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കൽ അപേക്ഷയിലും സമർപ്പിച്ചിട്ടുള്ളത് ഇതേ സർട്ടിഫിക്കറ്റ് ആണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 251/16.02.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി നൽകിയില്ല.

ലൈസൻസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അപേക്ഷാ നമ്പർ/ തീയതി	ലൈസൻസ് വർഷം,കാലാവധി	അപേക്ഷയോടൊപ്പം സമർപ്പിച്ച പാരിസ്ഥിതികാനുമതിയുടെ വിശദാംശങ്ങൾ
BFIF-00109524-2024, 04.04.2024	2024-25, 01.04.2024 മുതൽ 31.03.2025 വരെ	എസ്. ഇ. ഐ. എ. എ യുടെ 14.03.2024 ൽ കാലാവധി അവസാനിച്ച അനുമതി
BFIF-00034371-2025, 19.02.2025	2025-26, 01.04.2025 മുതൽ 31.03.2026 വരെ	കാലാവധി അവസാനിച്ച മേൽ സർട്ടിഫിക്കറ്റിനോടൊപ്പം, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ S.O. 1807/12.04.2022 നമ്പർ വിജ്ഞാപനത്തിന്റെ

		അടിസ്ഥാനത്തിൽ ക്വാറിയുടെ തുടർ പ്രവർത്തനം അനുവദിച്ചുകൊണ്ടുള്ള കേരള ഹൈ കോടതിയുടെ 28.02.2024 ലെ ഇടക്കാല ഉത്തരവ്.

കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ S.O. 1807/12.04.2022 വിജ്ഞാപനപ്രകാരം ക്വാറികളുടെ പാരിസ്ഥിതിക അനുമതിയുടെ കാലാവധി മൈനിങ് പ്രോജക്ട് കാലാവധി വരെ (പരമാവധി 30 വർഷം) ദീർഘിപ്പിക്കാൻ അനുവദിച്ചിരുന്നു. എന്നാൽ 26.08.2025 ന് WP(C) No. 44547/2024 (*ജിജോ ജോയ് വേർസസ് യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അദേഴ്സ്*) പരിഗണിച്ച ബഹു. കേരള ഹൈക്കോടതി, കേന്ദ്രത്തിന്റെ പ്രസ്തുത വിജ്ഞാപനം, 1986 ലെ പരിസ്ഥിതി (സംരക്ഷണ) ചട്ടങ്ങളെയും 2006 ലെ എൻവയോൺമെന്റ് ഇമ്പാക്ട് അസ്സസ്സ്മെന്റ് വിജ്ഞാപനത്തെയും ലംഘിക്കുന്നുവെന്ന് നിരീക്ഷിക്കുകയും ആയതിനെ റദ്ദാക്കുകയും ചെയ്തു.

ആയതിനാൽ മേൽ കോടതി ഉത്തരവ് തീയതി മുതൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ S.O. 1807/12.02.2022 വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ക്വാറികൾക്ക് ലൈസൻസ് പുതുക്കി നൽകാനാവില്ല. ആയതിനാൽ തുടർന്ന് ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഉടമകളിൽ നിന്ന് പുതുക്കിയ എൻവയമെന്റൽ ക്ലിയറൻസ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പൊതുജനങ്ങളുടെ ആരോഗ്യത്തെയും, സുരക്ഷയെയും ബാധിക്കുന്ന വിഷയമായതിനാൽ വിഷയത്തിൽ ഭരണ സമിതിയുടെ ഇടപെടൽ അനിവാര്യമാണ്.

1-23-5 ലൈസൻസ് എടുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസുമായി ബന്ധപ്പെട്ട് ആറ്റിപ്ര, കടപ്പനക്കുന്ന്, ശ്രീകാര്യം എന്നീ സോണൽ ഓഫീസുകളിൽ നിന്ന് ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം പ്രസ്തുത സോണൽ പരിധിയിൽ വരുന്ന ചില പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ/പുതുക്കാതെ പ്രവർത്തിച്ചതായി കണ്ടെത്തി. ഇതുമായി ബന്ധപ്പെട്ട് സോണൽ കാര്യാലയങ്ങളിലേയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 174/കെ.എസ്.എ/ടിവിസി.9/2024-25) ക്ക് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ആറ്റിപ്ര സോണൽ

ആറ്റിപ്ര വാർഡ്	
ക്രമ നം.	പേര്, മേൽവിലാസം
1	മാധവ് ചന്ദ്രൻ, റ്റി.സി. 98/3232/2, സൺഷൈൻ ഡെന്റൽ ക്ലിനിക്
2	ഡോ. മനോജൻ, റ്റി.സി. 98/3250/1, 3, ജി.ജി ഫാമിലി ക്ലിനിക്
3	ഡോ. സൗമ്യ അലക്സാണ്ടർ, റ്റി.സി.98/896, ജനതാ ക്ലിനിക്
കുളത്തൂർ വാർഡ്	
1	സൗമ്യ രാജൻ, റ്റി.സി. 97/791, ടിൻപേൾ ഡെന്റൽ ക്ലിനിക്
2	ജിന്റോ മാത്യു മനയിൽ, റ്റി.സി. 97/2430, DDRC SRL ഡയഗ്നോസ്റ്റിക് പ്രൈ. ലിമി.
3	വിജയകുമാരി & പ്രമോദ്, റ്റി.സി. 97/255-1, സൺറൈസ് ആയുർവ്വേദ സെന്റർ
പള്ളിത്തുറ വാർഡ്	
1	പ്രിയങ്ക.എം.ഐ, റ്റി.സി. 100/3432/3, സ്റ്റാർ ഡെന്റൽ ക്ലിനിക്
2	അസീനാ സലാം, റ്റി.സി. 100/4023/18, നാഷി ഡെന്റൽ ക്ലിനിക്
പൗണ്ട്കടവ് വാർഡ്	
1	ദേവി.ആർ.നായർ, റ്റി.സി. 99/2653/2, 3, എയ്ഞ്ച ഹോളിസ്റ്റിക് സ്കിൻ ക്ലിനിക്
2	സുശീലൻ, റ്റി.സി. 99/3176/1, ലൈഫ് കെയർ ക്ലിനിക്
3	രതീഷ്.റ്റി, റ്റി.സി. 99/1823/1,2, ഹെയർ ട്രീറ്റ്മെന്റ് ക്ലിനിക്

ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)കടപ്പനക്കുന്ന് സോണൽ :

സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ചില സ്ഥാപനങ്ങൾ നഗരസഭയിൽ നിന്നും ആവശ്യമായ ലൈസൻസ് എടുക്കാതെയും, ചിലത് കാലഹരണപ്പെട്ട ലൈസൻസുകൾ പുതുക്കാതെയും പ്രവർത്തിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം നഗരസഭയ്ക്ക് ലഭിക്കേണ്ട ലൈസൻസ് ഫീസിൽ നഷ്ടം സംഭവിക്കുന്നതിനൊപ്പം, പൊതുജനാരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. ലൈസൻസിംഗ് വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിൽ സോണൽ ഓഫീസ് ആവശ്യമായ മേൽനോട്ടം പുലർത്തിയിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ആയതിനാൽ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ച് ലൈസൻസ് ഫീസും ബാധകമായ പിഴയും ഈടാക്കി, സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന.	വാർഡ്	സ്ഥാപനത്തിന്റെ പേര് / കെട്ടിട നമ്പർ
1	ചെട്ടിവിളാകം	Austra Dental Clinic – TC 21/2918(1)
2	കിണവൂർ	Bavanai Arogya Nikethan – TC 12/213, 214
3	കിണവൂർ	Badani Nature Fares And Yoga – TC 12/1366
4	കിണവൂർ	Metro Centre Clinic – TC 12/3541
5	പാതിരാപ്പള്ളി	Shaji Sukumaran, Ambalathu Nadu – TC 20/511(1)

3) ശ്രീകാര്യം സോണൽ

ശ്രീകാര്യം സോണൽ പരിധിയിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പരിശോധനയിൽ, പലതും ലൈസൻസ് ഇല്ലാതെയും കാലാവധി കഴിഞ്ഞ ലൈസൻസുകൾ പുതുക്കാതെയും പ്രവർത്തിക്കുന്നതായി കണ്ടെത്തി. ഇത് നഗരസഭയുടെ വരുമാന നഷ്ടത്തിന് പുറമെ പൊതുജനാരോഗ്യ ചട്ടങ്ങളുടെ ലംഘനവുമാണ്. ലൈസൻസിംഗ് കാര്യക്ഷമമാക്കുന്നതിൽ സോണൽ ഓഫീസിനുണ്ടായ മേൽനോട്ടക്കുറവാണ് ഇത് വ്യക്തമാക്കുന്നത്.

ആയതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴയും ഫീസും ഈടാക്കി അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണം. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

ക്ര.നം.	വാർഡ്	സ്ഥാപനത്തിന്റെ പേര് / കെട്ടിട നമ്പർ
1	ശ്രീകാര്യം	മനേഷ് ഗിരീശൻ,Healthy Dent Multi Speciality Dental Clinic. പാങ്ങപ്പാറ.പി.ഒ (No PCB Consent)
2	ചെല്ലമംഗലം	ഷെരീഫ്,എ.എസ് ക്ലിനിക് ടി.സി 8/3038 ,വട്ടവിള (No PCB Consent)

1-23-6 നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾക്ക് (IFTE & OS) ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- ലൈസൻസ് അനുവദിച്ചതിൽ അവ്യക്തത

2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക II യിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പെട്രോൾ പമ്പുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് എടുക്കുന്നതിനുള്ള നിയമപരമായ ബാധ്യത ഉണ്ട്. കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ പ്രോപ്പർട്ടി ടാക്സ് ബിൽഡിംഗ് ലിസ്റ്റ് റിപ്പോർട്ട്സിലെ അപൂർണ്ണമായ രേഖപ്പെടുത്തലുകൾ പ്രകാരം താഴെപ്പറയുന്ന പെട്രോൾ പമ്പുകൾ നഗരസഭാ പരിധിയിൽ പ്രവർത്തിച്ച വരുന്നവയാണ്. ടി പെട്രോൾ പമ്പുകൾക്ക് 2024-25 വർഷത്തിൽ IFTE & OS ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 06.05.2025-ലെ 2/കെ.എസ്.എ/ടിവിസി.6/2025 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയവ ലഭ്യമാക്കിയില്ല. നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടതിൽ ഉള്ളൂർ സോണൽ പരിധിയിൽപ്പെട്ട രണ്ട് പെട്രോൾ പമ്പുകളുടെ ലൈസൻസ് വിശദാംശങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പട്ടികയിലെ ക്രമനം.24,27 ഒഴികെയുള്ളവ 2024-25 ൽ ലൈസൻസ് എടുത്തിട്ടില്ലെന്ന കാണുന്നു. പട്ടിക ചുവടെ ചേർക്കുന്നു.

ആറ്റിപ്ര സോണൽ			
ക്രമ നം.	വാർഡ്	ഡോർ നം.	ഉടമസ്ഥന്റെ പേര്
1	കുളത്തൂർ	97/636/3	സി.വി. ഫ്ലോറൻസ്
2	"	97/1509/1	രമണി
3	"	97/2259/2	-
4	"	97/2438	അനിൽ കുമാർ.എസ്
5	ആറ്റിപ്ര	98/150	ആംസ്റ്റർ
6	"	98/151	"
7	"	98/152	-
8	"	98/153	-
9	"	98/168	-
10	"	98/171	-
11	"	98/557	അമ്മിണി.എസ്.മൂർത്തി
12	"	98/695	ജനാർദ്ദനൻ നായർ
13	"	98/752/1	ശ്രീകുമാർ.കെ.എസ്
14	"	98/1239	-
15	"	98/2758	രാം പ്രസാദ്
16	പൗണ്ട്കടവ്	99/885	സത്താർ.എൻ.എ
17	പള്ളിത്തുറ	100/1170	-
18	"	100/1630	-
19	"	100/3610/1	-
വിഴിഞ്ഞം			
20	വെങ്ങാന്നൂർ	59/82/1	ബേബി
21	"	59/141/1	രാജേന്ദ്രൻ
22	"	59/1796/1	സുനിൽ കുമാർ
23	"	59/2445/1	ശ്രീധരൻ
24	"	59/2713	സലിം
ഉള്ളൂർ			
25	മണ്ണന്തല	13/190	സന്തോഷ്
മെയിൻ ഓഫീസ്			
26	ശാസ്തമംഗലം	22/1263/1	ജയശ്രീ
27	പൂജപ്പുര	42/2831/2	വിപിൻ

നഗരപരിധിയിലെ മുഴുവൻ പെട്രോൾപമ്പുകളുടെയും വിവരവും ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിശദാംശവും ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

1-24 റോഡ് കട്ടിംഗ് ചാർജ്ജ് - കെ സ്മാർട്ട് ഫയലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല, പരിശോധന അപൂർണ്ണം-വരവ് തുകയിൽ അവ്യക്തത

2024-25 വർഷം സുഗമ പോർട്ടൽ മുഖേനയും, കെ-സ്മാർട്ട് മുഖേനയും നഗരസഭ റോഡ് കട്ടിംഗിന് അനുമതി നല്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം 3,51,64,082 രൂപയാണ് റോഡ് കട്ടിംഗ് ഫീ ഇനത്തിലെ തൻവർഷ വരവ്. റോഡ്കട്ടിംഗ് ഫീ യുടെ ലെഡ്ജർ പരിശോധനയിൽ ക്യാഷ്, E-Pos, E-Payment മാർഗ്ഗങ്ങളിലൂടെ റോഡ് കട്ടിംഗ് ഫീ കളക്ട് ചെയ്യുന്നതായും, നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ടുകളായ SBI-1385, Epos Canara-2429, SBI-8148 E-Payment എന്നീ അക്കൌണ്ടുകളിലാണ് പ്രസ്തുത വരവ് വന്നിട്ടുള്ളതെന്നും കാണുന്നു.

സുഗമ സോഫ്റ്റ് വെയറിൽ ഓഡിറ്റർ ലോഗ്-ഇൻ ലഭ്യമാകാത്ത സാഹചര്യത്തിൽ സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധന ഓഡിറ്റിൽ സാധ്യമായിട്ടില്ല. കെ-സ്മാർട്ട്, സുഗമ സോഫ്റ്റ്വെയർ എന്നിവ മുഖേന നഗരസഭാ പരിധിയിൽ അനുമതി നൽകിയിട്ടുള്ള മുഴുവൻ റോഡ് കട്ടിംഗ് പ്രവൃത്തികളുടെയും ഫീസ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 29/12/2025 ലെ 174/കെ.എസ്.എ/ടി.വി.സി9/2024-25 നം ഓഡിറ്റ് എൻക്വയറിക്ക് 2024-25 സാമ്പത്തിക

വർഷം സുഗമ പേർട്ടൽ വഴി ആകെ 883 റോഡ്കട്ടിംഗ് അപേക്ഷകൾക്ക് അനുമതി നല്കിയതായും 2,08,13,249 രൂപ റോഡ് കട്ടിംഗ് ഫീയായി കളക്ട് ചെയ്തിട്ടുള്ളതായും, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നല്കി. എന്നാൽ കെ-സ്മാർട്ട് മുഖേനയുള്ള റോഡ് കട്ടിംഗ് ഫയൽ സംബന്ധിച്ച വിശദാംശങ്ങളും, കളക്ഷൻ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയില്ല. ആയതിനാൽ കെ സ്മാർട്ട് മുഖാന്തിരം തൻവർഷം എത്ര അപേക്ഷകൾ ലഭിച്ചുവെന്നോ, എത്രയെണ്ണം തീർപ്പാക്കിയെന്നോ, ഈ ഇനത്തിൽ എത്ര രൂപ വരവ് ലഭിച്ചുവെന്നോ പരിശോധിക്കാനായിട്ടില്ല. 2024-25 ലെ റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ആകെ ലഭിച്ച അപേക്ഷകൾ	തീർപ്പാക്കിയ അപേക്ഷകൾ	ഫീസിനത്തിൽ ലഭിച്ച തുക
1	സുഗമപോർട്ടൽ മുഖേന -	883	2,08,13,249
2	കെസ്മാർട്ട് മുഖേന -	വിവരം ലഭ്യമാക്കിയില്ല	വിവരം ലഭ്യമാക്കിയില്ല

തൻവർഷ വരവ് തുകയിലെ വ്യക്തതക്കുറവ്

റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിലെ യഥാർത്ഥ വരവ് ആയി വാർഷിക ധനകാര്യ പത്രികയിലെ Receipt And Payment Schedule ൽ ഉൾപ്പെടുത്തിയിട്ടുള്ളത് 3,51,64,082 രൂപയാണ്. എന്നാൽ റോഡ് കട്ടിംഗ് ചാർജ്ജിന്റെ 2024-25 ലെഡ്ജർ പ്രകാരം ഇത് 3,53,31,939 രൂപയാണ്. ലെഡ്ജർ പ്രകാരമുള്ള തുകയാണ് 2024-25 വാർഷിക ധനകാര്യപത്രികയിലെ Income And Expenditure Report ലും (I-4) ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുകകൾ തമ്മിൽ 1,67,857രൂപയുടെ വ്യത്യാസമുണ്ട്. അക്രുവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വാർഷിക ധനകാര്യ പത്രികയിൽ മൻകൂർ ഡിമാന്റ് ഇല്ലാത്ത റോഡ്കട്ടിംഗ് ചാർജ്ജ് പോലെയുള്ള വരവിനത്തിന് I&E സ്റ്റേറ്റ്മെന്റിലും, Receipt & Payment സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുന്ന തുക ഒന്നു തന്നെയാകേണ്ടതാണ്.

റോഡ്കട്ടിംഗ് ചാർജ്ജുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ വരവ് തുകയിലെ വ്യത്യാസം വിശദീകരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

റോഡ്കട്ടിംഗ് ചാർജ്ജ്(ഹെഡ് ഓഫ് അക്കൌണ്ട് -1407001)ന്റെ കെ-സ്മാർട്ടിൽ നിന്നുള്ള 2024-25ലെഡ്ജർ പരിശോധനയിൽ P-C010100-24004969എന്ന പെയ്മെന്റ് വൌച്ചർ മുഖേന 31,99,579 രൂപയുടെ പെയ്മെന്റ് നടത്തിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത പെയ്മെന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ റോഡ്കട്ടിംഗ് ചാർജ്ജ് ഇനത്തിലെ യഥാർത്ഥ വരവിൽ അവ്യക്തതയുണ്ട്.

കൂടാതെ ഈയിനത്തിലെ മുൻവർഷ വരവുമായി താരതമ്യം ചെയ്യുമ്പോൾ 2024-25 ലെ വരവ് താരതമ്യേന കുറവായി കാണുന്നു. 2023-24 സാമ്പത്തിക വർഷത്തേതിൽ നിന്ന് 4,92,71,504 രൂപയുടെ കുറവാണ് 2024-25വർഷത്തിൽ കാണുന്നത്.

AFS പ്രകാരമുള്ള റോഡ്കട്ടിംഗ് ഫീയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	സാമ്പത്തിക വർഷം	തുക (രൂപ)
1	2024-25	3,51,64,082
2	2023-24	8,44,35,586
3	2022-23	5,19,74,204
4	2021-22	7,48,52,757

മേൽ വിവരിച്ച അപാകതകൾക്ക് മറുപടി നല്കുന്നതിനും, സുഗമ പോർട്ടൽ മുഖാന്തിരവും, കെ-സ്മാർട്ട് മുഖാന്തിരവും ഉള്ള ആകെ വരവ് റോഡ്കട്ടിംഗ് ഹെഡ് ഓഫ് അക്കൌണ്ടായ 1407001 ൽ കൃത്യമായും അക്കൌണ്ട് ചെയ്യ എന്ന് ഉറപ്പാക്കാൻ കഴിയുന്നുണ്ടോ/എങ്ങനെയാണ് ഉറപ്പാക്കുന്നത് എന്നതിൽ വ്യക്തത വരുത്താൻ ആവശ്യപ്പെട്ടും, നല്കിയ 04.02.2026ലെ 232/കെ.എസ്.എ./എ.ഒ.III/2025,. 28.01.2026 ലെ 213/കെ.എസ്.എ./എ.ഒ.III/2025 നമ്പരായുള്ള ഓഡിറ്റ് അന്വേഷണങ്ങൾക്ക് നഗരസഭ മറുപടി നല്കിയില്ല.

റോഡ്കട്ടിംഗ് ചാർജ്ജ് ഇനത്തിലെ നഗരസഭയുടെ വരുമാനത്തിന്റെ കൃത്യമായ അക്കൌണ്ടിംഗ് നടത്തേണ്ടതും, ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, ഫയലുകൾ പരിശോധിക്കുന്നതിന് ആവശ്യമായ ആക്സസ് ഓഡിറ്റിന് നല്കേണ്ടതുമാണ്.

1-25 നഗരസഭയിലെ 2024-25 സാമ്പത്തിക വർഷത്തെ റഹ്ലർ/കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് വിതരണം.

നഗരസഭയിലെ റഹ്ലർ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, സെൻട്രൽ പെൻഷൻ ഫണ്ട്, മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്നിവയിലെ അക്കൗണ്ടിംഗ് എന്നീ വിഷയങ്ങൾ സംബന്ധിച്ച് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള അവലോകന റിപ്പോർട്ട്

I) റഹ്ലർ പെൻഷൻ

1. റഹ്ലർ ജീവനക്കാരുടെ പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ

നഗരസഭയിലെ റഹ്ലർ ജീവനക്കാരുടെ പെൻഷൻ വിതരണം, രജിസ്റ്ററുകൾ എന്നിവ സംബന്ധിച്ച കണക്കുകൾ താഴെ നൽകുന്നു.

എ) 2024-25 സാമ്പത്തിക വർഷത്തിൽ ആകെ വിതരണം ചെയ്ത തുക – 244961024/- രൂപ

ചെക്ക് മുഖേന :-

ക്രമ നം.	മാസം	പെൻഷണർമാരുടെ എണ്ണം	ആകെ തുക	ചെക്ക് നം./തീയതി
1	ഏപ്രിൽ 2024	915	19848068	82616/01.04.2024
2	മെയ്	922	20012727	826165/02.05.2024
3	ജൂൺ	926	20123474	826169/01.06.2024
4	ജൂലൈ	927	20086365	826174/01.07.2024
5	ആഗസ്റ്റ്	926	20072369	826180/01.08.2024
6	സെപ്റ്റംബർ	925	20082234	826184/02.09.2024
7	ഒക്ടോബർ	927	20085923	826193/01.10.2024
8	നവംബർ	933	20713379	826201/01.11.2024

9	ഡിസംബർ	939	20795967	826208/02.12.2024
10	ജനുവരി 2025	941	20805780	826213/01.01.2025
11	ഫെബ്രുവരി 2025	940	20780136	826217/02.02.2025
12	മാർച്ച് 2025	942	20776100	826224/01.03.2025
	ആകെ		244182522	

മണി ഓർഡർ മുഖേന :-

ക്രമ നം.	മാസം	തുക	ചെക്ക നം./തീയതി
1	ഏപ്രിൽ 2024	60512	826162/01.04.2024
2	മെയ്	60512	826165/02.05.2024
3	ജൂൺ	60512	826170/01.06.2024
4	ജൂലൈ	60512	826175/01.07.2024
5	ആഗസ്റ്റ്	60512	826181/01.08.2024
6	സെപ്റ്റംബർ	60512	826185/02.09.2024
7	ഒക്ടോബർ	60512	826194/01.10.2024
8	നവംബർ	62060	826202/01.11.2024
9	ഡിസംബർ	62060	826209/01.12.2024
10	ജനുവരി 2025	62060	826214/01.01.2025
11	ഫെബ്രുവരി 2025	84369	826218/02.02.2025
12	മാർച്ച് 2025	84369	826225/01.03.2025
	ആകെ	778502	

സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക അടവാക്കുന്നില്ല .

കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ചട്ടങ്ങൾ 1996 ചട്ടം 7(2), 8 എന്നിവ പ്രകാരം റഹ്മർ വിഭാഗം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ 15% വരുന്ന തുക നഗരകാര്യ ഡയറക്ടറുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതും ചട്ടം 9 പ്രകാരം ലഭ്യമാകുന്ന തുക സെക്രട്ടറി മുനിസിപ്പൽ പെൻഷൻ ഫണ്ടിനായുള്ള പ്രത്യേക അക്കൗണ്ട് മുഖേന പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി വിനിയോഗിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ജീവനക്കാരുടെ പെൻഷൻ വിഹിതം നിരവധി വർഷങ്ങളായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുകയോ പെൻഷൻ കമ്മ്യൂട്ടേഷൻ, ഡിസിആർജി എന്നീ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാവശ്യമായ കൃത്യമായ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കുകയോ ചെയ്യുന്നില്ല. 2024-25 വർഷത്തിൽ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടവാക്കുകയോ വിഹിതം നഗരസഭയ്ക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല.

മുനിസിപ്പൽ പെൻഷൻ ഫണ്ടിന്റെ പരിപാലനം

1) സ.ഉ(എം.എസ്) നം.49/2016/തസ്വഭവ, തീയതി 04.03.2016 പ്രകാരം നഗരസഭയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നഗരസഭയ്ക്ക് അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നിരിക്കെ നഗരസഭയിലെ പെൻഷൻ വിതരണത്തിനു തനതു ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വികാസ് ഭവൻ ബ്രാഞ്ചിലെ അക്കൗണ്ട് നം. 67191408911-ൽ നിന്നുമാണ് വിതരണം ചെയ്യുന്നത്. നഗരസഭയിൽ നിന്നും റഹ്മർ സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ ഡേറ്റാബേസ് നഗരസഭ തയ്യാറാക്കിയിട്ടുണ്ട്. പെൻഷൻ തുകയുള്ള ചെക്കും, പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, പെൻഷൻ തുക എന്നിവ അടങ്ങിയ സ്റ്റേറ്റ്മെന്റ് പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്കിലേയ്ക്ക് നൽകി വരുന്നുണ്ട്. എന്നാൽ ബാങ്ക് അധികൃതർ പെൻഷണറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയതിന്റെ സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പെൻഷൻ വിതരണത്തിന്റെ ആധികാരികത പരിശോധിക്കുവാൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല.

2) കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾ 2007 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ (മുനിസിപ്പൽ പെൻഷൻ ഫണ്ട്) പരിശോധനയ്ക്കായി ആവശ്യപ്പെട്ടപ്പോൾ ബിൽ രജിസ്റ്ററിൽ ചെക്ക് ഇഷ്യൂ ചെയ്യുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് സ്വീകരിച്ച് വരുന്നതെന്നും നിർദ്ദേശത്തെ തുടർന്ന് ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിപാലിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 51/കെ.എസ്.എ/ടിവിസി.5/2025-നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു.

3) മുനിസിപ്പൽ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട്/ട്രഷറി അക്കൗണ്ട് പ്രതിമാസം റിക്കൺസിലിയേഷൻ നടത്തുന്നില്ല. ഓഡിറ്റ് എൻക്വയറി നം.51/കെ.എസ്.എ/ടിവിസി.5/2025 നുള്ള മറുപടിയിൽ 03/2024 മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. മാസാമാസം പ്രസ്തുത ബാങ്ക് അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തി സൂക്ഷിക്കേണ്ടതാണ്.

രജിസ്റ്ററുകളുടെ പരിപാലനം

1) പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. തിരുവനന്തപുരം നഗരസഭയിൽ നിന്നും സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും മറ്റ് നഗരസഭകളിൽ പെൻഷൻ വാങ്ങുന്നതിനു ഓപ്ഷൻ നൽകിയിട്ടുള്ളതുമായ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത വിവരം ലഭ്യമാക്കിയിട്ടില്ല.

2) കേരള ട്രഷറി കോഡ് വോള്യം I ചട്ടം 280(എ) പ്രകാരം ലൈഫ് സർട്ടിഫിക്കറ്റിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ സാക്ഷ്യപ്പെടുത്താത്ത ലൈഫ് സർട്ടിഫിക്കറ്റുകൾ പരിശോധനയിൽ കണ്ടു. ആയതു ഓഡിറ്റ് എൻക്വയറി നം.157/കെ.എസ്.എ/ടിവിസി.7/2025 മുഖേന ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കും പെൻഷൻ വിതരണം നടത്തിയിട്ടുമുണ്ട്. ഇതു സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്. (നം. 157/2025) നേരിട്ട് വന്നവർ ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

3) Kerala Treasury Code Vol I Rule 280(a) പ്രകാരം ലൈഫ് സർട്ടിഫിക്കറ്റ് ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്നും ഓഫീസ് സീൽ പതിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ലൈഫ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താത്തവരുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	PPO നം.
1	Bindu.A	8879
2	Sheeladevi.S	7951
3	Saraswathi.B	250
4	Thankappan Pillai	5226
5	Ambika Devi.P	3773
6	Omanakutty Amma	2911

7	Santhi.L	5114
8	Savithri Devi Amma.C	2922
9	Pathmavathi Amma.J	1199
10	Mani.A	6135
11	Saraswathi Amma.B	3479
12	Saraswathi Amma.P	572
13	Syamala Kumari.S	3405
14	Ramla Beevi.K	7145
15	M. Brigett	5060
16	Nirmala.S	6054
17	Sudharmani.S	6254
18	Prasanna Kumari.K	5738
19	Nirmala.P	1659
20	Vijayamma.B	7635

4) ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ - ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതും, പെൻഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടതുമായ വ്യക്തികളുടെ വിവരങ്ങൾ അനുബന്ധം (26) ആയി ഉൾപ്പെടുത്തുന്നു .

5) 1996-ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 11(4) പ്രകാരമുള്ള പെൻഷൻ പേയ്മെന്റ് ഓർഡർ, അലോട്ട്മെന്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

6) പെൻഷണറുടെ മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ അനന്തരാവകാശികളിൽ നിന്നും വീഴ്ച സംഭവിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണത്തിൽ അപാകത വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.157/15.11.2025 പ്രകാരം മറുപടി ആവശ്യപ്പെട്ടിട്ടുണ്ട്.

മരണശേഷവും പെൻഷൻ വിതരണം നടത്തിയിരിക്കുന്നു.

ക്രമ നം.	പേര്	അക്കൗണ്ട് നം.	PPO നം.	മരണമടഞ്ഞ തീയതി	പെൻഷൻ നൽകിയിരിക്കുന്ന തീയതികൾ
1	കമലമ്മ.ആർ	67061168137	2832	18.04.2024	05/24, 06/24, 07/24
2	സാലി വില്യം	41715900404	4794	16.09.2024	10/24
3	സുരേന്ദ്രൻ.ബി	67060798545	3341	02.10.2024	11/24, 12/24
4	ഉഷാദേവി.ആർ	20042049415	2822	18.03.2024	04/24

7) നഗരസഭയിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷൻ ബുക്കുകൾ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ട്. മരണവിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്.

8) തിരുവനന്തപുരം നഗരസഭയിൽ നിന്നും വിരമിക്കുകയും മറ്റ് നഗരസഭകളിൽ നിന്ന് പെൻഷൻ വാങ്ങുന്നതിന് ഓപ്ഷൻ നൽകിയതുമായ ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

II) കണ്ടിജന്റ് പെൻഷൻ

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണം

കേരള മുനിസിപ്പാലിറ്റി 1997-ലെ മുനിസിപ്പൽ കണ്ടിജന്റ് ഡിസിആർബി ചട്ടങ്ങൾ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% വീതം തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പെൻഷൻഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മാസവും ജീവനക്കാരുടെ ശമ്പള ബില്ല് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുവാനുള്ളതുണ്ടെങ്കിലും, പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡിസിആർജി എന്നീ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തുന്നില്ലായെന്ന് 29.08.2025 ലെ നം.52/കെ.എസ്.എ/ടിവിസി.5/2025 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കി. ബഹു. അർബൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 03.05.2025-ാം തീയതി ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഒടുക്കു വരുത്താത്ത കാലയളവിലെ പെൻഷൻ വിഹിതം കണക്കാക്കി സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും നിലവിൽ ടി വിഷയം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. ആയതിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സ.ഉ (എം.എസ്) നം.49/2016/തസ്വഭവ, തീയതി.04.03.2016 പ്രകാരം നഗരസഭയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നഗരസഭയ്ക്ക് അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കാമെങ്കിലും നാളിതുവരെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിതരണം നടത്തിയിട്ടില്ല. തനത് ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയശേഷം പെൻഷൻ വിതരണം നടത്തി വരുന്നു. (കണ്ടിജന്റ് പെൻഷൻ അക്കൗണ്ട് SBI-A/C No. 91409039)

നഗരസഭയിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഹാജരാക്കിയ പെൻഷൻ ബില്ലുകളുടെ അടിസ്ഥാനത്തിൽ പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	മാസം	പെൻഷണർമാരുടെ എണ്ണം	ആകെ തുക	ചെക്ക് നം./തീയതി
1	ഏപ്രിൽ 2024	1083	17693234	647430/05.04.2024 647431/15.04.2024
2	മെയ് 2024	1147	1925018	647432/02.05.2024 647435/24.05.2024
3	ജൂൺ 2024	1114	18173542	647437/01.06.2024
4	ജൂലൈ 2024	1153	18562639	647446/01.07.2024
5	ആഗസ്റ്റ് 2024	1136	18414677	647454/01.08.2024
6	സെപ്റ്റംബർ 2024	1132	18518323	647457/02.09.2024
7	ഒക്ടോബർ 2024	1128	18313649	647463/01.10.2024
8	നവംബർ 2024	1127	18911319	647472/02.11.2024
9	ഡിസംബർ 2024	1131	18993185	647475/02.12.2024
10	ജനുവരി 2025	1126	18865005	647478/01.01.2025

11	ഫെബ്രുവരി 2025	1125	18850333	647486/01.02.2025
12	മാർച്ച് 2025	1124	18844680	647490/01.03.2025
	ആകെ		206065604	

കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ ആകെ പെൻഷൻ തുകയുള്ള ചെക്ക്, ബാങ്ക് അക്കൗണ്ട് നം., പെൻഷൻ തുക എന്നിവ അടങ്ങിയ സ്റ്റേറ്റ്മെന്റ് പെൻഷൻ വിതരണം നടത്തുന്ന ബാങ്കിലേയ്ക്ക് നൽകുന്നുണ്ട്. എന്നാൽ ബാങ്ക് മുഖേന പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേയക്ക് തുക മാറി നൽകിയത് സംബന്ധിച്ച് ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല. നിലവിൽ ഈ ഓഫീസിൽ നിന്നും പെൻഷൻ വാങ്ങുന്നവർ എല്ലാം തന്നെ ഈ ഓഫീസിൽ നിന്നും വിരമിച്ചവരാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുനിസിപ്പൽ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല.03/2025 മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. ആയതിനാൽ പല മാസങ്ങളിലും ബാങ്ക് ബുക്കും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഹാജരാക്കിയ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ ബാങ്ക് പേയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്ത വിവരങ്ങൾ ഇല്ലാതെ ബാങ്കിൽ നിന്നും പേയ്മെന്റ് നടന്നിരിക്കുന്നു. കെസ്മാർട്ടിൽ നിന്നുള്ള ബാങ്ക് ബുക്ക് പരിശോധിച്ചതിൽ 31.03.2025-ന് ശേഷം പേയ്മെന്റ് ഓർഡർ എൻട്രി വരുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേയ്മെന്റ് ഓർഡർ നം.	ഡിസ്ക്രിപ്ഷൻ	ഇൻസ്ട്രുമെന്റ് നം.	തുക
1	P - C010100-25003641	3502023/Recovery Medisep	647455/ 05.08.2024	527500
2	P-C010100-25003875	3501115/Contigent Pension & Gratuity Payable Onam Allowance	647461/ 10.09.2024	1036000

എല്ലാ മാസവും റിക്കൺസിലിയേഷൻ നടത്തി ബാങ്ക് ബുക്ക്, പാസ്ബുക്ക് ബാലൻസ് എന്നിവ പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പെൻഷൻ രജിസ്റ്ററുകളുടെ പരിപാലനം

1. 2012 മുതൽ നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വിതരണം ചെയ്യേണ്ട പെൻഷനുമായി ബന്ധപ്പെട്ട തുകയുടെ വിശദാംശങ്ങൾ (ബേസിക് പെൻഷൻ, കമ്മ്യൂട്ടേഷൻ പോർഷൻ, ഡിസിആർജി, ഫാമിലി പെൻഷൻ) എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ കമ്മ്യൂട്ടേഷൻ പെൻഷൻ കൈപ്പറ്റിയ തീയതി, ജീവനക്കാരുടെ പെൻഷനിൽ നിന്നും കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്ത് ഫുൾ പെൻഷൻ നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ എന്നിവ കൃത്യതയോടെ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പരാമർശം 2023-24 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-23-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകളോട് കൂടി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾ 2007 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻകയറിയെതുടർന്ന് ഹാജരാക്കിയ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ജനുവരി 2025 മുതലുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

3. കേരള ട്രഷറി കോഡ് വോള്യം I റൂൾ 280(a) പ്രകാരം ലൈഫ് സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്നും ഓഫീസ് സീൽ പതിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2024-25 ലെ കണ്ടിജന്റ് പെൻഷണർമാരുടെ ലൈഫ് സർട്ടിഫിക്കറ്റ്, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 172 പെൻഷണർമാർ ഹാജരാക്കിയ ലൈഫ് സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	PPO നം.
1	സുധാമണി.ആർ	2288
2	ശാന്തകുമാരി.പി	2367
3	മുത്തമ്മ കമലം	1552
4	ലീല.എസ്	2360
5	ജെ.ശാന്ത	1223
6	സുമംഗലി.വി.എസ്	1839
7	എൻ. ശിവൻ	1766
8	മോഹനൻ.ജി	2369
9	പത്മാവതി.പി	1638
10	ബാബു.എ	2548
11	തോമസ് അപ്പു	1684
12	സുരേന്ദ്രൻ	1739
13	ചെല്ലമ്മ	1030
14	പാർവ്വതി ലക്ഷ്മി	1686
15	എസ്. ചന്ദ്ര	1681

4) 2024-25 സാമ്പത്തിക വർഷത്തെ ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് 04/2024 ൽ പെൻഷൻ അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	അക്കൗണ്ട് നം.	04/2024-ൽ അനുവദിച്ച തുക
1	ബാബു.എം	67111307430	9030
2	ബ്രീത്ത ശങ്കർ.എസ്	110150806373	24852
3	ചെല്ലപ്പൻ രവീന്ദ്രൻ	6710964727	19686
4	ദേവദാസൻ.എസ്	6711083359	8211
5	ഹരീന്ദ്രൻ.കെ	67109142640	8939
6	ഇന്ദിര ദേവി.ആർ	67109246311	7935
7	കാളിയൻ സത്യൻ	671099846413	22235
8	നിർമ്മല.ഡി	42689993365	31513
9	സബീറ.എ	57000746320	8270
10	ഷീല.എൻ	42607113196	23656

11	വേലപ്പൻ നായർ.വി	67110572501	10590
12	വിലാസിനി.എസ്	67135670907	22836
13	തങ്കമ്മ.സി	57004979351	7935

5) ചുവടെപ്പറയുന്ന പെൻഷണർമാരുടെ വിശദാംശങ്ങൾ ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്ററിൽ ഉണ്ട്. എന്നാൽ 04/2024 ൽ പെൻഷൻ തുക അനുവദിച്ചിട്ടില്ല.

ക്രമ നം.	പേര്	PPO നം.
1	ബാബു.ബി	2730
2	ബാബു.ബി	2290
3	ചാക്കോ.ബി	2744
4	ശാന്തമ്മ.പി	1237
5	ശാരദ.കെ	1245
6	സരള.എസ്	2394
7	സരസമ്മ.പി	1211
8	ശാന്തകുമാരി അമ്മ.പി	1237
9	ശ്രീദേവി.ആർ	2418
10	ശ്രീകുമാരൻ.എം	2041
11	ശ്രീകുമാരി.വി	1581

2024-25 സാമ്പത്തിക വർഷം സേവനത്തിൽ നിന്നും വിരമിച്ച കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം, നിലവിൽ പെൻഷൻ ലഭിക്കുന്നവരിൽ 2025 മാർച്ച് 31-ന് ശേഷവും ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി ലഭ്യമാക്കിയില്ല.

6) 2024-25 സാമ്പത്തിക വർഷത്തെ ഡെത്ത് രജിസ്റ്റർ പരിശോധിച്ചതിൽ പെൻഷണറുടെ മരണത്തെ തുടർന്ന് 45 പേരുടെ പേയ്മെന്റ് നിർത്തലാക്കിയിട്ടുണ്ട് പെൻഷണറുടെ മരണം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലുള്ള വീഴ്ചമൂലം തുക അധികം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	മരണതീയതി	അക്കൗണ്ട് നം.	PPO നം.	അവസാനം പെൻഷൻ വിതരണം ചെയ്ത തീയതി	അധികമായി നൽകിയ തുക
1	ഗോപി.കെ	27.08.2024	57021442943	1832	09/24	16797
2	ഭായി.എസ്	04.04.2024	67061060642	1351	05/24	13407
3	സത്യദാസ്	03.04.2024	67109695470	1879	05/24	21440
4	രവീന്ദ്രനാശാരി	09.04.2024	67062260233	2077	05/24	26443
5	ശ്യാമള.പി	05.01.2025	67061873228	1207	03/25	27552
6	ജാനകി സരോജിനി	19.10.2024	67061042170	1558 P 1220FP	03/25	139160
				ആകെ		2,44,799

7) 2024-25 വർഷത്തെ ഡെത്ത് രജിസ്റ്ററിൽ 45 എൻട്രികൾ ഉണ്ട്. എന്നാൽ പല ജീവനക്കാരും മരണമടഞ്ഞ തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അധികമായി പെൻഷൻ തുക അനുവദിച്ചിട്ടുണ്ടോയെന്നത് വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	PPO നം.	അവസാന പെൻഷൻ നൽകിയ മാസം	അവസാനം നൽകിയ പെൻഷൻ
1	അപ്പുകുട്ടൻ.പി	2180	05/2024	18925
2	ചെല്ലമ്മ റോസമ്മ	2114	05/2024	20721
3	ഗോവിന്ദൻ നാടാർ	1386	06/2024	21473
4	സുശീലബായി	1955 (1)	07/2024	13407
5	മായൻ.സി	2551	07/2024	24215
6	ചെല്ലപ്പൻ കൊച്ചുകുഞ്ഞ്	67110915417 (പിപിഒ നമ്പർ ലഭ്യമല്ല)	07/2024	14804
7	മാധവൻ.കെ	1592	08/2024	21473
8	മാധവൻ.പി	1780	08/2024	21473
9	രാജഗോപാൽ.കെ	2644	08/2024	9135
10	ആൻഡ്രൂസ്.എഫ്	1726	08/2024	16546
11	പത്മാവതി.ആർ	2334	03/2025	22140
12	ലക്ഷ്മി സരോജം	1114	09/2024	13407
13	ലക്ഷ്മി സരോജം	2332	09/2024	20776
14	കൊച്ചാപ്പി കൃഷ്ണൻ കുട്ടി	1886	09/2024	17091
15	ശിവരാജൻ.എസ്	2734	10/2024	15124
16	ബേബി.സി	1905	10/2024	24154
17	ഷൺമുഖൻ.എൻ	1945	11/2024	24154
18	തങ്കപ്പൻ.കെ	1625	11/2024	19768
19	സോമൻ.സി	2186	11/2024	13776
20	തങ്കമ്മ.ബി	1255	12/2024	14276
21	സുബ്ബയ്യൻ കൃഷ്ണൻ	1786	12/2024	22064

22	ഭഗവതി ഉമയമ്മ	1443	05/2025	15982
23	പത്മാവതി.ആർ	1867	03/2025	23778

8) ഹാജരാക്കിയ പെൻഷൻ രജിസ്റ്റർ പ്രകാരം അധികമായി കൈപ്പറ്റിയ തുക തിരിച്ചടവാക്കിയിട്ടുണ്ട്. ടി തുകകൾ തിരിച്ചടവാക്കിയതിന്റെ രസീത് നം. പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	മരണ തീയതി	PPO നം.	അവസാനം പെൻഷൻ വിതരണം ചെയ്ത തീയതി	അധികമായി കൊടുത്ത തുക	തിരിച്ചടവാക്കിയ തീയതി
1	രാഘവൻ.സി	19.05.2024	1513	07/2024	37946	26.05.2025
2	രവി.ബി	28.10.2024	2331	11/2024	11846	15.02.2025
3	നാരായണി ലീല	12.11.2024	1158-FP 2473-P	12/2024	37378 (23602+13776)	09.06.2025

തുക തിരിച്ചടവാക്കിയ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ പെൻഷൻ സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും രജിസ്റ്ററുകൾ കാലകമാക്കി സൂക്ഷിക്കേണ്ടതുമാണ്.

പെൻഷണർമാരുടെ പെൻഷൻ ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല .

2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ഖണ്ഡിക 1-23-2-ൽ 84 പെൻഷണർമാരുടെ പെൻഷൻ ബുക്ക്, PPO ബുക്കിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നതിൽ 16 പേരുടെ പെൻഷൻ ബുക്ക്, PPO ബുക്കിന്റെ പകർപ്പ് എന്നിവ മാത്രമാണ് ഹാജരാക്കിയത്. 30 പേരുടെ PPO ബുക്കിന്റെ പകർപ്പ് മാത്രവും ലഭ്യമാക്കി. പെൻഷണർമാർക്ക് ലൈഫ് സർട്ടിഫിക്കറ്റ്, PPOബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നതിനുള്ള സമയപരിധി 2025 മാർച്ച് 31 വരെയുള്ളതിനാൽ പെൻഷണർമാർ സമർപ്പിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ ടി ബുക്കുകൾ നാളിതുവരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പെൻഷൻ ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ തുക അധികമായി അനുവദിച്ചു

ഫയൽ നം.1346031/2024, 2023-24 ഓഡിറ്റ് റിപ്പോർട്ട് ഖ.1-23-1 എന്നിവ പരിശോധിച്ചതിൽ 142 പെൻഷണർമാർക്ക് 04/2024 മുതൽ 04/2025 വരെ തുക അധികമായി അനുവദിച്ചിരിക്കുന്നതായി കണ്ടു. മേൽ ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായി അനുവദിച്ച തുക തിരിച്ച് ഈടാക്കാൻ സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.273/കെ.എസ്.എ./ടിവിസി.6/2025. തീയതി: 24.02.2026.) മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച പെൻഷൻ തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

റഹ്മർ/കണ്ടിജന്റ് പെൻഷൻ സംബന്ധിച്ച മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്, (ഓഡിറ്റ് എൻക്വയറി നം.273/2025. തീയതി: 24.02.2026, നം. 157/2025, തീയതി.15.11.2025) മറുപടി ലഭ്യമാക്കേണ്ടതും പെൻഷൻ സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതും, അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്. കൂടാതെ ഒടുക്കം വരുത്താത്ത കാലയളവിലെ പെൻഷൻ വിഹിതം കണക്കാക്കി സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുന്നതിനുള്ള തുടർനടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസവും റിക്കൺസിലിയേഷൻ നടത്തി ബാങ്ക് ബുക്ക്, പാസ്ബുക്ക് ബാലൻസ് എന്നിവ പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-26 സ്റ്റാന്റിംഗ് അഡ്വാൻസ് അനുവദിച്ച നൽകിയതിലെ അപാകതകൾ 64994/- രൂപ തടസ്സപ്പെടുത്തുന്നു

തിരുവനന്തപുരം നഗരസഭയുടെ നേമം സോണൽ ഓഫീസ് പരിധിയിലുള്ള തനത് സ്ഥാപനങ്ങളുടെയും, കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും വൈദ്യുതി, വാട്ടർ, ടെലഫോൺ ചാർജ്ജുകൾ സമയബന്ധിതമായി ഒടുക്കുന്നതിലേയ്ക്കായി ഒരു ലക്ഷം രൂപ സോണൽ ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഈ കാര്യാലയത്തിലെ സ്റ്റാന്റിംഗ് അഡ്വാൻസ് ചെലവഴിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്റ്റാന്റിംഗ് അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷം 08.05.2024 മുതലാണ് സ്റ്റാന്റിംഗ് അഡ്വാൻസിൽ നിന്നുള്ള തുകകൾ ചെലവഴിച്ച് തുടങ്ങിയിട്ടുള്ളത്. ഇതിൻ പ്രകാരം 08.05.2024 മുതൽ 20.02.2025 വരെ ആകെ 64,994/- രൂപ സ്റ്റാന്റിംഗ് അഡ്വാൻസിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ തുക ചെലവഴിച്ചത് സാധുകരിക്കുന്ന വൈദ്യുത, വാട്ടർ, ടെലഫോൺ, ഓഫീസ് ചെലവുകൾ എന്നീയിനത്തിൽ നൽകിയ തുകയുടെ ബില്ലുകൾ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. അവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 4/കെ.എസ്.എ/2024-25, തീയതി.06.01.2026.) ചാർജ്ജ് ഓഫീസർ മറുപടി ലഭ്യമാക്കിയില്ല.

തിരുവനന്തപുരം നഗരസഭ ബഹു. അഡീഷണൽ സെക്രട്ടറിയുടെ 06.08.2014 ലെ A6/1409/14 നമ്പർ ഉത്തരവിൽ സ്റ്റാന്റിംഗ് അഡ്വാൻസ് തുക ചാർജ്ജ് ഓഫീസർമാർ വിനിയോഗിക്കുന്നതിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചും ഓരോ ഇനത്തിനും രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടത് സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റാന്റിംഗ് അഡ്വാൻസ് റീകൂപ്പ് ചെയ്യുന്നതിനായി കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ ബഹു. അഡീഷണൽ സെക്രട്ടറിയുടെ 05/07/2022-ലെ A6/169051/16 നമ്പർ സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലറുകൾ പ്രകാരം രജിസ്റ്ററുകളും, ബില്ലുകളും തുക ചെലവഴിച്ചതിന്റെ അടിസ്ഥാനത്തിൽ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവിന്റെ അടിസ്ഥാനത്തിലുള്ള ബില്ലുകൾ ഹാജരാക്കേണ്ടതുമാണ്. ബില്ലുകൾ ഹാജരാക്കുന്നത് വരെ 2024-25 ൽ ചെലവഴിച്ച സ്റ്റാന്റിംഗ് അഡ്വാൻസ് തുകയായ 64994/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-27 മുൻകൂർ തുകകൾ ക്രമീകരിക്കുന്നില്ല-സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഉദ്യോഗസ്ഥർ പണം കൈവശം വയ്ക്കുന്നു.

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ ഉദ്യോഗസ്ഥർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ അഡ്വാൻസ് തുകകൾ ഭ്രരിഭാഗവും ക്രമീകരിക്കാതെ നിലനിൽക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 (1) പ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിച്ച മുൻകൂർ തുകകൾ മൂന്ന് മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണ്.
2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 31 ലും അഡ്വാൻസ് തുകകൾ അടിയന്തിര ചെലവിനുള്ളത് മാത്രം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. വൻതുകകൾ ക്രമീകരിക്കാതെ നിലനിൽക്കുന്നതായും ക്രമീകരിക്കപ്പെട്ടതിൽ തന്നെ നിയമാനുസൃത പിഴ ഈടാക്കാതെയും കാണുന്നു. മുൻവർഷങ്ങളിലെ തുകകൾ തൻവർഷവും ക്രമീകരിക്കാതെ ഉദ്യോഗസ്ഥർ കൈവശം വച്ചിരിക്കുന്നു. ഇത് ഗുരുതരമായ സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് നയിക്കുന്ന പ്രവണതയായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) മുൻകൂറായി നൽകിയ 3,40,37,837/- രൂപ ക്രമീകരിച്ചിട്ടില്ല

നഗരസഭയുടെ 2024-25 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2025 മാർച്ച് 31 വരെ 3,40,37,837/-രൂപയാണ് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്. ക്രമീകരിക്കാത്ത തുകകളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.56/കെ.എസ്.എ/ടി.വി.സി.12/10.09.25, നം.58/കെ.എസ്.എ/ടി.വി.സി.12/11.09.25.,നം.59/കെ.എസ്.എ/ടി.വി.സി.12/12.09.25) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം -27 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(2) മുൻകൂർ നൽകിയ തുക കാലാവധി കഴിഞ്ഞ് തിരിച്ച് അടച്ചിരിക്കുന്നു -പലിശ ഈടാക്കിയതിൽ 54490/- രൂപ കുറവ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99 (1),(2),(3) എന്നിവ പ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിച്ച മുൻകൂർ തുകകൾ മൂന്ന് മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണെന്നും താൽക്കാലിക മുൻകൂറുകൾ മൂന്നു മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്നും ക്രമീകരിക്കുമ്പോൾ പലിശകൂടി ഉൾപ്പെടുത്തി തുക ഈടാക്കേണ്ടതാണെന്നും മുൻകൂർ തുക പൂർണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ ചെലവ് വിവരം സമയബന്ധിതമായി സമർപ്പിച്ചാൽ ഉപയോഗിക്കാത്ത ബാക്കി തുകയ്ക്ക് പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കേണ്ടതും നിശ്ചിതസമയത്തിനുള്ളിൽ ചെലവ് വിവരം സമർപ്പിച്ചില്ലെങ്കിൽ സമയപരിധി അവസാനിച്ചാലുടൻ ഒറ്റ തവണയായി തുക തിരിച്ചുപിടിക്കേണ്ടതുമാണ്. തുക പിൻവലിച്ച തീയതി മുതൽ അത് ഈടാക്കുന്ന തീയതി വരെ 18% പലിശയും ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല മുൻകൂറുകൾക്കുള്ള പലിശ ഈടാക്കിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

I. 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്ക് വിവിധ പ്രവൃത്തികൾക്കായി നൽകിയ തുകയിൽ *ചെലവാകാതെ തിരികെ അടവാക്കിയ തുകയിൽ* പലിശ ഈടാക്കിയതിൽ കുറവ് വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു. മേൽ ഉത്തരവ് പ്രകാരം പ്രതിമാസം 1.5% തുകയാണ് ഈടാക്കേണ്ടത്.

ക്രമനം	പേര് ,ഉദ്യോഗപ്പേര് (ഫയൽ നം/K-SMART) പ്രവൃത്തി	മുൻക്കൂർ അനുവദിച്ച തുക	തുക അനുവദിച്ച തീയതി	തുക തിരിച്ചടച്ച തീയതി	ചെലവ്	ബാക്കി	പിഴ പലിശ സഹിതം ഈടാക്കേണ്ട തുക	ഈടാക്കിയ തുക (പിഴ പലിശ ഉൾപ്പടെ)	കുറവ്
1	ഷെറിൻ കമാൽ SPHI II,ബീച്ച് സർക്കിൾ (1360411/2024) (മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	50000	05.06.24	06.05.25	0	50000	58250/- (11 മാസത്തേക്ക് 1.5%(750/-) പിഴ പലിശ നിരക്കിൽ)	50375	7875/-
2	രാജേഷ്.ആർ SPHI II,ഫോർട്ട് സർക്കിൾ (1360411/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	50000	05.06.24	26.11.24	0	50000	53750 (5 മാസത്തേക്ക് 1.5%(750/-) പിഴ പലിശ നിരക്കിൽ)	51050	2700/-
3	പ്രദീപ് കുമാർ SPHI II കരമന സർക്കിൾ (1360411/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	50000	05.06.24	25.04.25	0	50000	57500 (10 മാസത്തേക്ക് 1.5%(750/-) പിഴ പലിശ നിരക്കിൽ)	52250	5250/-
4	രാജി.വി.എസ് SPHI II നേമം സോണൽ (1360411/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	50000	05.06.24	19.11.24	0	50000	53750 (5 മാസത്തേക്ക് 1.5%(750/-) പിഴ പലിശ നിരക്കിൽ)	50625	3125/-
5	അരുൺ.S.നായർ SPHI II ശ്രീകണ്ടേശ്വരം സർക്കിൾ	50000	05.06.24	1.10.24	0	50000	53000 (4 മാസത്തേക്ക് 1.5%(750/-)	50000	3000/-

	(1360411/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)						പിഴ പലിശ നിരക്കിൽ)		
6	ഷിജു.എസ്.എസ് PHI II തിരുമല സർക്കിൾ (1360411/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	50000	05.06.24	14.11.24	0	50000	53750 (5 മാസത്തേക്ക് 1.5% (750/-) പിഴ പലിശ നിരക്കിൽ)	50700	3050/-
7	ബിനോജ്.എസ് SPHI II ചാല സർക്കിൾ (1365333/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	25000	05.06.24	5.10.24	0	25000	26500 (4 മാസത്തേക്ക് 1.5% (375/-) പിഴ പലിശ നിരക്കിൽ)	25225	1275/-
8	ഹരീഷ്മമാർ.N SPHI II നന്ദൻകോട് സർക്കിൾ (1365333/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	25000	05.06.24	24.01.26	0	25000	32125/-(19 മാസത്തേക്ക് 1.5% (375/-) പിഴ പലിശ നിരക്കിൽ	26150	5975/-
9	ഗായത്രി SPHI II വട്ടിയൂർക്കാവ് സോണൽ (1365333/2024(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	25000	05.06.24	28.10.24	0	25000	26500 (4 മാസത്തേക്ക് 1.5% (375/-) പിഴ പലിശ നിരക്കിൽ	25250	1250/-
10	പ്രദീപ്കുമാർ.സി PWO-I' മെയിൻ ഓഫീസ് (1435860-2024) (വാഹനങ്ങളുടെ രജിസ്ട്രേഷനു വേണ്ടി)	40000	8.07.24	24.01.26	0	40000	50800(18 മാസത്തേക്ക് 1.5% (600/-) പിഴ പലിശ നിരക്കിൽ	49280	1520/-
11	സബി.എം PHI ഫോർട്ട് ഗ്യാരേജ് (1658534-2024) വാഹന റിപ്പയറിനു വേണ്ടി	21322	05.02.25	21.10.25	0	21322	22922 (5 മാസത്തേക്ക് 1.5% (320) പിഴ പലിശ നിരക്കിൽ	22442	480/-
ആകെ									35500

II. 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്ക് വിവിധ പ്രവൃത്തികൾക്കായി നൽകിയ തുകയിൽ *ചെലവായതിനു ശേഷം സമയബന്ധിതമായി തുക ക്രമീകരിക്കാതെ പണം കൈവശം വച്ചതിന്* പലിശ ഈടാക്കിയതിൽ കുറവ് വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു. മേൽ ഉത്തരവ് പ്രകാരം പ്രതിമാസം 1.5% തുകയാണ് ഈടാക്കേണ്ടത്.

ക്രമനം	പേര് ,ഉദ്യോഗപ്പേര് (ഫയൽ നം/K-SMART) പ്രവൃത്തി	മുൻക്കൂർ അനുവദിച്ച തുക	തുക അനുവദിച്ച തീയതി	തുക തിരിച്ചടച്ച തീയതി	ചെലവ്	ബാക്കി	പിഴ പലിശ സഹിതം ഈടാക്കേണ്ട തുക	ഈടാക്കിയ തുക (പിഴ പലിശ ഉൾപ്പടെ)	കുറവ്
1.	വൈകുണ്ഠൻ SPHI I മെഡിക്കൽ കോളേജ് സർക്കിൾ (1365333/2024)(മഴയെ തുടർന്നുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി)	25000	05.06.24	21.03.25	4000	21000	22890 (6 മാസത്തേക്ക് 1.5% (315/-) പിഴ പലിശ നിരക്കിൽ)	21000	1890/-
2.	രേഷ്മ .ആർ PWO-I'	200000	24.06.24	10.06.25	174414	25586	29042(9 മാസത്തേക്ക് 1.5% (384/-) പിഴ പലിശ നിരക്കിൽ	25640	3402/-

	കഴക്കൂട്ടം സോണൽ (1169296-2024) ചന്തവിള UPS ലെ അറ്റക്കുറ്റ പണികൾക്കായി								
3.	പ്രദീപ്കുമാർ.സി PWO-I' മെയിൻ ഓഫീസ് (1605967-2024) വാഹനത്തിന്റെ ഫ്യൂവൽ ടെസ്റ്റിനു വേണ്ടി	15000	09.07.24	24.01.26	12960	2040	2505 (15 മാസത്തേക്ക് 1.5% (31/-) പിഴ പലിശ നിരക്കിൽ	2040	465/-
4.	രതീഷ്.സി.വി PHI തുരുത്തുംമൂല (1975838-2024) അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനു	49000	13.11.24	7.10.25	24225	24775	27751(8 മാസത്തേക്ക് 1.5% (372/-) പിഴ പലിശ നിരക്കിൽ	24775	2976/-
5.	സജ്ജ.എസ്.റ്റി സീനിയർ ക്ലാർക്ക് (2654013-2024)	500000	04.02.25	17.07.25	112947	387053	398665 (2 മാസത്തേക്ക് 1.5% (5806/-) പിഴ പലിശ നിരക്കിൽ	388408	10257/-
ആകെ									18990

(3) ചെക്കുകൾ മടക്കി നൽകുന്നതിനു സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല .

മുൻകൂറായി നൽകുന്ന ചെക്കുകൾ വിനിയോഗിക്കാതെ മടക്കി നൽകുന്നതും, മുഴുവൻ തുക ഉപയോഗിച്ചു നടത്തുന്ന ചെലവുകൾ ക്രമീകരിക്കുന്നതും സർക്കാർ നിർദ്ദേശപ്രകാരമല്ല. 2024-25 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ ക്രമീകരിച്ചവയുടെ ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

A)മുൻകൂർ ചെക്കുകൾ വൈകി മടക്കി നൽകിയവയുടെ വിവരം .

ക്രമ നം	പേര് ,ഉദ്യോഗപ്പേര് (ഫയൽ നം/K-SMART) പ്രവൃത്തി	മുൻക്കൂർ അനുവദിച്ച തുക/ചെക്ക് നം,തീയതി	ചെക്ക് മടക്കി നൽകിയ തീയതി
1	അജികുമാരി.Y SPHI I ജഗതി സർക്കിൾ (1420614/2024 അപകടകരമായ മരങ്ങൾ വെട്ടിമാറ്റിന്നതിനായി.	5000/- Chq No 890926/ 19.6.24	13.12.24
2	നിയാസ്.എച്ച് PWO (1704353-2024) അനധികൃത കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി.	8000/- Chq No 891165 Dated 26.07.24	21.12.24
3	രാജേഷ്.എം.ആർ SPHI,മണക്കാട് സർക്കിൾ (1610337-2024) അപകടകരമായ മരങ്ങൾ വെട്ടിമാറ്റിന്നതിനായി.	12000/- Chq No 46173 Dated 22.11.2024	17.05.2025
4	രാജേഷ്.എം.ആർ SPHI,മണക്കാട് സർക്കിൾ (1693121-2024) അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി.	5200/- Chq No 46179 Dated 22.11.2024	03.07.2025
5	രാജേഷ്.എം.ആർ SPHI,മണക്കാട് സർക്കിൾ (2677588-2024) അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി.	7000/- Chq No 461806 Dated 04.12.2024	17.05.2025
6	പ്രീതി.എം SPHI,ഫോർട്ട് സർക്കിൾ (2573722-2024) അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി.	5000/- Chq No 461874 Dated 11.12.2024	13.05.2025

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടം 2007 ചട്ടം 45 പ്രകാരം പണമാകാത്ത ചെക്കുകൾ Stale Cheque Account ലേയ്ക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്. അഡ്വാൻസ് ചെക്കുകൾ ഉപയോഗിക്കാതെയും അക്കൗണ്ടിൽ തീർപ്പാക്കാതെയും ചെയ്യുന്ന നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

B) തുകകൾ ചെലവഴിക്കുകയും ക്രമീകരിക്കുന്നതിൽ കാല താമസം വന്നതുമായവയുടെ വിവരം

ക്രമ നം	പേര്,ഉദ്യോഗപ്പേര്,പ്രവൃത്തി(KSMART ഫയൽ നം)	അനുവദിച്ച തുക തീയതി	ചെലവഴിച്ച തുക	ക്രമീകരിച്ച തീയതി
1	സുനിത.ഒ.എസ്,HI,ഉള്ളൂർ സോണൽ അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി. (1274815-2024)	5000/-15.07.2024	5000/-	24.12.2025
2	സുനിത.ഒ.എസ്,HI,ഉള്ളൂർ സോണൽ അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി. (1274815-2024)	12000/-15.07.2024	12000/-	24.12.2025
3	വിജിത.എ.ബി,SPHI,കടപ്പനക്കുന്ന് സോണൽ അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി. (1317134-2024)	8500/- 22.07.2024	8500/-	24.01.2026
4	സുജിത്ത്കുമാർ.എസ്,PHI,മിനി ഗ്യാരേജ് വാഹനത്തിന്റെ രജിസ്ട്രേഷനു വേണ്ടി (1896269-2024)	328010/- 12.08.2024	328010/-	10.09.2025
5	സന്തോഷ്.എം,SPHI,കഴക്കൂട്ടം സോണൽ അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി. (1973448-2024)	38000/- 23.09.2024	38000/-	11.02.2025
6	ബൈജു.എസ്,PHI,മെഡിക്കൽ കോളേജ് മഴക്കാലപൂർവ്വ ശുചീകരണം (1599845-2024)	50625/- 23.09.2024	50625/-	15.04.2025
7	ഷെൻസി.എസ്,PHI,പ്രോജക്ട് സെക്രട്ടറിയേറ്റ് ടോയിലറ്റ് ക്യാമ്പയിനുള്ള മുൻകൂർ (2325597-2024)	500000/- 16.10.2024	500627/-	11.06.2025
8	ഹരീഷ് കുമാർ.എം,SPHI,നന്തൻകോട് സർക്കിൾ അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി. (2441680-2024)	10500/- 26.10.2024	10500/-	28.04.2025

(4) മുൻ വർഷം അഡ്വാൻസായി നൽകിയതിൽ 1,55,42,100 /- രൂപ തൻ വർഷവും ക്രമീകരിച്ചിട്ടില്ല .

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99 (1) പ്രകാരം അഡ്വാൻസ് തുകകൾ മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. അഡ്വാൻസ് തുകകൾ സമയബന്ധിതമായി തീർപ്പാക്കാതിരിക്കുകയും, പൊതുപണം ആവശ്യകതയില്ലാതെ കൈവശം വയ്ക്കുന്നതും ക്രമക്കേടായ നടപടിയായി കണക്കാക്കുന്നു. മുൻ വർഷം അഡ്വാൻസായി നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിച്ചിരുന്ന 1,78,62,100/-രൂപയിൽ 23,20,000/-രൂപ മാത്രമാണ് ക്രമീകരിച്ചിരിക്കുന്നത്. അവയുടെ വിവരം അനുബന്ധം -28 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ നടപടികൾ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകേണ്ടതാണ്. നിലവിൽ നിലനിൽക്കുന്ന മറ്റ് അഡ്വാൻസുകളും പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുവാൻ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-28 തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ഏറ്റെടുക്കൽ- അപാകതകൾ.

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ ചെലവു പത്രിക പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽനിന്നും 1,10,02,46,490/- രൂപ വകയിരുത്തുകയും 8,04,93,988/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 86/2022 Lsgd തീയതി.19-04-2022 ഖണ്ഡിക 5-1-11, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും ബന്ധപ്പെട്ട ചട്ടത്തിലെയും വ്യവസ്ഥകൾ എന്നിവ പ്രകാരം പൊതു ആവശ്യ/തനത്ഫണ്ടിൽ നിന്നും ഭരണ ചെലവുകൾക്കും നിർബന്ധിത ചെലവുകൾക്കും അസാധാരണ ചെലവുകൾക്കും ആവശ്യമായ തുക കഴിച്ച് ബാക്കിയുള്ള തുകയുടെ 25% വരെ വാർഷിക പദ്ധതിയുടെ ഭാഗമായല്ലാതെയുള്ള അടിയന്തിര പ്രോജക്ടുകൾക്കായി നീക്കിവയ്ക്കാവുന്നതാണ്. മാർഗരേഖ പ്രകാരം അനുവദനീയമായതോ സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പ്രോജക്ടുകൾ ഈ തുക ഉപയോഗിച്ച് ഏറ്റെടുക്കാം. കൂടാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തന്നെ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതും ജില്ലാആസൂത്രണ സമിതിയുടെ അംഗീകാരം ഇല്ലാതെ തന്നെ വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിർവഹണം നടത്താവുന്നതും ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തനത്ഫണ്ടിൽ നിന്നും പ്രോജക്ടുകൾക്കായി തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വാർഷിക കണക്ക് പ്രകാരം നഗരസഭയുടെ 2023-24 വർഷത്തെ തനത് ഫണ്ട് നീക്കിയിരിപ്പ് സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

ഇനം	തുക	ആകെ തുക
നീക്കിയിരിപ്പ്. (ബാലൻസ് ഷീറ്റ് B17 പ്രകാരം)	356,88,73,362/-	356,88,73,362/-
ബാധ്യത-ബാലൻസ് ഷീറ്റ് B4 പ്രകാരം	237,87,65,828/-	341,05,16,030/- (കുറയ്ക്ക)
ബാധ്യത-ബാലൻസ് ഷീറ്റ് B7 പ്രകാരം	19,00,73,068/-	
ബാധ്യത-ബാലൻസ് ഷീറ്റ് B9 പ്രകാരം	84,16,77,134/-	
വ്യത്യാസം	-	15,83,57,332/-
റിഡംപ്ഷൻ ഇനത്തിൽ തിരികെ ലഭിക്കേണ്ട തുക- ബാലൻസ് ഷീറ്റ് B15 പ്രകാരം		17,02,83,213/- (കൂട്ടുക)
ആകെ നീക്കിയിരിപ്പ്	-	32,86,40,545/-

ബാധ്യതാ തുകകൾ കഴിച്ച് തനത് ഫണ്ടിന്റെ നീക്കിയിരിപ്പ് ആകെ 32,86,40,545/- രൂപ മാത്രമാണ്. ഇതിൽ 2024-25 ലെ തനത് ഫണ്ട് വരുമാനവും ജനറൽ പർപ്പസ് ഫണ്ട് വരുമാനവും ഉൾപ്പെടെയുള്ള തുക 348,35,07,463/- (ഷെഡ്യൂൾ I-1, I-2, I-3, I-4, I-5, I-7, I-8, I-9, GPF) കൂട്ടിയ ശേഷം ഇതിൽനിന്നും തൻവർഷത്തെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള റവന്യൂ ചെലവ് തുക 320,07,91,068/- (I-10, I-11, I-12, I-13, I-15) കുറവ് ചെയ്താൽ ലഭിക്കുന്ന ആകെ തനത് വരുമാനത്തിൽ ബാക്കിയുള്ള തുക 611356940/- രൂപയാണ്. ഇതിൽ നിന്നും Prior Period Item (-49,98,42,615) കൂടെ കുറവ് ചെയ്താൽ ലഭിക്കുന്ന തുക 11,15,14,325/- രൂപയാണ്. ഇതിൽ മുൻവർഷം ക്യാഷ് ബാലൻസിൽ ഉൾപ്പെടാത്തതും തൻവർഷം മുന്നിരിപ്പായി ഉൾപ്പെടുത്തിയതുമായ ബാലൻസ് (99,88,424/-രൂപ) കൂടെ ഉൾപ്പെടുത്തിയാൽപ്പോലും ലഭിക്കുന്ന തുക 12,15,02,749/- രൂപ മാത്രമാണ്.

ഈയൊരു അവസ്ഥയിലെ സാമ്പത്തിക സ്ഥിതിയിലാണ് തൻവർഷം 110,02,46,490/- രൂപ നഗരസഭ തനത് ഫണ്ടിൽ വകയിരുത്തിക്കൊണ്ട് പ്രോജക്ടുകൾ ഏറ്റെടുത്തിരിക്കുന്നത്. സുലേഖ പത്രിക പ്രകാരം തൻവർഷം പ്രോജക്ടുകൾക്കായി ചെലവഴിച്ചിരിക്കുന്നത് 8,04,93,988/-രൂപയാണ്. ഇതുകൂടാതെ തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളിലെ ചെലവുകൾ സുലേഖയിൽ ഉൾപ്പെടുത്താത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്. അപര്യാപ്തമായ തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനാൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനും, അല്ലെങ്കിൽ തനത് ഫണ്ട് വിഹിതം ചെലവഴിക്കപ്പെടാതിരിക്കുന്നതിനും കാരണമാവും.
തനത് ഫണ്ട് ലഭ്യത വിലയിരുത്തി പ്രോജക്ട് രൂപീകരണ സമയത്ത് ഭരണസമിതിയെ അറിയിക്കുന്നതിൽ സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. തൻവർഷം അംഗീകാരം ലഭിച്ചതും തനത് ഫണ്ട് വകയിരുത്തിയതുമായ പ്രവൃത്തികൾക്ക് ഫണ്ട് ചെലവഴിക്കാത്ത സാഹചര്യവും നിലവിലുണ്ട്. തുടർ വർഷങ്ങളിൽ തനത് ഫണ്ട് ലഭ്യത പരിഗണിച്ചുമാത്രം പ്രോജക്ടുകൾക്ക് തനത് ഫണ്ടിനത്തിൽ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 തിരുവനന്തപുരം നഗരസഭ പാട്ടത്തിനെടുത്ത ടിഡിയുടെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വിനിയോഗം - കരാറിന്റെ അടിസ്ഥാനത്തിൽ അല്ലാതെ മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ ചെലവ് നടത്തുന്നു. നഗരസഭാധികൃതരുടെ അടിയന്തിര ഇടപെടൽ അനിവാര്യം

ടിഡിയുടെ ഉടമസ്ഥതയിലുള്ള പാളയം സാഫല്യം കോംപ്ലക്സിലെ ജി-3, ജി-4, ജി-14, ജി-15 കടമുറികൾ 01.04.2001 മുതൽ 99 വർഷത്തേക്ക് തിരുവനന്തപുരം നഗരസഭ പാട്ടത്തിനെടുക്കുകയും പാട്ടത്തുകയായ 84,25,000/- രൂപ നഗരസഭ അടവാക്കുകയും ചെയ്തതായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ടിഡ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. കൂടാതെ സാഫല്യം കോംപ്ലക്സിലെ എസ്-5 നമ്പർ കട 29.04.1999 മുതൽ 99 വർഷത്തേക്ക് നഗരസഭ പാട്ടത്തിനെടുത്തതായും ടി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ട്രിഡ സെക്രട്ടറി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് അയച്ച 10.01.2025-ലെ ആർ.3/4413/97/ജി.15/ട്രിഡ നമ്പർ കത്തിൽ മേൽപ്പറഞ്ഞ കടമുറികളുടെ പാട്ടം സംബന്ധിച്ച് നഗരസഭ നാളിതുവരെ കരാർ വയ്ക്കാത്തതായും മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ കുടിശ്ശിക വരുത്തുന്നതായും ആക്ഷേപം ഉന്നയിച്ചിട്ടുള്ളതാണ്. കടമുറികളുടെ മെയിന്റനൻസ് ചാർജ്ജ് കുടിശ്ശിക, പിഴപ്പലിശ, ജി.എസ്.ടി, ജി.എസ്.ടി പിഴപ്പലിശ ഇനത്തിൽ 55,15,345/- രൂപ (കാലയളവ് രേഖപ്പെടുത്തിയിട്ടില്ല) അടയ്ക്കാനുള്ളതായും ടി കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

കടമുറികളുടെ പാട്ടം സംബന്ധിച്ച വിശദാംശങ്ങളും (പാട്ടത്തുക ഉൾപ്പെടെ) നഗരസഭ കരാറിൽ ഏർപ്പെടാത്തത് സംബന്ധിച്ച വിശദീകരണം, കടമുറികളുടെ വിനിയോഗ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 22.05.2025 തീയതിയിലെ 6/കെ.എസ്.എ/ടിവിസി.6/2025 നമ്പർ ഓഡിറ്റ് എൻക്വയറി നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ വിഷയത്തിലെ ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. കടമുറികളുടെ പാട്ടം സംബന്ധിച്ച് അടിയന്തിരമായി ട്രിഡയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കരാർ പ്രകാരം ഉഭയകക്ഷി ധാരണ പ്രകാരം അംഗീകരിച്ച നിരക്കുകളിൽ മാത്രം മെയിന്റനൻസ് ചാർജ്ജ് മുതലായ ഇനങ്ങളിൽ ചെലവ് നടത്തുകയും ചെയ്യേണ്ടതാണ്.

2. കരാർ പ്രകാരം ചെലവ് നടത്തേണ്ട തീയതികളിൽ തന്നെ ചെലവ് നടത്തുകയും വൈകിയ കാലയളവിലെ പിഴപ്പലിശ അടയ്ക്കുന്നത് മൂലം നഗരസഭാ ഫണ്ടിന് അധിക ബാധ്യത ഉണ്ടാകുന്ന നടപടി ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

3. ട്രിഡയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ട്രിഡയ്ക്ക് നഗരസഭ നൽകാനുള്ള തുകയിൽ ക്രമീകരിക്കുന്നതിനായി ഉഭയകക്ഷി ധാരണയിൽ എത്തിച്ചേരുന്നതിന് നഗരസഭ മുൻകൈയ്യെടുക്കേണ്ടതാണ്.

4. ടി കടമുറികളുടെ പാട്ടത്തുക ഇനത്തിൽ നഗരസഭ ഭീമമായ തുക ചെലവഴിച്ചിട്ടുള്ളതിനാൽ നഗരസഭയ്ക്ക് സ്ഥിരമായ വരുമാനം ലഭിക്കുന്ന രീതിയിൽ വാണിജ്യ/വിപണന കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ തുടങ്ങിയവയുടെ നടത്തിപ്പിനായി കടമുറികൾ ഉപയോഗിക്കേണ്ടതും പാട്ടത്തുക ഇനത്തിൽ ചെലവഴിച്ച തുക പാഴ്ചെലവായി മാറാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-29-1 നഷ്ടപ്പെട്ട ചെക്കിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല

വൌച്ചർ നമ്പർ	ചെക്ക് നമ്പർ	തുക
24000456/23.05.2024	890799/23.05.2024	6,95,456/-

ഫോർട്ട് താലൂക്ക് ഹോസ്പിറ്റലിന്റെ വാട്ടർ ചാർജ് തുകയായ 6,95,456/- രൂപയുടെ ചെക്ക് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നതിനായി ഫോർട്ട് താലൂക്ക് ആശുപത്രി ജീവനക്കാരുടെ കസ്റ്റഡിയിൽ നൽകിയിരുന്നു. എന്നാൽ മേൽ ചെക്ക് ഓഫീസിൽ നിന്നും നഷ്ടപ്പെടുകയും ആയതിന്റെ വിവരങ്ങൾ കോർപ്പറേഷനിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഫോർട്ട് താലൂക്ക് ഹോസ്പിറ്റൽ അധികൃതർ സ്വീകരിച്ച നടപടി വിവരത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ചെക്ക് ക്യാൻസൽ ചെയ്യുന്നതിന് SBI അധികൃതർക്ക് അപേക്ഷ നൽകുകയും ക്യാൻസൽ ചെയ്യുന്ന തീയതി വരെ തുക Deduct ചെയ്തിട്ടില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. 890799-ാം നമ്പർ ചെക്കിന്റെ Payment Stop ചെയ്യുന്നതിനായി ബാങ്കിന് കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ 23/05/2024-ൽ നൽകിയ 890799 നമ്പർ ചെക്കിന്റെ നടപടികൾ നിർത്തിവെച്ചിട്ടുള്ളതായി ബാങ്ക് അധികൃതർ അറിയിച്ചിട്ടുള്ളതായി SBI Mail ഹാജരാക്കിയിട്ടുണ്ട്. കൂടാതെ 23/05/2024-ൽ നൽകിയ 890799 നമ്പർ ചെക്കിന്റെ പിൻവലിക്കൽ നാളിതുവരെ നടന്നിട്ടില്ല എന്നും നോട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. വാട്ടർ അതോറിറ്റിക്ക് പണം നല്കിയിട്ടുണ്ടോയെന്നു അറിയുന്നതിനായി ഫയൽ അക്കൗണ്ട്സിലേയ്ക്ക് നൽകിയിരിക്കുന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.15/കെ.എസ്.എ./ടിവിസി.12/2025. തീയതി: 27.06.2025.) മറുപടി ലഭ്യമാക്കിയില്ല. Payment, Cheque എന്നിവ ക്യാൻസൽ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം FGB/6N കണക്ഷനിൽ ബിൽ നമ്പർ 62075 തീയതി 6.3.2024 പ്രകാരമുള്ള 717221/- രൂപ കുടിശ്ശികയിൽ 695456/- രൂപ ഒറ്റത്തവണയായി അടയ്ക്കുന്ന പക്ഷം 21765/- രൂപയുടെ കുറവ് നൽകുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റിയുടെ 20.3.2024 ലെ 334/AB6/2024/WWSN-KUR-TVPM നമ്പർ കത്തിൽ വ്യക്തമാക്കിയിരുന്നു. മേൽ തുക പിന്നീട് അടവാക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ 21765/- രൂപയുടെ ഇളവ് ലഭ്യമായിട്ടുണ്ടോ അടവാക്കാത്തപക്ഷം പലിശയിനത്തിൽ കൂടുതൽ തുക അടവാക്കേണ്ട സാഹചര്യം ഉണ്ടാടിട്ടുണ്ടോ, Payment, Cheque എന്നിവയിൻമേലുള്ള തുടർനടപടി വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-29-2 പോർട്ടബിൾ എയ്റോബിക് ബിൻ എസ് ബി എം ഫണ്ട് ഉപയോഗിച്ചു- പദ്ധതി ഭേദഗതി വരുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വൌച്ചർ നമ്പർ	ചെക്ക് നമ്പർ	തുക
24000434/20.05.2024	890794/22.05.2024	4800000

നഗരസഭയുടെ വൗച്ചർ പരിശോധനയിൽ, ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പിലാക്കിയ Portable Aerobic Bin വാങ്ങൽ SO1058/24 എന്ന പദ്ധതിയ്ക്ക് (അടങ്കൽ തുക 10000000/-) വിഭവസ്രോതസ്സായ കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ തനത്ഫണ്ടിൽ നിക്ഷേപിക്കപ്പെട്ട SBM Fund ൽ നിന്നും 5000000/- രൂപ അനുവദിക്കുന്നതിന് മേയർ മുൻകൂർ അനുമതി നൽകിയിരുന്നുവെന്ന് നോട്ടിൽ വ്യക്തമാക്കിയിരിക്കുന്നു. മേൽ പദ്ധതി സ്പിൽ ഓവറായി DPC അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വിഭവസ്രോതസ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഭേദഗതി ചെയ്ത് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതാണെന്നും പറഞ്ഞിരിക്കുന്നു. സ്വച്ച് ഭാരത് മിഷൻ (അർബൻ) പദ്ധതി കാലയളവിൽ എസ് ബി എം ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനായി SBM ഡിപിആർ പദ്ധതികൾ അല്ലാതെ കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട്, തനത്ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പദ്ധതികളിൽ ഭേദഗതി ചെയ്യാൻ ശുചിത്വമിഷൻ നിർദ്ദേശമുണ്ട്. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ പകരമായി SBM Fund തനത്ഫണ്ടിൽ നിക്ഷേപിച്ചതിൽ നിന്നും 5000000/- രൂപ അനുവദിക്കുന്നതിനുള്ള മേയറുടെ മുൻകൂർ അനുമതി , പദ്ധതിയുടെ വിഭവസ്രോതസ് ഉൾപ്പെടെ ഭേദഗതി വരുത്തിയതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിഭവസ്രോതസ് ഉൾപ്പെടെ ഭേദഗതി വരുത്തിയാൽ മാത്രമേ മേൽ ചെലവ് SBM ഡിപിആർ പദ്ധതിയായി ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/കെ.എസ്.എ./ടിവിസി.12/2025.തീയതി: 27.06.2025.) മറുപടി ലഭ്യമാക്കിയില്ല. മേയറുടെ മുൻകൂർ അനുമതി നൽകിയുള്ള തീരുമാനം, പദ്ധതിയുടെ വിഭവസ്രോതസ് ഉൾപ്പെടെ ഭേദഗതി വരുത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-29-3 മരുന്ന് വാങ്ങിയതിന്റെ സ്റ്റോക്ക് വിതരണ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല 1,27,637/- രൂപ തടസ്സപ്പെടുത്തുന്നു.

ഫയൽ നം.2284438/2024

ഒക്ടോബർമാസത്തെ ചെലവ് വൌച്ചറുകളുടെ പരിശോധനയിൽ മഴക്കാലപൂർവ്വ ശുചീകരണതൊഴിലാളികൾക്ക് നൽകുന്നതിനായി മേൽ ഫയൽ പ്രകാരം തനത് ഫണ്ടിൽ നിന്നും 1,27,637/- രൂപയ്ക്ക് (ചെക്ക് നം. 461531/25.10.24) ഇൻ ഹൌസ് ഡ്രഗ് ബാങ്കിൽ നിന്നും മരുന്ന് വാങ്ങിയതായി വ്യക്തമാകുന്നു. പ്രസ്തുത മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/കെ.എസ്.എ./ടി.വി.സി.5/2025 തി.19.05.25)നഗരസഭാ സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.
സ്റ്റോക്ക് വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,27,637/- രൂപ തടസ്സപ്പെടുത്തുന്നു. അനുബന്ധരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29-4 ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും SLI,NPS എന്നിവ ഈടാക്കിയതിലെ കുറവും മെഡിസെപ്പ് പ്രീമിയം തുക അടവാക്കുന്നതിൽ കാലതാമസവും

1.ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും SLI റിക്കവറി തുക ഈടാക്കിയതിൽ കുറവ്.

30.11.2021-ലെ സ.ഉ(പി) നം. 159/2021/ധന നമ്പർ ഉത്തരവ് പ്രകാരം 01.02.2022 മുതൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി പ്രീമിയം തുക – അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, പോഴ്സണൽ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി 100-ന്റെ ഗുണിതമായി മുകളിലേയ്ക്ക് റൗണ്ട് ചെയ്ത് നിജപ്പെടുത്തേണ്ടതാണ്. എന്നാൽ കോർപ്പറേഷനിലെ ജീവനക്കാരുടെ 2024 ജൂലൈ മാസത്തെ ശമ്പളബിൽ പരിശോധിച്ചതിൽ ഉത്തരവ് പ്രകാരമുള്ള നിരക്കിലല്ല തുക ഈടാക്കി ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്/ഉദ്യോഗപ്പേര്	അടിസ്ഥാന ശമ്പളം+ഡി.എ	അടവാക്കിയ തുക	അടവാക്കേണ്ട തുക
1	ശശികുമാർ.പി.കെ, ഹെൽത്ത് സൂപ്പർവൈസർ	109327	1700	600
2	ജിഷ്ന.പി.പി, നഴ്സറി സ്കൂൾ ടീച്ചർ	33899	600	300
3	ആശ.കെ.എസ്, നഴ്സറി സ്കൂൾ ടീച്ചർ	67798	1100	1000
4	ശാന്തിനി.പി, നഴ്സറി സ്കൂൾ ടീച്ചർ	83300	1300	1000
5	ശ്രീരാജ് ജയൻ.കെ.എസ്, വെറ്ററിനറി സർജൻ	69433	1100	1000
6	ഷാജ് സുബാഷ്.എൽ.എസ്, ഹെൽത്ത് ഇൻസ്പെക്ടർ	71068	1100	1000
7	അജിത.എ.വി, ഹെൽത്ത് ഇൻസ്പെക്ടർ	83300	1300	1000
8	അജി കുമാരി, ഹെൽത്ത് ഇൻസ്പെക്ടർ	61585	1000	500
9	ചന്ദ്രൻ.കെ, ഡ്രൈവർ - സെലക്ഷൻ ഗ്രേഡ്	57334	900	500
10	ഷൈൻരാജ്.റ്റി.എസ്, ഡ്രൈവർ – സീനിയർ ഗ്രേഡ്	35861	600	500

2. ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും SLI തുക ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ

1. അജയകുമാർ.ബി, ഹെൽത്ത് സൂപ്പർവൈസർ

2. ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ

3. മറിയാമ്മ കുരുവിള, നഴ്സറി സ്കൂൾ ടീച്ചർ

4. സന്തോഷ്.എം, ഹെൽത്ത് ഇൻസ്പെക്ടർ

5. ബിജു.എസ്, ഹെൽത്ത് ഇൻസ്പെക്ടർ

6. ഓം പ്രകാശ്.എൻ.എസ്, ഡ്രൈവർ സെലക്ഷൻ ഗ്രേഡ്

7. പ്രകാശ് കുമാർ, ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ

8. സന്തോഷ് കുമാർ.ജി.ഒ, ബിൽ കളക്ടർ

9. ശിവപ്രസാദ്.കെ, ക്ലർക്ക്

10. ശോഭന.എസ്, ക്ലർക്ക്

മേൽ അപാകതകൾ സംബന്ധിച്ച് 05.11.2025ന നൽകിയ ഓഡിറ്റ് എൻക്വയറി നം. 146 /കെ.എസ്.എ./ടിവിസി.7/2025യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 30.11.2021-ലെ സ.ഉ(പി) നം.59/2021/ധന നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്

2.NPS – തുക കുറവ് ചെയ്തതിൽ അപാകത

29.04.2014-ലെ GO(P) No.152/2014/Fin ഉത്തരവ് പ്രകാരം NPS പെൻഷൻ സ്കീമിൽ ജീവനക്കാരന്റെയും തദ്ദേശ സ്ഥാപനത്തിന്റെയും വിഹിതം അടിസ്ഥാന ശമ്പളത്തിന്റെയും DA യുടെയും ആകെതുകയുടെ 10% ആണ്. എന്നാൽ 2024 ജൂലൈയിലെ വൗച്ചർ നം. P-C010100-24001107 പരിശോധിച്ചതിൽ മേൽ നിർദ്ദേശപ്രകാരമുള്ള നിരക്കിലല്ല തുക ഈടാക്കിയിരിക്കുന്നത് എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I) Female Attendant/Chainman

പേര്	അടിസ്ഥാന ശമ്പളം	ഡി.എ	ആകെ	അടവാക്കിയ തുക	അടവാക്കേണ്ട തുക (Employee's Contribution +Employer's

					Contribution)
Anju.U	27200	2448	29648	5778	5929
Aryamol.C.R	28700	2583	31283	6082	6256
Aswathy Mohan	27200	2448	29648	5778	5929
Breesi.B	34700	3123	37823	7368	7564
Deepa.R.S	25100	2259	27359	5320	5471
Divya.T	27900	2511	30411	5930	6082
Kavitha.K	28700	2583	21283	6082	6256
Nirosha	27200	2448	29648	5778	5929
Sheeba.T.R	27200	2448	29648	5778	5929
Surya.S	27200	2448	29648	5778	5929

II) Veterinary Surgeon

പേര്	അടിസ്ഥാന ശമ്പളം	ഡി.എ	ആകെ	അടവാക്കിയ തുക	അടവാക്കേണ്ട തുക(employee's Contribution +Employer's Contribution)
Sreerag Jayan.K.S	63700	5733	69433	13560	13886

III.Office Attendant

പേര്	അടിസ്ഥാന ശമ്പളം	ഡി.എ	ആകെ	അടവാക്കിയ തുക	അടവാക്കേണ്ട തുക(employee's Contribution +Employer's Contribution)
Ajith.V.S	27900	2511	30411	5930	6082
Mumthaz	27900	2448	29648	5778	5930
Beegum.S.J	25800	2322	28122	5472	5624
Pravitha.P	27900	2511	30411	5930	6082
Reeja.V	26500	2385	28885	5624	5777
Sarika.V	28700	2583	31283	6082	6256
Soumya.V	27900	2511	30411	5930	6082
Sujitha.J	27900	2511	30411	5930	6082
Suma.I	27200	2448	29648	5778	5929
Vineeth Kumar.V	26500	2385	28885	5624	5778

ഇതു സംബന്ധിച്ച് 23.10.2025 ന നൽകിയ ഓഡിറ്റ് എൻക്വയറി നം.121/കെ.എസ്.എ./ടിവിസി.7/2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെ DA യുടെയും ആകെ തുകയുടെ 10% ഈടാക്കിയും ബന്ധപ്പെട്ട തദ്ദേശ സ്ഥാപന വിഹിതമായ 10% ഉം ചേർന്ന തുക പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

മെഡിസെപ്പ് പ്രീമിയം തുക അടവാക്കുന്നതിൽ കാലതാമസം

ധനകാര്യ വകുപ്പിന്റെ 24.04.2017-ലെ ജി.ഒ.(പി) നം. 54/2017/ധന നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പ്രഖ്യാപിക്കപ്പെട്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് മെഡിസെപ്പ്. മേൽ ഉത്തരവ് ഖ.2 പ്രകാരം പ്രീമിയം തുക ഇൻസ്റ്റാൾമെന്റുകളായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതായിരിക്കും. പ്രസ്തുത തുക സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്യുന്ന മെഡിസെപ്പ് പ്രീമിയം ഇനത്തിലെ തുക യഥാസമയം അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഫയൽ നം. 1737152-2024)

ക്രമ നം.	റിക്കവറി നടത്തിയ മാസം	ചെക്ക് നം./ തീയതി	തുക	അടവാക്കിയ തീയതി
1	01/24,2/24,03/24 ,4/24,05/24	MB 1237656/ 22.07.2024	33,47,000/-	22.07.2024
2	06/24,07/24	MB 1237672/ 03.09.2024	14,33,500/-	03.09.2024
3	08/24,09/24	MB 1219860/ 29.10.2024	14,70,006/-	29.10.2024
4	10/24, 11/24	MB 1310408/ 21.01.2025	14,88,007/-	21.01.2025
5	12/24,01/25	MB 1310434/ 14.03.2025	14,89,154/-	14.03.2025

മെഡിസെപ്പ് പ്രീമിയം തുക ഒടുക്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/

കെ.എസ്.എ/ടിവിസി.5/2025, തീയതി.19.05.2025) നഗരസഭാ സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം തുക സമയബന്ധിതമായി അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ജീവനക്കാർക്ക് മെഡിസെപ്പ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കാത്ത സാഹചര്യം സംജാതമാകും.

1-29-5 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 5264672രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2024 മെയ് മാസത്തെ വൌച്ചർ പരിശോധനയിൽ ചുവടെപ്പറയുന്ന വൌച്ചറുകൾ മുഖാന്തിരം മാറിയ തുകകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വൌച്ചർ നമ്പർ	ചെക്ക് നമ്പർ	തുക	റിമാർക്സ്
1	24000234/ 08.05.2024	890695/ 07.05.2024	27300/-	പനത്തുറ പള്ളിനടക്കടവ് ഫെറിമാൻ ന് ദിവസവേതനം (600/-പ്രതിദിനം), വള്ളവാടകയും (300/-പ്രതിദിനം) ഉൾപ്പെടെ 27300/- രൂപ നൽകിയിരിക്കുന്നു
2	24000283/ 08.05.2024	890721/14.05.2024	5173952/-	02/24, 03/24 എന്നീ മാസങ്ങളിലെ Legacy Waste നീക്കം ചെയ്തതിന് Green Worms ന് 5173952/- രൂപ നൽകിയിരിക്കുന്നു.
3	24000405/ 20.05.2024	890774/ 20.05.2024	63420/-	തിരുവല്ലം സോണൽ ഓഫീസിലെ ഡേറ്റാഎൻട്രി ഓപ്പറേറ്റർക്ക് 11/23,12/23, 1/24, 2/24 എന്നീ മാസങ്ങളിലെ വേതനമായി 63420/- രൂപ നൽകിയിരിക്കുന്നു
ആകെ			5264672	

ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/കെ.എസ്.എ/ടിവിസി.12/2025, തീയതി27.06.2025) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 5264672 രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-315000രൂപതടസ്സപ്പെടുത്തുന്നു

വൌച്ചർ നമ്പർ	ചെക്ക് നമ്പർ	തുക
24000386/20.05.2024	890764/20.05.2024	315000/-

ചാലക്കഴി മുറിഞ്ഞപാലം കേദാംനഗർ റോഡിൽ കേരള വാട്ടർ അതോറിറ്റി മാൻഹോളുകളിലെ കോൺക്രീറ്റ് സ്ലാബ് മാറ്റി കാസ്റ്റ് അയൺ കവറുകൾ സ്ഥാപിക്കുന്നതിനായി 315000/- രൂപ (21000* 15= 315000/-) Sewerage Division Pattoor ൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/കെ.എസ്.എ/ടിവിസി.12/2025, തീയതി.27.06.2025) മറുപടി ലഭ്യമാക്കിയില്ല. ഹാജരാക്കുന്നതുവരെ നിക്ഷേപതുകയായ 315000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-29-7 വൌച്ചർ പരിശോധന-തുക റിക്കുപ്പ്ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല-81766രൂപ തടസ്സത്തിൽവയ്ക്കുന്നു.

വൌച്ചർ നമ്പർ	ചെക്ക് നമ്പർ	തുക
24000471/24.05.2024	890809/24.05.2024	81766/-

കോവളം ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിലെ സാർക്ക് മൊബൈൽ യൂണിറ്റ് ജീവനക്കാരുടെ 03/24ലെ ശമ്പളതുകയായ 50185/- രൂപയും വാഹനത്തിന്റെ വാടകതുകയായ 31581/- (21/02/24 മുതൽ 21/03/24 വരെ) രൂപയും ഉൾപ്പെടെ 81766/- രൂപ തനത്ഫണ്ടിൽ നിന്നും നൽകുന്നതിനും പദ്ധതി സ്പിൽ ഓവറായി പ്ലാൻഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി തുക റീക്കുപ്പ് ചെയ്യുന്നതാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും തുക റീക്കുപ്പ് ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/കെ.എസ്.എ/ടിവിസി.12/2025, തീയതി27.06.2025) മറുപടി ലഭ്യമാക്കിയില്ല. ടി തുക റീക്കുപ്പ് ചെയ്യുന്നതുവരെ 81766/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-30 തെരുവുവിളക്ക് പരിപാലനം

കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് പ്രകാരം നഗരസഭ നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകളിൽ ഒന്നാണ് തെരുവ് വിളക്കുകൾ കത്തിക്കുകയും അവയുടെ പരിപാലനവും. ഏകദേശം ഒരു ലക്ഷത്തിലധികം തെരുവു വിളക്കുകൾ ഉള്ള തിരുവനന്തപുരം നഗരസഭ പ്രസ്തുത നിയമാനുസൃത ബാദ്ധ്യതകൾ നിറവേറ്റുന്നതിന് സ്വീകരിച്ചു വരുന്നതായ പ്രവർത്തനങ്ങളിൽ കണ്ടെത്തിയ അപാകങ്ങൾ ഉൾപ്പെടുന്ന ലഘു അവലോകനം ചുവടെ ചേർക്കുന്നു.

ബന്ധപ്പെട്ട ഫയലുകൾ

1. J4 611/2021
2. J4 51610/2021
3. E3-7060-2025
4. E3-786711-2025
5. E3-521333-2025
6. E3-1018175-2024
7. E3-2270539-2024
8. E3-867700-2024
9. E3-1016289-2024

ഓഡിറ്റ് അന്വേഷണം - നം. 154/കെ.എസ്.എ/ടിവിസി.9/2025, തീയതി.15.11.2025.

ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ 18.02.2026 ൽ ലഭ്യമാക്കിയ മറുപടി.

1) തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 2023-24 വരെ നിലനിന്നിരുന്ന പദ്ധതികൾ .

ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന പദ്ധതികൾ 2023-24-ൽ നിലനിന്നിരുന്നു.

ക്രമ നം.	പ്രോജക്ട് നം	പേര്
1	S1494/23	നിലവിലെ ട്യൂബ് ലൈറ്റുകൾ മാറ്റി LED
2	S 1206/24	സ്ഥാപിക്കലും പുതിയ LED വാങ്ങലും
3	S 1218/24	ഹൈമാസ്റ്റ് ലൈറ്റുകളുടെ LED മെയിന്റനൻസ്
4	918/24	LED മെയിന്റനൻസ്
5	1226/24	

വാർഷിക ധനകാര്യ പത്രിക പ്രകാരം 2023-24-ലെ തെരുവ് വിളക്കുകൾ സംബന്ധിച്ച ചെലവ് വിവരം

ക്രമ നം.	ഹെഡ്കോഡ്	ഇനം	തുക
1	230100101	Electricity Charges For Street Lights	98400088
2	230100100	Electricity Charges	36430546
3	230500600	Repairs & Maintenance Of Street Lights	7747

മേൽ പദ്ധതികളിലായി വ്യത്യസ്ത ഏജൻസികൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും തനതു ഫണ്ടിൽ നിന്നും തുക നൽകി പോരുകയാണ് ചെയ്തിരുന്നത്. (പദ്ധതി ചെലവ് സംബന്ധിച്ച കണക്കുകൾ 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) എന്നാൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ നിർവ്വഹണ സ്ഥാപനത്തെ തെരഞ്ഞെടുത്തതിലും കരാർ വ്യവസ്ഥകളിലുമുള്ള വ്യക്തതക്കുറവ്, ഫണ്ടിന്റെ വിനിയോഗം (പദ്ധതിപ്പണം ഉപയോഗിക്കാതെ തനത് ഫണ്ട് വിനിയോഗം), സ്റ്റോക്ക് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവയുടെ അഭാവം, പൊതുജനങ്ങളിൽ നിന്നുയരുന്ന പരാതികൾ, കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത വൻ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങളുടെ അഭാവം എന്നിങ്ങനെ നിരവധി അപാകങ്ങൾ ഉള്ളതായി 2023-24 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത അപാകങ്ങൾക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

2. തൻവർഷ പദ്ധതികൾ

J451610/21 നമ്പർ ഫയലിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ കുറ്റമറ്റ പരിപാലനത്തിനും വർദ്ധിച്ചുവരുന്ന ഇലക്ട്രിസിറ്റി ചാർജ്ജ് നിയന്ത്രിക്കുന്നതിനും ലക്ഷ്യം വച്ച് കൊണ്ട് നഗരസഭയുടെ മൂന്ന് ഇലക്ട്രിക്കൽ ഡിവിഷനുകളിലായി Energy Efficiency Project For Street Lights With Centralised Monitoring System (CCMS) എന്ന പദ്ധതിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ഏതെങ്കിലും DPC അംഗീകൃത പദ്ധതിയായി പദ്ധതിവിഹിതം ഉപയോഗിച്ചല്ല ഈ പദ്ധതി നടപ്പിലാക്കുന്നത്. നഗരസഭ ഓരോ ഡിവിഷനിലും (ആകെ 3 ഡിവിഷനുകൾ) പ്രത്യേകം താൽപ്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക യോഗ്യതയും ഫിനാൻഷ്യൽ യോഗ്യതയും പരിഗണിച്ച് L1 ആയി വന്ന 3 ഏജൻസികൾക്ക് EMI ആയി തുക നൽകുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കരാർ പ്രകാരം നഗരസഭയ്ക്ക് ആദ്യ ഘട്ടത്തിൽ മുടക്കുമുതൽ വിനിയോഗിക്കേണ്ടതില്ല, CCMS സ്ഥാപിച്ച് വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയതിനുശേഷമാണ് ഏജൻസികൾക്ക് EMI നൽകി തുടങ്ങേണ്ടത്. ഊർജ്ജ ഉപയോഗം കുറച്ച് അതുവഴി വൈദ്യുതി ചെലവ് കുറയ്ക്കുക, തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള ഈ പദ്ധതി 3 ഏജൻസികൾ മുഖാന്തിരം 12.02.2024 (കരാർ തീയതി)-ൽ ആരംഭിച്ച് 6 മാസത്തിനകം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാനായിരുന്നു (Commercial Operation Date – COD) ലക്ഷ്യം. കരാർ പ്രകാരം പദ്ധതി മേൽനോട്ടത്തിനായി ഒരു Independent Chartered Engineer/Agency (ICE) -യെ നിയോഗിക്കാവുന്നതാണ്. 3,24,500/- രൂപ പ്രതിമാസ കൺസൾട്ടൻസി ഫീസ് ആയി നിശ്ചയിച്ച് 22.10.2024-ൽ കരാർ ഒപ്പുവച്ച് Ottotractions എന്ന ഏജൻസിയെ ICE ആയി നിയോഗിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന് 08.11.2024-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ICE ക്ക് നൽകേണ്ട പ്രതിമാസ ഫീസിന്റെ 50% നഗരസഭയും 50% പദ്ധതി നിർവ്വഹണ ഏജൻസികളും നൽകണമെന്നായിരുന്നു കരാർ വ്യവസ്ഥ. തെരുവ് വിളക്ക് ശൃംഖലയുടെ സമഗ്രമായ പ്രവർത്തനത്തിനും പരിപാലനത്തിനുമായി 10 വർഷ കാലയളവിലേക്കുള്ളതാണ് ഈ കരാറുകൾ. നിർവ്വഹണ ഏജൻസികൾക്ക് തുക നൽകുന്നതിനായി ESCROW അക്കൗണ്ടുകളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ എല്ലാ സമയത്തും 2 മാസത്തെ EMI ഫീസിൽ കുറയാത്ത തുക നഗരസഭ നിലനിർത്തണമെന്ന് കരാർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ ഏജൻസികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു .

ക്രമ നം.	ഏജൻസി	ഡിവിഷൻ	കരാർ തീയതി	COD	തെരുവ് വിളക്കുകളുടെ എണ്ണം (കരാർ പ്രകാരം/ 01/26 ലെ ICE റിപ്പോർട്ട് പ്രകാരം)	EMI കരാർ പ്രകാരം/ 01/26 ICE റിപ്പോർട്ട് പ്രകാരം
1	ALFA Electronics	നെയ്യാറ്റിൻകര	12.02.2024	30.06.2024	10485 (9410)	1070000 (960291)
2	AR Constructions	തിരുവനന്തപുരം	12.02.2024	01.05.2025	49664 (39724)	3592000 (2873296)
3	Pamidi Projects	കഴക്കൂട്ടം	12.02.2024	01.05.2025	43757 (43032)	3285000 (3230571)

തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് , അറ്റകുറ്റ പണികളും പരിപാലനവും എന്നീ ഇനങ്ങളിലെ ചെലവുകൾ , പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ,ഓഡിറ്റ് നിർദ്ദേശങ്ങൾ

തൻവർഷം ഈയിനത്തിൽ ആകെ 136072400/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എ) വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷ ചെലവുകൾ

ക്രമ നം.	ഹെഡ് കോഡ്	ഇനം	തുക
1	2301001	Electricity Charges For Streetlight	118633810
2	2301003	Electricity Charges For Other Buildings Of LB	11874183
3	2305006	Repairs & Maintenance Of Street Light	5564407

ഇതിൽ 5564407/- രൂപ നെയ്യാറ്റിൻകര ഡിവിഷനിലെ CCMS പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന ആൽഫ ഇലക്ട്രോണിക്സിനായി ചെലവഴിച്ചതാണ്.

കരാർ വ്യവസ്ഥ പ്രകാരം ESCROW അക്കൗണ്ടിൽ മുൻകൂറായി നിക്ഷേപിക്കുന്ന 2 മാസത്തെ EMI (1070000*2=2140000) യു4 മാസത്തെ (ജൂലൈ മുതൽ ഒക്ടോബർ വരെ) EMI തുകയും (4*856102) ഉൾപ്പെടുന്നതാണിത്. ടി സ്ഥാപനത്തിന്റെ COD 30.06.2024 ആണ്. മറ്റ് രണ്ട് ഏജൻസികൾക്കും 2024-25 വർഷം പദ്ധതി പ്രകാരം തുക നൽകിയിട്ടില്ല. ഇവയുടെ COD 01.05.2025 ആണ്. ICE ആയ Ottotractions എന്ന സ്ഥാപനത്തിന് 08.11.2024 മുതലുള്ള കൺസൾട്ടൻസി ഫീസ് അനുവദിച്ചത് 24.06.2025-ൽ ആണ്. ടി സ്ഥാപനത്തിനും പദ്ധതിയ്ക്കായി 2024-25-ൽ തുക നൽകിയിട്ടില്ലെന്ന് കാണുന്നു.

ബി) പദ്ധതിവിഹിതം

2024-25 വർഷത്തെ ചെലവ് പത്രിക പ്രകാരം പ്ലാൻ ഫണ്ട് ഉപയോഗിച്ച് തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും നടപ്പാക്കിയതായി കാണുന്നില്ല.

CCMS പദ്ധതിയുടെ നിലവിലെ സ്ഥിതി, കരാർ ചെലവ് വിവരങ്ങൾ, പദ്ധതി മൂലമുള്ള വൈദ്യുതി ഉപയോഗത്തിലെ കുറവ് എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുള്ള (നം. 154/കെ.എസ്.എ/ടിവിസി.9/2025, തീയതി.15.11.2025) മറുപടി പ്രകാരം CCMS പദ്ധതി 3 ഏജൻസികൾ മുഖാന്തിരം നഗരസഭയിലെ എല്ലാ വാർഡുകളിലും നടപ്പിലാക്കുന്നതായും മറ്റ് സ്ഥാപനങ്ങൾക്ക് തെരുവ് വിളക്ക് വാങ്ങൽ, പരിപാലനം എന്നിവയ്ക്ക് 2024-25-ൽ തുക നൽകിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഫലമായി വൈദ്യുതി ഉപയോഗത്തിലുണ്ടായ കുറവ് സംബന്ധിച്ച് നഗരസഭയിലെ എല്ലാ ഡിവിഷനുകളും ഉൾക്കൊള്ളുന്ന സമഗ്രമായ വിവരം നഗരസഭ ലഭ്യമാക്കിയിട്ടില്ല.

സി) പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ , ഓഡിറ്റ് നിർദ്ദേശങ്ങൾ

1) മൂന്ന് ഏജൻസികളിൽ ആൽഫാ ഇലക്ട്രോണിക്സ് എന്ന ഏജൻസി മാത്രമേ കരാർ പ്രകാരമുള്ള Commercial Operation Date (COD) – പാലിച്ചിട്ടുള്ള. മറ്റ് രണ്ട് ഏജൻസികളും കാലതാമസം വരുത്തി. കരാർ പ്രകാരം ഇതിന് Liquidated Damage (LD) ഈടാക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. കരാർ ഷെഡ്യൂൾ 5 പട്ടിക 4 പ്രകാരമാണ് LD നിശ്ചയിച്ചിരിക്കുന്നത്. പ്രവൃത്തി രണ്ട് ഘട്ടങ്ങളായാണ് നിർവ്വഹിക്കേണ്ടിയിരുന്നത്. ആദ്യ ഘട്ടമായി 50% പ്രവൃത്തി 3 മാസത്തിനുള്ളിലും അടുത്ത ഘട്ടമായി ബാക്കി 50% പ്രവൃത്തി അടുത്ത 3 മാസത്തിനുള്ളിലും പൂർത്തീകരിക്കണം. ആദ്യ ഘട്ടത്തിലെ കാലതാമസത്തിന് വൈകിയ ദിവസത്തിന് അംഗീകരിച്ച മൂലധന ചെലവിന്റെ പകുതിയുടെ 0.1% തുകയും അടുത്ത ഘട്ടത്തിലെ കാലതാമസത്തിന് വൈകിയ ദിവസത്തിന് അംഗീകൃത പദ്ധതി ചെലവിന്റെ 0.1% തുകയുമാണ് LD. എന്നാൽ കരാറിൽ അംഗീകൃത മൂലധന ചെലവും, പദ്ധതി ചെലവും നിർണ്ണയിച്ചിട്ടില്ല. നിലവിൽ 3 മാസത്തെ EMI തുകയാണ് LD ആയി കണക്കാക്കി പ്രതിമാസം 10% എന്ന നിരക്കിലാണ് കാലതാമസം വരുത്തിയ രണ്ട് ഏജൻസികളിൽ നിന്നും ഈടാക്കി വരുന്നത്.

2) കരാർ വ്യവസ്ഥ (ഷെഡ്യൂൾ 5) പ്രകാരം പദ്ധതിയിലൂടെ 35% ഊർജ്ജ ലാഭം ഉറപ്പ് നൽകുന്നു. ഊർജ്ജ ലാഭത്തിലെ ഓരോ ശതമാനം കുറവിനും നിർവ്വഹണ ഏജൻസിയിൽ നിന്നും പിഴ ഈടാക്കാനും നിർദ്ദേശിക്കുന്നുമുണ്ട്. ഊർജ്ജ ലാഭം 30%-ത്തിൽ താഴെയാണെങ്കിൽ ആ മാസത്തെ EMI തുക പിഴയായി നഗരസഭയ്ക്ക് ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 154/കെ.എസ്.എ/ടിവിസി.9/2024-25, തീയതി.15.11.2025) മറുപടിയിൽ നെയ്യാറ്റിൻകര ഡിവിഷനിലെ നേമം സബ് ഡിവിഷനിൽ പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് 13.6% വൈദ്യുതി ലാഭം ഉണ്ടായി എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് കരാർ പ്രകാരം ഉറപ്പ് നൽകിയിരുന്നതിലും വളരെ കുറവാണ്. നഗരസഭയും ICE യും തമ്മിലുള്ള കരാർ വ്യവസ്ഥ 3.1.7 പ്രകാരം വൈദ്യുതി ലാഭം സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ICE നഗരസഭയ്ക്ക് സമർപ്പിക്കണം. എന്നാൽ ICE യുടെ പ്രതിമാസ റിപ്പോർട്ടിൽ വൈദ്യുതി ലാഭം സംബന്ധിച്ച വിവരം ഉൾപ്പെടുത്തി കാണുന്നില്ല. പ്രസ്തുത കരാർ വ്യവസ്ഥ പാലിക്കുന്നുവെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതും കരാർ വ്യവസ്ഥ പ്രകാരമുള്ള ലാഭം ഉണ്ടാകുന്നില്ലെങ്കിൽ പിഴ ഈടാക്കേണ്ടതുമാണ്. വിവിധ ഡിവിഷനുകളിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിന് പുറമേ കേന്ദ്രീകൃത സംവിധാനത്തിലുള്ള തെരുവ് വിളക്കുകളുടെയും മറ്റ് തനത് കെട്ടിടങ്ങളുടെയും വൈദ്യുതി ബില്ലും (Ummetered) നഗരസഭ അടവാക്കി വരുന്നു. ഇത് 9/25 വരെ 37 ലക്ഷം രൂപയിൽ കുറവായിരുന്നു. എന്നാൽ 10/25 ൽ ഇത് 98 ലക്ഷം രൂപയും 11/25 ൽ 70 ലക്ഷം രൂപയും 12/25 ൽ 76 ലക്ഷം രൂപയും ആയി ക്രമാതീതമായി വർദ്ധിച്ചു. CCMS പദ്ധതി നിലവിലിരിക്കെ നഗരസഭയുടെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിൽ വൻ വർദ്ധനവ് ഉണ്ടാകുന്നത് ആശാസ്യമല്ല. നഗരസഭയിലെ ധാരാളം തെരുവ് വിളക്കുകൾ നിലവിലും CCMS പദ്ധതിയ്ക്ക കീഴിൽ വന്നിട്ടില്ലെന്ന് ഇത് വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ നഗരസഭാ പരിധിയിലെ മുഴുവൻ തെരുവ് വിളക്കുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നഗരസഭ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3) നഗരസഭയും ICE യും തമ്മിലുള്ള കരാർ വ്യവസ്ഥ 3.1.20, 3.1.21, 3.1.22 എന്നിവ പ്രകാരം Carbon Credit Assessment ൽ ICE നിർവ്വഹിക്കേണ്ട ചുമതലകൾ എന്തൊക്കെയെന്ന് നിർവ്വചിച്ചിട്ടുണ്ട്. ICE ഈ ചുമതല നിർവ്വഹിക്കുന്നുവെന്ന് നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്.

4) കരാർ പ്രകാരം ഉള്ളതും നിലവിൽ പ്രവർത്തക്ഷമവുമായ തെരുവ് വിളക്കുകളുടെയും എണ്ണത്തിൽ 20% കുറവുണ്ട്. ആയതിനാൽ നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന EMI തുകയിൽ ആനുപാതിക കുറവ് വരുത്തുന്നുണ്ട്. എന്നാൽ ICE യ്ക്ക് നൽകുന്ന Consultancy Charge ൽ ആനുപാതികമായ കുറവ് വരുത്തുന്നില്ല. ഇത് നഗരസഭ പരിശോധിക്കേണ്ടതാണ്.

5) നിർവ്വഹണ ഏജൻസികൾക്ക് പ്രതിവർഷം 10 കോടിയോളം രൂപ നൽകി നഗരസഭ നിർവ്വഹിക്കുന്ന ഒരു ദീർഘകാല പദ്ധതിയാണ് CCMS. ഈ സാഹചര്യത്തിൽ മുൻപ് നിലവിലുണ്ടായിരുന്ന സംവിധാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പദ്ധതി നഗരസഭയ്ക്ക് സാമ്പത്തിക ലാഭം നൽകുന്നുണ്ടോ, തെരുവ് വിളക്ക് പരിപാലനത്തിന്റെ കാര്യക്ഷമത വർദ്ധിച്ചോ എന്നിവ സംബന്ധിച്ച് നഗരസഭ സമഗ്രമായ പരിശോധന നടത്തേണ്ടതാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ 2023-24, 2024-25 വർഷങ്ങളിലെ ഇലക്ട്രിസിറ്റി ചാർജ്ജിന്റെ താരതമ്യ പഠനത്തിൽ തൻവർഷം ലാഭം ഉണ്ടായതായി കാണുന്നില്ല. CCMS പദ്ധതി പൂർണതോതിൽ നടപ്പായ തീയതി മുതൽ കൃത്യമായ കാലയളവിലെ വൈദ്യുതി ചാർജ്ജ് (യൂണിറ്റ് അടിസ്ഥാനത്തിൽ) താരതമ്യ പഠനം നടത്തി വൈദ്യുതി ചാർജ്ജിലെ ലാഭവും ഏജൻസികൾക്ക് നൽകുന്ന തുകയും ഉൾപ്പെടെ നഗരസഭയുടെ ചെലവിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് പദ്ധതി ലാഭകരവും ജനോപകാരപ്രദവുമാണോ എന്ന് പരിശോധിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-31 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ പദ്ധതി- 1,81,80,165 രൂപ തടസ്സപ്പെടുത്തുന്നു, 98,235 രൂപ നിരാകരിക്കുന്നു

നഗരസഭാ പ്രദേശത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 60 വയസിന് മുകളിൽ പ്രായമുള്ളവർക്ക് കട്ടിൽ നൽകുന്നതിനായിട്ടുള്ളതാണ് പദ്ധതി. വർഷങ്ങളായി പ്ലാൻഫണ്ടിൽ നിന്ന് കോടികൾ വകയിരുത്തി പദ്ധതി തയ്യാറാക്കുകയും, തുക ചെലവഴിക്കുകയും ചെയ്യുന്നുവെങ്കിലും നിലവിലും കൃത്യമായും സുതാര്യമായും പദ്ധതി നടപ്പാക്കുന്നില്ല. ഓരോ വർഷവും നഗരസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് മുഴുവൻ അതത് വർഷം തന്നെ കട്ടിൽ വിതരണം പൂർത്തിയാക്കാനോ, വാർഡ് അടിസ്ഥാനത്തിൽ എത്ര പേർക്ക് /ആർക്കൊക്കെ വിതരണം ചെയ്യ എന്നത് സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കാനോ നഗരസഭ ശ്രദ്ധിക്കുന്നില്ല. മുൻവർഷം ആനുകൂല്യം നൽകാൻ അവശേഷിക്കുന്നവർക്ക് വേണ്ടി ആവശ്യമായ തുക വകയിരുത്തി സ്പിൽഓവർ പദ്ധതി തയ്യാറാക്കി പദ്ധതി പൂർത്തീകരിക്കുന്നതിന് പകരം, ആയതിലേക്ക് തൻവർഷ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ ഓരോ വർഷവും അതത് വർഷത്തെ ഗുണഭോക്താക്കൾക്ക് ആ വർഷം കട്ടിൽ വിതരണം സാധ്യമാകുന്നില്ല എന്ന് മാത്രമല്ല തുടർവർഷങ്ങളിലായാണ് ആനുകൂല്യം വിതരണം ചെയ്ത് പോരുന്നത്. വർഷങ്ങളായി ഈ അപാകത തുടർന്നു വരുന്നതായി കാണുന്നു. പദ്ധതി നടത്തിപ്പിൽ നിരവധി അപാകങ്ങൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-32 കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിനെക്കാൾ അധിക നിരക്കിൽ തുക അനുവദിച്ചു. നഷ്ടം 38908/-രൂപ

Item Rate Contract പ്രകാരം ഒരു പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുന്ന കരാറുകാരന് തുക നൽകുമ്പോൾ ഓരോ ഇനത്തിനും കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന് വ്യത്യാസം വരുത്തി തുക നൽകാൻ പാടില്ല. എന്നാൽ നെട്ടയം വാർഡിൽ 26-ാം നമ്പർ അംഗനവാടിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ ഇനം നം 20 (DSR-50-6-1-2) Solid Block Masonry Using Pre Cast Solid Blocks (Factory Made) Of Size 40x20x20cm Or Nearest Available Size Confirming To IS 2185 Part I Of 1979 For Super Structure Up To Floor Two Level Thickness 20cm And Above In: CM 1:6 (1 Cement: 6 Coarse Sand) Etc Complete. എന്ന ഇനം ഉപയോഗിച്ച് പ്രവൃത്തി നിർവഹിച്ചതിന് അധിക തുക ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിരക്കിൽ വ്യത്യാസം വരുത്തി തുക അനുവദിച്ചതിലൂടെ ഈ ഇനത്തിൽ 32973/- രൂപയും ടി തുകയ്ക്കുള്ള ജി.എസ്.ടി കോമ്പൻസേഷനും (@18% = 5935/-) ഉൾപ്പെടെ ആകെ 38908/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. (ഖ-3-2 കാണുക)

1-33 ഓടനിർമ്മാണം പ്രവൃത്തി-ഉയർന്ന സ്പെസിഫിക്കേഷനിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചതിലൂടെയും, തെറ്റായ അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെയും നഷ്ടം- 25393/- രൂപ.

നെട്ടയം വാർഡ് മേലത്തുമേലെ ശങ്കർലെയ്ൻ, പ്രസ് ലെയ്ൻ, റീ ടാറിംഗ്, റീ കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ തെറ്റായ അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ചതിലൂടെയും, ഓടയുടെ വശങ്ങളിൽ മാർഗനിർദ്ദേശത്തിനെതിരായി ഉയർന്ന സ്പെസിഫിക്കേഷനിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചതിലൂടെയും നഷ്ടം ഉണ്ടായിട്ടുണ്ട്.

1.തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരന് അധിക ആനുകൂല്യം നൽകി .

ഈ പ്രവൃത്തിയിൽ 50 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും 1 മീറ്റർ താഴ്ചയിലും ഓട നിർമ്മാണത്തിനായി എർത്ത് വർക്കിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ശേഷം ഇതേ നീളത്തിലും വീതിയിലും 10 സെ.മീ കനത്തിലും M10 (1:3:6) ഉപയോഗിച്ച് ബെഡ് കോൺക്രീറ്റ് ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. ശേഷം ഓടകളുടെ സൈഡ് വാൾ (2 വശങ്ങൾ) 20 സെ.മീ വീതിയിലും 50 മീറ്റർ നീളത്തിലും 75 സെ.മീ ഉയരത്തിലും ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നു. ഇതിനുശേഷം ചെയ്യേണ്ട വെയറിംഗ് കോട്ട് (M20 C 1:2:4) സിമന്റ് കോൺക്രീറ്റിന്റെ വീതി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ അധിക തുകയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കുകയും കരാറുകാരന് അധിക ലാഭം ഉണ്ടാകുകയും ജി.എസ്.ടി ഇനത്തിൽ (18%) അധിക തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്.

2. ഓടയുടെ സൈഡ് വാൾ (വശങ്ങളിലെ കോൺക്രീറ്റ്) നിർമ്മാണം ഉയർന്ന നിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗി ച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നം.ഡി.ബി1/3727/2021/സി.ഇ/ത.സ്വ.ഭവ. തീയതി. 05.04.2021 കത്ത് ഖണ്ഡിക 5 പ്രകാരം ഓടകളുടെ വശങ്ങളിലെ കോൺക്രീറ്റ് MoRD സ്പെസിഫിക്കേഷൻ 11.4.2.1 ഉപയോഗിച്ച് നിർവഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ MoRD സ്പെസിഫിക്കേഷൻ 11.4.3.1 ഉപയോഗിച്ച് വശങ്ങൾ കോൺക്രീറ്റ് ചെയ്തതായി കാണുന്നു. ഉയർന്ന സ്പെസിഫിക്കേഷൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക തുകയ്ക്ക് സാങ്കേതികാനുമതി ലഭിക്കുകയും അധിക തുക കരാറുകാരന് നല്കേണ്ടതായും വന്നു.

3.ഇൻഷ്വറൻസ് സാക്ഷ്യപത്രം ഹാജരാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല .

മരാമത്ത് പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റിന്റെ (PWD Bidding Document (GO(p) No.3/2017 PWD.Dtd.9.8.0217) ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭിക്കുന്ന തീയതി മുതൽ പൂർത്തീകരിക്കുന്ന തീയതി വരെയുള്ള കാലയളവിലും, ഡിഫക്ട് ലയബിലിറ്റി കാലയളവിലും ഉള്ള രണ്ടു ഭാഗങ്ങളിലായി ഇൻഷുറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം എടുക്കുന്ന ഇൻഷുറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം ₹2,00,000), ഇൻഷുറൻസ് രേഖകൾ (ഒറിജിനൽ പോളിസികൾ) പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി നിർവഹണച്ചുമതല ഏൽപ്പിച്ച നൽകിക്കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ലും വിവരിക്കുന്നു. ഇൻഷുറൻസ് പോളിസി ലഭ്യമാക്കാത്തപക്ഷം കരാർ തുകയുടെ ₹0.2% ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതുമാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരൻ ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(പരാമർശം സംബന്ധിക്കുന്ന വിശദവിവരം ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

1-34 കൊടുങ്ങാനൂർ വാർഡിലെ ദീപു നഗർ റോഡ് റീടാറിംഗ്- പൊതുമരാമത്ത് മാന്വൽ, പൊതുമരാമത്ത് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല- അപാകതകൾ- പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 54,137/-ഈടാക്കിയില്ല.

ഈ പ്രോജക്ട് സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് പുതുക്കിയതിൽ അപാകത .

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (G.O (P)13/2012/PWD/Dtd 01.02.2012 സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.ഒ.(എം.എസ്) 86/2022 ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇവിടെ മാർഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തിയിൽ വളരെയേറെ പുരോഗതി കൈവരിച്ചശേഷമാണ് എസ്റ്റിമേറ്റ് റിവിഷൻ നടത്തിയിരിക്കുന്നത്.

2. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം സപ്ലിമെന്ററി എഗ്രീമെന്റ് തയ്യാറാക്കി .

ഈ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 13/11/2024 നാണ്. എന്നാൽ സപ്ലിമെന്ററി എഗ്രീമെന്റ് തയ്യാറാക്കിയിരിക്കുന്നത് 20/11/2024 നാണ്.(എഗ്രിമെന്റ് നം 01/B/AE/VTZ/Corpn/തീയതി. 20/11/24). ഈ എഗ്രിമെന്റിൽ പ്രവൃത്തിയുടെ പൂർത്തീകരണം 30/11/2024 വരെയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ദീർഘിപ്പിച്ച നൽകാൻ കരാറുകാരൻ അപേക്ഷിച്ചതായോ, സ്റ്റാന്റിംഗ് കമ്മിറ്റി/ കൗൺസിൽ അനുമതി നൽകിയതായോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയ നടപടി പൊതുമരാമത്ത് മാന്വലിനും നിർദ്ദേശങ്ങൾക്കും എതിരാണ്.

3. ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല .

മരാമത്ത് പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റിന്റെ (PWD Bidding Document (GO(p) No.3/2017 PWD.Dtd.9.8.0217) ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭിക്കുന്ന തീയതി മുതൽ പൂർത്തീകരിക്കുന്ന തീയതി വരെയുള്ള കാലയളവിലും, ഡിഫക്ട് ലയബിലിറ്റി കാലയളവിലും ഉള്ള രണ്ടു ഭാഗങ്ങളിലായി ഇൻഷുറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. ഈ നിർദ്ദേശം പ്രവൃത്തിയുടെ നിർവഹണച്ചുമതല ഏൽപ്പിച്ച നൽകിക്കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ലും വിവരിക്കുന്നുണ്ട്. ഇപ്രകാരം എടുക്കുന്ന ഇൻഷുറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം ₹2,00,000), ഇൻഷുറൻസ് രേഖകൾ (ഒറിജിനൽ പോളിസികൾ) പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ കരാറുകാരൻ ഈ പ്രവൃത്തിക്ക് ഇൻഷുറൻസ് പോളിസി ലഭ്യമാക്കിയിട്ടില്ല.

4. പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം -നിയമാനുസൃത പിഴ ഈടാക്കുന്നില്ല .

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വന്നാൽ പിഴ ഈടാക്കേണ്ടതുണ്ട്. ഇവിടെ മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല.

5. ലിക്വിഡേറ്റ് ഡാമേജ് കണക്കാക്കി പിഴ ഈടാക്കിയിട്ടില്ല .

G.O (Ms) No./21/2024 PWD Dated, 02-04-2024 പ്രകാരം ഒരു പ്രവൃത്തിക്ക് നൽകാവുന്ന പരമാവധി ദീർഘീകരണ സമയം ആ പ്രവൃത്തിയുടെ ഒറിജിനൽ പൂർത്തീകരണ സമയത്തിന്റെ പകുതി സമയം കൂടെ മാത്രമാണ്. ആയതിന് ശേഷമുള്ള പിഴകൂടാതെയുള്ള ദീർഘീകരണത്തിന്റെ മുൻകൂർ അനുമതി നൽകേണ്ടത് അടുത്ത ഉയർന്ന ഉദ്യോഗസ്ഥനാണ്. എന്നാൽ ഇവിടെ ഉയർന്ന ഉദ്യോഗസ്ഥനിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ അനുമതി ലഭിക്കാതെ ഒറിജിനൽ പൂർത്തീകരണ സമയത്തിനിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണത്തിന് വൈകിയ ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ 0.1% (പരമാവധി 10%) പിഴയായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. (വിശദവിവരത്തിന് ഖണ്ഡിക 3-4 കാണുക)

1-35 കടകംപള്ളി വാർഡിലെ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് - റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 70% തുക മറ്റൊരു സ്ഥാപനത്തിലെ പ്രവൃത്തികൾക്ക് വിനിയോഗിച്ചു - ഡി പിസി യുടെ അംഗീകാരം ഉൾപ്പെടെയുള്ള പ്രോജക്ട് നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം	1394/25, കടകംപള്ളി വാർഡിലെ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്

ചെലവ്	15,51,399/- രൂപ 1.4,50,000/-രൂപ, ബിൽനം.1669/22.02.24 വികസന ഫണ്ട്, 2. 3,50,000/-രൂപ ചെക്ക് നം. 875707/06.03.25, തനതു ഫണ്ട്, 3. 7,51,399/- രൂപ, ബിൽ നം.1078/13.09.24)
കരാറുകാരൻ	അജികുമാർ എസ്
എം ബുക്ക് നം	ഇ എം ബുക്ക്
ടി എസ് നം, തുക	51628/23-24, 13.10.23, 17,00,000.
റിവൈസ്ഡ് ടി എസ്	51628/23-24, 02.02.24, 17,00,000.
എഗ്രിമെന്റ്	AEE/64/23-24/ 16.11.23
കരാർ തുക	13, 26,402.28 (1.11% Below Tender)
നിർവഹണം	അസിസ്റ്റന്റ് എക്സികൃട്ടിവ് എഞ്ചിനീയർ

കടകംപള്ളി വാർഡിലെ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിലെ അറ്റകുറ്റപ്രവൃത്തികളായ പെയിന്റിംഗ്, ഫ്ലോറിംഗ്, നഗരസഭ ലൈബ്രറിഹാൾ മെയിന്റനൻസ്, ടോയ്ലെറ്റ് മെയിന്റനൻസ്, ഇലക്ട്രിക്കൽ മെയിന്റനൻസ് എന്നീ അറ്റകുറ്റ പ്രവൃത്തികൾക്ക് വേണ്ടിയാണ് 13,41,255.47/-രൂപയുടെ PAC യിൽ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രവൃത്തികൾ സൈറ്റിൽ നടന്നുവരവേ വാർഡ് കൗൺസിലറുടെയും ജിം, ലൈബ്രറി എന്നിവയിൽ വരുന്ന പൊതുജനങ്ങളുടെയും നിർദേശത്തിൽ ഷോപ്പിംഗ് കോംപ്ലക്സിൽ ഉള്ള Step Handrail Stainless Steel കൊണ്ട് നിർമിക്കുന്നതിനും ടൈൽ മുഴുവൻ മാറ്റാതെ Damage ഉള്ള ഭാഗം മാത്രം മാറ്റുന്നതിനും ബാലൻസ് തുക വിനിയോഗിച്ച് മറ്റൊരു സ്ഥാപനമായ വലിയ ഉദ്ദേശ്വരം സ്കൂളിലെ പെയിന്റിംഗ് പണികൾ നടത്തുന്നതിനായി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഭ്രരിഭാഗം പ്രവൃത്തികളും ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പിലാക്കിയപ്പോൾ 13,14,745/-രൂപ ചെലവായതിൽ 9,09,966.75/- രൂപയും വലിയ ഉദ്ദേശ്വരം സ്കൂളിന്റെ പെയിന്റിംഗിനുവേണ്ടി വിനിയോഗിച്ചതായാണ് ഇ എം ബുക്ക് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടത്.

പെയിന്റിംഗിനുവേണ്ടി ചെലവായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ഇനം നം, കോഡ്	ഇനം	ചെയ്ത പ്രവൃത്തി അളവ്	പ്രവൃത്തി മൂല്യം	ആകെ തുക
കടകംപള്ളി ഷോപ്പിംഗ് കോംപ്ലക്സ്	13, 14.53.1	One Or More Coats On Old Work	610.90m2	60198.08 (610.90@ 98.54)	60198.08*
	14, 14.54.1	One Or More Coats On Old Work	0		
	15, Od213654/23-24	Engaging Artist(painter) For Applying Figures And Letters	0		
വലിയ ഉദ്ദേശ്വരം സ്കൂൾ	14. 14.53.1	One Or More Coats On Old Work	1582.508m2	155940.34 (1582.508@ 98.54)	9,09,966.75
	14, 14.54.1	One Or More Coats On Old Work	105.6 M2	9820.80 (105.6@93)	
	15, Od213654/23-24	Engaging Artist(painter) For Applying Figures And Letters	300.96	308246.246 (300.96@ 1024.21)	
	Od213654/23-24	Excess Quantity	425.70	435959.37 (425.70X1024.10	

* ആദ്യ എസ്റ്റിമേറ്റ് പ്രകാരം ഇനം 13, 14, 15 എന്നിവയ്ക്കായി യഥാക്രമം 390767.51/-രൂപയും 13551.84/-രൂപയും 311674.18/-രൂപയും കൂടി ആകെ 715993.53/-രൂപയാണ് വകയിരുത്തിയിരുന്നത്.

ഇ എം ബുക്ക് പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സിലെ പെയിന്റിംഗിനുവേണ്ടി 60198.08/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ അവിടെ നിർമിച്ച സ്റ്റഫോൾഡിംഗ് പ്രവൃത്തികൾക്കായി മാത്രം 75,673.08/-രൂപ ചെലവഴിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഒരു സ്ഥാപനത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ഭൂരിഭാഗം പ്രവൃത്തികളും ഒഴിവാക്കി മറ്റൊരു സ്ഥാപനത്തിൽ നടപ്പിലാക്കിയപ്പോൾ ആദ്യ പ്രവൃത്തി ക്ലോസ് ചെയ്ത് പുതിയ പ്രവൃത്തിയ്ക്കായി മറ്റൊരു പ്രോജക്ട് ആവിഷ്കരിച്ച് ഡിപിസി യുടെ അനുമതിയോടുകൂടി നടപ്പാക്കേണ്ടിയിരുന്നു. പെയിന്റിംഗ് പ്രവൃത്തികൾ ചെയ്യപ്പെട്ട വലിയ ഉദ്ദേശ്യരം സ്കൂൾ നഗരസഭയ്ക്ക് കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനമാണോ എന്നതിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകൃയറി (എൻകൃയറി നം.302/കെ. എസ്.എ/എ ഒ 2/ 2025, തീയതി, 04/03/2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-36 ഉള്ളൂർ വാർഡിലെ അർച്ചന നഗർ, മിച്ചഭൂമിപാലം റോഡ്, ഇ കെ നായനാർ റോഡ്, ജനശക്തി റോഡ് റീടാറിംഗ് ഓടനിർമാണം - പദ്ധതി ആസൂത്രണത്തിലെ വീഴ്ച – 808407/-രൂപയുടെ പാഴ്ചെലവ്

പ്രോജക്ട് നം	1343/25, ഉള്ളൂർ വാർഡിലെ അർച്ചന നഗർ, മിച്ചഭൂമിപാലം റോഡ്, ഇ കെ നായനാർ റോഡ്, ജനശക്തി റോഡ് റീടാറിംഗ് ഓട നിർമാണം
വകയിരുത്തൽ	20,72,688/-രൂപ (വികസന ഫണ്ട് ജനറൽ)
ചെലവ്	8,08,407/-രൂപ (ബിൽ നം. 2807/07.03.2025)
കരാറുകാരൻ	അർജ്ജുനൻ കെ
എം ബുക്ക് നം	ഇ എം ബുക്ക്
ടി എസ് നം, തുക	11554/23-24, 30.06.23
ടി എസ് തുക	26,00,000
എഗ്രിമെന്റ്	AEE/35/23-24/ 10.10.23
കരാർ തുക	17,56,515.18 (20 .2% Below Tender)
നിർവഹണം	അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

ഉള്ളൂർ വാർഡിലെ ഇ കെ നായനാർ റോഡിലെ ടാർ പൊളിഞ്ഞ് നിലവിലുള്ള ഓടയിലേയ്ക്ക് വെള്ളം ഒഴുകാതെ റോഡിൽ കെട്ടിക്കിടക്കുന്ന അവസ്ഥയിലായതിനാൽ ഈ ഭാഗം ഉയർത്തി റോഡ് കോൺക്രീറ്റ് ചെയ്ത് റോഡിൽ പുതിയ ഓട നിർമിച്ച് നിലവിലുള്ള ഉള്ളൂർ ഗാർഡൻസ് റോഡിലുള്ള ഓടയുമായി കണക്ട് ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയിൽ ഓടനിർമാണം പ്രവൃത്തികൾ, റോഡ് ഫില്ലിംഗ് എന്നിവ നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 07.03.2025 ൽ നികുതികൾ ഉൾപ്പെടെ 808407/-രൂപയുടെ First & Partbill മാറിയതിൽ നിന്നും കരാറുകാരന് 7,60,363/-രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ നിലവിൽ പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി നടന്നുവരുന്നതിനാലും റോഡ് റിസ്റ്റോറേഷൻ പൂർണമായും വാട്ടർ അതോറിറ്റി നടത്തുമെന്ന് അറിയിച്ചിട്ടുള്ളതിനാലും പ്രവൃത്തി ക്ലോസ് ചെയ്യണമെന്ന് കരാറുകാരൻ 13.10.2025 ൽ അപേക്ഷിച്ചിരിക്കുന്നു. കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത പ്രവൃത്തി ക്ലോസ് ചെയ്യുന്നതിന് അജണ്ട തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്നുള്ള വിവരങ്ങളൊന്നും ഫയലിൽ ഇല്ല. പ്രവൃത്തി ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകൃയറി (എൻകൃയറി നം.293/കെ. എസ്.എ/എ ഒ 2/ 2025തീയതി 04/03/2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ത.സ്വ.ഭ. വ വകുപ്പിന്റെ 21-06-2018 ലെ E20 6699/2018/CE സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റി റിസ്റ്റോറേഷൻ നടത്തേണ്ട റോഡിൽ ത.സ്വ.ഭ. സ്ഥാപനം പ്രവൃത്തി ഏറ്റെടുത്ത് നടത്തിയത് പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിക്കുന്നതിനും പദ്ധതി പണം പാഴായി പോകുന്നതിനും കാരണമായി. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻകൃയറി നൽകിയെങ്കിലും (നം.293/കെ. എസ്.എ/എ ഒ 2/ 2025തീയതി 04/03/2026) മറുപടി ലഭ്യമാക്കിയില്ല. മറുപടി നൽകേണ്ടതാണ്. വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-37 കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ പ്രവർത്തി ഏൽപ്പിച്ചു, സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കിയില്ല 1,25,897/- രൂപ നിരാകരിക്കുന്നു 8,01,980/- രൂപ തടസ്സപ്പെടുത്തുന്നു.

സി.ഡി.പി.ഒ.അർബൻ IV നിർവ്വഹണം നടത്തിയ സ്മാർട്ട് അംഗനവാടി (SO1111/25) പ്രോജക്ടിൽ

കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ പ്രവർത്തി ഏൽപ്പിച്ചു, കൂടാതെ സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കിയില്ല 1,25,897/- രൂപ നിരാകരിക്കുന്നു 8,01,980/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഖ.3-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-38 ഹീമോഡയാലിസിസ് മെഷീൻ ഇൻസ്റ്റലേഷന്റെ കാലതാമസം - അധികമായി ചെലവായത് – 1,53,720/- രൂപ

പ്രോജക്ട് നം.-പേര്	SO1288/25-ഫോർട്ട് ആശുപത്രിയിൽ ഡയാലിസിസ് നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ, റീ ഏജന്റ് എന്നിവ വാങ്ങൽ
അടങ്കൽ	20,00,000/- രൂപ
ചെലവ്	20,00,000/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)
ഫയൽ നം.	എ3/3341/2024/THF (ഹീമോഡയാലിസിസ്

	മെഷീൻ ഇൻസ്റ്റലേഷൻ)
ബിൽ നം.1	24010147016201228351, 27/01/2025 ചെലവ് -18,46,280/-രൂപ
ബിൽ നം.2	24010147016200747018, 09/10/2024 ചെലവ് - 1,53,720/- രൂപ
ഭരണാനുമതി നം.	3(ബി)1/02.08.2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്, ഫോർട്ട് താലൂക്ക് ആശുപത്രി

ഗവ. ഫോർട്ട് താലൂക്ക് ആശുപത്രിയിൽ 2022-23 സാമ്പത്തിക വർഷം എം.പി ആസ്തി വികസന ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് ശാക്തീകരണത്തിനായി ആശുപത്രിയ്ക്ക് ലഭിച്ച 15,13,867/- രൂപയിൽ നിന്നും 16.08.2022 ലെ പ്രൊഫോർമ ഇൻവോയ്സ് (നം. 28/2022-23) പ്രകാരം 2 ഹീമോഡയാലിസിസ് മെഷീനുകളുടെ ആകെ വിലയായ 12,50,704/- രൂപയും (ടാക്സ് ഉൾപ്പെടെ) യൂണിറ്റിലേയ്ക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2,63,163/- രൂപയും KMSCL-ന് കൈമാറുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. (നം. SO/162/2023-24, തീയതി. 15.05.2023). തുടർന്ന് ഡയാലിസിസ് യൂണിറ്റിലേയ്ക്കുള്ള അനുബന്ധ ഉപകരണങ്ങൾ KMSCL വിതരണം ചെയ്യുവെങ്കിലും സ്ഥലപരിമിതി ഉള്ളതിനാൽ KMSCL/EP/101/206, Dated 16.08.2022 പ്രകാരമുള്ള ഹീമോഡയാലിസിസ് മെഷീൻ ആശുപത്രിയിൽ ഇൻസ്റ്റാൾ ചെയ്യുവാൻ കഴിയാതെ വരുകയും ടെണ്ടർ കാലാവധി അവസാനിക്കാൻ ഇടയാവുകയും ചെയ്തു.

പിന്നീട് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചപ്പോൾ പ്രസ്തുത സമയത്തെ റണ്ണിംഗ് കോൺടാക്ട് പ്രകാരമുള്ള ടെൻഡറിനനുസൃതമായി ഹീമോഡയാലിസിസ് മെഷീനുകൾക്ക് 14,04,424/- രൂപ നിശ്ചയിച്ച് KMSCL പുതുക്കിയ പ്രൊഫോർമ ഇൻവോയിസാണ് നൽകിയത്. (നം.29/2024-25, തീയതി.30.09.2024). പ്രസ്തുത ഇൻവോയ്സ് തുകയിൽ (14,04,424/-രൂപ) മെഷീൻ വാങ്ങുന്നതിന് KMSCLന് നൽകിയ 12,50,704/-രൂപയുടെ ബാക്കി 1,53,720/-രൂപ KMSCL ന് നൽകുന്നതിന് എം.പി ആസ്തി വികസന ഫണ്ടിൽ അലോട്ട്മെന്റ് അവശേഷിച്ചിരുന്നില്ല.

പുതുക്കിയ ഇൻവോയ്സ് പ്രകാരം അധികമായി നൽകേണ്ടി വന്ന തുക 1,53,720/- രൂപ (1404424-1250704) എച്ച്.എം.സി ഫണ്ടിൽ നിന്ന് നൽകുകയും പിന്നീട് 2024-25 വർഷത്തെ 'ഫോർട്ട് ആശുപത്രിയിൽ ഡയാലിസിസ് നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ,റീഏജന്റ് വാങ്ങൽ' എന്ന പ്രോജക്ടിൽ മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും പ്രസ്തുത തുക വകയിരുത്തി എച്ച്.എം.സി ഫണ്ടിലേയ്ക്ക് റീഫണ്ട് ചെയ്യുകയുമാണ് ഉണ്ടായത്.
മെഷീൻ വാങ്ങുന്നതിന് മുൻപ് ഇൻസ്റ്റലേഷൻ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിനാലാണ് ഇപ്രകാരം അധികമായി KMSCLന് തുക നൽകേണ്ട സാഹചര്യം ഉണ്ടായത്. ഇത് ആശുപത്രിയുടെ ഭരണപരമായ അനാസ്ഥയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇൻസ്റ്റലേഷൻ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ട് മാത്രം വലിയ മെഷീനുകൾ വാങ്ങുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-39 തെരുവ് നായ നിയന്ത്രണം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല - അടിയന്തിര നടപടികൾ അനിവാര്യം

സമീപ കാലത്ത് കേരളം നേരിടുന്ന വലിയ സാമൂഹ്യ പ്രശ്നങ്ങളിലൊന്നാണ് തെരുവ് നായ്ക്കളുടെ പ്രജനനപെരുപ്പവും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും. മൃഗസംരക്ഷണ വകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ ഏകദേശം 3,00,000 തെരുവ് നായകൾ നിലവിലുണ്ട്. തിരുവനന്തപുരം നഗരത്തിൽ മനുഷ്യൻ നായ അനുപാതം ഏകദേശം 112 : 1 എന്ന നിലയിലാണ്. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന ജന്തുജന്യ രോഗമായ റാബിസ് അഥവാ പേവിഷബാധ മരണം സംഭവിക്കുന്ന ഗുരുതരമായ ഒരു രോഗാവസ്ഥയാണ്. തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ പെരുപ്പവും അവയുടെ ആക്രമണം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ഒഴിവാക്കേണ്ടത് സർക്കാർ തലത്തിലും തദ്ദേശ സ്ഥാപന തലത്തിലും ജാഗ്രതയോടെ നടപ്പാക്കേണ്ട ഒരു പ്രവൃത്തിയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട നിയമപരമായ ബാധ്യതകൾ താഴെ കൊടുക്കുന്നു.

ഭരണഘടനാപരമായ ബാധ്യതകൾ

1. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 51A(g) പൗരൻമാർ എല്ലാ ജീവജാലങ്ങളോടും കരുണയുള്ളവരായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു.
2. ഭരണഘടന ആർട്ടിക്കിൾ 21-ജീവിക്കാനുള്ള അവകാശം എല്ലാവർക്കും ഉറപ്പു വരുത്തുന്നു. നിയമവിരുദ്ധതയിലൂടെ മൃഗങ്ങൾക്ക് ദോഷം ചെയ്യരുതെന്നും സംരക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
3. ഭരണഘടന ആർട്ടിക്കിൾ 243 W ന്റെ 12th Schedule ഇനം 15 പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് Prevention Of Cruelty To Animals എന്ന ബാധ്യതയും ഉണ്ട്.

മറ്റ് നിയമപരമായ ബാധ്യതകൾ

1. Prevention Of Cruelty To Animals Act 1960 And Animal Birth Control (ABC) Rules 2023 എന്നിവ പ്രകാരം Catch – Neutar -Vaccinate-Release (CNVR) എന്ന നിയമപരമായ ചട്ടക്കൂട് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം വന്ധ്യംകരണം, വാക്സിനേഷൻ എന്നിവയ്ക്ക ശേഷം അവരുടെ പ്രദേശത്ത് തന്നെ തിരിച്ചു വിടുക എന്നതാണ് ചുമതല.
2. കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 30(1) പ്രകാരവും തെരുവ് നായ്ക്കളുടെ നിയന്ത്രണം നഗരസഭയുടെ നിയമപരമായ ബാധ്യതയാണ്.
3. NRCD – കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ 2030-നകം പേ വിഷ നിർമ്മാർജനത്തിനായി രൂപീകരിച്ച പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യന്റെ സ്വസ്ഥവും ആരോഗ്യകരവുമായ ജീവിതത്തിനും നായ്ക്കളുടെ ജീവിക്കാനുള്ള അവകാശ സംരക്ഷണത്തിനുമായി തെരുവ് നായ പ്രജനന നിയന്ത്രണവും വാക്സിനേഷനും സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയ പദ്ധതികളിന്മേൽ നൽകിയ എൻക്വയറി നം. 270/കെ.എസ്.എ/ടിവിസി.10/2025, തീയതി.23.02.2026 ന്റെ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തെരുവ് നായ്ക്കളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ ആധികാരികതയില്ല .

തിരുവനന്തപുരം നഗരസഭാ പരിധിയിൽ ശരാശരി തെരുവ് നായകളുടെ എണ്ണം ഏകദേശം 8600 ആണ് എന്ന മാത്രമാണ് മറുപടി ലഭ്യമായിട്ടുള്ളത്. വാർഡ് തിരിച്ച് ജെൻഡർ അടിസ്ഥാനത്തിലുള്ള എണ്ണം ലഭ്യമായിട്ടില്ല. മുൻ വർഷത്തെ കണക്ക് തന്നെയാണ് ലഭ്യമാക്കിയിട്ടുള്ളത്. ABC Rules 2023 Rule 9(4) പ്രകാരം തദ്ദേശ സ്ഥാപനതലത്തിൽ ABC മോണിട്ടറിംഗ് സമിതി രൂപീകരിക്കണമെന്ന് ഷെഡ്യൂൾ II (Vi) പ്രകാരം പ്രസ്തുത സമിതിയുടെ ചുമതലയായി ആയതിന്റെ അധികാര പരിധിയിലുള്ള തെരുവ് നായ്ക്കളുടെ എണ്ണം കണ്ടെത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഏത് സ്രോതസ്സ് ഉപയോഗിച്ചാണ് കണക്ക് ലഭ്യമാക്കിയത് എന്ന് വ്യക്തമാക്കേണ്ടതുണ്ട്.
കഴിഞ്ഞ 3 വർഷങ്ങളിലായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ തെരുവ് നായ്ക്കളുടെ കടിയേറ്റ് നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ഏകദേശം 112 കേസുകൾ പരിഗണനയിൽ തുടരുകയാണ്. സ്ഥാപനം ലഭ്യമാക്കിയ മറുപടി പ്രകാരം റാബിസ് മരണം റിപ്പോർട്ട് ചെയ്തിട്ടില്ല.

2. വാക്സിനേഷൻ വന്ധ്യംകരണ പദ്ധതികൾ ലക്ഷ്യപ്രാപ്തി നേടുന്നില്ല

2024-25 കാലയളവിൽ ABC, Vaccination എന്നീ പദ്ധതികളിലായി താഴെ വിശദീകരിക്കും വിധം 64,96,804/- രൂപ വകയിരുത്തുകയും 49,94,257/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 17,02,547/- രൂപ ചെലവഴിക്കാതെ പാഴായിട്ടുണ്ട്.

ക്രമ നം.	പ്രോജക്ട്	അടങ്കൽ	ചെലവ്	ശതമാനം

1	തെരുവ് നായ വാക്സിനേഷൻ - 265/25 1019 (SO)	1500000 647413	584380 580500	39% 90%
2	RABC 198/25 1053 (SO)	4000000 349391	3482554 346823	87% 99%

2000 തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും 10000 വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിനും പദ്ധതി ലക്ഷ്യമിട്ടിരുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം 1047 നായ്ക്കളെ മാത്രമാണ് സർജറിയ്ക്ക് വിധേയമാക്കിയത്. പദ്ധതി പൂർണ ലക്ഷ്യത്തിലെത്തിയില്ല. ബിൽ നം. 2946/15.03.2025 പ്രകാരം (ബിൽ തുക -33776/-) 10000 പെറ്റ് ലൈസൻസ് കാർഡ് പ്രിന്റ് ചെയ്യുന്നതിന് Reprographic Center-ന് 5900/- രൂപ നൽകിയിട്ടുണ്ട്. ടി ലൈസൻസ് കാർഡുകൾ എപ്രകാരമാണ് ഉപയോഗപ്പെടുത്തിയത്, ആർക്കൊക്കെയാണ് കാർഡ് വിതരണം നടത്തിയിരിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. 2024-25 കാലയളവിൽ 955 നായ്ക്കളെയാണ് വാക്സിനേഷൻ നടത്തിയിരിക്കുന്നത്.

Catching, Release, Medicine, Surgery, Feeding, Vaccination തുടങ്ങി എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയല്ല രജിസ്റ്റർ സൂക്ഷിക്കുന്നത്. വിവിധ രജിസ്റ്ററുകളിലായി ടി വിവരങ്ങൾ എല്ലാം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. Dog Catching And Release Register പരിശോധിച്ചതിൽ 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ 1225 നായ്ക്കളെ പിടിച്ചതായി കാണുന്നുവെങ്കിലും 1047 നായ്ക്കളെ മാത്രമാണ് സർജറിയ്ക്ക് വിധേയമാക്കിയത്.

3. ABC കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ - അടിയന്തിര നടപടി അനിവാര്യം

നിലവിൽ തിരുവനന്തപുരം നഗരസഭയുടെ ABC സെന്ററുകൾ എല്ലാം പ്രവർത്തനക്ഷമമാണോ, വണ്ടിത്തടം ABC ഹോസ്പിറ്റലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്, ABC പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിലെ സംവിധാനം പര്യാപ്തമാണോ എന്നത് സംബന്ധിച്ച വിശകലനം നടത്തുവാൻ 26.02.2026-ൽ ഓഡിറ്റ് ടീം പേട്ട ABC സെന്റർ, വണ്ടിത്തടം ABC സെന്റർ എന്നിവിടങ്ങളിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. സ്ഥലപരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) വണ്ടിത്തടം ABC സെന്റർ

വണ്ടിത്തടം ABC സെന്ററിൽ ഷീറ്റിട്ട കെട്ടിടത്തിൽ മെറ്റൽ കൂടുകളിലായി നായ്ക്കളെ പാർപ്പിച്ചിരിക്കുന്നതായി കണ്ടു. 100 മെറ്റൽ കൂടുകൾ വാങ്ങിയത് സ്ഥലപരിമിതി മൂലം ഒന്നിനുമേൽ ഒന്നായി വച്ചിരിക്കുന്ന നിലയിലാണുള്ളത്. വളരെ തിങ്ങിഞെരുങ്ങിയ നിലയിലാണ് കൂടുകൾ സ്ഥാപിച്ചിരിക്കുന്നത്. എന്നിരുന്നാലും കെട്ടിടവും പരിസരവും വ്യത്തിയായി സൂക്ഷിച്ചിട്ടുണ്ട്.





ബി) പേട്ട ABC സെന്റർ

പേട്ട ABC സെന്ററിൽ ചുറ്റുപാടും കരിയിലയും മാലിന്യവും പരന്ന് കിടക്കുന്നതായും കുറച്ച് ഭാഗം കാടു പിടിച്ച് കിടക്കുന്നതായും കണ്ടു. നായ്ക്കളെ പാർപ്പിക്കുന്നതിന് ഉപയോഗയോഗ്യമായ 18 കോൺക്രീറ്റ് കൂടുകളാണുള്ളത്. ആയതിൽ 6 കൂടുകളുടെ മേൽക്കൂര ഇടിഞ്ഞുവീഴാറായ നിലയിലാണുള്ളത്. പരിസരവാസികളുടെ എതിർപ്പ് മൂലം ഇതിൽ നാലഞ്ച് കൂടുകൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കുറച്ച് നായ്ക്കളെ പറമ്പിൽ സ്ഥാപിച്ചിരിക്കുന്ന മെറ്റൽ കൂടുകളിലാണ് പാർപ്പിച്ചിരിക്കുന്നത്. മെറ്റൽ കൂടുകൾക്ക് മുകളിൽ ചൂട് ആഗിരണം ചെയ്യുന്ന ഷീറ്റുകൾ സ്ഥാപിച്ചിരിക്കുന്നതായി കണ്ടു. ചൂട് കാലാവസ്ഥയിലും മഴ സമയങ്ങളിലും ഇത്തരം കൂടുകളിൽ നായ്ക്കളെ പാർപ്പിക്കുന്നത് അവയുടെ ആരോഗ്യത്തിന് ഹാനികരവും അക്രമാസക്തരാകുന്നതിന് സാധ്യത വർദ്ധിപ്പിക്കയും ചെയ്യും.




4. നഗരസഭ മുന്നോട്ടുവച്ച പദ്ധതികൾ /ക്രമീകരണങ്ങൾ - നിലവിലെ സ്ഥിതി

* നായ്ക്കളെ പിടികൂടുന്നതിനുള്ള മതിയായ കേജുകളും വാഹനങ്ങളും നിലവിലുണ്ടെങ്കിലും ലക്ഷ്യം വച്ചതിന്റെ 50% മാത്രമാണ് ABC ശസ്ത്രക്രിയ നടന്നിട്ടുള്ളത്. പേട്ട, വണ്ടിത്തടം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാഫിന്റെ എണ്ണം എന്നിവ വർദ്ധിപ്പിക്കുകയാണെങ്കിൽ പ്രതിമാസം ഏകദേശം 260 എണ്ണം നായ്ക്കളെ വന്ധ്യംകരിക്കാൻ കഴിയും. ഇപ്രകാരം മുന്നോട്ടു പോയാൽ ഒരു വർഷം 3120 നായ്ക്കളെ വരെ വന്ധ്യംകരിക്കാൻ കഴിയും. എന്നാൽ നിലവിൽ 2 കേന്ദ്രങ്ങളിലുമായി 1047 നായ്ക്കളെ മാത്രമാണ് ABC ശസ്ത്രക്രിയ ചെയ്തത്. മരണപ്പെട്ട മൃഗങ്ങളെ സംസ്കരിക്കുന്നതിനായി നഗരസഭയിൽ ഒരു ക്രിമറ്റോറിയം നിലവിൽ ഇല്ല. ഇതിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ടെങ്കിലും എഞ്ചിനീയറിംഗ് വിഭാഗത്തിൽ പരിഗണനയിൽ തുടരുകയാണ്.
* പരാതികൾ സ്വീകരിക്കുന്നതിനായ് Animal Helpline സംവിധാനം നിലവിൽ ഉണ്ട്. പരാതികൾ കെസ്മാർട്ട് സംവിധാനത്തിലൂടെയോ Smart Trivandrum App- ലൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. തിരുവനന്തപുരം നഗരസഭയുടെ Integrated Command & Control Center-ലേയ്ക്ക് എല്ലാ കോളുകളും ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
* തിരുവനന്തപുരം നഗരസഭയിൽ ഒരു Portable ABC Center പ്രവർത്തിപ്പിക്കുന്നതിനായും പുതിയ ABC കേന്ദ്രം നിർമ്മിക്കുന്നതിനായും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
* ബഹു. സുപ്രീം കോടതിയുടെ നവംബർ 2025-ലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഏര്യകളിൽ നിന്നും 49 നായ്ക്കളെ പിടികൂടി പൂവാറിലെ എൻ.ജി.ഒ നടത്തുന്ന ഷെൽട്ടറിൽ പുനരധിവസിപ്പിച്ചിട്ടുള്ളതായി മറുപടിയിൽ പറയുന്നു. എന്നാൽ പരിസരവാസികളുടെ എതിർപ്പ് മൂലം കൂടുതൽ പേരെ പുനരധിവസിപ്പിക്കാൻ സാധിച്ചില്ല. നായ്ക്കളുടെ എണ്ണത്തിലുള്ള വർദ്ധനവ് മൂലം അതീവ സങ്കീർണമായ പ്രദേശങ്ങളിൽ നിന്ന് കൂടുതൽ നായ്ക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലാണ്.
* CAWA എന്ന സ്ഥാപനവുമായി കരാർ ചമച്ചതിന്റെ അടിസ്ഥാനത്തിൽ വാക്സിനേഷൻ പദ്ധതി നടക്കുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി പുതുക്കിയ കരാർ ലഭ്യമാക്കിയിട്ടില്ല.

5. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിന്റെ കാരണങ്ങൾ

പേട്ട, വണ്ടിത്തടം എന്നീ കേന്ദ്രങ്ങളിൽ ആവശ്യമായ പരിപാലനവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാലും ഇരു കേന്ദ്രങ്ങളിലും പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പുകളും, ഭൂമി സംബന്ധമായ കേസുകൾ ഇപ്പോഴും കോടതിയിൽ തുടരുന്നതിനാലും നിശ്ചയിച്ചിരുന്ന ശസ്ത്രക്രിയകളുടെ എണ്ണം ലക്ഷ്യമിട്ട സമയപരിധിക്കുള്ളിൽ കൈവരിക്കാൻ സാധിച്ചിട്ടില്ല.

6. പരിഹാര നിർദ്ദേശങ്ങൾ

തെരുവ് നായ പ്രജനന പെരുപ്പവും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി 2023-ലെ ABC റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും സ്വീകരിച്ചിട്ടുള്ള നടപടികളിൽ തിരുവനന്തപുരം നഗരസഭയിൽ ഏറ്റെടുക്കാവുന്നതുമായ ചില പരിഹാര നടപടികൾ ചുവടെ ചേർക്കുന്നു.


* ABC റൂൾസ്, റൂൾസ് 8-ൽ അനുശാസിക്കും വിധം തെരുവ് നായകളെ സംരക്ഷിക്കാനും വന്ധ്യംകരിക്കാനും സഹായിക്കുന്ന സന്നദ്ധ സംഘടനകളുമായി (ഉദാ ; People For Animal, Street Dog Watch Association) ചേരുന്നത് നായ്ക്കളെ പരിപാലിക്കാനും സംരക്ഷിക്കാനും സഹായിക്കുന്നു .
* ABC റൂൾസ്, റൂൾസ് 20, റിബ്യൂണോ കേസുമായി ബന്ധപ്പെട്ട ഹൈക്കോടതി നിർദ്ദേശം എന്നിവ പ്രകാരം തെരുവ് നായ്ക്കൾക്കുള്ള ഭക്ഷണ സൗകര്യം ഒരുക്കുന്നതിനായി ഫീഡിങ് സ്പോട്ടുകൾ, വെൻഡിങ് മെഷീനുകൾ എന്നിവ സ്ഥാപിക്കുക, ഫീഡർമാർക്ക് പാസ് നൽകി നിയമവിധേയമാക്കുക.
* നഗരസഭയുടെ ഉടമസ്ഥതയിലും നിരീക്ഷണത്തിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതും ആരോഗ്യപ്രദവുമായ സാഹചര്യം ഉൾക്കൊള്ളുന്നതുമായ അഭയകേന്ദ്രങ്ങൾ ഒരുക്കി പ്രശ്ന സങ്കീർണ്ണമായതും കോടതി നിർദ്ദേശപ്രകാരമുള്ള സ്ഥലങ്ങളിൽ നിന്നും നായ്ക്കളെ പിടിച്ച് കേന്ദ്രത്തിൽ പരിപാലിക്കുക.
* മുന്തിയ ഇനം നായക്കളെ ബ്രീഡ് ചെയ്ത് വിൽപന നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ബ്രീഡിംഗ് കാലയളവ് കഴിയുമ്പോൾ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
* Adoption Campaign -കൾ നഗരസഭയുടെ ചുമതലയിൽ സംഘടിപ്പിക്കുക.
* തെരുവ് നായ്ക്കളോട് ഇടപെടേണ്ടി വരുന്ന സാഹചര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാം എന്ന് സ്കൂളുകൾ, കോളേജുകൾ, വാർഡ് സഭകൾ എന്നിവ കേന്ദ്രീകരിച്ച് പരിശീലനങ്ങൾ നടത്താം.
* മൃഗങ്ങളെ വളർത്തുന്നതും സംരക്ഷിക്കുന്നതും നമ്മുടെ ഉത്തരവാദിത്തമാണെന്ന ബോധം പൗരന്മാരിൽ വളർത്തിയെടുക്കുന്നതിനു ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
* വളർത്തുനായകൾക്ക് മൈക്രോചിപ്പിങ് നടത്തുന്നത് വഴി ഇവയെ തെരുവിൽ ഉപേക്ഷിക്കുമ്പോൾ ഉടമസ്ഥനിൽ നിന്നും വലിയ തുക പിഴ ഈടാക്കുന്നതിന് സാധിക്കും. ഇതുവഴി തെരുവിലുപേക്ഷിക്കപ്പെടുന്ന നായ്ക്കളുടെ എണ്ണം കുറയ്ക്കാൻ കഴിയും.
* ABC സെന്ററുകളിലെ സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനോടൊപ്പം സൗകര്യവും വർദ്ധിപ്പിക്കുക. ആവശ്യമായ സ്റ്റാഫുകൾ ലഭ്യമാകുന്ന പക്ഷം പ്രതിമാസം 260 നായ്ക്കളെ ശസ്ത്രക്രിയ നടത്താൻ കഴിയുമെന്നും, തെരുവ് നായ്ക്കളുടെ എണ്ണം ഫലപ്രദമായി കുറയ്ക്കുന്നതിന് ദിവസവും കുറഞ്ഞത് 50 ശസ്ത്രക്രിയകൾ നടത്തേണ്ടിവരുമെന്നാണ് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ആയതിനാൽ അടിയന്തിര നടപടി സ്വീകരിച്ച് പ്രതിമാസം 1500 ശസ്ത്രക്രിയ എന്ന ലക്ഷ്യം നേടുക. ഇപ്പോൾ പദ്ധതിയിട്ടിരിക്കുന്ന പുതിയ ABC കേന്ദ്രവും പോർട്ടബിൾ ABC കേന്ദ്രവും അതിവേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

തിരുവനന്തപുരം നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-97-ൽ തെരുവ് നായ പ്രജനന നിയന്ത്രണവും വാക്സിനേഷനും സംബന്ധിച്ച് നഗരസഭ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം നടത്തുകയും പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കുകയും

ചെയ്തിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷവും തെരുവ് നായ പ്രജനന നിയന്ത്രണവും വാക്സിനേഷനും അനിവാര്യ ചുമതലയുടെ ഗൗരവതലത്തിലേയ്ക്ക് ഉയർന്നിട്ടില്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.
ആയതിനാൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-40 നഗരസഭയുടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ - അവലോകനം

'വലിച്ചെറിയുന്ന മാലിന്യം നമ്മുടെ തന്നെ റീത്തുകളാണ്'. ശുചിത്വമിഷന്റെ മേൽ ഉദ്ധരണിയിൽ നിന്നു തന്നെ മാലിന്യസംസ്കരണം എന്ന വിഷയത്തിന്റെ ആഴവും വ്യാപ്തിയും മനസ്സിലാക്കാം. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243W –12-ാം ഷെഡ്യൂൾ, 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് എന്നിവ പ്രകാരമുള്ള അനിവാര്യ ചുമതലകളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഖരദ്രവ മാലിന്യങ്ങളുടെ ശേഖരണവും കൈയ്യൊഴിയലും എന്നതിന്റെ ഭാഗമായി ജൈവ അജൈവ മാലിന്യങ്ങൾ അതിന്റെ ഉറവിടത്തിൽ നിന്നും കണ്ടെത്തി ഉചിത മാർഗ്ഗേണ സംസ്കരിക്കുക എന്നത് നിയമപരമായ ബാദ്ധ്യതക്കപ്പുറം നഗരസഭ പൊതുജനാരോഗ്യത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി സ്വമേധയാ ഏറ്റെടുത്ത് നടത്തേണ്ട കർമ്മപരിപാടിയാണ്. സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് വിവിധ പദ്ധതികളിലൂടെ നടപ്പാക്കേണ്ട പ്രസ്തുത ചുമതല തിരുവനന്തപുരം നഗരസഭ എപ്രകാരം നിർവ്വഹിച്ചിട്ടുണ്ട് എന്ന വിഷയത്തിൽ നേട്ടങ്ങളും കോട്ടങ്ങളും ഉൾപ്പെടെയുള്ള ലഘു അവലോകനം താഴെകൊടുക്കുന്നു.



ഓഡിറ്റ് ലക്ഷ്യങ്ങൾ

- ജനസംഖ്യയിലും, ജനസാന്ദ്രതയിലും ഏറെ മുന്നിലുള്ള കേരളത്തിലെ ഏറ്റവും വലിയ തദ്ദേശസ്വയംഭരണ സ്ഥാപനമായ തിരുവനന്തപുരം നഗരസഭയുടെ ഖരമാലിന്യ ഉൽപ്പാദനം, സംസ്കരണം എന്നിവ സംബന്ധിച്ച് സ്ഥാപനം ആധികാരികമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം ശേഖരിക്കുക.
- സ്ഥാപനത്തിന്റെ മാലിന്യശേഖരണം, സംസ്കരണം എന്നിവയ്ക്കായി ഒരുക്കിയിരിക്കുന്ന സംവിധാനങ്ങളുടെ ക്ഷമത പര്യാപ്തമാണോ എന്ന് പരിശോധിക്കുക.
- വിവിധങ്ങളായ സംസ്കരണ പ്ലാന്റുകൾ പൂർണതോതിൽ പ്രവർത്തനക്ഷമമാണോ എന്നും അവയുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിന് സ്ഥാപനം നിലവിൽ ചെയ്യുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുക.
- വിവിധ ഫണ്ടുകൾ മുഖേന സ്ഥാപനം ഈ വിഷയത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ നടത്തിപ്പ്, ഫണ്ട് വിനിയോഗം സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമായ തുക പാഴാക്കിയിട്ടുണ്ടോ എന്ന പരിശോധന.

ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്

2. സ.ഉ(കൈ) നം. 86/2022/തസ്വഭവ, തീയതി.19.04.2022.

3. സ.ഉ(സാധാ) നം.2420/2017/തസ്വഭവ, തീയതി.15.07.2017 (HKS)

4. സ.ഉ(സാധാ) നം.2511/2017/തസ്വഭവ, തീയതി.22.07.2017

5. സ.ഉ(സാധാ) നം. 1641/2017/തസ്വഭവ, തീയതി.19.05.2017 (Clean Kerala)

ഓഡിറ്റിന്റെ രീതി, വ്യാപ്തി

തിരുവനന്തപുരം നഗരസഭയുടെ 2024-25 വർഷത്തെ വരവ് ചെലവ് കണക്കുകൾ, പദ്ധതി നിർവ്വഹണം എന്നിവയിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ ഉൾപ്പെടുന്ന ലഭ്യമായ ഫയലുകൾ, വാർഷിക ധനകാര്യ പത്രിക, സൂലേഖ ചെലവ് പത്രിക, ഓഡിറ്റ് എൻക്വയറികൾ നം. 265/കെ.എസ്.എ/ടിവിസി.7/2025, തീയതി.21.12.2026, നം. 275/കെ.എസ്.എ/ടിവിസി.7/2025, തീയതി. 25.02.2026 എന്നിവയ്ക്ക് സ്ഥാപനം ലഭ്യമാക്കിയ മറുപടി, സ്ഥാപനത്തിന്റെ വാർഷിക ഭരണറിപ്പോർട്ട്, പദ്ധതികളുടെ ലക്ഷ്യപ്രാപ്തി പരിശോധനയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

1.തിരുവനന്തപുരം നഗരസഭാ പരിധിയിലെ പ്രതിദിന മാലിന്യ ഉൽപ്പാദനം - സംസ്കരണം - സ്ഥിതിവിവര കണക്ക്.

തിരുവനന്തപുരം നഗരസഭയ്ക്ക് അതിന്റെ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ മാലിന്യത്തിന്റെ അളവ് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി തിട്ടപ്പെടുത്തുന്നതിന് തനതായ നിർണയ സംവിധാനം ഇല്ല എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമായ മറുപടി പ്രകാരം വ്യക്തമാകുന്നത്. എന്നാൽ നഗരസഭ സമർപ്പിച്ച മറുപടി പ്രകാരം KSWMP 2023-ൽ നടത്തിയ പഠനപ്രകാരം പ്രതിദിനം 507.25 മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നതായും നഗരസഭയുടെ 2024-25ലെ വാർഷിക ഭരണറിപ്പോർട്ടിൽ 2022-ലെ യു.എൻ ഹാബിറ്റാറ്റിന്റെ സാംപിൾ സർവ്വെ റിപ്പോർട്ട് പ്രകാരം പ്രതിദിനം 423 ടൺ മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നതായും കണക്കാക്കിയിട്ടുണ്ട്. 2024-25 ലെ കണക്ക് പ്രകാരം മാലിന്യോൽപാദനത്തിന്റെ അളവ് ഇനിയും വർദ്ധിച്ചിട്ടുണ്ടാകും എന്ന് വ്യക്തമാകുന്നു. ഭരണ റിപ്പോർട്ട് പ്രകാരം പ്രതിദിന ജൈവ അജൈവ മാലിന്യത്തിന്റെയും സംസ്കരണത്തിന്റെയും കണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

പ്രതിദിന മാലിന്യ ഉൽപ്പാദനം - 507.25 ടൺ (KSWMP യുടെ കണക്ക് നഗരസഭ ലഭ്യമാക്കിയത് പ്രകാരം)

പ്രതിദിന ജൈവമാലിന്യ ഉൽപ്പാദനം - 304.2 ടൺ (60%- വാർഷിക ഭരണ റിപ്പോർട്ട് പ്രകാരം)

നഗരസഭയുടെ ഭരണറിപ്പോർട്ട് പ്രകാരം വിവിധ ഉപാധികളിലൂടെയുള്ള പ്രതിദിന ജൈവ മാലിന്യ സംസ്കരണ കണക്കുകൾ

ഉറവിടമാലിന്യ സംസ്കരണം	127 ടൺ
തുമ്പൂർമൂഴി/കമ്മ്യൂണിറ്റിതല/ബയോഗ്യാസ് പ്ലാന്റ്	20 ടൺ
മറ്റ് അംഗീകൃത ഏജൻസികൾ	87.5 ടൺ
ആകെ	234.5 ടൺ

നഗരസഭയുടെ ഭരണ റിപ്പോർട്ടിൽ ഉദ്ധരിച്ചിട്ടുള്ള മേൽ കണക്കുകൾ മുഖേന പ്രതിദിനം 70 ടൺ മാലിന്യം സംസ്കരിക്കപ്പെടുന്നില്ല എന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ മാലിന്യം പൂർണതോതിൽ സംസ്കരിക്കുന്നതിന് നഗരസഭയ്ക്ക് ക്ഷമതയില്ല എന്നും വ്യക്തമാകുന്നു. നഗരസഭയുടെ മാലിന്യശേഖരണ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 265/കെ.എസ്.എ/ടിവിസി.7/2025, തീയതി) മറുപടിയായി സ്ഥാപനം ലഭ്യമാക്കിയ മറുപടി പ്രകാരം ജൈവ അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി നിലവിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ താഴെ ചേർക്കുന്നു.
2. നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

എ) ജൈവ മാലിന്യ ശേഖരണം/സംസ്കരണ സംവിധാനം

ക്രമ നം.	സംവിധാനം	എണ്ണം	കപ്പാസിറ്റി	Kg	Ton
1	കിച്ചൻ ബിൻ	76214	1	76214	76.21
2	ഗാർഹിക ബയോഗ്യാസ്	3982	1	3982	3.982
3	തുമ്പൂർമൂഴി ബിന്നുകൾ (Units -63)	563	1000	563000	563
4	റിംഗ് കമ്പോസ്റ്റ്	323	2	646	0.65
5	പോർട്ടബിൾ തുമ്പൂർമൂഴി യൂണിറ്റുകൾ	155	10	1550	1.55
6	കരിയില സംഭരണി	150	50	7500	7.5
7	കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ്	39	500	19500	19.5
8	ഓർഗാനിക വേസ്റ്റ് കൺവെർട്ടർ	3	500	1500	1.5
9	റാപ്പിഡ് കമ്പോസ്റ്റിംഗ് യൂണിറ്റ് (12 Ton Capacity)	1	15000	15000	15
				688892	688.89

എന്നാൽ മേൽപ്പറഞ്ഞ സംവിധാനങ്ങൾ മാലിന്യ ശേഖരണത്തിന്റെ ക്ഷമത മാത്രമാണ് സൂചിപ്പിക്കുന്നത്. പ്രതിദിന മാലിന്യ സംസ്കരണത്തിന്റെ അളവ് സംബന്ധിച്ച കൃത്യമായ കണക്ക് ഇതിൽ നിന്നും ലഭിക്കുന്നില്ല. ഉദാഹരണമായി ഒരു തുമ്പൂർമൂഴി ബിന്നിന്റെ ശേഖരണ ക്ഷമത 1000 ടൺ ആയി കണക്കാക്കിയാലും അതിൽ നിക്ഷേപിച്ചതിനു ശേഷം മൂന്നു മാസത്തെ സംസ്കരണ പ്രക്രിയകൾക്ക് ശേഷമാണ് ജൈവവളമായി മാറുന്നത്. ആയതിനാൽ തന്നെ നിലവിലുള്ള പ്രതിദിന സംസ്കരണ ശേഷി ഉൽപാദനത്തിന് അനുസൃതമായി ഇനിയും ഏറെ വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഈ ആവശ്യങ്ങൾക്കായി തുമ്പൂർമൂഴി, എയറോബിക് ബിൻ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങി തൻവർഷം നഗരസഭ വിഭാവനം ചെയ്ത് DPC അംഗീകാരം നേടിയ മാലിന്യ സംസ്കരണ പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കാതെ തുക പാഴാക്കുകയാണ് ചെയ്തിട്ടുള്ളത്.

ബി) അജൈവ മാലിന്യ ശേഖരണം/സംസ്കരണ സംവിധാനം

പ്രതിദിന അജൈവ മാലിന്യം പ്രതിദിന ഉൽപ്പാദനത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ചു വയ്ക്കുന്നതിനും കൈയ്യൊഴിയുന്നതിനുമുള്ള നിലവിലുള്ള സംവിധാനത്തിന്റെ ക്ഷമത സംബന്ധിച്ചോ അവ കൈമാറുന്നതിനുള്ള കാലയളവ് എന്നിവ സംബന്ധിച്ചുള്ള കൃത്യമായ പഠനമോ തുടർനടപടികളോ നഗരസഭ കൈക്കൊണ്ടിട്ടില്ല എന്ന് പ്രസ്തുത റിപ്പോർട്ടിലെ പട്ടിക15 ലെ 2 E-യിൽ നിന്നും വ്യക്തമാകുന്നു. നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	സംവിധാനം	എണ്ണം	കപ്പാസിറ്റി (Kg)	Kg	Ton
1	RRF	5		52600	52.6
2	MCF	25		44383	44.3
3	Container MCF	37		43000	43.0
4	Mini MCF	262	250	65500	65.5

5	Plastic Bin	506		0	
6	Twin Bin (Steel)	600		0	
7	Twin Bin With IEC Board (Plastic)	200		0	
8	Bottle Booth	55		0	
9	Swap Shop	1		0	
	ആകെ			205483	205.4

സി) ക്ലീൻ കേരള കമ്പനി, ഗ്രീൻ വേംസ്

2024-25 വർഷം വിവിധ സ്രോതസ്സുകളിലായി ഉൽപാദിപ്പിക്കപ്പെട്ട അജൈവ മാലിന്യം കൈയ്യൊഴിയുന്നതിന് ക്ലീൻ കേരള കമ്പനി, ഗ്രീൻ വേംസ് എന്നീ സ്ഥാപനങ്ങളുമായി കരാർ ചമച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്ന് സ്ഥാപനം അറിയിച്ചു. സ്ഥാപനം ലഭ്യമാക്കിയ കണക്ക് പ്രകാരം ക്ലീൻ കേരള കമ്പനിക്ക് 2024-25 സാമ്പത്തിക വർഷത്തിൽ താഴെ പ്പറയും വിധം അജൈവ മാലിന്യം കൈയ്യൊഴിയുന്നതിന് തുക കൈമാറിയിട്ടുണ്ട്.

Rejects 2024-25

Clean Kerala Company - Rejects

Sl No.	Dated	Amount
1	April 2024	26200
2	May 2024	81790
3	June 2024	85700
4	Jule 2024	183170
5	August 2024	112890
6	September 2024	137850
7	October 2024	164010
8	November 2024	296050
9	December 2024	160290
10	January 2025	299081.85
11	February 2025	254679.23
12	March 2025	326619
	Total	2128330.08

ആകെ 2024-25 ൽ 2128330/- രൂപയാണ് കൈമാറിയിട്ടുള്ളത്. നിലവിലെ നിരക്ക് അനുസരിച്ച് 1kg കൈമാറുന്നതിന് 10/- രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ 212833 Kg അഥവാ 212.83 ടൺ അജൈവ മാലിന്യമാണ് ക്ലീൻ കേരളയ്ക്ക് കൈമാറിയിട്ടുള്ളത് എന്ന് കാണുന്നു. ഇത് ഉൽപാദനത്തിന്റെ അളവുമായി താരതമ്യം ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2024-25-ൽ ഗ്രീൻ വേംസുമായി കരാർ ചമച്ചിട്ടുള്ളതിന്റെ വിശദാംശങ്ങളോ എത്ര ടൺ കൈമാറിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങളോ മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പ്രധാനമായും നഗരസഭയിലെ ഹെൽത്ത് വിഭാഗമാണ് നടത്തുന്നത്. പ്രസ്തുത വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം

ഹെൽത്ത് ഓഫീസർ	1
ക്ലീൻ സിറ്റി മാനേജർ	3
എസ്.പി.എച്ച്.ഐ	25
പി.എച്ച്.ഐ	99
ശുചീകരണ വിഭാഗ തൊഴിലാളികൾ	837
തുമ്പൂർമൂഴി ജീവനക്കാർ	340
ആന്റി മൊസ്കിറ്റോ ജീവനക്കാർ	48
ആകെ	1353

ഇത് കൂടാതെ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ വിവിധ പദ്ധതികളും, നിർമ്മാണ/മരാമത്ത് പ്രവൃത്തികൾ ഭരിഭാഗവും എഞ്ചിനീയറിംഗ് വിഭാഗവും നിർവ്വഹിക്കുന്നു.

3) നിരീക്ഷണ പരിഹാര സംവിധാനങ്ങൾ

മാലിന്യനിക്ഷേപം കണ്ടെത്തുന്നതിനായി 166 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നതായും പൊതുജനങ്ങൾക്ക് മാലിന്യ നിക്ഷേപം സംബന്ധിച്ച് പരാതികൾ അറിയിക്കുന്നതിനുള്ള സംവിധാനവും പ്രവർത്തിക്കുന്നതായും നഗരസഭയുടെ ഭരണറിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അതുവഴി ലഭിക്കുന്ന പരാതികൾ, സ്വീകരിച്ച തുടർനടപടികൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

4) നിയമലംഘനം നടത്തിയവരിൽ നിന്നും പിഴ ഈടാക്കിയ തുകയിൽ അവ്യക്തത

മാലിന്യം പൊതുനിരത്തിൽ തള്ളുന്നതിന് ഈടാക്കിയ പിഴ, നിരോധിത പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും മറ്റ് നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെയും ഉപയോഗം സംബന്ധിച്ച പരിശോധന പ്രകാരം തൻവർഷം എത്ര ആളുകളിൽ നിന്നും എത്ര തുക പിഴ ഈടാക്കിയിട്ടുണ്ട് എന്ന ഓഡിറ്റ് എൻക്വയറിയുള്ള (നം. 265/കെ.എസ്.എ/ടിവിസി.7/2025, തീയതി.21.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയ ഭരണറിപ്പോർട്ട് പ്രകാരം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ 9703897/- രൂപയുടെ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിച്ചതിന് 263 പേരിൽ നിന്നും 1252960/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം Fine Imposed By/Health Authorities എന്ന ഹെഡിലെ (Code 1402006) വരവ് ആകെ 2,93121/- രൂപ മാത്രമാണ്. ഈടാക്കിയ തുക സംബന്ധിച്ച് വ്യക്തത വരുത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

5) Smart Trivandrum Mobile App

നഗരത്തിൽ പൊതുനിരത്തിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനും നഗരസഭയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി 24*7 പ്രവർത്തിക്കുന്ന Smart Trivandrum Mobile App നിലനിൽക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ആപ്പ് മുഖേന തൻവർഷം ലഭിച്ച പരാതികളുടേയും പരിഹരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ കൃത്യമായ മോണിട്ടറിംഗ് നടക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

6) വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് - മാലിന്യ സംസ്കരണം ഉറപ്പാക്കുന്നില്ല.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന ആശയത്തെ അടിസ്ഥാനമാക്കി മാലിന്യരഹിത നഗരം ഒരുക്കുന്നതിന്റെ ഭാഗമായി നഗരസഭ വാണിജ്യ സ്ഥാപനങ്ങൾക്ക് ട്രേഡ് ലൈസൻസ് അനുവദിക്കുന്നതിനുള്ള ഉപാധിയായി മാലിന്യ പരിപാലനം സ്വന്തം ഉത്തരവാദിത്തത്തിൽ നിർവ്വഹിച്ചുകൊള്ളാമെന്ന് കരാർ നിർബന്ധമാക്കിയിട്ടുണ്ട് എന്ന് നഗരസഭയുടെ 2024-25-ലെ ഭരണ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അത് കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന് 2024-25 വർഷം നൽകിയ വാണിജ്യ ലൈസൻസുകളുടെ പരിശോധനയിൽ വ്യക്തമായി.

ഉദാഹരണങ്ങൾ താഴെ

ക്രമ നം	ലൈസൻസ് നം.- ഉപയോഗം	വാർഡ്/കെട്ടിട നം.
1	BFIF – 00171777-2024 – Zam Zam Restaurant Elegance	27/3589
2	BFIF-00052823-2025 -Hotel Aristo	81/2588
3	BFIF-00229315-2024-Catering	81/2834
4	BFIF-00105199-2024 – Poorna Restaurant	81/4115
5	BFIF-00266628-2024-Cafe	81/1599
6	BFIF-00231163-2024-Athens Fast Food	81/2140
7	BFIF-00262679-2024- Aan Fast Food & Hotel	81/2132


2024-25 വർഷം ലൈസൻസ് നേടിയ പ്രസ്തുത വാണിജ്യ സ്ഥാപന ഉടമകൾ ആരുംതന്നെ മാലിന്യസംസ്കരണം ഉറപ്പുവരുത്തുന്നതായി കരാർ ചമച്ചിട്ടില്ല. നഗരസഭാ ഹെൽത്ത് വിഭാഗം ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

7) മാലിന്യസംസ്കരണം- വൻതുക വകയിരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല – പദ്ധതിപ്പണം പാഴാകുന്നു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന പദ്ധതി വിഹിതം, ധനകാര്യ കമ്മീഷൻ അവാർഡ് തുടങ്ങി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായ വിവിധ ഫണ്ടുകളും തനതു ഫണ്ടും ഉപയോഗിച്ച് വിഭാവനം ചെയ്ത് ഡി.പി.സി അംഗീകാരം നേടിയ വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കേണ്ട നിരവധി പ്രോജക്ടുകൾ നടപ്പിലാക്കാതെയും അപൂർണമായി നിർത്തിയും വൻതുക സ്ഥാപനത്തിന് ഉപകരിക്കാതെ ലാപ്സ് ആയതായി കണക്കുകൾ സൂചിപ്പിക്കുന്നു. (പദ്ധതികളുടെ പൂർണമായ പട്ടിക അനുബന്ധം 29 ആയി ചേർത്തിട്ടുണ്ട്)

എ) എണ്ണം


ആകെ പദ്ധതികൾ	126
നടപ്പിലാക്കിയവ	34
നടപ്പിലാക്കാതെ ഫണ്ട് പാഴാക്കിയവ	92



വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിശദാംശങ്ങൾ താഴെ

ബി) നിർവ്വഹണോദ്യോഗസ്ഥർ അടിസ്ഥാനമാക്കിയ പദ്ധതി ചെലവ്

നിർവ്വഹണോദ്യോഗസ്ഥൻ	അടങ്കൽ	ചെലവ്	ബാക്കി വന്ന തുക
സെക്രട്ടറി	81380419	14522293	66858126
അഡീഷണൽ സെക്രട്ടറി	4454375	3611803	842572
വെറ്ററിനറി സർജൻ	25000	16632	8368
ഹെൽത്ത് ഓഫീസർ	31050000	48886	31001114
ഹെൽത്ത് സൂപ്പർവൈസർ	142273974	14380814	127893160
അസി.എഞ്ചിനീയർ	20350000	1932349	18417651
അസി. എക്സി.എഞ്ചിനീയർ	54195000	6468521	47726479
എക്സി. എഞ്ചിനീയർ	340711000	14647698	326063302
സൂപ്രണ്ടിംഗ് എഞ്ചിനീയർ	24489762	0	24489762
ആകെ	698929530	55628996	643300534



സി) ഫണ്ട് അടിസ്ഥാനമാക്കിയ ചെലവ്

വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയതും ചെലവ് ചെയ്തതും പാഴാക്കിയതുമായ ഫണ്ടിന്റെ വിവിരങ്ങൾ താഴെ.

ഫണ്ട്	അടങ്കൽ	ചെലവ്	ചെലവഴിക്കാത്ത തുക
വികസന ഫണ്ട്	39756068	16889602	22866466
ധനകാര്യ കമ്മീഷൻ അവാർഡ്	195489078	27508858	167980220
കേന്ദ്രാവിഷ്കൃത ഫണ്ട്	157273335	3736196	153537139
സംസ്ഥാനാവിഷ്കൃത ഫണ്ട്	76755932	880000	75875932
തനത് ഫണ്ട്	224225742	3002537	221223205
മറ്റുള്ളവ	975000	0	975000
ഹെൽത്ത് ഗ്രാന്റ്	4454375	3611803	842572
ആകെ	698929530	55628996	643300534

ഡി) 2023-24, 2024-25 വർഷങ്ങളിലായി നടപ്പിലാക്കിയതും ഉദ്ദേശ്യലക്ഷ്യം നേടാത്തതുമായ ചില പദ്ധതികൾ

ക്രമ നം.	പ്രോജക്ട് നം./പേര്	ചെലവ്	റിമാർക്സ്
1	S1071/24, ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ്	1091499	പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ 2023-24 ലെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്
2	453/24, ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം	1202752	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2023-24 റിപ്പോർട്ട് പ്രകാരം തുക തടസ്സപ്പെടുത്തിയിട്ടുണ്ട്.
3	1932/25, ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്	308800	പദ്ധതി പ്രകാരം വിഭാവനം ചെയ്ത പ്രവൃത്തി പൂർണ്ണത കൈവരിച്ചില്ല.
4	1935/25, സ്കൂളുകളിൽ നാപ്കിൻ ഡിസ്പോയർ സ്ഥാപിക്കൽ	4120326	പല സ്ഥാപനങ്ങളിലും സ്ഥാപിച്ച മെഷീൻ പ്രവർത്തനക്ഷമമല്ല

തൻവർഷത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളിലെ മറ്റ് അപാകങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

8 ഹരിതകർമ്മസേന

നഗരസഭയിലെ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും താഴെത്തട്ടിൽ വ്യാപകമായ പ്രവർത്തന മേഖലയോട് സജീവമായി നിൽക്കുന്നത് ഹരിതകർമ്മസേനയാണ്. 15.07.20217-ലെ തസ്വഭവ നം. 2420/2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി സ്ഥാപിതമായ ഹരിതകർമ്മേസനയുടെ തിരുവനന്തപുരം നഗരസഭയിലെ പ്രവർത്തനങ്ങളുടെ ലഘു അവലോകനം താഴെ.

1. നഗരസഭ ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ നിലവിൽ 101 വാർഡുകളിലായി ഏകദേശം 4,80,000 വീടുകളിലും 30000-ത്തോളം സ്ഥാപനങ്ങളിലുമായി 1200 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നഗരസഭ ലഭ്യമാക്കിയ കണക്കനുസരിച്ച് 203 ടൺ അജൈവ മാലിന്യം പ്രതിദിനം ഹരിതകർമ്മ സേന ശേഖരിക്കുകയും തരം തിരിച്ച് തുടർ നടപടികൾക്കായി മാറ്റിവയ്ക്കുകയും ചെയ്യുന്നുണ്ട്.

2021-ലെ ' The State Of Decentralised Solid Waste Management In Kerala' റിപ്പോർട്ട് പ്രകാരം ഹരിതകർമ്മ സേനയിലെ രണ്ട് ഗ്രീൻ ടെക്നീഷ്യൻമാരുടെ ഒരു ടീം ഒരു വാർഡിൽ 250 വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. പ്രസ്തുത കണക്കിന്റെ അടിസ്ഥാനത്തിൽ 500000-ത്തോളം സ്ഥാപനങ്ങളുള്ള തിരുവനന്തപുരം നഗരസഭയിൽ മാലിന്യ ശേഖരണത്തിന് നിലവിലുള്ള ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് വ്യക്തമാകുന്നു. എത്ര സ്ഥാപനങ്ങളിൽ നിന്നും നിലവിൽ മാലിന്യശേഖരണം നടക്കുന്നുണ്ട് എന്നതിന്റേയും നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിലുള്ള പരിമിതിയും കൃത്യമായി കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എ) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ

1. വീടുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും ജൈവ/അജൈവ മാലിന്യങ്ങൾ ശേഖരിക്കുക.

2. ജൈവ/അജൈവ മാലിന്യങ്ങൾ തരംതിരിക്കുക.

3. അജൈവ മാലിന്യങ്ങൾ തുടർനടപടികൾക്കായി MCF, RRF തുടങ്ങിയ കേന്ദ്രങ്ങളിൽ എത്തിക്കുക, അതുവരെ സ്റ്റോർ ചെയ്യുക.

ബി) ഹരിതകർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങൾ

1. യൂസർഫീ (നഗരസഭ നിശ്ചയിച്ച നിരക്കിൽ)

2. പാഴ്വസ്തു വിൽപന

3. കമ്പോസ്റ്റ് വളം വിൽപന

ഇപ്രകാരമുള്ള മാർഗങ്ങളിലൂടെ മാത്രം ലഭിക്കുന്ന വരുമാനം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിന് പര്യാപ്തമാകാത്ത സാഹചര്യത്തിൽ സർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ട് കൂടി അനുവദിക്കുന്നുണ്ട്. എന്നാൽ നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഹരിതകർമ്മസേനകൾക്കായി വിഭാവനം ചെയ്ത പദ്ധതികളിൽ ചെലവ് തുലോം തുച്ഛമാണ്.

സി) ഹരിതകർമ്മസേനയ്ക്കായുള്ള തൻവർഷ പദ്ധതികൾ - വകയിരുത്തിയതിൽ 10% മാത്രം ചെലവ്

പ്രോജക്ട് നം/ പേര്	നിർവഹണം	ഫണ്ട്	വകയിരുത്തൽ	ചെലവ്	ബാക്കി വന്ന തുക
876/ഹരിതകർമ്മസേന അജൈവ മാലിന്യം സൂക്ഷിക്കാൻ വീടുകൾക്ക് സഞ്ചി നൽകുന്നതിന് - 20-25	ഹെൽത്ത് സൂപ്പർവൈസർ	തനത് ഫണ്ട് വികസന ഫണ്ട്	7623933 2376067	10000000	0
462/ഹരിതകർമ്മസേനയ്ക്ക് യൂണിഫോം, ഓപ്പൺഷൂസ്, ഗ്ലൗസ് മാസ്ക്, സോപ്പ് ക്യാപ്പ്, റെയിൻ കോട്ട് എന്നിവ വാങ്ങൽ - നഗരസഞ്ചയം	ഹെൽത്ത് സൂപ്പർവൈസർ	ധനകാര്യ കമ്മീഷൻ അവാർഡ്	2000000	2000000	0
1925/ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം വനിത	ഹെൽത്ത് സൂപ്പർവൈസർ	വികസന ഫണ്ട് - ജനറൽ തനത് ഫണ്ട്	1500000 1000000	2500000	0
1047/ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഇൻഷ്വറൻസ് പരിശീലനം , കൺസ്യൂമർ കാർഡ്- 2024	ഹെൽത്ത് സൂപ്പർവൈസർ	വികസന ഫണ്ട് - ജനറൽ തനത് ഫണ്ട്	1050000 261113	1311113	1050000
1937/ഹരിതകർമ്മസേനയ്ക്ക് ആവശ്യമായിട്ടുള്ള യൂണിഫോം, ഗ്ലൗസ് മാസ്ക്, റെയിൻകോട്ട് എന്നിവ വാങ്ങുന്നതിനും ഇ.എസ്എ.പി.എഫ് വിഹിതം നൽകുന്നതിനും	ഹെൽത്ത് സൂപ്പർവൈസർ	വികസന ഫണ്ട് - ജനറൽ തനത് ഫണ്ട്	900000 1500000	2400000	848782
ആകെ				18211113	1898782

ഇതിൽ നിന്നും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിൽ നഗരസഭയുടെ ജാഗ്രതക്കുറവ് വ്യക്തമാകുന്നു.

9) KSWMP-യുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ

1. തൻവർഷം KSWMP ഫണ്ട് ഉപയോഗിച്ച് 43,90,486/- രൂപ വകയിരുത്തി 36,11,863/-രൂപ ചെലവഴിച്ച് 5 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ഖ: 1-43 ൽ പരാമർശിച്ചിട്ടുണ്ട്.

2.LSGD GO No. 397/2025/LSGD, Dared 08.02.2025-ലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ Kerala Solid Waste Maangement Project പദ്ധതിയുടെ ഭാഗമായി നഗരസഭാ തലത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി IEC (Information, Communication And Education) Plan പ്രകാരം പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം നഗരസഭയ്ക്ക് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യ ഇൻസ്റ്റാൾമെന്റ് ആയി 599975/- രൂപ പിൻവലിക്കുന്നതിനുള്ള അനുവാദം KSWMP-യുടെ 1076/IEC/2025/KSWMP, തീയതി.08.08.2025 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ എപ്രകാരം നടത്തി എന്നതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

10) വാർഷിക പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ(കൈ) 86/2022/തസ്വഭവ, തീയതി.19.04.2022 മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഖണ്ഡിക 8.11 പ്രകാരമുള്ള മാർഗനിർദ്ദേശങ്ങളും സ്ഥാപനത്തിന്റെ ബന്ധപ്പെട്ട പ്രവർത്തനങ്ങളും ചില ഉദാഹരണങ്ങൾ.

മാർഗനിർദ്ദേശങ്ങൾ	നഗരസഭയുടെ പ്രവർത്തനം
ഖരദ്രവമാലിന്യ സംസ്കരണ രംഗത്തെ നിലവിലെ അവസ്ഥ തിട്ടപ്പെടുത്തി സമഗ്ര ശുചിത്വ മാലിന്യ സംസ്കരണത്തിനുള്ള പ്രത്യേക സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം	തയ്യാറാക്കിയിട്ടില്ല
ശുചിത്വ മാലിന്യ രംഗത്ത് ലക്ഷ്യം കൈവരിക്കാൻ ശുചിത്വമിഷൻ നിശ്ചയിച്ച് നൽകുന്ന സൂചകങ്ങൾ വർഷം തിരിച്ച് പ്രതിപാദിക്കേണ്ടതാണ്.	പ്രതിപാദിച്ചിട്ടില്ല
അമൃത്, സ്വച്ഛ് ഭാരത് മിഷൻ എന്നിങ്ങനെ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി യോജിച്ച് കർമ്മ പദ്ധതി തയ്യാറാക്കണം	തയ്യാറാക്കിയിട്ടില്ല
സമ്പൂർണ്ണ ശുചിത്വ പദ്ധതി ആർജ്ജിക്കുന്നതിന്റെ ഭാഗമായി പൊതു ശൗചാലയങ്ങൾ ഇല്ലാത്ത ഇടങ്ങൾ കണ്ടെത്തി പ്രോജക്ട് തയ്യാറാക്കണം	തയ്യാറാക്കിയിട്ടില്ല

11) മറ്റ് അപാകങ്ങൾ
(ഓഡിറ്റ് എൻക്വയറികൾ നം. 265/കെ.എസ്.എ/ടിവിസി.7/2025, തീയതി.21.12.2026, നം. 275/കെ.എസ്.എ/ടിവിസി.7/2025, തീയതി. 25.02.2026 പ്രകാരം ആവശ്യപ്പെട്ട താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമായിട്ടില്ല)

1. മാലിന്യ സംസ്കരണത്തിനായി തൻവർഷം നഗരസഭ ഭൂമി വാങ്ങിയിട്ടുണ്ടോ എന്ന വിവരം അന്വേഷിച്ചുകൊണ്ടുള്ള എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഹരിതകർമ്മസേനയുടെ ഏകോപനം, മോണിട്ടറിംഗ് എന്നിവ നഗരസഭ എങ്ങനെയാണ് മേൽനോട്ടം വഹിക്കുന്നത് എന്ന് വ്യക്തമാക്കുന്ന മറുപടി ലഭ്യമായില്ല.

3. വിദ്യാർത്ഥികളിൽ മാലിന്യ പരിപാലനം, പരിസ്ഥിതി സംരക്ഷണം എന്നിവ സംബന്ധിച്ച് നഗരസഭ അവബോധം സൃഷ്ടിക്കുന്നതിനായി നഗരസഭ രൂപം നൽകിയ ഗ്രീൻ ആർമിയുടെ നിലവിലെ പ്രവർത്തനം ലഭ്യമാക്കിയിട്ടില്ല.

4. ആശുപത്രി മാലിന്യ സംസ്കരണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

5. ഇ-മാലിന്യങ്ങൾ കൈയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

6. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പ്രവൃത്തികളുടെ മോണിട്ടറിംഗ് റിപ്പോർട്ട്, മുൻകൂർ ക്രമീകരിക്കാതെ കിടക്കുന്നത് (വിശദാംശങ്ങൾ റിപ്പോർട്ടിലെ ഖണ്ഡിക 1-27 ആയി ചേർത്തിട്ടുണ്ട്) എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയില്ല.

12) ഭൗതിക പരിശോധനാ റിപ്പോർട്ട്

നഗരസഭയുടെ മാലിന്യ ശേഖരണ സംവിധാനങ്ങളുടെ പ്രവർത്തനം നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. മണക്കാട് RRF (Resource Recovery Facility)

നഗരസഭയുടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ മാലിന്യങ്ങൾ തരംതിരിച്ച് വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പഴയ മാതൃകയിലുള്ള ബയോഗ്യാസ പ്ലാന്റ് 2 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തനക്ഷമമല്ലാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നുണ്ട്.



2. ചെന്തിട്ട MCF (Material Collection Facility)

നിലവിൽ രണ്ട് വാർഡുകളിൽ നിന്നുള്ള അജൈവ മാലിന്യങ്ങൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ക്ഷമതയാണ് ഉള്ളത്. തൃപ്തികരമായി പ്രവർത്തിക്കുന്നു.

3. Rapid Composting Unit – കല്ലടിമുഖം

ജൈവ മാലിന്യ സംസ്കരണത്തിന് നല്ല മാതൃകയായി പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. പ്രതിദിനം 15 ടൺ മാലിന്യം നിലവിൽ സംസ്കരിക്കുന്നതിന് ശേഷിയുണ്ട്.



4. ട്രാഷ്ബൂം - കരമന

ജലാശയങ്ങളുടെയുള്ള മാലിന്യത്തിന്റെ ഒഴുക്ക് തടയുന്നതിനായി കരമനയാറിൽ സ്ഥാപിച്ചിരിക്കുന്ന ട്രാഷ് ബൂം വഴി മാലിന്യം ശേഖരിക്കുന്നുണ്ട്. എങ്കിലും നദിയിലും നദീതീരത്തും ധാരാളം മാലിന്യങ്ങൾ വലിച്ചെറിയപ്പെട്ട നിലയിൽ കണ്ടെത്തി





13) ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നഗരസഭയുടെ പ്രതിദിന ജൈവ, അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനത്തിന്റെയും പ്രതിദിന സംസ്കരണ ശേഷിയുടെയും സ്ഥിതിവിവരകണക്ക് തനതു മാർഗത്തിലൂടെ കൃത്യമായി തയ്യാറാക്കി സംസ്കരണശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വൻതുക ചെലവാക്കി നിർമ്മിക്കപ്പെട്ട സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം മോണിട്ടറിംഗ് നടത്തി പോരായ്മകൾ നികത്തി പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

3. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ഫണ്ടുകളിൽ നിന്നായി വൻതുക വകയിരുത്തി അംഗീകാരം നേടുന്ന പദ്ധതികൾ നടപ്പിലാക്കാതെ വൻതുക പാഴാകുന്ന സാഹചര്യം വിലയിരുത്തി കർശന നടപടികൾ സ്വീകരിക്കുക.

4. നഗരസഭ ഒരുക്കിയ മാലിന്യ ശേഖരണ സംവിധാനങ്ങൾ ഉപയോഗിക്കാതെ മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നവരെ കൃത്യമായ നിരീക്ഷണ സംവിധാനത്തിലൂടെ നിയമാനുസൃത പിഴ ഈടാക്കുന്നതിൽ കൂടുതൽ ജാഗ്രത പാലിക്കുക.

5. തുമ്പൂർമുഴി സംസ്കരണ യൂണിറ്റുകൾ - ഈടുനിൽക്കുന്നതും ലാഭകരവുമായ മാതൃക ഉപയോഗിക്കേണ്ടത് ആവശ്യം.

2024-25 സാമ്പത്തിക വർഷത്ത ചെലവു പത്രിക പ്രകാരം നഗരസഭാ പിരധിയിൽ തുമ്പൂർമുഴി യൂണിറ്റുകൾ നിർമ്മിക്കുന്നതിനും അറ്റക്കുറ്റപ്പണികൾക്കുമായി 1,45,00,000/- രൂപ അടങ്കൽ വകയിരുത്തുകയും തുക ചെലവഴിക്കാതെ 1,45,00,000/- രൂപ പാഴാക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ മാലിന്യ സംസ്കരണ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ കൂടുതൽ തുമ്പൂർമുഴി യൂണിറ്റുകളും മറ്റ് ജൈവ സംസ്കരണ ഉപാധികളും ഒരുക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ നിലവിൽ ഫെറോ സിമന്റ് ഉപയോഗിച്ച് തയ്യാറാക്കുന്ന തുമ്പൂർമുഴി യൂണിറ്റുകളുടെ ഈട് നിൽക്കുന്ന കാലാവധിയും അറ്റക്കുറ്റപ്പണികൾക്കായുള്ള ചെലവും പരിശോധിച്ച് കൂടുതൽ കാലം നിലനിൽക്കുന്ന സ്റ്റെയിൻലെസ് സ്റ്റീൽ നിർമ്മിത ബിന്നുകൾ ഒരുക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് നടപടികൾ സ്വീകരിക്കുക.

1-41 തുമ്പൂർമുഴി പ്ലാന്റ് -10 യൂണിറ്റ് നിർമ്മാണം-സാധ്യതാ പഠനം നടത്തിയില്ല - നഗരസഭയ്ക്ക് 7,82,137/- രൂപ നഷ്ടം

പ്രോജക്ട് നം.	SO1922/25
പ്രോജക്ടിന്റെ പേര്	തുമ്പൂർമുഴി പ്ലാന്റ് - 10 യൂണിറ്റ് നിർമ്മാണം
ആകെ അടങ്കൽ	1,00,00,000/- രൂപ (CFC Tied Grant)
ആകെ ചെലവ്	7,82,137/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എക്സി.എഞ്ചിനീയർ

നഗരസഭയുടെ വിവിധ വാർഡുകളിലായി സ്ഥലലഭ്യത അനുസരിച്ച് 10 സ്ഥലങ്ങളിലായി തുമ്പൂർമുഴി പ്ലാന്റ് സ്ഥാപിച്ച് സമീപ പ്രദേശങ്ങളിലെ വീടുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് വളമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഫയൽ പരിശോധനയിലെ പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥലലഭ്യത ഉറപ്പാക്കിയില്ല .

പള്ളിത്തുറ, പൗണ്ട്കടവ്, വലിയതുറ, ബീമാപള്ളി, മാണിക്യവിളാകം, വെള്ളാർ, വിഴിഞ്ഞം, കോട്ടപ്പുറം എന്നിവിടങ്ങളിലാണ് പ്ലാന്റ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ സ്ഥലലഭ്യത ഉറപ്പാക്കാതെയാണ് ഈ സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതും, ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും. മതിയായ സ്ഥലസൗകര്യം മുൻകൂട്ടി ഉറപ്പാക്കാതെ ഇത്രയും വലിയ തുകയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയത് ഭരണപരമായ വീഴ്ചയായി കണക്കാക്കുന്നു.

2) സാധ്യതാ പഠനം നടത്താതെ പദ്ധതി ആരംഭിച്ചു .

വെട്ടുകാട് ഇൻഡസ്ട്രിയൽ ഏര്യയിൽ പണി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതി ഉപേക്ഷിച്ചതായി 26.02.2026-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മൂന്ന് സ്ഥലങ്ങളിലായി പണി ആരംഭിച്ചെങ്കിലും പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്നും, ടി പ്രദേശത്തെ പ്രവൃത്തി നിർത്തിവയ്ക്കുന്നതിന് സ്പെഷ്യൽ സെക്രട്ടറിയുടെ നിർദ്ദേശം ലഭിച്ചതിനാലും പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് എൻകൗണ്ടറിയുള്ള (നം. 264/കെ.എസ്.എ/ടിവിസി.8/2025, തീയതി.21.02.2026) മറുപടിയായി അറിയിച്ചിട്ടുള്ളത്. ഇത്തരം ഒരു പദ്ധതി ആരംഭിക്കുന്നതിനു മുൻപ് പ്രദേശവാസികളുടെ അഭിപ്രായം അന്വേഷിച്ചില്ല എന്നത് നഗരസഭയുടെ വീഴ്ചയാണ്.



3) പാഴായ തുക - 7,82,137/- രൂപ

പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചുവെങ്കിലും അതുവരെ ചെയ്ത ജോലികൾക്കായി കരാറുകാരന് 7,82,137/- രൂപ പാർട്ട് ബിൽ ആയി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകാത്തതിനാലും പ്രസ്തുത നിർവ്വഹണം കൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്തതിനാലും 7,82,137/- രൂപ പൂർണമായും നിഷ്ഫലമായ ചെലവായി കണക്കാക്കുന്നു.

4) പദ്ധതി നഗരസഭയ്ക്ക് അനാവശ്യ ബാദ്ധ്യതയുണ്ടാക്കി

മൺകൂട്ടി സ്ഥലം ഉറപ്പാക്കുന്നതിലും നാട്ടുകാരുടെ സഹകരണം ഉറപ്പാക്കുന്നതിലും നഗരസഭ പരാജയപ്പെട്ടതിനാൽ ഉണ്ടായ ഈ നഷ്ടം (7,82,137/- രൂപ) നഗരസഭയ്ക്ക് അനാവശ്യ ബാദ്ധ്യത സൃഷ്ടിച്ചിട്ടുണ്ട്.

പാതിവഴിയിൽ ഉപേക്ഷിച്ച നിർമ്മാണ സാമഗ്രികൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതും ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുൻപ് നിർബന്ധമായും സൈറ്റ് ക്ലിയറൻസും പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് സഹകരണം ലഭ്യമാകുന്നതിന് ബോധവൽക്കരണവും നടത്തേണ്ടതാണ്.

പദ്ധതി ഭാഗികമായി ചെയ്തിരിക്കുന്ന വെട്ടുകാട് ഇൻസ്റ്റിയൽ ഏര്യയിൽ ജൈവ അജൈവ മാലിന്യങ്ങൾ കൂമിഞ്ഞുകൂടി കിടക്കുന്നതായി പ്രാദേശിക പരിശോധനയിൽ കണ്ടു. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നതിന് ഇത് കാരണമായി തീരുമെന്നതിനാലും തിരുവനന്തപുരം വിമാനത്താവളത്തിന് അടുത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമായതിനാലും ജൈവ മാലിന്യം സംസ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സമീപവാസികൾക്ക് ബോധവൽക്കരണം നടത്തി തുമ്പൂർമൂഴി പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് നഗരസഭയ്ക്ക് പുനർവിചിന്തനം നടത്താവുന്നതാണ്. കൂടാതെ അജൈവ മാലിന്യങ്ങൾ കൂടി ശാസ്ത്രീയമായി നീക്കം ചെയ്ത് പ്രദേശത്തെ മാലിന്യമുക്തമാക്കി തീർക്കുന്നതിനും നഗരസഭാ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.



1-42 എയ്റോബിക് ബിൻ - കരിയില സംഭരണികളായി മാറുന്നു - തൻവർഷ ചെലവ് 33,35,696/- രൂപ - പദ്ധതി ലക്ഷ്യം നേടിയില്ല

പ്രോജക്ട് നം.	SO1757/25	
പ്രോജക്ടിന്റെ പേര്	നഗരസഭയുടെ 100 വാർഡുകളിലും പോർട്ടബിൾ എയ്റോബിക് ബിൻ സ്ഥാപിക്കുക	
ആകെ അടങ്കൽ	1,33,00,000/- രൂപ	
	കേന്ദ്രാവിഷ്കൃത ഫണ്ട്	49,50,000/- രൂപ
	സംസ്ഥാനാവിഷ്കൃത ഫണ്ട്-	33,00,000/- രൂപ
	തനത് ഫണ്ട്	50,50,000/- രൂപ

ആകെ ചെലവ്	33,35,696/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എക്സി. എഞ്ചിനീയർ

പൊതുമാലിന്യ സംസ്കരണത്തിനായി നഗരസഭയുടെ 100 വാർഡുകളിലും ഓരോ പോർട്ടബിൾ എയ്റോബിക് ബിൻ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അതനുസരിച്ച് 2024-25 സാമ്പത്തിക വർഷം 33,35,696/- രൂപ ചെലവഴിച്ച് 31 പോർട്ടബിൾ എയ്റോബിക് ബിൻ സ്ഥാപിച്ചിട്ടുണ്ട്. വാർഡുകളിലെ ആവശ്യങ്ങൾക്കനുസരിച്ച് ഹെൽത്ത് ഇൻസ്പെക്ടർമാർ ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗം എയ്റോബിക് ബിൻ നിർമ്മിക്കുന്നു. അതത് സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാർ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ എയ്റോബിക് ബിൻ സ്ഥാപിച്ച് പ്രസ്തുത നിർമ്മാണം കൈമാറ്റം ചെയ്യുക എന്നതാണ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി. പ്രസ്തുത ബിന്നുകളുടെ പരിപാലനവും തുടർ നടത്തിപ്പും ഹെൽത്ത് വിഭാഗമാണ് നടത്തുന്നത്. നിലവിൽ 72 ബിന്നുകൾ സ്ഥാപിച്ച് നൽകിയതായി അസി.എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

എയ്റോബിക് ബിന്നുകൾ യഥാർത്ഥത്തിൽ രൂപകൽപന ചെയ്തിരിക്കുന്നത് നഗരപ്രദേശത്തെ ജൈവമാലിന്യങ്ങൾ (ഭക്ഷണാവശിഷ്ടങ്ങൾ) ശാസ്ത്രീയമായി സംസ്കരിക്കാനാണ്. ഈ പ്രകിയ സാധ്യമാകാൻ കരിയിലകൾ ആവശ്യമാണ്. എന്നാൽ 26.02.2026-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ പോങ്ങുമ്മൂട് ഗവ.എൽ.പി.എസ്, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എയ്റോബിക് ബിന്നുകൾ കരിയില സംഭരണികളായി മാത്രം സൂക്ഷിക്കുന്നതായി കണ്ടു.



ഭക്ഷണാവശിഷ്ടങ്ങളിൽ നിന്നുള്ള വെള്ളം വലിച്ചെടുക്കാൻ ബിന്നുകളിൽ കരിയിലകൾ നിറയ്ക്കുന്നു. ജൈവവളമുണ്ടാകാൻ ആവശ്യമായ കാർബൺ കരിയിലകളിൽ നിന്നും, നൈട്രജൻ ഭക്ഷണാവശിഷ്ടങ്ങളിൽ നിന്നും ലഭിക്കുന്നു. ഇവ രണ്ടും ശരിയായ അളവിൽ ചേർന്നാൽ മാത്രമേ വേഗത്തിൽ വളമാകുകയുള്ളൂ. കരിയിലകൾക്കിടയിലുള്ള വിടവുകൾ ബിന്നിനുള്ളിൽ വായുസഞ്ചാരം ഉറപ്പാക്കുകയും മാലിന്യങ്ങൾ കരിയില കൊണ്ടു മൂടുന്നതു വഴി ഭക്ഷണാവശിഷ്ടങ്ങൾ ജീർണ്ണിക്കുമ്പോഴുണ്ടാകുന്ന ദുർഗന്ധം പുറത്തുവരുന്നത് തടയുകയും ചെയ്യുന്നു. കരിയിലകൾ കൂടാതെ മാലിന്യങ്ങൾ വേഗത്തിൽ അഴുകി വളമാകാൻ ഇനോക്കുലവും ആവശ്യമാണ്. സാധാരണഗതിയിൽ മാസങ്ങൾ എടുക്കുന്ന അഴുകൽ പ്രക്രിയ ഇനോക്കുലം ചേർക്കുന്നതിലൂടെ 30-45 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുന്നു.

നഗരസഭ വൻ തുക ചെലവഴിച്ച് നിർമ്മിച്ചതും മാലിന്യ സംസ്കരണത്തിന് മുതൽക്കൂട്ട് ആയേക്കാവുന്നതുമായ എയ്റോബിക് ബിന്നുകൾ കേവലം കരിയിലകൾ മാത്രം നിറയ്ക്കുന്നതിനുള്ള സംവിധാനമായി ഉപയോഗിക്കുമ്പോൾ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നില്ല.

ഭക്ഷണമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബിന്നുകൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് ഹെൽത്ത് ഇൻസ്പെക്ടറും വാർഡ് കൗൺസിലറും ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ബിന്നുകൾക്ക് സംഭവിക്കുന്ന തകരാറുകൾ എഞ്ചിനീയറിംഗ് വിഭാഗത്തെ രേഖാമൂലം അറിയിച്ച് ബിന്നുകളുടെ പരിപാലനം ,പ്രവർത്തനം എന്നിവ കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 289/കെ.എസ്.എ/ടിവിസി.8/2025, തീയതി.02.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-42-1 2016-ലെ കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് - ലെ നിർദ്ദേശങ്ങളുടെ പാലനം - നഗരസഭ മാലിന്യ സംസ്കരണത്തിനായി പ്രായോഗിക തലത്തിൽ നടപടികൾ സ്വീകരിച്ചില്ല

ഇന്ത്യാ ഗവൺമെന്റ് വിജ്ഞാപനം ചെയ്ത 2016-ലെ കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നടപ്പിൽ വരുത്തുന്നതിലേയ്ക്കായി 30.07.2022-ലെ ജി.ഒ.(എം.എസ്) നമ്പർ.168/2022/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം കേരള സർക്കാർ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുള്ളതാണ്. കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് ജി.ഒ.(പി) നമ്പർ 57/2020/എൽ.എസ്.ജി.ഡി, തീയതി. 24.09.2020 ഉത്തരവ് പ്രകാരം 2019-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ഭേദഗതി ചെയ്ത് സെക്ഷൻ 79A കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് താഴ്ന്ന പ്രദേശങ്ങളിൽ അനധികൃതമായി നിക്ഷേപിക്കുന്നതു മൂലമുള്ള പാരിസ്ഥിതിക അസന്തുലനാവസ്ഥ തടയുക, കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മറ്റ് ഖരമാലിന്യങ്ങളുമായി കൂടിക്കലരുന്നത് മൂലമുണ്ടാകുന്ന ദോഷകരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുക മുതലായ കാലിക പ്രസക്തമായ ഉദ്ദേശ്യങ്ങളുടെ പൂർത്തീകരണത്തിനാണ് പ്രസ്തുത ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

തദ്ദേശ സ്ഥാപനങ്ങളിൽ ആകെ ഉണ്ടാകുന്ന മാലിന്യങ്ങളുടെ ഏകദേശം 10% ത്തോളം കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് ആണ് എന്ന് 30.07.2022-ലെ മാർഗ്ഗരേഖയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾക്ക് ഏകമാനരൂപം നിർദ്ദേശിക്കൽ

2. കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് കേന്ദ്രങ്ങളുടെ ലൈസൻസിംഗ്, പ്രവർത്തനം എന്നിവയ്ക്ക് ഏകമാനരൂപം നിർദ്ദേശിക്കൽ

3 കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് കൈകാര്യം ചെയ്യുന്നതിന് നിയന്ത്രണം കൊണ്ടു വരുക.

4. കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് പുനരുപയോഗം പ്രോത്സാഹിപ്പിക്കുക.

5. കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് റീസൈക്ലിംഗ് നിർബന്ധമാക്കുക.

6. നഗരങ്ങളെ SBM അർബൻ 2.0 മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാലിന്യ വിമുക്ത-നഗര-സ്റ്റാർ റേറ്റിംഗ് നേടുവാൻ പ്രാപ്തമാക്കുക.

7. സംസ്ഥാനത്തിൽ കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് സംസ്കരണത്തിന് മോണിട്ടറിംഗ് നടപ്പിൽ വരുത്തുക.

തദ്ദേശ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന കൺസ്യൂക്ഷൻ & ഡിമോളിഷൻ വേസ്റ്റ് സംഭരണം, റീസൈക്ലിംഗ്, പുനരുപയോഗം നിയമവിരുദ്ധമായി മാലിന്യങ്ങൾ

കൈകാര്യം ചെയ്യുന്നതിനുള്ള പിഴ ഈടാക്കൽ മുതലായ വിഷയങ്ങളിൽ വിശദമായ നിർദ്ദേശങ്ങൾ മാഗർഗ്ഗരേഖ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2016-ലെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്- ലെ നിർദ്ദേശങ്ങൾ പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയ്ക്ക് അയച്ച 22.11.2024-ലെ PCB/HO/C&D WASTE RULES/VOL-III/8/2021 നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയ 2023-24 വർഷത്തിലെ വാർഷിക റിപ്പോർട്ട് പരാമർശങ്ങൾ പ്രകാരം ടി വർഷം 4501.46 ടൺ C&D വേസ്റ്റ് നഗരസഭാ പരിധിയിൽ ഉണ്ടായിരുന്നതായി വ്യക്തമാകുന്നു. 2023-24 വർഷത്തിൽ നഗരസഭ പരിധിയിൽ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് പ്രോസസ് ചെയ്ത് റീസൈക്ലിംഗ് വഴി വീണ്ടും ഉപയോഗിക്കുന്നതിൽ നഗരസഭയിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നും കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഭൂമി നഗരസഭ തിരഞ്ഞെടുത്തിട്ടില്ല എന്നും പ്രസ്തുത വാർഷിക റിപ്പോർട്ടിലെ Annexure I ലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാണ്.

ടി കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 2016-ലെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് സംസ്കരണ ചട്ടങ്ങളുടെ പാലനം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 06.06.2025-ലെ 10/കെ.എസ്.എ/ടിവിസി.6/2025 നമ്പർ ഓഡിറ്റ് എൻക്വയറി നഗരസഭാ സെക്രട്ടറിയക്ക് നൽകി. ആയതിന് നഗരസഭ ഹെൽത്ത് ഓഫീസർ നൽകിയ 21.07.2025-ലെ H17/2218303/2025 നമ്പർ മറുപടിയിൽ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് പരിപാലനത്തിനായി സ്ഥലം കണ്ടെത്തുന്നതിനായി നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചു. കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിനായി കണ്ടെത്തിയിട്ടുള്ള തോന്നയ്ക്കൽ എന്ന സ്ഥലത്തെ ഭൂമിയിൽ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് മുഖേന കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് പ്രോസസിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു എന്ന് അറിയിച്ചിട്ടുള്ളതാണ്. സർക്കാർ മാർഗ്ഗരേഖയിൽ C&D വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് തദ്ദേശസ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ അടിയന്തിരമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും ആയവയുടെ തൽസ്ഥിതി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-42-2 ഡൊമസ്റ്റിക് എയർപോർട്ട് പരിസരത്തെ മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തി - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 50000/-രൂപ തടസ്സപ്പെടുത്തുന്നു

തിരുവനന്തപുരം ഡൊമസ്റ്റിക് എയർപോർട്ട് പരിസരത്തെ മാലിന്യം നീക്കം ചെയ്യുന്നതിന് ജെ സി ബി, ടിപ്പർ എന്നിവ വാടകയ്ക്ക് എടുത്ത് പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രീ ശരൺകുമാർ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നെ ചുമതലപ്പെടുത്തിയും ആയതിന്റെ ചെലവുകൾക്ക് ആവശ്യമായ 50000/-രൂപ (ചെക്ക് നം. 431034/20.03.2025) തനത് ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ടും സെക്രട്ടറി ഉത്തരവ് (11-03-2025 ലെ HO5/ 488061/2025 നമ്പർ ഉത്തരവ്) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക വിനിയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നുള്ളതിന്റെ ബില്ലുകളും രേഖകളും കെ സ്മാർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. ആയവ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 104 /കെ. എസ്.എ/എ ഒ 2/2025, തീയതി 03.10.2025) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്താൽ 50000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-43 കേരള ഖരമാലിന്യ പരിപാലന പദ്ധതി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല-36,11,803രൂപ തടസ്സപ്പെടുത്തുന്നു.

2024-25 വർഷം അഡീണൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള ഖരമാലിന്യ പരിപാലന പദ്ധതി (Kerala Solid Waste Management Project Fund- KSWMP)ഫണ്ടിൽ നിന്ന് 36,11,803രൂപ ചെലവഴിച്ച് ചുവടെപ്പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1996ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ (നം.4/കെ.എസ്.എ/എ.ഒ-III/2024-25 തീയതി.14/5/2025) നല്കിയെങ്കിലും ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല.

ഫണ്ടിനം - KSWMP Fund

നിർവഹണ ഉദ്യോഗസ്ഥൻ - അഡീഷണൽ സെക്രട്ടറി

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ആകെ വകയിരുത്തൽ	ചെലവ്
1	1985/2024-25 (SO)	നിലവിലുള്ള ആർ.ആർ.എഫ് നവീകരണം- കൺവേയർ ബെൽറ്റ് സ്ഥാപിക്കൽ-5%ഇ.എസ്.എം.പി ഉൾപ്പെടെ	11,07,000	11,00,000
2	1982/2024-25 (SO)	നിലവിലുള്ള ആർ.ആർ.എഫ് നവീകരണം- ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ-5%ഇ.എസ്.എം.പി ഉൾപ്പെടെ	19,68,000	15,20,000
3	1981/2024-25 (SO)	ആർ.ആർ.എഫ് ൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ-5%ഇ.എസ്.എം.പി ഉൾപ്പെടെ	4,92,000	4,47,000

4	1977/2024-25 (SO)	എം.സി.എഫ് ഇമ്പൗർമൂഴികളിൽ വെയിംഗ് മെഷീൻ സ്ഥപിക്കൽ-5%ഇ.എസ്.എം.പി ഉൾപ്പെടെ	4,23,736	2,50,053
5	1983/2024-25 (SO)	ആർ ആർ.എഫിൽ ഡൈജസ്റ്റർ മെഷീൻ സ്ഥാപിക്കൽ-5%ഇ.എസ്.എം.പി ഉൾപ്പെടെ	3,99,750	2,94,750
ആകെ			43,90,486	36,11,803

1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം12(2)ൽ ഓഡിറ്റ് രേഖാമൂലം ആവശ്യപ്പെടുന്ന കണക്കുകളോ രേഖകളോ നല്കാൻ വീഴ്ച വരുത്തിയാൽ അത്തരം കണക്കുകളോ, രേഖകളോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും, അതനുസരിച്ചുള്ള നിഗമനത്തിൽ തുടർനടപടിസ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ മുകളിലെ പട്ടികപ്രകാരമുള്ള പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 36,11,803 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. ഫയലുകളും, അനുബന്ധ രേഖകളും ഹാജരാക്കി പരിശോധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കുന്നതാണ്.

1-44 ശുചീകരണ സാധനങ്ങൾ വാങ്ങൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല. 1360000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തിരുവനന്തപുരം നഗരസഭ ആരോഗ്യവിഭാഗം ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ശുചീകരണ പ്രവൃത്തികൾക്കാവശ്യമായ ശുചീകരണ സാമഗ്രികൾ വാങ്ങുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥയിന്മേൽ ടെണ്ടറുകൾ ക്ഷണിച്ച് ശുചീകരണ സാമഗ്രികൾ വാങ്ങുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ വിളിച്ചതിൽ ഓരോ സാധനങ്ങൾക്കും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങൾക്കാണ് സാധനങ്ങൾ എത്തിച്ചു നൽകുവാനുള്ള ഓർഡർ നൽകിയിരിക്കുന്നത്. പ്രോജക്ട് സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നം	H19/46484/23
പ്രോജക്ട്	ശുചീകരണ സാധനങ്ങൾ വാങ്ങൽ.
പ്രോജക്ട് നം-	1939/2025
അടങ്കൽ	7100000/-വികസനഫണ്ട്-ജനറൽ
ചെലവ്	6120989/-വികസനഫണ്ട്-ജനറൽ
ബിൽ നം/ചെക്ക് നം	1749 തീയതി. 20/12/2024 തുക 4,20,000/- 2148 തീയതി. 24/01/2025 തുക 9,97,500/- 1747 തീയതി. 20/12/2024 തുക 4,01,989/- 2989 തീയതി. 17/03/2025 തുക 9,97,500/- 3640 തീയതി. 26/03/2025 തുക 1,65,000/- 0138 തീയതി. 09/05/2024 തുക 12,22,000/- 0139 തീയതി. 09/05/2024 തുക 11,95,000/- 0140 തീയതി. 09/05/2024 തുക 7,22,000/-
നിർവഹണം	ഹെൽത്ത് സൂപ്പർവൈസർ.

പരാമർശങ്ങൾ

1. വിവിധ ബില്ലുകളിലൂടെ ഈ പ്രോജക്ട് പ്രകാരമുള്ള ശുചീകരണപ്രവർത്തനത്തിനായി ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ ലഭ്യമാക്കിയ ബില്ലുകളിൽ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററോ വിതരണം സംബന്ധിച്ച വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

ഇനം	എണ്ണം	സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനം
പ്ലാസ്റ്റിക് ചാക്ക്	50000	KICO
ചൂൽ	1000	KICO

ഗ്ലൗസ്	26000	HEADCO
പ്ലാസ്റ്റിക് ചാക്ക്	28700	KICO
പ്ലാസ്റ്റിക് ചാക്ക്	30000	KICO
പ്ലാസ്റ്റിക് ചാക്ക്	70000	Scientific Solutions.
പ്ലാസ്റ്റിക് ചാക്ക്	70000	Scientific Solutions.
Plastic Sack/ Woven Bags With Printing &Bleaching Powder.	50000 Bleaching Powder. അളവ് ലഭ്യമല്ല.	EDWCCS

2. ബിൽ നം 139 തീയതി. 09/05/2024 പ്രകാരം 11,95,000/- രൂപ 'The Ernakulam District Wholesale Co-Operative Consumer Store'(EDWCCS) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയിൽ നിന്നും IT TDS ഈടാക്കിയതായി കാണുന്നില്ല. IT TDS ഈടാക്കിയതു സംബന്ധിക്കുന്ന രേഖകളോ ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണമോ വ്യക്തമാക്കിയിട്ടില്ല.

3. ആകെ 61,20,989/- രൂപ ചെലവഴിച്ചിരിക്കുന്ന ഈ പ്രോജക്ടിന്റെ 47,60,989/-രൂപയുടെ ചെലവ് രേഖകൾ മാത്രമെ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. The Ernakulam District Wholesale Co-Operative Consumer Store എന്ന സ്ഥാപനത്തിനായി ചെലവഴിച്ചിരിക്കുന്ന 13,60,000/- ചെലവ് രേഖകൾ , ഒറിജിനൽ ക്യാഷ് ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.132/2025.തീയതി:24.10.2025.) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ 13,60,000/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതും ചെലവ് രേഖകൾഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-45 ആറ്റുകാൽ പൊങ്കാല - ചെലവുരേഖകൾ ലഭ്യമാക്കിയില്ല - 1463700/-രൂപ തടസ്സപ്പെടുത്തുന്നു.

ഫയൽ നം. 5416294-2025

1. ആറ്റുകാൽ ശ്രീ ഭഗവതി ക്ഷേത്രത്തിലെ 2025 ലെ പൊങ്കാല മഹോൽസവത്തോടനുബന്ധിച്ച് 13.03.2025 ലെ പൊങ്കാലയ്ക്ക് ശേഷം ക്ഷേത്ര പരിസരവും ഉൽസവമേഖല പ്രദേശവും ശുചീകരണം നടത്തുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്ന 2124 തൊഴിലാളികളുടെ വേതനം നൽകുന്നതിനായി വിവിധ സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ആകെ തുകയായി 14,33,700/-രൂപ (ചെക്ക് നം. 430930/11.03.2025) നഗരസഭാ സെക്രട്ടറിയുടെ 11.03.2025 ലെ H5/352542/2025 നമ്പർ ഉത്തരവ് പ്രകാരം ചുവടെ ചേർക്കും പ്രകാരം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്.

ക്രമ നം	സർക്കിൾ/ സോണൽ	എസ് പി/ എച്ച് ഐ യുടെ പേര്	ആവശ്യമായ തൊഴിലാളികളുടെ എണ്ണം	ദിവസവേതന തുക	ആകെ തുക
1	ചാല	ബിജു എസ്	323	675	218025
2	മണക്കാട്	രജിത റാണി വൈ	255	675	172125
3	സെക്രട്ടറിയേറ്റ്	വൈകുണ്ഠൻ എൽ എസ്	253	675	170775
4	ചെന്തിട്ട	രാജി വി എസ്	246	675	166050
5	ഫോർട്ട്	രാജേഷ് ആർ	220	675	148500
6	ശ്രീകണ്ഠേശ്വരം	അരുൺ എസ് നായർ	193	675	130275
7	കരമന	സജിമോൻ ബി	130	675	87750
8	പാളയം	രമാദേവി ജി	109	675	73575
9	ജഗതി	റോബർട്ട് രാജ്	120	675	81000
10	ബീച്ച്	ഷെറിൻ കമൽ	60	675	40500
11	നന്തൻകോട്	ഹരീഷ് കുമാർ	60	675	40500
12	ശാസ്തമംഗലം	രാജേഷ് കുമാർ ജി	50	675	33750
13	മെഡിക്കൽ കോളേജ്	ബിനോജ് എസ്	50	675	33750
14	പൂന്തുറ	പ്രദീപ് കുമാർ	40	675	27000

15	ഫോർട്ട് ഗ്യാരേജ്	സാബി	15	675	10125
		ആകെ	2124	675	1433700

അഡ്വാൻസ് തുക കൈപ്പറ്റി 10 ദിവസത്തിനകം വൗച്ചറും മറ്റ് അനുബന്ധരേഖകളും അടക്കം സെക്ഷനിൽ ഹാജരാക്കി തുക ക്രമവൽക്കരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിർദേശിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട യാതൊരു രേഖകളും കെ സ്മാർട്ടിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തൊഴിലാളികളുടെ ഐഡി, അറ്റൻഡൻസ് ഉൾപ്പെടെയുള്ള എല്ലാ ചെലവ് രേഖകളും അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കാനും തൊഴിലാളികളുടെ എണ്ണം നിശ്ചയിക്കുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നത് എന്നുള്ള വിവരവും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 106/കെ. എസ്.എ/എ ഒ 2/2025 , തീയതി 3.10.2025) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ 1433700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഫയൽ നം. 383283-2025

ആറ്റുകാൽ പൊങ്കാല മഹോൽസവം 2025 നോടനുബന്ധിച്ച് ക്ഷേത്ര പരിസരത്തുള്ള തെരുവുനായ്ക്കളെ പിടികൂടി എബിസി സെന്ററിൽ എത്തിക്കുന്നതിന് നഗരസഭ വെറ്റിനറി സർജനായ ശ്രീരാഗ് കെ എസ് നെ ചുമതലപ്പെടുത്തിയും ആയതിന്റെ ചെലവുകൾക്ക് ആവശ്യമായ 30000/-രൂപ (ചെക്ക് നം. 430928/ 11-03-2025) അനുവദിച്ചുകൊണ്ടും നഗരസഭാ സെക്രട്ടറി ഉത്തരവ് (11-03-2025 ലെ HO5/177119/2025 നമ്പർ ഉത്തരവ്) പുറപ്പെടുവിച്ചിട്ടുണ്ട്. ചെലവ് നിർവഹണം സംബന്ധിച്ച ബില്ലുകളും വൗച്ചറുകളും കെ സ്മാർട്ടിൽ ഉള്ളടക്കം ചെയ്തിട്ടില്ല. എത്ര നായ്ക്കളെ എബിസി സെന്ററിൽ എത്തിച്ചുവെന്നും വാക്സിനേഷൻ, സ്റ്റെറിലൈസേഷൻ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാനും അനുബന്ധരേഖൾ പരിശോധനക്ക് ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 106/കെ. എസ്.എ/ എഒ 2/2025 , തീയതി 3.10.2025) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ 30000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-46 മാലിന്യ നിർമാർജനത്തെപ്പറ്റി ജനങ്ങളെ ബോധവൽകരിക്കുന്നതിനായുള്ള ഐ.ഇ.സി. സെൽ രൂപീകരണം -പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഫയൽ നം	H-19/70701/2023
പ്രോജക്ട്	ഐ.ഇ.സി. സെൽ
പ്രോജക്ട് നം	1938/2025
അടങ്കൽ	4000000/-ധനകാര്യ കമ്മിഷൻ അവാർഡ്
ചെലവ്	627691/-
ബിൽ നം/ചെക്ക് നം	ലഭ്യമല്ല.
നിർവഹണം	ഹെൽത്ത് സൂപ്പർ വൈസർ

1074/2023-24 ആയി മുൻവർഷം ഏറ്റെടുത്ത പദ്ധതിയാണിത്. തൻവർഷവും ഈ പദ്ധതി തുടർന്ന് വരുന്നു. മാലിന്യ നിർമാർജനത്തെപ്പറ്റി ജനങ്ങളെ ബോധവൽകരിക്കുകയാണ് പ്രോജക്ട് ലക്ഷ്യം. ടി പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഐ.ഇ.സി. സെൽ രൂപീകരണം സംബന്ധിച്ച് പൂർണ വിവരങ്ങളില്ല .

നഗരസഭയുടെ ജൈവ/അജൈവ/ദ്രവ മാലിന്യങ്ങളുടെ കൃത്യമായ കണക്കെടുപ്പ് നടത്തുകയും അത് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുകയും കൂടാതെ സ്വച്ഛഭാരത മിഷൻ, സർക്കാർ എന്നിവർക്ക് കൃത്യമായ കണക്ക് നൽകുകയും ആയത് പരിശോധിക്കുകയും നഗരസഭയുടെ മാലിന്യം നീക്കം ചെയ്യുന്ന വാഹനങ്ങളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും ഡാറ്റകൾ കൈകാര്യം ചെയ്യുന്നതിനും നഗരസഭയുടെ വേസ്റ്റ് മാനേജ്മെന്റിനെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധമുണ്ടാക്കുന്നതിനും പരസ്യപ്രചാരണങ്ങൾക്കുള്ള ഉള്ളടക്കം തയ്യാർ ചെയ്യുന്നതിനും സോഷ്യൽ മീഡിയ പ്രചരണങ്ങൾക്കും മറ്റ് മാധ്യമ പ്രചരണങ്ങൾക്കും ചുക്കാൻ പിടിക്കുന്നതിനും ആവശ്യമായ വിദഗ്ധർ ഉൾക്കൊള്ളുന്ന സെൽ രൂപീകരിച്ച് 5 വർഷത്തേക്ക് പ്രവർത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. തൻവർഷവും പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

ഈ പദ്ധതി വിഭാവനം ചെയ്തിരുന്നതുപോലെ വിദഗ്ധർ ഉൾക്കൊള്ളുന്ന സെൽ രൂപീകരിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഇത്തരത്തിലുള്ള സെൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരം, അംഗങ്ങളുടെ വിവരങ്ങൾ, നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ജനങ്ങളെ അവബോധരാക്കുവാനായി സ്വീകരിച്ച നടപടികൾ, പ്രചാരണ രീതികൾ, മീറ്റിംഗ് മിനിട്സ് ബുക്ക് എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.131/2025.തീയതി:24.10.2025) നൽകിയെങ്കിലും 15/12/2025 ന് ലഭ്യമാക്കിയ മറുപടിയിൽ സെൽ രൂപീകരിച്ചത് സംബന്ധിച്ചോ പദ്ധതിയുടെ നാളിതുവരെയുള്ള ബോധവൽകരണ പ്രവർത്തനങ്ങളെക്കുറിച്ചോ ഉള്ള വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട മേഖലയിൽ നഗരസഭ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ പൊതു ജനങ്ങളെ അറിയിക്കുന്നതിനും ടി മേഖലയിലെ സമഗ്രമായ ബോധവൽകരണത്തിനുമായി നഗരസഭ രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായ ഐ.ഇ.സി. സെൽ രൂപീകരണം എന്നപേരിലുള്ള പ്രോജക്ടിന്റെ ഒന്നാം ഘട്ടം എന്നത് ആസ്തി സമാഹരണവും രണ്ടാം ഘട്ടം എന്നത് മാനവശേഷി സമാഹരണവുമായിരുന്നുവെന്നും ഇതിൽ ഒന്നാം ഘട്ടമായ ആസ്തി സമാഹരണം പൂർത്തിയായി എന്നും രണ്ടാം ഘട്ടമായി ജീവനക്കാരുടെ നിയമനം ശമ്പളം നൽകൽ എന്നിവയ്ക്കായി നഗരസഞ്ചയം ഫണ്ട് വിനിയോഗിക്കുവാൻ നിർവാഹമില്ലായെന്ന നിർദ്ദേശം ലഭ്യമായതിനെത്തുടർന്ന് ടി പ്രവൃത്തിയ്ക്കായി തനത് ഫണ്ടിൽനിന്നും തുക വകയിരുത്തി പദ്ധതി ഭേദഗതി വരുത്തുന്നതിന് തീരുമാനം കൈക്കൊണ്ടതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നഗരസഭ കൈക്കൊണ്ടതും ഏറ്റെടുത്ത നടപ്പിലാക്കിയതുമായ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്.

2. പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല .

ഈ പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയതായി കാണുന്നു. Gem വഴിയാണ് വാങ്ങൽ നടപടികൾ നിർവഹിച്ചിരിക്കുന്നത്.

ക്രമ നം	ഉപകരണം	എണ്ണം	തുക
1	PA Amplifier 5000DP	1	36588/-
2	Ahuja SRX-510	2	44978/-
3	Seagate 4TB Wired External Hard Disc Drive	1	14930/-
4	ACER All In One PC	7	394503/-
5	Ahuja Wireless	1	6332/-

	Microphone		
6	Ahuja Wireless Microphone	1	1450/-
7	HP 1-5 Laptop With BreakUp	2	82360/-
8	LG Multimedia Projector.		46550/-
	Total	6,27,691/-	

വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും ഇവ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നതിന്റെയോ പ്രോജക്ടിന്റെ ആവശ്യത്തിനു ഉപയോഗിച്ചതിന്റെയോ വിശദാംശങ്ങൾ ലഭ്യമല്ല. പ്രോജക്ടിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുകയും എന്നാൽ അവ ഉപയോഗിക്കാതിരിക്കുകയും ചെയ്തതിലൂടെയും ഐ.ഇ.സി സെൽ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ ഏകോപിപിക്കാത്തതിലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതുമാണ്.

1-47 നഗരസഞ്ചയം പദ്ധതി - അവലോകനം

തൻവർഷം വിവിധ നിർവഹണഉദ്യോഗസ്ഥർ മുഖേന 129 പ്രോജക്ടുളാണ് ആവിഷ്കരിച്ചതെങ്കിലും 35 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ

ക്രമ നം	നിർവഹണ ഉദ്യോഗസ്ഥർ	പ്രോജക്ടുകളുടെ എണ്ണം			ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയത്		
		ആകെ	നടപ്പാക്കിയത്	ശതമാനം	വകയിരു ത്തിയ തുക	ചെലവ് തുക	ചെലവ് ശതമാനം
1	സെക്രട്ടറി	90	20	22.2	582384011	80999735	13.9
2	കോർപ്പറേഷൻ എഞ്ചിനീയർ	1	1	100	21000000	4452441	21.2
3	എക്സി.എഞ്ചിനീയർ	13	10	76.92	111867214	76562057	68.4
4	അസി.എക്സി.എഞ്ചിനീയർ	3	2	66.6	17250000	1671269	9.68
5	അസി.എഞ്ചിനീയർ	1	0	--	1000000	0	0
6	ഹെൽത്ത് ഓഫീസർ	2	0	--	12500000	0	0
7	ഹെൽത്ത് സൂപ്പർവൈസർ	19	2	10.52	116421323	5582171	4.79
ആകെ		129	35	27.1	862422548	169267673	19.6

വകവരുത്തിയ തുകയുമായുള്ള താരതമ്യത്തിൽ ചെലവ് ശ്രദ്ധേയം

ആകെ അംഗീകരിച്ച 129 പ്രോജക്ടുകളിൽ 35 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വകയിരുത്തിയതിന്റെ 19.6% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 162/കെ. എസ്.എ/എഒ2/2025, തീയതി 23.12.2025) 2024-25 സാമ്പത്തികവർഷം ആവിഷ്കരിച്ചിരുന്ന ഭൂരിഭാഗം പദ്ധതികളും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവൃത്തികളാണെന്നും ടി സ്ഥാപനങ്ങൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ബിൽ സമർപ്പിച്ചാൽ മാത്രമേ നഗരസഭയ്ക്ക് ആയതിന്റെ തുക അനുവദിക്കാൻ സാധിക്കുകയുള്ളുവെന്ന് മറുപടി ലഭിച്ചു. മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനമേധാവികളുമായി കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ കൂടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-47-1 നഗരസഞ്ചയം -വിവിധ വാർഡുകളിലെ ലൈൻ എക്സ്റ്റൻഷനും മാറ്റലും പ്രവൃത്തികൾ- വാട്ടർ അതോറിട്ടിയിൽ തുക നിക്ഷേപിച്ചത് - വ്യവസ്ഥകൾ പാലിക്കുന്നില്ല – 8,15,76,000/- രൂപ തടസ്സപ്പെടുത്തുന്നു

നഗരസഞ്ചയം പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ മാറ്റലും എക്സ്റ്റൻഷനും സംബന്ധിച്ച പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ച് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഏതാനും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി നിർവഹണം സംബന്ധിച്ച 31-01-2023 ലെ കരാർ ഉടമ്പടി ക്രമ നം. 3 പ്രകാരം നഗരസഭയുടെ വാർഡുകളിൽ നിന്നും ലഭിക്കുന്ന നിർദേശമനുസരിച്ച് വാർഡ് തലത്തിൽ തയ്യാറാക്കിയ ലൊക്കേഷൻ ഉൾപ്പെടുന്ന ലിസ്റ്റ് നഗരസഭ തയ്യാറാക്കേണ്ടതും നഗരസഭ അംഗീകരിച്ച് നൽകുന്ന സ്ഥലങ്ങളിൽ കേരള വാട്ടർ അതോറിറ്റി പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതും പ്രസ്തുത തീയതിയിലെ കരാർ ഉടമ്പടി ക്രമ നം. 4 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിലും ഗുണനിലവാരത്തിലും പ്രവൃത്തി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവൃത്തി നിർവഹിക്കേണ്ടത് എന്നത് സംബന്ധിച്ച വിശദമായ ലൊക്കേഷൻ ലിസ്റ്റ് നഗരസഭ, വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയോ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

പ്രസ്തുത തീയതിയിലെ കരാർ ഉടമ്പടി ക്രമ നം. 7 പ്രകാരം പ്രസ്തുത പ്രവൃത്തി തുക ഡെപ്പോസിറ്റ് ചെയ്യുന്ന തീയതി മുതൽ 9 /12 മാസത്തിനകം പൂർത്തിയാക്കേണ്ടതും കരാർ ഉടമ്പടി ക്രമ നം. 5 പ്രകാരം വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലിറ്റി സർട്ടിഫിക്കറ്റ്, പെർഫോമൻസ് സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ കോർപ്പറേഷന് നൽകേണ്ടതുമാണ്. എന്നാൽ തൻവർഷം തുക നിക്ഷേപിച്ച പദ്ധതികൾ എല്ലാം തന്നെ ഏകദേശം ഒരു വർഷം കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി നടത്തിയതായി കാണുന്നില്ല.

ചുവടെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിനായി വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറിയെങ്കിലും മേൽ വ്യവസ്ഥകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല.

ഫണ്ടിനം: ധനകാര്യകമ്മീഷൻ ടൈഡ് ഫണ്ട്

ക്രമ നം	പ്രോജക്ട് നം/ പേര്	ചെലവ്	ബിൽ നം
1	SO 1232/2025, ഉള്ളൂർ വാർഡിലെ ലൈൻ എക്സ്റ്റൻഷനും മാറ്റലും	10000000	2762/6-3-2025
2	SO 1230/2025, പൂങ്കുളം വാർഡിലെ പൈപ്പ്ലൈൻ മാറ്റലും നീളം കൂട്ടലും	47000000	2633/26.02.2025

3	SO 697/2025, പുന്നയ്ക്കാമുകൾ വാർഡിലെ പൈപ്പ്ലൈൻ മാറ്റലും നീളം കൂട്ടലും	2038000	2632/26.02.2025
4	SO 1229/2025, പുഞ്ചക്കരി വാർഡിലെ പൈപ്പ്ലൈൻ മാറ്റലും നീളം കൂട്ടലും	2595000	2631/26-02-2025
5	SO 1228/2025, പെരുന്താന്നി വാർഡിലെ പൈപ്പ്ലൈൻ മാറ്റലും നീളം കൂട്ടലും	3400000	2638/26-02-2025
6	SO 1243/2025, ആറ്റുകാൽ വാർഡിലെ പൈപ്പ്ലൈൻ മാറ്റലും നീളം കൂട്ടലും	4895000	2629/26-02-2025
7	SO 1231/2025, ലൈൻ എക്സ്റ്റെൻഷൻ മാറ്റലും പുതിയ 110HP പമ്പ് വെയ്ക്കലും - കടപ്പനക്കുന്ന്	11648000	2761/6-3-2025
ആകെ		81576000	

മേൽ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 165/കെ. എസ്.എ/എ ഒ 2/ 2025, തീയതി 23.12.2025 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 8,15,76,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-47-2 നഗരസഞ്ചയം പദ്ധതി - നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ 16 MLD വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ വിഹിതം നൽകൽ - പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം -അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്

സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ നഗരസഞ്ചയം പദ്ധതിയിൽ ഉൾപ്പെടുത്തി 16,68,30,000/- രൂപ വകയിരുത്തി ബഹുവർഷ പ്രോജക്ടായി ഏറ്റെടുത്തിട്ടുള്ള 16 MLD വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെയായി 7,36,30,000/-രൂപ തിരുവനന്തപുരം നഗരസഭയുടെ വിഹിതമായി തിരുവനന്തപുരം നഗരസഭാ സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.

വർഷം	കൈമാറിയ തുക
2022-23	20000000
2023-24	27630000
2024-25	26000000
ആകെ	73630000 /-

കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം ത.സ്വ.ഭ സ്ഥാപനത്തിന് നൽകാവൂ എന്നും ഡെപ്പോസിറ്റ് വർക്കുകൾക്കായുള്ള തുക കൈമാറുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ തയ്യാറാക്കി നല്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്നും, ഇങ്ങനെ ഡെപ്പോസിറ്റ് ചെയ്യുന്ന അവസരത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനം പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും പദ്ധതിമാർഗ്ഗരേഖ സ.ഉ(കൈ)84/2022/ത.സ്വ.ഭ.വ/19.4.2022 ഖ 12.2 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നിർവഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയുമായി നെയ്യാറ്റിൻകര നഗരസഭ കരാറിൽ ഏർപ്പെട്ടതിന്റെ വിവരം ഫയലിൽ ഇല്ല. മേൽ പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായ വാട്ടർ അതോറിട്ടിയും നെയ്യാറ്റിൻകര നഗരസഭയും തമ്മിൽ കൂടിയാലോചനായോഗങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 183 /കെ. എസ്.എ/എ ഒ 2/2025 തീയതി 03.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രവൃത്തിയിലേയ്ക്കായി നാളിതുവരെ 7,36,30,000/-രൂപയാണ് വാട്ടർ അതോറിട്ടിയ്ക്ക് നൽകുന്നതിനായി നെയ്യാറ്റിൻകര നഗരസഭയ്ക്ക് തിരുവനന്തപുരം നഗരസഭ കൈമാറിയിട്ടുള്ളത്. നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയുടെ ഇ2/11521/23 നമ്പർ കത്തിൽ (7,36,30,000/-രൂപയ്ക്ക് പുറമെ) 2021-22 ൽ തിരുവനന്തപുരം നഗരസഭ നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള 5,00,65,000/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും തിരുവനന്തപുരം നഗരസഭയുടെ പ്രോജക്ട് വിശകലനത്തിൽ ആയത് സംബന്ധിച്ചുള്ള വിവരങ്ങളൊന്നും ഇല്ല. പ്രസ്തുത തുക ഏത് പ്രോജക്ടിന്റെ ഭാഗമായി നൽകിയതാണെന്നതും അതിന്റെ തുടർനടപടികളും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിർമാണപ്രവൃത്തി 31.01.2025 ന് ആരംഭിച്ച എന്നും ക്ലിയർ വാട്ടർ സമ്പ്, പമ്പ് ഹൗസ് എന്നിവയുടെ നിർമാണപ്രവൃത്തികൾ പുരോഗമിക്കുന്നുവെന്നുമുള്ള വിവരമാണ് ഫയലിൽ ഉള്ളത്. സ.ഉ(കൈ)84/2022/ത.സ്വ.ഭ.വ/19.4.2022 ഖ 12.2.5.ഡി (Iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. തുക ഡെപ്പോസിറ്റ് ചെയ്ത് ഏകദേശം നാല് വർഷമായിട്ടും ഇതുവരെ ചെയ്തിട്ടുള്ള പ്രവൃത്തിമൂല്യം സംബന്ധിച്ച് യാതൊരുവിവരവും ഫയലിൽ ഇല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 183 /കെ. എസ്.എ/എ ഒ 2/2025 തീയതി 03.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വൻതുക ഡെപ്പോസിറ്റ് ആയി നൽകിയിട്ടും തുടർനടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ വിശദീകരണവും അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

1-47-3 നഗരസഞ്ചയം പദ്ധതി- വിവിധ പ്രവൃത്തികൾക്കായി മറ്റ് ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയത് - പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയില്ല – 10721573/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിനായി മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് നഗരസഭാ വിഹിതം നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ രേഖകൾ, വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ആയവ അടിയന്തിരമായി ഹാജരാക്കാൻ

ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകയറി (നം. 164/കെ. എസ്.എ/എ ഒ 2/2025 , തീയതി 23.12.2025) നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ആകെ ചെലവ്തുകയായ 1,07,21,573/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ട് പേര്	തുക കൈപ്പറ്റിയ സ്ഥാപനം	ചെലവ് തുക	ബിൽ നം/തീയതി
1	SO 1216/2025	മുദാക്കൽ ഗ്രാമപഞ്ചായത്തിലെ പൈപ്പ്ലൈൻ ദീർഘിപ്പിക്കലും 200HP& 40HP VT പമ്പ്സെറ്റ് അയിലം പമ്പ് ഹൗസിലേക്ക് സ്ഥാപിക്കലും - വിഹിതം നൽകൽ	മുദാക്കൽ ഗ്രാമപഞ്ചാ യത്ത്	1000000	2781/6-3-25
2	SO 1179/2025	ബയോകമ്പോസ്റ്റ് ബിന്നിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	കോട്ടുകാൽഗ്രാമപഞ്ചായത്ത്	1781400	3534/25-3-25
3	1178/25	സോഴ്സ് ലവൽ സെഗ്രിഗേഷൻ -2, ബാഗ് 1 ബിൻ മോഡലിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	വെങ്ങാനൂർ	1044000/-	3206/21-03-2025
			കരവാരം	1278210/-	3209/21-03-2025
			വെമ്പായം	895000/-	1230/07.10.2024
4	1173/25	ലിറ്റർ ബിൻസിനായി വിഹിതം നൽകൽ	വെങ്ങാനൂർ	321435/-	3215/ 21-3-25
			കാട്ടാക്കട	1690500/-	1920/06-01-25
			പോത്തൻകോട്	495000/-	1419/11-11-24
			അണ്ടൂർക്കോണം	299700	1419/11-11-24
			മുദാക്കൽ	477800/-	3207/21-03-25
			കിഴുവിലം	382455/-	1416/11-11-24
5	1199/25	വിവിധ ഗ്രാമപഞ്ചായത്തുകളിലെ പൊതുസ്ഥാപനങ്ങളിൽ മഴവെള്ളസംഭരണിയ്ക്കായി വിഹിതം നൽകൽ	വക്കം	320071/-	1418/11-11-24
			കിഴുവിലം	308142/-	3809/31-3-25
			കരുംകുളം	427860/-	1934/7-1-25
ആകെ				10721573	

1-47-4 നഗരസഞ്ചയം - ബയോകമ്പോസ്റ്റ് ബിന്നിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – ഉറവിടത്തിൽ നിന്നുമുള്ള നികുതി കുറവ് ചെയ്യുന്നില്ല, ബിന്നുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നതിൽ ഏകീകൃതസ്വഭാവമില്ല

1.ഉറവിടത്തിൽ നിന്നു മുള്ള നികുതി കുറ വ് ചെയ്യാതെ ഏജൻസികൾക്ക് തുക അനുവദിക്കുന്നു

നഗരസഭാ സെക്രട്ടറി നിർവഹണം നടത്തിയ SO 1173/25, SO 1178/25 , SO 1179/25 എന്നീ പ്രോജക്കുകൾ പ്രകാരം മറ്റ് ഏജൻസികളിൽ നിന്നും ബയോകമ്പോസ്റ്റ് ബിന്നുകൾ/സോഴ്സ് ലവൽ സെഗ്രിഗേഷൻ യൂണിറ്റ് എന്നിവ വാങ്ങി വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് CFC Tide ഗ്രാന്റിൽ നിന്നും നഗരസഭ വിഹിതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഏജൻസികൾക്ക് തുക അനുവദിക്കുമ്പോൾ ഉറവിടത്തിൽ നിന്നും കുറയ്ക്കേണ്ടതായ നികുതി കുറവ് ചെയ്യാണോ ഗ്രാമപഞ്ചായത്തുകൾ തുക അനുവദിക്കുന്നതെന്ന് നഗരസഭ ഉറപ്പ് വരുത്തുന്നില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ചിട്ടുള്ളതും കെ സ്മാർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളതുമായ ടഷറി ബില്ലുകൾ പരിശോധിച്ചതിൽ GST TDS, IT TDS കുറവ് ചെയ്യാതെയോ GST TDS മാത്രം കുറവ് ചെയ്തോ ആണ് ഏജൻസികൾക്ക് തുക അനുവദിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എല്ലാ ഫയലിലും ടഷറി ബില്ലുകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പരിശോധന പൂർണമാക്കാൻ കഴിഞ്ഞില്ല.

വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നം	പ്രോജക്ട് നം. പേര്	ഗ്രാമപഞ്ചായത്തിന്റെ പേര്	ചെലവ് തുക/ ബിൽ നം. തീയതി	ഏജൻസിയുടെ പേര്/ ഇനം	ജി എസ് ടി ടി ഡി എസ്	ഐ ടി ടി ഡി എസ്
1	1173/25, ലിറ്റർ ബിൻസി നായി വിഹിതം നൽകൽ	വെങ്ങാനൂർ	321435/- 3215/ 21-03-2025	സഫാരി ടെയിഡിംഗ് കമ്പനി, മലപ്പുറം/ ലിറ്റർ ബിൻസ് (45 എണ്ണം @ 7143)	ഇല്ല	ഇല്ല
		കാട്ടാക്കട	1690500/- 1920/06-01-2025	ഭാരത് ഇൻഡസ്ട്രീസ്, പെരുങ്കടവിള/ ലിറ്റർ ബിൻസ് (69 എണ്ണം@ 24500) (60+60L)	33810	ഇല്ല
		പോത്തൻകോട്	495000/- 1419/11-11-2024	ഫ്ലോറ്റ് ടെക്നോളജി, പഴവങ്ങാടി	ഇല്ല	ഇല്ല
		അണ്ടൂർക്കോണം	299700 1419/11-11-2024	ഫ്ലോറ്റ് ടെക്നോളജി, പഴവങ്ങാടി ലിറ്റർ ബിൻസ് (9എണ്ണം @ 33300) (60L)	ടഷറി ബിൽ ഹാജരാക്കാത്തതി നാൽ കുറവ് ചെയ്ത നികുതി ഉറപ്പാക്കാനാകുന്നില്ല.	
		മുദാക്കൽ	477800/- 3207/ 21-03-2025	വേണാട് കെമിക്കൽസ്, കൊല്ലം/ സ്റ്റെയിൻലെസ് സ്റ്റീൽ ലിറ്റർ ബിൻ (20എണ്ണം @ 23890)	ടഷറി ബിൽ ഹാജരാക്കാത്തതി നാൽ കുറവ് ചെയ്ത നികുതി ഉറപ്പാക്കാനാകുന്നില്ല.	
2	1178/25, സോഴ്സ് ലവൽ സെഗ്രിഗേഷൻ -2, ബാഗ് 1 ബിൻ മോഡലിനാി നായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	വെങ്ങാനൂർ	1044000/- 3206/21-03-2025	സോഷിയോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, വെള്ളയമ്പലം / സെഗ്രിഗേഷൻ യൂണിറ്റ് 3000 എണ്ണം @ 348)	ഇല്ല	ഇല്ല
		കരവാരം	1278210/- 3209/21-03-2025	ഫാമിലി പ്ലാസ്റ്റിക്സ്, സോഴ്സ് ലവൽ സെഗ്രിഗേഷൻ യൂണിറ്റ്	21666	ഇല്ല

		വെമ്പായം	895000/- 1230/07.10.2024	ഫ്ലോറ്റ് ടെക്നോളജി, പഴവങ്ങാടി	ഇല്ല	ഇല്ല
3	1179/25 ബയോകമ്പോസ്റ്റ് ബിന്നിനായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	കോട്ടുകാൽ	1781400/- 3534/25-03-2025	എസ് ആർ എസ് , വേസ്റ്റ് കളക്ഷൻ ബിൻ 1050 എണ്ണം @ 347 (364350/-)	ഇല്ല	ഇല്ല
				ഐ റ്റി പ്രൊഫഷണൽസ് ,ബയോ കമ്പോസ്റ്റ് ബിൻ 250 എണ്ണം @ 1942.2 (485550/-)	ഇല്ല	ഇല്ല
				ഐ റ്റി പ്രൊഫഷണൽസ് പ്ലാസ്റ്റിക്സ് വേസ്റ്റ് കളക്ഷൻ ബിൻ 2700 എണ്ണം @ 345 (931500/-)	ഇല്ല	ഇല്ല

2. ബിന്നുകളുടെ സ്പെസിഫിക്കേഷൻ , കപ്പാസിറ്റി, നിരക്ക് എന്നിവ നിശ്ചയിക്കുന്നതിൽ ഏകീ കൃത സ്വഭാവമില്ല

ക്രമ നം. 1 പ്രോജക്ട് പ്രകാരം (നം. 1173/25) ഓരോ ഗ്രാമപഞ്ചായത്തുകളും വിവിധ നിരക്കിലും സ്പെസിഫിക്കേഷനിലും കപ്പാസിറ്റിയിലുമുള്ള ബിന്നുകൾ ആണ് വാങ്ങിയിട്ടുള്ളത്. വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് 7143/-രൂപയുടെയും കാട്ടാക്കട ഗ്രാമപഞ്ചായത്ത് 24500/-രൂപയുടെയും അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് 33300/-രൂപയുടെയും മുദാക്കൽ ഗ്രാമപഞ്ചായത്ത് 23890/-രൂപയുടെയും മൂല്യമുള്ള ബിന്നുകളാണ് വാങ്ങിയിട്ടുള്ളത്. കാട്ടാക്കട ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുള്ള ബിന്നിന്റെ കപ്പാസിറ്റി 120 L ആണെങ്കിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുള്ള ബിന്നിന്റെ കപ്പാസിറ്റി 60 L ആണ്. മറ്റ് ഗ്രാമപഞ്ചായത്തുകൾ വാങ്ങിയ ബിന്നുകളുടെ കപ്പാസിറ്റി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മുദാക്കൽ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുള്ളത് സ്റ്റെയിൻലെസ് സ്റ്റീൽ മെറ്റീരിയലിലുള്ള ബിന്നാണ്. ഓരോ പഞ്ചായത്തുകളും സ്പെസിഫിക്കേഷൻ നിശ്ചയിച്ചത് എപ്രകാരമാണെന്നും ആവശ്യകതക്കനുസരിച്ച് തന്നെയാണോ എന്ന് ഉറപ്പ് വരുത്തുന്നില്ല. ഇപ്രകാരം സാധനങ്ങൾ വാങ്ങുന്നതിന് ഏകീകൃത സ്വഭാവം പാലിക്കാത്തത് മൂലം ചെലവിന്റെ കൃത്യതയും സുതാര്യതയും നിർണയിക്കാൻ കഴിയുന്നില്ല. ഗുണമേന്മ ഇല്ലാത്ത സാധനങ്ങൾ പെട്ടെന്ന് നശിച്ച് പോകുകയും ചെയ്യും. മേൽ അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും പ്രോജക്ട് രൂപീകരണ നിർവഹണ വേളയിൽ വിഹിതം നൽകുന്ന സ്ഥാപനമായ തിരുവനന്തപുരം നഗരസഭ വിഹിതം കൈപ്പറ്റുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ബിന്നുകളുടെ വാങ്ങലിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി (നം.163/കെ. എസ്.എ/എ ഒ 2/2025 തീയതി 23.12.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബിന്നുകൾ വാങ്ങുന്നതിനായി വിഹിതം കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകൾ ഏജൻസികൾക്ക് അനുവദിച്ച തുകയിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള നികുതി ഈടാക്കി അതാത് വകപ്പിൽ ഒടുക്കാൻ നിർദേശം നൽകേണ്ടതും തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ബിന്നുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നതിൽ ഏകീകൃതസ്വഭാവമുണ്ടാകേണ്ടത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-48 ഭിന്നശേഷിയുള്ളവർക്ക് ഉപകരണവിതരണം ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിയ്ക്കാതെ വാങ്ങൽ നടത്തി- 9,27,900/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	SO223/25
പേര്	ഭിന്നശേഷിയുള്ളവർക്ക് ഉപകരണം വിതരണം
അടങ്കൽ തുക	5,000,000/-രൂപ
ചെലവ് തുക	9,27,900/-രൂപ
ഫണ്ടിനം	വികസന ഫണ്ട് -ജനറൽ
ബിൽ നം./തീയതി	3359/24.03.25 -7600/-രൂപ
	2549/19.02.25-336800/-രൂപ
	2550/19.02.25-350100/-രൂപ
	3660/26.03.25-233400/-രൂപ
നിർവ്വഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ IV

നഗരസഭാപ്രദേശത്തെ ഭിന്നശേഷിയുള്ളവർക്ക് ഹിയറിംഗ് എയ്ഡ്, വീൽ ചെയർ, സൈഡ് വീലോട് കൂടിയ സ്കൂട്ടർ എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് പ്രകാരം വഞ്ചിനാട് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീലോട് കൂടിയ 9 സ്കൂട്ടറുകൾ വാങ്ങിയിട്ടുണ്ട് . കൂടാതെ 7600/- രൂപ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ഡോക്ടർമാർക്ക് റമ്യൂണറേഷൻ ഇനത്തിൽ നൽകിയിട്ടുണ്ട് .

സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാതെയും ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിയ്ക്കാതെയും സർജിക്കൽ ഉപകരണങ്ങൾ വിപണനം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുമാണ് സ്കൂട്ടറുകൾ വാങ്ങിയത്. വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

I)സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കി.

സബ്സിഡി മാർഗരേഖ (സ.ഉ.(കൈ) നം.115/22/ത.സ്വ.ഭ.വ തീ.28.05.22) ഖ.7.1.3 (1) പ്രകാരം ഭിന്നശേഷിക്കാരെ പരിശോധിച്ച് അവർക്ക് അവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചതിന് ശേഷം മാത്രമേ ഉപകരണ വിതരണത്തിനായിട്ടുള്ള പ്രോജക്ട് തയ്യാറാക്കാവൂ. ഇതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് മുൻപ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തണം . ഹാജരാക്കിയ രേഖകൾ പ്രകാരം മെഡിക്കൽ പരിശോധന നടത്തിയിരിക്കുന്നത് 30.01.25, 31.01.25 തീയതികളിലാണ്. പ്രോജക്ട് രൂപീകരണ ഫോറം 3 ക്രമ നം.V പ്രകാരം പ്രോജക്ടിന് അംഗീകാരം

നൽകിയിരിക്കുന്നത് 26.09.2024-നമാണ്. മാർഗരേഖയിൽ നിഷ്കർഷിക്കും പ്രകാരം പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം.21/ കെ.എസ്.എ./ടി.വി.സി.5/2024-25 തീയതി-28.06.25) വാർഡ് സഭകളിൽ നിന്നും ലഭിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് നൽകിയതിന് ശേഷമാണ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതെന്നും വാർഡ്സഭയിൽ അപേക്ഷ ക്ഷണിച്ച് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി നഗരസഭ കൌൺസിൽ അംഗീകരിച്ച ശേഷമാണ് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നൽകുന്നതെന്നും വാർഡ്സഭകൾ കൂടുന്നത് മുമ്പാണ് പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതെന്നമാണ് മറുപടി ലഭ്യമാക്കിയത്.

Ii)ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിയ്ക്കാതെ വാങ്ങൽ നടത്തി.

വഞ്ചിനാട് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ താരതമ്യ പട്ടിക പ്രകാരം വഞ്ചിനാട് സർജിക്കൽസ് എന്ന സ്ഥാപനം L5 ബിഡ്ഡറാണ്. പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞടുത്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് വിശദമാക്കുവാനും ടെണ്ടർ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള കൌൺസിൽ തീരുമാനം ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/കെ.എസ്.എ./ടി.വി.സി.5/2024-25 തീയതി-28.06.25) പ്രസ്തുത പ്രോജക്ടിൽ സ്ഥാപനങ്ങളെ തെരഞ്ഞടുക്കുന്ന നടപടി പൂർത്തീകരിച്ചിട്ടില്ലായെന്നും പ്രോജക്ട് നം.985/25 പ്രകാരമുള്ള ബാലൻസ് തുകയായ 9,20,300/- രൂപയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി മാറി നൽകിയിട്ടുള്ളത് എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയത്. വഞ്ചിനാട് സർജിക്കൽസിന്റെ 23.01.25 ലെ ബിൽ (നം.VS/24-25-196) പ്രകാരം സൈഡ് വീലോട് കൂടിയ 4 സ്റ്റ്രെച്ചറുകളുടെ വില 4,66,800/- രൂപയാണ്. എന്നാൽ നഗരസഭ പ്രസ്തുത സ്ഥാപനത്തിന് നൽകിയത് (ബിൽ നം.2549/19.02.25) 3,36,800/- രൂപയാണ് . ബാക്കി തുക 1,30,000/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത തുക 985/25-ാം നമ്പർ പദ്ധതി പ്രകാരം മാറി നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഓഡിറ്റിന്റെ പരിശോധനയിൽ 985/25-ാം നം.പ്രോജക്ട് പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി ബോദ്ധ്യമായി. അതിൽ ബിൽ നം.2392/12.02.25 പ്രകാരം വഞ്ചിനാട് സർജിക്കൽസിന് നൽകിയ 1,30,000/- രൂപ SO223/25-ാം നം. പ്രോജക്ട് പ്രകാരം വാങ്ങിയ സ്ട്രെച്ചറുകളുടെ വിലയാണെന്നും ബോധ്യപ്പെട്ടു. 985/25ാം നമ്പർ പ്രോജക്ടിനായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ച സാഹചര്യത്തിലാണ് SO223/25 ാം നമ്പർ പ്രോജക്ട് പ്രകാരം വകയിരുത്തിയ തുകയിൽ നിന്നും 1,30,000 രൂപ ചെലവഴിച്ചത്. SO223/25ാം നമ്പർ പ്രോജക്ട് 28/24 എന്ന മുൻവർഷ പ്രോജക്ടിന്റെ സ്പിൽഓവർ പ്രോജക്ട് ആണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിയ്ക്കാതെയാണ് സ്ട്രെച്ചർ വാങ്ങുന്നതിനായി മേൽ പ്രോജക്ടിനായി വകയിരുത്തിയ തുക ചെലവഴിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ചെലവ് തുക 9,27,900/-രൂപ തടസ്സപ്പെടുത്തുന്നു.

Iii)സർജിക്കൽ ഉപകരണങ്ങൾ വിപണനം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ട്രൈസ്ക്കൂട്ടർ വാങ്ങി

പ്രോജക്ട് പ്രകാരമുള്ള ട്രൈസ്ക്കൂട്ടറുകൾ (TVS Jupitre 125) വാങ്ങിയത് വഞ്ചിനാട് സർജിക്കൽസിൽ നിന്നുമാണ് . പ്രസ്തുത സ്ഥാപനം സർജിക്കൽ ഉപകരണങ്ങൾ വിപണനം ചെയ്യുന്നതാണ്. നിരത്തിലോടുന്ന വാഹനമായ സ്കൂട്ടറിൽ സൈഡ് വീൽ ഇൻസ്റ്റാൾ ചെയ്താണ് ട്രൈ സ്കൂട്ടർ തയ്യാറാക്കുന്നത്. അത്തരത്തിലുള്ള ട്രൈ സ്കൂട്ടർ പ്രസ്തുത സ്ഥാപനം നിർമ്മിക്കുന്നില്ല.

ഇപ്രകാരം വഞ്ചിനാട് സർജിക്കൽസിൽ നിന്നും നിയമവ്യവസ്ഥകൾ മറികടന്ന് ട്രൈസ്ക്കൂട്ടറുകൾ വാങ്ങിയത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ GEM മുഖേനയോ ഇടനിലക്കാരില്ലാതെ ഉപകരണങ്ങളുടെ നിർമ്മാതാക്കളിൽ നിന്നോ വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

Iv) അനുബന്ധ ഉപകരണങ്ങൾ വാങ്ങിയില്ല.

സൈഡ് വീലോട് കൂടിയ സ്കൂട്ടറുകൾക്ക് പുറമേ ഹിയറിംഗ് എയ്ഡ് ,വീൽ ചെയർ എന്നിവ വാങ്ങുന്നതിനും പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നു. ആയവ വാങ്ങാത്തതിന്റെ കാരണം എന്താണ് എന്നത് വിശദമാക്കുവാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/കെ.എസ്.എ./ ടി.വി.സി.5/2024-25 തീയതി-28.06.25) ഉപകരണങ്ങളുടെ ക്ഷമത പരിശോധന നടത്താത്തതിനാലാണ് മറ്റ് ഉപകരണങ്ങളുടെ വാങ്ങൽ നടപടി പൂർത്തീകരിയ്ക്കാത്തതെന്നും പ്രോജക്ടിന് സ്പിൽഓവറായി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും 2025-26 സാമ്പത്തിക വർഷം വാങ്ങൽ നടപടി പൂർത്തീകരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-49 ഭിന്നശേഷിയുള്ളവർക്ക് ഉപകരണം വിതരണം നിർവ്വഹണത്തിൽ അപാകങ്ങൾ 13,31,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	SO985/25
പേര്	ഭിന്നശേഷിയുള്ളവർക്ക് ഉപകരണം വിതരണം
അടങ്കൽ തുക	80,00,000/-രൂപ
ചെലവ് തുക	80,00,000/-രൂപ
ഫണ്ടിനം	വികസന ഫണ്ട് -ജനറൽ
ബിൽ നം./ തീയതി	491/16.05.24 - 484000/-രൂപ
	492/16.05.24 -484000/-രൂപ
	6887/09.05.24 -2334000/-രൂപ
	117/09.05.24 -2334000/-രൂപ
	1875/04.01.25 - 363000/-രൂപ
	2392/12.02.25 - 130000/-രൂപ

	1580/12.12.24 - 353900/-രൂപ
	1582/12.12.24 - 350100/-രൂപ
	851/01.08.24 – 1167000/-രൂപ
നിർവഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ IV

നഗരസഭാപ്രദേശത്തെ ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ചസ്കൂട്ടറും മറ്റും വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. വഞ്ചിനാട് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീലോട് കൂടിയ സ്കൂട്ടറുകളും ഓസ്മിച്ച് മൊബിലിറ്റി ഇൻസ്ട്രുമെന്റസ് എന്ന സ്ഥാപനത്തിൽ നിന്നും മോട്ടോറൈസ്ഡ് വീൽചെയറുകളും വാങ്ങിയിട്ടുണ്ട് . മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ഡോക്ടർമാർക്ക് റമ്യൂണറേഷനും നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	എണ്ണം	വില (രൂപ)	ആകെ (രൂപ)
1.	സൈഡ് വീലോട് കൂടിയ സ്കൂട്ടർ	56	1,16,700/-	65,35,200/-
2.	മോട്ടോറൈസ്ഡ് വീൽചെയർ	11	1,21,000/-	1331000/-
3.	മെഡിക്കൽ ക്യാമ്പ്	-	-	3800/-
4.	പ്രോജക്ട് നം.223/25 ന്റെ ഭാഗമായി മാറിയ തുക *	-	-	1,30,000/-

* വിശദാംശങ്ങൾ ഖ.1-48 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

I)സർജിക്കൽ ഉപകരണങ്ങൾ വിപണനം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ടൈസ്കൂട്ടർ വാങ്ങി

പ്രോജക്ട് പ്രകാരമുള്ള ടൈസ്കൂട്ടറുകൾ (TVS Jupitre 125) വാങ്ങിയത് വഞ്ചിനാട് സർജിക്കൽസിൽ നിന്നുമാണ്. പ്രസ്തുത സ്ഥാപനം സർജിക്കൽ ഉപകരണങ്ങൾ വിപണനം ചെയ്യുന്നതാണ്. നിരത്തിലോടുന്ന വാഹമായ സ്കൂട്ടറിൽ സൈഡ് വീൽ ഇൻസ്റ്റാൾ ചെയ്താണ് ടൈ സ്കൂട്ടർ തയ്യാറാക്കുന്നത്. അത്തരത്തിലുള്ള ടൈ സ്കൂട്ടർ പ്രസ്തുത സ്ഥാപനം നിർമ്മിക്കുന്നില്ല.

ഇപ്രകാരം വഞ്ചിനാട് സർജിക്കൽസിൽ നിന്നും നിയമവ്യവസ്ഥകൾ മറികടന്ന് ടൈസ്കൂട്ടറുകൾ വാങ്ങിയത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ GEM മുഖേനയോ ഇടനിലക്കാരില്ലാതെ ഉപകരണങ്ങളുടെ നിർമ്മാതാക്കളിൽ നിന്നോ വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

Ii) കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും മോട്ടോറൈസ്ഡ് വീൽ ചെയർ വാങ്ങി.

മേൽ പദ്ധതി, SO 28/23-ന്റെ സ്പിൽ ഓവർ പദ്ധതിയാണ്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഇ-ടെണ്ടർ ക്ഷണിക്കുകയും ഇലക്ട്രോണിക് വീൽചെയർ വിതരണം ചെയ്യുന്നതിനായി ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ.

ക്രമ നം.	സ്ഥാപനം	ക്വാട്ട് ചെയ്ത തുക
1	ശ്രീകുമാർ ലബോറട്ടറി സപ്ലൈസ്	915600
2	ഓസ്മിച്ച് മൊബിലിറ്റി ഇൻസ്ട്രുമെന്റ്സ്	1008000
3	എലൈറ്റ് ഹെൽത്ത് കെയർ	482916
4	വഞ്ചിനാട് സർജിക്കൽസ്	296000

എന്നാൽ പ്രോജക്ട് പ്രകാരമുള്ള ഇലക്ട്രോണിക് വീൽചെയർ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ഓസ്മിച്ച് മൊബിലിറ്റി ഇൻസ്ട്രുമെന്റ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഉപകരണം വാങ്ങാനുണ്ടായ സാഹചര്യം, ഇത് സംബന്ധിച്ച പർച്ചേസ് കമ്മിറ്റി തീരുമാനം, നഗരസഭാ കൗൺസിൽ തീരുമാനം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 214/കെ.എസ്.എ/ടിവിസി.6/2025, തീയതി.29.01.2026) മറുപടി ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ മോട്ടോറൈസ്ഡ് വീൽചെയറുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 13,31,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

1-50 നന്മ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി അപാകതകൾ - 1,04,54,000/- രൂപ തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്ഥാപന പരിധിയിൽ മാനസിക വെല്ലുവിളി നേരിടുന്ന അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും വരുമാന പരിധിയില്ലാതെ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനായുള്ളതാണ് നൻമ പദ്ധതി. ഇതിൻപ്രകാരം ഒരു വിദ്യാർത്ഥിയ്ക്ക് ഒരുവർഷം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. തിരുവനന്തപുരം നഗരസഭയിൽ വർഷങ്ങളായി ഈ പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്ന് തുക വകയിരുത്തി ചെലവഴിക്കുന്നുണ്ട്. തുകകൾ വിതരണം ചെയ്യുന്നതിലെ

സുതാര്യതക്കുറവ്, ഗുണഭോക്താക്കളുടെ കൃത്യമായ ഡേറ്റാബെയ്സ് സൂക്ഷിക്കുന്നതിലെ അനാസ്ഥ ഉൾപ്പെടെ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർച്ചയായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നുവെങ്കിലും, നിലവിലും അവ പരിഹരിക്കപ്പെടാതെ 2024-25 സാമ്പത്തിക വർഷവും തുടരുന്നു.

2024-25 സാമ്പത്തിക വർഷം ശിശുവികസന പദ്ധതി ഓഫീസർ-അർബൻ II (CDPO-UrbanII) നിർവഹണ ഉദ്യോഗസ്ഥയായി സ്പിൽ ഓവർ ഉൾപ്പെടെ വികസനഫണ്ടിൽ നിന്ന് ആകെ 6,06,45,400/- രൂപ (പുതിയ പ്രോജക്ട് 5,59,99,900+സ്പിൽഓവർ 46,45,500/-) ചെലവഴിച്ച് ചുവടെ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം രണ്ട് പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികളുടെ പരിശോധനയിൽ പല ഗുണഭോക്താക്കൾക്കും കൃത്യമായ അർഹതാനിർണ്ണയം വ്യക്തമാക്കാതെ രണ്ട് തവണയും ചിലർക്ക് മൂന്ന് തവണയും സ്കോളർഷിപ്പ് തുക നൽകിയതുൾപ്പെടെയുള്ള അപാകങ്ങൾ കണ്ടെത്തി. വിശദാംശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളും, കണ്ടെത്തിയ മറ്റ് അപാകങ്ങളും ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം.	അടങ്കൽ (വികസന ഫണ്ട്)	ചെലവ്
1	195/2024-25	5,60,60,000	5,59,99,900
2	SO 984/2024-25	46,45,500	46,45,500

ഓഡിറ്റ് എൻക്വയറികൾ

1. ഓഡിറ്റ് എൻക്വയറി നം. 184/കെ.എസ്.എ/ടിവിസി.6/2025, തീയതി. 03.01.2026
2. ഓഡിറ്റ് എൻക്വയറി നം. 185/കെ.എസ്.എ/ടിവിസി.6/2025, തീയതി. 03.01.2026

(നോട്ട്: ചുവടെ നല്കിയിട്ടുള്ള വിശദാംശങ്ങളിൽ, പുതിയ പദ്ധതിയായ 195/24 നമ്പർ പദ്ധതിയിൽ സൂചിപ്പിച്ചിരിക്കുന്ന 601 ഗുണഭോക്താക്കളുടെ ലിസ്റ്റും, സ്പിൽ ഓവർ പദ്ധതിയായSO984 യിൽ സൂചിപ്പിച്ചിരിക്കുന്ന 601 ഗുണഭോക്താക്കളുടെ ലിസ്റ്റും വ്യത്യസ്തമാണ്. സ്വകാര്യത മാനിച്ച് വ്യക്തികളുടെ പേര് റിപ്പോർട്ടിൽ ഒഴിവാക്കി ഓഡിറ്റ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.)

I) മുൻവർഷത്തെ (2023-24) 601 പേർക്ക് തൻവർഷം തുക നൽകിയതിൽ കൃത്യതയില്ല- 10340000 തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	195/24
ഫണ്ട്	വികസന ഫണ്ട് (ജനറൽ)
അടങ്കൽ തുക	5,60,00,000/- രൂപ
ചെലവ് തുക	5,59,99,900/- രൂപ

ക്രമ നം.	ബിൽ നം.	തീയതി	തുക
1	1300	19/10/24	484500
2	1301	19/10/24	484500
3	1302	19/10/24	484500
4	1303	19/10/24	163000
5	861	07/08/24	1363400
6	862	07/08/24	1539000
7	1570	16/12/24	57000
8	1571	18/12/24	28500
9	1661	16/12/24	2263500
10	843	31/07/24	1767000
11	848	02/08/24	2593500
12	860	07/08/24	1624500
13	808	22/07/24	1938000
14	809	22/07/24	2075500
15	3321	25/03/25	541500
16	2960	20/03/25	2283000
17	3150	21/03/25	2149500
18	3244	22/03/25	2287500
19	3272	25/03/25	1311000
20	2446	22/02/25	2235000
21	2586	25/02/25	598500
22	2587	27/02/25	2377500
23	2664	11/03/25	2145000
24	2665	12/03/25	2430000
25	2884	15/03/25	2304000
26	2892	18/03/25	2491500
27	2893	19/03/25	427500
28	2068	22/01/25	1392000
29	2069	23/01/25	1494000
30	2223	31/01/25	2377500
31	2266	07/02/25	1140000
32	2240	07/02/25	1111500
33	2295	11/02/25	2422500
34	2337	13/02/25	28500
35	2338	20/02/25	342000

36	1873	17/01/25	2650500
37	1814	30/12/24	142500
38	2038	20/01/25	1425000
39	2003	17/01/25	1026000
ആകെ			5,59,99,900/-

മുൻവർഷത്തെ(2023-24) 1856 ഗുണഭോക്താക്കൾ അടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിലെ 601 പേർക്ക് തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2024-25വർഷത്തെ പ്രോജക്ടിൽ നിന്നും പ്രസ്തുത 601 ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24.07.2024-ലെ II (10) നമ്പർ ശിപാർശ തിരുവനന്തപുരം നഗരസഭയുടെ കൗൺസിൽ തീരുമാനം നം. 3(സി)24 തീയതി.11.09.2024 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ 601 ഗുണഭോക്താക്കളുടെ പ്രത്യേക ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. 2023-24-ലെ ആകെയുള്ള 1856 ഗുണഭോക്താക്കളിൽ 2024-25 സാമ്പത്തിക വർഷം തുക അനുവദിക്കേണ്ടതായിട്ടുള്ള 601 പേരുടെ ലിസ്റ്റ് പ്രത്യേകം സൂക്ഷിക്കേണ്ടത് പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് അനിവാര്യമാണെന്നിരിക്കെ, അപ്രകാരമുള്ള ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ഓരോ ഗുണഭോക്താവിനും 2024-25 വർഷം ഒരു പ്രാവശ്യം തുക അനുവദിച്ചിരിക്കുന്നത് 2024-25ലെയാണോ 2023-24ലെയാണോയെന്ന് വ്യക്തമല്ല. ആയതിനാൽ പ്രസ്തുത 601 പേരുടെ ലിസ്റ്റും അപേക്ഷകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയതിന് വേണ്ടി ചെലവഴിച്ച തുക അംഗീകരിക്കാൻ കഴിയുന്നതല്ല.

എ) 2023-24 ഗുണഭോക്തൃ ലിസ്റ്റിലെ 601 പേർക്ക് പ്രത്യേക ലിസ്റ്റ് ഇല്ലാതെ തൻവർഷം തുക നല്കിയവയിൽ ഇരട്ടിപ്പ് വന്ന 98,04,000/- രൂപ തടസ്സപ്പെടുത്തുന്നു.

നമ്മ പദ്ധതിയുടെ 2024-25 വർഷത്തെ ബില്ലുകൾ പരിശോധിച്ചതിൽ 1982 പേയ്മെന്റ് (ഒരാൾക്ക് ഒന്നിൽ കൂടുതൽ പേയ്മെന്റ് ലഭിച്ചിട്ടുണ്ട്) അനുവദിച്ചതിൽ 344 പേർക്ക് 2024-25 സാമ്പത്തിക വർഷം 2 പ്രാവശ്യം തുക അനുവദിച്ചു. 601 പേരുടെ പ്രത്യേക ലിസ്റ്റ് ഹാജരാക്കാത്ത സാഹചര്യത്തിൽ 2 പ്രാവശ്യം തുക അനുവദിച്ച 344 പേരുടെ അർഹത ഉറപ്പാക്കാൻ കഴിയുന്നില്ല. പ്രസ്തുത 344 പേർക്ക് 2021-2022 സാമ്പത്തിക വർഷം മുതൽ 2024-25 വർഷം വരെ അനുവദിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 344 പേർക്ക് നൽകിയ തുകയായ 98,04,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ടിയാളുകൾക്ക് നൽകിയ തുകയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം മേൽ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്. കൂടാതെ ഗുണഭോക്താക്കളുടെ അർഹത വ്യക്തമാക്കുന്നതിനായി 601 പേരുടെ പ്രത്യേക ലിസ്റ്റും ഹാജരാക്കേണ്ടതാണ്.

ബി) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് തുക അനുവദിച്ചു. 2,28,000/- രൂപ തടസ്സപ്പെടുത്തുന്നു.

I) 2024-25 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും മുൻ വർഷങ്ങളിൽ ഒന്നിൽ അധികം തവണ തുക അനുവദിച്ചവർക്കും ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ അക്കൗണ്ട് നം./ആധാർ നം.	2024-25-ൽ അനുവദിച്ച തുക	റിമാർക്സ്
1	41846330282/808349186952	28500	2024-25 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല 2023-24 ൽ രണ്ട് പ്രാവശ്യം 28500 രൂപ വീതം അനുവദിച്ചു.
2	67237521494/87540909065	28500+ 28500	2024-25 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല, 2021-22 – 28500+28500 2022-23 – 28500 2023-24 – 28500 എന്നിങ്ങനെ തുക അനുവദിച്ചു.
3	67301538519	28500	2024-25 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല 2022-23 – 28500 2023-24 – 28500
4	14290100170191	28500	2024-25 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല 2022-23 – 28500 2023-24 – 28500
5	520481029108576	28500	2023-24, 2024-25 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല 2022-23 – 28500
ആകെ			1,71,000/- രൂപ

Ii) 2024-25 സാമ്പത്തിക വർഷം ഒരു പ്രാവശ്യം തുക അനുവദിച്ചത് 2024-25 ലെ തുകയാണോ 2023-24 തുകയാണോ എന്ന് വ്യക്തമല്ല. 2024-25 ൽ ഒരു പ്രാവശ്യം തുക അനുവദിക്കുമ്പോൾ 2024-25ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും 2023-24 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഗുണഭോക്താക്കൾ ഉണ്ട്. അവർക്ക് സാംഖ്യ വെബ് പരിശോധിക്കുമ്പോൾ 2023-24-ൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ 2024-25-ൽ തുക ലഭിച്ച ചില ഗുണഭോക്താക്കളുടെ വിവരങ്ങൾ സാംഖ്യ വെബ്സിൽ നിന്നും ലഭ്യമല്ല. പ്രസ്തുത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	അക്കൗണ്ട് നം.	തുക/ബിൽ നം.	റിമാർക്സ്
1	38798657658	28500/- 808/22.07.2024 (Sl No. 61)	2023-24 ൽ 28500/- രൂപ അനുവദിച്ചിരുന്നു. ആ വിവരം സാംഖ്യയിൽ ലഭ്യമാണ്.
2	67380848255	28500/- 860/07.08.2024 (Sl No. 20)	2023-24 ൽ 28500/- രൂപ അനുവദിച്ചിരുന്നു. ആ വിവരം സാംഖ്യയിൽ ലഭ്യമാണ്. 2024-25 ബെനഫിഷറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
ആകെ			57000/-രൂപ

ആകെ ബി(i)+(ii) = 2,28,000(1,71,000+57000)

'ബി'-യിലെ പരാമർശങ്ങൾക്ക് നിദാനമായ രേഖകൾ ഹാജരാക്കുന്നതുവരെ 2,28,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ബെനഫിഷ്യറി ലിസ്റ്റുകൾ പരിശോധിച്ചതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമല്ല. ഗുണഭോക്താക്കളുടെ അക്കൗണ്ട് നം., ആധാർ നം എന്നിവ കൃത്യമായി രേഖപ്പെടുത്താതെയാണ് ഗുണഭോക്തൃ ലിസ്റ്റിന്റെ സോഫ്റ്റ് കോപ്പി ഹാജരാക്കിയിരിക്കുന്നത്. കൂടാതെ ബെനഫിഷ്യറി ലിസ്റ്റ്, ബിൽ എന്നിവയിൽ വ്യത്യസ്ത അക്കൗണ്ട് നമ്പരുകൾ ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അർഹതയുടെ സുതാര്യത ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഒരു ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പരിൽ വരുന്ന മാറ്റം നിർവ്വഹണോദ്യോഗസ്ഥ കൃത്യമായി ചൂണ്ടികാണിക്കേണ്ടതാണ്. പ്രതിമാസ സ്കോളർഷിപ്പ്/ബത്ത ഗുണഭോക്താവിന്റെയും രക്ഷിതാവിൻറെയും ജോയിൻറ് അക്കൗണ്ടിലേയ്ക്കാണ് നൽകേണ്ടത്.

സി) നഗരസഭയ്ക്ക പുറമെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിച്ച - 1,71,000/- രൂപ തടസ്സപ്പെടുത്തുന്നു.

തിരുവനന്തപുരം നഗരസഭയിൽ നിന്നും തുക അനുവദിച്ചതിനു പുറമേ 2024-25ൽ നഗരസഭ/പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും തുക അനുവദിച്ചതിൻറെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അക്കൗണ്ട് നം.	പഞ്ചായത്ത്/നഗരസഭ	പഞ്ചായത്ത്/നഗരസഭ അനുവദിച്ച തുക	നഗരസഭയിൽ നിന്നും ലഭിച്ച തുക
1	37090254955	വെള്ളറട ഗ്രാമപഞ്ചായത്ത്	6600/-	28500/-
2	67378740131	കാട്ടാക്കട ഗ്രാമപഞ്ചായത്ത്	28500/-	28500/-
3	3443844405	കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്	22500/-	28500/-
4	6399673376	നെയ്യാറ്റിൻകര നഗരസഭ	25115/-	28500/-
5	67396899053	കൊല്ലം കോർപ്പറേഷൻ	28500/-	28500/-
6	0820120000152(*)	മുദാക്കൽ ഗ്രാമപഞ്ചായത്ത്	2023-24-ൽ 28147/- 2024-25-ൽ 353/-	28500/-
			ആകെ നഗരസഭ നൽകിയ തുക	1,71,000/-

(*) 0820120000152 നമ്പർ അക്കൗണ്ടുള്ള വ്യക്തി 2024-25 ബെനഫിഷ്യറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ 28500/- രൂപ അനുവദിച്ചിരിക്കുന്നു. ടിയാൾക്ക് 2023-24-ൽ 28147/- രൂപയും ബാക്കി തുകയായ 353/- രൂപ 2024-25-ൽ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2024-25 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാളുടെ 2023-24 ലെ ആനുകൂല്യം ഒന്നിലധികം സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ചിരിക്കുന്നു.

മേൽ 6 ഗുണഭോക്താക്കൾക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്നും അനുവദിച്ച 1,71,000/- രൂപ (28500*6) തടസ്സപ്പെടുത്തുന്നു.

സ.ഉ.(കൈ) നം. 115/2022/തസ്വഭവ, തീയതി.28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 ൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലാണോ സ്ഥിരം താമസം ആ തദ്ദേശസ്വയംഭരണ സ്ഥാപനം ധനസഹായം അനുവദിക്കണമെന്നിരിക്കെ ഒന്നിലധികം സ്ഥാപനത്തിൽ നിന്നും തുക കൈപ്പറ്റാൻ പാടുള്ളതല്ല. സബ്സിഡി മാർഗ്ഗരേഖ പൊതുനിബന്ധന 2.3-ൽ ഒരു ഗുണഭോക്താവിന് ലഭിക്കുന്ന ആനുകൂല്യത്തിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. ആയതിൽ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് വീഴ്ച സംഭവിച്ചു.

ഡി) 2024-25 ൽ മുന്ന് തവണ തുക അനുവദിച്ചിരിക്കുന്നു- അധികമായി നല്കിയ 1,37,000/-രൂപ തടസ്സപ്പെടുത്തുന്നു.

ക്രമ നം.	അക്കൗണ്ട് നം.	തുക	റിമാർക്സ്
1	4328000100059699	28500+23000+28500	2023-24, 2024-25 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും 2023-24-ൽ തുക ലഭിച്ചിട്ടില്ലാത്തതിനാലും 23000/- രൂപ അധികം നൽകിയതായി കണക്കാക്കുന്നു.
2	67237315539	28500+28500+28500	2023-24 ൽ തുക അനുവദിച്ചിട്ടുണ്ട്. ആയതിനാൽ 28500*2=57000/-രൂപ അധികം നൽകിയതായി കണക്കാക്കുന്നു.
3	7475001500002010	28500+28500+28500	2023-24, 2024-25 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും 2023-24-ൽ തുക ലഭിച്ചിട്ടില്ലാത്തതിനാലും 28000/- രൂപ അധികം നൽകിയതായി കണക്കാക്കുന്നു.
4	336302010141303	28500+28500	2022-23 സാമ്പത്തിക വർഷം 28500/- രൂപ വീതം 2 പ്രാവശ്യവും 2023-24 ൽ ഒരു പ്രാവശ്യവും 28500/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ 2023-24-ൽ തുക ലഭിച്ചിട്ടുള്ളതിനാലും 28500/- രൂപ അധികം നൽകിയതായി കണക്കാക്കുന്നു.
		ആകെ	1,37,000/-

മേൽ 4 ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 1,37,000/- രൂപ തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.185 കെ.എസ്.എ/ടിവിസി.6/2025, തീയതി.03.01.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 1,03,40,000/- രൂപ (എ- 98,04,000/-, ബി-2,28,000/-, സി-1,71,000/-, ഡി-1,37,000/-) തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, 11.09.2024 ലെ നഗരസഭാ കൗൺസിൽ 3(സി) 24 പ്രകാരം അംഗീകരിച്ച 2023-24 ലെ സ്കോളർഷിപ്പ് തുക ലഭിയ്ക്കാൻ ബാക്കിയായ 601 ഗുണഭോക്താക്കളുടെ പ്രത്യേക ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അധികമായി അനുവദിച്ച തുകകൾ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുകയോ തുടർ വർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം മേൽ തുകകൾ നിർവ്വഹണോദ്യോഗസ്ഥൻറെ ബാധ്യതയായി തീരുന്നതാണ്.

II) ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കിയിട്ടില്ല – 1,14,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	SO 984/25
ഫണ്ട്	വികസന ഫണ്ട് (ജനറൽ)
അടങ്കൽ തുക	46,45,500/- രൂപ
ചെലവ് തുക	46,45,500/- രൂപ
ബിൽ നം./തീയതി	113/18.06.2024, 1510500/- രൂപ 112/18.06.2024, 2422500/- രൂപ 115/18.06.2024, 712500/- രൂപ
നിർവ്വഹണോദ്യോഗസ്ഥ	സിഡിപിഒ അർബൻ II

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള 2023-24 വർഷത്തെ സ്കോളർഷിപ്പ് നമ്മ (24/23-24) പദ്ധതിയുമായി ബന്ധപ്പെട്ട 163 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് Q Bill ആയ സാഹചര്യത്തിൽ പ്രസ്തുത 163 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനായി രൂപീകരിച്ച SO984/25 എന്ന പദ്ധതി പ്രകാരം 46,45,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത 163 ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം 163 ഗുണഭോക്താക്കൾ എന്നത് 2022-23-ലെ 601 പേരുൾപ്പെട്ട സപ്ലിമെന്ററി ലിസ്റ്റിലും 2023-24-ലെ

ഗുണഭോക്തൃ ലിസ്റ്റിലും ഉൾപ്പെടുകയും 2023-24 ൽ സ്കോളർഷിപ്പ് അനുവദിക്കപ്പെട്ടവരും ആണ്. 2023-24-ലെ തുക Q Bill ആയത് കാരണമാണ് SO984/2024-25 എന്ന സ്പിൽ ഓവർ പദ്ധതിയിലൂടെ തൻവർഷം തുക അനുവദിക്കപ്പെട്ടത്. എന്നാൽ ടി മറുപടിയുടെ അടിസ്ഥാനത്തിലുള്ള പരിശോധനയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

എ) 2022-23-ലെ മേൽപ്പറഞ്ഞ 601 പേരുടെ സപ്ലിമെന്ററി ലിസ്റ്റിൽ 380100080200662 എന്ന അക്കൗണ്ട് നമ്പർ ഉള്ള ഗുണഭോക്താവ് ഉൾപ്പെട്ടിട്ടില്ല. ടി ലിസ്റ്റിൽ ഉൾപ്പെട്ട 2023-24-ലെ ഗുണഭോക്തൃ ലിസ്റ്റിലുള്ള Q Bill ആയ തുകയാണ് SO984-ൽ അനുവദിച്ചിരിക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സാംഖ്യ വെബ്പിൽ ടിയാൾക്ക് 2023-24-ൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ SO984/25 സ്പിൽ ഓവർ പ്രോജക്ട് വഴി 2023-24 ലെ തുക വീണ്ടും 2024-25-ൽ അനുവദിച്ചിരിക്കുന്നു. മേൽ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാൾക്ക് 2024-25-ലെ സ്പിൽ ഓവർ പദ്ധതി പ്രകാരം തുക അനുവദിച്ചതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ 28500 രൂപ തടസ്സപ്പെടുത്തുന്നു

ബി) 67291882774 എന്ന അക്കൗണ്ട് നമ്പർ ഉള്ള വ്യക്തിയ്ക്ക് 2023-24-ലെ തുകയാണ് 2024-25-ൽ 984/25 മുഖേന സ്പിൽ ഓവറിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളത് എന്ന നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കുന്നു. എന്നാൽ സ്പിൽ ഓവർ പ്രോജക്ട് കൂടാതെ New 195/2024 ലും 2024-25-ൽ തുക അനുവദിച്ചിരിക്കുന്നു. എന്നാൽ ടിയാൾ 2024-25-ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2024-25ൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ 28500/- രൂപ അധികമായി അനുവദിച്ചിരിക്കുന്നു.

സി) 449417515165-എന്ന ആധാർ നമ്പർ ഉള്ള വ്യക്തിയ്ക്ക് 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ 3 പ്രാവശ്യം 28500/- രൂപാ വീതം അനുവദിച്ചിരിക്കുന്നു. ടിയാൾ 2022-23-ലെ 601 പേരുടെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടതും ടിയാളുടെ 2023-24-ലെ തുക Q Bill ആയ സാഹചര്യത്തിൽ സ്പിൽ ഓവറായി 28500/- രൂപ നൽകിയത് അംഗീകരിക്കുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ ബെനഫിഷറി ലിസ്റ്റിൽ ഉൾപ്പെടാതെ ടിയാൾക്ക് New 195/24-25 പദ്ധതി പ്രകാരം 2 പ്രാവശ്യം കൂടി 28500/- രൂപ (57000/-രൂപ) അധികമായി അനുവദിച്ചിരിക്കുന്നു.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 184/കെ.എസ്.എ/ടിവിസി.6/2025, തീയതി.03.01.2026) നൽകിയ മറുപടിയിൽ 2022-23-ലെയും 2023-24 ലെ (സപ്ലിമെന്ററി ലിസ്റ്റ് -601 പേർ ഉൾപ്പെട്ടത്) ഗുണഭോക്താക്കൾക്ക് 2024-25-ലെ സ്പിൽ ഓവറിലും 2024-25 ലെ പദ്ധതിയിലും ഉൾപ്പെട്ടു വന്നതിനാലാണ് സാംഖ്യ സോഫ്റ്റ്വെയറിൽ ബെനിഫിഷറി പേയ്മെന്റ് ഡീറ്റെയിൽസ് പരിശോധിക്കുമ്പോൾ ഒരേ സാമ്പത്തിക വർഷത്തിൽ തന്നെ ഒന്നിലധികം തവണ നൽകിയിട്ടുള്ളതായി കാണിക്കുന്നതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ 2022-23-ലെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട 601 ഗുണഭോക്താക്കളുടെ 2022-23-ലെ തുക 2024-25ൽ നൽകി എന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. 2023-24-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7-ൽ നമ്മ അപാകത പരാമർശിക്കുന്ന ഖണ്ഡികയിൽ നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ 2022-23-ലെ 601 പേരുടെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2023-24 സാമ്പത്തിക വർഷം 2022-23-ലെ തുക നൽകിയെന്ന് വ്യക്തമാക്കിയിരിക്കുന്നു. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് 2024-25 ൽ വീണ്ടും 2022-23-ലെ തുക നൽകിയെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച 114000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. അധികമായി അനുവദിച്ച തുകകൾ ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുകകൾ നിർവ്വഹണോദ്യോഗസ്ഥൻറെ ബാധ്യതയായി തീരുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

മാനസിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്ക് എല്ലാ വർഷവും തുക അനുവദിക്കണമെന്നിരിക്കെ ചില വർഷങ്ങളിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും തുടർന്ന് ചില വർഷങ്ങളിൽ ഉൾപ്പെടാതെ വരികയും ചെയ്യുന്നു. കൂടാതെ ഒന്നിലധികം വർഷങ്ങളിലെ തുക ഒരുമിച്ച് ഒരു വർഷം നൽകുകയും ചെയ്യുന്നു. സമൂഹത്തിന്റെ പ്രത്യേക ശ്രദ്ധ നൽകേണ്ട വിഭാഗത്തിന് അർഹമായ പ്രാധാന്യത്തോടും ശ്രദ്ധയോടും കൂടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്നിരിക്കെ മുൻ വർഷങ്ങളിലും ഈ സാമ്പത്തിക വർഷവും തുക അനുവദിക്കുന്നതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്.

- ഒരു നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നഗരസഭ മുഴുവനുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന പക്ഷം ഒന്നിലധികം നിർവ്വഹണോദ്യോഗസ്ഥരെ ഉൾപ്പെടുത്തി പദ്ധതി വിഭജിച്ച് നൽകി കൃത്യതയോടെ പൂർത്തിയാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.
- പ്രാഥമികമായി നഗരസഭ സ.ഉ(കൈ) നം.115/2022/തസ്വഭവ, തീയതി.28.02.2025-ലെ സബ്സിഡി മാർഗരേഖ 7.1.1(1) പ്രകാരം ഭിന്നശേഷിക്കാരുടെ ഡേറ്റാബോസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നിരിക്കെ തിരുവനന്തപുരം നഗരസഭയിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ ഡേറ്റാബേസ് സൂക്ഷിക്കുന്നില്ല. ഡേറ്റാബേസ് ഉണ്ടാകേണ്ടതിൻറെ ആവശ്യകതയിലേയ്ക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.
- 2024-25 സാമ്പത്തിക വർഷം ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം മെയിൻ ലിസ്റ്റിൽ 1732 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 108 പേരും ഉൾപ്പെടെ 1840 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരിക്കുന്നു. 1840 പേർക്ക് 28500/- രൂപ നിരക്കിൽ 5,24,40,000/- രൂപ വകയിരുത്തിയാൽ മുഴുവൻ ഗുണഭോക്താക്കൾക്കും തുക അനുവദിക്കാവുന്നതാണ്. മുൻ വർഷങ്ങളിലെ തുകകൾ ഏതെങ്കിലും ഗുണഭോക്താക്കൾക്ക് അനുവദിക്കാനുണ്ടെങ്കിൽ അങ്ങനെയുള്ളവരുടെ കൃത്യമായ ലിസ്റ്റ് ഉൾപ്പെടുത്തി സ്പിൽ ഓവർ പദ്ധതിയായി തുക വകയിരുത്തി നടപ്പിലാക്കേണ്ടതാണ്.
- 2021-22 സാമ്പത്തിക വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ തുക വിതരണത്തിലെ അപാകതകൾ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും നാളിതുവരെ പദ്ധതി സുതാര്യമായി നടപ്പിലാക്കുന്നതിനും, ഗുണഭോക്താക്കൾക്ക് അതത് വർഷം തന്നെ തുക അനുവദിച്ച നൽകുന്നതിന് കഴിയുന്നില്ലായെന്നത് ഭരണനിർവ്വഹണത്തിൻറെ വീഴ്ചയാണ്. ഈ രീതിയിൽ സുതാര്യമല്ലാതെ തുക അനുവദിക്കുന്നത് അർഹരായവരിലേക്ക് തന്നെയാണോ തുക എത്തിച്ചേരുന്നത് എന്ന് ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നു.
- പ്രതിവർഷം ഏകദേശം 2000-ൽ അധികം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കളാണ് നഗരസഭാ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ നഗരസഭാ പരിധിയിൽ നാളിതുവരെ അവരുടെ പുനരധിവാസത്തിനായി ഒരു ബഡ്സ് സ്കൂൾ/റീഹാബിലിറ്റേഷൻ സെൻറർ/ബഡ്സ് റീഹാബിലിറ്റേഷൻ ആൻറ് വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ പ്രവർത്തിക്കുന്നില്ല. ഭിന്നശേഷി കുട്ടികളിലെ വൈകല്യങ്ങൾ നേരത്തെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സകൾ നൽകുന്നതിന് അവരുടെ പുനരധിവാസത്തിനും ഇത്തരം കേന്ദ്രങ്ങൾ അത്യന്താപേക്ഷിതമാണ്. ആയതിനുള്ള തുടർനടപടികൾ നഗരസഭാ ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥൻറെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.
- 2024-25 സാമ്പത്തിക വർഷം ഗുണഭോക്തൃ ലിസ്റ്റിൽ 1840 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ നഗരസഭയുടെ അവസ്ഥാരേഖയിൽ 31.03.2016ൽ 6 വയസ്സുവരെയുള്ള മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ കണക്ക് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സമൂഹത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ജനന നിരക്ക് കൂടുന്നുവെന്ന് പല പഠനറിപ്പോർട്ടുകളും വരുന്ന സാഹചര്യത്തിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മാനദണ്ഡമാക്കേണ്ട അടിസ്ഥാന ഘടകമായ അവസ്ഥാരേഖ കാലികമാക്കുന്നില്ല എന്നതുതന്നെ സമൂഹത്തിൻറെ പ്രത്യേക പരിഗണനയ്ക്ക് അർഹരായവർക്ക് പോലും ശ്രദ്ധ ലഭിക്കുന്നില്ല എന്നതിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ആയതിൻറെ പ്രതിഫലനമാണ് വർഷങ്ങളായി സുതാര്യമല്ലാതെ നടപ്പിലാക്കുന്ന 'നമ്മ പദ്ധതി'. അവസ്ഥാരേഖ കാലികമാക്കി 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ള (പദ്ധതി മാർഗ്ഗരേഖ 6.4.ബി) ബോധവൽക്കരണ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ ഏറ്റെടുത്ത് സുതാര്യമായി നടപ്പിലാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 1,04,54,000/- രൂപ (1034000+1,14,000)

1-51 അനുപൂരക പോഷകാഹാര പദ്ധതി അപാകതകൾ

അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ 1-51-1, 1-51-2, 1-51-3 ആയി ഉൾപ്പെടുത്തുന്നു. ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട് (ജനറൽ)	11500000	11500000
കേന്ദ്രാവിഷ്കൃത ഫണ്ട്	30000000	16809607

ആകെ	41500000	2,83,09,607/-
നിർവ്വഹണോദ്യോഗസ്ഥ		സിഡിപിഒ, അർബൻ-I

1-51-1 അങ്കണവാടി പോഷകാഹാര പദ്ധതി- മുൻവർഷം നീതിസ്റ്റോറിന് നല്കേണ്ട 1 കോടി രൂപ അക്കൌണ്ട് തെറ്റായി നല്കിയതിനാൽ സർക്കാരിലേക്ക് മടങ്ങി- തൻവർഷ പദ്ധതിതുകയിൽ നിന്ന് ചെലവഴിക്കേണ്ടിവന്നു.

2023-24 സാമ്പത്തിക വർഷത്തെ (പ്രോജക്ട് നം. 25/24) അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി നീതി സ്റ്റോറിന് നൽകേണ്ടിയിരുന്ന ഒരു കോടി രൂപ അനുവദിച്ചത് Parent Government Account- ലേയ്ക്ക് തിരിച്ചു പോയതിനാൽ മേൽ ഒരു കോടി രൂപ തൻ വർഷത്തെ (2024-25) അനുപൂരക പോഷകാഹാര പദ്ധതിയിൽ (പ്രോജക്ട് നം.149/25) നിന്നും അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം./തീയതി	തുക
800/22.07.2024	5000000
801/22.07.2024	4371956
802/22.07.2024	628044
ആകെ	10000000/- രൂപ

2023-24 സാമ്പത്തിക വർഷത്തെ തുക അനുവദിച്ചത് Parent Government Account ലേയ്ക്ക് തിരികെ പോകുന്നത് കാണിച്ച് ജില്ലാ ട്രഷറി, തിരുവനന്തപുരത്ത് നിന്നും കിട്ടിയ E-Pos Clearance Procedure-ൽ Beneficiary Details തെറ്റായതിനാലാണ് എന്ന് കാണിച്ചിരിക്കുന്നു. മേൽ Procedure പ്രകാരം തുകകൾ പോയിരിക്കുന്നത് 20051202200372 എന്ന അക്കൗണ്ട് നമ്പരിലേയ്ക്കാണ് Parent അക്കൗണ്ടിലേയ്ക്ക് തിരികെ പോയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Bill Controle Code	Credit Date	Beneficiary Name	Amount	Account Number
23010147007900185450	17.06.2023	Neethi Store	4371956/-	20051202200372
23010147007900185457	17.06.2023	Neethi Store	628044/-	20051202200372
23010147007900202949	17.06.2023	Neethi Store	5000000/-	2005120220037

എന്നാൽ സാംഖ്യയിൽ ജനറേറ്റ് ചെയ്ത റിപ്പോർട്ട് പ്രകാരം നീതി സ്റ്റോറിന്റെ ബാങ്ക് അക്കൗണ്ട് 108312002003483 ആകുന്നു.

Bill Controle Code/Date	Account Number	UTR No.
23010147007900185450/ 17.06.2023	108312002003483 IFSC - KSBK0001083	RBI11692315279980
23010147007900185457/ 17.06.2023	108312002003483 IFSC - KSBK0001083	RBI11692315280022
23010147007900202949/ 17.06.2023	108312002003483 IFSC - KSBK0001083	RBI11692315279986

E-Pos Clearance Procedure ലും Sankya Report-ലും നീതി സ്റ്റോറിന്റെ അക്കൗണ്ട് നമ്പർ വ്യത്യാസപ്പെട്ടിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. Beneficiary Details തെറ്റായത് കാരണം ഒരു കോടി രൂപ Parent Government അക്കൗണ്ടിലേയ്ക്ക് തിരിച്ച് പോയാൽ ഒരു മാസത്തിനുള്ളിൽ Beneficiary Details കൃത്യമാക്കി തുക അനുവദിക്കാൻ BIMS-ൽ DDO-യ്ക്ക് അധികാരമുണ്ടെന്നിരിക്കെ Beneficiary Details കൃത്യമാക്കി തുക അനുവദിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥയുടെ വീഴ്ചയാണ്. ഒരു കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ACR, AFS, സുലേഖ എന്നിവയിൽ ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു. 2023 ജൂൺ മാസം നീതി സ്റ്റോറിന് അനുവദിച്ച തുക ലഭ്യമായില്ല എന്ന നീതി സ്റ്റോറിന്റെ സമർപ്പണമോ, ബാങ്ക് സ്റ്റേറ്റ്മെന്റോ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. കൂടാതെ തുക ഈ വർഷത്തെ പദ്ധതിയിൽ നിന്നും അനുവദിക്കുന്നതിന് സാധൂകരണം നൽകുന്ന കമ്മിറ്റി തീരുമാനവും ഹാജരാക്കിയിട്ടില്ല. തുക Parent Government Account-ൽ തിരികെ പോയത് കൃത്യമായി അറിയാത്തത് മൂലം 2024-25 സാമ്പത്തിക വർഷം അനുപൂരകപോഷകാഹാര പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ 1,15,00,000/- രൂപയിൽ ഒരു കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തെ ചെലവിന്റെ ഭാഗമായി നീതി സ്റ്റോറിന് നൽകാനുള്ള തുക നല്കുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. ഇപ്രകാരം സംഭവിച്ചതിലൂടെ തൻവർഷ പദ്ധതിയ്ക്കായുള്ള വികസനഫണ്ടിൽ വൻകുറവാണ് സംഭവിച്ചിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷം സുലേഖ പത്രിക പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി (25/23-24)താഴെപ്പറയും പ്രകാരം 2,31,20,529/- രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട് (ജനറൽ)	12500000	12500000
കേന്ദ്രാവിഷ്കൃത ഫണ്ട്	15000000	10620529
ആകെ		2,31,20,529/-

2024-25 ലെ സുലേഖ പ്രകാരമുള്ള ചെലവ്

ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട് (ജനറൽ)	11500000	11500000
കേന്ദ്രാവിഷ്കൃത ഫണ്ട്	30000000	16809607
ആകെ		2,83,09,607/-

പ്രസ്തുത പദ്ധതിയ്ക്കായുള്ള തൻ വർഷത്തെ ആകെ ചെലവ് തുക 1,83,09,607/- രൂപ (28309607-10000000)യാണ്. അതായത് അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി മുൻവർഷത്തേതിനേക്കാൾ 48,10,922/- രൂപ തൻവർഷം കുറവായാണ് ചെലവഴിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 40/കെ.എസ്.എ./ടിവിസി.12/2025. തീയതി: 11.08.2025.) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് കൃത്യമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-51-2 അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വാങ്ങിയ ഭക്ഷണസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല 1,27,47,893/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വാങ്ങിയ ഭക്ഷണസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥ				സിഡിപിഒ, അർബൻ-I
ക്രമ നം.	ബിൽ നം./തീയതി	തുക	ഇൻവോയിസ് നം./ തീയതി	റിമാർക്സ്

1	805/ 22.07.2024	1153457/-	084/ 28.05.2024	100കിലോ അധികമായി സ്റ്റോക്ക് എൻട്രി നടത്തി വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.
2	1149/ 28.10.2024	57365/-	141/ 14.08.2024	സ്റ്റോക്കിലെടുത്ത് വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല
3	ചെക്ക് നം.552000/ 12.11.2024	746356/-	135/ 30.07.2024 143/ 28.08.2024	‘’
4	ചെക്ക് നം.552001/ 12.11.2024	50064/-	135/ 30.07.2024	‘’
5	ചെക്ക് നം. 552002/ 06.12.2024	2126667/-	143/ 11.07.2024	‘’
6	ചെക്ക് നം.552003/ 12.12.2024	390569/-	149/ 19.10.2024 14/ 30.09.2024	‘’
7	ചെക്ക് നം. 552004/ 07.02.2024	4697523/-	159/ 21.11.2024 167/ 17.12.20224	‘’
8	ചെക്ക് നം.552005/ 29.03.2024	3525892/-	**/15.01.2025 56/27.01.2025 (Nutrimix) 10/30.10.2024 11/28.11.2024 12/28.11.2024 13/28.11.2024 14/26.12.2024 15/30.12.2024 (Neethi Store)	‘’
	ആകെ	1,27,47,893		

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 40/കെ.എസ്.എ./ടിവിസി.12/2025. തീയതി: 11.08.2025.) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്റ്റോക്കിലെടുത്ത് വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 1,27,47,893/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-51-3 TDS കുറവ് വരുത്തിയിട്ടില്ല.

അന്നപൂരക പോഷകാഹാര പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം THRS പർച്ചേസ് ചെയ്ത ബില്ലുകളിൽ നിന്നും (സിഡിപിഒ, അർബൻ-I, സിഡിപിഒ, അർബൻ-II) TDS കുറവ് വരുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി നം. 40/കെ.എസ്.എ./ടിവിസി.12/2025. തീയതി: 11.08.2025.) മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ ബില്ലുകളിൽ നിന്നും TDS കുറവ് വരുത്തേണ്ടതുമാണ്.

1-52 അങ്കണവാടി പോഷകാഹാരവിതരണം രേഖകൾ ഹാജരാക്കിയില്ല-4007651/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	429/25
പ്രോജക്ടിന്റെ പേര്	അങ്കണവാടി പോഷകാഹാരം
അടങ്കൽ തുക	50,00,000/-(വികസന ഫണ്ട്) 2,00,00,000/-(കേന്ദ്ര ഫണ്ട്) ആകെ = 2,50,00,000/-
ചെലവ് തുക	49,99,413/-(വികസന ഫണ്ട്) 24,42,465/-(കേന്ദ്ര ഫണ്ട്) ആകെ= 74,41,878/-
നിർവ്വഹണോദ്യോഗസ്ഥൻ	സിഡിപിഒ അർബൻ III

അർബൻ III -ന്റെ പരിധിയിലുള്ള അങ്കണവാടികളിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ ഭാഗമായി കൺസ്യൂമർ ഫെഡ് ഗോഡൗണിൽ നിന്നും (KSCCF, Thriveni) ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയവയുടെ സ്റ്റോക്ക് വിതരണ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽ നം./തീയതി	തുക (രൂപ)
1298/17.10.2024	305030/-രൂപ
1299/17.10.2024	370199/-രൂപ
1523/11.12.2024	261209/-രൂപ
ബിൽ നം/തീയതി ലഭ്യമല്ല	628748/-രൂപ
ആകെ	15,65,186/-രൂപ

2. അംഗനവാടികളിൽ വിതരണം ചെയ്ത ഇന്ധനത്തിന്റെ വില പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം തുക കൈപ്പറ്റിയ അങ്കണവാടികളുടെ സെന്റർ നമ്പറും, ഫ്യൂവൽ ചാർജ്ജ് ബില്ലിലെ സെന്റർ നമ്പറും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കൈപ്പറ്റിയ അംഗനവാടി നം.	ഫ്യൂവൽ ബിൽ പ്രകാരം അംഗനവാടിയുടെ നം.	തുക (രൂപ)
1	142	87	843
2	149	44	812
3	156	83	812
4	159	92	812
5	162	106	812
6	164	117	843

7	32	23	812
8	29	112	812

3. ബിൽ നം. 877/09.08.2024 പ്രകാരം പിൻവലിച്ച 26,896/- രൂപയിൽ 912/- രൂപ 59-ാം നമ്പർ അങ്കണവാടിയിലെ (വൗച്ചർ നം.9) ഫ്യൂവൽ ചാർജ്ജിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ബിൽ പ്രകാരം (കൺസ്യൂമർ നം. 73716047) ഉടമ Mrs. Vrinda, Vrindalayam, Kailas Nagar എന്ന വ്യക്തിയാണ്. .

4. ബിൽ നം. 3049/18.03.2025 പ്രകാരം പിൻവലിച്ച 8932/- രൂപയിൽ 1624/- രൂപ ശ്രീമതി. മാലിനി.ഡി കൈപ്പറ്റിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം അതിൽ 812/- രൂപ സെന്റർ നം. 56 ലെ (കൺസ്യൂമർ നം. 63676146) ഫ്യൂവൽ ചാർജ്ജും, 812/- രൂപ 52-ാം നം. സെന്ററിലെ (കൺസ്യൂമർ നം. 18617) ഫ്യൂവൽ ചാർജ്ജ് ബില്ലുമാണ്.

5. 2023-24 ലെ ഭക്ഷ്യവിതരണ പ്രോജക്ടിന്റെ (നം.29/24) ഭാഗമായി മാറിയ ചുവടെപ്പറയുന്ന ബില്ലുകൾ വെബ് സാംഖ്യയിൽ 2024-25 സാമ്പത്തിക വർഷമാണ് ചെലവഴിച്ചിട്ടുള്ളത്.

ക്രമ നം.	ബിൽ നം./ തീയതി	പ്രോജക്ട് നം.	തുക (രൂപ)
1	106/09.05.2024	29/24	610
2	481/16.05.2024	29/24	397233
3	ലഭ്യമല്ല	29/24	628748

2023-24 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരമുള്ള തുക തൻവർഷം ചെലവഴിക്കാതെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിച്ച ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്.

6. പ്രോജക്ട് നിർവ്വഹണത്തിനായി കേന്ദ്ര ഫണ്ടിൽ നിന്നും 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സൂലേഖ ചെലവ് പത്രിക പ്രകാരം അതിൽ നിന്നും 24,42,465/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 94/ കെ.എസ്.എ./ടി.വി.സി.5/ 2024-25, തീയതി: 03.10.25) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റോക്ക് വിതരണ രേഖകളുടെ അഭാവത്തിൽ ക്രമ നം.1, 6 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന ചെലവ് തുക (15,65,186+2442465)/- ആകെ 40,07,651/-രൂപ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കോണ്ടതുമാണ്.

1-52-1 അങ്കണവാടി പോഷകാഹാരം രേഖകളുടെ അഭാവത്തിൽ 34,39,236/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	986/25
പേര്	അങ്കണവാടിപോഷകാഹാരം അർബൻ 3
അടങ്കൽ തുക	79,94,497/-രൂപ (29,94,497-രൂപ ,വികസനഫണ്ട് 50,00,000/-രൂപ, കേന്ദ്രഫണ്ട്)
ചെലവ് തുക	44,05,524/-രൂപ (ഹാജരാക്കിയ രേഖകൾ പ്രകാരം) (19,63,059/-രൂപ, വികസനഫണ്ട് 24,42,465/-രൂപ, കേന്ദ്രഫണ്ട്)
ബിൽ നം/തീയതി - തുക	916/31.08.24 -19,10,110/- രൂപ
	977/10.09.24 -17,114/-രൂപ
	1009/11.09.24-17,055/-രൂപ
	1111/23.09.24-18,780/-രൂപ ചെക്ക് നം./ 155795/17.03.25- 8,09,975/-രൂപ (കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട മറ്റ് ചെലവുകളുടെ (16,32,490/-രൂപ) ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.)
നിർവ്വഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ III

നഗരസഭാ പ്രദേശത്തെ അർബൻ 3 യുടെ കീഴിലുള്ള അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. KSCCF Ltd എന്ന സ്ഥാപനത്തിൽ നിന്നും യഥാക്രമം 19,10,110/-രൂപ, 8,09,975/-രൂപ, 7,19,151/-രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്. അവയുടെ സ്റ്റോക്ക് വിതരണരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3..കേന്ദ്രവിഹിതത്തിൽ നിന്നും പിൻവലിച്ച തുകയുടെ ചെക്കിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

6. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവും (29,89,650/-രൂപ) ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ആകെ ചെലവും (44,05,524/- രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.93/കെ.എസ്.എ./ടി.വി.സി.5/2024-25,തീ.03.10.25) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 34,39,236/-രൂപ (19,10,110+809975+7,19,151) തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അനുബന്ധരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-53 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സഉ. (സാധാ) നം. 2132/2022/LSGD തീയതി 31-08-2022 പ്രകാരം 2021-22 ലെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവാർഡ് കാലയളവിലെ (2021-26) ആദ്യവർഷമായ 2021-22 ലെ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമപദ്ധതി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും കേന്ദ്രസർക്കാറിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ അടിസ്ഥാനമാക്കിയാണ് കർമപദ്ധതി തയ്യാറാക്കിയത്. കർമപദ്ധതിയിലെ ചില പ്രവർത്തനങ്ങൾ ആരോഗ്യകേരളം പ്രോജക്ട് (NHM) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)എന്നിവ മുഖേന നടത്തുന്നതാണ്. മനുഷ്യ വിഭവശേഷിയെ നിയോഗിക്കുന്നതിനും മെഡിക്കൽ ഉപകരണങ്ങളുടെ പ്രൊക്വയർമെന്റിനുമുള്ള തുമതലകൾ നിറവേറ്റുന്നതിനാണ് NHM നെയും KMSCL നെയും തുമതലപ്പെടുത്തിയിട്ടുള്ളത്.

ബാധകമായ ഉത്തരവുകൾ

സഉ. (സാധാ) നം. 2132/2022/LSGD തീയതി 31.082022

സഉ. (സാധാ) നം. 3157/2022/LSGD തീയതി 21.12.2023

സഉ. (സാധാ) നം. 1078/2023/LSGD തീയതി 20.05.2023

സഉ. (സാധാ) നം. 1625/2023/LSGD തീയതി 09.08.2023

1-53-1 ഹെൽത്ത് ഗ്രാന്റ് വിനിയോഗം 2021-22

പതിനഞ്ചാം ധനകാര്യകമ്മീഷൻ നിർദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആയതിൽ നഗരസഭകൾക്ക് ബാധകമാകുന്നതും നിലവിൽ നടപ്പിലാക്കിയിട്ടുള്ളതുമായ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണയസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സ്കീം 5

നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണയസൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് സ്കീം 5 ന്റെ ലക്ഷ്യം. സ്കീം 5 ന് 2021-22 വർഷത്തേക്ക് ലഭിച്ച വിഹിതത്തിൽ നിന്നും നഗരഭരണസ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടില്ല. 2022-23 വർഷത്തേക്ക് 3,95,06,000/-രൂപയും 2023-24 വർഷത്തേക്ക് 74,52,000/-രൂപയും അനുവദിച്ചിട്ടുണ്ട്. 2021-22 ൽ ലഭിച്ച തുകയിൽ നിന്നും, ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിഹിതം KMSCL നും പരിശീലനം തുടങ്ങിയ ചെലവുകൾക്കുള്ള വിഹിതം NHM നും നൽകിയിട്ടുണ്ട്.

2) അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള സ്കീം 6

സ്കീം 6 ന് രണ്ട് ഘടകങ്ങളാണുള്ളത്

I) അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ,

Ii) അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ

കേരളത്തിൽ നഗരപ്രദേശങ്ങളിൽ പൊതുജനങ്ങൾക്കാവശ്യമായ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ കുറവാണ്. പകർച്ച വ്യാധികൾ, ജീവിതൈശലീരോഗങ്ങൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ നഗരപ്രദേശങ്ങളിൽ കൂടുതലാണ്. അമ്പതിനായിത്തിൽ അധികം ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ നഗരകുടുംബആരോഗ്യകേന്ദ്രങ്ങൾ (UPHC) പ്രവർത്തിക്കുന്നുണ്ടെങ്കിലും നഗരപ്രദേശങ്ങളിൽ കൂടുതൽ പ്രാഥമികാരോഗ്യസൗകര്യങ്ങൾ ആവശ്യമുണ്ട്. ആയതിനാൽ പൊതുജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും ആരംഭിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

3) ലഭ്യമാക്കുന്ന സേവനങ്ങൾ

ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിൽ നിന്നും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ

I) ആരോഗ്യ വർദ്ധക സേവനങ്ങൾ – ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

Ii) രോഗപ്രതിരോധ പ്രവർത്തനങ്ങൾ

Iii)വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

Iv) രോഗ ചികിത്സാ സൗകര്യങ്ങൾ

V) ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ,

Vi) ദീർഘകാല രോഗങ്ങൾ ഉള്ളവർക്ക് ചികിത്സ, മാനസിക സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

Vii) പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ

4)സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യകേന്ദ്രങ്ങളുടെ എണ്ണം

അർബൻ കുടുംബാരോഗ്യകേന്ദ്രങ്ങൾ (UPHC) ഉള്ള കോർപ്പറേഷനുകളിൽ ഒരു അർബൻകേന്ദ്രത്തിന് പുതിയ മുന്ന് ഹെൽത്ത് ആന്റ് വെൽനസ് സെന്റർ എന്ന നിലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ് (സഉ. (സാധാ) നം. 2132/2022/LSGD തീയതി 31-08-2022) തിരുവനന്തപുരം നഗരസഭയിൽ 14 അർബൻ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആണുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 44 ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ ആരംഭിക്കുന്നതിന്

തീരുമാനിച്ചിരുന്നു. നിലവിൽ 32 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 18 സ്ഥാപനങ്ങളും വാടകക്കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്.

5)നിലവിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ

A) അർബൻ കുടുംബാരോഗ്യകേന്ദ്രങ്ങൾ

Sl No.	Name Of UPHC Hospital	
1	UPHC Beemapally	സ്വന്തം
2	UPHC Kannammoola	സ്വന്തം
3	UPHC Thrikkannapuram	സ്വന്തം
4	UPHC Muttada	സ്വന്തം
5	UPHC Kuriyathi - Attukal	സ്വന്തം
6	UPHC Kalippakulam	സ്വന്തം
7	UPHC Vettucaud	സ്വന്തം
8	UPHC Rajaji Nagar	സ്വന്തം
9	UPHC Palkulangara	സ്വന്തം
10	UPHC Chackai	സ്വന്തം
11	UPHC Kovalam	സ്വന്തം
12	UPHC Nandencode	സ്വന്തം
13	UPHC Vattiyoorkavu	സ്വന്തം
14	UPHC Chalai	സ്വന്തം

B) ഹെൽത്ത് ആന്റ് വെൽനസ് സെന്റർ

ക്രമ നം.	വാർഡ്	സ്വന്തം/ വാടക
1	മുടവൻമുഗൾ	സ്വന്തം
2	വഞ്ചിയൂർ	വാടക
3	മെഡിക്കൽ കോളേജ്	വാടക
4	നാലാഞ്ചിറ	വാടക
5	പാങ്ങോട്	വാടക
6	എസ്റ്റേറ്റ്	വാടക
7	ചെമ്പഴന്തി	വാടക
8	വലിയശാല	സ്വന്തം
9	മേലാങ്കോട്	വാടക
10	അണമുഖം	വാടക
11	മുട്ടത്തറ	സ്വന്തം
12	പേരൂർക്കട	വാടക
13	വള്ളക്കടവ്	സ്വന്തം
14	കോട്ടപ്പുറം	സ്വന്തം
15	പള്ളിത്തുറ	സ്വന്തം
16	പട്ടം	വാടക
17	വെങ്ങാനൂർ	വാടക
18	കേശവദാസപുരം	വാടക
19	കിണവൂർ	സ്വന്തം
20	ചന്തവിള	വാടക
21	കാട്ടായിക്കോണം	വാടക
22	കമലേശ്വരം	സ്വന്തം
23	പിടിപി നഗർ	വാടക
24	കുന്നുകഴി	സ്വന്തം
25	പൗഡിക്കോണം	വാടക
26	ഞാണ്ടൂർക്കോണം	വാടക
27	ആക്കുളം	സ്വന്തം
28	പൂന്തുറ	സ്വന്തം
29	ചെല്ലമംഗലം	സ്വന്തം
30	വാഴോട്ടുകോണം	വാടക

31	ആറ്റിപ്ര	വാടക
32	തിരുമല	വാടക

6) അർബൻ പോളിക്ലിനിക്കുകൾ

ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുപുറമെ പൊതുജനത്തിന് സ്പെഷ്യലിറ്റി സർവീസ് ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലുള്ള എല്ലാ അർബൻ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പുതുതായി തുടങ്ങുന്ന ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലും അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കാവുന്നതാണ്. അർബൻ പോളിക്ലിനിക്കിൽ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഒബ്സ്റ്റേട്രിക്സ് ആന്റ് ഗൈനക്കോളജി, ഒഫ്താൽമോളജി, ഡെർമറ്റോളജി, സൈക്ക്യാട്രി, പാലിയേറ്റീവ് മെഡിസിൻ, ഡെന്റൽ, ഫിസിയോതെറാപ്പിസ്റ്റ്, ഓപ്ടോമെട്രിസ്റ്റ് എന്നിവരുടെ സേവനം ആഴ്ചയിൽ ഒരു ദിവസം ലഭ്യമാക്കേണ്ടതുണ്ട്. സ്പെഷ്യലിസ്റ്റുമാരെ നിയോഗിക്കുന്നതിനുള്ള ക്രമീകരണം ജില്ലാ മെഡിക്കൽ ഓഫീസർ ഏർപ്പെടുത്തേണ്ടതുണ്ട്.

7.ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിൽ സ്പെഷ്യലിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുള്ള അർബൻ പോളിക്ലിനിക്കുകൾ

Serial No	Name Of Institution	Speciality	O P Days
1	UPHC, Vattiyoorkavu	Ortho	Saturday
		ENT	Tuesday
		Dietitian	Tuesday
2	UPHC Thrikkannapuram	Paediatricean	Tuesday
		ENT	Saturday
3	UPHC Attukaal	Paediatricean	Saturday, Thursday
		ENT	Friday
4	UPHC Chala	Psychiatry	Tuesday
		Palliative	Tuesday
		ENT	Wednesday
5	UPHC, Palkulangara	ENT	CThursday
	UPHC, Kovalam	Opthalmologist, Optometrist	Tuesday
		ENT	Tuesday
6	UPHC, Muttada	Ortho	Friday
		ENT	Wednesday, Friday
7	UPHC Rajaji Nagar	Psychiatry	Monday
		ENT	Wednesday
		Gynacology	Friday
8	UPHC, Chacka	Physiotherapy	Thursday
		Paediatricean	Friday
		ENT	Saturday
9	UPHC Beemapally	ENT	Tuesday
		Gynacology	Saturday
		Optometrist	Wednesday
10	UPHC, Kalippakulam	ENT	Thursday, Friday
11	UPHC, Nandencode	Dietitian	Saturday
		Psychiatry	Friday
12	UPHC Kanannmoola	ENT	Monday
		Dietitian	Tuesday
		Psychiatry	Wednesday

ഉത്തരവിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട സ്പെഷ്യലിസ്റ്റുമാരെയും നിയമിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

8) മരുന്നകളും ഉപകരണങ്ങളും

ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ, പോളിക്ലിനിക്കുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നകളും ഉപകരണങ്ങളും KMSCL ലഭ്യമാക്കുന്നതാണ്.

9) ഒറ്റത്തവണമാത്രമുള്ള ചെലവുകൾ

ഓരോ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ സ്ഥാപിക്കുന്നതിന് ഒറ്റത്തവണമാത്രം താഴെ പറയുന്ന ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിക്കാവുന്നതാണ്

I സെന്റർ നടത്താൻ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ

Ii സ്വന്തം കെട്ടിടം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ സ്ഥാപനം വാടകയ്ക്ക് എടുക്കൽ

Iii ടെലി കൺസൾട്ടേഷൻ സംവിധാനം ഏർപ്പെടുത്തൽ

Iv ഫർണിച്ചർ വാങ്ങൽ

മേൽ ആവശ്യങ്ങൾക്കായി 14,77,05,809/- രൂപ ചെലവായിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 153 /കെ.എസ്.എ/എ ഒ 2/2025, തീയതി 13.11.2025 മറുപടി ലഭിച്ചു

10) പ്രോജക്ട് നിർവഹണ നടപടികൾ

പ്രോജക്ടുകൾ സുലേഖ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കി നിർവഹണം നടത്തേണ്ടതും ആയതിന് സുലേഖ സോഫ്റ്റ്വെയറിലെ 'സ്പെഷ്യൽ പ്രോജക്ടുകൾ' എന്ന പ്രത്യേക സൗകര്യം പ്രയോജനപ്പെടുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ ഫണ്ട് സ്രോതസ്സ് ആയി ഹെൽത്ത് ഗ്രാന്റ് എന്ന് രേഖപ്പെടുത്തേണ്ടതും ഓരോ പ്രോജക്ടിനും അനുയോജ്യമായ സ്കീം കോഡ് തെരഞ്ഞെടുത്ത് ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ അപ്രകാരം പൂർണമായും പ്രോജക്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

11) സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപടൽ

നിർവഹണ ഉദ്യോഗസ്ഥർ ആരോഗ്യഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിർവഹണപുരോഗതി തുടർച്ചയായി ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ നിർവഹണപുരോഗതി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് ഇനിമുതൽ മിനിട്സിൽ രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ലഭിച്ചു (നം. 258./ കെ.എസ്.എ/എ ഒ 2/2025, തീയതി 19.02.2026)

12) നടപ്പിലാക്കിയ പ്രോജക്ടുകൾ

2024-25 സാമ്പത്തികവർഷത്തിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിശകലനം ചുവടെ ചേർക്കുന്നു. ആകെ 88 പ്രോജക്ടുകൾ ആവിഷ്കരിച്ചതെങ്കിലും 54 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. സുലേഖ ചെലവ് പത്രിക പ്രകാരം 17,00,53,826/- രൂപ വകയിരുത്തിയെങ്കിലും വകയിരുത്തിയ തുകയുടെ 24.32% തുകയായ 4,13,61,376/- രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

ക്രമ നം	നിർവഹണ ഉദ്യോഗസ്ഥർ	പ്രോജക്ടുകളുടെ എണ്ണം		ധനകാര്യകമ്മീഷൻഗ്രാന്റ്		
		ആകെ	നടപ്പാക്കിയത്	ശതമാനം	വകയിരുത്തിയ തുക	ചെലവ് തുക
1	സെക്രട്ടറി	46	36	78.20	135840674	34042158
2	മെഡിക്കൽ ഓഫീസർ	7	6	85.71	12954999	540674
3	അസി. എഞ്ചിനീയർ	34	11	32.35	19158153	5080231
4	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	1	1	100	2100000	1698313
ആകെ		88	54		170053826	41361376

13) ഹെൽത്ത് ഗ്രാന്റ് ചെലവ് - വിവിധ റിപ്പോർട്ടുകളുമായി പൊരുത്തപ്പെടുന്നില്ല

സുലേഖ ചെലവ് പത്രിക പ്രകാരം ഹെൽത്ത് ഗ്രാന്റ് ചെലവ് 4,13,61,376/-രൂപയാണ്. എന്നാൽ AFS, ACR, Bank Statement എന്നിവ പ്രകാരമുള്ള ചെലവ് യഥാക്രമം 63623042/-രൂപ, 51867358/- രൂപ, 63062944/- രൂപ എന്നിങ്ങനെയാണ്. ആയത് പൊരുത്തപ്പെടുത്തേണ്ടതാണ്.

14) വരവ് ചെലവ് കണക്കുകളിൽ പൊരുത്തക്കേട്

2021-22 മുതൽ നാളിതുവരെയുള്ള ഹെൽത്ത് ഗ്രാന്റ് വരവ് ചെലവ് വിവരങ്ങൾ, സ്ഥാപനം ലഭ്യമാക്കിയ 21-02-2026 ലെ J3/75319/2025 നമ്പർ മറുപടി, ബാങ്ക് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR), വാർഷികധനകാര്യപത്രിക (AFS) എന്നിവയുമായി പരിശോധിച്ചതിൽ പൊരുത്തക്കേടുകൾ കാണുന്നുണ്ട്. ആയതിനാൽ വരവ് ചെലവ് വിവരങ്ങൾ PFMS അക്കൗണ്ടും ആയി ക്രമപ്പെടുത്തി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് (നം. 258./ കെ. എസ്.എ / എ ഒ 2/2025, തീയതി 19.02.2026) സുലേഖ സോഫ്റ്റ്വെയർ - PFMS കണക്കുകളിലെ പൊരുത്തക്കേട് ക്രമപ്പെടുത്തുന്നതിനായി നഗരകാര്യ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. തുടർവിവരം അറിയിക്കേണ്ടതാണ്.

I)സ്ഥാപനം ലഭ്യമാക്കിയ വരവ് ചെലവ് വിവരങ്ങൾ

ഇനം	2021-22 ലെ ഗ്രാന്റ്		2022-23 ലെ ഗ്രാന്റ്		2023-24 ലെ ഗ്രാന്റ്	
	വരവ്	ചെലവ്	വരവ്	ചെലവ്	വരവ്	ചെലവ്
സ്കീം 6	228902000	147705809	58935000	13000000	28508000	0
സ്കീം 5	----	----	39506000	16897080	7452000	0

Ii)ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

Ii-I)(സ്കീം 6(Account No. 4359001100000104 , Punjab National Bank))

സാമ്പത്തിക വർഷം	മുന്നിരിപ്പ്	വരവ്	(ഇനം, ലഭിച്ച തീയതി)	ആകെ തൻവർഷ വരവ്	ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	ചെലവ്	നീക്കിയിരിപ്പ്
2022-23	0	11,00,00,000	ഗ്രാന്റ്/12.07.22	197656350	19,76,56,350	377.6	197655972.40
		8,44,00,000	ഗ്രാന്റ്/06.08.22)				
		5,88,003	പലിശ (4.09.22)				
		13,36,826	പലിശ (07.12.22)				
		13,31,143	പലിശ വരവ് (4.03.23)				
		378	ചെക്ക് (30.09.22)				

2023-24	197655972.40	3,45,02,000	ഗ്രാന്റ് (8.05.23)	40784860	238440832.40	6,54,88,594*	172952238.40
		14,32,341	പലിശ (3.06.23)				
		16,19,025	പലിശ (2.09.23)				
		16,12,109	പലിശ (03.12.23)				
		16,19,385	പലിശ (10.3.24)				
2024-25	172952238.40	12,48,624	പലിശ (02.06.24)	62889697	235841935.40	59012046	176829889.40
		9,26,062	പലിശ (08.09.24)				
		8,78,703	പലിശ (02.12.24)				
		67,920	മറ്റ് വരവ് (05.12.24)				
		8,33,388	പലിശ (02.03.25)				
		5,89,35,000	ഗ്രാന്റ് (11.03.25)				

* പ്രസ്തുത തുകയിൽ NHM ന് തിരിച്ചടച്ച 4,79,99,000/-രൂപയും ഉൾപ്പെടുന്നു.

Ii-Ii (Scheme 5) Account No. 435900110000092, Punjab National Bank

സാമ്പത്തിക വർഷം	മുന്നിരിപ്പ്	വരവ്	(ഇനം, ലഭിച്ച തീയതി)	ആകെ തൻവർഷ വരവ്	ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	ചെലവ്	നീക്കിയിരിപ്പ്
2023-24	0	39506000	ഗ്രാന്റ് (7.11.23)	39848776	39848776	377.6	39848398.4
		71435	പലിശ (3.12.23)				
		271341	പലിശ (12.03.24)				
2024-25	39848398.4	276189	പലിശ (2.06.24)	1053752	40902150.40	4050898	36851252.40
		266914	പലിശ (8.09.24)				
		258162	പലിശ (2.12.24)				
		252487	പലിശ (2.03.25)				

Ii-Iii) ACR പ്രകാരമുള്ള ചെലവ് വിവരങ്ങൾ (സ്ലീം 5 + സ്ലീം 6) വാർഷികധനകാര്യപത്രികയും ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വർഷം	ചെലവ്		
	ACR പ്രകാരം	AFS പ്രകാരം	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം
2022-23	0	0	377.6
2023-24	6,81,40,438	7,40,08,000	6,54,88,971.6
2024-25	5,18,67,358	6,36,23,042	6,30,62,944

15) സുലേഖ സോഫ്റ്റ്വെയറിൽ എല്ലാ ചെലവുകളും പ്രതിഫലിക്കുന്നില്ല

സ.ഉ (സാധാ) നം. 2132/2022/LSGD തീയതി 31-08-2022 ഖണ്ഡിക 3.1 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കിയാണ് നിർവഹണം നടത്തേണ്ടത്. എന്നാൽ സുലേഖ സോഫ്റ്റ്വെയറിൽ എല്ലാ ചെലവുകളും പ്രതിഫലിക്കുന്നില്ല. ഉദാഹരണമായി UPHC കൾ പോളിക്ലിനിക്ക് ആയി അപ്ഗ്രേഡ് ചെയ്യുന്നതിനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി 600000/-രൂപ വീതം ആകെ 8400000/-രൂപ വിവിധ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിർവഹണത്തിലും പോളിക്ലിനിക്കുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി 400000/- രൂപ വീതം ആകെ 5600000/-രൂപ സെക്രട്ടറിയുടെ നിർവഹണത്തിലും നടത്തുന്നതിനുമായി (ആകെ 140000000/-രൂപ) പ്രോജക്ട് ആവിഷ്കരിക്കുകയും സുലേഖയിൽ തുക വകയിരുത്തുകയും PFMS മുഖേന UPHC കൾക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടിനുവേണ്ടി കൈമാറിയ ചെലവ് തുക മാത്രമേ സുലേഖയിൽ പ്രതിഫലിച്ചിട്ടുള്ളൂ. അസി. എഞ്ചിനീയരുടെ പ്രോജക്ടിനുവേണ്ടി കൈമാറിയ തുകയുടെ ചെലവ് സുലേഖയിലും ACR ലും പ്രതിഫലിച്ചിട്ടില്ല.

CHC/PHC/FHC കളിൽ രോഗനിർണയസൗകര്യങ്ങൾ ഒരുക്കുന്നതിന് സ്ലീം5 പ്രകാരം 15689334 /-രൂപ വകയിരുത്തുകയും 3898851/- രൂപ PFMS മുഖേന

ചെലവഴിക്കുകയും ചെയ്തെങ്കിലും ചെലവ് തുക സുലേഖയിൽ പ്രതിഫലിച്ചിട്ടില്ല.

പോളിക്ലിനിക്കുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി വകയിരുത്തിയ തുകയുടെ വിവരം നിർവഹണം - സെക്രട്ടി

ക്രമനം	പ്രോജക്ട് നമ്പർ	വകയിരുത്തൽ	ചെലവ്
1	2135/25	400000	400000
2	2152/25	400000	400000
3	2149/25	400000	400000
4	2156/25	400000	400000
5	2151/25	400000	400000
6	2140/25	400000	400000
7	214625	400000	400000
8	2145/25	400000	400000
9	2160/25	400000	400000
10	2141/25	400000	400000
11	2161/25	400000	400000
12	2136/25	400000	400000
13	2163/25	400000	400000
14	2164/25	400000	400000

പോളിക്ലിനിക്കായി അപ്ഗ്രേഡ് ചെയ്യുന്നതിനും അനുബന്ധപ്രവർത്തനങ്ങൾക്കായി വിവിധ UPHC കൾക്ക് സുലേഖ പ്രകാരം വകയിരുത്തിയ തുകയുടെ വിവരങ്ങൾ (നിർവഹണം- അസിസ്റ്റന്റ് എഞ്ചിനീയർ)

ക്രമനം	പ്രോജക്ട് നമ്പർ	വകയിരുത്തൽ	ചെലവ്
1	2225/25	600000	0
2	2226/25	600000	0
3	2227/25	600000	0
4	2228/25	600000	0
5	2229/25	600000	0
6	2230/25	600000	0
7	2231/25	600000	0
8	2233/25	600000	0
9	2234/25	600000	0
10	2237/25	600000	0
11	2238/25	600000	0
12	2239/25	600000	0
13	2240/25	600000	0
14	2241/25	600000	0

16. അർബൻ പോളിക്ലിനിക്ക് കെട്ടിടങ്ങൾ - നിർമാണം പൂർത്തീകരിച്ചില്ല

14 അർബൻ പോളിക്ലിനിക്കുകളുടെ സിവിൽ വർക്കുകൾ നടത്തുന്നതിനായി ഓരോന്നിനും 6 ലക്ഷം രൂപ വീതം വകയിരുത്തി അതാത് വാർഡിന്റെ ചുമതലയുള്ള അസി. എഞ്ചിനീയർമാർ നിർവഹണ ഉദ്യോഗസ്ഥരായി പ്രോജക്ടുകൾ വച്ചിട്ടുള്ളതും ആയതിന്റെ നിർവഹണം നടന്നുവരുന്നുമെന്നായിരുന്നു ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയത്. കെട്ടിടങ്ങളുടെ പൂർത്തീകരണവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

17. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം - ബാങ്ക് അക്കൗണ്ടിൽ 21,36,81,141.80/- രൂപ ബാലൻസ് നിൽക്കുന്നു

പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് കാലയളവായ 2021-2026 കാലയളവിൽ സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ സ്കീം 6, സ്കീം 5 എന്നീ അക്കൗണ്ടുകളിലായി 31-03-2025 ൽ 21,36,81,141.80/-രൂപ (176829889.40+ 36851252.40) ബാലൻസ് നിൽക്കുന്നുണ്ട്. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ പോരായ്മയാണ് ഏകദേശം 21.37 കോടി രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നതിന് കാരണം. പ്രോജക്ടുകൾ നടപ്പിലാക്കാത്ത പക്ഷം ബാങ്ക് അക്കൗണ്ടിൽ നിലവിലുള്ള തുകയും തിരിച്ചടവാക്കേണ്ടി വരും. 2025-26 സാമ്പത്തികവർഷത്തിൽ നിലവിൽ ബാലൻസ് ആയ തുക ഉൾപ്പെടെ ചെലവഴിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ എന്നും നടപ്പിലാക്കാത്ത പ്രോജക്ടുകൾ തുടർവർഷങ്ങളിൽ പൂർത്തിയാക്കാവുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദേശങ്ങൾ സർക്കാറിൽ നിന്നും ലഭിച്ചിട്ടുണ്ടോ എന്ന വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻകയറി (നം. 258/ കെ.എസ്.എ / എ ഒ 2/ 2025, തീയതി 19.02.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

18. നിർദിഷ്ട എണ്ണം ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ സ്ഥാപിച്ചില്ല 4.79 കോടി രൂപ തിരിച്ചടവാക്കേണ്ടി വന്നു

നിർദിഷ്ട എണ്ണം ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ സ്ഥാപിക്കാത്തതിനാൽ അർബൻ അഫയേഴ്സ് ഡയറക്ടറുടെ 26.11.2023ലെ LSGD/PD/15167/2023-DPLA കത്തിലെ നിർദേശത്തെതുടർന്ന് 479,99,000/- രൂപ 27-03-2024 ൽ NHM ലേയ്ക്ക് അടയ്ക്കേണ്ടിവന്നിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാലാണ് മേൽ പ്രകാരം തുക തിരിച്ചടവാക്കേണ്ട സാഹചര്യമുണ്ടായത്.

19) ആരോഗ്യസ്ഥാപനങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ

UPHC കളിലും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലും NHM മുഖേനയും നഗരസഭ മുഖേനയും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് കീഴിൽ 14 UPHC കളും 32 ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഓരോ സ്ഥാപനത്തിലും നിലവിൽ താഴെ പറയുന്ന തസ്തികളിലാണ് ജീവനക്കാർ ജോലി നോക്കുന്നത്. (UPHC രാജാജി നഗറിൽ നിന്നും 07-03-2026 ൽ ടെലിഫോൺ മുഖേന ലഭിച്ച വിവരം)

UPHC (ഒരു സ്ഥാപനത്തിലെ വിവരം)

തസ്തിക	NHM മുഖേന	നഗരസഭ

	നിയമിച്ചവരുടെ എണ്ണം	മുഖേന നിയമിച്ചവരുടെ എണ്ണം
ഡോക്ടർ	2	1
സ്റ്റാഫ് നഴ്സ്	2	1
ലാബ് ടെക്നിഷ്യൻ	1	1
അറ്റൻ്റർ	1	1
ഫാർമസിസ്റ്റ്	1	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	1	-
ജൂനിയർ പബ്ലിക് ഹെൽത്ത നഴ്സ്	6	-
അക്കൗണ്ടൻ്റ്	1	-
ആകെ	15	5

ഹെൽത്ത് ആൻ്റ് വെൽനസ് സെൻ്ററുകൾ (ഒരു സ്ഥാപനത്തിലെ വിവരം)

തസ്തിക	NHM മുഖേന നിയമിച്ചവരുടെ എണ്ണം	നഗരസഭ മുഖേന നിയമിച്ചവരുടെ എണ്ണം
ഡോക്ടർ	1	-
സ്റ്റാഫ് നഴ്സ്	2	-
ഫാർമസിസ്റ്റ്	1	-
സപ്പോർട്ടിംഗ് സ്റ്റാഫ്	-	1
ആകെ	4	1

മേൽ ജീവനക്കാരുടെ സേവനവേതനങ്ങൾ നിശ്ചയിച്ചിരിക്കുന്നത് NHM മാനദണ്ഡങ്ങൾ പ്രകാരമാണോയെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട ഉത്തരവുകൾ ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 161/കെ.എസ്.എ/എ ഒ 2/2025, തീയതി 18.12.2025) ഉത്തരവുകൾ ലഭ്യമാക്കിയില്ല. ഉത്തരവുകൾ ലഭ്യമാക്കേണ്ടതാണ്.

20) ജീവനക്കാരുടെ വേതനം

ഹെൽത്ത് ഗ്രാന്റിൽ നിന്നും വേതനം നൽകുന്നതിനായി ചുവടെ ചേർക്കും പ്രകാരം 1,19,56,976/-രൂപ ചെലവഴിച്ചിട്ടുണ്ട്.

Sl No.	Month	Amount
1	2024 March	879116
2	2024 April	1036082
3	2024 May	742056
4	2024 June	992813
5	2024 July	994662
6	2024 August	950948
7	2024 September	1025999
8	2024 October	1097920
9	2024 November	1087683
10	2024 December	1076515
11	2025 January	1073317
12	2025 February	577170
	Total	11534281

21). KMSCL ൽ നിന്നും മരുന്നകളും ഉപകരണങ്ങളും ലഭ്യമായതിന്റെ വിവരങ്ങൾ

സ.ഉ.(സാധാ) നം. 2132/2022/LSGD തീയതി 31-08-2022, ഖണ്ഡിക 2.6.8 പ്രകാരം ഹെൽത്ത് ആൻ്റ് വെൽനസ് സെൻ്റർ, അർബൻ പോളിക്ലിനിക്ക് എന്നിവയിലേയ്ക്ക് ആവശ്യമായ മരുന്നകളും ഉപകരണങ്ങളും KMSCL ആണ് ലഭ്യമാക്കേണ്ടത്. മരുന്നകളും ഉപകരണങ്ങളും ഹെൽത്ത് ആൻ്റ് വെൽനസ് സെൻ്ററിനും അർബൻ പോളിക്ലിനിക്കുകൾക്കും KMSCL ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വിവരം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 153/കെ.എസ്.എ/എ ഒ 2/2025, തീയതി 13.11.2025) നൽകിയതിന് വിവിധ സ്ഥാപനങ്ങളിലേയ്ക്കാവശ്യമായ മരുന്നകളും ഉപകരണങ്ങളും KMSCLലഭ്യമാക്കുന്നുണ്ടെന്നുള്ള മറുപടി ലഭിച്ചു. ഹെൽത്ത് ആൻ്റ് വെൽനസ് സെൻ്ററുകളിലും രോഗനിർണയസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ ഉപകരണങ്ങൾ, ലഭ്യത കുറവായ ടെസ്റ്റ് കിറ്റുകൾ, റീഏജന്റുകൾ എന്നിവ KMSCL ൽ നിന്നും ലഭ്യമാകാത്ത അവസരങ്ങളിൽ ഹെൽത്ത് ഗ്രാന്റിലെ ഫണ്ട് ഉപയോഗിച്ച് ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങുന്നുണ്ട്.

22) ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള തുക പിൻവലിക്കുന്നതിലും ചെലവഴിക്കുന്നതിലും സർക്കാർ നിർദേശം പാലിക്കുന്നില്ല

സ.ഉ (സാധാ) നം. 3157/2022/LSGD തീയതി 21-12-2022 ഖണ്ഡിക 5 പ്രകാരം നഗരപ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രോജക്ടിൽ നിന്നും നാല് മാസത്തേയ്ക്കുള്ള തുക പിൻവലിച്ച് എച്ച് എം സി യ്ക്ക് അനുവദിച്ച് നൽകേണ്ടതും ലഭ്യമായ തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു നൽകേണ്ടതും ദൈനംദിന പ്രവർത്തനങ്ങൾ എച്ച് എം സി തീരുമാനപ്രകാരം നഗരപ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിയോഗിക്കപ്പെടുന്ന മെഡിക്കൽ ഓഫീസർ നിർവഹിക്കേണ്ടതുമാണ്. ചെലവ് സ്റ്റേറ്റ്മെന്റുകളും വൗച്ചറുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമുണ്ട്. ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് എച്ച് എം സി അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. ഓരോ ഗഡുവും വിനിയോഗിക്കുന്ന മുറയ്ക്ക് നാല് മാസം കൂടുന്തോറുമാണ് HMC യ്ക്ക് മേൽ പ്രോജക്ടുകളുടെ നടത്തിപ്പിനായി തുക അനുവദിക്കേണ്ടത്. എന്നാൽ വെബ്സാംഖ്യ പരിശോധിച്ചതിൽ നിന്നും നഗരപ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ ദൈനംദിനചെലവുകൾക്കായി വകയിരുത്തിയ 4335000/- രൂപ 2201/25 എന്ന പ്രോജക്ട് പ്രകാരവും CHC/PHC ആവർത്തനചെലവുകൾ എന്ന പ്രോജക്ടിലേയ്ക്കായി വകയിരുത്തിയ 3757000/- രൂപ 2203/25 എന്ന പ്രോജക്ട് പ്രകാരവും ഒറ്റത്തവണയായാണ് അനുവദിച്ചതായാണ് അനുവദിച്ചിട്ടുള്ളത്.

23) എച്ച് എം സി യിൽ സ ർക്കാർ സർവീസിലുള്ള മെഡിക്കൽ ഓഫീസറെ ഉൾപ്പെടുത്തിയിട്ടില്ല

സ.ഉ (സാധാ) നം. 3157/2022/LSGD തീയതി 21-12-2022 ഉത്തരവ് ഖണ്ഡിക 5 പ്രകാരം നഗരപ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും (UHWC) ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെയും എച്ച് എം സി യിൽ സർക്കാർ സർവീസിലുള്ള ഒരു മെഡിക്കൽ ഓഫീസറെ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. എച്ച് എം സി മിനിട്സ് പരിശോധിച്ചതിൽ സർക്കാർ സർവീസിലുള്ള മെഡിക്കൽ ഓഫീസറെ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. ആയതിൽ വ്യക്തത വരുത്തുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 258/ കെ.എസ്.എ/എ ഒ 2/2025, തീയതി 19.02.26 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

24) പോളിക്ലിനിക്ക് ഫണ്ട് റീകൂപ്പ് ചെയ്തില്ല

UPHC വെട്ടുകാടിന്റെ പോളിക്ലിനിക്ക് ഫണ്ട് ലഡ്ജർ പ്രകാരം 31-03-2025 ൽ 939372/- രൂപ ബാലൻസ് ഉണ്ടായിരുന്നു. ആയതിൽ നിന്നും 125246/-രൂപ പോളിക്ലിനിക്ക് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യുന്നതാണെന്ന വ്യവസ്ഥയിൽ UPHC വെട്ടുകാടിന്റെ ആവർത്തനചെലവുകൾ നിർവഹിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആയത് റീകൂപ്പ് ചെയ്തിട്ടില്ല. നിലവിലെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക റീകൂപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-53-2 അർബൻ പോളിക്ലിനിക്കുകൾക്ക് അനുവദിച്ചിട്ടുള്ള തുക പൂർണമായും ചെലവഴിച്ചില്ല - 10796559 /- രൂപ തടസ്സപ്പെടുത്തുന്നു

നഗരസഭാ സെക്രട്ടറിയുടെ 4-5-2024 ലെ J3/51010/2024 നമ്പർ ഉത്തരവ് പ്രകാരം 15ാം ധനകാര്യകമ്മീഷന്റെ 2021-22 വർഷത്തെ ഹെൽത്ത് ഗ്രാന്റ് രണ്ടാം ഗഡുവായി സ്കീം 6 ഇനത്തിൽ അർബൻ പോളിക്ലിനിക്കുകൾ (UPHC) സ്ഥാപിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് 1,40,00,000/-രൂപ താഴെ പറയുന്ന 14 UPHC കളുടെ HMC അക്കൗണ്ടിലേക്ക് PFMS മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ പ്രകാരം അനുവദിക്കപ്പെട്ട തുകയിൽ നിന്നും 32,03,441/-ചെലവഴിച്ചതിന്റെ വിനിയോഗസർട്ടിഫിക്കറ്റാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. UPHC കളുടെ അക്കൗണ്ടിൽ 1,07,96,559/-രൂപ ബാക്കി നിൽക്കുന്നുണ്ട്. അനുവദിക്കപ്പെട്ട തുക ചെലവഴിക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 161 /കെ. എസ്.എ/എ ഒ 2/ 2025 തീയതി 18.12.2025) നൽകിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. HMC അക്കൗണ്ടിൽ നിൽക്കുന്ന തുക സ.ഉ.(സാധാ) നം. 2411/2025/ ത.സ്വ.ഭ.വ തീയതി 04.10.2025 ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് വിനിയോഗിക്കാവുന്നതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 1,07,96,559/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം	യു പി എച്ച് സി യുടെ പേര്	അനുവദിച്ച തുക	ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക
1	ബീമാപള്ളി	1000000	224194
2	കണ്ണമൂല	1000000	769818
3	തുക്കണ്ണാപുരം	1000000	843821
4	മുട്ടട	1000000	564092
5	കുരിയാത്തി-ആറ്റുകാൽ	1000000	890138
6	കളിപ്പാൻകുളം	1000000	964322
7	വെട്ടുകാട്	1000000	924502
8	രാജാജി നഗർ	1000000	299909
9	പാൽക്കുളങ്ങര	1000000	915154
10	ചാക്ക	1000000	821361
11	കോവളം	1000000	867401
12	നന്തൻകോട്	1000000	851356
13	വട്ടിയൂർക്കാവ്	1000000	929419
14	ചാല	1000000	931072
ആകെ		140000000	10796559

1-53-3 ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ ആവർത്തനചെലവുകൾ – വിനിയോഗവിവരം ലഭ്യമാക്കിയില്ല - 4044565/- രൂപ തടസ്സപ്പെടുത്തുന്നു

ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ ആവർത്തനചെലവുകൾക്കായി SO 2179/25 നമ്പർ പ്രോജക്ട് പ്രകാരം 4044565/- രൂപ ചെലവഴിച്ചിട്ടുണ്ട്. വെബ് സാംഖ്യ പരിശോധിച്ചതിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ ആവർത്തനചെലവുകൾക്കായി (SO 2179/25 നമ്പർ പ്രോജക്ട്) TR 59 Own Fund ബിൽ മുഖേന 5 ബില്ലുകളിലായി ആകെ 4044565/- രൂപ ശ്രീ ഹേമന്ത് അനിൽ എന്ന വ്യക്തിയുടെ 40530526768 എന്ന അക്കൗണ്ട് നമ്പരിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. പ്രസ്തുത ചെലവ് നിർവഹണവുമായി ബന്ധപ്പെട്ട ഫയൽ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വിസിഷൻ (ഓഡിറ്റ് റിക്വിസിഷൻ നം 31/25-06-2025) നൽകിയെങ്കിലും ഫയൽ ഹാജരാക്കിയില്ല. മേൽ പ്രകാരം മാറിയ 4044565/- രൂപയിൽ നിന്നും സ.ഉ (സാധാ) നം. 2132/2022/LSGD തീയതി 31-08-2022 ഖണ്ഡിക 2.6.(10) Ii പ്രകാരമുള്ള ആവർത്തനചെലവുകളായ ജീവനക്കാരുടെ ശമ്പളം, സ്റ്റാഫ് പരിശീലനം, ക്വാളിറ്റി/ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ, ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ, IEC ബ്രാന്റിംഗ് പ്രവർത്തനങ്ങൾ, ആരോഗ്യസുസ്ഥിതിയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ , ടെലികൺസൾട്ടേഷൻ, മോണിട്ടറിംഗ് ചെലവുകൾ എന്നിവയ്ക്കായി ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്

അർബൻ പോളിക്ലിനിക്കുകൾ മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നാണ് മറുപടി നൽകി. ദൈനംദിനപ്രവർത്തനങ്ങൾ എച്ച് എം സി തീരുമാനപ്രകാരം ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രത്തിൽ നിയോഗിക്കപ്പെടുന്ന മെഡിക്കൽ ഓഫീസർ നിർവഹിക്കേണ്ടതും ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് എച്ച് എം സി അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ വിനിയോഗസർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് നൽകേണ്ടതുമുണ്ട്. എന്നാൽ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ 4044565/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-53-4 ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ മറ്റ് ചെലവുകൾക്കുള്ള തുക ആവർത്തനചെലവുകൾക്കായി വിനിയോഗിച്ചു - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -7144586/- രൂപ തടസ്സപ്പെടുത്തുന്നു

ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ മറ്റ് ചെലവുകൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 1,01,60,030/- രൂപ സെക്രട്ടറി നിർവഹണം നടത്തിയ 2174/25 പ്രോജക്ട് പ്രകാരം പിൻവലിച്ചിട്ടുണ്ട്.
ഫയൽ പരിശോധിച്ചതിൽ 30,15,444/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. മുഴുവൻ രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറ്റ് ചെലവുകൾക്ക് അനുവദിച്ച തുകയിൽ നിന്നും 71,44,586/-രൂപ ആവർത്തനചെലവുകളിലെ പദ്ധതി തുക ജീവനക്കാർക്ക് വേതനം നൽകുന്നതിന് അപര്യാപ്തം ആയത് കാരണം ബഹു. പ്രിൻസിപ്പൾ ഡയറക്ടറുടെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭിച്ചു. ആയതിന്റെ ചെലവ് കണക്കുകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതുവരെ 71,44,586/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-53-5 ഹെൽത്ത് ഗ്രാന്റ് 2021-22 രണ്ടാം ഗഡു ചെലവഴിച്ചതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല – 27302000/- രൂപ തടസ്സപ്പെടുത്തുന്നു

സ.ഉ (സാധാ) നം. 1078/2023/LSGD തീയതി 20-05-2023 പ്രകാരം 2021-22 ഗ്രാന്റിന്റെ രണ്ടാം ഗഡുവായി താഴെ പറയുന്ന ആറ് ആവശ്യങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

1) പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ

പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ സാർവത്രികമാക്കുന്നതിന് 72 ലക്ഷം രൂപയാണ് തിരുവനന്തപുര നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഭേദഗതി ചെയ്യാവുന്നതും ഇതുവരെ ചെലവഴിച്ച തുക കഴിച്ച് ബാക്കി തുക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്. ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക തികയാതെ വരികയാണെങ്കിൽ വാർഷികപദ്ധതിയിൽ ഇതിനായി തുക വകയിരുത്താവുന്നതാണ്. പാലിയേറ്റീവ് പരിചരണം നടത്തുന്നതിന് ഹോംകെയർ നടത്തിയ വണ്ടികൾക്ക് വാടക നൽകുന്നതിന് 70,28,293/- രൂപ ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്.

Sl No.	Month	Vehicle Rent Amount
1	23 November	413429
2	23 December	413429
3	24 January	413429
4	24 February	413429
5	24 March	413429
6	24 April	413429
7	24 May	413429
8	24 June	413429
9	24 July	413429
10	24 August	413429
11	24 September	413429
12	24 October	413429
13	24 November	413429
14	24 December	413429
15	2025 January	413429
16	2025 February	413429
17	2025 March	413429
Total		7028293

2) ക്യാൻസർ കെയർ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വായിലെയും സ്തനങ്ങളിലെയും ഗർഭാശയത്തിലെയും ക്യാൻസർ തടയുകയും മുൻകൂട്ടി കണ്ടെത്തി ചികിത്സ ലഭ്യമാക്കുകയുമാണ് പ്രോജക്ടിന്റെ ലക്ഷ്യം. ക്യാൻസർ കെയർ പ്രോജക്ട് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിപുലമായി നടത്താൻ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ട് നഗരപ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും നഗരഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും നടപ്പാക്കണം. ആയതിലേയ്ക്കായി 6.15 ലക്ഷം രൂപയാണ് നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിൽ ഈ പ്രോജക്ട് നടപ്പാക്കേണ്ടതില്ല. പ്രസ്തുത തുക എൻ എച്ച് എം ന് കൈമാറിയിട്ടുണ്ടെന്നും ധനവിനിയോഗസാക്ഷ്യപത്രത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 6.15 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3)കോർപ്പറേഷൻ പരിധിയിലുള്ള നഗരപ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും (UPHC) നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ / കുടുംബാരോഗ്യകേന്ദ്രങ്ങൾ /പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ (CHC/PHC/FHC) എന്നിവയുടെ ആവർത്തനചെലവുകൾ

നഗരപ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും (UPHC) നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ/കുടുംബാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ (CHC/PHC/FHC) എന്നിവയുടെ ആവർത്തനചെലവുകൾക്കായി ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിക്കപ്പെട്ട തുക ചെലവഴിക്കാവുന്നതാണ്.

A) 14 നഗരപ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ (UPHC) ദൈനംദിനചെലവുകൾക്കായി 3555/26-3-2025 തീയതിയിലെ സാംഖ്യാ ബിൽ പ്രകാരം (സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം. 2201/2025 പ്രകാരം ആകെ 43,35,000/- രൂപ 14 UPHC കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 43,35,000/- രൂപ തടസ്സപ്പെടുത്തുന്നു.

B) CHC/PHC/FHC കളുടെ ദൈനംദിനചെലവുകൾക്കായി സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം. 2203/2025 പ്രകാരം ആക37,57,000/-രൂപ 3554/25-03-2025 ലെ സാംഖ്യ ബിൽ പ്രകാരം 11 CHC/PHC/FHC കൾക്കും നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവ് തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 37,57,000/- രൂപ തടസ്സപ്പെടുത്തുന്നു.

4) നഗരമേഖലയിൽ പൊതുജനാരോഗ്യയൂണിറ്റുകൾ സ്ഥാപിക്കൽ

ഓരോ ജില്ലയിലെയും നഗരമേഖലയിലെ ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ജില്ലയിൽ ഒരു പൊതുജനാരോഗ്യയൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പൊതുജനാരോഗ്യയൂണിറ്റിനോടനുബന്ധിച്ച് അർബൻ പബ്ലിക് ഹെൽത്ത് ലബോറട്ടറിയും അർബൻ HMIS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെല്ലും ഉണ്ടാകേണ്ടതാണ്.

താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്

A) Epidomologist, Lab Technicians, Data Mamnager തുടങ്ങി പബ്ലിക് ഹെൽത്ത് യൂണിറ്റിലേക്ക് നിയമിക്കപ്പെടുന്നവർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ - കെട്ടിട നവീകരണം, പാർട്ടീഷിംഗ്, ഫർണിച്ചർ വാങ്ങൽ, ലാബ് നവീകരണം മുതലായവ

B) പൊതുജനാരോഗ്യ പ്രവർത്തനത്തിന് ആവശ്യമായ വിവരസാങ്കേതികവിദ്യ ഉപകരണങ്ങൾ വാങ്ങൽ

C) മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ലാബ് ഉപകരണങ്ങൾ വാങ്ങൽ, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ

D) ലാബിലേയ്ക്കുള്ള റീയേജന്റ്, കിറ്റ് തുടങ്ങിയവ വാങ്ങൽ

E) ജീവനക്കാരെ NHM വഴി നിയമിക്കുന്നതും വേതനം NHM ഫണ്ടിൽ നിന്നും നൽകുന്നതാണ്

പൊതുജനാരോഗ്യയൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നഗരസഭയ്ക്ക് 80.95 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് എവിടെയാണ് സ്ഥാപിച്ചതെന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ചെലവഴിക്കാത്ത പക്ഷം തുക തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക എൻ എച്ച് എം ന് കൈമാറിയിട്ടുണ്ടെന്നും ധനവിനിയോഗസാക്ഷ്യപത്രത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും ഇത് സംബന്ധിച്ച് മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 80.95 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

5) നഗരമേഖലയിൽ പോളിഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ

സർക്കാർ മേഖലയിൽ ഡെന്റൽ സ്പെഷ്യാലിറ്റി സേവനങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് നഗരമേഖലയിൽ പോളിഡെന്റൽ ക്ലിനിക്കുകൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. പുതുതായി ആരംഭിക്കുന്ന പോളിഡെന്റൽ ക്ലിനിക്കിലേക്ക് ആവശ്യമായ ജീവനക്കാരെ എൻ എച്ച് എം വഴി നിയമിക്കുന്നതും വേതനം എൻ എച്ച് എം ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതുമാണ്. ക്ലിനിക്ക് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള ദൈനംദിനചെലവുകൾക്കും ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. പോളിഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനായി 60 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക TH Fort ഹോസ്പിറ്റലിന് കൈമാറിയിട്ടുണ്ടെന്നും ധനവിനിയോഗസാക്ഷ്യപത്രത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും ഇത് സംബന്ധിച്ച് മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 60 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

6) 360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ

ജീവിതശൈലീ രോഗങ്ങൾ കേരളത്തിൽ വർദ്ധിക്കുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ ഉള്ളവരിൽ വർഷംതോറും സങ്കീർണങ്ങളായ പക്ഷാഘാതം, ഹൃദയരോഗങ്ങൾ, കിഡ്നി രോഗങ്ങൾ തുടങ്ങിയ രോഗങ്ങൾ വരാനുള്ള സാധ്യത കൂടുതലായതിനാൽ രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ കൃത്യമായി നിയന്ത്രിച്ച് നിർത്തേണ്ടതും സങ്കീർണ്ണതകൾ വരുന്നുണ്ടോ എന്ന് വർഷംതോറും പരിശോധിക്കേണ്ടതും ആവശ്യമാണ്. ആയത് സമഗ്രമായി പരിശോധിക്കുന്നതിനുള്ള സംവിധാനമാണ് 360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ (Non Communicable Disease Care Centre) ജീവനക്കാരെ എൻ എച്ച് എം വഴി നിയമിക്കുന്നതും വേതനം എൻ എച്ച് എം ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതുമാണ്. യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള ദൈനംദിനചെലവുകൾക്കും ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. DMH പേരൂർക്കട ഹോസ്പിറ്റലിൽ 360 ഡിഗ്രി എൻ സി ഡി കെയർ സെന്റർ സ്ഥാപിക്കുന്നതിനായി 45 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സെന്റർ ആരംഭിച്ചിട്ടുണ്ടെങ്കിൽ ചെലവ് വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ധനവിനിയോഗസാക്ഷ്യപത്രത്തിനായി DMH പേരൂർക്കട ഹോസ്പിറ്റലിൽ കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 45 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-53-6 2022-23 ലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗം (സ്കീം 5)

സ.ഉ. (സാ. ധാ) നം. 1625/2023/ LSGD, തീയതി 09.08.2023 പ്രകാരം 2022-23 ലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സ്കീം 5 പ്രകാരം നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. 2021-22 ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും ലഭിച്ച തുക വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ KMSCL നെയും NHM നെയുമാണ് ഏൽപ്പിച്ചിരുന്നത്. 2022-23 ലെ പ്രവർത്തനങ്ങൾ പൂർണ്ണമായും നഗരഭരണസ്ഥാപനങ്ങൾ നടപ്പാക്കേണ്ടതാണ്.

മാനദണ്ഡപ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും 64 തരം ടെസ്റ്റും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിലേയ്ക്കായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്

I) ഉപകരണങ്ങൾ വാങ്ങൽ

Ii) പരിശോധനക്ക് വേണ്ട റിയേജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ

Iii) ഉപകരണങ്ങൾ, റിയേജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ

Iv) ആരോഗ്യകേന്ദ്രത്തിൽ ചെയ്യുവാൻ പറ്റാത്ത ടെസ്റ്റുകളുടെ സാമ്പിൾസ് എടുത്ത് മുകൾതട്ടിലേക്കുള്ള ലാബുകളിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള സൗകര്യം

V) ഉപകരണങ്ങളുടെ മെയിന്റനൻസ്, നന്നാക്കൽ

Vi) ലാബ് ടെക്നിഷ്യൻ, ഫീൽഡ് സ്റ്റാഫ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിനുള്ള സംവിധാനം

Vii മോണിട്ടറിംഗ് ചെലവുകൾ

Viii) പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ

Ix) ലാബ് ഇല്ലാത്ത ആരോഗ്യസ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങി മേൽപ്പറഞ്ഞ ഇനങ്ങളിൽ തുക ചെലവഴിക്കാവുന്നതാണ്.

PHC/FHC/CHC കളുടെയും ഇവയ്ക്ക് കീഴിലുള്ള ഉപകേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന താലൂക്ക് ആശുപത്രികളുടെയും കാര്യത്തിൽ ഈ സ്കീം പ്രകാരമുള്ള പ്രവർത്തനങ്ങളുടെ നിർവഹണഉദ്യോഗസ്ഥൻ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കും. ഒന്നിലേറെ ആരോഗ്യസ്ഥാപനങ്ങൾ ഉള്ള നഗരഭരണസ്ഥാപനങ്ങളിൽ അതാത് സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

UPHC കളുടെ കാര്യത്തിൽ പ്രവർത്തനങ്ങളുടെ നിർവഹണഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കും. എല്ലാ ആരോഗ്യസ്ഥാപനങ്ങൾക്കും വേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കിയാൽ മതിയാകും. UPHC കളുടെ കാര്യത്തിൽ നാല് മാസത്തേക്ക് ആവശ്യമായ തുക സെക്രട്ടറി പ്രോജക്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് എച്ച് എം സി യ്ക്ക് അനുവദിച്ച് നൽകേണ്ടതും ലഭ്യമായ തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു നൽകേണ്ടതും ദൈനംദിനപ്രവർത്തനങ്ങൾ എച്ച്എംസി തീരുമാനപ്രകാരം നഗരപ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിയോഗിക്കപ്പെടുന്ന മെഡിക്കൽ ഓഫീസർ നിർവഹിക്കേണ്ടതുമാണ്. ചെലവ് സ്റ്റേറ്റ്മെന്റുകളും വൗച്ചറുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമുണ്ട്. ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് എച്ച് എം സി അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. ഓരോ ഗഡുവും വിനിയോഗിക്കുന്ന മുറയ്ക്ക് നാല് മാസം കൂടുന്തോറുമാണ് HMC യ്ക്ക് മേൽ പ്രോജക്ടുകളുടെ നടത്തിപ്പിനായി തുക അനുവദിക്കേണ്ടത്. പ്രസ്തുതമാർഗനിർദേശങ്ങൾക്കനുസൃതമായി നഗരസഭ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ താഴെ നൽകുന്നു.

1) 2022-23 ഹെൽത്ത് ഗ്രാന്റ് (സ്കീം 5) വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കുന്നില്ല – സൂലേഖയിൽ ചെലവ് പ്രതിഫലിക്കുന്നില്ല

2022-23 ലെ ഹെൽത്ത് ഗ്രാന്റ് പ്രകാരം 3,95,06,000/-രൂപയാണ് തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളത്. സൂലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ സ്കീം 5 പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി 7154999/-രൂപ വകയിരുത്തിയതിൽ 540674/- രൂപ ചെലവഴിച്ചിട്ടുള്ളതായും വിവിധ നിർവഹണഉദ്യോഗസ്ഥർ ലഭ്യമാക്കിയ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ 38,98,851/-രൂപ ചെലവഴിച്ചതായും കാണുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് (PNB A/C No. 4359001100000092) പരിശോധിച്ചതിൽ 2024-25 സാമ്പത്തികവർഷത്തിൽ സ്കീം 5 ഇനത്തിൽ 4050898/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

2)ചെലവഴിച്ച തുകയുടെ വിവരങ്ങൾ

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി 2024-25 വർഷം സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൻവർഷം വകയിരുത്തിത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനങ്ങൾ	പ്രോജക്ട് നം./പേര്	അടങ്കൽ	ചെലവ്	ചെലവ് ശതമാനം	ചെലവിനം
1	ഫോർട്ട് താലൂക്ക് ആശുപത്രി	SO204/2025 രോഗനിർണയ സംവിധാനംഏർപ്പെടുത്തൽ (സ്കീം-5)	2000000	-	-	
2	നേമം താലൂക്ക് ആശുപത്രി	SO2200/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1500000	540674	36	ലാബ് റീഏജന്റ് വാങ്ങൽ
3	ചെട്ടിവിളാകം സി.എച്ച്.സി	SO 2040/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1218333	154786	12.7	''
4	വേളി എഫ്.എച്ച്.സി	SO 2045/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	12183333	127751	1048	ലാബിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ
5	തിരുവല്ലം എഫ്.എച്ച്.സി	SO 2039/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1218333	86464	7.09	ലാബ് റീഏജന്റ് വാങ്ങൽ
6	ജഗതി എഫ്.എച്ച്.സി	SO 2047/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1218333	451950	37.09	ലാബ് ഉപകരണങ്ങൾ വാങ്ങൽ
7	മുക്കോല എഫ്.എച്ച്.സി	SO 2042/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1218333	534576	43.88	ഫർണിച്ചർ, ലാബ് റീഏജന്റ്സ് വാങ്ങൽ

8	പൂഞ്ഞാറ എഫ്.എച്ച്.സി	SO 2044/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1218333	322348	26.46	ലാബ് റീ ഏജന്റ്, ലാബ് ഉപകരണങ്ങൾ വാങ്ങൽ
9	ഐരാണിമുട്ടം സി.എച്ച്.സി	2041/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1218333	537835		ലാബ് ഉപകരണങ്ങൾ വാങ്ങൽ
10	ഉള്ളൂർ പി.എച്ച്.സി		1218333	-		
11	കടകംപള്ളി പി.എച്ച്.സി	2046/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1218333	ഫയൽ ലഭ്യമല്ല		
12	വട്ടിയൂർക്കാവ് എഫ്.എച്ച്.സി	2043/2025 രോഗനിർണയ സംവിധാനം ഏർപ്പെടുത്തൽ (സ്കീം-5)	1224337	1142467		ലാബ് ഉപകരണങ്ങളും ലാബ് റീ ഏജന്റും വാങ്ങൽ
ആകെ			15689334	3898851		

3.മോണിട്ടറിംഗ് നടത്തുന്നില്ല

ഫണ്ട് വിനിയോഗം മോണിട്ടർ ചെയ്യാൻ സംവിധാനം ഇല്ല. ലാബ് റീ ഏജന്റ്സ് ലഭ്യമാക്കുന്നതിന് വലിയ കാലതാമസം നേരിടുന്നുണ്ട്. ഇത് ലാബിന്റെ സുഗമമായ പ്രവർത്തനങ്ങളെ വിപരീതമായി ബാധിക്കുന്നു. ആരോഗ്യ രംഗത്തെ സേവനത്തിന് രോഗനിർണയ സംവിധാനം അത്യന്താപേക്ഷിതമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ പൂർണ്ണ സജ്ജമാക്കുന്നതിലൂടെ ജനങ്ങളുടെ ആരോഗ്യനിർണയം ഉറപ്പാക്കാൻ കഴിയൂ.ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 16.03.2024-ലെ ജി.ഒ(ആർ.ടി) നം.841/2024/H&FWD പ്രകാരം നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സംവിധാനം ലഭ്യമല്ലെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെന്നപോലെ 14 ലാബ് പരിശോധനകൾ ഉറപ്പാക്കേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് തുക അനുവദിച്ചിട്ടും ഇപ്രകാരം ലാബ് പരിശോധനകൾക്ക് സജ്ജമായ ലാബ് രൂപീകരിച്ചിട്ടില്ല എന്നാണ് ഉള്ളൂർ പി.എച്ച്. സി എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചത്. പുറമേയുള്ള മറ്റ് പരിശോധനകളുടെ സാമ്പിളുകൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ശേഖരിച്ച ശേഷം തൊട്ടടുത്ത നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്തിച്ച് പരിശോധിക്കാനുള്ള സംവിധാനവും ഹബ്ബ് & സ്റ്റോക്ക് മാതൃകയിൽ ഒരുക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമൊരു സംവിധാനം നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലില്ല.

4)ആസ്തികൾ സൃഷ്ടിച്ചിട്ടില്ല

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ലായെന്നാണ് ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി.

5)ഉപസംഹാരം

2024-25 സാമ്പത്തിക വർഷം വരെ (2021-22, 2022-23 എന്നീ വർഷങ്ങളിലേയ്ക്ക് വേണ്ടി ലഭിച്ച തുക) സ്കീം 5 ഇനത്തിൽ പലിശ വരവ് ഉൾപ്പെടെ 40902528/-രൂപയും സ്കീം 6 ഇനത്തിൽ 301330907/-രൂപയും (പലിശ വരവ് ഉൾപ്പെടെ) ആകെ 34,22,33,435/-രൂപ ലഭിച്ചതിൽ 12,85,52,292.6/- രൂപ (സ്കീം 5 – 4051275/- ,സ്കീം6 124501017.6/-) മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റിന്റെ രണ്ട് ബാങ്ക് അക്കൗണ്ടുകളിലുമായി 213681141.8/-രൂപയാണ് ബാലൻസ് നിൽക്കുന്നത്. അനുവദിക്കപ്പെട്ട ഗ്രാന്റിന്റെ 37.56 % തുക മാത്രമാണ് 2024-25 വരെ ചെലവഴിച്ചിട്ടുള്ളത്. പതിനഞ്ചാം ധനകാര്യകമ്മീഷന്റെ അവാർഡ് കാലയളവായ 2021-26 വരെയാണ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള സമയപരിധി എന്നതിനാൽ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക വിനിയോഗിച്ച് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

1-54 ഐരാണിമുട്ടം സി.എച്ച്.സി ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അപാകതകൾ

പ്രോജക്ട് നം.	SO2041/2025
പ്രോജക്ട് പേര്	സി.എച്ച്.സി ഐരാണിമുട്ടത്ത് രോഗനിർണ്ണയ സംവിധാനം ഒരുക്കൽ
അടങ്കൽ	12,18,333/- രൂപ
ചെലവ്	555700/-(PFMS No.CO42501370569 തീയതി -31/03/2025-7400/- രൂപ (ലാബിലേയ്ക്ക് പിപ്പറ്റ്), PFMS No. C112410257713 തീയതി–8/11/2024–53300/-രൂപ (എയർ കണ്ടീഷണർ), PFMS No.C112410266455 തീയതി -8/11/2024 – 495000/-രൂപ(ലാബ് ഉപകരണങ്ങൾ)
ഫയൽ നം.	38/2024/സി.എച്ച്.സി.
ഫണ്ടിനം	ഹെൽത്ത് ഗ്രാന്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഐരാണിമുട്ടം.

2024-25 ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും ഐരാണിമുട്ടം സി.എച്ച്.സി-യിലെ ലാബിൽ എയർ കണ്ടീഷണർ വാങ്ങുന്നതിന് QRS Retail Ltd കരമന എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 53,300/- രൂപ QRS കരമനയ്ക്ക് നൽകുകയും ചെയ്തു.
2 Ton 5 Star AC വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചിരുന്നതെങ്കിലും അതിന് വിരുദ്ധമായി 3 Star AC യാണ് വാങ്ങിയത്.

ഈ പ്രൊജക്ട് നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) . 07.02.2024-ലെ ക്വട്ടേഷൻ നോട്ടീസിലെ സ്പെസിഫിക്കേഷൻ പ്രകാരം 2 Ton 5 Star Rating Split AC വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. ലഭിച്ച ക്വട്ടേഷനുകളിലെ 2 Ton 5 Star AC ഇനങ്ങൾ താരതമ്യ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഉദാ:-QRS കരമന, 2Ton 5 Star AC – LLOYD – GLS 2415 FWGEV – 54,250/-)

2).QRS Retail Ltd കരമനയുടെ 29.02.2024-ലെ ക്വട്ടേഷൻ (നം. SG9-11555) പ്രകാരം 2 Ton 3 Star AC (Panasonic EU 24AK3F) ന്റെ വിലയാണ് 53,300/- രൂപ. എന്നാൽ പ്രസ്തുത ഇനം 2 Ton 5 Star AC എന്ന് രേഖപ്പെടുത്തിയാണ് L1 ആയി അംഗീകാരം നേടിയിട്ടുള്ളത്.

2) RV Electronics എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (CS-EU24AKY 2 TR Panasonic 3 Star Inverter AC) – 51900/- താരതമ്യ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) L1 നേക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത Four Star Cooling System എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (2 TR Bluestar 3 Star Split AC – 48,500/-) L4 ആയാണ് അംഗീകരിച്ചിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുള്ള എൻക്വയറിയ്ക്ക് (നം. കെ.എസ്.എ/ എഒ1/2025 തീയതി 12.09.2025)ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.
3 Star ACയുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം ഊർജ്ജക്ഷമതയും കുറഞ്ഞ വൈദ്യുതി ഉപയോഗവുമാണ് 5 Star ACയ്ക്കുള്ളത്. ദീർഘകാല വൈദ്യുതി ലാഭം കണക്കിലെടുത്താൽ 5 StarACയാണ് കൂടുതൽ ലാഭകരം. ക്വട്ടേഷൻ സ്പെസിഫിക്കേഷന് വിരുദ്ധമായി 3 StarAC വാങ്ങിയതിലൂടെ ദീർഘകാല വൈദ്യുതി ലാഭം എന്ന ആശയമാണ് ഇല്ലാതായത്.

ക്വട്ടേഷൻ സ്പെസിഫിക്കേഷൻ പ്രകാരമുള്ള പർച്ചേസ് നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

4) സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

II) ഐരാണിമുട്ടം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ലാബിൽ 4 തരം പിപ്പെറ്റുകൾ വിതരണം ചെയ്യുന്നതിന് 6 കമ്പനികൾ ക്വട്ടേഷൻ സമർപ്പിച്ചതിൽ ഏറ്റവും കുറഞ്ഞ തുക (1888/-Per Pipette) ക്വാട്ട് ചെയ്ത ഗ്രേസ് ഡയഗ്നോസിസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ L1 ആയി പർച്ചേസ് കമ്മിറ്റി അംഗീകരിക്കുകയും (തീരുമാനം നം.(9) F തീയതി. 28.11.2024). പിപ്പറ്റുകളുടെ നെഗോഷ്യേറ്റ് ചെയ്ത ആകെ വിലയിൽ നിന്ന് TDS കുറവ് ചെയ്ത 7208/- രൂപ PFMS മുഖേന (PFMS No. CO42501370569, തീയതി.31.03.2025) ഗ്രേസ് ഡയഗ്നോസിസിന് നൽകുകയും ചെയ്തു.

അപാകതകൾ :

ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷനും (L1) ഏറ്റവും കൂടിയ ക്വട്ടേഷനും (L6) തമ്മിൽ വലിയ അന്തരമാണുള്ളത്
L1 – ഗ്രേസ് ഡയഗ്നോസിസ് - 1888/- Per Pippette

L6–ടൈകോർ -14791/-Per Pippette
& For 3 Pippettes9521/- For 1 Pippette

KMSCL ന്റെ റേറ്റ് കോൺട്രാക്ട് അനുസരിച്ച് ഒരു പിപ്പറ്റിന് 9218/- രൂപയാണെന്ന് പർച്ചേസ് കമ്മിറ്റി യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഡ്രാഗൺ ലാബ് എന്ന കമ്പനിയുടെ പിപ്പറ്റാണ് വിലയിലും ഗുണമേന്മയിലും CHCയുടെ നിലവാര പരിധിയിൽ വരുന്നതെന്നും ഇത് ക്വാട്ട് ചെയ്തിരിക്കുന്ന Wellness എന്ന സ്ഥാപനത്തിന്റെ ഉത്പന്നം ഡയഗ്നോസിസ് ക്വട്ടേഷൻ തന്ന പിപ്പറ്റിനേക്കാൾ മെച്ചമുണ്ടെന്ന് ലാബ് ടെക്നീഷ്യൻ ശ്രീ. ഗിരീഷ്.എം.ആർ, റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ഗ്രേസ് ഡയഗ്നോസിന്റെ ക്വട്ടേഷനാണ് സ്വീകരിച്ചതായി കാണുന്നത്.

സ്റ്റോർ പർച്ചേസ് മാന്വൽ 2013, ചട്ടം 9.18 പ്രകാരം നിരക്ക്, ഗുണനിലവാരം, വിതരണ നിബന്ധനകൾ, തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മുതലായവ അടിസ്ഥാനമാക്കിയാണ് ടെണ്ടറുകൾ താരതമ്യം ചെയ്യേണ്ടത്. മറ്റ് നിബന്ധനകൾ തുല്യമാണെങ്കിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കി രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.ഇതു സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.61/കെ.എസ്.എ/എ.ഒ.1/2025, തീയതി. 12.09.2025) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഗ്രേസ് ഡയഗ്നോസിൽ നിന്ന് വാങ്ങിയ പിപ്പറ്റുകളുടെ Comprehensive Warranty സംബന്ധിച്ച രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-55 നാപ്കിൻ ഡിസ്പോയർ സ്ഥാപിക്കൽ -സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി. ചെലവ് തുക 2492800/- രൂപ തടസ്സം ചെയ്യുന്നു.

സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നാപ്കിൻ ഡിസ്പോയർ സ്ഥാപിക്കുന്നതിനുവേണ്ടി 2023-24 ൽ പ്രോജക്ട് നം-482/2024 പ്രകാരം അംഗികാരം ലഭിച്ച് ഏറ്റെടുത്തതും 2024-25 ൽ പ്രോജക്ട് നം-1935 സ്പിൽ ഓവറായി തുടർന്നു വന്നതുമായ പദ്ധതിയാണിത്. പദ്ധതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നം	H19/46474/23
പ്രോജക്ട് പേര്	സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നാപ്കിൻ ഡിസ്പോയർ സ്ഥാപിക്കൽ
പ്രോജക്ട് നം	1935/2025
അടങ്കൽ	2500000/-വികസന ഫണ്ട്

ചെലവ്	2492800/-വികസന ഫണ്ട്
ബിൽ നം	നം 2885 തീയതി 12.03.2025
സ്റ്റാന്റിംഗ് കമ്മറ്റി	ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി. No 1/22-03-2023
ഭരണാനുമതി	No 1(B) 1/23-03-2023
നിർവഹണം	ഹെൽത്ത് സൂപ്പർ വൈസർ

സ്കൂളുകളിലും സർക്കാർ ഓഫീസുകളിലും (സ്പെസിഫിക്കേഷൻ പ്രകാരം ഒരു ദിവസം 300 എണ്ണം സംസ്കരിക്കാൻ കഴിയുന്ന മെഷീൻ) നാപ്കിൻ ഡിസ്പോയർ പുതുതായി സ്ഥാപിക്കുന്നതിന് ഏജൻസികൾ/ സ്ഥാപനങ്ങളിൽ നിന്നും 27.09.2023-ന് ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടറിൽ ആകെ 8 സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 4 സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്ഥാനം	സ്ഥാപനം	ക്വാട്ട് ചെയ്ത നിരക്ക്
L1	Axim Aqua Solutions	24400
L2	AB -Enterprises	28600
L3	Kerala Sidco	29500
L4	***Technologies	30900

മേൽ സൂചിപ്പിച്ചിരിക്കുന്നവരിൽ L1, L2, L3 എന്നീ സ്ഥാപനങ്ങളിൽ നിന്നും ഉൽപന്നത്തിന്റെ സാമ്പിൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രം (NOC) എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും L3 നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനമായ കേരള സിഡ്കോ മാത്രമാണ് ഉൽപന്നത്തിന്റെ സാമ്പിൾ ലഭ്യമാക്കിയത്. എന്നാൽ കേരള സിഡ്കോയ്ക്ക് PCBയുടെ NOC ഇല്ലാത്തതിനാൽ പർച്ചേസ് കമ്മിറ്റിയുടെ 10.01.2024ലെ 11-ാം നമ്പർ തീരുമാന പ്രകാരം L4 നിരക്ക് രേഖപ്പെടുത്തിയ ' Floret Technologies' എന്ന സ്ഥാപനം ഹാജരാക്കിയ ഉപകരണത്തെ തെരഞ്ഞെടുക്കുകയും നെഗോസിയേഷൻ നടത്തി ഒരു ഉപകരണത്തിന്റെ നിരക്ക് 30400/- ആയി നിശ്ചയിക്കുകയും ചെയ്തു. ടി സ്ഥാപനവും നഗരസഭയുടെ ഹെൽത്ത് സൂപ്പർവൈസറും ചേർന്ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (Contract No H19/46474/24 Dated.21/02/2024). Femina എന്ന മോഡൽ മെഷീനാണ് ടി സ്ഥാപനം ഹാജരാക്കിയിരിക്കുന്നത്. ഈ മെഷീൻ 100 നാപ്കിൻ ഒരു ദിവസം സംസ്കരിക്കാൻ കഴിയുന്നതാണ്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സർക്കാർ ഉത്തരവിന് വിരുദ്ധമായി മെഷീനുകൾ സ്ഥാപിച്ചു :

സർക്കാർ ഉത്തരവ് (കൈ) നം. 115/2022 LSGD തീയതി. 28.05.2022 ഖണ്ഡിക 7.4.6 പ്രകാരം സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച് അനുയോജ്യമായ കപ്പാസിറ്റിയുള്ള സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീനുകളും, നാപ്കിൻ സംസ്കരിക്കുന്നതിനുള്ള നാപ്കിൻ ബേണിംഗ് മെഷീനുകളും സ്കൂളുകളിൽ സ്ഥാപിക്കാവുന്നതാണ്. തൻവർഷം 82 നാപ്കിൻ ഡിസ്പോയർ സ്ഥാപിക്കുന്നതിന് 'FLORET TECKNOLOGIES' എന്ന സ്ഥാപനത്തിന് 24,92,800/-രൂപ (ഒരെണ്ണത്തിന് 18% ജി.എസ്.റ്റി ഉൾപ്പെടെ 30,400/- നിരക്കിൽ) അനുവദിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലെ പല സ്ഥാപനങ്ങളും നാപ്കിൻ ഡിസ്പോയർ/ബേണിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ മെഷീനുകൾ സ്ഥാപിക്കേണ്ട സ്കൂളുകളുടെ ആവശ്യകതാ നിർണയം നടത്തിയിട്ടില്ല. ആയതിനാൽ ഈ മെഷീനുകൾ ഏതൊക്കെ സ്കൂളുകളിൽ എത്രയെണ്ണം വീതം സ്ഥാപിച്ചിട്ടുണ്ടെന്ന കൃത്യമായ വിവരം ഫയലിനൊപ്പം നൽകിയിട്ടുണ്ടായിരുന്നില്ല. ടി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 74/2025.തീയതി: 26.09.2025.) 15/10/2025 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ചതിൽ ഈ പ്രോജക്ട് പ്രകാരം ആകെ 315 മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതായി ബോധ്യമായി. ഇവയെല്ലാം തന്നെ അതത് സ്ഥാപനങ്ങളിൽ കമ്പനി നേരിട്ട് സ്ഥാപിച്ച് നൽകിയിട്ടുള്ളതാണ്. ഇവ സംബന്ധിക്കുന്ന വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇതിൽ 180 മെഷീനുകൾ 2023-24 ലും (പി.എഫ്.എം.എസ്-സ്വച്ച് ഭാരത് മിഷൻ ഫണ്ട്) 82 മെഷീനുകൾ 2024-25 ലും (വികസനഫണ്ട്) 53 മെഷീനുകൾ 2025-26 (ഫണ്ട് സംബന്ധിച്ച വിവരം ലഭ്യമല്ല) ലുമാണ് സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ മെഷീനുകൾ ഉപയോഗിക്കുവാൻ വേണ്ട പരിശീലനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. മെഷീനുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന മെഷീനുകളുടെ എണ്ണം.	സ്കൂൾ ഇതര സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന മെഷീനുകളുടെ എണ്ണം.	സ്ഥാപിച്ചിരിക്കുന്ന മെഷീനുകളുടെ ആകെ എണ്ണം	മെഷീനുകൾ ലഭ്യമാക്കിയിരിക്കുന്ന ഇൻവോയ്സ് നം/ തീയതി
2023-24	44	136	180	നം.152417174856995 തീയതി. 23/02/24
2024-25	00	135	82	നം.152521111715914 തീയതി. 21/03/25
2025-26			53	നം.152520997314415 തീയതി. 10/03/25
ആകെ	44	271	315	

മേൽ പട്ടിക പ്രകാരം 2023-24 ൽ സ്ഥാപിച്ചിരിക്കുന്ന 180 മെഷീനുകളിൽ 44 എണ്ണം മാത്രമാണ് ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ 136 മെഷീനുകൾ സ്കൂൾ ഇതര സ്ഥാപനങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത്. 2024-25, 2025-26 എന്നീ വർഷങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ആകെ 135 മെഷീനുകളിൽ (ഇതിൽ 82 എണ്ണം ഓഡിറ്റ് കാലയളവിൽ) ഒന്നുപോലും ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടില്ല. സ്കൂളുകൾ കൂടാതെ സർക്കാർ കോളേജുകൾ,സർക്കാർ ആശുപത്രികൾ, ഗവൺമെന്റ് പോളിടെക്നിക്, നഗരസഭാ കാര്യാലയം, ഇലക്ഷൻ കമ്മിഷൻ, ലോ കോളേജ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്,

എന്നിവിടങ്ങളിലും മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. നഗരസഭയ്ക്ക് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങൾക്കും മെഷീനുകൾ സ്ഥാപിച്ചുനൽകി .

മേൽ ഖണ്ഡികയിൽ പരാമർശിച്ച 135 (2024-25 &2025-26) സ്കൂൾ ഇതര സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ നഗരസഭയ്ക്ക് കൈമാറിക്കിട്ടാത്ത സ്ഥാപനങ്ങൾക്കും മെഷീനുകൾ സ്ഥാപിച്ചുനൽകിയതായി ബോധ്യപ്പെട്ടു. ഏതാനും ചില സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച മെഷീനുകളുടെ എണ്ണം
Arts College	5
University College	10
Office Of The Campus Administration	41
Central GST And Central Excise	3
Swathi Thirunal College	4

3. എ.എം.സി ഉറപ്പുവരുത്തിയിട്ടില്ല .

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം മെഷീൻ വാങ്ങുന്ന കമ്പനികളിൽ നിന്നും എ.എം.സി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ 'FLORET TECKNOLOGIES' മായുള്ള എ.എം.സി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറ്റകുറ്റപ്പണി നടത്തി പരിപാലിക്കുന്നതിനായി AMC വയ്ക്കുന്നതിന് 75/26 നമ്പറായി ഒരു പദ്ധതി ആവിഷ്കരിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. എന്നാൽ AMC നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങളൊന്നും നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

4. സ്കൂൾ പി ടി എയുമായി കരാർ വെച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ)നം 115/2022 തിയതി 28/05/2022 ത സ ഭ വ ഖണ്ഡിക 7-4-6 പ്രകാരം മെഷീനുകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് സ്കൂൾ പി ടി എ കളുമായി കരാർ വെക്കേണ്ടതും ,എ എം സി കാലാവധി കഴിഞ്ഞാൽ തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി ടി എ ഏറ്റെടുക്കേണ്ടതുമാണ്. എന്നാൽ സ്കൂൾ പി ടി എ കളുമായി കരാർ വെച്ചിട്ടില്ല.

5. LP/UP സ്കൂളുകളിൽ മെഷീനുകൾ സ്ഥാപിച്ചു .

മാർഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി UP സ്കൂളുകളിലും, എൽ പി സ്കൂളുകളിലും ഇവ നൽകിയിട്ടുണ്ട്. കൂടാതെ ബോയ്സ് ഹയർ സെക്കന്ററി സ്കൂളുകളിലും ഇവ സ്ഥാപിച്ചിട്ടുണ്ട്. ആകെ 51 മെഷീനുകൾ എൽ.പി.എസ്, യു.പി.എസ്, ബോയ്സ് എച്ച്.എസ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

6. GST-TDS അധിക നിരക്കിൽ ഈടാക്കി .

മുൻവർഷം പ്രോജക്ട് നം-482/2024 പ്രകാരം 180 നാപ്കിൻ ഡിസ്പോയർ മെഷീൻ സ്ഥാപിക്കുന്നതിന് 'FLORET TECKNOLOGIES' എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഒരു മെഷീന്റെ നിരക്ക് ജി.എസ്.ടി 18% ഉൾപ്പെടെ 30400/- രൂപയാണ്. ഇതിൻപ്രകാരം ആകെ ചെലവ് 5472000/- രൂപയാണ്. ടി തുക ICICI Bank Kowdiar Branch ൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 52,53,120/-രൂപ 'FLORET TECKNOLOGIES' ന്റെ അക്കൗണ്ടിലേക്കും 2,18,880/-രൂപ TDS ഇനത്തിൽ നഗരസഭയുടെ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിൽ അപാകത ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

ആകെ ചെലവ് തുകയായ 5472000/-രൂപയിൽ ജി.എസ്.ടി 18% (8,34,712/-രൂപ) കഴിഞ്ഞുള്ള Taxable Amount 46,37,288/-രൂപയാണ്.

-180 നാപ്കിൻ ഡിസ്പോയറുടെ വില-	46,37,287.8
9% CGST	4,17,355.9
9% SGST	4,17,355.9
ആകെ ചെലവ് തുക	5472000/
Taxable Amount	46,37,287.8
TDS (IT 2%)	92,746
TDS (GST 2%)	92,746
ആകെ TDS കുറയ്ക്കേണ്ടിയിരുന്ന തുക	1,85,492/-
ആകെ TDS കുറച്ച തുക	2,18,880/-
അധികമായി നഗരസഭയുടെ അക്കൗണ്ടിലേക്ക് വസൂലാക്കിയ തുക	33,388/-

ഇതിലൂടെ 'FLORET TECKNOLOGIES' എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ 33,388/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. അധികമായി ടി.ഡി.എസ് ഈടാക്കി തുക തനത്ഫണ്ടിൽ നിക്ഷേപിച്ച തുക 'FLORET TECKNOLOGIES' തിരികെ നൽകേണ്ടതാണ്.

7.സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ .

ഈ പദ്ധതിയുടെ ഭാഗമായി വിവിധ സ്ഥാപനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സനാപ്കിൻ ഡിസ്പോയർ മെഷീനുകളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുവാൻ 17/02/2026 ൽ ഹെൽത്ത് കോ-ഓർഡിനേറ്ററുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തിയിരുന്നു. സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	മെഷീൻ ഘടിപ്പിച്ചിരിക്കുന്ന സ്ഥാപനം	ആകെ സ്ഥാപിച്ചിരിക്കുന്ന മെഷീനുകൾ	മെഷീനുകളുടെ നിലവിലെ അവസ്ഥ.
1	വിമൻസ് കോളേജ്	5	4 എണ്ണം പ്രവർത്തിക്കുന്നു.

	തിരുവനന്തപുരം		1 പ്രവർത്തനം ഇല്ല. ഇളക്കി താഴെ സ്ഥാപിച്ചിരിക്കുന്നു.
2	കോട്ടൻഹിൽ സ്കൂൾ	1	1 എണ്ണം പ്രവർത്തിക്കുന്നു.
3	ഫാർമ കോഗ്നറി ഓഫീസ് (ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)	1	1 എണ്ണം- ഇത് സ്ഥാപിച്ചിരിക്കുന്നിടത്ത് പവർ പ്ലഗ് പോയിന്റ് ഇല്ലാത്തതിനാൽ ഇളക്കി വച്ചിരിക്കുന്ന അവസ്ഥയിലാണ്. നിലവിൽ പ്രവർത്തിക്കുന്നില്ല.
4	വിമൻസ് ഹോസ്റ്റൽ (ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)	5	2 എണ്ണം പ്രവർത്തിക്കുന്നു. 2 എണ്ണം പ്രവർത്തിക്കുന്നില്ല. 1 എണ്ണം പവർ കണക്ഷൻ ഇല്ല.പ്രവർത്തിക്കുന്നില്ല.
5	പഞ്ചകർമ്മ ഹോസ്പിറ്റൽ (ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)	3	1എണ്ണം കെട്ടിടത്തിൽ അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ ഇളക്കി വച്ചിരിക്കുന്നു.(Old Block) 1 എണ്ണം പ്രവർത്തിക്കുന്നു. (New Block) 1എണ്ണം പവർ പ്ലഗ് പോയിന്റ് ഇല്ലാത്തതിനാൽ പ്രവർത്തിപ്പിച്ചിട്ടില്ല. (New Block)
6	ഗവ.ആയുർവേദ ഹോസ്പിറ്റൽ. പൂജപ്പുര.	4	4 എണ്ണം നിലവിൽ ഉപയോഗിക്കുന്നില്ല. ഇവിടുത്തെ വേസ്റ്റ് IMAGE വഴി ശേഖരിക്കുന്നു.
7	ഗവ. ഹൈസ്കൂൾ. ജഗതി.	1	1 എണ്ണം പ്രവർത്തിക്കുന്നില്ല.

8. പ്രോജക്ട് മോണിറ്ററിംഗ് കാര്യക്ഷമമല്ല .

സർക്കാർ ഉത്തരവ് (കൈ)നം 86/2022 തിയതി 19/04/2022 ഖണ്ഡിക 14(3) പ്രകാരം മോണിറ്ററിങ് കമ്മറ്റി, പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേൻമയോടെ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രൊജക്ടിന്റെ മോണിറ്ററിങ് നടന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

മാർഗ രേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി 271 സ്ഥാപനങ്ങളിൽ മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവിന് എതിരായി തൻവർഷം സ്ഥാപിച്ച 82 മെഷീനുകളുടെ ചെലവ് ഉക 24,92,800/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾ, എൽ.പി, യു.പി സ്കൂളുകൾ കൈമാറി കിട്ടിയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സാനിറ്ററി നാപ്കിൻ ഡിസ്പോയറുകളുടെ നിലവിലെ പ്രവർത്തനം പരിശോധിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതും പ്രവർത്തനക്ഷമമല്ലാത്തവയുണ്ടെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതുമാണ്.

1-56 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മെൻസ്ട്രൽകപ്പ് വിതരണം- പൂർണ്ണമായും നടന്നില്ല.

പ്രോജക്ട് നം.	513/2025
പ്രോജക്ടിന്റെ പേര്	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം
അടങ്കൽ	1,00,00,000/-
ചെലവ്	99,45,600/-
ഫണ്ട്	വികസന ഫണ്ട് (ജനറൽ)
നിർവഹണോദ്യോഗസ്ഥൻ	ഡപ്യൂട്ടി ഡയറക്ടർ,വിദ്യാഭ്യാസം
ബിൽ നം / തീയതി	3263/22.03.2025

തിരുവനന്തപുരം നഗരസഭയുടെ 2024-25 വാർഷിക പദ്ധതിയിലുൾപ്പെട്ട മേൽ പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി GEM മുഖേന തെരഞ്ഞെടുക്കപ്പെട്ട Leevacare Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും കപ്പ് ഒന്നിന നികുതികൾ ഉൾപ്പടെ 331.52/-രൂപ നിരക്കിൽ 99,45,600/-രൂപ ചെലവഴിച്ച് വാങ്ങിയ 30000 മെൻസ്ട്രൽ കപ്പുകളിൽ 23059 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. അവശേഷിക്കുന്ന 6941 എണ്ണം 2025-26 വർഷത്തിൽ വിതരണം ചെയ്യുന്നതിനായി വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പക്കൽ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആയവ വിദ്യാഭ്യസ ഉപ ഡയറക്ടറുടെ പക്കൽ സൂക്ഷിക്കുവാൻ സ്ഥലപരിമിതിയുള്ളതിനാൽ നഗരസഭയിൽ തന്നെ സൂക്ഷിക്കുകയാണ്. 2025-26 വർഷത്തിൽ ആയത് വിതരണം ചെയ്തത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ 25.08.2025 ന നൽകിയ ഓഡിറ്റ് എൻക്വയറി നം 47/കെ.എസ്.എ /ടി.വി.സി.7/2025 നുള്ള മറുപടിയിൽ നഗരസഭയിൽ നിന്നും മെനസ്ട്രൽ കപ്പുകൾ കിട്ടുന്ന മുറയ്ക്ക് അവ വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

ഈ പദ്ധതി നടത്തിപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. 30000 എണ്ണം കപ്പുകളാണ് വാങ്ങിയിട്ടുള്ളത്. വാങ്ങേണ്ട മെൻസ്ട്രൽ കപ്പുകളുടെ എണ്ണം കണക്കാക്കിയത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28/02/2025 ലെ തീരുമാനം 4 പ്രകാരം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പ്രസ്തുത പദ്ധതിയിൽ കോർപ്പറേഷൻ പരിധിയിലുള്ള എയ്ഡഡ് ഹൈസ്കൂൾ , എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ ,എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ

അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂൾ (ഹൈസ്കൂൾ വിഭാഗം) എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനും വിതരണം ചെയ്ത ശേഷം മിച്ചം വരുന്ന കപ്പുകൾ അടുത്ത വർഷം വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ആവശ്യകത കണക്കാക്കിയിട്ടാണോ വാങ്ങേണ്ട എണ്ണം കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

2. വിതരണത്തിനു തെരഞ്ഞെടുത്ത Leevacare Pvt Ltd എന്ന സ്ഥാപനം ഹാജരാക്കിയ ഇൻവോയിസിലെ UCO ബാങ്ക് അക്കൌണ്ടിൽ BDS സംവിധാനം ഇല്ലാത്തതിനാൽ ടി സ്ഥാപനം ഹാജരാക്കിയ Catholic Syrian Bank അക്കൌണ്ട് നമ്പർ മുഖേന BDS സംവിധാനത്തിലൂടെ തുക മാറിയിട്ടുണ്ട് എന്ന് എൻക്വയറി നം 257/KSA/TVC.7/2025 നു മറുപടി ലഭ്യമാക്കി. പ്രസ്തുത സ്ഥാപനം തുക കൈപ്പറ്റിയതായ രസീത് ഹാജരാക്കേണ്ടതാണ്.

അധികം വന്ന കപ്പുകൾ 2025-26 അദ്ധ്യായന വർഷം അവസാനിക്കാറായപ്പോഴും വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. അടുത്ത അദ്ധ്യായന വർഷത്തിൽ ഇവ വിദ്യാർത്ഥികൾക്ക് വിതരണത്തിനു യോഗ്യമാകുമോ എന്ന വിഷയത്തിൽ വിദഗ്ധ അഭിപ്രായം തേടേണ്ടതുണ്ട്. അവയുടെ നിർമ്മാണ കാലഘട്ടം കാലാവധി കാലയളവ് എന്നിവകൂടി കണക്കാക്കി വേണം വിതരണം നടത്തേണ്ടത് എന്നും വിതരണ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. പദ്ധതിയ്ക്കാവശ്യമായ എണ്ണം കപ്പുകൾ മാത്രം വാങ്ങുന്നതിനുള്ള ആസൂത്രണ നടപടികൾ സ്വീകരിച്ചുവെങ്കിൽ പദ്ധതിപണം പാഴാകാതെ വിനിയോഗിക്കാമായിരുന്നു. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-57 ഹെൽത്ത് ഗ്രാന്റ് സ്കീം പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ/റീഏജന്റ് വാങ്ങൽ പ്രോജക്ട് - ഉപകരണങ്ങൾ സമയബന്ധിതമായി ലഭിക്കുന്നില്ല - 7,70,876/- രൂപ തടസ്സപ്പെടുത്തുന്നു.

15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ സ്കീം 5 പദ്ധതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ലാബുകളിലേയ്ക്ക് ആവശ്യമായ വിവിധ ഉപകരണങ്ങളും റീ ഏജന്റുകളും വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റ് പ്രൊജക്ടുകൾ പ്രകാരം തുക പി.എഫ്.എം.എസ് ആയി സർക്കാർ അംഗീകൃത സ്ഥാപനമായ KMSCL-ന് മുൻകൂറായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

പ്രൊജക്ട് നം.	SO 2040/2024
	ചെട്ടിവിളാകം സി.എച്ച.സി യിൽ രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ - സ്കീം 5
അടങ്കൽ	1218333/-
ചെലവ്	8,30,142/- (8,15,694 രൂപ KMSCL ന് നൽകിയത്, 14,448 രൂപ തിരുവേണി സ്റ്റോറിൽ നിന്നും സ്റ്റേഷനറി വാങ്ങിയത്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ചെട്ടിവിളാകം FHC

2.

പ്രൊജക്ട് നം.	2043/2024
പ്രൊജക്ടിന്റെ പേര്	വട്ടിയൂർക്കാവ് എഫ്.എച്ച്.സിയിൽ രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ - സ്കീം 5
അടങ്കൽ	1224337/-
ചെലവ്	1142467/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ

മേൽ പ്രകാരം രണ്ട് പ്രൊജക്ടുകളിലായി ലാബ് ഉപകരണങ്ങളും റീഏജന്റും വാങ്ങുന്നതിന് ആകെ 1958161/-രൂപ മുൻകൂറായി KMSCL ന് കൈമാറിയതിൽ താഴെ പറയും പ്രകാരം എയർകണ്ടിഷനർ ഉൾപ്പെടെ 7,57,234/- രൂപയുടെ ഉപകരണങ്ങളും 13,642 രൂപയുടെ റീഏജന്റും നാളിതുവരെ KMSCL സപ്ലൈ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയിസ് നം./തീയതി	പി.എഫ്.എം.എസ് നമ്പർ/തീയതി	ഉപകരണങ്ങൾ	വില	ഉപകരണം കൈപ്പറ്റേണ്ട സ്ഥാപനം
1	306/2023-24/19.03.2024	CO92440198684 തീയതി 30/09/2024	റീഏജന്റ് റഫ്രിജറേറ്റർ 300-400L, എലൈസ റീഡർ &വാഷർ എലൈസ റീഡർ	178721 148861	ചെട്ടിവിളാകം FHC
2	206/2023-/08.02.2024	CO52429237317 തീയതി 27/05/2024	മൈക്രോപിപ്പറ്റ് മൾട്ടി ചാനൽ 30 To 300UL	79859	വട്ടിയൂർക്കാവ് FHC
3			സെൻട്രിഫ്യൂജ് – 16 Wells	49715	
4			എയർ കണ്ടീഷണർ 2 ടൺ	121357	
5			റീഏജന്റ് റഫ്രിജറേറ്റർ	178721	
6	PRF – 4332/20.02.2024	CO52429230259 തീയതി 27.05.2024	റീ ഏജന്റ്സ്	13642	
ആകെ				7,70,876/-	

ചെട്ടിവിളാകം FHC-യിലെ ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.57/കെ.എസ്.എ/

എ.ഒ.1/2025,തീയതി.02.09.2025) മേൽപ്പറഞ്ഞ ലാബ് ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് KMSCLന് ഓർമ്മക്കുറിപ്പുകൾ അയയ്ക്കുന്നുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.
വട്ടിയൂർക്കാവ് FHC യ്ക്ക് ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.158/KSA/AO1/2025 തീയതി27.11.2025) ലഭ്യമാക്കിയ മറുപടി പ്രകാരം 429652/- രൂപയുടെ ലാബ് ഉപകരണങ്ങളും13642/- രൂപയുടെ റീ ഏജന്റ്സും ഉൾപ്പെടെ ആകെ 443294/- രൂപയുടെ ലാബ് ഇനങ്ങൾ KMSCLൽ നിന്ന് ഇനിയും ലഭ്യമാക്കാനുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ സ്കീം 5 മാനദണ്ഡ പ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഉപകരണങ്ങൾ വാങ്ങൽ, പരിശോധനയ്ക്ക് വേണ്ട റീ ഏജന്റ്, പരിശോധന കിറ്റ് വാങ്ങൽ എന്നിവയ്ക്കായാണ് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചത്.
ലഭ്യമായ തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് മാത്രമേ അടുത്ത ഗഡു തുക അനുവദിക്കുകയുള്ളൂ. തുക കൈമാറിയിട്ടും ഉപകരണങ്ങൾ ലഭ്യമാക്കാൻ വലിയ കാലതാമസം വരുന്നത്, ലബോറട്ടറി പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് വിഭാവനം ചെയ്യുന്ന രോഗനിർണ്ണയ സംവിധാനം ശക്തിപ്പെടുത്തുവാൻ സമയബന്ധിതമായി ലാബ് റീ ഏജന്റ്/ലാബ് ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്.
KMSCL ൽ നിന്ന് ലഭിക്കാൻ ബാക്കിയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-58 ലാബ് റീ ഏജന്റ്സ്/ ലാബ് കൺസ്യൂമബിൾസ് സപ്ലൈ ചെയ്തില്ല. KMSCL - ൽ നിന്ന് റീഫണ്ട് ലഭിക്കാനുള്ളത് 1,40,338/- രൂപ.

പ്രോജക്ട് നം.	SO2040/25
അടങ്കൽ	12,18,333/-
ചെലവ്	8,30,142/- പി.എഫ്.എം.എസ് നം.CO92405124675 തീയതി -15/09/2024
ഫണ്ടിനം	ഹെൽത്ത് ഗ്രാന്റ്
നിർവ്വഹണഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ചെട്ടിവിളാകം എഫ്.എച്ച്.സി.

15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് സ്കീം 5 ഉപയോഗിച്ച് ചെട്ടിവിളാകം എഫ്.എച്ച് സി-യിലേക്ക് ലാബ് റീ ഏജന്റ്സ് വാങ്ങുന്നതിനായി KMSCLന്റെ പ്രൊഫോർമ ഇൻവോയിസ് (നം. PRF4955 KMSCL തീയതി.12.03.2024)-ന്റെ അടിസ്ഥാനത്തിൽ 140338/- KMSCL-ന്റെ അക്കൗണ്ടിലേയ്ക്ക് PFMS മുഖേന നിന്നും 15.09.2024-ന് ഒടുക്കിയിട്ടുള്ളതാണ്.

എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ കാരുണ്യയുമായുള്ള റേറ്റ് കോൺട്രാക്ട് പുതുക്കാത്തതിനാൽ ലാബ് റീ ഏജന്റ് / ലാബ് കൺസ്യൂമബിൾസ് സപ്ലൈ ചെയ്യാൻ നിർവ്വാഹം ഇല്ല എന്ന് 12.11.2024 ന് KMCL അറിയിച്ചിരുന്നു. (കത്ത് നം. 30/2024/എഫ്.എച്ച്.സി) ആയതിനാൽ ലാബ് റീ ഏജന്റ്സ്, ലാബ് കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിനായി ഒടുക്കിയ തുക റീഫണ്ട് ചെയ്ത് ലഭ്യമാക്കുന്നതിന് FHC സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കുന്നതിന് എൻക്വയറി (നം.57/കെ.എസ്.എ/എ.ഒ.1/2025, തീയതി.02.09.2025) നൽകി. നഗരസഭ സെക്രട്ടറിയുടെ 18.08.2025-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ചെട്ടിവിളാകം FHC-യുടെ HMC അക്കൗണ്ടിലേയ്ക്ക് റീഫണ്ട് ചെയിച്ചതിന് ശേഷം തുക ലാബ് റീ ഏജന്റ് വാങ്ങുന്നതിന് മാത്രം വിനിയോഗിക്കേണ്ടതാണെന്ന നിർദ്ദേശം ലഭ്യമാക്കിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ KMSCL മാനേജിംഗ് ഡയറക്ടർക്ക് 20.08.2025-ന് കത്ത് (നം. 30/2024/FHCC) നൽകിയിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

നാളിതുവരെ തുക റീഫണ്ട് ചെയ്ത് ലഭ്യമായിട്ടില്ല. ലാബ് റീ ഏജന്റ് സപ്ലൈ ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം മൂലം 1,40,338/- രൂപയ്ക്ക് 19.09.2024 മുതൽ തുക റീഫണ്ട് ചെയ്ത് ലഭ്യമാക്കുന്നതു വരെയുള്ള പലിശ നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. മാത്രവുമല്ല, ലാബ് റീ ഏജന്റ്സ്/ലാബ് കൺസ്യൂമബിൾസ് സമയബന്ധിതമായി ലഭ്യമാക്കാത്തത് ലബോറട്ടറിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുകയും അനിവാര്യമായ ലാബ് പരിശോധനകൾ നടത്തുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്നു. പ്രതിദിനം ശരാശരി 175-ൽ പരം ടെസ്റ്റുകൾ ചെയ്യുന്ന ലാബിൽ അനിവാര്യമായ റീഏജന്റുകൾ ലഭ്യമാക്കുന്നതിനായി തുക മുൻകൂറായി കൈപ്പറ്റിയതിനു ശേഷം, തൻവർഷം കാരുണ്യയുമായി റേറ്റ് കോൺട്രാക്ട് പുതുക്കിയിട്ടില്ലാത്തതിനാൽ റീ ഏജന്റ്സ് സപ്ലൈ ചെയ്യാൻ നിർവ്വാഹമില്ല എന്നറിയിക്കുകയാണ് KMSCL ചെയ്തിട്ടുള്ളത്. KMSCL-ൽ ഒടുക്കിയ തുക റീഫണ്ട് ചെയ്ത് തിരികെ ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-59 X-Ray മെഷീൻ റിപ്പയർ സേവനം- ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നം.	2349/25
പ്രോജക്ടിന്റെ പേര്	ഫോർട്ട് ആശുപത്രിയിൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗും വാങ്ങലും
അടങ്കൽ	6,00,000/- രൂപ
ചെലവ് (ബിൽ നമ്പർ/തീയതി – തുക(₹))	583449/-രൂപ {240101470162014380 33/06.03.2025 – 126657/- 240101470162016802 69/24.03.2025 – 24324/- 240101470162016219 13/21.03.2025 – 154406/- 240101470162015186 78/13.03.2025 – 176541/- 240101470162014742 41/10.03.2025 – 12521/- 240101470162014381 14/06.03.2025 – 89,000/-}
വൗച്ചർ നം.1	Repairing X-Ray Machine ചെലവ് - 70880/- (വിഷൻ മെഡിക്കൽ എക്യൂപ്മെന്റ്സ്)
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)
ഭരണാനുമതി നം.	3(ബി)1/15.01.2025
നിർവഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്, ഗവ. താലൂക്ക് ആശുപത്രി, ഫോർട്ട്

ഗവ. ഫോർട്ട് താലൂക്ക് ആശുപത്രിയിലെ X-Ray മെഷീൻ റിപ്പയർ ചെയ്യുന്നതിന് തൻവർഷം 70,880/-രൂപ 'വിഷൻ മെഡിക്കൽ എക്യൂപ്മെന്റ്സ്'

പ്രൈവറ്റ് ലിമിറ്റഡ്, പൂനെ' എന്ന സ്ഥാപനത്തിന് എച്ച്.എം.സി ഫണ്ടിൽ നിന്നും നൽകുകയും 2024-25 വർഷത്തെ പ്രൊജക്ടിൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ൽ നിന്നും പ്രസ്തുത തുക വകയിരുത്തി റീഇംപ്ലേസ് ചെയ്യുകയും ചെയ്തു.

X-Ray മെഷീൻ കേടായതിന്റെ വിശദാംശങ്ങളോ, അപാകതകൾ വിവരിക്കുന്ന ബയോമെഡിക്കൽ എഞ്ചിനീയർ/ടെക്നീഷ്യന്റെ ടെക്നിക്കൽ റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ ചെലവുമായി ബന്ധപ്പെട്ട് 'വിഷൻ മെഡിക്കൽ എക്യുപ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷന്റെ (No.Service/1692, Dt.15.01.2024) പകർപ്പ് മാത്രമാണ്ഫയലിൽ ലഭ്യമായിട്ടുള്ളത്. സ്ഥാപനത്തിന്റെ യഥാർത്ഥ ടാക്സ് ഇൻവോയ്സ് (ജി. എസ്. ടി ഇൻവോയ്സ്) ഉൾപ്പെടെയുള്ള അനുബന്ധരേഖകളോ, സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിഷൻ എക്യുപ്മെന്റ് എന്ന സ്ഥാപനത്തിന് HMC ഫണ്ടിൽ നിന്നും തുക കൈമാറിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
2.മെഷീൻ വാറന്റി പിരിയഡിലാണോ/എ.എം.സി ഉള്ളതാണോ എന്നതിൽ വ്യക്തതയില്ല.
3.മെഷീന്റെ തകരാറുകൾ പരിഹരിക്കുന്നതിന് പൂനെയിലുള്ള 'വിഷൻ മെഡിക്കൽ എക്യുപ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.
4. താരതമ്യ ക്വട്ടേഷനുകൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
5.റേഡിയോളജി ടെക്നീഷ്യന്റെ Job Completion Report/Service Report, റിപ്പയർ കഴിഞ്ഞ് മെഷീൻ ശരിയായി പ്രവർത്തിക്കുന്നതായി ടെക്നിക്കൽ വിഭാഗം സർട്ടിഫിക്കറ്റ് എന്നിങ്ങനെയുള്ള രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6.റിപ്പയർ ചെയ്ത ഭാഗങ്ങൾ, മാറ്റിയ സ്പെയർ പാർട്സ് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 10/03/2026 ലെ കെ.എസ്.എ46/AO-I/2025 നം ഓഡിറ്റ് എൻകയറിക്ക് മറുപടി നല്കേണ്ടതും, എക്സ്-റേ മെഷീൻ റിപ്പയർ സംബന്ധിച്ച മേൽ പറഞ്ഞ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവ് തുക (70880/- രൂപ) നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-60 പദ്ധതി തുക മുൻകൂർ നൽകിയിട്ടും ഫോർട്ട് ആശുപത്രിയ്ക്ക് മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല– 2863132/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	SO 890/25
പ്രോജക്ടിന്റെ പേര്	ഫോർട്ട് താലൂക്ക് ആശുപത്രിയിൽ മരുന്ന് വാങ്ങൽ
അടങ്കൽ തുക	50,00,000/- രൂപ
ചെലവ് തുക	50,00,000/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
BRN/തീയതി	240101470162004237 41, 18.07.2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഫോർട്ട് താലൂക്ക് ആശുപത്രി

2024-25 വർഷം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ മരുന്ന് വാങ്ങുന്നതിന് തിരുവനന്തപുരം നഗരസഭയുടെ മെയിന്റൻസ് ഫണ്ടിൽ (റോഡിതരം) നിന്ന് 50 ലക്ഷം രൂപയുടെ പ്രൊജക്ട് (നം.890/25) രൂപീകരിക്കുകയും 8.07.2024 ലെ KMSCL ന്റെ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള (നം.പി.ആർ.എഫ്.536) മരുന്നിനുള്ള തുക 50,00,000/- രൂപ KMSCL-ന് മുൻകൂറായി നൽകുകയും 24.08.2024 തീയതിയിൽ സപ്ലൈ ഓർഡർ(നം.എ-803/2024/THF) നൽകുകയും ചെയ്തിരുന്നു. വിതരണം ചെയ്ത മരുന്നുകളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 143/കെ.എസ്.എ/2025, തീയതി.31.10.2025) കാരുണ്യ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൊല്ലം വെയർഹൗസിന്റെ വിവിധ തീയതികളിലെ ഇൻവോയിസ് പ്രകാരം ലഭ്യത അനുസരിച്ച് KMSCL മരുന്നുകൾ നൽകിവരുന്നു എന്നും 23.02.2026 വരെ 21,36,868/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നുമാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. ഈ തുകയുടെ മരുന്നുകൾ DDMS ൽ സ്റ്റോക്ക് എൻടി വരുത്തിയിട്ടുണ്ട്.

സപ്ലൈ ഓർഡർ നൽകി ഒന്നര വർഷം കഴിഞ്ഞിട്ടും 28,63,132/- രൂപയ്ക്കുള്ള മരുന്നുകൾ ആശുപത്രിയ്ക്ക് ലഭ്യമാക്കാൻ അവശേഷിക്കുന്നു.ആകെ തുകയുടെ 57% തുകയ്ക്കുള്ള മരുന്നുകളും ഇനിയും ലഭ്യമായിട്ടില്ല.

ആശുപത്രിയിൽനിന്ന് മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ചികിത്സയ്ക്കെത്തുന്ന നിർധനരോഗികൾക്ക് പുറമെ നിന്ന് ഉയർന്ന വിലയ്ക്ക് മരുന്നുകൾ വാങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നു.

ഫോർട്ട് താലൂക്ക് ആശുപത്രിയിൽ പ്രതിദിനം ശരാശരി 700 രോഗികളാണ് എത്തുന്നത്. യഥാസമയം ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാത്ത് പൊതുജനാരോഗ്യ പരിപാലനത്തിനെ പ്രതികൂലമായി ബാധിക്കുന്നതാണ്. അത്യാവശ്യ മരുന്നുകളുടെ സമയബന്ധിതമായ ലഭ്യത ഉറപ്പുവരുത്തേണ്ടതും ഇൻപേഷ്യന്റ് വാർഡുകളിലും കാഷ്വാലിറ്റി/എമർജൻസി വിഭാഗങ്ങളിലും ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതും ആശുപത്രിയുടെ നടത്തിപ്പിന് അനിവാര്യമാണ്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

(1) മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിനുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.90/2023/LSGD തീയതി 9.04.2023) പ്രകാരം ആശുപത്രികൾക്ക് വകുപ്പുകൾ മുഖേന ലഭ്യമാകുന്ന മരുന്നുകൾ മതിയാകാതെ വരുകയാണെങ്കിൽ അധികമായി വേണ്ട മരുന്നുകൾ മെയിന്റനൻസ് ഫണ്ടിൽ നിന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ വാങ്ങാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നോൺ അവൈലിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല.

(2) മരുന്നുകൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് മുൻപ് മുഴുവൻ തുകയും മുൻകൂറായി നൽകാതെ വിതരണം/ സ്റ്റോക്ക് എൻടി അടിസ്ഥാനമാക്കി ഘട്ടം ഘട്ടമായി തുക നല്കേണ്ടിയിരുന്നു. എന്നാൽ വിതരണം ഉറപ്പാക്കാതെതന്നെ 50,00,000/- രൂപ പൂർണ്ണമായും മുൻകൂറായി നൽകിയത് സാമ്പത്തിക നിയന്ത്രണത്തിലെ വീഴ്ചയും ഫണ്ട് വിനിയോഗത്തിലെ അശ്രദ്ധയുമാണ്.

(3) വിതരണ സമയ പരിധി, പിഴ വ്യവസ്ഥകൾ, മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കൽ, വിതരണ ഘട്ടങ്ങൾ, തുക ക്രമീകരിക്കൽ രീതി തുടങ്ങിയ കാര്യങ്ങൾ

വ്യക്തമാക്കുന്ന ഔപചാരിക കരാർ KMSCLമായി തയ്യാറാക്കിയതായി കാണുന്നില്ല.

തുക പൂർണ്ണമായും മുൻകൂറായി കൈമാറുന്ന സാഹചര്യത്തിൽ ഫണ്ട് തുക സുരക്ഷിതമാക്കുന്നതിനും വിതരണ ബാധ്യത ഉറപ്പ് വരുത്തുന്നതിനും വ്യക്തമായ കരാർ അനിവാര്യമാണ്. കരാറിന്റെ അഭാവത്തിൽ വിതരണം വൈകിയാൽ പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാനും വിതരണ സമയം, ഘട്ടം ഘട്ടമായ സപ്ലൈ ഷെഡ്യൂൾ എന്നിവ നിർബന്ധിതമാക്കുന്നതിനും ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടായാൽ ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനും വിതരണം ചെയ്യാത്ത മരുന്നുകളുടെ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു.

(4) 1994ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ ചട്ടം 22പ്രകാരം ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മേൽ നോട്ടവും നിർദ്ദേശവും നൽകേണ്ട ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, മുൻകൂർ തുക അനുവദിക്കൽ, വിതരണ പുരോഗതി നിരീക്ഷിക്കൽ, മരുന്ന് ലഭ്യമാക്കുന്നതിലെ താമസവുമായി ബന്ധപ്പെട്ട് നിർദ്ദേശം നൽകൽ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തിയതായി രേഖകളില്ല. ഇത് ഭരണപരമായ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു.

നിർദ്ദേശങ്ങൾ

(1) മരുന്നുകളുടെ വിതരണനില സമയാസമയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി അവലോകനം ചെയ്യണം.

(2) പദ്ധതി നടത്തിപ്പിനായി ഫണ്ട് തുക അനുവദിക്കുന്നതിന് നിയതമായ കരാർ ചമയ്ക്കേണ്ടതാണ്.

(3) ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാക്കി തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-61 ഹെൽത്ത് ഇൻസ്പെക്ടർമാർക്കായി സ്കൂട്ടർ വാഹനം വാങ്ങൽ- മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഹെൽത്ത് ഇൻസ്പെക്ടർമാർക്കായി 2 സ്കൂട്ടർ വാഹനങ്ങൾ വാങ്ങുന്നതിനായി 2023-24 സാമ്പത്തിക വർഷം 786/2024 നമ്പറായി ഏറ്റെടുത്തതാണ് ഈ പ്രോജക്ട്. എന്നാൽ അതേവർഷം തുക ചെലവഴിക്കാൻ കഴിയാതെ പ്രോജക്ട് കൃ ബില്ലിലാകുകയും 1085/2025 നമ്പറായി 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും ചെയ്തു. ടി പ്രോജക്ടിനായി സൂക്ഷ്മ പത്രിക പ്രകാരം ആകെ 2305924/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം-	1085/2025 (തൻവർഷം) (786/24 മുൻവർഷം)
ഫണ്ട്	വികസന ഫണ്ട് ജനറൽ
അടങ്കൽ	2500000/-
ചെലവ്	2305924/-
ബിൽ നം	82/9-5-2024 തുക 19,77,914/- 884/12-8-2024 തുക 3,28,010/-
നിർവഹണം	ഹെൽത്ത് ഓഫീസർ
സ്റ്റാന്റിംഗ് കമ്മിറ്റി / തീരുമാനം	മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി No 1(20) Dtd. 22-03-2023
ഭരണാനുമതി	No 1(B) 1 Dtd. Dtd. 23-03-2023

ഈ പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്പിൽ ഓവറായി ഏറ്റെടുത്ത ഈ പദ്ധതിയുടെ ചെലവ് തുക സുലേഖപത്രിക പ്രകാരം 2305924/-രൂപയാണ്. ACR പരിശോധിച്ചതിൽ ആകെ ചെലവിൽ 3,28,010/-രൂപയുടെ ചെലവ് പ്രോജക്ട് നം 1085/2025 ൽ നിന്നും 19,77,914 രൂപയുടെ ചെലവ് പ്രോജക്ട് നം 786/25 ൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. ടി പ്രോജക്ട് സ്പിൽ ഓവറായശേഷവും പുതിയ പ്രോജക്ട് നമ്പറിൽ ചെലവ് തുക രേഖപ്പെടുത്തിക്കാണുന്നില്ല. കൂടാതെ പഴയ പ്രോജക്ട് നമ്പറായ 786 ൽ തന്നെ 2024-25 വർഷവും (786/25) ട്രഷറി പെയ്ഡ് ബില്ലിൽ ചെലവ് രേഖപ്പെടുത്തിക്കാണുന്നു.

2. 2024-25 വർഷത്തെ ട്രഷറി പെയ്ഡ് ബിൽ (Web Saankhya) പരിശോധിച്ചതിൽ പ്രോജക്ട് നം 1085/25 ൽ നിന്നും 328010/രൂപ, 11,54,450/- രൂപ എന്നിങ്ങനെ രണ്ട് ചെലവുകൾ കാണുന്നു. ഇതിൽ 328010/രൂപയുടെ ചെലവിന് നേരെ Vehicle Purchase എന്ന് പ്രോജക്ടിന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 11,54,450/- രൂപയുടെ ചെലവിന് നേരെ She Fitness Centre എന്ന പ്രോജക്ടിന്റെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ Vehicle Purchase, She Fitness Centre എന്നീ രണ്ട് പ്രോജക്ടുകൾക്കും ഒരേ നമ്പർ (1085/25) ആണ് രേഖപ്പെടുത്തിക്കാണുന്നത്.

3. ടി പ്രാജക്ട് പ്രകാരം വാങ്ങിയിരിക്കുന്ന രണ്ട് വാഹനങ്ങളുടെയും ലോഗ് ബുക്കുകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 64/കെ.എസ്.എ./ടിവിസി.11/2025. തീയതി: 19.09.2025.) H19/46474/23 തീയതി. 15/10/25 പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി മറുപടിയിൽ വാഹനങ്ങളുടെ ലോഗ് ബുക്കുകളുടെ പരിപാലന/മേൽനോട്ട ചുമതല നഗരസഭാ മെയിൻ ഓഫീസ് ഗ്യാരേജ് സൂപ്രവൈസർക്കാണെന്നും Hലോഗ് ബുക്കുകൾ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും രണ്ട് വാഹനങ്ങളുടെയും ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. സർക്കാർ ഉത്തരവ് (കൈ) 115/2022 എൽ.എസ്.ജി.ഡി. തീയതി 28-05-2022 ഖണ്ഡിക 8-2-1 പ്രകാരം ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന രീതി എല്ലാ തദ്ദേശ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇവിടെ രണ്ട് വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ശരിയായ ആവശ്യകത നിർണയിച്ചിട്ട് തന്നെയാണോ വാഹനം വാങ്ങിയിരിക്കുന്നത് എന്ന് വ്യക്തമല്ല. ഹെൽത്ത് സ്ഥാഡിനല്ലാതെ മറ്റ് പല ആവശ്യങ്ങൾക്കും ഈ വാഹനങ്ങൾ വ്യാപകമായി ഉപയോഗിച്ചിരുന്നത് ഉൾപ്പെടെയുള്ള അപാകങ്ങൾ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും(2023-24 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-53) ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

5. സർക്കാർ ഉത്തരവ് ജി.ഒ (പി) നം 12/2019/ എസ്.പി.ഡി. തീയതി 18/09/2019 പ്രകാരം ഭരണാനുമതിക്ക് മുമ്പ് ധനകാര്യവകുപ്പിന്റെ കൺകറൻസ് വേണമെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനിൽ നിന്നും വാഹനത്തിന്റെ ആവശ്യകത ഉറപ്പാക്കുന്ന സർട്ടിഫിക്കറ്റ് വേണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ധനകാര്യവകുപ്പിന്റെ കൺകറൻസ്, വാഹനത്തിന്റെ ആവശ്യകത ഉറപ്പാക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

6. ധനകാര്യ (ഐ.ടി.സോഫ്റ്റ്വെയർ) വകുപ്പിന്റെ 20.10.2020ലെ 59/2020/ധന. നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് – ഇൻ – എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വീൽസ് സോഫ്റ്റ്വെയറിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ വകുപ്പു മേധാവികളും ഇതു സംബന്ധിച്ച പ്രവർത്തനം ഏകോപിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണെന്നും വകുപ്പിന്റെ ഉടമസ്ഥതയിലും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും ഉപയോഗത്തിലുള്ളതും അല്ലാത്തതുമായ എല്ലാത്തരം വാഹനങ്ങളുടെ വിവരങ്ങളും, വാഹനത്തെ സംബന്ധിച്ച മാസം തോറുമുള്ള ഉപഭോഗവും, ഡ്രൈവർമാരുടെ വിവരങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വീൽസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നം.103/2021- ധന. തീയതി. 02/11/2021 ലെ ഇ-ഗവേർണൻസ് നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കുന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ വീൽസ് ഡേറ്റാ ബേസിൽ ലഭ്യമാക്കുവാൻ തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി വാങ്ങിയ വാഹനങ്ങളുടെ വിവരങ്ങൾ ഇത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 64/കെ.എസ്.എ./ടിവിസി.11/2025. തീയതി: 19.09.2025.) മറുപടിയായി വാഹനങ്ങൾ ഡ്രൈവർമാർ എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ വീൽസ് ഡേറ്റാബേസിൽ ഉൾപ്പെടുത്തി അടിയന്തിരമായി വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവഹണം സംബന്ധിച്ച അപാകതകൾ പൂർണമായും പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-62 ജനന മരണ വിവാഹ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ-ചെലവ് രേഖകൾ പൂർണമായും ഹാജരാക്കിയില്ല-തുക 3,89,294/-തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് -പേര്	ജനന മരണ വിവാഹ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ
പ്രോജക്ട് -നം	1936/2025
അടങ്കൽ	13,62,035/- (വികസനഫണ്ട് ജനറൽ)
ചെലവ്	9,00,562/-
ബിൽ നം	2556 തീയതി.19/02/2025 തുക-3,89,294/- 3626 തീയതി.26/03/2025 തുക-5,11,268/-
നിർവഹണം	ഹെൽത്ത് സൂപ്പർ വൈസർ

നഗരസഭാ പരിധിയിൽ നടന്നിട്ടുള്ള ജനന മരണ വിവാഹ രജിസ്ട്രേഷനുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ചതാണ് ഈ പ്രോജക്ട്. 2022-23 സാമ്പത്തിക വർഷം വികസനഫണ്ടിൽ 10,00,000/- രൂപ വകയിരുത്തിയാണ് പ്രോജക്ട് ആരംഭിച്ചിരിക്കുന്നത്. തുടർ വർഷങ്ങളിലും തുക വകയിരുത്തി ഏറ്റെടുത്ത ഈ പ്രോജക്ടിനായി തൻവർഷം 9,00,562/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഡിജിറ്റലൈസേഷൻ ചാർജ്ജിനത്തിൽ തുക അനുവദിച്ചിരിക്കുന്നത് HREDC യ്ക്കാണ്. ഈ ചെലവിനനുബന്ധമായി സ്ഥാപനം ഡിജിറ്റലൈസ് ചെയ്ത ജനന മരണ വിവാഹ രജിസ്ട്രേഷനുകളുടെ എണ്ണം അനുബന്ധ വിവരങ്ങൾ , എന്നിവ ലഭ്യമാക്കിയിട്ടില്ല.

ആകെ 9,00,562/-രൂപ ചെലവഴിച്ചതിൽ 511268/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബിൽ നം 2556 തീയതി.19/02/2025 പ്രകാരം ചെലവഴിച്ച തുക- 3,89,294/-യുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനും രേഖകൾ ഹാജരാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.130/2025. തീയതി: 24.10.2025.) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 3,89,294/രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന പരാമർശങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതും തടസ്സം ഒഴിവാക്കാനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-63 ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർ വൈസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ- ചെലവുരേഖകൾ/ഫയലുകൾ ലഭ്യമാക്കിയില്ല. തുക 57,37,249/- തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർ വൈസർമാർ എന്നിവർ നിർവഹണം ഏറ്റെടുത്ത് സൂക്ഷ്മ പത്രിക പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുള്ള പ്രോജക്ട് ഫയലുകൾ പൂർണമായും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഫയൽ അടിയന്തരമായി ലഭ്യമാക്കുവാൻ 27-06 2025 ന് ഈ കാര്യാലയത്തിൽ നിന്നും നം 44, 45, 46, 47 എന്നിവ പ്രകാരം ഓഡിറ്റ് റിക്വസിഷനുകളും. 06.02.2026. ന് നം. 236/കെ.എസ്.എ./ടിവിസി.11/2025. പ്രകാരം ഓഡിറ്റ് എൻക്വയറിയും നൽകിയിരുന്നു. ആവശ്യപ്പെട്ട പ്രോജക്ടുഫയലുകളിൽ ചുവടെ സൂചിപ്പിക്കുന്നവ നാളിതുവരെയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ചെലവ് തുക	നിർവഹണ ഉദ്യോഗസ്ഥൻ.
1	2011/2025	ഉറവിടമാലിന്യ സംസ്കരണം- വീടുകളിൽ ബയോകംപോസ്റ്റർ സ്ഥാപിക്കൽ.	25,00,000	ശ്രീ അജയകുമാർ ഹെൽത്ത് സൂപ്പർ വൈസർ.
2	1086/2025	എച്ച്.ഐ. ഓഫീസുകളിൽ കംപ്യൂട്ടറും ഓഫീസ് ഉപകരണങ്ങളും വാങ്ങൽ.	29,89,000/-	ശ്രീ. ശശികുമാർ.പി.കെ ഹെൽത്ത് സൂപ്പർ വൈസർ.
3	1153/2025	സർക്കാർ സ്വകാര്യ ആശുപത്രികൾ മുഖേന സൗജന്യ ഡയാലിസലിസ്.	2,48,249/-	ശ്രീ. ശശികുമാർ.എ ഹെൽത്ത് ഓഫീസർ.
	ആകെ	-------	57,37,249/-	

ആയതിനാൽ മേൽ സൂചിപ്പിച്ച പ്രോജക്ടുകൾക്കായി ചെലവഴിച്ച 57,37,249/- തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു. റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം ടി ഫയലുകൾ ഓഡിറ്റ് കാലയളവിനുള്ളിൽ ലഭ്യമാക്കാത്തതിന് തൃപ്തികരമായ മറുപടി ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കുന്ന ഫയലുകളിലെ പരിശോധനയിൽ അപാകത ഉണ്ടെങ്കിൽ ആയത് റിപ്പോർട്ടിന്റെ ഭാഗമാകുന്നതും തുടർ നടപടി സ്വീകരിക്കുന്നതുമാണ്. അപാകത ഇല്ലാത്ത പക്ഷം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കുന്നതാണ്. ഫയൽ ഹാജരാക്കാത്ത പക്ഷം ഈ ചെലവുകൾ നടന്നിട്ടില്ലായെന്ന നിഗമനത്തിൽ നിർവഹണ ഉദ്യോഗസ്ഥനുമേൽ ബാധ്യത ചുമത്തി മുഴുവൻ തുകയും ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായുള്ള നടപടിയും വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതുമാണ്.

1-64 രോഗികൾക്കുള്ള സൗജന്യമരുന്ന് വിതരണം-സമയബന്ധിതമായി മരുന്ന് ലഭ്യമാകുന്നില്ല.

പ്രോജക്ടിനെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	ഹൃദയസംബന്ധമായ രോഗമുള്ളവർ, ക്യാൻസർ രോഗികൾ, ഹീമോഫീലിയ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഡയാലിസിസിന് വിധേയരാകുന്നവർ എന്നിവർക്ക് സൗജന്യ മരുന്ന്
പ്രോജക്ട് നം-	732/25
അടങ്കൽ	8000000/- (വികസനഫണ്ട്-ജനറൽ)
ചെലവ്	8000000/-
ബിൽ നം-	ബിൽ നം- 2197തീയതി.28/01/2025 തുക 1000000/-
	ബിൽ നം- 2197തീയതി.30/01/2025 തുക 2000000/-
	ബിൽ നം- 2197തീയതി.24/07/2024 തുക 5000000/-
നിർവഹണം	ശ്രീ.ശശികുമാർ, ഹെൽത്ത് ഓഫീസർ.

നിർധനരായവർക്കും മാരക രോഗമുള്ളവർക്കും സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്ന ഈ പദ്ധതി പ്രകാരം IN HOUSE DRUG BANK Medical College Tvpm എന്ന സ്ഥാപനത്തിൽ നിന്നും. വിവിധ ബില്ലുകൾ പ്രകാരം 8000000/- രൂപ നൽയിട്ടുണ്ട്. ഇതിൽ 31/03/2025 വരെ 63,51,335/-രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ. ഇതിൽ 1648665/-രൂപയുടെ മരുന്നുകൾ സാമ്പത്തിക വർഷത്തിന് ശേഷമാണ് (28/06/2025 ൽ) ലഭ്യമായിരിക്കുന്നത്. ജൂലൈ 2024, ജനുവരി 2025 എന്നീ മാസങ്ങളിലാണ് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി തുക നൽകിയിരിക്കുന്നത്. മരുന്നുകൾപോലും വാങ്ങാൻ കഴിവില്ലാത്ത ഹൃദയസംബന്ധമായ രോഗികൾ, ക്യാൻസർ രോഗികൾ, ഹീമോഫീലിയ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഡയാലിസിസ് ചെയ്യുന്നവർ എന്നിവർക്ക് സൗജന്യമായി എത്തിക്കേണ്ട മരുന്നുകൾ വളരെ താമസിച്ച് ലഭ്യമാകുന്ന പ്രവണത നീതീകരിക്കത്തക്കതല്ല. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

1-64-1 വള്ളക്കടവ് സിദ്ധ ആശുപത്രി മരുന്ന് വാങ്ങൽ പദ്ധതികൾ - അപാകങ്ങൾ, 8,29,298/- രൂപ തടസ്സപ്പെടുത്തുന്നു.

1) മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല – 8,29,298/- രൂപ തടസ്സപ്പെടുത്തുന്നു.

വള്ളക്കടവ് സിദ്ധ ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെപ്പറയുന്ന മരുന്നു വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ ഔഷധിയിൽ നിന്നും IMPCOPS (Indian Medical Practitioners' Co-Operative Pharmacy And Stores) ൽ നിന്നും വാങ്ങിയിട്ടുണ്ട്. IMPCOPS-ൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമാക്കിയതായി കാണുന്നില്ല. IMPCOPS- ന് പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല.
പട്ടിക - 1

ക്രമ നം.	പദ്ധതി നം./ പേര്	IMPCOPS-ന് നൽകിയ തുക (ബിൽ നം./ തീയതി/തുക)	ലഭിച്ച മരുന്നുകളുടെ ആകെ തുക	ലഭിക്കാനുള്ള മരുന്നിന്റെ തുക
1	97/സിദ്ധ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ	1954/09.01.2025 1300000	1124365	175635
2	87/പൂന്തുറ സിദ്ധ ആയുഷ് ഹോളിസ്റ്റിക് സെന്ററിന് മരുന്ന് വാങ്ങൽ	1834/01.01.2025 700000	468117	231883
3	91/സിദ്ധരക്ഷ പകർച്ചവ്യാധി പ്രതിരോധത്തിന് മരുന്ന് വാങ്ങൽ	1835/01.01.2025 300000 2705/03.03.2025 100000	226117	173883
4	83/വയോകൽപം - വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ	1833/01.01.2025 700000	452103	247897
	ആകെ	3100000	2270702	829298

ബാക്കിയുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം. 139/കെ.എസ്.എ/ടിവിസി.10/2025, തീയതി. 28.10.2025) ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ഉടനെ എത്തിക്കുന്നതാണ് എന്ന് IMPCOPS അറിയിച്ചിട്ടുണ്ടെന്നും ഇവ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ പൂർണമായി ലഭ്യമാക്കാത്തതിനാൽ ലഭ്യമാക്കാനുള്ള മരുന്നുകളുടെ തുകയായ 8,29,298/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ സാക്ഷ്യപ്പെടുത്തൽ രേഖാമൂലം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

2) മരുന്ന് വിതരണ സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല .

പട്ടിക I ൽ ഉൾപ്പെടുത്തിയിരിക്കുന്ന മരുന്ന് വാങ്ങൽ പദ്ധതികളിൽ ഒന്നും തന്നെ മരുന്ന് ലഭ്യമാക്കേണ്ട ഏജൻസികളായ IMPCOPS-ഉം ഔഷധിയുമായും ധനവിതരണം, മരുന്നുകൾ ലഭ്യമാക്കേണ്ട തീയതി തുടങ്ങിയവ വ്യക്തമാക്കി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 139/കെ.എസ്.എ/ടിവിസി.10/2025, തീയതി. 28.10.2025) ഔഷധിയും IMPCOPS-മായുള്ള കരാർ പകർപ്പ് ഫയലിൽ ലഭ്യമല്ലെന്നും വരുന്ന സാമ്പത്തിക വർഷം മുതൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. വരും വർഷങ്ങളിൽ മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്ന് വിതരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

3) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് - ശരിയായ രീതിയിൽ സമർപ്പിച്ചിട്ടില്ല.

സബ്സിഡി മാർഗരേഖ (സ.ഉ (കൈ) നം. 115/2022/തസ്വഭവ, തീയതി.28.05.2022) ഖ.7.6.4 പ്രകാരം മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ആരോഗ്യ വകുപ്പാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്യ വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാവുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 4 പദ്ധതികളും മരുന്ന് വാങ്ങൽ പദ്ധതികളാണ്. മരുന്ന് വാങ്ങുന്നതിന് ഡിപ്പാർട്ട്മെന്റ് ഫണ്ട് ലഭ്യമല്ലെന്നും ആയതിനാൽ പദ്ധതി മുഖേന മരുന്നുകൾ വാങ്ങാവുന്നതാണ് എന്ന രീതിയിലാണ് ജില്ലാ മെഡിക്കൽ ഓഫീസർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. ഏതൊക്കെ മരുന്നുകളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസറിന് കൈമാറേണ്ടതും ടി ലിസ്റ്റ് പ്രകാരം ഡിപ്പാർട്ട്മെന്റിൽ ലഭ്യമല്ലാത്ത മരുന്നുകൾക്ക് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ വാങ്ങാനുദ്ദേശിക്കുന്ന മരുന്നുകളുടെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസറിന് നൽകാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 139/കെ.എസ്.എ/ടിവിസി.10/2025, തീയതി. 28.10.2025) ടി വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വരും വർഷങ്ങളിൽ ശരിയായ രീതിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

1-64-2 പൂജപ്പുര ആയുർവേദ ഡിസ്പെൻസറി മരുന്ന് വാങ്ങൽ പദ്ധതികൾ - അപാകങ്ങൾ

മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം

പൂജപ്പുര ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 5 പ്രോജക്കുകളിൽ നാലെണ്ണം മരുന്ന് വാങ്ങൽ പദ്ധതികളും ഒരെണ്ണം ശുചീകരണ സാധനങ്ങൾ വാങ്ങൽ പദ്ധതിയുമാണ്. 24.08.2025-ൽ ഔഷധിയും മെഡിക്കൽ ഓഫീസറും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം പേയ്മെന്റ് ലഭിച്ച് അറുപത് ദിവസത്തിനുള്ളിൽ ഔഷധി സപ്ലൈ പൂർത്തിയാക്കേണ്ടതാണ്. 344, 681, 703, 724 എന്നീ പ്രോജക്കുകളിൽ 2024-25 സാമ്പത്തിക വർഷം ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ഔഷധിയ്ക്ക് ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

പദ്ധതി നം, പേര്	ബിൽ നം, തീയതി, തുക
344, പന്ത്രണ്ട് ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ	2857, 11/3/2025, 1,00,00,000
681, ജീവനം	2597,24/02/2025, 60,50,000
703, അരികെ	2598, 24/02/2025, 6,00,000
724, ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ പൂഞ്ഞാറ്റ് മരുന്ന് വാങ്ങൽ	2599,24/02/2025, 10,00,000

എന്നാൽ ചില മരുന്നുകൾ വിതരണം ചെയ്യാൻ 2025 ഒക്ടോബർ മാസം വരെ കാലതാമസമുണ്ടായിട്ടുണ്ട്. കരാർ ലംഘിച്ച് മരുന്നുകൾ വിതരണം ചെയ്തതിൽ കാലതാമസം ഉണ്ടായതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 284/ടിവിസി 10/2025 ,തീയതി 27.02.2026 ന് കത്ത് മുഖാന്തിരവും ഫോൺ മുഖാന്തിരവും നിരവധി തവണ ഔഷധിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. മരുന്നുകൾ കാലതാമസമില്ലാതെ ലഭ്യമാക്കുന്നത് പദ്ധതി ലക്ഷ്യം ശരിയായ രീതിയിൽ ശരിയായ സമയത്ത് നടപ്പിലാക്കുവാൻ സഹായിക്കും. വരും വർഷങ്ങളിൽ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടാൽ ഔഷധിക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിക്കുന്ന നടപടിയുടെ വിവരം കരാറിൽ വ്യക്തമായി ഉൾപ്പെടുത്തേണ്ടതാണ്.

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് - ശരിയായ രീതിയിൽ സമർപ്പിച്ചിട്ടില്ല.

സബ്സിഡി മാർഗരേഖ (സ.ഉ (കൈ) നം. 115/2022/തസ്വഭവ, തീയതി.28.05.2022) ഖ.7.6.4 പ്രകാരം മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ആരോഗ്യ വകുപ്പാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്യ വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാവുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിന് ഡിപ്പാർട്ട്മെന്റ് ഫണ്ട് ലഭ്യമല്ലെന്നും ആയതിനാൽ പദ്ധതി മുഖേന മരുന്നുകൾ വാങ്ങാവുന്നതാണ് എന്ന രീതിയിലാണ് ജില്ലാ മെഡിക്കൽ ഓഫീസർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. ഏതൊക്കെ മരുന്നുകളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസറിന് കൈമാറേണ്ടതും ടി ലിസ്റ്റ് പ്രകാരം ഡിപ്പാർട്ട്മെന്റിൽ ലഭ്യമല്ലാത്ത മരുന്നുകൾക്ക് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ വാങ്ങാനുദ്ദേശിക്കുന്ന മരുന്നുകളുടെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസറിന് നൽകാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 284/കെ.എസ്.എ/ടിവിസി.10/2025, തീയതി. 27.02.2026) മുൻകാലങ്ങളിലും ഇത്തരത്തിലുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റാണ് നൽകിയിരുന്നതെന്നും വരും വർഷങ്ങളിൽ ശരിയായ രീതിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്നും മറുപടി ലഭ്യമാക്കി.

1-65 വാർഷിക പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് നഗരസഭ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല- അർഹത നിർണ്ണയിച്ചതിൽ സുതാര്യതയില്ല

നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതികളുടെ സുതാര്യത ഉറപ്പാക്കും വിധം കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറില്ല. ജനകീയാസൂത്രണ പദ്ധതികളിൽ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുകയും, മുൻഗണനാക്രമം പാലിച്ച് അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ഉറപ്പ് വരുത്തുന്നതിലും, ഗുണഭോക്താക്കളുടെ കൃത്യമായ ഡേറ്റാബെയ്സ് സൂക്ഷിക്കുന്നതിലും, ആനുകൂല്യ വിതരണത്തിൽ സുതാര്യത പാലിക്കുന്നതിലും അതിഗൌരവമായ നിരുത്തരവാദിത്തം വ്യക്തമാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) നന്മ പദ്ധതി

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500 രൂപ നിരക്കിൽ സ്കോളർഷിപ്പ് നല്കുന്ന 'നന്മ' പദ്ധതി പ്രകാരം ഓരോ വർഷവും 1500ൽപരം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കി വരുന്നു എങ്കിലും ഒരേ ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ സ്കോളർഷിപ്പ് നല്കുന്നതായും, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് തുക അനുവദിക്കുന്നതായും, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയവർക്കും ആനുകൂല്യ വിതരണം നടത്തിയിട്ടുള്ളതായും ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ളതും അപാകങ്ങൾ താഴെപറയും വിധം ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്.

ക്രമ നം	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം
1	2021-22	1-33
2	2022-23	1-51
3	2023-24	1-90

എന്നാൽ മേൽപ്പറഞ്ഞ പരാമർശങ്ങൾക്ക് തൃപ്തികരമായി മറുപടി നഗരസഭ ലഭ്യമാക്കുകയോ ഓഡിറ്റ് നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കുകയോ ചെയ്തിട്ടില്ല. നിലവിലും അപാകങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. ഈ ഓഡിറ്റ് റിപ്പോർട്ടിലും(2024-25) ഇത് സംബന്ധിച്ച അപാകങ്ങൾ ഖണ്ഡിക 1-50 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2)വയോജനങ്ങൾക്ക് കട്ടിൽ വിതരണം

നഗരസഭയുടെ മറ്റൊരു പദ്ധതിയായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം - എന്ന പദ്ധതിയ്ക്കായി 2024-25 വർഷം 4054 ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് മുഴുവൻ തൻവർഷം തന്നെ കട്ടിൽ വിതരണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, വാർഡ് അടിസ്ഥാനത്തിൽ എത്ര പേർക്ക് /ആർക്കൊക്കെ വിതരണം ചെയ്യ എന്നും, നല്കാൻ അവശേഷിക്കുന്നവരുടെ വാർഡടിസ്ഥാനത്തിലുള്ള വ്യക്തമായ ലിസ്റ്റ്

തയ്യാറാക്കാനോ, ഇത് സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കാനോ നഗരസഭക്ക് കഴിയുന്നില്ല. ഇത് തുടർ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ അനർഹർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

മേൽ പരാമർശിച്ച 'നന്മ' പദ്ധതിലും, കട്ടിൽ വിതരണം പദ്ധതിയിലും മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിക്കാൻ ബാക്കിയായവർക്ക് തൻവർഷം ആനുകൂല്യം നല്കുന്നതിനായി കൌൺസിൽ തീരുമാനം കൈക്കൊള്ളുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യവിതരണം നടത്തുകയും ചെയ്യുന്നു. എന്നാൽ അപ്രകാരം ആനുകൂല്യം ലഭിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പേര് വിവരങ്ങളടങ്ങിയ കൃത്യമായ ലിസ്റ്റ് തയ്യാറാക്കുന്നില്ല. ആയതിനാൽത്തന്നെ അപ്രകാരമുള്ള യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യ വിതരണം നടത്തിയത് എന്നത് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല. ഇപ്രകാരം ഇത് സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിക്കാത്തത് ആനുകൂല്യ വിതരണത്തിന്റെ സുതാര്യതയെ ബാധിക്കുന്നു.

വാർഷിക പദ്ധതികളുടെ ഭാഗമായി വ്യക്തികൾക്കോ (ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെ), കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം സർക്കാർ മാർഗ്ഗരേഖയിൽ (19.04.2022 ലെ സ.ഉ(കൈ) നം. 86/2002/തസ്വഭവ ഖണ്ഡിക 12.3) വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിൻ പ്രകാരം വ്യാപകമായ പ്രചരണം നൽകി അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം നൽകുകയും അപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തയ്യാറാക്കേണ്ടതും, മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. കരട് മുൻഗണനാ ലിസ്റ്റിന്റെ അപാകങ്ങൾ പരിഹരിച്ച് തയ്യാറാക്കുന്ന അന്തിമ മുൻഗണനാ ലിസ്റ്റ് വാർഡ് സഭ/വാർഡ് കമ്മിറ്റിയുടെ അംഗീകാര പ്രകാരം മുൻഗണനാ ക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതും അപ്രകാരം അംഗീകാരം ലഭിച്ച മുൻഗണനാ ലിസ്റ്റ് സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്. ശേഷം പ്രസ്തുത മുൻഗണനാ ലിസ്റ്റ് പദ്ധതി നടത്തിപ്പിനായി നിർവ്വഹണോദ്യോഗസ്ഥന് കൈമാറേണ്ടതാണ്. അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് ശേഷം മാത്രമേ പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ എന്നും, സമാന സ്വഭാവമുള്ള പ്രോജക്ട് തുടർവർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിന് വേണ്ട ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് മുൻഗണനാ ക്രമത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ (12.3 (11)) പാലിച്ച് എടുക്കേണ്ടതുമാണ്. ആനുകൂല്യം വിതരണം ചെയ്യുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ പ്രോജക്ട് പൂർത്തിയായാലുടൻ ആ പ്രോജക്ടിൽ ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അത് നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതുവഴി ജനകീയാസൂത്രണ പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതുമാണ്.

ഇക്കാര്യം നഗരസഭ അടിയന്തിരമായി പരിശോധിച്ച് വരും വർഷങ്ങളിൽ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, സുതാര്യമായ രീതിയിൽ പദ്ധതി നിർവഹണം നടത്തേണ്ടതുമാണ്.

1-66 ബയോമെഡിക്കൽ വേസ്റ്റ് IMAGE വഴി നീക്കം ചെയ്യൽ - ചെലവ് രേഖകൾ പൂർണമായും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്	ബയോമെഡിക്കൽ വേസ്റ്റ് IMAGE വഴി നീക്കം ചെയ്യൽ
പ്രോജക്ട്-നം	നം-770/2025
അടങ്കൽ	1000000/-വികസന ഫണ്ട്.
ചെലവ്	247809/-വികസന ഫണ്ട്.
ബിൽ നം	നം 1620 തീയതി 13.12.2024 തുക 54447/- നം 2936 തീയതി 15-03-2025 തുക 176730/- നം 3554 തീയതി 25-03-2025 തുക 16632/-
സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	No.14 (12) Dtd.30.12.2023 ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി.
ഭരണാനുമതി.	No.3 (B) 1/09.02.2024
നിർവഹണം	ഹെൽത്ത് ഓഫീസർ.

നഗരസഭ ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ 15 സർക്കാർ ആശുപത്രികളിൽനിന്നും ബയോ മെഡിക്കൽ വേസ്റ്റുകൾ 'IMAGE' (INDIAN MEDICAL ASSOCIATION GOES ECOFRIENDLY) വഴി നീക്കം ചെയ്യുന്നു. 'IMAGE' നൽകുന്ന ബില്ലുകൾ/ഇൻവോയ്സുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട ഹോസ്പിറ്റൽ /എച്ച്.എം.സി. നൽകുകയും പണം സ്വീകരിച്ചതിന് ശേഷം 'IMAGE' കൈപ്പറ്റ് രസീത് നൽകുകയും ചെയ്യുന്നു. ഹോസ്പിറ്റലുകൾ പണം ചെലവഴിക്കുന്നത് ക്യാഷ് ശ്രുപത്തിലാണോ, ചെക്ക് ശ്രുപത്തിലാണോ, അക്കൌണ്ട് ട്രാൻസ്ഫർ ആയിട്ടാണോ എന്നത് വ്യക്തമല്ല. 'IMAGE' ൽ നിന്നുള്ള ഇൻവോയ്സുകളും കൈപ്പറ്റ രസീതുകളും നഗരസഭയിൽ സമർപ്പിക്കുകയും ഈ തുക നഗരസഭ പ്ലാൻ ഫണ്ടിൽ വകയിരുത്തി പ്രോജക്ടിലൂടെ ഹോസ്പിറ്റലുകളുടെ എച്ച്.എം.സി ഫണ്ടിലേക്ക് റീഫണ്ട് ചെയ്ത് നല്കുകയും ചെയ്യുന്നു. ഈ പ്രോജക്ടിലൂടെ എഫ്.എച്ച്.സി. വേളി, പി.എച്ച്.സി കരമന, പി.എച്ച്.സി പൂന്തുറ, സി,എച്ച്.സി വലിയതുറ, താലൂക്ക് ഹോസ്പിറ്റൽ ഫോർട്ട്, പി.എച്ച്.സി തിരുവല്ലം എന്നീ ഹോസ്പിറ്റലുകളിലേക്കായി തൻവർഷം ആകെ 247809/-രൂപ വികസന ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കാതെയും 'IMAGE' എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ആശുപത്രിയുടെ പേര്.	IMAGE ന് അനുവദിച്ച തുക	ബിൽ നം.തീയതി.	റിമാർക്ക്സ്
പി.എച്ച്.സി. പൂന്തുറ	7440/-രൂപ	ബിൽ നം 1620 തീയതി 13.12.2024 തുക 7440/-	കൈപ്പറ്റ് രസീത് ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
എഫ്.എച്ച്.സി. തിരുവല്ലം	13860/-രൂപ	ബിൽ നം 3554 തീയതി 25-03-2025 തുക	കൈപ്പറ്റ് രസീത് ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
എഫ്.എച്ച്.സി വേളി.	2772/-രൂപ		

		16632/-	
എഫ്.എച്ച്.സി വേളി	2,772/- രൂപ	ബിൽ നം 2936 തീയതി 25-03-2025 തുക 1,76,730/-	കൈപ്പറ്റ് രസീത് ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
താലൂക്ക് ഹോസ്പിറ്റൽ ഫോർട്ട്	1,50,522/- രൂപ		
സി.എച്ച്.സി പൂന്തുറ	18,816/- രൂപ		
പി.എച്ച്.സി കരമന	4,620/- രൂപ		
ആകെ രൂപ	200802/-		

ആകെ 200802/-രൂപയുടെ ചെലവ് രേഖകൾ/കൈപ്പറ്റ് രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകത ഓഡിറ്റ് എൻക്വയറി (നം72/ തീയതി.26.09.2025) പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു. മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ/കൈപ്പറ്റ് രസീതുകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-67 വിവിധ ഹെൽത്ത് സർക്കിളുകളിലേക്ക് ശുചീകരണ സാധനങ്ങൾ (ക്ലീനിംഗ് ഇൻപുട്ട്) വാങ്ങൽ- പദ്ധതി നിർവഹണത്തിലെ അപാകതകൾ. 14,96,412 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ഫയൽ നം	H19/SO 777/25
പ്രോജക്ട് നം	777/2025
അടങ്കൽ	50,00,000/- (വികസനഫണ്ട് ജനറൽ)
ചെലവ്	14,96,412/-
ബിൽ നം	3634 തീയതി.26/03/2025 തുക-151,944/- 3635 തീയതി.26/03/2025 തുക-24,500/- 3636 തീയതി.26/03/2025 തുക-10,75,000/- 3637 തീയതി.26/03/2025 തുക-2,44,968/-
നിർവഹണം	ഹെൽത്ത് സൂപ്പർ വൈസർ

നഗരസഭയിലെ വിവിധ ഹെൽത്ത് സർക്കിളുകളിലേക്ക് ആവശ്യമായ ശുചീകരണ സാധന സാമഗ്രികൾ വാങ്ങുന്നതിനാണ് ഈ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ക്ലീനിംഗിന്റെ ഭാഗമായി മൺവെട്ടി, പിക്കാക്സ്, കമ്പിപ്പാര, കട്ട, മുള്ള്, അള്ള്, ബ്ലീച്ചിംഗ് പൗഡർ, കുമ്മായം ഗ്ലാസ്, മാസ്ക്, ഗംബൂട്ട്, പ്ലാസ്റ്റിക് ചാക്ക്, ബ്രഷ് കട്ടർ തുടങ്ങി എല്ലാത്തരം പണിസാധനങ്ങളും വാങ്ങാൻ 07-08-2024 ന് ടെണ്ടർ ക്ഷണിക്കുകയും 09-09-2024 ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നം 11 പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഈ പ്രോജക്ടിനായി ആകെ 14,96,412 ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. ഈ പ്രോജക്ട് പ്രകാരം ഏതൊക്കെ ശുചീകരണ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് ഫയലിൽ വ്യക്തമല്ല. അവയ്ക്കായി പർച്ചേസ് നടത്തിയ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഒറിജിനൽ ഇൻവോയ്സ്/ക്യാഷ് ബിൽ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഈ പ്രോജക്ട് വിഭാവനം ചെതിരുന്നതുപോലെ ക്ലീനിംഗ് സാധനങ്ങൾ മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിൽ ആയവ സ്റ്റോക്കിൽ ചേർത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ/രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.137/ തീയതി: 24.10.2024.) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവഴിച്ച 14,96,412 /-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഖണ്ഡികയിൽ പരാമർശിക്കുന്ന മുഴുവൻ അപാകതകൾക്കും തൃപ്തികരമായ മറുപടി ലഭ്യമാക്കിയും ചെലവുരേഖകൾ ഹാജരാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

1-68 സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടറുകൾ, യു.പി.എസുകൾ എന്നിവ വാങ്ങി- അധികച്ചെലവ്- 4,73,000/-രൂപ

ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ "എല്ലാ ആരോഗ്യസ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യവികസനം" (നം-1993/2025) എന്ന ഈ പ്രോജക്ട് പ്രകാരം ആകെ 43 Desktop Computers, 63 Laptops, 43 UPS, 66 Printers എന്നിവ വാങ്ങിയിട്ടുണ്ട്. ഇവയിൽ Desktop Computers, Laptops, UPS എന്നിവ Pazhoor Ideal Systems Ltd എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്ററുകൾ MP Associates എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. ജി.ഒ(പി.നം) 10/2019 എസ്.പി.ഡി.തീയതി 22.08.2019 സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടൽ മുഖേനയേ വാങ്ങാൻ പാടുള്ളുവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി സെല്ലിന്റെ സർക്കുലർ നം 1/26/2019 വി.സ.വ. തീയതി 18-03 2019 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ CPRCS മുഖേനമാത്രമെ ഐ.ടി ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരമുള്ള വാങ്ങലിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

As Per G.O.(Rt) No.99/2021/ITD Dated,Thiruvananthapuram, 23/07/2021 Services Of Government Of Kerala, It Was Decided That The Departments May Procure Laptops For The Implementation Of E-Office, So That The Work Can Be Carried Out From Anywhere. The Advantages Of Procuring Laptops Instead Of Desktops Are Portability, Low Maintenance, Reduced Cable Clutters, Low Power Consumption, Less Space Occupancy, No Cost Required For UPS Etc. Hence Government Have Examined The Matter In Detail And Are Pleased To Order That The

Departments / Grant In Aid Institutions / Boards / Corporations / Universities /Local Self Government Institutions / Public Sector Undertakings Should Procure Laptops Instead Of Desktops For The Roll Out Of E-Governance And Other Activities In Their Organization. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി 43 Desktop കളും അതുതന്നെ UPS കളും വാങ്ങിയിട്ടുണ്ട്. ലാപ്ടോപ്പുകൾക്കു പകരം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയ നടപടി പ്രകാരം ഓരോ കമ്പ്യൂട്ടറിനും 2000/-രൂപയും യു.പി.എസുകൾക്ക് 9000/-രൂപയും അധികമായി ചെലവഴിക്കേണ്ടി വന്നു. 43 കമ്പ്യൂട്ടറുകൾക്കും യു.പി.എസിനുമായി ആകെ 4,73,000/-രൂപ (2000x43 + 387000) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതാണ്.
വിശദാംശങ്ങൾക്കായി ഖ 3.6 കാണുക.

1-69 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ – ഫയലുകൾ ഹാജരാക്കിയില്ല 2,38,62,356/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തികവർഷത്തിൽ സെക്രട്ടറിയുടെ നിർവഹണത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ട് ഫയലുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വിസിഷനുകൾ (നം31/25.06.25, നം.89/17.02.2026) നൽകിയിരുന്നുവെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനനുസരിച്ച് നിഗമനത്തിൽ എത്താവുന്നതുമാണ്. ആയതിനാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കുവേണ്ടി വിനിയോഗിച്ച 2,38,62.356/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ട് പേര്	വകയിരുത്തിയ തുക	ചെലവ് തുക
1	02/2025	ഐ കെ എം സാങ്കേതിക സഹായം	5000000 (വികസനഫണ്ട്)	5000000
2	2125/2025	തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള മുട്ടത്തറ സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പരിപാലനവും നടത്തിപ്പും	5000000	5000000
3	1110/2025	നഗരസഭ ഐറ്റി സെൽ രൂപീകരണം	994991	840000
4	1222/2025	യുപിഎസ് വാങ്ങൽ	7022356	7022356
5	1108/25,	ഐകെഎം മെമ്പർഷിപ്പ് ഫീ	6000000	6000000
ആകെ				2,38,62,356/-

1-70 വയോമിത്രം പദ്ധതി - സാമൂഹ്യ സുരക്ഷാമിഷന് നഗരസഭയുടെ വിഹിതം നൽകൽ – മതിയായ രേഖകൾ ലഭ്യമാക്കിയില്ല - 5000000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	3/25
വകയിരുത്തൽ	50,00,000/- രൂപ (വികസനഫണ്ട് ജനറൽ)
ചെലവ്	50,00,000/- രൂപ
ബിൽ വിവരം	1. 1105/23-09-2024 25,00,000/- രൂപ 2. 2823/10-03-2025 25,00,000/- രൂപ
നിർവഹണം	സെക്രട്ടറി

കേരള സർക്കാർ സാമൂഹിക സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് വയോമിത്രം പദ്ധതി. 65 വയസ്സിന് മുകളിലുള്ള നഗരപ്രദേശങ്ങളിലെ മുതിർന്ന പൗരന്മാർക്ക് സൗജന്യ ആരോഗ്യ സേവനങ്ങൾ, മരുന്നുകൾ, കൗൺസിലിംഗ്, കിടപ്പു രോഗികൾക്ക് പാലിയേറ്റീവ് കെയർ എന്നിവ ഈ പദ്ധതിയിലൂടെ നൽകുന്നു. മൊബൈൽ ക്ലിനിക്, ആംബുലൻസ് സേവനം, മെഡിക്കൽ ക്യാമ്പുകൾ, മാനസിക ഉല്ലാസത്തിനായുള്ള പരിപാടികൾ എന്നിവയും ലഭ്യമാക്കുന്നു. ഇത് വയോജനങ്ങളുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നു. നഗരസഭ/കോർപ്പറേഷൻ സാമൂഹ്യസുരക്ഷാമിഷനുമായി സഹകരിച്ച് സംയുക്ത പദ്ധതിയായി നടപ്പിലാക്കുന്നു. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവരടങ്ങുന്ന ടീമുകളാണ് സേവനം നൽകുന്നത്. മേൽ പ്രവർത്തനങ്ങളിലേയ്ക്ക് കേരള സാമൂഹ്യ സുരക്ഷ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിനായി സ.ഉ.(സാധാ) നം. 1209/2013/ത.സ്വ.ഭ.വ തീയതി 06.05.2013 ലെ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കാറുണ്ട്. തൻവർഷം തിരുവനന്തപുരം നഗരസഭ ആവിഷ്കരിച്ച വയോമിത്രം പദ്ധതിയ്ക്കായി 50,00,000/- രൂപ വകയിരുത്തുകയും പ്രസ്തുത തുക സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിൽ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും 25,00,000/- രൂപ കൗൺസിൽ തീരുമാനത്തിന് വിധേയമായി സുരക്ഷാമിഷന് സംഭാവന നൽകാവുന്നതാണ് എന്നാണ് പരാമർശിച്ചിട്ടുള്ളത്. കേരളാ സാമൂഹ്യ സുരക്ഷ മിഷന്റെ 16-11-2024 ലെ KSSM/1504/2024-P1 കത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ രണ്ട് യൂണിറ്റുകൾ ഉള്ളതിനാൽ 50,00,000/-രൂപ സംഭാവന ആവശ്യപ്പെടുകയും ആയതിനെതുടർന്ന് ആദ്യം അനുവദിച്ച 25,00,000/- രൂപയ്ക്ക് പുറമെ 25,00,000/- രൂപ കൂടി അനുവദിക്കുകയും ചെയ്തു. രണ്ട് യൂണിറ്റുകൾ ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നത് സംബന്ധിച്ച് മറ്റ് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും ഓരോ യൂണിറ്റിലും എത്ര അംഗങ്ങൾ വീതമാണ് ഉണ്ടെന്നുള്ളതും യൂണിറ്റിന്റെ ഘടനയും സംബന്ധിച്ച

വിവരം ലഭ്യമാക്കാനും ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം 103 /കെ. എസ്.എ/എ ഒ 2/ 2025, തീയതി 03.10.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുതകാരണങ്ങളാൽ ചെലവ് തുകയായ 5000000/- രൂപ തടസ്സപ്പെടുത്തുന്നു.

1-71 HREDC - നഗരസഭയുടെ അനുബന്ധ സ്ഥാപനം - നിയമസാധുതയും, പ്രവർത്തന വ്യാപ്തിയും, ഫണ്ടിംഗും - അവലോകനം

പ്രാരംഭം

തിരുവനന്തപുരം നഗരസഭ വിവരസാങ്കേതികയിലൂന്നി യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച അനുബന്ധ സ്ഥാപനമാണ് ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെന്റ് ആന്റ് ഡെവലപ്മെന്റ് സെന്റർ അഥവ HREDC. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള പദ്ധതികൾ രൂപപ്പെടുത്തി പരമാവധി തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1988-ൽ തിരുവനന്തപുരം നഗരസഭ അധികാര വികേന്ദ്രീകരണത്തോടനുബന്ധിച്ച് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും ദരിദ്രജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും, ഐ.ടി സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിനുമായിട്ടാണ് HREDC എന്ന സ്ഥാപനം ആരംഭിച്ചത്. HREDC യുടെ പ്രവർത്തനങ്ങൾ, നിയമസാധുത, ഫണ്ടിംഗ് എന്നിങ്ങനെയുള്ള വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 70/കെ.എസ്.എ/ടിവിസി.7/2025, തീയതി.-25.09.2025) നൽകിയ മറുപടിയുടെയും ഓഡിറ്റിൽ ലഭ്യമായ ചെലവു വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകനം താഴെ കൊടുക്കുന്നു.

ഉപനിയമാവലിക്ക് അംഗീകാരം ലഭ്യമായിട്ടില്ല

HREDC യുടെ പ്രവർത്തന വ്യാപ്തി, പരിധി എന്നിവ ആധികാരികമായി നിശ്ചയിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് 1994, അദ്ധ്യായം XXVI വകുപ്പിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി 21.08.2015-ലെ നഗരസഭാ കൗൺസിൽ തീരുമാനം 1(22) പ്രകാരം അംഗീകരിക്കപ്പെട്ട് സർക്കാരിന്റെ അംഗീകാരത്തിനായി 30.10.2015-ലെ MC/CTC/90/15 പ്രകാരം HREDCയുടെ ഉപനിയമാവലി അയച്ചിരുന്നു. എന്നാൽ ഉപനിയമാവലിയിൽ അധിക വിവരങ്ങളും മാറ്റങ്ങളും വരുത്തി അയക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി സമർപ്പിച്ചിരുന്നുവെങ്കിലും14.07.2024-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 38/2024 പ്രകാരം ബൈലോയുടെ അംഗീകാരം സംബന്ധിച്ച വ്യവസ്ഥകൾക്ക് മാറ്റം വരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ബൈലോയുടെ ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. നിലവിൽ ബൈലോയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല.

HREDC -യുടെ ഭരണാധികാരികൾ

HREDC – യുടെ ഭരണാധികാരം HREDC ഡയറക്ടർ ബോർഡ്, നഗരസഭ വികസന സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭ കൗൺസിൽ എന്നിവയുടെ തീരുമാനത്തിന് വിധേയമായാണ് നടക്കുന്നത്. ബഹു. മേയർ HREDC-യുടെ ഡയറക്ടർ ബോർഡിന്റെ ചെയർമാനും നഗരസഭ സെക്രട്ടറി ബോർഡിന്റെ സെക്രട്ടറിയുമാണ്.വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ,നിർവ്വഹണ ഉദ്യോഗസ്ഥർ, തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർ എന്നിവർ ഉൾപ്പെടുന്നതാണ് HREDC ഡയറക്ടർ ബോർഡ്.

HREDC- യുടെ ഫണ്ട് വിവരം

HREDC യുടെ വികസനത്തിനും ജീവനക്കാരുടെ വേതനത്തിനും വിവിധ പ്രവർത്തനങ്ങൾ മുഖാന്തിരം ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ് തുക കണ്ടെത്തുന്നത്. നഗരസഭയുടെ തനതു ഫണ്ടിൽ നിന്നോ മറ്റ് ഫണ്ടുകളിൽ നിന്നോ നേരിട്ട് വികസനത്തിനോ വേതനത്തിനോ തുകകളൊന്നും HREDC സ്വീകരിക്കുന്നില്ല എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയെങ്കിലും നഗരസഭയുടെ തനതു ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറുകളുടെ AMC നടത്തിയിട്ടുണ്ട്. നഗരസഭ HREDCഎന്ന സ്ഥാപനം രൂപീകരിച്ചത് പൊതുജനങ്ങൾക്ക് കാര്യക്ഷമമായി വിവിധ സർവ്വീസുകൾ കുറഞ്ഞ ചെലവിലോ സൗജന്യമായോ ചെയ്തു നൽകുന്നതിനു വേണ്ടിയാണെന്നും സ്ഥാപനം ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലൂടെ അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിനു വേണ്ട അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനു നഗരസഭ പ്ലാൻ ഫണ്ട് വിവിധ പദ്ധതി മുഖേന വിനിയോഗിക്കാറുണ്ട്.

തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ

AMC യ്ക്കായി തനതു ഫണ്ടിൽ നിന്നും 2021-22 മുതൽ 2023-24 വരെ ചുവടെപ്പറയും പ്രകാരമുള്ള തുക HREDCയ്ക്ക് നൽകിയിട്ടുണ്ട്

ക്രമ നം	വർഷം	AMC തുക	ടാക്സ് കിഴിച്ച് HREDC യ്ക്ക് നൽകിയ തുക	ചെക്ക് നം /തീയതി
1	2021-22	717416	1406137	675451/ലഭ്യമല്ല
2	2022-23	717416		
3	2023-24	717416	693096	125471/12.11.2025
ആകെ തുക			2099233/ -രൂപ	

നഗരസഭയുടെ 2024-25 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നുള്ള ചെലവുകൾ

2024-25 വർഷത്തിൽ HREDC-യുടെ കീഴിലുള്ള റിപ്രോഗ്രാഫിക് സെന്ററിനായി പ്ലാൻ ഫണ്ട് (SCP) പ്രോജക്ട് നം 912/2024 വകയിരുത്തി പട്ടികജാതി വികസന ഓഫീസർ മുഖേന ചേർക്കുന്ന സാധനങ്ങൾ വാങ്ങിയിരിക്കുന്നു. സൂലേഖ ചെലവ് പത്രിക പ്രകാരം 38,47,980/- രൂപയാണ് ചെലവ് വന്നരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാങ്ങിയ സാധനം	എണ്ണം	തുക
1	Colour Photocopier	1	1350000
2	Black & White Photocopier	2	1310000
3	ID Card Die Cutter	1	72660
4	Mini Offset Printer	1	867519.48
5	Plotter	1	247800
	Total		3847979.48

ഇവ കൂടാതെ നഗരസഭ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ നിന്നും HREDC-യ്ക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ഫണ്ടിനം	നിർവ്വഹണോദ്യോഗസ്ഥൻ	നൽകിയ തുക	തുക നൽകിയതിന്റെ ഉദ്ദേശ്യം
1	1993/25 – എല്ലാ ആരോഗ്യ	മെയിന്റനൻസ് ഫണ്ട്	ഹെൽത്ത് ഓഫീസർ	320134	മെഡിസിൻ കവറുകൾ പ്രിന്റ്

	സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം	(നോൺ റോഡ്)			ചെയ്യുന്നതിനായി
2	1996/25 – പാലിയേറ്റീവ് കെയർ കൂടുതൽ യൂണിറ്റുകളുടെ പ്രവർത്തനം	വികസന ഫണ്ട് (ജനറൽ)	ഹെൽത്ത് ഓഫീസർ	100852	പ്ലാൻ രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ, ഫോളോ - അപ്പ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്യുന്നതിനായി
3	1047/25 – ഹരിതകർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ ഇൻഷ്വറൻസ്, പരിശീലനം, കൺസ്യൂമർ കാർഡ് - 2024	വികസന ഫണ്ട് (ജനറൽ)	ഹെൽത്ത് സൂപ്പർവൈസർ	472000	2,00,000 യൂസർ ഫീ കാർഡും, 2000 രസീത് ബുക്കും പ്രിന്റ് ചെയ്യുന്നതിന്
4	1936/25 – ജനന മരണ വിവാഹ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ	വികസന ഫണ്ട് (ജനറൽ)	ഹെൽത്ത് സൂപ്പർവൈസർ	900562	ജനന മരണ വിവാഹ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്
5	1096/25 – എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും ആവശ്യമായ പ്രിന്റിംഗ് സ്റ്റേഷനറി മുതലായവ	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	ഹെൽത്ത് സൂപ്പർവൈസർ	173342	ഒ.പി ടിക്കറ്റ് രജിസ്റ്റർ, സർട്ടിഫിക്കറ്റ്, HMC റെസീപ്റ്റ് ബുക്ക്, ലാബ് റിപ്പോർട്ട്സ് എന്നിവ പ്രിന്റ് ചെയ്യുന്നതിന്
6	776/25 - എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും ആവശ്യമായ പ്രിന്റിംഗ് സ്റ്റേഷനറി മുതലായവ	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	ഹെൽത്ത് സൂപ്പർവൈസർ	245918	പ്രിന്റിംഗ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി
7	2004/25 – പേട്ട ക്ലിനിക്കിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ നിയമനവും ക്ലിനിക് നവീകരണവും	വികസന ഫണ്ട് (ജനറൽ)	ഹെൽത്ത് സൂപ്പർവൈസർ	82470	പ്രിന്റിംഗ് ചെലവ്
8	1257/25 – റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ	വികസന ഫണ്ട് (ജനറൽ)	അഡീഷണൽ സെക്രട്ടറി	375116	റിക്കാർഡുകളുടെ ഡിജിറ്റലൈസേഷനു വേണ്ടി
9	871/25 - റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ - തുടർനടത്തിപ്പ്	വികസന ഫണ്ട് (ജനറൽ)	അഡീഷണൽ സെക്രട്ടറി	500000	റിക്കാർഡുകളുടെ ഡിജിറ്റലൈസേഷനു വേണ്ടി
ആകെ തുക				3170394	

HREDC നടത്തുന്ന കോഴ്സുകൾ

HREDC സർക്കാർ/പി.എസ്.സി അംഗീകാരമുള്ള IHRDയുടെ സർട്ടിഫിക്കറ്റ് കോഴ്സുകളും NIELIT വഴി കേന്ദ്ര ഗവൺമെന്റ് സർട്ടിഫിക്കറ്റുകളും, സർക്കാർ സ്ഥാപനമായ C-Apt, Keltron തുടങ്ങിയ സ്ഥാപനങ്ങളുടെ അംഗീകൃത സർട്ടിഫിക്കറ്റുകളുമാണ് നൽകുന്നത്. ജനകീയാസൂത്രണ പ്രോജക്ടുകൾ വഴി ദരിദ്ര വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായും മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ മാനദണ്ഡമനുസരിച്ച് ഫീസ് ഇളവോടുകൂടിയാണ് പരിശീലനം നൽകി വരുന്നത്.

നിലവിൽ HREDC നടപ്പിലാക്കുന്ന കോഴ്സുകളുടെ വിവരവും ഫീസ് ഘടനയും ചുവടെ ചേർക്കുന്നു.

Course	Total Fees	Duration
DCA	8800	6 Months

PGDCA	22300	1 Yr
DDTOA	14300	1 Yr
CCLISC	13300	6 Months
Tally (CFA)	3000+GST	2 Months
GST	6000+GST	3 Months
CCOM	2000 +GST	2 Months
DTP	2000+GST	2 Months
Web Designing	5000+GST	2 Months
FA & GST	9300+GST	3 Months
Computer Hardware & Networking Maintenance	4000+GST	2 Months
Junior AI Explorers	4500+GST	3 Months
Junior Designer	5000+GST	3 Months
IT @20	1300+GST	20 Days
Python Programming	3000+GST	2 Months

ഇവിടെ പഠിച്ചിറങ്ങുന്ന കുട്ടികളിൽ നിന്നും അപ്രന്റീസായി നിയമനം ലഭിക്കുന്നവർക്ക് ജോലിയുടെ വൈദഗ്ധ്യം, കഴിവ്, അറിവ് എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ച് കൗൺസിൽ നിയമനം നൽകുന്നു.

മേൽ പദ്ധതികൾക്കായി പഠിതാക്കളെ തെരഞ്ഞെടുക്കുന്നതും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പാൾ, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പട്ടം ആണ്. 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളും അതുവഴി HREDC എന്ന സ്ഥാപനത്തിനു ലഭ്യമായ തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./ പേര്	അടങ്കൽ	ചെലവ്	HREDC-യ്ക്ക് ലഭിച്ച തുക	ബിൽ നം./തീയതി
1	1298/സ്കൂൾ എസ്.എം.എസ് പ്രോജക്ട്	3700000	3604994	3460790	1520/11.02.2024 – 2984224/- 1861/03.01.2025 - 476566/-
2	279/സ്കൂൾ എസ്.എം.എസ് പ്രോജക്ട്	3000000	2747936	2638018	2923/14.03.2025- 834907/- 1276/14.10.2024 1803111/-
3	299/പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ നേടാനാവശ്യമായ പിരശീലന പരിപാടികൾ	3000000	269984	259184	3222/21.03.2025
4	1292/തൊഴിൽ വൈദഗ്ദ്ധ്യ പോഷണം	2000000	1760796	1690364	2213/29.01.2025
5	1296/ജനറൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നേടാൻ പരിശീലനം (SO)	2077755	1879740	1804548	2212/29.01.2025- 59470/- 105/09.05.2024 1745078/-
6	1293/തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം (ജനറൽ) (SO)	500000	477369	458273	2211/29.01.2025

7	272/ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം	1500000	526487	505427	3223/21.03.2025
8	897/തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം	650400	492060	472376	97/09.05.2024
9	1295/തൊഴിലും വരുമാനവും നേടുന്നതിനുള്ള നൈപുണ്യ പരിശീലനം	3428300	3418755	3282003	100/09.05.2024-991483/-2257/29.01.2025 2290520/-

മേൽ പ്രോജക്ടുകളിൽ നിന്നും HREDC യ്ക്ക് ആകെ 1,45,70,983/- രൂപയാണ് ലഭിച്ചത്.

HREDC- യുടെ ജീവനക്കാർ

HREDC യുടെ വിവിധ പ്രവർത്തനങ്ങൾ വഴി ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. നിലവിൽ ആകെ 45 ജീവനക്കാർ HREDC-യിൽ വിവിധ തസ്തികയിൽ സേവനത്തിലുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

Sl No.	തസ്തിക	എണ്ണം
1	Director	1
2	Chief Supervisor	1
3	Supervisor	1
4	Accountant	1
5	Asst.Accountant	1
6	IT Officer	1
7	Data Entry Operator	6
8	Office Assistant	9
9	Office Attendant	2
10	Hard Ware Technician	1
11	Technical Leader	1
12	Technical Supporter	1
13	Aadhaar Enroller	2
14	Sweeper	1
15	Screen Printing, Printing Helper	2
16	RC In Charge, Accounting. Offset Printer	1
17	Offset Printer, Binding Charge	1
18	Binder	10
19	Photocopying & RISO Printer	1
20	Graphic Designer	1

HREDC- യുടെ കീഴിലുള്ള സ്ഥാപനങ്ങൾ

തിരുവനന്തപുരം നഗരസഭയുടെ അനുബന്ധ സ്ഥാപനമായ HREDC യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ഓരോ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ എണ്ണം, തസ്തികകൾ, വേതനം, നിയമനം,വ്യവസ്ഥകൾ,നടപടിക്രമങ്ങൾ മറ്റ് അലവൻസുകൾ എന്നിവയുടെ വിശദമായ വിവരങ്ങൾ ഓഡിറ്റിന് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും പൂർണ വിവരങ്ങൾ ലഭ്യമായില്ല. ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. കമ്പ്യൂട്ടർ ടെയിനിംഗ് സെന്റർ

നഗരസഭ ജനകീയാസൂത്രണ വിഭാഗത്തിന്റെ സഹായത്തോടെ രൂപീകരിച്ച വിവിധ പരിശീലന പദ്ധതികളുടെ ഭാഗമായി നിലവിലെ ഭരണസമിതിയുടെ കാലഘട്ടത്തിൽ ആയിരത്തിലധികം വരുന്ന വിദ്യാർത്ഥികൾക്ക് നഗരസഭ കമ്പ്യൂട്ടർ ടെയിനിംഗ് സെന്റർ വഴി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം നൽകി വരുന്നു. IHRD, Keltron, C-DAC, C-Apt തുടങ്ങിയ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ അംഗീകൃത കോഴ്സുകൾക്കാണ് പരിശീലനം നൽകുന്നത്. 2016 ജൂൺ മുതൽ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ സെപ്ഷ്യൽ കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ SCST മുഖാന്തിരം ഒരു വർഷ കോഴ്സായ കമ്പ്യൂട്ടർ ഹാർഡ് വെയർ കോഴ്സുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി നൽകി വരുന്നു.

2. കണ്ണമ്മൂല വനിത വ്യവസായ ഐ. റ്റി പാർക്ക്, ഡാറ്റാ എൻട്രി യൂണിറ്റ്

1) പ്രവർത്തനങ്ങൾ

2016 മുതൽ നഗരസഭയുടെ വിവിധ പ്രോജക്ടുകളായ ജനന-മരണ വിവാഹ ഡിജിറ്റലൈസേഷൻ, ഇലക്ഷൻ അനുബന്ധ പ്രവൃത്തികൾ, റവന്യൂ, ടൗൺ പ്ലാനിംഗ് റിക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ, നഗരസഭ പരിധിയിലുള്ള സ്കൂളുകളുടെ വിദ്യാഭ്യാസ പ്രോജക്ടുകൾ, ഓൺലൈൻ ഡാറ്റാ എൻട്രി, ലൈഫ് മിഷൻ തുടങ്ങി എല്ലാ ഡാറ്റാ എൻട്രി പ്രവർത്തികളും ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. ഡാറ്റാ എൻട്രി യൂണിറ്റുകൾ കണ്ണമ്മൂല വനിത ഐ.റ്റി പാർക്കിലും നഗരസഭ മെയിൻ ഓഫീസിലുമായി 150-ലധികം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ നിലവിൽ ഉണ്ടെന്ന് ഓഡിറ്റ് എൻക്വയറിയിക്കുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. ഇതുവഴി പ്രതിവർഷം 150 ൽ അധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് നൽകുവാൻ HREDC വഴി കഴിഞ്ഞിട്ടുണ്ടെന്നും ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളും വസ്തു നികുതി വിവരങ്ങളും വിവിധ സർവ്വേകളും യഥാസമയം പൂർത്തീകരിക്കുന്നതിനു കഴിഞ്ഞിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

2) സ്ഥലപരിശോധന റിപ്പോർട്ട്

26/02/2025 ൽ ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ സ്ഥാപനത്തിൽ 30 കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ട്. എന്നാൽ 10 കമ്പ്യൂട്ടറുകൾ മാത്രമാണ് അവിടെ സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ സ്ഥാപനം പ്രവർത്തന രഹിതമായിട്ടാണ് കണ്ടത്.ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാത്രമാണ് അവിടെ നിലവിലുണ്ടായിരുന്നത്. ബാക്കിയുള്ളവരെ പാളയം സാഫല്യം കോംപ്ലക്സിലെ നെറ്റ് സെന്ററിലേയ്ക്ക് മാറ്റി എന്നും അറിച്ചു. എന്നാൽ പാളയം സാഫല്യം കോംപ്ലക്സിലെ നെറ്റ് സെന്ററിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനമാത്രമാണ് ആവശ്യമായിട്ടുള്ളത്.







3. ഹാർഡ്‌വെയർ യൂണിറ്റ്

തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറികിട്ടിയ വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കമ്പ്യൂട്ടറുകളുടെ മെയിന്റനൻസ് പ്രവത്തികൾ, പ്രവർത്തന ക്ഷമത പരിശോധിച്ച് യോഗ്യരായ ടെക്നീഷ്യൻമാർ മുഖാന്തിരം സർവ്വീസ് നടത്തുന്നു. വിവിധ സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കൽ, നെറ്റ്‌വർക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തൽ, എ.എം.സി എന്നിവയും ഏറ്റെടുത്തിട്ടുണ്ട്.

4. റിപ്പോഗ്രാഫിക് സെന്റർ, ബുക്ക് ബയന്റിംഗ് യൂണിറ്റ്

സ.ഉ(സാധാ) നം. 777/2025/തസ്വഭവ (ജെ) വകുപ്പിന്റെ 02.03.2005-ലെ ഉത്തരവ് പ്രകാരം നഗരസഭയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള അച്ചടി, ബയന്റിംഗ് സംബന്ധിച്ച എല്ലാവിധ ജോലികളും ഓർഡറുകളും ഏറ്റെടുത്തു ചെയ്യുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 13 വനിതകൾ ഉൾപ്പെടെ 17 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. തദ്ദേശ സ്ഥാപനത്തിലെ അച്ചടി ജോലികൾ ടെണ്ടർ കൂടാതെ ഏറ്റെടുക്കുന്നതിന് 10.02.2022-ലെ വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം (നം. 4.52(1)) അംഗീകാരം ഉണ്ട്.

5. അക്ഷയ കേന്ദ്രങ്ങൾ

നഗരസഭ മെയിൻ കാര്യാലയം, സാഫല്യം കോംപ്ലക്സ് (സബ് സെന്റർ), മുട്ടട, കളിപ്പാൻകുളം, വള്ളക്കടവ് എന്നിവിടങ്ങളിൽ അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കുറഞ്ഞ നിരക്കിലും മസ്റ്ററിംഗ്, ആധാർ, അക്ഷയ സേവനങ്ങൾ കിടപ്പുരോഗികൾക്കും വളരെയധികം പ്രയാസം അനുഭവിക്കുന്നവർക്കും അവരവരുടെ വീട്ടിലെത്തി ചെയ്തു കൊടുക്കുന്നു.

6. നെറ്റ് സെന്റർ (പാളയം)

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഇന്റർനെറ്റ് സൗകര്യം ഉപയോഗിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

160-ലധികം പേർ വിവിധ വ്യവസ്ഥകളിൽ മേൽ സ്ഥാപനങ്ങളിൽ സേവനത്തിലുണ്ട്. ഇതിൽ 80% വനിതകളാണ്. 25% പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമാണ്.

HREDC യുടെ അക്കൌണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ

ഓഡിറ്റിനു ലഭ്യമാക്കുന്ന നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിൽ HREDC യുടെ അക്കൗണ്ടുകൾ ഉൾപ്പെടുന്നില്ല. സ്ഥാപനം ഇതിനായി നിലനിർത്തിയിരിക്കുന്ന അക്കൗണ്ടുകൾ ഏതൊക്കെ,ആയതിന്റെ വരവ് ചെലവ് കണക്കുകൾ മറ്റേതെങ്കിലും ഏജൻസികൾ ഓഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

തിരുവനന്തപുരം നഗരസഭ വിവിധ പദ്ധതികൾ മുഖേന ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനു നേരിട്ടും മറ്റ് പദ്ധതികൾ മുഖേന സേവനങ്ങൾക്ക് പ്രതിഫലമായും കോടികണക്കിനു തുക സ്ഥാപനത്തിനായി ചെലവഴിക്കുന്നുണ്ട്.കൂടാതെ സ്ഥാപനം നടത്തുന്ന കോഴ്സ് ഫീയും മറ്റിനങ്ങളിൽ വരവുമുണ്ട്.എന്നാൽ ഇവയുടെ വരവ് ചെലവ് കണക്കുകൾ നാളിതുവരെ സംസ്ഥാന ഓഡിറ്റ് വിഭാഗത്തിനു സമർപ്പിച്ചിട്ടില്ല. ഭരണസമിതിയും ധനകാര്യസമിതിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ദാരിദ്യനിർമ്മാർജനവും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമായി നഗരസഭ ഉപകേന്ദ്രത്തിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ അഭിനന്ദനമർഹിക്കുന്നുതന്നെയാണ്. എന്നിരുന്നാലും വരവ് -ചെലവ് കണക്കുകൾ കൃത്യതയോടെയും സുതാര്യതയോടെയും കൈകാര്യം ചെയ്യുകയും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

* നഗരസഭയുടെ ഭാഗമായി പ്രവർത്തിക്കുന്ന HREDC എന്ന സ്ഥാപനത്തിന്റെ പ്രവർത്തനാനുമതി സർക്കാർ ബൈലോ പ്രകാരം അംഗീകാരം നേടി പ്രവർത്തിക്കേണ്ടതാണ്.

* HREDC യിലേയും അനുബന്ധ സ്ഥാപനങ്ങളിലെയും സ്ഥിരം/കരാർ ജീവനക്കാരുടെ നിയമവ്യവസ്ഥകൾ,നിയമനം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ,വേതനം ,വേതനവർദ്ധനവ് എന്നിവ നിശ്ചയിച്ചിട്ടുള്ളതിന്റെ ആധികാരികത/ സർക്കാർ അംഗീകാരം എന്നിവയുടെ വിശദമായ വിവരം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

* HREDCയുടെ അനുബന്ധ സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ നഗരസഭയുടെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിന്റെ സുതാര്യമായ പ്രവർത്തനം സാധ്യമാകുന്നതിനു മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-72 നഗരസഭ റിപ്രോഗ്രാഫിക് സെന്ററിന് എസ്.സി.പി ഫണ്ട് ഉപയോഗിച്ച് പ്രിന്റിംഗ് ഉപകരണങ്ങൾ വാങ്ങി നൽകൽ - പദ്ധതി ലക്ഷ്യം നേടുന്നുവെന്ന് നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്.

പ്രോജക്ട് നം.	912/2025(1114/24)
പ്രോജക്ടിൻറെ പേര്	നഗരസഭ റിപ്രോഗ്രാഫിക് സെന്ററിന് ഫോട്ടോകോപ്പിയർ മെഷീൻ, മിനി ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ മറ്റ് അനുബന്ധ സാധനങ്ങളും ലഭ്യമാക്കൽ
അടങ്കൽ തുക	4000000/-രൂപ
ചെലവ് തുക	3847980/-രൂപ

ഫണ്ട്	വികസന ഫണ്ട് (എസ്.സി.പി)
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്രീമതി.നീന.എൻ,പട്ടിക ജാതി വികസന ഓഫീസർ
ബിൽനം.തീയതി	460/16.05.2024,463/16.05.2024, BRN.240101470092001517 06/17.05.2024 BRN.240101470092001516 08/17.05.2024, BRN.240101470092001517 88/17.05.2024

തിരുവനന്തപുരം നഗരസഭ മാനവ വിഭവശേഷി തൊഴിൽ വികസന കേന്ദ്രത്തിനു (HREDC) കീഴിലുള്ള റിപ്രോഗ്രാഫിക് സെന്ററിന് മിനി ഓഫ് സെറ്റ് പ്രിൻറർ, പ്ലോട്ടർ പ്രിൻറർ, മൾട്ടി ഫംഗ്ഷൻ ഡിജിറ്റൽ ഫോട്ടോകോപ്പിയർ മുതലായ ഉപകരണങ്ങൾ എസ്.സി.പി ഫണ്ട് വിനിയോഗിച്ച് വാങ്ങി നൽകുന്നതിനായിരുന്നു മേൽ പ്രോജക്ട്. 2023-24 ൽ 40,00,000 രൂപ അടങ്കലിൽ ആരംഭിച്ച പദ്ധതിയിൽ പ്രസ്തുത സാമ്പത്തിക വർഷം തുകയൊന്നും വിനിയോഗിച്ചിട്ടില്ലെന്നും മുഴുവൻ പദ്ധതി ചെലവായ 38,47,980/-രൂപയും വിനിയോഗിച്ചത് 2024-25 സാമ്പത്തിക വർഷമാണെന്നും സാംഖ്യാ വെബ് പരിശോധനയിൽ വ്യക്തമാകുന്നു. സാംഖ്യാ വെബ് പ്രകാരം തുകചെലവഴിച്ചിരിക്കുന്നത് മുൻ പദ്ധതി നമ്പരായ 1114/24 എന്ന് രേഖപ്പെടുത്തിയാണ്. റിപ്രോഗ്രാഫിക് സെന്ററിലെ 16 ജീവനക്കാരിൽ 14 പേർ എസ്.സി വിഭാഗത്തിൽപ്പെട്ടവരായതിനാലും ടിയാൾക്കാരുടെ ജീവനോപാധിയായ പ്രസ്തുത സ്ഥാപനത്തിന്റെ പുരോഗതി ജീവനക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുമെന്നതിനാലുമാണ് ഈ പദ്ധതി ഏറ്റെടുത്തതെന്ന് 16.08.2025ലെ ഓഡിറ്റ് അന്വേഷണം നം.41/കെഎസ്എ/ടിവിസി 9/24-25 ത്തിനുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിരുന്നു. എന്നാൽ നഗരസഭയ്ക്ക് കീഴിലുള്ള HREDC യുടെ ഉപനിയമാവലിക്ക് നാളിതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലെന്നും സ്ഥാപനത്തിന്റെ 2022-23, 2023-24 കാലയളവിലെ സിഎ ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ലെന്നും പ്രസ്തുത മറുപടി പ്രകാരം അറിയിച്ചിരുന്നു. പദ്ധതി പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലൂടെ സ്ഥാപനത്തിന്റെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്നാണ് ഉപകരണങ്ങളുടെ ആവശ്യകത അറിയിച്ചുകൊണ്ടുള്ള HREDC ഡയറക്ടറുടെ 10.01.2023ലെ Rc/48/2022/HREDC നമ്പർ കത്തിലെ Financial Analysis ൽ പരാമർശിച്ചിരുന്നത്. എന്നാൽ ലഭ്യമാക്കിയ വരുമാന പത്രിക പ്രകാരം ഉപകരണങ്ങൾ ലഭിച്ച 2024-25 കാലയളവിൽ തൊട്ടു മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന്റെ വരുമാനത്തിൽ 10 ശതമാനവും, മിച്ചത്തിൽ 83 ശതമാനവും കുറവാണുണ്ടായത്. ഇത്തരത്തിൽ സ്ഥാപനത്തിന്റെ ഉൽപ്പാദന ക്ഷമത ഉപകരണങ്ങളുടെ ലഭ്യതയോടെ വർദ്ധിച്ചില്ലെന്നാണ് ആദ്യ വർഷത്തെ പ്രവർത്തനഫലത്തിൽ നിന്നും വ്യക്തമാകുന്നത്. ഈ സാഹചര്യത്തിൽ എസ്.സി.പി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിലൂടെ നഗരസഭയുടെ കീഴിലുള്ള ഈ സ്ഥാപനം തുടർന്നുള്ള വർഷങ്ങളിൽ വരുമാന വർദ്ധനവ് നേടുന്നുവെന്നും അതിലൂടെ ജീവനക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുന്നുവെന്നും ഉറപ്പുവരുത്തുന്നതിനുള്ള നടപടി നഗരസഭ സ്വീകരിക്കേണ്ടതാണ്.

1-73 നഗരസഭയിലെ ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലും പരിപാലനവും - അവലോകനം

വിവരസാങ്കേതിക വിദ്യയുടെ അതിവേഗ വികസനം സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ സർക്കാർ സ്ഥാപനങ്ങളുടെ കാര്യാക്ഷമതയും സേവന നിലവാരവും വർദ്ധിപ്പിക്കുന്നതിന് ഇ-ഗവേണൻസ് സംവിധാനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു. നഗരപരിധിയിലെ പൗരൻമാർക്ക് സമയബന്ധിതമായും സുതാര്യമായും സേവനങ്ങൾ നൽകുന്നതിന് ഇത് സഹായിക്കുന്നു. ഈ സാഹചര്യത്തിൽ നഗരസഭയിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാർ, വിവിധ സെക്ഷനുകളിലുള്ള ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, വിവിധ പദ്ധതികളിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർ അനുബന്ധ പ്രോജക്ടുകളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ആധുനികവും വിശ്വാസ്യത ഉള്ളതുമായ ഐ.റ്റി ഉപകരണങ്ങളുടെ ലഭ്യതയും അവയുടെ സ്ഥിരമായ പരിപാലനവും അനിവാര്യമാണ്. തിരുവനന്തപുരം നഗരസഭയുടെ ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങൽ, പരിപാലനം, കണക്ക് സൂക്ഷിക്കൽ എന്നിവയിൽ ഏറെ അപാകതകൾ ഉള്ളതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട പദ്ധതികളുടെ പരിശോധന, ഓഡിറ്റ് എൻക്വയറികൾക്ക് നഗരസഭ ലഭ്യമാക്കിയ മറുപടികൾ, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് നഗരസഭയിൽ അനുവർത്തിച്ചു വരുന്ന ആവശ്യകതാ നിർണയ രീതി, വാങ്ങൽ നടപടിക്രമം എന്നിവയിലെ പോരായ്മകൾ, 2024-25 സാമ്പത്തിക വർഷം ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം, 2020-21 മുതൽ 2025-26 വരെ നഗരസഭ വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ ഐ.റ്റി ഉപകരണങ്ങളുടെ കണക്ക്, വാറന്റി കാലാവധി കഴിഞ്ഞ ഐ.റ്റി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിലെ പോരായ്മകൾ, കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കൈവശമുള്ള ഐ.റ്റി ഉപകരണങ്ങളുടെ കൃത്യമായ കണക്കിന്റെ അഭാവം, ഉപയോഗയോഗ്യമല്ലാത്ത ഐ.റ്റി ഉപകരണങ്ങളുടെ സൂക്ഷിപ്പിലെയും കൈയ്യൊഴിയലിലെയും അനാസ്ഥ, ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലെ അപാകങ്ങൾ, ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലിനും കൃത്യമായ പരിപാലനത്തിനുമായുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവയാണ് തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

നഗരസഭ വർഷാവർഷം വിവിധ പദ്ധതികൾ പ്രകാരം ജീവനക്കാരുടെ ആവശ്യത്തിലേയ്ക്കായി ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നുണ്ട്. നഗരസഭയുടെയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും കൈവശമുള്ള ആകെ ഐ.റ്റി ഉപകരണങ്ങളുടെ എണ്ണം, അതിൽ ഉപയോഗയോഗ്യമായവ, അല്ലാത്തവ, അറ്റകുറ്റപ്പണി ആവശ്യമായ എന്നിവയുടെ ഒരു കൃത്യമായ കണക്ക് നഗരസഭയിൽ ലഭ്യമല്ല. വാർഷിക ആവശ്യകതാനിർണയം നടത്തൽ, വാങ്ങൽ, കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ പരിപാലനം എന്നിവയ്ക്കായി ഒരു ഏകീകൃത സംവിധാനം നഗരസഭയിൽ നിലവിലില്ല. ഉപയോഗശൂന്യമായ ഉപകരണങ്ങളുടെയും കൃത്യമായ കണക്ക് നഗരസഭയിൽ ഇല്ല. ഉപയോഗയോഗ്യമല്ലാത്ത ഐ.റ്റി ഉപകരണങ്ങൾ കൈയ്യൊഴിയുന്നതിന് നഗരസഭ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ബാധകമായ സർക്കാർ ഉത്തരവുകൾ

1. സർക്കുലർ നം. 88/2010/ഫിൻ, തീയതി.24.09.2010
2. ജി.ഒ.(പി) നം. 03/2013/SPD, തീയതി. 21.06.2013
3. ജി.ഒ (എം.എസ്) നം. 24/2017/ITD, തീയതി.18.11.2017
4. ജി.ഒ (എം.എസ്)നം. 27/2018/ITD, തീയതി.28.10.2018
5. സർക്കുലർ നം. 01/26/2019/ITD, തീയതി.18.03.2019
6. ജി.ഒ (പി) നം. 10/2019/SPD, തീയതി.22.08.2019
7. ഐ.റ്റി സെൽ നം. 1/106/2019/വി.സ.വ, തീയതി.21.10.2019
8. ജി.ഒ (ആർ.ടി) നം. 99/2021/ITD, തീയതി.23.07.2021
9. ജി.ഒ (എം.എസ്) നം. 30/2021/ITD, തീയതി.10.10.2021
10. E-Waste Management Rules 2022

ഓഡിറ്റ് എൻക്വയറികൾ

1. നം. 8/കെ.എസ്.എ/ടിവിസി.5/2025, തീയതി.04.06.2025.
2. നം. 219/കെ.എസ്.എ/ടിവിസി.6/2025, തീയതി.30.01.2026.
3. നം. 238/കെ.എസ്.എ/ടിവിസി.6/2025, തീയതി.06.02.2026.

4. നം. 249/കെ.എസ്.എ/ടിവിസി.6/2025, തീയതി.18.02.2026.

5. നം. 269/കെ.എസ്.എ/ടിവിസി.5/2025, തീയതി.23.02.2026.

1. വാർഷിക ആവശ്യകതാ നിർണയം നടത്തുന്നതിലെ അപാകം

ജി.ഒ.(പി) നം.03/2013, തീയതി.21.06.2013 ഖണ്ഡിക 6-1 പ്രകാരം സ്റ്റോറുകൾ സമാഹരിക്കുമ്പോൾ ഒരു വർഷത്തേയ്ക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കാണേണ്ടതും, ഓരോ സാമ്പത്തിക വർഷാവസാനവും അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷാരംഭത്തിലും വാങ്ങേണ്ട ഐ.റ്റി ഉപകരണങ്ങളുടെ ആവശ്യകതാനിർണയം കൃത്യമായി നടത്തേണ്ടതുണ്ട്. വിവരസാങ്കേതിക വകുപ്പ് (കെ.എസ്.ഐ.റ്റി മിഷൻ) തയ്യാറാക്കിയിട്ടുള്ള സ്പെസിഫിക്കേഷനുകൾക്കും കെ.എസ്.ഐ.റ്റി മിഷൻ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വാർഷിക ആവശ്യകതാനിർണയം കൃത്യമായി നടത്തി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സെൻടലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനം വഴി മാത്രമേ ഐ.റ്റി ഉപകരണങ്ങൾ വാങ്ങാവൂ. എന്നാൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

നഗരസഭയിലെ ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട ആവശ്യകതാനിർണയം എപ്രകാരമാണ് നടത്തുന്നത് എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 219/കെ.എസ്.എ/ടിവിസി.6/2025, തീയതി. 30.01.2026) നഗരസഭയുടെ ഐ.റ്റി ഉപകരണങ്ങളുടെ ആവശ്യകത വിവിധ സെക്ഷനുകളിൽ നിന്നും അറിയിക്കുന്ന പ്രകാരമാണ് തിട്ടപ്പെടുത്തുന്നതെന്നും കൂടാതെ ആധുനിക കാലത്ത് പുതിയ ടെക്നോളജികൾ, പുതിയ സങ്കേതങ്ങൾ വരുന്നതിനനുസരിച്ച് വിവിധ മീറ്റിംഗുകളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾക്ക് അനുസൃതമായും ശുപപ്പെടുത്തുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

2. ഐ.റ്റി ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിർണ്ണയിക്കുന്നതിലെ അപാകം - വാങ്ങലിലെ ഏകോപനം ഇല്ലായ്മ .

സ്പെസിഫിക്കേഷനുകൾ ഉപയോക്താവിന്റെ യഥാർത്ഥ അനിവാര്യ ആവശ്യങ്ങൾ മാത്രം നിറവേറ്റുന്നതായിരിക്കണം. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 4-6 പ്രകാരം സ്പെസിഫിക്കേഷനുകൾ ശുപീകരിക്കുന്ന ഉദ്യോഗസ്ഥൻ/അധികാരി സ്പെസിഫിക്കേഷനുകളും അനുബന്ധ സാങ്കേതിക വിവരങ്ങളും ഉപയോക്താവിന്റെ ആവശ്യം പൂർണ്ണമായും നിറവേറ്റുന്ന വിധത്തിൽ പൂർണ്ണവും ശരിയുമാണെന്ന് ഉറപ്പാക്കേണ്ടതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് നഗരസഭയിൽ ഇപ്രകാരം ആവശ്യകതയ്ക്ക് അനുസൃതമായി കൃത്യമായി സ്പെസിഫിക്കേഷൻ തയ്യാറാക്കുകയോ ആയത് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇത് സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.269/കെ.എസ്.എ/ടിവിസി.5/2025, തീയതി. 23.02.2026) സെൻടൽ പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കാറുണ്ടെന്നും ഇത് കൂടാതെ ഐ.റ്റി ഓഫീസറും IKM ടെക്നിക്കൽ ഓഫീസർമാരും ചർച്ച ചെയ്ത് ടെക്നിക്കൽ കമ്മിറ്റി വഴിയും സ്പെസിഫിക്കേഷൻ തയ്യാറാക്കാറുണ്ടെന്നും സ്വന്തമായിട്ടാണെങ്കിൽ സർക്കാർ ഉത്തരവുകളും കൈറ്റ് സ്പെസിഫിക്കേഷനും അടിസ്ഥാനമാക്കാറുണ്ടെന്നും GeM പർച്ചേസ് ആണെങ്കിൽ പർച്ചേസ് ചെയ്യുന്ന സമയം GeM-ൽ ലഭ്യമായിട്ടുള്ളതും നഗരസഭയ്ക്ക് ആവശ്യമുള്ളതും Local Service Available ആയിട്ടുള്ളതുമായ സിസ്റ്റത്തിന്റെ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കാനുള്ള സൗകര്യവുമുണ്ടെന്നും ഇത്തരത്തിലാണ് നഗരസഭയുടെ ഉപയോഗങ്ങൾക്കനുസരിച്ച് വ്യത്യസ്തമായ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുന്നത് എന്നാണ് ലഭ്യമാക്കിയ മറുപടി.

എന്നാൽ പലപ്പോഴും ഒരേ ആവശ്യത്തിനായി വ്യത്യസ്ത സ്പെസിഫിക്കേഷനുകളും നിരക്കിൽ വ്യത്യാസമുള്ളതുമായ ഉപകരണങ്ങൾ വാങ്ങുന്ന സാഹചര്യമുണ്ട്. നഗരസഭയിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും ആവശ്യത്തിലേയ്ക്കായി വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ ഐ.റ്റി ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും നിരക്കുകളും വ്യത്യസ്തമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	വാങ്ങിയ ഉപകരണം	വില (രൂപ)	സ്പെസിഫിക്കേഷൻ
1	സിഡിപിഒ, അർബൻ I	ലാപ്ടോപ്	49898	I 5 Processor, 8GB RAM, Storage – 512GB SSD, 15.6'' Display
			43000	I 3 Processor, 8GB RAM, Storage – 512GB SSD, OS Windows
2	സിഡിപിഒ, അർബൻ II		64000	I 5 Processor, 16 GB RAM, Storage – 512GB SSD, 15.6'' Display, OS Windows

ഒരേ ഉപയോഗത്തിനായി വ്യത്യസ്ത നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയത് വാങ്ങലിലെ ഏകോപനം ഇല്ലായ്മയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഒരേ ആവശ്യത്തിനായി വാങ്ങുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും നിരക്കും ഏകീകൃത സ്വഭാവത്തിലുള്ളതാണെന്ന് ഉറപ്പാക്കുവാൻ പരിജ്ഞാനം ഉള്ള ഉദ്യോഗസ്ഥന്റെ സേവനം നഗരസഭ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

3. ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകത – സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല .

നഗരസഭയുടെ ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പദ്ധതി ശുപീകരിക്കുന്നതിനോ, പർച്ചേസ് നടത്തുന്നതിനോ ഒരു ഐ.റ്റി സെൽ ശുപീകരിച്ചിട്ടില്ല. ഉപകരണങ്ങളുടെ വാങ്ങൽ, വിതരണം, പരിപാലനം. കൈയ്യൊഴിയൽ എന്നിവയ്ക്കായി ഒരു ഏകീകൃത സംവിധാനം നിലവിൽ ഇല്ല. 2024-25 സാമ്പത്തിക വർഷം എഞ്ചിനീയറിംഗിലെ E13, ഹെൽത്തിലെ H19 എന്നീ സെക്ഷനുകളിൽ നിന്നും വിവിധ പദ്ധതികൾ പ്രകാരം ഐ.റ്റി ഉപകരണങ്ങൾ വാങ്ങി ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പല നിർവ്വഹണ ഉദ്യോഗസ്ഥരും വിവിധ പദ്ധതികൾ പ്രകാരം കമ്പ്യൂട്ടർ/ലാപ്ടോപ്/അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഓരോ വർഷവും വാങ്ങുന്ന ആകെ ഉപകരണങ്ങളുടെ കൃത്യമായ കണക്ക് നഗരസഭയിൽ ലഭ്യമല്ല. ഇതിനായി കൃത്യമായി ഐ.റ്റി ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുമില്ല.

18.03.2019-ലെ ഐ.റ്റി.സെൽ സർക്കുലർ നം. 1/26/2019/വി.സ.വ പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ കമ്മീഷനുകളും, യൂണിവേഴ്സിറ്റികളും കമ്പനി ബോർഡുകളും, കോർപ്പറേഷനുകളും ഉൾപ്പെടെയുള്ള സ്വയംഭരണ/പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻടലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ (CPRCS) മാത്രമേ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ. പ്രസ്തുത നിബന്ധന 22.08.2019-ലെ ജി.ഒ (പി) നം.10./2019/SPD പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.5.2 ആയി കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, മേൽപ്പറഞ്ഞ പ്രകാരം സർക്കാർ നിഷ്കർഷിക്കുന്ന ഏകജാലക സംവിധാനമായ CPRCS മുഖേനയല്ലാതെ ഇതര മാർഗ്ഗങ്ങളിലൂടെ അവ വാങ്ങുന്നതും വിന്യസിക്കുന്നതും കർശനമായി വിലക്കിക്കൊണ്ടും, അപ്രകാരം ചെയ്യുന്നത് സർക്കാർ സംവിധാനത്തെ അവഗണിക്കുന്നതിന് തുല്യമാണെന്ന് പരാമർശിച്ചുകൊണ്ടും 21.10.2019 ലെ ഐ.റ്റി.സെൽ 1/106/2019/വി.സ.വ പ്രകാരമുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്.

എന്നാൽ 2024-25 സാമ്പത്തിക വർഷം നഗരസഭയിലെ ഐ.റ്റി ഉപകരണങ്ങൾ CPRCS മുഖേന അല്ല വാങ്ങിയിട്ടുള്ളത്. ഇ-ടെണ്ടറിംഗ്, GeM ഓൺലൈൻ പ്രൊക്യൂയർമെന്റ് തുടങ്ങിയവ വഴിയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിവിധ സെക്ഷനുകളുടെ ആവശ്യങ്ങൾ വിലയിരുത്തി ടെണ്ടർ നോട്ടീസ് തയ്യാറാക്കി

ഐ.റ്റി ഓഫീസർക്ക് അയച്ചു കൊടുക്കുകയും ഐ.റ്റി ഓഫീസർ അത് യഥാവിധി ഇ-ടെണ്ടർ/GeM പർച്ചേസ് അനുസരിച്ച് ഡോക്യുമെന്റുകൾ തയ്യാറാക്കി ടെണ്ടർ വിളിക്കുന്നു. ടെണ്ടർ നടപടികൾ സ്വീകരിച്ചതനുസരിച്ച് ലഭിക്കുന്ന ബിഡ്/ടെണ്ടർ വിവരങ്ങൾ യഥാസമയം ഡൗൺലോഡ് ചെയ്ത് അതത് സെക്ഷനുകൾക്ക് അയച്ചു കൊടുക്കുകയും വകുപ്പുകളിൽ ലഭിച്ച ടെണ്ടറുകൾ ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായ വിലയിരുത്തലുകൾ നടത്തി പർച്ചേസ് കമ്മിറ്റി ഉൾപ്പെടെയുള്ള കമ്മിറ്റികളിൽ വച്ച് വിവിധ തലങ്ങളിലുള്ള അംഗീകാരം ലഭ്യമാക്കിയാണ് പർച്ചേസ് നടത്തുന്നതെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 238/കെ.എസ്.എ/ടിവിസി.6/2025, തീയതി.06.02.2026) നഗരസഭ ലഭ്യമാക്കിയ മറുപടി. 2024-25 സാമ്പത്തിക വർഷം GeM മുഖേനയും അല്ലാതെയും ഐ.റ്റി. ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം ഐ.റ്റി ഉപകരണങ്ങളുടെ വാങ്ങലിനായി രൂപീകരിച്ച പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ തുക	ചെലവ് തുക	ഫണ്ടിനം	വാങ്ങൽ നടപടിക്രമം	റിമാർക്സ്
1	818/24-25 ഹോമിയോ ഡിസ്പെൻസറികൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	1115855	1113188	മെയിന്റനൻസ് (റോഡിതരം)	ഇ-ടെണ്ടറിംഗ്	
2	171/24-25 കടകംപള്ളി കൃഷിഭവൻ - കമ്പ്യൂട്ടർ വാങ്ങൽ	കൃഷി ഓഫീസർ	130000	90445	മെയിന്റനൻസ് (റോഡിതരം)	കെൽട്രോൺ	
3	147/24-25 ഐ.റ്റി അധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനം	അഡിഷണൽ സെക്രട്ടറി	4500000	0	വികസന ഫണ്ട് - 500000 തനത് ഫണ്ട് - 400000	വിവരം ലഭ്യമല്ല	
4	922/24-25 ഇ-ഗവേണൻസ് 18522ലെ ബാക്കി തുക നൽകൽ	അഡിഷണൽ സെക്രട്ടറി	1082350	1082350	വികസന ഫണ്ട് (ജനറൽ)		
5	157/24-25 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനം	സിഡിപിഒ അർബൻ-1	1000000	1000000	മെയിന്റനൻസ് (റോഡിതരം)	GeM മുഖേന	307898/- രൂപ ചെലവഴിച്ച് 7 ലാപ്ടോപുകൾ വാങ്ങി
6	201/24-25 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനം	സിഡിപിഒ അർബൻ-2	1000000	998056	മെയിന്റനൻസ് (റോഡിതരം)	GeM മുഖേന	215000/- രൂപ ചെലവഴിച്ച് 5 ലാപ്ടോപുകൾ വാങ്ങി
7	206/24-25 ICDS ഓഫീസിലെ ദൈനംദിന ചെലവുകളും - ഓഫീസ് സാമഗ്രികളും വാങ്ങൽ	സിഡിപിഒ അർബൻ-2	100000 (വികസന ഫണ്ട്) 10000 (മെയിന്റനൻസ് ഫണ്ട് (റോഡിതരം)	99883 (വികസന ഫണ്ട്) 9967 (മെയിന്റനൻസ് ഫണ്ട് (റോഡിതരം)	വികസന ഫണ്ട് , തനത് ഫണ്ട്	GeM മുഖേന	64000/- രൂപയ്ക്ക് ഒരു ലാപ്ടോപ് വാങ്ങി
8	SO1050/25 – അങ്കണവാടിയ്ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - അർബൻ - 3	സിഡിപിഒ അർബൻ-3	1500000	962750	വികസന ഫണ്ട് (ജനറൽ)	GeM മുഖേന	42364/- രൂപയ്ക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി
9	1150/25 – ICDS അർബൻ - 3 – ഓഫീസ് നിർവ്വഹണത്തിനാവശ്യമായ കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നത് - സംബന്ധിച്ച്.	സിഡിപിഒ അർബൻ-3	9330	9292	വികസന ഫണ്ട് (ജനറൽ)	GeM മുഖേന	4 യുപിഎസ്-കൾ വാങ്ങി
10	SO106/24-25 – അങ്കണവാടി അടിസ്ഥാന സൗകര്യം	സിഡിപിഒ അർബൻ-4	1000000	529000	വികസന ഫണ്ട് (ജനറൽ)	GeM	230000/- രൂപയ്ക്ക് 5 ലാപ്ടോപുകൾ വാങ്ങി
11	164/24-25 – ഓഫീസ് അനുബന്ധ ചെലവ്	സിഡിപിഒ അർബൻ-4	50000	50000	വികസന ഫണ്ട് (ജനറൽ)	GeM മുഖേന	കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി
12	140/25-കൃഷി ഭവൻ അടിസ്ഥാന സൗകര്യ വികസനം	കൃഷി ഓഫീസർ	130000	90445	(മെയിന്റനൻസ് ഫണ്ട് (റോഡിതരം)	കെൽട്രോണിൽ നിന്നും	64795/- രൂപയ്ക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി.
13	SO216/25- തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ	പട്ടികജാതി വികസന ഓഫീസർ	500000	499417	വികസന ഫണ്ട് (എസ്.സി.പി)	GeM മുഖേന	SCP സെക്ഷന്റെ ആവശ്യത്തിനായി 499417/- രൂപയ്ക്ക് ഒരു പ്രിന്റർ, 4 കോർഡ്ലെസ്സ് ബാർകോഡ് റീഡർ , ഫ്ലാറ്റ്ബെഡ് ഡോക്യുമെന്റ് സ്കാനർ, 5 കമ്പ്യൂട്ടറുകൾ, 2 ലാപ്ടോപ്പുകൾ എന്നിവ വാങ്ങി
14	1993/25 – എല്ലാ ആരോഗ്യ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യവികസനം	ഹെൽത്ത് ഓഫീസർ	10000000	9070116	വികസന ഫണ്ട് (ജനറൽ) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	ഇ-ടെണ്ടർ മുഖേന	43 ഡെസ്ക്ടോപ്പ്, 63 ലാപ്ടോപ്പ്, 43 യുപിഎസ്, 66 പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്

4. സർക്കാർ ഉത്തരവിനു വിരുദ്ധമായി ലാപ്ടോപുകൾക്ക് പുറമേ ഡെസ്ക്ടോപ്പുകളും വാങ്ങി

ജി.ഒ (ആർ.ടി)നം. 99/2021/ITD, തീയതി.23.07.2021 നമ്പർ ഉത്തരവ് പ്രകാരം E-Office പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, Grant-In-Aid സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കു പകരം ലാപ്ടോപ് വാങ്ങണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി 2024-25 സാമ്പത്തിക വർഷം ചുവടെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ഡെസ്ക്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

ക്രമ നം.	നിർവ്വഹണോദ്യോഗസ്ഥർ	വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം
1	സിഡിപിഒ അർബൻ III	1
2	കൃഷി ഓഫീസർ, വിഴിഞ്ഞം	1
3	ഹെൽത്ത് ഓഫീസർ	43

വാങ്ങൽ നടപടിക്രമങ്ങളിലെ ഏകോപനമില്ലായ്മയെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

5. 2020-21 മുതൽ നഗരസഭ വാങ്ങിയ ഐ .റ്റി ഉപകരണങ്ങളുടെ കണക്ക്

2020-21 സാമ്പത്തിക വർഷം മുതൽ 2025-26 വരെയുള്ള വിവിധ പദ്ധതികൾ പ്രകാരം നഗരസഭയുടെ മെയിൻ ഓഫീസ്/സോണൽ കാര്യാലയങ്ങളുടെ ആവശ്യത്തിലേയ്ക്കായി വാങ്ങിയ ഐ.റ്റി ഉപകരണങ്ങളുടെ നഗരസഭ ലഭ്യമാക്കിയ കണക്ക് ചുവടെ ചേർക്കുന്നു. (അവലംബം: ഓഡിറ്റ് എൻക്വയറി നം. / കെ.എസ്.എ/ടിവിസി.5/2024-25, തീയതി. യുടെ മറുപടി) ഇത് പരിശോധിച്ച് ഉറപ്പാക്കുന്നതിന് ഉപോൽബലകമായ രേഖകൾ നഗരസഭ സൂക്ഷിക്കുന്നില്ല. പ്രസ്തുത ഉപകരണങ്ങൾ വാങ്ങുവാൻ വകയിരുത്തിയ ഫണ്ട്, ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ കൂടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നഗരസഭ ലഭ്യമാക്കിയില്ല.

വർഷം	ഇനം	എണ്ണം
2020-21	Desktop Computer	60
	Laptop Computer	25
	Scanner	5
	Printer	21
	MFP	25
	Photocopier	7
	VC Equipment	4
	UPS	0
	Other (HDD, Headset, QueM Etc)	8
2021-22	Desktop Computer	23
	Laptop Computer	112
	Scanner	2
	Printer	16
	MFP	3
	Photocopier	0
	VC Equipment	0

	UPS	0
	Other (HDD, Headset, QueM Etc)	0
2022-23	Desktop Computer	273
	Laptop Computer	35
	Scanner	10
	Printer	64
	MFP	20
	Photocopier	51
	VC Equipment	0
	UPS	7
	Other (HDD, Headset, QueM Etc)	0
2023-24 ലെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല		
2024-25	Desktop Computer	75
	Laptop Computer	99
	Scanner	15
	Printer	20
	MFP	0
	Photocopier	0
	VC Equipment	1
	UPS	0
	Other (HDD, Headset, QueM Etc)	10
2025-26	Desktop Computer	15
	Laptop Computer	5
	Scanner	18
	Printer	1
	MFP	12
	Photocopier	0
	VC Equipment	0
	UPS	0
	Other (HDD, Headset, QueM Etc)	0
Total	Desktop Computer	446
	Laptop Computer	276
	Scanner	50
	Printer	122
	MFP	60
	Photocopier	58
	VC Equipment	5
	UPS	7
	Other (HDD, Headset, QueM Etc)	18

6. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി വാങ്ങുന്ന ഐ .റ്റി. ഉപകരണങ്ങളുടെ കണക്ക് സൂക്ഷിക്കുന്നില്ല .

എല്ലാ വർഷവും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ പദ്ധതികൾ പ്രകാരം ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നുണ്ട്. എന്നാൽ ഇപ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്കായി വാങ്ങുന്ന ഐ.റ്റി ഉപകരണങ്ങളുടെ ലിഖിതമായ കണക്ക് നഗരസഭയിൽ ലഭ്യമല്ല. ആവശ്യകതയ്ക്ക് അനുസരിച്ചാണോ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതെന്ന് ഉറപ്പാക്കുന്നില്ല.

7. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല .

സർക്കുലർ നം. 88/2010/ഫിൻ, തീയതി.24.09.2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ ഐ.റ്റി ഉപകരണങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്ന വിധം ഒരു മെയിൻ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

എഞ്ചിനീയറിംഗ് വിഭാഗത്തിലെ E-13 സെക്ഷൻ പരിപാലിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കി. എന്നാൽ അതിൽ നഗരസഭ വർഷാവർഷം വിവിധ പദ്ധതികൾ പ്രകാരം പ്ലാൻ ഫണ്ട്, തനത് ഫണ്ട് വിനിയോഗിച്ച് വാങ്ങുന്ന മുഴുവൻ ഐ.റ്റി ഉപകരണങ്ങളുടെയും കൃത്യമായ കണക്ക് രേഖപ്പെടുത്തിയിട്ടില്ല. മേൽ സർക്കുലറിൽ നിഷ്കർഷിക്കും പ്രകാരം ഐ.റ്റി ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

8. ആന്വൽ മെയിന്റനൻസ് കോൺടാക്ട് (AMC)- ൽ ഉൾപ്പെടുത്തേണ്ട ഉപകരണങ്ങളുടെ കൃത്യമായ കണക്ക് നഗരസഭ തയ്യാറാക്കുന്നില്ല .

വാറന്റി കാലാവധി കഴിയുന്ന മുറയ്ക്ക് ഐ.റ്റി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് അംഗീകൃത സ്ഥാപനവുമായി AMC-യിൽ ഏർപ്പെടേണ്ടതുണ്ട്. നഗരസഭയുടെ 21.06.2021-ലെ 3(എ) 65-ാം നമ്പർ കൗൺസിൽ തീരുമാനം 09.07.2021-ലെ E13/96360/17 നമ്പർ കത്ത് എന്നിവ പ്രകാരം നഗരസഭയുടെ കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങളുടെ AMC 01.07.2021 മുതൽ ഒരു വർഷത്തേയ്ക്ക് HREDC-യ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

AMC -യ്ക്കായി 2021-22 മുതൽ 2023-24 വരെ ചുവടെപ്പറയും പ്രകാരമുള്ള തുക HREDC-യ്ക്ക് നൽകിയിട്ടുണ്ട്.

ക്രമ നം.	വർഷം	AMC തുക	ടാക്സ് കിഴിച്ച് HREDC-യ്ക്ക് നൽകിയ തുക	ചെക്ക് നം./ തീയതി

1	2021-22	717416	1406137	675451/ലഭ്യമല്ല
2	2022-23	717416		
3	2023-24	717416	693096	126471/12.11.2025

AMC ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ് എൻക്വയറി (നം. 249/കെ.എസ്.എ/ടിവിസി.6/2025, തീയതി.13.02.2026) യുടെ മറുപടിയോടൊപ്പം 2021-22 കാലഘട്ടത്തിൽ തയ്യാറാക്കിയ ഉപകരണങ്ങളുടെ ഒരു ലിസ്റ്റ് ആണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. പ്രസ്തുത ലിസ്റ്റിൽ 242 ഡെസ്ക്ടോപ്പുകളും 253 പ്രിന്ററുകളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ വാറന്റി കഴിഞ്ഞ നൂറോളം മെഷീനുകൾ ഇതോടൊപ്പം ചേരുകയും ഇതിൽ നിന്നും അതുയും തന്നെ മാറ്റപ്പെടുകയും ചെയ്യും എന്നും വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിലെ ഐ.റ്റി ഉപകരണങ്ങളുടെ AMC 2021 മുതൽ HREDC-യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് നഗരസഭയും HREDC-യും തമ്മിൽ കരാർ ചമച്ചിട്ടില്ല. HREDC നഗരസഭയുടെ സ്ഥാപനമായതിനാൽ കരാർ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും കൂടാതെ അഡ്വാൻസ് തുകയൊന്നും നൽകുന്നില്ലായെന്നും സർവ്വീസ് കഴിഞ്ഞ് തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടാണ് തുക നൽകിയിട്ടുള്ളതെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.249/കെ.എസ്.എ/ടിവിസി.6/2025, തീയതി.13.02.2026) നഗരസഭ ലഭ്യമാക്കിയ മറുപടി.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വർഷാവർഷം AMC-യ്ക്കായി HREDC-യ്ക്ക് തുക കൈമാറുന്ന എങ്കിലും ഓരോ സാമ്പത്തിക വർഷവും AMCയിൽ ഉൾപ്പെടുത്തേണ്ട ഉപകരണങ്ങളുടെ കൃത്യമായ കണക്ക് നഗരസഭ തയ്യാറാക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

9. ഭൗതിക പരിശോധനാ വിവരം

ഓഡിറ്റ് ടീം 13.02.2026-ന് നടത്തിയ ഭൗതികപരിശോധനയിൽ നഗരസഭയുടെ അനുബന്ധ സ്ഥാപനമായ HREDC-യുടെ ഭാഗമായി നഗരസഭയുടെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ഹാർഡ് വെയർ യൂണിറ്റ് -ൽ പഴയതും, അറ്റകുറ്റപ്പണികൾക്കായി എത്തിച്ചതും ഉപയോഗശൂന്യമായതും എന്നിങ്ങനെ പലതരത്തിലുള്ള പലവിധ ഐ.റ്റി ഉപകരണങ്ങൾ (ഉദാ- ലാപ്ടോപ്, പ്രിന്റർ, ഡെസ്ക്ടോപ്പ്, കീബോർഡ്. സിപിയു, സ്കാനർ....) കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ യൂണിറ്റിൽ ലഭ്യമല്ല. ആയതിനാൽ ഉപയോഗശൂന്യമായവയുടെയും ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവയുടെയും കൃത്യമായ കണക്ക് ലഭ്യമല്ല.



എട്ട് വർഷം മാത്രം പഴക്കമുള്ള പ്രിന്ററുകൾ മോഡൽ Outdated ആയതിന്റെ പേരിൽ കൂട്ടിവച്ചിരിക്കുന്നതായി കണ്ടു. ഉപയോഗശൂന്യമായവയുടെ ഒപ്പമാണ് ഇവ സൂക്ഷിച്ചിരിക്കുന്നത്. പല ഉപകരണങ്ങളും ഏത് ഓഫീസിന്റെ/സെക്ഷന്റെ ആണെന്നതിന്റെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ല. ലക്ഷങ്ങൾ വില മതിക്കുന്ന ഉപകരണങ്ങൾ തീർത്തും അനാസ്ഥയോടെയാണ് കൈകാര്യം ചെയ്യുന്നത്. ഉപകരണങ്ങളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഉപകരണങ്ങൾ സംരക്ഷിക്കുന്നതിനും ഒരു സ്റ്റോക്ക് മാനേജരുടെയോ സെക്യൂരിറ്റിയുടെയോ സേവനം അത്യന്താപേക്ഷിതമാണ്. ഉപകരണങ്ങളുടെ കണക്കുകൾ ഒന്നും തന്നെ സൂക്ഷിക്കാത്ത സാഹചര്യത്തിൽ ഏതെങ്കിലും ഉപകരണം നഷ്ടപ്പെട്ടാൽ തന്നെ ശ്രദ്ധിക്കപ്പെടാത്ത സാഹചര്യമാണ് യൂണിറ്റിൽ ഉള്ളത്. വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് നഗരസഭ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

അറ്റകുറ്റപ്പണികൾക്കായി എത്തിക്കുന്ന ഉപകരണങ്ങളിലെ ഭൗതീക ഭാഗങ്ങൾ (Hardware Components) ഒന്നും തന്നെ തിരിമറിയോ അനാവശ്യമായ

മാറ്റിവയ്ക്കലുകളോ ഇല്ലാതെ തിരികെ സെക്ഷനുകളിൽ/ഓഫീസുകളിൽ എത്തുന്നു എന്നത് സാങ്കേതിക പരിജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

യോഗ്യരായ ഉദ്യോഗസ്ഥരുടെ അപര്യാപ്തത ഏറ്റവും വലിയ ഒരു പോരായ്മയാണ്. Electrical, Hardware, Software, GIS, Networking എന്നിങ്ങനെ പല മേഖലകളിലും പ്രാവീണ്യമുള്ളതും പരിചയസമ്പത്തുള്ളതുമായ ഉദ്യോഗസ്ഥരെ നിയമിക്കുക വഴി ആയതിന് പരിഹാരം കണ്ടെത്താനാകും. സാധനങ്ങളുടെ Purchase, Stock, Distribution, Repair എന്നിവയ്ക്കായി IT Wing-ൽ രണ്ട് താൽക്കാലിക ജീവനക്കാർ മാത്രമാണുള്ളത്.

നഗരസഭയുടെ കീഴിലുള്ള കൈമാറികിട്ടിയ സ്ഥാപനങ്ങൾ, സോണൽ ഓഫീസുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ IT Purchase & Distribution ഏകീകരിച്ച് ഒരു ഐ.റ്റി വിഭാഗത്തെ ആയത് കൈകാര്യം ചെയ്യുന്നതിന് ചുമതല ഏൽപ്പിക്കേണ്ടതാണ്. അത് വഴി ഐ.റ്റി ഉപകരണങ്ങൾ വാങ്ങൽ, കൈകാര്യം ചെയ്യൽ എന്നീ മേഖലകളിലെ ചെലവ് സുതാര്യവും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതുമാകും.

10. E-Waste കൈയ്യൊഴിയൽ കാര്യക്ഷമമല്ല

വിവരസാങ്കേതിക വിദ്യയുടെ കുതിപ്പ്, നവീന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. E- മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ പുനചംക്രമണം ചെയ്യുകയോ, നവീകരിച്ച് ഉപയോഗിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്.

ഉപയോഗയോഗ്യമല്ലാത്ത ഐ.റ്റി ഉപകരണങ്ങൾ കൈയ്യൊഴിയുന്നതിന് യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. ഇ- വേസ്റ്റ് കുമിഞ്ഞു കൂടുന്നത് ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിതെളിക്കും. ഉപയോഗയോഗ്യമല്ലാത്ത ഐ.റ്റി ഉപകരണങ്ങൾ GO(MS) No. 27/2018/ITD, Dated.28.10.2018, GO(MS) No. 30/2021/ITD, Dated 01.10.2021, 2002-ലെ E-Waste Management Rules എന്നീ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കൈയ്യൊഴിയുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* വാർഷിക ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തി സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം CPRCS മുഖേന വാങ്ങലുകൾ നടത്തേണ്ടതും വാങ്ങൽ നടപടിക്രമങ്ങൾ ഏകീകൃതമാക്കേണ്ടതുമാണ്.

* നഗരസഭയുടെയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും ആവശ്യത്തിലേയ്ക്കായുള്ള മുഴുവൻ ഐ.റ്റി ഉപകരണങ്ങളുടെയും വാങ്ങൽ ചുമതല ഐ.റ്റി സെല്ലിന് നൽകേണ്ടതാണ്.

* ഐ.റ്റി ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള കമ്പ്യൂട്ടർ/ലാപ്ടോപുകൾ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

* Buy Back Policy വഴി വാങ്ങൽ നടത്തുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

* കേടുപാടുകൾ സംഭവിക്കുന്ന ഐ.റ്റി ഉപകരണങ്ങൾ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കേണ്ടതാണ്.

* ഉപയോഗശൂന്യമായ ഐ.റ്റി ഉപകരണങ്ങളുടെ കണക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി ഉപയോഗശൂന്യമായ ഐ.റ്റി ഉപകരണങ്ങൾ കൈയ്യൊഴിയുന്നതിനു വേണ്ടിയുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

* ഉപയോഗയോഗ്യമല്ലാത്ത ഐ.റ്റി ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഹാർഡ്വെർ യൂണിറ്റിൽ സിസിടിവി സ്ഥാപിക്കാവുന്നതും, ഉപയോഗയോഗ്യമല്ലാത്ത/ അറ്റകുറ്റപ്പണി ആവശ്യമായ ഐ.റ്റി ഉപകരണങ്ങളുടെ സ്റ്റോക്ക് ചുമതല ഓഫീസ് ഉത്തരവ് പ്രകാരം നഗരസഭയിലെ ഒരു സ്ഥിരം ജീവനക്കാരന് നൽകാവുന്നതുമാണ്.

* നഗരസഭയിൽ ഐ.റ്റി ഓഫീസറുടെ ഒരു സ്ഥിരം തസ്തിക സൃഷ്ടിക്കാവുന്നതും Hardware/Software/Networking/GIS എന്നീ വിഷയങ്ങളിൽ പരിജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥനെ ആയതിന് നിയമിക്കാവുന്നതാണ്.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഉപകരണങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കേണ്ടത് നിർവ്വഹണ അധികാരി/ ഉദ്യോസ്ഥരുടെ ഉത്തരവാദിത്തമാണ്.

1-74 പട്ടികജാതി ഉപപദ്ധതി വിഹിതം പട്ടികജാതി വികസന ഓഫീസിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ വിനിയോഗിച്ചു.

പ്രോജക്ട് നം.	216/2025
പ്രോജക്ടിൻറെ പേര്	തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിന് കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ തുക	500000/-രൂപ
ചെലവ് തുക	499417/-രൂപ
ഫണ്ട്	വികസനഫണ്ട് (എസ്.സി.പി)
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്രീമതി.നീന.എൻ, പട്ടിക ജാതി വികസന ഓഫീസർ
ബിൽനം.തീയതി	2272/04.02.2025, 2273/04.02.2025, 2274/04.02.2025, 2276/04.02.2025, 2349/10.02.2025

വികസന ഫണ്ട് (എസ്.സി.പി) വിനിയോഗിച്ച് പട്ടികജാതി വികസന ഓഫീസിന് കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ മുതലായവ വാങ്ങാനായി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയതാണ് മേൽ പരാമർശിച്ച പദ്ധതി. 2024-25 വർഷം എസ്.സി.പി ഫണ്ടിലെ അടങ്കൽ 29,35,31,134/-രൂപയും ചെലവ് 19,53,45,773/-രൂപയുമായിരുന്നു.

പദ്ധതിമാർഗ്ഗരേഖ സ.ഉ(കൈ)നം.86/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി കൂടി തയ്യാറാക്കണമെന്നും പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം എന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരുന്നു.

എന്നാൽ പട്ടികജാതി വികസന ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാനായി പട്ടികജാതി ഉപപദ്ധതി വിഹിതം വിനിയോഗിച്ചത് പദ്ധതി മാർഗ്ഗരേഖ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ല. പ്രസ്തുത തുക കൂടി മാർഗ്ഗരേഖാനുസൃതമായി പട്ടികജാതി വിഭാഗത്തിന്റെ വികസനത്തിന് ഉപയുക്തമാകുന്ന പദ്ധതികളിൽ വിനിയോഗിക്കേണ്ടതായിരുന്നു. ഇതു സംബന്ധിച്ച 19.08.2025ലെ ഓഡിറ്റ് അന്വേഷണം നം.43/കെ.എസ്.എ/ടിവിസി.9/2024-25 നുള്ള മറുപടി പ്രകാരം ടി ഓഫീസ് പട്ടികജാതി വികസന വകുപ്പിൻറെയും നഗരസഭയുടെയും ആയി പ്രതിവർഷം 30 കോടിയോളം രൂപയുടെ പദ്ധതികൾ നിർവ്വഹിച്ച് വരുന്നതായും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായാണ് നഗരസഭ കൌൺസിലിന്റെ അംഗീകാരത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും അറിയിച്ചിട്ടുണ്ട്.

പട്ടികജാതി ഉപപദ്ധതി വിഹിതം വിനിയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ മാനദണ്ഡപ്രകാരമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-75 കമ്പ്യൂട്ടർ-പ്രിൻറർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കിയില്ല 9292/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	1150/25

പേര്	ഐ.സി.ഡി.എസ്.അർബൻ 3 ഓഫീസ് നിർവ്വഹണത്തിനാവശ്യമായ കമ്പ്യൂട്ടർ-പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്
അടങ്കൽ തുക	9330/-രൂപ
ചെലവ് തുക	9292/-രൂപ
ഫണ്ടിനം	വികാസന ഫണ്ട് ജനറൽ
ബിൽ നം./തീയതി	480/16.05.24
നിർവ്വഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ III

പ്രോജക്ട് പ്രകാരം 9292/-രൂപ ചെലവഴിച്ച് Sunshine Infraenergy Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും 4 യു.പി.എസ്സുകൾ. വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.വെബ് സാംഖ്യയിൽ 2024-25 സാമ്പത്തിക വർഷത്തെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 2023-24 ലെ പ്രോജക്ടുമായി (നം.455/24) ബന്ധപ്പെട്ട ചെലവാണ് .

2.പ്രോജക്ട് രൂപീകരണ ഫോറം 3, പ്രോജക്ട് പ്രകാരം വാങ്ങിയ യു.പി.എസ്സുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

മുൻ വർഷത്തെ പ്രോജക്ട് പ്രകാരമുള്ള തുക മുൻ വർഷം ചെലവഴിയ്ക്കാത്തതിനും തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കുവാനും രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.86/കെ.എസ്.എ./ടി.വി.സി.5/2024-25 ,തീ. 27.09.25) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റോക്ക് വിതരണരേഖകളുടെ അഭാവത്തിൽ ചെലവ് തുക 9292/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-76 അങ്കണവാടി അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ 1,04,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം	SO106/25
പേര്	അങ്കണവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
അടങ്കൽ തുക	10,00,000/-രൂപ
ചെലവ് തുക	5,29,000/-രൂപ
ഫണ്ടിനം	വികസന ഫണ്ട് ജനറൽ
ബിൽ നം./തീയതി	1815/27.12.24, 1,95,000/- രൂപ 3577/25.03.25, 1,04,000/- രൂപ, 1583/12.12.24, 2,30,000/- രൂപ
നിർവ്വഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ IV

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.33 പ്രകാരം ചുവടെ പറയുന്ന വസ്തുക്കൾ/ഉപകരണങ്ങൾ/ആസ്തികൾ ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങുവാനാണ് തീരുമാനിച്ചിരുന്നത് .

ക്രമ നം.	ഇനം	യൂണിറ്റ് കോസ്റ്റ് (രൂപ)	എണ്ണം
1.	അലമാര	10,000/-	40
2.	ഗ്യാസ് സ്റ്റൗവ്	2500/-	53
3.	മിക്സർ ഗ്രൈന്റർ	2500/-	50
4.	ടേബിൾ	3000/-	25
5.	ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ	35,000/-	5

6.	സ്മാൾ റൌണ്ട് ടേബിൾ	2500/-	37

മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) വിഭാവനം ചെയ്ത മുഴുവൻ ഉപകരണങ്ങളും വാങ്ങിയില്ല.

പ്രോജക്ട് പ്രകാരം ചുവടെ പറയുന്ന ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്.

ക്രമ നം.	ഇനം	യൂണിറ്റ് കോസ്റ്റ്	എണ്ണം
1.	ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ	ഒരെണ്ണത്തിന് 60,000/-രൂപ നാലെണ്ണത്തിന് 42500/-രൂപ വീതം	5
2.	ഗ്യാസ് സ്റ്റൗവ്,സുരക്ഷാ ഹോസ്,ലൈറ്റർ	2850 (*10,000/-രൂപ ഡിസ്കൌണ്ട് അനുവദിച്ചിട്ടുണ്ട്)	40
3.	മിക്സർ ഗ്രൈന്റർ	3900	50

അടങ്കൽ തുകയുടെ 53% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ടിന്റെ നിർവ്വഹണം നടത്താത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/കെ.എസ്.എ./ടി.വി.സി.5/2024-25, തീയതി-27.06.2025) പ്രസ്തുത പ്രോജക്ട് 2024-25-ൽ പൂർത്തീകരിക്കാത്തതിനാൽ 2025-26-ൽ സ്പിൽ ഓവർ പ്രോജക്ടായി അനുവദിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ടിന്റെ നിർവ്വഹണം നടത്താത്തതിന് വ്യക്തമായ മറുപടി നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. വിഭാവനം ചെയ്യുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

Ii) ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ 40ഗ്യാസ് സ്റ്റൗവ് വാങ്ങി.

2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.7 പ്രകാരം എസ്റ്റിമേറ്റ് തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ പ്രോജക്ടിന്റെ ഭാഗമായി 40ഗ്യാസ് സ്റ്റൗവ്, ഹോസ്, ലൈറ്റർ എന്നിവ ടെണ്ടർ ക്ഷണിയ്ക്കാതെ 1,04,000/-രൂപ ചെലവഴിച്ച് വീനസ് ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്.

ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ അവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/കെ.എസ്.എ./ടി.വി.സി.5/2024-25, തീയതി- 27.06.2025) 40 അങ്കണവാടികളുടെ ഗ്യാസ് സ്റ്റൗവ് കേടുപാട് സംഭവിച്ച് കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്ത് നൽകുവാൻ കഴിയാത്ത അവസ്ഥയിൽ പോഷകാഹാരവിതരണം തടസ്സപ്പെടാതിരിക്കുന്നതിന് വേണ്ടിയാണ് അടിയന്തിര സാഹചര്യത്തിൽ പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങൽ നടത്തിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പർച്ചേസ് കമ്മിറ്റി തീരുമാനം ഹാജരാക്കിയെങ്കിലും ആയതിൽ പോഷകാഹാര വിതരണം തടസ്സപ്പെടുന്ന സാഹചര്യത്തെപ്പറ്റിയോ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങൽ നടത്തുന്നതിനെ പറ്റിയോ യാതൊന്നും പറഞ്ഞിട്ടില്ല. ഹാജരാക്കിയ രേഖകളിലും ഇത് സംബന്ധിച്ച വിശദാംശങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല.

ഈ സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥയുടെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഗ്യാസ് സ്റ്റൗവ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ച 1,04,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഗ്യാസ് സ്റ്റൗവ് കേടായ വിവരം കാണിച്ചു കൊണ്ട് അങ്കണവാടികളിൽ നിന്നും ലഭിച്ച അപേക്ഷകൾ, അടിയന്തിരസാഹചര്യം ചൂണ്ടിക്കാട്ടിക്കൊണ്ട് നിർവ്വഹണോദ്യോഗസ്ഥ നഗരസഭയ്ക്ക് നൽകിയ കത്ത്, ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങൽ നടത്തുവാൻ അനുമതി നൽകി കൊണ്ടുള്ള നഗരസഭാ കൌൺസിൽ തീരുമാനം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുകയായ 1,04,000/- രൂപ നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി തീരുന്നതാണ്.

1-77 സ്മാർട്ട് അങ്കണവാടി പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല - 1,40,140/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	SO178/25
പേര്	സ്മാർട്ട് അങ്കണവാടി
അടങ്കൽ തുക	15,00,000/-രൂപ
ചെലവ് തുക	1,40,140/-രൂപ
ഫണ്ടിനം	വികസന ഫണ്ട് ജനറൽ
ബിൽ നം/ തീയതി	3360/24.03.25 3361/24.03.25
നിർവ്വഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ IV

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക വഴി കുഞ്ഞുങ്ങളെ നേഴ്സറിയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. സ്വന്തമായി കെട്ടിടമുള്ള 10-ൽ കൂടുതൽ പ്രീസ്കൂൾ കുട്ടികൾ പഠിക്കുന്ന അങ്കണവാടികളിൽ പ്രവർത്തി നടത്തുവാനാണ് പ്രോജക്ട് രൂപീകരിച്ചത്. അക്രഡിറ്റഡ് ഏജൻസിയായ ARTCO മുഖേന കളിക്കോപ്പുകൾ വാങ്ങുക ,Child Friendly Painting പ്രവർത്തികൾ ചെയ്യുക എന്നിവയാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്.

പ്രോജക്ട് നിർവ്വഹണത്തിനായി നഗരസഭ തയ്യാറാക്കിയ ടെണ്ടർ നോട്ടീസിൽ 25 ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങളെ തുടർന്ന് RAYAN Agencies എന്ന സ്ഥാപനത്തിൽ നിന്നും 96,900/- രൂപയ്ക്ക് Poshanvatika Setting Items ഉം,ARTCO യിൽ നിന്നും 43,240/-രൂപയ്ക്ക് ചുവടെ പറയുന്ന സാധനങ്ങളും വാങ്ങിയിട്ടുണ്ട്.

Child Mail Box-10 എണ്ണം

Multishape Link-10 എണ്ണം

Rocker Ride On-20 എണ്ണം

Basket Ball-10 എണ്ണം

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള നഗരസഭാ കൌൺസിൽ തീരുമാനം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. 07.03.2025 ന് ARTCO സമർപ്പിച്ച ബിൽ പ്രകാരം (നം.204-25 ,TVM 509)അങ്കണവാടികൾക്കായി വാങ്ങിയ ഉപകരണങ്ങളുടെ വില 56740/- രൂപയാണ്. എന്നാൽ 43,240/- രൂപ മാത്രമേ നഗരസഭ ഇതിനായി നൽകിയിട്ടുള്ളൂ. (ബിൽ നം.3360/24.03.25) . ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.18/കെ.എസ്.എ./ടി.വി.സി.5/2024-25 തീ.24.06.25) മറുപടിയിൽ പ്രസ്തുത ബിൽ പ്രകാരം വിതരണം ചെയ്ത ഉപകരണങ്ങളിൽ Child Mail Box വിതരണം ചെയ്തിട്ടില്ലാ എന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക മാറി നൽകുന്നതാണെന്നാണ് വ്യക്തമാക്കിയിരിക്കുന്നത് .

3. ടെണ്ടർ നോട്ടീസ് പ്രകാരം സ്മാർട്ട് അങ്കണവാടി പദ്ധതി നടപ്പിലാക്കുവാൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിൽ 25 ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ കേവലം 4 ഇനം പ്രവർത്തികൾ മാത്രമാണ് ചെയ്തിട്ടിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ 25 ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സാമ്പിൾ പരിശോധനയിൽ എല്ലാ ഇനങ്ങളും ഹാജരാക്കിയില്ലാ എന്നും 2025-26-ൽ റീ-ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങുന്നതിന് കൌൺസിൽ തീരുമാനത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടി .

4. 15,00,000/- രൂപ അടങ്കൽ തുക നിശ്ചയിച്ചു കൊണ്ട് രൂപീകരിച്ച മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് കേവലം 9.3% മാത്രമാണ്. വികസന ഫണ്ട് അടിസ്ഥാനമാക്കി ചെലവഴിച്ച പ്രസ്തുത പ്രോജക്ടിലെ ബാക്കി തുക ലാപ്സ് ആയി മാറുന്നു.

8. പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

സ്റ്റോക്ക് വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,40,140/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പോഷണവാടികൾ അങ്കണവാടികളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും കളി ഉപകരണങ്ങൾ ICDS ഓഫീസ് പരിധിയിലെ സെന്റർ നം.15 കല്ലുവിള അങ്കണവാടിയുടെ സ്റ്റോക്കിൽ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെന്നും ARTCO പെയിന്റിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് കളിയുപകരണങ്ങൾ അങ്കണവാടികളിൽ എത്തിച്ച് നൽകുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട് .

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അംഗണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക വഴി കുഞ്ഞുങ്ങളെ അങ്കണവാടികളിലേയ്ക്ക് ആകർഷിക്കുക എന്നതായിരുന്ന പ്രോജക്ടിന്റെ ലക്ഷ്യം . ഒരു പ്രോജക്ട് രൂപീകരിച്ച് നിർവ്വഹണം നടത്തുമ്പോൾ ആയത് പൂർണ്ണമായി നടപ്പിലാക്കുവാനും ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചുവെന്നും ഉറപ്പാക്കുവാനുമുള്ള ബാധ്യത നിർവ്വഹണോദ്യോഗസ്ഥയ്ക്കുണ്ട് . അല്ലെങ്കിൽ പദ്ധതിപ്പണം പാഴായിപ്പോകും .

1-78 അർബൻ 2- സ്മാർട്ട് അങ്കണവാടി വിഭാവനം ചെയ്ത പ്രവർത്തികൾ പൂർണ്ണമായി നടപ്പിലാക്കിയില്ല- കുറഞ്ഞ നിരക്ക് കാട്ടി ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി ചെലവ് തുക 1,49,624/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	SO 208/2025
ഫണ്ട്	വികസന ഫണ്ട് (ജനറൽ)
അടങ്കൽ	15,00,000/- രൂപ
ചെലവ്	149624/- രൂപ
ബിൽ നം./തീയതി	3274/24.03.2025, 62,414/- രൂപ 3271/24.03.2025, 87,210/- രൂപ
നിർവ്വഹണോദ്യോഗസ്ഥ	സിഡിപിഒ, അർബൻ-II

സ്മാർട്ട് അങ്കണവാടി നടപ്പിലാക്കുന്നതിലേയ്ക്കായി ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചതിൽ 25 ഐറ്റം ആണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 5 ഐറ്റം മാത്രമാണ് സ്മാർട്ട് അങ്കണവാടി രൂപീകരിക്കുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 15 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകയിരുത്തിയതിൽ 1,49,624/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ (9.97%). വിഭാവനം ചെയ്ത രീതിയിൽ എല്ലാ ഐറ്റവും ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടി പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

Scientific Solution, Artco തിരുവനന്തപുരം, Artco കോഴിക്കോട്, നൃ ചമയം, റയാൻ, SCISCO ഇൻഡസ്ട്രീസ്, Faza, Dream India School എന്നിവയിൽ നിന്നും ഇ-ടെണ്ടർ മുഖേന ലഭിച്ച ബിഡ്ഡുകളിൽ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുകയും ഗുണനിലവാരമുള്ള വസ്തുക്കൾ തെരഞ്ഞെടുത്തതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ Lowest കാട്ടി ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി Artco തിരുവനന്തപുരം, റയാൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും എന്തുകൊണ്ട് സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചുയെന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഐറ്റം	L1	L2	L3	L4	L5
1	1.06 (Child Mail Box)	625/- Scientific Solution	647/- SCISCO	1550/- Rayan	1350/– Artco Tvm √	

2	1.21 (Multi Shape Link 1)	169/- SCISCO	324/- Scientific Solution	487/- Rayan	599/- Artco Kozhikkode	1550/- Artco Tvm √
3	1.22 (Rocker Rideon)	870/- Scientific Solution	908/- Artco Tvm √	1112/- Dream India School		
4	1.24 (Basket Ball)	897/- Scientific Solution	958/- Artco Tvm √			
5	1.15 (Poshan Vatika)	2999/- Scientific Solution	3840/- Scisco	7900/- Artco, Tvm	9690/- Rayan √	

ക്രമ നം.1 മുതൽ 4 വരെയുള്ള സാധനങ്ങൾ Artco Tvm ൽ നിന്നും ക്രമ നമ്പർ 5 Rayan Industries ൽ നിന്നും വാങ്ങിയിരിക്കുന്നു. ആയതിനെ സാധൂകരിക്കുന്ന വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.98/കെ.എസ്.എ./ടിവിസി.6/2025. തീയതി: 04.10.2025.) ലഭ്യമാക്കിയ മറുപടിയിൽ ഗുണനിലവാര പരിശോധനയിൽ അസിസ്റ്റൻറ് എഞ്ചിനീയർ എത്തിയിരുന്നുവെന്നും ലോവസ്റ്റ് കോസ്റ്റ് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളുടെ സാധനങ്ങൾ ഗുണനിലവാരമില്ലാത്തവയാണെന്ന് ഇംപ്ലിമെൻറിംഗ് ഓഫീസർ ഉൾപ്പെടുന്ന വിദഗ്ധസമിതി കണ്ടെത്തിയതിൻറെ അടിസ്ഥാനത്തിലാണെന്ന് പറയുന്നുണ്ടെങ്കിലും പരിശോധന റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഡ്രീം ഇന്ത്യ സയന്റിഫിക് സൊല്യൂഷൻ എന്നീ സ്ഥാപനങ്ങൾ സമയബന്ധിതമായി വർക്ക് ഓർഡർ പ്രകാരം സാധനങ്ങൾ എത്തിച്ചിരുന്നില്ല ക്വോട്ട് ചെയ്ത റേറ്റിൽ സാധനങ്ങൾ ഇറക്കാൻ സാധിക്കുകയില്ല എന്നും അറിയിക്കുകയുണ്ടായി എന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഡ്രീം ഇന്ത്യ, സയന്റിഫിക് സൊല്യൂഷൻസ് എന്നീ സ്ഥാപനങ്ങൾ സാധനങ്ങൾ ഇറക്കാൻ സാധിക്കില്ല എന്നറിയിച്ചുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. സയന്റിഫിക് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് ക്രമനമ്പർ 5, 7 ,8 ,11 , 12, 13, 16, 17, 18, 19, 22 പ്രകാരമുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥ സെക്രട്ടറിക്ക് അയച്ച കത്ത് മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത ലെറ്ററിൽ സയന്റിഫിക് സൊല്യൂഷൻസ് സപ്ലൈ ചെയ്യാത്ത സാധനസാമഗ്രികൾ ഇതിന് താഴെ കുറഞ്ഞ വിലയ്ക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് നിർവഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ടെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിക്കുകയോ മേൽ ക്രമനമ്പരിലുള്ള സാധനസാമഗ്രികൾ സ്മാർട്ട് അങ്കണവാടി രൂപീകരണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. എല്ലായിനങ്ങളും ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടി രൂപീകരിക്കാത്തതിനാൽ വകയിരുത്തിയ പ്ലാൻ ഫണ്ട് അടങ്കൽ തുകയുടെ 90% ലാപ്സാകുകയുണ്ടായി. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പദ്ധതിലക്ഷ്യം പൂർത്തീകരിക്കുന്നതിനും ഫണ്ടുകൾ ലാപ്സാകാതിരിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധചെലുത്തേണ്ടതാണ്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ തെരെഞ്ഞെടുക്കാതിരുന്നതിന് നൽകിയ മറുപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ കൃത്യമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ ചെലവായ തുക 1,49,624/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക 1,49,624/- രൂപ

1-78-1 സ്മാർട്ട് അങ്കണവാടി വിഭാവനം ചെയ്ത പ്രവർത്തികൾ പൂർണ്ണമായി നടപ്പിലാക്കിയില്ല- കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി ചെലവ് തുക 776250/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	SO166/2025
ഫണ്ട്	വികസന ഫണ്ട് (ജനറൽ)
അടങ്കൽ	15,00,000/- രൂപ
ചെലവ്	776250/-രൂപ
ബിൽ നം./തീയതി	3134/25.03.2025- 630900/-, 3235/25.03.2025- 145350/
നിർവ്വഹണോദ്യോഗസ്ഥ	സിഡിപിഒ, അർബൻ-I

അങ്കണവാടികളെ ശിശുസൌഹാർദ്ദമാക്കി മാറ്റുന്നതിൻറെ ഭാഗമായി ശിശുസൌഹൃദ ഫർണിച്ചറുകളും, കളിക്കോപ്പുകളും മറ്റ് ഇലക്ട്രോണിക്ക് ഉപകരണങ്ങളും വാങ്ങി അവ സജ്ജമാക്കുന്നതിനാണ് പദ്ധതിരൂപീകരിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയ സ്പെസിഫിക്കേഷനിൽ സ്മാർട്ട് അങ്കണവാടി നടപ്പിലാക്കുന്നതിലേയ്ക്കായി 24 ഐറ്റം ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്പെസിഫിക്കേഷനിൽ ഉള്ള 7 ഐറ്റം മാത്രമാണ് തൻവർഷം സ്മാർട്ട് അങ്കണവാടി രൂപീകരണത്തിനായി പർച്ചെയ്സ് ചെയ്തിരിക്കുന്നത്. നോട്ടീസിൽ പറഞ്ഞിട്ടുള്ള എല്ലാ ഐറ്റവും ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടി പൂർത്തീകരിച്ചിട്ടില്ല. സ്പെസിഫിക്കേഷൻ പ്രകാരമുള്ള മുഴുവൻ ഉപകരണവും ഉൾപ്പെടുത്താത്തതിനാൽ15 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകയിരുത്തിയതിൽ 776250/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ (51.75%). പദ്ധതി വിഭാവനം ചെയ്ത പ്രകാരമുള്ള എല്ലായിനങ്ങളും ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടി രൂപീകരിക്കാത്തതിനാൽ വകയിരുത്തിയ പ്ലാൻ ഫണ്ടിൻറെ 49% ലാപ്സാകുകയുണ്ടായി.

Scientific Solution, Artco തിരുവനന്തപുരം, Artco കോഴിക്കോട്, ന്യൂ ചമയം, റയാൻ, SCISCO ഇൻഡസ്ട്രീസ്, Nazar എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന ലഭിച്ച ബിഡ്ഡുകളിൽ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരം എന്ന പരിശോധിക്കുകയും ഗുണനിലവാരമുള്ള വസ്തുക്കൾ തെരഞ്ഞെടുത്തതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ Lowest ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി Artco തിരുവനന്തപുരം, റയാൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും എന്തുകൊണ്ട് സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചുയെന്ന് വ്യക്തമാക്കുന്ന എന്ന ഉൾപ്പെട്ട വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഐറ്റം	L1	L2	L3	L4	L5	L6

1	1.06 (Fibre Ballpool Set With 250 Balls)	500/- Nazar	4670/- Scientific Solution	5945/- New Chamayam	6800/– Artco Tvm√		
2	1.11 (Storage Stand)	2999/- Scientific Solution	3720/- Artco Tvm √	4559/- Artco			
3	1.12 (Marigoround)	15698/- Scientific Solution	16770/- Artco Tvm √	39000/- Artco Kozhikkode			
4	1.13 (Outdoor Play Area Setting Slide)	10180/- Artco Tvm √	13500/- Artco Kozhikkode				
5	1.22 (Colourful Smooth Rocker Ride On)	870/- Scisco	908/- Artco Tvm √	1158/- Artco Kozhikkode			
6	1.23 (Adjustable Basketball Net)	958/- Artco Tvm √	1884/- Artco Kozhikkode				
7	1.14 (Poshan Vatika)	290/- Nazar	2999/- Scientific Solution	3840/- Scisco	4150/– New Chamayam	7900/– Artco Tvm	9690/- Rayan √

ക്രമ നം.1 മുതൽ 6 വരെയുള്ള സാധനങ്ങൾ Artco Tvm ൽ നിന്നും ക്രമ നമ്പർ 7 Rayan Industries ൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം നല്കുന്നതിനും, Artco തിരുവനന്തപുരം, റയാൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ച വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 53 /കെ.എസ്.എ./ടിവിസി.6/2025. തീയതി: 30.08.2025) നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയില്ല. ആയതിനാൽ ചെലവ് തുകയായ 776250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. Artco തിരുവനന്തപുരം, റയാൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനെ സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പദ്ധതിലക്ഷ്യം പൂർത്തീകരിക്കുന്നതിനും ഫണ്ടുകൾ ലാപ്സാകാതിരിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധചെലുത്തേണ്ടതാണ്.

1-79 വനിത ശാക്തീകരണ പദ്ധതികൾ - ഷീ ഹബ്ബ്, ഷീ സ്പേസ്, ഷീ ഫിറ്റ്നസ് സെന്ററുകൾ - പദ്ധതി പൂർത്തീകരണത്തിന് ശേഷവും പ്രവർത്തനരഹിതം

സ്ത്രീകളുടെ ശാരീരികവും മാനസികവും സാമ്പത്തികവും സാംസ്കാരികവുമായ ക്ഷേമത്തിനും ഉന്നമനത്തിനുമായി തിരുവനന്തപുരം നഗരസഭ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഷീ ഹബ്ബ്, ഷീ സ്പെയ്സ്, ഷീ ഫിറ്റ്നെസ് സെന്ററുകൾ എന്നീ പദ്ധതികൾ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾക്കെതിരെ പോരാടാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ളവയാണ്.
പദ്ധതികളുടെ ലക്ഷ്യം
ഷീ ഹബ്ബ് - സ്ത്രീകൾക്കായി ഒരു കോ-വർക്കിംഗ് സ്പെയ്സ് - തുടക്കക്കാരായ വനിത സംരഭകർക്ക് വളരെ സൗഹൃദപരവും ഉൽപ്പാദനക്ഷമവുമായ ഒരു വർക്ക് സ്പെയ്സ് പ്രദാനം ചെയ്യുക എന്ന ലക്ഷ്യം വയ്ക്കുന്നു.
ഷീ സ്പെയ്സ് - വിവിധ ആവശ്യങ്ങൾക്കായി തിരുവനന്തപുരം നഗരത്തിലെത്തുന്ന വനിത യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുരക്ഷിതമായി താമസിക്കുന്നതിന് തമ്പാനൂർ കേന്ദ്രീകരിച്ച് വനിത സൗഹൃദ ഷെൽട്ടർ ഹോം തയ്യാറാക്കുക.
ഷീ ഫിറ്റ്നെസ് സെന്റർ - സ്ത്രീകളിൽ വർദ്ധിച്ചു വരുന്ന ആരോഗ്യപ്രശ്നങ്ങൾ, വ്യായാമക്കുറവ്, ജീവിതശൈലി രോഗങ്ങൾ എന്നിവ ഒരു പരിധി വരെ കുറയ്ക്കുന്നതിനും ആരോഗ്യപരമായ ജീവിതം കെട്ടിപ്പടുക്കുന്നതിനും വ്യായാമ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
മുൻ വർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ള ഈ പദ്ധതികളുടെ നിലവിലെ പ്രവർത്തനത്തെക്കുറിച്ച് ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ അവയൊന്നും പ്രവർത്തനം തുടങ്ങാതെ നിഷ്ക്രിയ ആസ്തിയായി തുടരുകയാണെന്ന് ബോധ്യപ്പെട്ടു.
ഷീ ഹബ്ബ്, ഷീ സ്പെയ്സ് എന്നിവ SMV സ്കൂളിന് എതിർവശത്തെ നഗരസഭ കെട്ടിടത്തിന്റെ ഒന്നും മൂന്നും നിലകളിലായി സജ്ജീകരിച്ചിരിക്കുന്നു. ഷീ ഫിറ്റ്നെസ് സെന്റർ ആറ്റുകാൽ വാർഡിലെ ഐരാണിമുട്ടം അങ്കണവാടി നം.93-ലാണ് സ്ഥാപിച്ചിട്ടുള്ളത്.
പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	പദ്ധതി നടപ്പിലാക്കിയ വർഷം	അടങ്കൽ (വികസന ഫണ്ട്)	ചെലവ്	നിർവ്വഹണ ഉദ്യോഗസ്ഥ	നിലവിലെ അവസ്ഥ
ഷീ സ്പെയ്സ്	2021-22	4000000	3931314	സി ഡി പി ഒ അർബൻ 2	പ്രവർത്തനരഹിതം
	2022-23	486750	486750		
ഷീ ഹബ്ബ്	2021-22	17934065	9901138	സി ഡി പി ഒ അർബൻ 3	കുടുംബശ്രീയ്ക്ക് കൈമാറിയെങ്കിലും പ്രവർത്തനം
	2022-23	8512401	479474		

					ഉടങ്ങിയിട്ടില്ല
ഷീ ഫിറ്റ്നെസ് സെന്റർ	2024-25	1154450	1154450	സി ഡി പി ഒ അർബൻ 2	പ്രവർത്തനം ആരംഭിച്ചിട്ടില്ല

2021-22 വർഷം 4000000/- രൂപയും 2022-23 വർഷം 486750/- രൂപയും മാറ്റിവച്ച ഷീ സ്പെയ്സ് പദ്ധതിയുടെ പൂർത്തീകരണത്തിനായി 2021-22 സാമ്പത്തിക വർഷം 3931314/- രൂപയും 2022-23 വർഷം ഷെൽട്ടർ ഹോം മോഡേണൈസേഷൻ, ഫർണിഷിംഗ് പ്രവർത്തികൾക്കായി 486750/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെ 4418064/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഷീ സ്പെയ്സ് എന്ന പദ്ധതി നാല് വർഷങ്ങൾക്കു ശേഷവും ശരിയായി പ്രവർത്തനം തുടങ്ങാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.
ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ-അർബൻ 2 നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം പണി പൂർത്തീകരിച്ച സ്ഥാപനത്തിന്റെ ഉദ്ഘാടനം നടന്നത് 18.12.2024-ൽ മാത്രമാണ്. ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനത്തിലേക്കുള്ള കോണിപ്പടികളിലെ ഇരുവശങ്ങളിലുമായി സ്ത്രീശാക്തീകരണം വിഷയമായ ചിത്രങ്ങളാൽ മനോഹരമാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനം പൂട്ടിക്കിടക്കുന്ന അവസ്ഥയിലാണ്. ആരെങ്കിലും ആവശ്യപ്പെടുമ്പോൾ മാത്രമേ തുറന്നു കൊടുക്കാറുള്ളൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.



ഷീ ഹബ്ബ് എന്ന പദ്ധതിയ്ക്ക് വേണ്ടി 2021-22 കാലയളവിൽ 9901138/- രൂപയും 2022-23 കാലയളവിൽ 479474/- രൂപയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 25 പേർക്ക് ഒരേ സമയം ഉപയോഗിക്കാൻ കഴിയുന്ന ഓഫീസ് മുറി 25 പേരെ ഉൾക്കൊള്ളാൻ കഴിയുന്ന പരിശീലന ഹാൾ, 7 പേർക്ക് ഉപയോഗിക്കാൻ കഴിയുന്ന മീറ്റിംഗ് ഹാൾ എന്നീ സൗകര്യങ്ങൾ വിഭാവനം ചെയ്തിരുന്ന ഷീ ഹബ്ബിൽ നിന്നും 235000/- രൂപ പ്രതിമാസം വാടകയാണ് നഗരസഭ പ്രതീക്ഷിച്ചിരുന്നത്. 2021-22, 2022-23 കാലയളവിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ-അർബൻ-3 നിർവ്വഹണ ഉദ്യോഗസ്ഥയായി പൂർത്തീകരിച്ച ഷീ ഹബ്ബിന്റെ ഉദ്ഘാടനം 18.12.2024-ൽ നടത്തുകയും 15.04.2025-ൽ കുടുംബശ്രീ ഓക്സിലറി സിഡിഎസ് 3-യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സിഡിഎസ് 3-യുടെ കാലാവധി 31.03.2026-ന് അവസാനിക്കുന്നു. സ്ഥാപനത്തിൽ 04.03.2026-ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ 26 ഡെസ്ക്ടോപ്പുകൾ ഉൾപ്പെടുന്ന ഒരു വർക്കിംഗ് സ്പെയ്സും, മീറ്റിംഗ് സ്പെയ്സ്, സൂം മീറ്റിംഗ് സ്പെയ്സ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ കൂടാതെ 2 ഡെസ്ക്ടോപ്പുകൾ എന്നിവയും സജ്ജീകരിച്ചിരിക്കുന്നതായി കണ്ടു. എല്ലാ സ്പെയ്സുകളും എയർ കണ്ടീഷനിംഗ് ചെയ്തിട്ടുണ്ട്. നിലവിൽ പല മേഖലകളിലായി സൗജന്യ ക്ലാസ്സുകൾ മാത്രമാണ് നടക്കുന്നത്. പ്രതിമാസം 235000/- രൂപ വാടക പ്രതീക്ഷിച്ചിരുന്ന സ്ഥാപനത്തിൽ നിന്നും നാളിതുവരെയായി നഗരസഭയ്ക്ക് യാതൊരു വരുമാനവും ലഭിച്ചിട്ടില്ല. ഫ്രീലാൻസായി ജോലി ചെയ്യുന്ന പല ഗ്രൂപ്പുകൾ ഓഫീസ് ഏര്യ ഷെയർ ചെയ്യുമ്പോൾ ജോലിയിലെ രഹസ്യ സ്വഭാവം സൂക്ഷിക്കാൻ കഴിയാത്തതും പാർക്കിംഗ് ഏര്യ ഇല്ലാത്തതും മൂലമാണ് ആളുകൾ സ്ഥാപനം ഏറ്റെടുക്കാൻ വിമുഖത കാട്ടുന്നത് എന്ന് സിഡിഎസ് 3 കുടുംബശ്രീ അംഗങ്ങൾ അറിയിച്ചു.







2024-25 ൽ 1154450/- രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ച ഷീ ഫിറ്റ്നെസ് സെന്ററുകളും പ്രവർത്തനരഹിതമാണ്. ആയതിനെക്കുറിച്ച് ഈ റിപ്പോർട്ടിന്റെ 1.79.2 ൽ പ്രതിപാദിക്കുന്നുണ്ട്.
ഭീമമായ തുക ചെലവഴിച്ചു നിർമ്മിച്ചിട്ടും കൃത്യമായ ആസൂത്രണത്തിന്റെ അഭാവവും, ദീർഘവീക്ഷണം ഇല്ലായ്മയും മൂലം നഗരസഭയുടെ അഭിമാന പദ്ധതി ആകേണ്ടിയിരുന്ന മേൽ സ്ഥാപനങ്ങൾ ഉപയോഗശൂന്യമായി നിലനിൽക്കുന്നു. വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് നിർമ്മിച്ച സ്ഥാപനങ്ങൾ പ്രവർത്തനക്ഷമാക്കുന്നതിനും പദ്ധതി ഉദ്ദേശ്യലക്ഷ്യം നേടി വനിതകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിലേയ്ക്ക് നയിക്കുന്ന നിലയിലേയ്ക്ക് ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-79-1 ഷീ ഫിറ്റ്നെസ് സെന്റർ പദ്ധതി നടപ്പിലാക്കിയതിൽ കാലതാമസം- പദ്ധതി വിഹിതം 38 ലക്ഷം രൂപ പാഴായി - പണി പൂർത്തിയായിട്ടും ഉപയോഗ്യമാക്കാതെ നിഷ്ക്രിയാസ്തിയായി തുടരുന്നു

പ്രോജക്ട് നം.	1656/22-23, SO1085/23-24, SO957/24-25
ഫണ്ട്	വികസന ഫണ്ട് (ജനറൽ)


അടങ്കൽ	1154450/- രൂപ
ചെലവ്	1154450/- രൂപ
ബിൽ നം.	715/18.06.2024
നിർവ്വഹണോദ്യോഗസ്ഥ	സിഡിപിഒ, അർബൻ-II


വനിതകളുടെ ശാരീരികവും മാനസികവും ആരോഗ്യപരവുമായ ഉന്നമനം ലക്ഷ്യമാക്കി വ്യായാമമുറകൾ ശീലിക്കുന്നതിന് ഷീ ഫിറ്റ്നെസ് സെന്റർ തുടങ്ങുന്നതിനായി 25,00,000/-രൂപ അടങ്കലിൽ 1656/22-23 എന്ന പദ്ധതി ആവിഷ്കരിച്ചു. എന്നാൽ തൻവർഷം പദ്ധതി നടപ്പിലാക്കാത്തതിനാൽ SO1085/23-24 എന്ന സ്പിൽഓവർ പദ്ധതി 13,00,000/- രൂപ അടങ്കലിൽ രൂപീകരിച്ചു. ഇതിനായി ആറ്റുകാൽ വാർഡിലെ ഐരാണിമുട്ടത്തുള്ള നഗരസഭാ കെട്ടിടത്തിന്റെ (93-ാം നമ്പർ അംഗൻവാടി) ഒന്നാം നില ജിം-ന് അനുയോജ്യമാണെന്ന കേരള സ്പോർട്സ് കൗൺസിൽ അധികൃതരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഷീ ഫിറ്റ്നെസ് സെന്റർ തുടങ്ങുന്നത് കൗൺസിൽ അംഗീകരിച്ചു (3(c) 33, തീയതി.15.05.2023). 02.06.2023-ലെ ICDS/U2/168A/2023 നമ്പർ ലെറ്റർ പ്രകാരം കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് പ്രസ്തുത കെട്ടിടം ഷീ ഫിറ്റ്നെസ് സെന്റർ ആരംഭിക്കുന്നതിനായി സജ്ജമാക്കുന്നതിന് കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഫയൽ നം. FE2/MS/1877/23) ഷീ ജിം തുടങ്ങുന്നതിലേക്കാവശ്യമായ സിവിൽ വർക്ക് തൃപ്തികരമായി പൂർത്തീകരിച്ചെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

2022-23 വർഷത്തിൽ (പ്രോജക്ട് നം. 1656/23) ഷീ ഫിറ്റ്നെസിനു വേണ്ടി L1 (1154450/-) ആയ പൾസ് ഫിറ്റ്നെസ് എന്ന സ്ഥാപനത്തിന്റെ സാമഗ്രികൾ ഗുണനിലവാരമുള്ളതായി സ്പോർട്സ് കൗൺസിൽ ഉദ്യോഗസ്ഥൻ 22.03.2023-ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത കരാറുകാർ വിതരണത്തിന് 20 ദിവസം സമയം ആവശ്യപ്പെട്ടിരുന്നതിനാൽ 2023 മാർച്ച് 31-നകം വിതരണം ചെയ്ത ബില്ല് നൽകാൻ സാധിച്ചില്ല. 2023-24 സാമ്പത്തിക വർഷം SO1085/23-24 എന്ന പ്രോജക്ടായി പദ്ധതിയ്ക്ക് തുക വകയിരുത്തി ഇൻവോയിസ് നം. B2C/23-24/264, തീയതി. 11.03.2024 പ്രകാരം സാമഗ്രികൾ വാങ്ങുകയും 2024-25 ലെ SO957/25 നമ്പർ പദ്ധതിയിലൂടെ ബിൽ നം. 715/18.06.2024 പ്രകാരം തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. 2022-23 ൽ വകയിരുത്തിയ 25 ലക്ഷവും 2023-24 ൽ വകയിരുത്തിയ 13 ലക്ഷവും ചെലവഴിക്കപ്പെടാതെ 2024-25 ലെ 957/25 പദ്ധതിയിൽ നിന്നും തുക ചെലവഴിച്ചതിലൂടെ ആസൂത്രണമില്ലായ്മയുടെ ഭാഗമായി മുൻ വർഷങ്ങളിൽ വകയിരുത്തിയ 38 ലക്ഷം രൂപ സ്ഥാപനത്തിന് ഉപയോഗിക്കാൻ കഴിയാതെ പാഴാവുകയും ചെയ്തു.

നിലവിലെ സ്ഥിതി

ഷീ ഫിറ്റനെസ് സെന്റർ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെങ്കിൽ നിലവിലെ സ്ഥിതി വിവരങ്ങൾ, പരിപാലന ചുമതല ആർക്കാണ്, ജിം എത്ര പേർ പ്രയോജനപ്പെടുത്തുന്നുണ്ട് എന്നുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.99/കെ.എസ്.എ./ടിവിസി.6/2025. തീയതി: 04.10.2025.) ഉദ്ഘാടനം നടന്നിട്ടില്ല എന്ന് 27.10.2025 ൽ മറുപടി ലഭ്യമാക്കിയിരിക്കുന്നു. 24/02/2026 ൽ നടത്തിയ സ്ഥലപരിശോധനയിൽ 05/11/2025 ൽ ടി സ്ഥാപനം ഉദ്ഘാടനം ചെയ്തിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ നാളിതുവരെ ടി സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല. പൾസ് ഫിറ്റ്നെസ് എന്ന സ്ഥാപനവും നിർവഹണ ഉദ്യോഗസ്ഥയും തമ്മിലുള്ള കരാറിൽ സാധനങ്ങളുടെ വാറന്റി പീരിയഡ് സപ്ലൈ ചെയ്യുന്ന ദിവസം മുതൽ ഒരു വർഷം വരെയാണ്. 11.03.2024 ൽ സപ്ലൈ ചെയ്ത സാധനങ്ങൾ 2 വർഷം പൂർത്തിയാകാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ ഇതുവരെ ഉപയോഗ്യമാക്കിയിട്ടില്ല എന്നത് ഗുരുതരമായ അനാസ്ഥയും പദ്ധതി വിഹിതത്തിന്റെ പാഴ്ച്ചെലവുമായി വിലയിരുത്തുന്നു.







ആസൂത്രണക്കുറവുമൂലം ആർക്കും ഉപയുക്തമാകാതെ പദ്ധതി വിഹിതം പാഴായിപ്പോകുന്ന അവസ്ഥയ്ക്ക് പരിഹാരമാകുന്നതിന് നിർവ്വഹണോദ്യോഗസ്ഥയുടെ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്. സ്ത്രീകളുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ചാൽ മാത്രം പോരാ അവ സ്ത്രീകൾക്ക് പ്രയോജനപ്രദം ആകുന്ന രീതിയിൽ പ്രാവർത്തികമാക്കുകയും വേണം. ഷീ ഫിറ്റനെസ് സെന്റർ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ആയതിലേയ്ക്ക് ഫിറ്റ്നെസ് ടെയിനർ, കെയർ ടേക്കർ എന്നിവരെ നിയമിക്കേണ്ടതുണ്ട്. നഗരസഭയുടെ കീഴിലുള്ള ഷീ ഫിറ്റനെസ് സെൻറെറുകളുടെ പ്രവർത്തനം, അവിടെ ലഭിക്കുന്ന വരുമാനം, ഫിറ്റ്നെസ് ടെയിനർ, കെയർ ടേക്കർ എന്നിവരുടെ ശമ്പളം എന്നിവ സംബന്ധിച്ച് പൊതുവായ ഒരു ബൈലോ രൂപീകരിക്കേണ്ടതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആയതിൻറെഅടിസ്ഥാനത്തിൽ ടി സംരംഭം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക പാഴ്ച്ചെലവായി കണക്കാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിലേയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

1-79-2 വനിത ഷെൽട്ടർ ഹോം-പദ്ധതി നിർവഹണത്തിലെ അപാകതകൾ –ചെലവ് തുക 16,59,060/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	956 (സൂലേഖ പ്രകാരം) 958 (സാംഖ്യ പ്രകാരവും ,പ്രോജക്ട് ഫോം പ്രകാരവും)
അടങ്കൽ	2000000/- വികസനഫണ്ട് ജനറൽ (എസ്റ്റിമേറ്റ് പ്രകാരം)
ചെലവ്	1659060/-

ബിൽ നം.	740-തീയതി.29/06/2024
സ്റ്റാന്റിംഗ് കമ്മറ്റി	മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി. No4(6)/10.04.2023
ഭരണാനുമതി	3(B)1/20.04.2023
എം.ബുക്ക്	നം. 1190/22-23 നം. 1161/23-24
നിർവഹണം.	അസി.എക്സി.എഞ്ചിനീയർ.

സ്ത്രീ സൗഹൃദ പദ്ധതിയായ വനിത ഷെൽട്ടർ ഹോം ശ്രീമതി. ധന്യ.എസ്.നായർ, അസി.എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതിയാണ്. സുലേഖ പത്രിക പ്രകാരം പ്രോജക്ട് നം.956 ആയ പദ്ധതിയ്ക്ക് തൻവർഷം 16,59,060/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സാംഖ്യയിൽ ചെലവ് രേഖകൾ പരിശോധിക്കുമ്പോൾ 'വനിത ഷെൽട്ടർ ഹോം ' എന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രീ. ജോസ്.എച്ച്.ജോൺ, അസി.എക്സി.എഞ്ചിനീയറാണ്. സാംഖ്യയിലും പ്രോജക്ട് രൂപീകരണ ഫോറത്തിലും പദ്ധതിയുടെ നമ്പർ 958 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ പദ്ധതിയുടെ ഫയലുകൾ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ (നം.55/കെ.എസ്.എ/എ.ഒ.3/2025, തീയതി. 06.08.2025) നൽകിയിരുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും ഈ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായി രണ്ട് എം.ബുക്കുകൾ ഉപയോഗിച്ചിരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിൽ എം ബുക്ക് നം 1190/22-23 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രൗണ്ട് ഫ്ലോർ നിർമ്മാണത്തിന് വേണ്ടിയുള്ള ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 24/03/2026 ന് ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില, രണ്ടാം നില എന്നിവ നിർമ്മിച്ച് കെട്ടിടം പൂർത്തീകരിച്ചിരിക്കുന്നതായി കണ്ടു. ഒന്നാം നില, രണ്ടാം നില എന്നിവയുടെ നിർമ്മാണം 2025-26 ൽ പുതിയ പ്രോജക്ട് രൂപീകരിച്ച് പൂർത്തിയാക്കിയതായാണ് ഓവർസീയർ വാക്കാൽ അറിയിച്ചത്. എന്നാൽ ഈ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ പ്രോജക്ട് ഫയലിലെ എസ്റ്റിമേറ്റും സ്ഥലപരിശോധനയിലെ നിർമ്മിതിയും തമ്മിൽ വൈരുദ്ധ്യം ഉള്ളതുകൊണ്ടും പ്രവൃത്തി നിർവഹണം രേഖപ്പെടുത്തിയിരിക്കുന്ന എം.ബുക്ക് നം 1190/22-23 പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും സുലേഖയിലെ വിശദാംശങ്ങളും സാംഖ്യയിൽ ലഭ്യമായ വിവരങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകൾ നിലനിൽക്കുന്നതിനാലും ചെലവ് തുകയായ 16,59,060/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിലവിൽ ഈ കെട്ടിടം തുടർ പ്രവർത്തനങ്ങളില്ലാതെ പൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലാണ്. പദ്ധതിയുടെ വിശദാംശങ്ങൾ (2025-26 ലെ ഫയൽ ഉൾപ്പെടെ), വനിത ഷെൽട്ടർ ഹോമിന്റെ തുടർ നടത്തിപ്പിന് നഗരസഭ കൈക്കൊണ്ട നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.





1-80 അങ്കണവാടികൾക്ക് വൈ ഫൈ പ്ലാൻ ചാർജ്ജിംഗ് നടപ്പിലാക്കിയതിലെ അപാകത

പ്രോജക്ട് നം.	1005/24
അടങ്കൽ	9186/- രൂപ
ചെലവ്	3508/- രൂപ
ബിൽ നം./തീയതി	486/16.05.2024, 1955/-രൂപ 3051/20.03.2025, 1553/- രൂപ
നിർവ്വഹണോദ്യോഗസ്ഥ	സിഡിപിഒ, അർബൻ-I

അർബൻ 1-ന്റെ കീഴിലുള്ള അങ്കണവാടികൾക്ക് വൈ ഫൈ പ്ലാൻ ചാർജ്ജിംഗ് (പ്രോജക്ട് നം. 1005/24) ചെയ്യുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ബിൽ നം. 486/16.06.2024 പ്രകാരം 1955/- രൂപ മാറിയതിൽ 995/- രൂപ ശ്രീമതി. മഞ്ജു (മുള്ളൂർ അംഗനവാടി നം. 146) ന് 1/24, 2/24 എന്നീ മാസങ്ങളിലെ ബി.എസ്.എൻ.എൽ ടാക്സ് ഇൻവോയിസ് (SDCKL0088067156, Dated 02.03.2024 ആകെ1002/- രൂപ ടെലഫോൺ നം. 04712991846) മാറി നൽകിയിട്ടുണ്ട്. ബിൽ നം.3051/20.03.2025 പ്രകാരം ടിയാൾക്ക് അതേ കാലയളവിലെ 1002/- രൂപയും 09/2023 ലെ തുകയായ 551/- രൂപയും ഉൾപ്പെടെ 1553/- രൂപ മാറി നൽകിയിരിക്കുന്നു. 01/24, 02/24 എന്നീ മാസത്തെ 1002/- രൂപയിൽ 995/- രൂപ ബിൽ നം.1 പ്രകാരം മാറി നൽകിയതിനാൽ 7/- രൂപ മാത്രമേ ബാക്കി നൽകാൻ ഉണ്ടായിരുന്നുള്ളൂ. കൂടാതെ ജനുവരി 24, ഫെബ്രുവരി 24 എന്നീ കാലയളവിലെ ബില്ലുകൾ വരെ മാറി നൽകിയ സാഹചര്യത്തിൽ 9/23ലെ ബിൽ തുകയായ 551/- രൂപ (ബി.എസ്.എൻ.എൽ ടാക്സ് ഇൻവോയിസ് നം. SDCKL0083335422 Dated.02.10.2023) പെന്റിംഗ് വന്നതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. തുക ആവർത്തിച്ചു മാറി നൽകിയതിനും 9/23ലെ ബിൽ തുക മാറി നൽകിയതിന്റെ കൃത്യത എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതും കൂടാതെ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഉപയോഗിക്കാതെ വികസന ഫണ്ട് ഉപയോഗിച്ച് വിട്ടു കിട്ടിയ സ്ഥാപനത്തിന്റെ ആവർത്തന ചെലവുകൾ നടത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം . 53 /കെ.എസ്.എ./ടിവിസി.6/2025. തീയതി: 30.08.2025.

1-81 സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ നടപ്പിലാക്കി

സ.ഉ.(കൈ) നം.90/2023/എൽ.എസ്.ജി.ഡി. തീയതി .09.04.2023 ഖ.2.3.1 (8) പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകളും ഖ.2.3.1(9) പ്രകാരം കൺസ്യൂമബിൾസ് സ്റ്റേഷനറി സാധനങ്ങൾ മുതലായവയ്ക്കുള്ള ചെലവുകളും,ഖ.2.3.3(2) പ്രകാരം കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങൾക്കും ആവശ്യമായ ഫർണിച്ചറുകളും ,ഖ.2.3.2.(4) പ്രകാരം ശിശു സൗഹൃദ ടോയലെറ്റുകളുടെ നിർമ്മാണം എന്നിവ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിനിയോഗിച്ചാണ് നടത്തേണ്ടത്. എന്നാൽ സി.ഡി.പി.ഒ. അർബൻ 3 നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകളിൽ ഇത്തരം ചെലവ് വികസന

ഫണ്ടിൽ നിന്നുമാണ് ചെയ്തിരിക്കുന്നത്.

ക്രമ നം.	പ്രോജക്ട് നം./പേര്	അടങ്കൽ തുക (രൂപ)	ചെലവ് തുക (രൂപ)	ബിൽ നം./ചെക്ക് നം/തീയതി	റിമാർക്സ്
1.	SO 493/25 ICDS ഓഫീസ് ദൈനംദിന ചെലവുകൾ	100000/-	100000/- രൂപ	1392/29.10.24 3349/24.03.25 3253/22.03.25, 2406/14.02.25, 2289/04.02.25, 2859/11.03.25, 3160/20.03.25, 1897/06.01.25, 1534/11.12.24, 2085/22.01.25	കുടിവെള്ളം, ടോണർ, ഓഫീസ് ആവശ്യങ്ങൾക്കുള്ള സ്റ്റേഷണറി/ പ്രൊവിഷണൽ സാധനം ,യു.പി.എസ്. ,പെൻഡ്രൈവ് ,ഫാൻ , ലാൻഡ് ഫോൺ എന്നിവയുടെ വാങ്ങൽ പോഷകാഹാര മാസാചരണം പ്രോജക്ട്തല പരിപാടിയുടെ ചെലവ്, കമ്പ്യൂട്ടർ/ പ്രിന്റർ ഇൻസ്റ്റലേഷൻ ചാർജ്ജ് നൽകൽ എന്നിവയ്ക്കായിട്ടാണ് പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക ചെലവഴിച്ചത്.
2.	SO584/25 ബേബി ഫ്രണ്ട് ലി ടോയലറ്റ്	4,20,000/- രൂപ	72000/- രൂപ	3163/21.03.25 155803/27.03.25 155805/27.03.25	ബേബി ഫ്രണ്ട് ലി ടോയലറ്റ് നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായിട്ടാണ് തുക ചെലവഴിച്ചത്.
3.	S1151/25 അംഗനവാടികൾക്ക് സൌജന്യ വൈഫൈ കണക്ഷൻ അർബൻ 3	1,44,837/- രൂപ	65,219/- രൂപ	3241/21.03.25 3242/21.03.25	10 അങ്കണവാടികളിൽ വൈഫൈ കണക്ഷൻ എടുക്കുന്നതിനും ബിൽ ഒടുക്കുന്നതിനുമായി 65219/- രൂപ ബി.എസ്.എൻ.എല്ലിൽ അടവാക്കി.
4.	SO1050/25 അങ്കണവാടിയ്ക്ക് അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ അർബൻ 3	15,00,000/- രൂപ	15,00,000/- രൂപ	3256/22.03.25 2086/22.01.25 1772/24.12.24 UTR No.RB1932488020554/09.05.24	SIDCO യിൽ നിന്നും ഫർണിച്ചറുകൾ ,കെ.എം.ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, LED Monitor കൾ Consumerfed Godown-ൽ നിന്നും സ്റ്റേഷണറി സാധനങ്ങൾ എന്നിവ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്.
5.	1048/25 3ജി അങ്കണവാടി	44700/- രൂപ	44700/- രൂപ	109/09.05.24 483/16.05.24	Phoenix Global Supplies എന്ന സ്ഥാപനത്തിൽ നിന്നും 28,000/-രൂപയ്ക്ക് 4 സ്റ്റീൽ മേശയും Karthika Enterprises-ൽ നിന്നും 16,700/-രൂപയ്ക്ക് 20 പ്ലാസ്റ്റിക്ക് കസേരകളും വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.83,84,85,88,91/കെ.എസ്.എ./ടി.വി.സി.5/2024-25 തീ.27.09.2025) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി നോൺ റോഡ് മെയിന്റനൻസ് ഫണ്ട് തികയാതെ വന്ന സാഹചര്യത്തിലാണ് നഗരസഭ വികസനഫണ്ട് ലഭ്യമാക്കിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ മാർഗനിർദ്ദേശാനുസരണം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-82 3ജി അങ്കണവാടി- പ്രോജക്ട് രേഖകൾ ഹാജരാക്കിയിട്ടില്ല- 44700/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	1048/25
പേര്	3ജി അങ്കണവാടി
അടങ്കൽ തുക	44700/-രൂപ
ചെലവ് തുക	44700/-രൂപ
ഫണ്ടിനം	വി.ഫ.ജനറൽ
ബിൽ നം/തീയതി	109/09.05.24 483/16.05.24
നിർവ്വഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ III

പ്രോജക്ട് പ്രകാരം Phoenix Global Supplies എന്ന സ്ഥാപനത്തിൽ നിന്നും 28,000/-രൂപയ്ക്ക് 4 സ്റ്റീൽ മേശയും Karthika Enterprises-ൽ നിന്നും 16,700/-രൂപയ്ക്ക് 20 പ്ലാസ്റ്റിക്ക് കസേരകളും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടിക്രമവുമായി ബന്ധപ്പെട്ട യാതൊരു രേഖയും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് – വിതരണരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3. വെബ് സാംഖ്യയിൽ മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നത് മുൻ വർഷത്തെ പ്രോജക്ട് നമ്പറിലാണ് (457/24) . മുൻ വർഷത്തെ പ്രോജക്ട് പ്രകാരമുള്ള തുക മുൻ വർഷം ചെലവഴിയ്ക്കാതെ തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.91/കെ.എസ്.എ./ടി.വി.സി.5/2024-25,തീയതി.27.09.25) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 44700/-രൂപ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-83 കോക്ലിയർ ഇംപ്ലാന്റ് എന്ന ഉപകരണത്തിന്റെ മെയിന്റനൻസ് 19,07,221/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	SO 1107/25

പേര്	ജന്മനാ ശ്രവണ ശേഷി ഇല്ലാത്ത കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റ് എന്ന ഉപകരണം മെയിന്റനൻസ്.
അടങ്കൽ തുക	2032090/-രൂപ
ചെലവ് തുക	1907221/-രൂപ
ഫണ്ടിനം	വി.ഫ.ജനറൽ
ബിൽ നം./തീയതി ചെക്ക് നം./ തീയതി	1. 2078/22.01.25-8,36,480/- രൂപ 2. 40663/09.05.24-8,95,259/- രൂപ 3. 431107/28.0325-1,75,482/- രൂപ തനത് ഫണ്ട്.
നിർവ്വഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ III

09.11.2023-ലെ ഡി.എ1/284/2023 തസ്വഭവ നം. സർക്കുലറിലെ നിർദ്ദേശാനുസരണം കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായുള്ള വിഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ (SHA) ഒടുക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. ആയത് പ്രകാരം ആകെ (836480+895259+175482) 1907221/- രൂപ SHA-യ്ക്ക് കൈമാറിയിട്ടുണ്ട്. ഡോക്ടർ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങളുടെ മെയിന്റനൻസിനായുള്ള തുക കൈമാറുന്നത്. ഇതിൽ ബിൽ നം.2 പ്രകാരമുള്ള തുക 2023-24 ലെ കൃബിൽ 2024-25-ൽ മാറിയതാണ്.

ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.രേഖകളുടെ പരിശോധനയിൽ അടങ്കൽ തുകയിലും ചെലവ് തുകയിലും വ്യത്യാസം ഉള്ളതായി കാണുന്നു. പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.4 പ്രകാരമുള്ള അടങ്കൽ തുകയും സുലേഖ ചെലവ് പത്രിക, ഹാജരാക്കിയ രേഖകൾ എന്നിവ പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

അടങ്കൽ തുക	വികസന ഫണ്ട് (രൂപ)	തനത് ഫണ്ട് (രൂപ)
പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.4 പ്രകാരമുള്ളത്.	17,32,090/-	-
സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്.	17,32,090/-	300000/-

ചെലവ് തുക	വികസന ഫണ്ട് (രൂപ)
സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്.	17,31,739/- (തനത് ഫണ്ട് ചെലവ് ഉൾപ്പെടുത്തിയിട്ടില്ല)
ഹാജരാക്കിയ രേഖകൾ പ്രകാരമുള്ളത്	19,07,221/- (8,36,480+ 8,95,259+175482)

പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

2. വെബ് സാംഖ്യയിൽ 8,95,259/- രൂപയുടെ ചെലവ് 2023-24 സാമ്പത്തിക വർഷത്തെ ഇതേ പ്രോജക്ടിന്റെ നം.2244/24ചെലവായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

3. SHA-യ്ക്ക് കൈമാറുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തസ്വഭവ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണെന്ന് മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ കൈമാറിയ തുകയുള്ള വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

5. ഗ്രണഭോക്തൃലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കായി SHA -യ്ക്ക് തുക കൈമാറുന്നതിനാലാണ് ഗ്രണഭോക്തൃലിസ്റ്റ് ഇല്ലാത്തതെന്നും അർഹരായ എല്ലാവർക്കും രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക SHA-യ്ക്ക് കൈമാറുവെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.96/കെ.എസ്.എ./ടിവിസി.5/2025 തീ.03.10.2025) നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 19,07,221/-രൂപ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-84 ടേക്ക് എ ബ്രേക്ക് - നിർമ്മാണം പൂർത്തിയായിട്ടും പ്രയോജനമില്ലാത്ത നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

പ്രോജക്ട് നം.	1968/2025
പ്രോജക്ടിന്റെ പേര്	ടേക്ക് എ ബ്രേക്ക് - സ്റ്റേഷൻകടവ്, പള്ളിത്തുറ
അടങ്കൽ തുക	58,00,000/- രൂപ (വെബ്സാംഖ്യ പ്രകാരം) 30,00,000/- രൂപ (ചെലവ് പത്രിക പ്രകാരം)
ചെലവ് തുക	8,89,132/- രൂപ (ചെക്ക് നം. C032575488581, 25/03/2025)
ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Tied Grant)
നിർവ്വഹണോദ്യോഗസ്ഥൻ	അസി. എക്സി. എഞ്ചിനീയർ

തിരുവനന്തപുരം നഗരസഭയുടെ കീഴിൽ പള്ളിത്തുറ വാർഡിൽ സ്റ്റേഷൻകടവ് ഭാഗത്ത് പൊതുജനങ്ങൾക്കായി വിഭാവനം ചെയ്ത ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതായി 26.02.2026-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ടോയിലറ്റ് സൗകര്യങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സജ്ജമാണ്. എന്നാൽ നിർമ്മാണം പൂർത്തിയായെങ്കിലും നിലവിൽ ഈ കെട്ടിടം പൊതുജനങ്ങൾക്ക്



തുറന്ന് കൊടുത്തിട്ടില്ല.

അസി. എക്സി. എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച പ്രസ്തുത കെട്ടിടം 03.11.2025-ൽ ബഹു.മേയർ ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടർന്ന് 13.02.2026-ൽ കെട്ടിടം റവന്യൂ ഓഫീസർക്ക് കൈമാറിയതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. 28.10.2025-ലെ കൗൺസിൽ തീരുമാനം പ്രകാരം കരുണ കുടുംബശ്രീ യൂണിറ്റിന് കെട്ടിടത്തിന്റെ നടത്തിപ്പ് ചുമതല കൈമാറാൻ നിശ്ചയിച്ചിട്ടുള്ളതായി കെസ്മാർട്ടിലെ ഫയൽ പരിശോധനയിൽ നിന്നും വ്യക്തമായി. എന്നാൽ കൗൺസിൽ തീരുമാനം നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ദീർഘദൂര യാത്രക്കാർക്കും പൊതുജനങ്ങൾക്കും ആധുനിക രീതിയിലുള്ള വിശ്രമസൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ച ഈ കേന്ദ്രം പ്രവർത്തനമാരംഭിക്കാത്തതിനാൽ നഗരസഭയുടെ പ്രയോജനമില്ലാത്ത ആസ്തിയായും, വലിയ തുക സർക്കാർ ഫണ്ട് ചെലവഴിച്ചിട്ടും പൊതുജനങ്ങൾക്ക് ഉപകാരപ്പെടാത്ത വിധം പൂട്ടിക്കിടക്കുന്നത് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായും ഓഡിറ്റ് കണക്കാക്കുന്നു. കെട്ടിടത്തിന്റെ ഒക്യുപെൻസി ലഭിച്ചതിന്റെ വിശദാംശങ്ങളും കെട്ടിടം നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്കും (നം. 282/കെ.എസ്.എ/ടിവിസി.8/2025, തീയതി. 27.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉപയോഗശൂന്യമായി അടച്ചിട്ടിരിക്കുന്നതിനാൽ കെട്ടിടവും, മെയിന്റനൻസ് ഇല്ലാത്തതിനാൽ ഉള്ളിലെ ഫർണിഷിംഗുകളും, പുറമേയുള്ള ബ്യൂട്ടിഫിക്കേഷനും നശിച്ചു പോകുന്നതിനും കാരണമാകുന്നു. കൂടാതെ സാമൂഹിക വിരുദ്ധർ പ്രസ്തുത സാഹചര്യം ദുരുപയോഗം ചെയ്യാനുള്ള സാധ്യതയും ഉണ്ട്. ആയതിനാൽ കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിച്ച് പൊതുജനങ്ങൾക്ക് തുറന്ന കൊടുക്കേണ്ടതാണ്.

ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വെബ് സാംഖ്യ, ചെലവ് പത്രിക എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന അടങ്കൽ തുക, ചെലവ് തുക എന്നിവ ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടു കാണുന്നു.

ഇനം	വെബ് സാംഖ്യ പ്രകാരം	ചെലവ് പത്രിക പ്രകാരം	ഫൈനൽ ബിൽ പ്രകാരം
അടങ്കൽ തുക	5800000	3000000	-
ചെലവ് തുക	889132	889132	4890374

ഫൈനൽ ബിൽ പ്രകാരം ആകെ ചെലവ് തുക 48,90,374/- രൂപയും വെബ് സാംഖ്യ , ചെലവ് പത്രിക എന്നിവ പ്രകാരം 8,89,132/- രൂപയും ആണ്. ബാക്കി 40,01,242/- രൂപ ചെലവഴിച്ചിരിക്കുന്നത് ഏത് ഫണ്ടിൽ നിന്നുമാണെന്ന് വ്യക്തമല്ല. കൂടാതെ ചെലവ് പത്രിക പ്രകാരം അടങ്കൽ തുക വകയിരിത്തിയിരിക്കുന്നത് CFC Tied Grant-ൽ നിന്നുമാണ്. എന്നാൽ 58,00,000/- രൂപ വകയിരുത്തിയിരിക്കുന്നത് എപ്രകാരമാണ് എന്ന് വ്യക്തമല്ല. അടങ്കൽ തുക, ചെലവ് തുക എന്നിവയിലെ പൊരുത്തക്കേടുകൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.281/കെ.എസ്.എ/ടിവിസി.8/2025, തീയതി.27.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-85 വയോജനോത്സവം-മധുരം ജീവിതം - പ്രവർത്തനങ്ങളിൽ അവ്യക്തത -അനുവദിച്ച മുൻകൂർ ഉൾപ്പെടെ 52,65,193രൂപ തടസപ്പെടുത്തുന്നു.

വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഭാഗമായി അവരുടെ കലാ കായിക സാംസ്കാരിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനായുള്ള വേദി ഒരുക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ഇത്. പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്ന് 27,65,193/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തനത്ഫണ്ടിൽ നിന്ന് കൗൺസിൽ വിഭാഗം ക്ലാർക്കിന് പദ്ധതി നടത്തിപ്പിനായി അനുവദിച്ച 25,00,000 രൂപയുടെ മുൻകൂർ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 3-7 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-86 വയോജന യോഗ സെന്റർ സജ്ജമാക്കുന്നതിനുള്ള സാധന സാമഗ്രികൾ വാങ്ങൽ -പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങളുടെ വിവരം ലഭ്യമല്ല- 4,99,258 രൂപ തടസപ്പെടുത്തുന്നു

പ്രോജക്ട് നം	ഫണ്ടിനം	ആകെ അടങ്കൽ	ചെലവ്	ബിൽ നം,തീയതി
0073/2024-25	വികസന ഫണ്ട്-ജനറൽ	10,00,000	4,99,258	3559/25.3.25
നിർവഹണ ഉദ്യോഗസ്ഥൻ : അഡീഷണൽ സെക്രട്ടറി				

വയോജനങ്ങളെ യോഗ പരിശീലിപ്പിക്കുന്നതിനായി നഗരസഭയുടെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി യോഗ സെന്ററുകൾ ആരംഭിക്കാൻ വിഭാവനം ചെയ്തിട്ടുള്ള മേൽ പ്രോജക്ട് പ്രകാരം 2024-25വർഷം പള്ളിത്തുറ, വെട്ടുകാട്, മെഡിക്കൽ കോളേജ് തുടങ്ങിയ 3വാർഡുകളിൽ യോഗ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വികസനഫണ്ടിൽ നിന്ന് 4,99,258 രൂപ ചെലവഴിച്ച് "ARTCO" യിൽ നിന്ന് കോർഡ് ലെസ്സ് മൈക്ക്സെറ്റ്, ബ്ലൂ ടൂത്ത് സ്പീക്കർ, യോഗ മാറ്റുകൾ, യോഗ ചെയർ, ലോക്കർ സംവിധാനം ഉൾപ്പെടെ 9ഇനം സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്. പദ്ധതിനടത്തിപ്പിൽ നിരവധി അപാകതകളുണ്ട്.

1) പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളിൽ അവ്യക്തത, ഇല്ലാത്ത സ്ഥാപനത്തിന് വേണ്ടി യോഗ സാധന സാമഗ്രികൾ വാങ്ങി-മെഡിക്കൽ കോളേജ്, പള്ളിത്തുറ എന്നീ വാർഡുകളിലെ സർക്കാർ ആയുർവേദ ആശുപത്രികൾ, വെട്ടുകാട് വാർഡിലെ കൊച്ചുവേളി-അപ്പൻപിള്ള റോഡിലെ ഡി.റ്റി.പി.സി സെന്ററിനകത്ത് പ്രവർത്തിക്കുന്ന നഗരസഭാ ജിം എന്നിവിടങ്ങളാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഫയൽ പരിശോധനയിൽ യോഗസെന്ററുകൾക്കായി വാങ്ങിയിട്ടുള്ള സാധനസാമഗ്രികൾ 20.3.2025ൽ അതാത് വാർഡ് കൗൺസിലർമാർ കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. എന്നാൽ പദ്ധതി പ്രകാരം യോഗ സെന്ററുകൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ, പ്രസ്തുത സെന്ററുകളിൽ പരിശീലകരെ നിയമിച്ചിട്ടുണ്ടോ, വയോജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗ ക്ലാസ്സുകൾ നിലവിൽ സംഘടിപ്പിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അവരെ തെരഞ്ഞെടുത്തത് എപ്രകാരമാണ്, പദ്ധതിമോണിട്ടറിംഗ് എപ്രകാരമാണ് നിർവഹിക്കുന്നത് എന്നീ വിവരങ്ങൾ വ്യക്തമല്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, പദ്ധതി മോണിട്ടറിംഗ് റിപ്പോർട്ട് ആവശ്യപ്പെട്ടും നല്കിയ 14.10.2025 ലെ 109/കെ.എസ്.എ./എ.ഒ.III/2025ാം നം ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയില്ല.

ഈ സാഹചര്യത്തിൽ ഓഡിറ്റ് ടീം 26.2.2026 ൽ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഭൌതികപരിശോധന നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജ്, പള്ളിത്തുറ വാർഡുകളിൽ നടത്തിയ പരിശോധനയിൽ മെഡിക്കൽ കോളേജ് വാർഡിൽ മേൽപ്പറഞ്ഞ പ്രകാരം ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തി. പ്രസ്തുത വാർഡിലേക്ക് വേണ്ടിയുള്ള സാധനസാമഗ്രികൾ മെഡിക്കൽ കോളേജ് വാർഡ് കൌൺസിലറായ ശ്രീ.ഡി.ആർ.അനിൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അവ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്ന് അറിയാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. പള്ളിത്തുറ വാർഡിൽ പ്രവർത്തിക്കുന്ന ആറ്റിപ്ര ആയുർവേദ ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ വയോജനങ്ങൾ ഉൾപ്പെടെയുള്ള നാൽപതോളം പൊതുജനങ്ങൾക്ക് യോഗ പരിശീലനം നല്കുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കോർഡ് ലെസ്സ് മൈക്ക്സെറ്റ്, ബ്ലൂ ടൂത്ത് സ്പീക്കർ , യോഗ ചെയർ ഒഴികെയുള്ള സാധനങ്ങൾ 2025 നാലാം മാസം സ്റ്റോക്കിലെടുത്തിട്ടുള്ളതായി കാണുന്നു. സ്റ്റോക്കിലെടുത്തിട്ടുള്ളവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ളതായി ഭൌതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. യോഗ ഹാൾ കൺസ്ട്രക്ഷൻ എന്ന നഗരസഭാ പ്രോജക്ടിന്റെ ഭാഗമായി ലഭ്യമായ സാധനങ്ങൾ എന്നാണ് സ്ഥാപനം സ്റ്റോക്ക് രജിസറ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ വെട്ടുകാട് വാർഡിൽ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ, എങ്കിൽ എവിടെയാണ് എന്നത് സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല.

2) യോഗപരിശീലനത്തിനാവശ്യമായ കോർഡ് ലെസ്സ് മൈക്ക്സെറ്റ്, ബ്ലൂ ടൂത്ത് സ്പീക്കർ ഉൾപ്പെടെയുള്ള എല്ലാ സാധന സാമഗ്രികളും വാങ്ങിയിട്ടുള്ളത് സർക്കാർ അംഗീകൃത സ്ഥാപനമായ "ARTCO" യിൽ നിന്നാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ അവ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതായി 2.12.2016 ലെ സ.ഉ(സാധാ)നം.3299/2016/ത.സ്വ.ഭ.വ ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അങ്ങനെയല്ലാത്തവ പരസ്യ ടെണ്ടർ മുഖേനയേ വാങ്ങുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച അഡീഷണൽ സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 285 /കെ.എസ്.എ./എ.ഒ.III/2025 തീയതി: 28.02.2026) മറുപടി നല്കിയില്ല.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ ചെലവ് തുകയായ 4,99,258 രൂപ തടസത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, പദ്ധതി പ്രകാരം വാങ്ങിയ എല്ലാ സാധനസാമഗ്രികളും സ്റ്റോക്കിൽ ഉൾപ്പെടുത്തി അവ സൂക്ഷിച്ചിരിക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള വിശദാംശങ്ങളും, പദ്ധതിയുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം പദ്ധതി ചെലവ് തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

1-86-1 വജ്രജൂബിലി ഫെല്ലോഷിപ്പ് - അപാകതകൾക്ക് മറുപടി നല്കിയില്ല-9,90,000രൂപ തടസപ്പെടുത്തുന്നു.

ക്രമ നം	പ്രോജക്ട് നം	ഫണ്ടിനം	ആകെ അടങ്കൽ	ചെലവ്	റിമാർക്സ്
1	1248/2024-25 (SO)	വികസന ഫണ്ട്-ജനറൽ	5,02,500	4,42,500	2023 നവംബർ മുതൽ 2024ഏപ്രിൽ വരെയുള്ള ഓണറേറിയം തുക
2	846/2024-25	വികസന ഫണ്ട്-ജനറൽ	15,00,000	5,47,500	2024 മെയ് മുതൽ 2024ഡിസംബർ വരെയുള്ള ഓണറേറിയം
ആകെ				990000	

നിർവഹണ ഉദ്യോഗസ്ഥൻ : അഡീഷണൽ സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം. 34/കെ.എസ്.എ./എ.ഒ.III/2025 തീയതി: 30.07.2025

യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം ക്ലാസ്സുകൾ സംഘടിപ്പിച്ച കലാകാരന്മാർക്ക് ഓണറേറിയം അനുവദിച്ച നല്കുന്നതിനായുള്ളതാണ് പദ്ധതി. പ്രതിമാസം 7500 രൂപ നിരക്കിലാണ് ഹോണറേറിയം നല്കിയിട്ടുള്ളത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 846/2024-25 പ്രോജക്ട് പ്രകാരം 2024 മെയ് മുതൽ 2024 ഡിസംബർ വരെയുള്ള ഓണറേറിയം തുകയായി 5,47,500/- രൂപ കലാകാരന്മാർക്ക് നല്കിയിട്ടുണ്ട്. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ വിലയിരുത്തൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കലാകാരന്മാർക്ക് തുക അനുവദിച്ച നല്കുന്നത്. ഇതിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 2024 ഡിസംബർ മാസത്തെ വിലയിരുത്തൽ സാക്ഷ്യപത്രം പ്രകാരം തിരുവനന്തപുരം കോർപ്പറേഷൻ ക്ലസ്റ്ററിൽ ഷോഗിന.പി, നഫ്സൽ .എൻ, വിനീത.എൻ, ധന്യഷ.കെ, മഹേഷ് എം.ആർ, സായികൃഷ്ണ എന്നീ 6 പേരാണ് കലാപരിശീലനത്തിനായി വിന്യസിക്കപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത സുബിൻ.ഡി, ഗാർഗി അനന്തൻ എന്നീ പരിശീലകർക്കും 2024 ഡിസംബർ മാസം 7500 രൂപ വീതം ഓണറേറിയം അനുവദിച്ച നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സുബിൻ.ഡി, ഗാർഗി അനന്തൻ എന്നീ പരിശീലകർ 2024 ഡിസംബർ മാസം സേവനം നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഹോണറേറിയം അനുവദിച്ച നല്കിയതിന്റെ സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

2) പരിശീലകരായ ഗാർഗ്ഗി അനന്തൻ, സുബിൻ.ഡി എന്നിവർക്ക് മേൽ പ്രോജക്ടുകൾ പ്രകാരം വിവിധ മാസങ്ങളിലെ ഓണറേറിയം ഇനത്തിൽ യഥാക്രമം 97,500രൂപയും, 1,05,000 രൂപയും അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തികൾ സമർപ്പിച്ചിരിക്കുന്ന അക്കൗണ്ട് നമ്പറിലേക്കല്ല തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളത്.

പേര്	തുക കൈമാറുന്നതിനായി സമർപ്പിച്ചിട്ടുള്ള അക്കൌണ്ട് നമ്പർ	തുക കൈമാറിയ അക്കൌണ്ട് നമ്പർ
ഗാർഗ്ഗി അനന്തൻ	Canara Bank-2769101014650 IFSC -CNRB0002769	HDFC Bank-50100131634321 IFSC- HDFC0004063
സുബിൻ.ഡി	Union Bank -336502010084097 IFSC-UBIN0533653	Canara Bank-0813101071244 IFSC- CNRB0000813

മേൽ പരിശീലകരുടെ അക്കൌണ്ടിലേയ്ക്ക് തന്നെയാണോ തുക ട്രാൻസ്ഫർ ആയിട്ടുള്ളത് എന്നതിൽ വ്യക്തത വരുത്തുന്നതിനാവശ്യമായ രേഖകൾ സഹിതം വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

3) പരിശീലന പരിപാടികൾക്കായി തിരുവനന്തപുരം നഗരസഭയിൽ എത്ര സെന്ററുകളാണ് ഉള്ളത്, അവ ഏതൊക്കെ, ഓരോ സെന്ററിലും എത്ര വിദ്യാർത്ഥികൾ പരിശീലനം നേടുന്നു തുടങ്ങിയ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

4) ഓണറേറിയം നല്കുന്നതിലേക്ക് പരിശീലകരുടെ ഹാജർ, പദ്ധതി പ്രവർത്തനാവലോകനം എന്നിവ സംബന്ധിച്ച മോണിട്ടറിംഗ് എപ്രകാരമാണ് നഗരസഭ നിർവഹിക്കുന്നത്. ഇത് സംബന്ധിച്ചുള്ള മസ്റ്റർ റോൾ (2023 നവംബർ മുതൽ 2024ഡിസംബർ വരെയുള്ളത്)എന്നിവയും പരിശോധനക്ക് നല്കിയിട്ടില്ല.

മേൽ വിഷയങ്ങളിൽ വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/കെ.എസ്.എ./എ.ഒ.III/2025തീയതി: 30.07.2025) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കാത്തതിനാലും, ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാലും ചെലവ് തുകയായ 9,90,000 രൂപ തടസത്തിൽ വയ്ക്കുന്നു. രേഖകൾ /വിശദാംശങ്ങൾ ഉൾപ്പെടെ മറുപടി ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.
ക്രമ നം.2 പ്രകാരം ചൂണ്ടിക്കാട്ടിയ അപാകത സംബന്ധിച്ച് വ്യക്തത വരുത്താനാവശ്യമായ രേഖകൾ ഹാജരാക്കാത്ത പക്ഷം മേൽ തടസ്സത്തുകയിൽ പരിശീലകരായ ഗാർഗ്ഗി അനന്തൻ, സുബിൻ.ഡി എന്നീ പരിശീലകർക്ക് ഓണറേറിയം ഇനത്തിൽ നല്കിയ 2,02,500/- രൂപ(97,500+1,05,000) നിരാകരിക്കുന്നതും, നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതുമാണ്.

1-87 കരാർ നിയമനം-അപാകതകൾ

നഗരസഭയിലും അനുബന്ധ സ്ഥാപനങ്ങളിലും സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള കരാർ നിയമനങ്ങളും നിലവിലുള്ള കരാർ നിയമനങ്ങളുടെ ദീർഘിപ്പിക്കലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-87-1 താൽക്കാലിക സെക്യൂരിറ്റി ജീവനക്കാർക്ക് പരമാവധിയിലും അധികം വേതനം അനുവദിക്കുന്നതിൽ സർക്കാർ മാനദണ്ഡം പാലിക്കുന്നില്ല.

തിരുവനന്തപുരം നഗരസഭയിൽ കെക്സ്ലോൺ എന്ന ഏജൻസി മുഖേന നിയമിക്കപ്പെട്ട 52 സെക്യൂരിറ്റി ജീവനക്കാർ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി നോക്കുന്നുണ്ട്. പ്രസ്തുത ജീവനക്കാർക്ക് അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള അധിക ദിവസങ്ങളിൽ ജോലി നോക്കുന്നതിന് പരമാവധിയിലും അധികം വേതനം അനുവദിക്കുന്നതിന് സർക്കാർ മാനദണ്ഡം പാലിക്കുന്നില്ല.

സ. ഉ. (പി) നം. 29/2021/ധന തീയതി 11-02-2021 പ്രകാരം 2024-25 കാലയളവിൽ സെക്യൂരിറ്റി ജീവനക്കാർക്ക് ഒരു മാസം അനുവദിക്കാവുന്ന പരമാവധി വേതനം 27 ദിവസത്തെ ശമ്പളമായ 20385/-രൂപയാണ് (755 X27). എന്നാൽ പ്രസ്തുത കാലയളവിൽ സെക്യൂരിറ്റി ജീവനക്കാർക്ക് വേതനം അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓരോ മാസത്തിലെയും 27 ൽ അധികം ദിവസങ്ങളിൽ ജോലി ചെയ്തിട്ടുള്ള ജീവനക്കാർക്ക് പരമാവധി വേതനമായ 20385/-രൂപയിലും അധികം വേതനം അനുവദിച്ചിട്ടുണ്ട്.

സ.ഉ (അച്ചടി) 81/2019/ധന, തീയതി 09.07.2019, സ.ഉ (അച്ചടി) 54/2025/ധന, തീയതി 19-04-2025 പ്രകാരം അവധി ദിവസങ്ങളിലും ജോലി ചെയ്യേണ്ടതായുള്ള ചില ഓഫീസുകളിൽ ഡ്രൈവർ, സെക്യൂരിറ്റി ജീവനക്കാർ ഉൾപ്പെടെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഓഫീസ് മേധാവിയുടെ നിർദേശാനുസരണം അവധി ദിവസം ഉൾപ്പെടെ 27 ൽ അധികം ദിവസം ജോലി ചെയ്യേണ്ട സാഹചര്യം വരികയാണെങ്കിൽ മാത്രമാണ് ഇവർക്ക് അപ്രകാരം അധികം ജോലി ചെയ്ത ദിവസങ്ങളിലെ അധിക വേതനത്തിന് അർഹതയുള്ളത്. ഇക്കാര്യത്തിൽ ഓഫീസ് മേധാവി പൂർണ ഉത്തരവാദിയാണ്. നഗരസഭയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർ അധിക ദിവസങ്ങളിൽ ജോലി ചെയ്യണമെന്നത് സംബന്ധിച്ച് ഓഫീസ് മേധാവി യാതൊരു നിർദേശവും നൽകിയിട്ടില്ല. എന്നാൽ പരമാവധിയിലും അധികം വേതനം അനുവദിച്ചിരിക്കുന്നു. ഉദാഹരണമായി 3/24ൽ 44 ജീവനക്കാർക്ക് 31 ദിവസവും ജോലി ചെയ്തതിന്റെയും 4/2024ൽ 43 ജീവനക്കാർക്ക് 30 ദിവസവും ജോലി ചെയ്തതിന്റെയും 1/2025 ൽ 44 ജീവനക്കാർക്ക് 31 ദിവസവും ജോലി ചെയ്തതിന്റെയും പ്രതിഫലം നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 101/കെ. എസ്.എ/എ ഒ 2/2025 , തീയതി 03.10.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വേതനം അനുവദിച്ചതിനാൽ 3/24, 4/24, 1/25 മാസങ്ങളിൽ ചുവടെ പറയും പ്രകാരം അധികം വേതനം നൽകാനിടയായി.

മാസം	കണക്കാക്കിയത്						കണക്കാക്കേണ്ടത്					അധികം അനുവദിച്ചുക
	ജോലി നോക്കിയ ജീവനക്കാരുടെ എണ്ണം	ജോലി ചെയ്ത ദിവസങ്ങൾ കണക്കാക്കിയത്	വേതനം കണക്കാക്കിയത് (@755)	ആകെ വേതനം	ജി എസ്ടി/ സർവീസ് ചാർജ് ഉൾപ്പെടെ കണക്കാക്കിയ ആകെവേതനം	IT കഴിച്ച് അനുവദിച്ച വേതനം	ജോലി ചെയ്ത ദിവസങ്ങൾ കണക്കാക്കേണ്ടത്	വേതനം കണക്കാക്കേണ്ടത് (@755)	ആകെ വേതനം	ജി എസ്ടി ഉൾപ്പെടെ കണക്കാക്കേണ്ട വേതനം	IT കഴിച്ച് അനുവദിക്കാവുന്ന വേതനം (2%)	
3/24	44	31	1029820	1066815	1258842	1233665 (ചെക്ക് നം. 890668/29.04.24)	27	896940	933180	1101152	1082489	151176
	1	17	12835				17	12835				
	1	28	21140				27	20385				
	1	4	3020				4	3020				
4/24	43	30	973950	1036615	1223206	1198742 (ചെക്ക് നം. 890776/ 21.05.24)	27	876555	937710	1106498	1087744	110998
	2	27	40770				27	40770				
	1	29	21895				27	20385				
1/25	44	31	1029820	1065305	1257060	1235754 (ചെക്ക് നം. 430707/11.02.2025)	27	896940	931670	1099371	1080738	155016
	1	15	11325				15	11325				
	1	28	21140				27	20385				
	1	4	3020				4	3020				

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹത കൃത്യമായി നിർണയിച്ച് നടപടിക്രമം പാലിച്ച് മാത്രം വേതനം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-87-2 താൽക്കാലിക ജീവനക്കാരുടെ സേവനം-ദീർഘിപ്പിക്കൽ-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല

നഗരസഭ കൗൺസിൽ മിനിട്സ് പരിശോധിച്ചതിൽ നഗരസഭയിൽ പല തസ്തികകളിലായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്ത് വരുന്ന താൽക്കാലിക ജീവനക്കാരുടെ സേവനം ദീർഘിപ്പിച്ച് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) 20-06-2024 ലെ 3 (എ) 1 നം. കൗൺസിൽ തീരുമാനം

20-06-2024 ലെ 3 (എ) 1 കൗൺസിൽ തീരുമാനം പ്രകാരം നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി അനുഷ്ഠിച്ച് വരുന്ന ആന്റി മസ്ക്വിറ്റോകൺട്രോൾ വർക്കർമാർ(28), വിളപ്പിൻശാലയിൽ നിന്നും പുനർവിന്യസിക്കപ്പെട്ട് വിവിധ സർക്കിളുകളിൽ നിയമിച്ചിട്ടുള്ള സാനിട്ടേഷൻ വർക്കർമാർ(28), ഡ്രൈവർമാർ, വാച്ച്മാൻമാർ (25) എന്നിവരുടെ (ആകെ 81 ജീവനക്കാർ) സേവനകാലാവധി 13.05.2024 ൽ അവസാനിച്ചതിനാൽ 16.05.2024 മുതൽ 179 ദിവസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട് (ഫയൽ നം.G C1/5113/16).

2) 29.07.2024 ലെ 3 എ (7) നം. കൗൺസിൽ തീരുമാനം

മേൽ കൗൺസിൽ തീരുമാനം പ്രകാരം ഡാറ്റാഎൻട്രി തസ്തികയിൽ വിവിധ സെക്ഷനുകളിൽ ജോലി നോക്കുന്ന താൽക്കാലിക ജീവനക്കാരുടെ നിയമനങ്ങൾ നീട്ടി നൽകിയിട്ടുണ്ട്. (ഫയൽ നം. GE7/29901/17)

ക്രമ നം	തസ്തിക	സെക്ഷൻ	കാലാവധി അവസാനിക്കുന്ന തീയതി	കാലാവധി പുതുക്കുന്ന തീയതി
1	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	05.06.2024	08.06.2024 മുതൽ 03.12.2024 വരെ
2	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	മരാമത്ത് കമ്മിറ്റി	05.06.2024	08.06.2024 മുതൽ 03.12.2024 വരെ
3	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	വികസനകാര്യ കമ്മിറ്റി	05.06.2024	08.06.2024 മുതൽ 03.12.2024 വരെ
4	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	ക്ഷേമകാര്യ കമ്മിറ്റി	05.06.2024	08.06.2024 മുതൽ 03.12.2024 വരെ

5	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	വിദ്യാഭ്യാസ കമ്മിറ്റി	05.06.2024	08.06.2024 മുതൽ 03.12.2024 വരെ
6	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	റവന്യൂ വിഭാഗം	15.06.2024	18.06.2024 മുതൽ 13.12.2024 വരെ
7	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	റവന്യൂ വിഭാഗം	15.06.2024	18.06.2024 മുതൽ 13.12.2024 വരെ
8	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	പട്ടികജാതി വിഭാഗം	15.06.2024	18.06.2024 മുതൽ 13.12.2024 വരെ

3) 15.01.2025 ലെ 3 എ (13) നം. കൗൺസിൽ തീരുമാനം

മേൽ കൗൺസിൽ തീരുമാനം പ്രകാരം (ഫയൽ നം. GE7/KSMART/2857751/2024) നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ചുവടെ പറയുന്ന സെക്ഷനുകളിൽ ജോലിനോക്കുന്ന ജീവനക്കാരുടെ സേവനകാലാവധി അവസാനിച്ചതിനാൽ HOD/ചാർജ് ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നീട്ടി നൽകിയിട്ടുണ്ട്.

ക്രമ നം	തസ്തിക	സെക്ഷൻ	കാലാവധി അവസാനിക്കുന്ന തീയതി	കാലാവധി പുതുക്കുന്ന തീയതി
1	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	ഫോർട്ട് സോണൽ	05.01.2025	08.01.2025 മുതൽ 05.07.2025 വരെ
2	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	കടകംപള്ളി സോണൽ	07.01.2025	10.01.2025 മുതൽ 07.07.2025 വരെ
3	ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ്	ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ്	07.01.2025	10.01.2025 മുതൽ 07.07.2025 വരെ
4	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	വിഴിഞ്ഞം സോണൽ	20.01.2025	23.01.2025 മുതൽ 20.07.2025 വരെ
5	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	വിഴിഞ്ഞം സോണൽ	20.01.2025	23.01.2025 മുതൽ 20.07.2025 വരെ
6	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	ഉള്ളൂർ സോണൽ	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
7	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	വട്ടിയൂർക്കാവ് സോണൽ	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
8	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	റവന്യൂ വിഭാഗം	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
9	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	മേയർ സെക്ഷൻ	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
10	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	ഡെപ്യൂട്ടി മേയർ ഓഫീസ്	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
11	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	ജനകീയാസൂത്രണം	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
12	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	അക്കൗണ്ട്സ്	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
13	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	അക്കൗണ്ട്സ്	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
14	സ്വീപ്പർ കം കൗണ്ടർ സ്റ്റാഫ്	28.01.2025	28.01.2025	31.01.2025 മുതൽ 28.07.2025 വരെ
15	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	28.01.2025	01.02.2025	04.02.2025 മുതൽ 01.08.2025 വരെ
16	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	പെൻഷൻ സെക്ഷൻ	03.03.2025	06.03.2025 മുതൽ 31.08.2025 വരെ
17	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	ജനറൽ സെക്ഷൻ	24.03.2025	27.03.2025 മുതൽ 21.09.2025 വരെ
18	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	കടപ്പനക്കുന്ന് സോണൽ	24.03.2025	27.03.2025 മുതൽ 21.09.2025 വരെ
19	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	പെൻഷൻ സെക്ഷൻ	24.03.2025	27.03.2025 മുതൽ 21.09.2025 വരെ
20	ഡാറ്റാഎൻട്രി ഓപ്പറേറ്റർ	പമ്പ് ഓപ്പറേറ്റർ	24.03.2025	27.03.2025 മുതൽ 21.09.2025 വരെ
21	ലിഫ്റ്റ് ഓപ്പറേറ്റർ	മെയിൽ ഓഫീസ്	24.03.2025	27.03.2025 മുതൽ 21.09.2025 വരെ
22	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി	24.02.2025	27.02.2025 മുതൽ 24.08.2025 വരെ

4) 15.02.2025 ലെ 3 ഡി (25) നം. കൗൺസിൽ തീരുമാനം

മേൽ കൗൺസിൽ തീരുമാനം പ്രകാരം (ഫയൽ നം. H20/H15/56880/2019) Septage Collection Online സംവിധാനമായ കാൾ സെന്ററിൽ എക്സിക്യൂട്ടീവ് ആയി ജോലി നോക്കുന്ന 3 ജീവനക്കാരുടെ സേവനകാലാവധി 30.09.2024 ൽ അവസാനിച്ചിട്ടുള്ളതിനാൽ 03.10.2024 മുതൽ 179 ദിവസത്തേയ്ക്ക് നീട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

5) 15.02.2025 ലെ 3 എഫ് (2) നം. കൗൺസിൽ തീരുമാനം

മേൽ കൗൺസിൽ തീരുമാനം പ്രകാരം (ഫയൽ നം. C4/68345/2020) നഗരസഭയിലെ താൽക്കാലിക ജീവനക്കാരായ ദുരന്ത നിവാരണ സെക്ഷനിലെ രണ്ട് ജീവനക്കാരുടെ സേവനകാലാവധി 28.12.2024 ൽ അവസാനിച്ചിട്ടുള്ളതിനാൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി 3.1.2025 മുതൽ 179 ദിവസത്തേയ്ക്ക് നീട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

6) 11.09.2024 ലെ 3 ഡി (2) നം. കൗൺസിൽ തീരുമാനം പ്രകാരം

തുമ്പൂർമുഴി എയ്റോബിക് ബിന്നുകളുടെ പരിപാലന ജോലി നിർവഹിക്കുന്ന 329 തൊഴിലാളികളുടെ സേവനകാലാവധി 21-07-2022 ലെ സ.ഉ. (സാധാ) നം. 1743/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 23.06.2022 ന് അവസാനിച്ചിട്ടുണ്ട്. എന്നാൽ ടി തൊഴിലാളികളുടെ സേവനം തുടർന്ന് ആവശ്യമായ സാഹചര്യത്തിൽ 60 വയസ്സ് കഴിഞ്ഞവരെ ഒഴിവാക്കി മറ്റുള്ളവർക്ക് സേവനകാലാവധി 179 ദിവസത്തിൽ അധികരിക്കില്ലെന്ന വ്യവസ്ഥയിൽ ദീർഘിപ്പിക്കുന്നതിന് 24.06.2022 മുതൽ 179 ദിവസത്തേയ്ക്കും 24.12.2022 മുതൽ 179 ദിവസത്തേയ്ക്കും 22.06.2023 മുതൽ 179 ദിവസത്തേയ്ക്കും 23.12.2023 മുതൽ 179 ദിവസത്തേയ്ക്കും 24.06.2024 മുതൽ 179 ദിവസത്തേയ്ക്കും ആകെ 895 ദിവസത്തേയ്ക്ക് നീട്ടി ലഭിക്കുന്നതിന് നഗരസഭാധികൃതർ സർക്കാറിന് കത്തയച്ചിട്ടുണ്ട്. സേവനകാലാവധി നീട്ടി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ഫയൽ ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി (നം. 171/കെ. എസ്.എ/എ ഒ 2/2025, തീയതി 27.12.2025) നൽകിയെങ്കിലും മറുപടിയോ ഫയലുകളോ ഹാജരാക്കിയിട്ടില്ല.

ധനകാര്യവകുപ്പിന്റെ 09-07-2019 ലെ സ.ഉ (അച്ചടി) നം.81/2019/ധന ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാറിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളുവെന്നും ഇപ്രകാരമുള്ള കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തണമെന്നും വകുപ്പ് മേധാവിക്ക് ബാധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതാണെന്നും രണ്ട് വർഷകാലാവധിക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടുകൂടി മാത്രമേ കരാർ പുതുക്കാൻ പാടുള്ളുവെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. 83/2019/ധന തീയതി 05-10-2019 സർക്കുലറിൽ അനുവദിക്കപ്പെട്ട അംഗപരിമിതിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ വിവിധ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ ആവശ്യമെങ്കിൽമാത്രം നിയമിക്കാവൂ എന്നും അംഗീകൃത സ്ഥിരതസ്തികകൾ ഇല്ലാതെയുള്ള നിയമനങ്ങൾ വ്യക്തമായ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രമല്ല ഏത് അംഗീകൃത ഒഴിവിന് നേരെയുള്ള താൽക്കാലിക നിയമനം നടത്തുമ്പോഴും ആരുടെ അവധി/വിരമിക്കൽ/പിരിച്ചുവിടൽ/സസ്പെൻഷൻ തുടങ്ങിയവയ്ക്ക് എതിരെയാണെന്ന് നിയമനനടപടിക്രമത്തിൽ രേഖപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

മുകളിൽ പരാമർശിച്ചിട്ടുള്ള (1 മുതൽ 6വരെ) താൽക്കാലിക ജീവനക്കാരുടെ നിയമനത്തിൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ഫയലുകൾ (ഫയൽ നം.G C1/5113/16, ഫയൽ നം. GE7/29901/17, ഫയൽ നം. GE7/KSMART/2857751/2024, ഫയൽ നം. H20/H15/56880/2019, ഫയൽ നം. C4/68345/2020) പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 171/കെ. എസ്.എ/എ ഒ 2/2025, തീയതി 27.12.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-87-3 പി.എച്ച്.സി., സി.എച്ച്.സി., യു.പി.എച്ച്.സി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ സർക്കാർ അനുമതി ഇല്ലാതെ സ്റ്റാഫുകളെ നിയമിച്ച് വേതനം നൽകി വരുന്നു.-വകയിരുത്തിയതിലും അധികം തുക ചെലവഴിച്ചു.

നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ പി.എച്ച്.സി., സി.എച്ച്.സി., യു.പി.എച്ച്.സി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നിവരെ നിയമിച്ച് വേതനം നല്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	കുടുംബ ആരോഗ്യകേന്ദ്രം ഹെൽത്ത് യൂണിറ്റ് എന്നിവയുടെ മാനുഷിക വിഭവശേഷി ഉയർത്തലും മറ്റ് വികസനപ്രവർത്തനങ്ങളും ആർദ്രം
പ്രോജക്ട് നം-	763-2025
അടങ്കൽ	2,38,93,871/- 10000000/-(വികസനഫണ്ട് പൊതുവിഭാഗം) 13893871/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ചെലവ്	2,00,00,151/- 1,00,00,000/-(വികസനഫണ്ട് പൊതുവിഭാഗം) 1,00,00,151/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ബിൽ നം- തീയതി- തുക-	ബിൽ നം- 2834തീയതി. 10/03/2025 തുക 1903584/- ബിൽ നം- 3284തീയതി. 22/03/2025 തുക 50450/- ബിൽ നം- 1906തീയതി. 16/01/2025 തുക 137500/- ബിൽ നം- 1912തീയതി. 07/01/2025 തുക 70161/- ബിൽ നം- 1998തീയതി. 15/01/2025 തുക 37097/- ബിൽ നം- 1900തീയതി. 06/01/2025 തുക 591516/- ബിൽ നം- 1901തീയതി. 06/01/2025 തുക 377500/- ബിൽ നം- 1904തീയതി. 06/01/2025 തുക 474193/- ബിൽ നം- 1905തീയതി. 06/01/2025 തുക 471016/- ബിൽ നം- 2346തീയതി. 10/02/2025 തുക 2065967/- ബിൽ നം- 1185തീയതി. 03/10/2024 തുക 10000000/- ബിൽ നം- 1186തീയതി. 03/10/2024 തുക 1900246/- ബിൽ നം- 1233തീയതി. 08/10/2024 തുക 2020921/-
സ്റ്റാന്റിംഗ് കമ്മിറ്റി-തീരുമാനം	ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി No.1/24-07-2024
ഭരണാനുമതി-	3(B)1/02-08-2024
നിർവഹണം	ഹെൽത്ത് ഓഫീസർ.

10.05.2017-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 2.13-ാം നം. തീരുമാന പ്രകാരം ആവശ്യമുള്ള സ്ഥലങ്ങളിൽ ഒരു പി.എച്ച്.സി.യിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 25.10.2023 ലെ സർക്കുലർ നം ഡി.എ 1/363/2023-ത.സ്വ.ഭ.വ. പ്രകാരം പി.എച്ച്.സി, എഫ്.എച്ച്.സി എന്നിവിടങ്ങളിൽ ഓരോ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും സി.എച്ച്.സി.കളിൽ 2 ഡോക്ടർമാരെയും 2 പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. മേൽ പ്രസ്താവിച്ചിരിക്കുന്ന ഉത്തരവ് അനുസരിച്ച് നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം ആകെ 62 സ്റ്റാഫുകളെ നിയമിക്കാവുന്നതാണ്.

ക്രമ നം.	താലൂക്ക് ആശുപത്രി / PHC/UPHC	അംഗീകൃത മെഡിക്കൽ ഓഫീസർമാരുടെ എണ്ണം	അംഗീകൃത പാരമെഡിക്കൽ ജീവനക്കാരുടെ എണ്ണം	ആകെ അംഗീകൃതജീവനക്കാരുടെ എണ്ണം
1	ഫോർട്ട് താലൂക്ക് ആശുപത്രി	1	1	2
2	നേമം താലൂക്ക് ആശുപത്രി	1	1	2
3	FHC കടകംപള്ളി	1	1	2
4	FHC മുക്കോല	1	1	2
5	FHC വട്ടിയൂർക്കാവ്	1	1	2
6	FHC ജഗതി	1	1	2
7	FHC വേളി	1	1	2
8	FHC തിരുവല്ലം	1	1	2
9	FHC ചെട്ടിവിളാകം	1	1	2
10	PHC കരമന	1	1	2
11	PHC ഉള്ളൂർ	1	1	2
12	CHC പൂന്തുറ	2	2	4
13	CHC ഐരാണിമുട്ടം	2	2	4
14	കവടിയാർ പാലസ് ഡിസ്പെൻസറി	1	1	2
15	CSH വലിയതുറ	1	1	2
16	UPHC ബീമാപള്ളി	1	1	2
17	UPHC കണ്ണമ്മൂല	1	1	2
18	UPHC തുക്കണ്ണാപുരം	1	1	2
19	UPHC മുട്ടട	1	1	2

20	UPHC കര്യാത്തി- ആറ്റുകാൽ	1	1	2
21	UPHC കളിപ്പാൻകുളം	1	1	2
22	UPHC വെട്ടുകാട്	1	1	2
23	UPHC രാജാജി നഗർ	1	1	2
24	UPHC പാൽക്കുളങ്ങര	1	1	2
25	UPHC ചാക്ക	1	1	2
26	UPHC കോവളം	1	1	2
27	UPHC നന്തൻകോട്	1	1	2
28	UPHC വട്ടിയൂർക്കാവ്	1	1	2
29	UPHC ചാല	1	1	2
ആകെ		31	31	62

മേൽ സൂചിപ്പിച്ച പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.അനുമതി ഇല്ലാതെ അധികം സ്റ്റാഫിനെ നിയമിച്ച് വേതനം നൽകി .

പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി നഗരസഭയുടെ നിയന്ത്രണത്തിലുള്ള പി.എച്ച്.സി, യു.പി.എച്ച്.സി, സി.എച്ച്.സി. താലൂക്ക് ആശുപത്രി ഡിസ്പെൻസറികൾ, എഫ്.എച്ച്.സി എന്നിവിടങ്ങളിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ, റേഡിയോളജിസ്റ്റ്, ഫാർമസിസ്റ്റ്, എക്സ്റേ ടെക്നീഷ്യൻ എന്നിവരെ നിയമിക്കുന്നതിനും ഓണറേറിയം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഡി.എ 1/363/2023 ത.സ്വ.ഭ.വ. തീയതി. 25.10.2023 പ്രകാരം 31 മെഡിക്കൽ ഓഫീസർമാരെയും 31 പാരാമെഡിക്കൽ സ്റ്റാഫുകളെയും നഗരസഭയ്ക്ക് നിയമിക്കാവുന്നതാണ്. എന്നാൽ ഇതിലേറെ ജീവനക്കാരെ നിയമിച്ച് ഓണറേറിയം നൽകിയതായി കാണുന്നു. ഈ പ്രോജക്ട് പ്രകാരം നഗരസഭയ്ക്ക് വിട്ടുകിട്ടിയ 15 ആശുപത്രികളിലേക്കും 14 യു.പി.എച്ച്.സി കളിലേക്കും 62 സ്റ്റാഫുകൾക്ക് ഓണറേറിയം നൽകേണ്ടതുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആകെ 32 മെഡിക്കൽ ഓഫീസർമാരെയും 32 പാരാമെഡിക്കൽ സ്റ്റാഫുകളെയും 36 ഫാർമസിസ്റ്റ്മാരെയും 18 ലാബ് ടെക്നീഷ്യൻമാരെയും നിയമിച്ചിട്ടുണ്ട്. ഇതിൽ ആകെ നിയമിച്ചിരിക്കുന്ന 118 സ്റ്റാഫുമാരിൽ 56 പേർക്ക് സർക്കാർ അനുമതിയില്ല. ഈ അപാകത ഓഡിറ്റ് എൻക്വയറി നം. 63/കെ.എസ്.എ./ടിവിസി.11/2025. തീയതി: 19.09.2025. പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിരുന്നു. ആയതിന് J3/75319/23 തീയതി. 07-10-2025 പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധാരാളം രോഗികളുള്ള FHC, CHC, PHC, UPHC എന്നിവിടങ്ങളിൽ ഒരു പാരാമെഡിക്കൽ സ്റ്റാഫിനെക്കൊണ്ട് ജോലി എടുക്കാൽ സാധിക്കില്ലായെന്നും മരുന്ന് നൽകൽ, ലാബ് ടെസ്റ്റ്, ഇൻജക്ഷൻ, ഫസ്റ്റ് എയ്ഡ് എന്നിവ നൽകാൻ അതത് സ്റ്റാഫുകൾക്ക് മാത്രമെ കഴിയുകയുള്ളുവെന്നും നിലവിൽ ഹോസ്പിറ്റലുകളിൽ സ്റ്റാഫുകളുടെ കുറവുണ്ടെന്നും ഇത് നികത്തുന്നതിനുവേണ്ടി നഗരസഭ നിയമിച്ച സ്റ്റാഫുകളാണ് ഇവരെന്നുമാണ് മറുപടി ലഭ്യമാക്കിയത്. അധികമായി സ്റ്റാഫുകളെ നിയമിക്കാൻ സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നിരിക്കെ അതിന് വിരുദ്ധമായി നിയമനം നടത്തിയ നടപടി അംഗീകരിക്കാൻ കഴിയില്ല. ആയത് സാധൂകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്രോജക്ടിൽ ഉൾപ്പെടുത്താതെ തുക ചെലവഴിച്ചു .

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ സർക്കാർ അനുമതി പ്രകാരം നിയമിതരായിട്ടുള്ള 62 ജീവനക്കാർക്കായി വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയിൽ നിന്നും തുക ചെലവഴിക്കുകയും അനുതി ലഭ്യമല്ലാത്ത ജീവനക്കാർക്കായി തനത് ഫണ്ടിൽ നിന്നും പ്രോജക്ടിന്റെ ഭാഗമാക്കാതെ (സുലേഖയിൽ ഉൾപ്പെടാതെ) തുക ചെലവഴിച്ച ശേഷം തുടർവർഷം പ്ലാൻ ഫണ്ടിൽനിന്നും റീഇപ്പ് ചെയ്യുന്ന രീതിയാണ് കാണുന്നത്. തൻവർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഓണറേറിയം മാസം	ഓണറേറിയം കൈപ്പറ്റിയ ജീവനക്കാരുടെ എണ്ണം	ഓണറേറിയം നൽകിയ തുക
സെപ്റ്റംബർ 2024	57	10,85,881/-
ഒക്ടോബർ 2024	56	10,42,581/-
ഡിസംബർ 2024	55	10,26,356
ഫെബ്രുവരി 2025	56	9,26,568/-
മാർച്ച് 2025	112	29,66,958/-
ആകെ		70,48,344/-

മെഡിക്കൽ ഓഫീസർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയും നിയമിച്ച് ഓണറേറിയം നൽകുന്നതിനായി രൂപീകരിച്ച ഈ പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടില്ല. എന്നാൽ ഇവിടെ തൻവർഷം 70,48,344/- രൂപ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ടി തുക സുലേഖയിൽ ഉൾപ്പെടാത്തതിനാൽ പദ്ധതിയുടെ ചെലവായി കണക്കാക്കാതെ വരുന്നു. ഇത് അപാകതയായി നിൽക്കുന്നു.

3. ഓണറേറിയം നല്കുന്നതിനുവേണ്ടി മാത്രം പ്രോജക്ട് രൂപീകരിച്ചു .

സർക്കാർ ഉത്തരവ് (കൈ) 115/2022 ത.സ്വ.ഭ.വ. തീയതി. ഖണ്ഡിക 8-6 പ്രകാരം സർക്കാറിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ലാ എന്ന് പരാമർശിക്കുന്നുണ്ട്. ഓണറേറിയം നല്കുന്നതിനു വേണ്ടി മാത്രമാണ് ടി പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ഡി.എ 1/363/2023 ത.സ്വ.ഭ.വ. തീയതി. 25.10.2023 പ്രകാരം 31 മെഡിക്കൽ ഓഫീസർമാരെയും 31 പാരാമെഡിക്കൽ സ്റ്റാഫുകളെയും നിയമിക്കുന്നതിനുള്ള അനുമതി മാത്രമെ ലഭ്യമായിട്ടുള്ളതായി കാണുന്നുള്ളു. എന്നാൽ ആകെ 118 സ്റ്റാഫുകളെ നിയമിച്ച് ഓണറേറിയം നൽകിയിട്ടുണ്ട്.

4. മാർഗനിർദ്ദേശത്തിന് വിരുദ്ധമായി സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചു .

സർക്കാർ ഉത്തരവ് (കൈ) 115/2022 ത.സ്വ.ഭ.വ. തീയതി. ഖണ്ഡിക 7-6-1, 7-6-2 എന്നിവ പ്രകാരം ലാബ് ടെക്നീഷ്യൻമാർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നിവർക്കുള്ള വേതനത്തിനായി വികസനഫണ്ട്/തനത് ഫണ്ട് ഉപയോഗിക്കാമെന്ന് പരാമർശിച്ചിട്ടുണ്ട്. ആകെ ചെലവ് 20000151/- രൂപയായ ഈ പ്രോജക്ടിന് 10000000/-രൂപ മാത്രമെ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളു. 13893871/-രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് (കൈ) നം.90/2023 /തീയതി 09.04.2023 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഓണറേറിയം നൽകാൻ വ്യവസ്ഥയില്ല. ഈ അപാകത ഓഡിറ്റ് എൻക്വയറി നം. 63/കെ.എസ്.എ./ടിവിസി.11/2025. തീയതി: 19.09.2025. പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയപ്പോൾ ഡി.പി.സി അംഗീകാരം ലഭ്യമായതിനാലാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ച വിഷയത്തിൽ അടിയന്തിരമായി സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അപ്രകാരം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നതാണ്.

1-87-4 സ്കൂൾ സുരക്ഷാ പദ്ധതി- സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ വികസനഫണ്ട് ലാപ്സ് ആയി- കരാർ ജീവനക്കാരുടെ വേതന ഇനത്തിൽ വികസനഫണ്ടിൽ നിന്ന് തുക അനുവദിച്ചു.

പ്രോജക്ട് നം.	425/2024-25
ഫണ്ടിനം	വികസന ഫണ്ട്(ജനറൽ)
അടങ്കൽ	46,19,998
ചെലവ്	6,78,387
ബിൽ നം, തീയതി	763/10.7.24 (Rs.2,23,450) 1357/24.10.24(Rs.1,63,875) 1540/11.12.24 (Rs.55,525) 1550/11.12.24 (Rs.56,875) 1918/7.1.25 (Rs.54,175) 2465/18.2.25 (55,525) 2699/3.3.25(54,850) 3122/20.3.25(14,112)
നിർവഹണ ഉദ്യോഗസ്ഥൻ	അഡീഷണൽ സെക്രട്ടറി

നഗരസഭാപരിധിയിൽ ഉൾപ്പെട്ട തിരഞ്ഞെടുത്ത 25 സർക്കാർ സ്കൂളുകളിൽ ദുരന്തനിവാരണ കാര്യപരിപാടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയതാണ് സ്കൂൾ സുരക്ഷാ പദ്ധതി. ദുരന്തസാഹചര്യങ്ങൾ സംബന്ധിച്ച് അവബോധം നല്കിയും, ആയത് തരണം ചെയ്യുന്നതിനുള്ള പരിശീലനം നല്കിയും അത്തരം സാഹചര്യങ്ങളെ കാര്യക്ഷമമായി നേരിടാൻ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പ്രാപ്തരാക്കുകയും അതുവഴി ദുരന്തത്തിന്റെ ആഘാതം ലഘൂകരിക്കുകയും ആണ് പദ്ധതി ലക്ഷ്യം.

പദ്ധതിക്കായി വികസനഫണ്ടിൽ ലക്ഷങ്ങൾ വകയിരുത്തിയെങ്കിലും തൻവർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിലുള്ള വീഴ്ച മൂലം വികസനഫണ്ട് ലാപ്സ് ആയ സാഹചര്യമാണ് ഉള്ളത്. തൻവർഷം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരണം, രക്ഷപ്പെടുത്തൽ, പ്രഥമ ശുശ്രൂഷ നല്കൽ, അതി സുരക്ഷ എന്നിവയുമായുള്ള വ്യത്യസ്ത തരം എമർജൻസി റെസ്പോൺസ് ടീമുകളുടെ രൂപീകരണം, സ്കൂൾ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും അഗ്നിരക്ഷാ പരിശീലനമുൾപ്പെടെയുള്ള ദുരന്തനിവാരണ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ഭൂകമ്പം, അഗ്നിസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ടുള്ള മോക്ക് ഡ്രിൽ സംഘടിപ്പിക്കൽ, സ്കൂൾ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ, പരിശീലന ഹാന്റ് ബുക്ക് തയ്യാറാക്കൽ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതി വിഭാവനം ചെയ്തിരിക്കുകയും ഇതിനായി 19.10.2024ലെ 3(എഫ്)7 നം കൗൺസിൽ തീരുമാനപ്രകാരം ടൗൺപ്ലാനിംഗ് കമ്മിറ്റിയുടെ 7/10/2024 ലെ ശിപാർശ പ്രകാരമുള്ള നഗരസഭാപരിധിയിലുള്ള 25സർക്കാർ സ്കൂളുകളെ തിരഞ്ഞെടുത്ത് കൊണ്ട് അവയുടെ പട്ടിക അംഗീകരിക്കുകയും, 15.2.2025ലെ 3(എഫ്)4 നം കൌൺസിൽ തീരുമാനപ്രകാരം ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ 20,00,000 രൂപയുടെ പ്രോപ്പോസൽ അംഗീകരിച്ച് ടി സ്ഥാപനത്തിനെ പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുക്കുകയും ചെയ്തു. കൂടാതെ അഡീഷണൽ സെക്രട്ടറി കൺവീനറായും, ടൗൺപ്ലാനിംഗ് കമ്മിറ്റി ചെയർമാൻ, ചെയർമാനായും ഒരു പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

നിർവഹണ ഏജൻസിയായ ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി 15.3.2025ൽ നഗരസഭ ഏർപ്പെട്ട കരാർ പ്രകാരം 2025 മാർച്ച് 15 മുതൽ 2026 മാർച്ച് 14 വരെയുള്ള കാലയളവിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായും, പദ്ധതിയെ 4ഘട്ടങ്ങളായി തിരിച്ച് ഓരോ ഘട്ടപ്രകാരമുള്ള പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് അനുസൃതമായി പദ്ധതി തുകയുടെ 20%, 30%, 25%, 25% എന്നിങ്ങനെ ഫണ്ട് റിലീസിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകൾ ചെലവ് ചെയ്തിട്ടുള്ളത് 2025-26 ലെ 962/2025-26 പ്രോജക്ടിൽ നിന്നാണ്. അതായത് ഫലത്തിൽ 2024-25ലെ അംഗീകൃത പ്രോജക്ടിൽ 46.2 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ചെലവ് നടത്തിയത് 2025-26 ലെ പ്രോജക്ടിൽ നിന്ന് ആയതിനാൽ തൻവർഷ തുക ലാപ്സ് ആയിരിക്കുകയാണ്.

പദ്ധതിയുടെ നിർവഹണത്തിനായി 20,00,000 രൂപയുടെ പ്രൊപ്പോസലാണ് അംഗീകരിച്ചിട്ടുള്ളത്. പ്രോജക്ടിനായി ഇതുയും വലിയ തുക വകയിരുത്തിയ സാഹചര്യം വ്യക്തമല്ല. പ്രസ്തുത ചെലവ് കൂടാതെ എന്തൊക്കെ പ്രവർത്തനങ്ങളാണ് പദ്ധതി പ്രകാരമുള്ള ബാക്കി തുകക്ക് ഉദ്ദേശിച്ചിട്ടുള്ളത് എന്നും വ്യക്തമല്ല.

പദ്ധതിചെലവിന്റെ പരിശോധനയിൽ കണ്ടെത്തിയ മറ്റൊരു അപാകത ചുവടെ ചേർക്കുന്നു.

- 46.2 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയുടെ തൻവർഷ ചെലവ് 6,78,387 രൂപ മാത്രമാണ്. ഇതിൽ ബിൽ നം 3122/20.3.254 പ്രകാരം എക്സ്സ്സ് പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് സ്ഥാപനത്തിന് നല്കുന്നതിന് ചെലവഴിച്ചിട്ടുള്ള 14,112 രൂപ ഒഴികെയുള്ള ബാക്കി 6,64,275 രൂപ ചെലവഴിച്ചിരിക്കുന്നത് നഗരസഭയുടെ ദുരന്തനിവാരണ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുള്ള താല്ക്കാലിക ജീവനക്കാരുടെ വേതനം നല്കുന്നതിനായാണ്. മുൻവർഷങ്ങളിലും ഇതേ അപാകത നിലനില്ക്കുന്നുണ്ട്.
- ഇതുമായി ബന്ധപ്പെട്ട ഫയൽ നം.C4/E3/68345/2020 പരിശോധിച്ചതിൽ ദുരന്തനിവാരണ സെല്ലിന്റെ പ്രവർത്തനത്തിനും, സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഒരു പ്രോജക്ട് കോ-ഓർഡിനേറ്ററിനെയും, ഒരു ഓഫീസ് അറ്റന്റന്റിനെയും താല്ക്കാലികമായി നിയമിക്കുകയും(13.6.2018ലെ കൌൺസിൽ തീരുമാനം നം.3(എഫ്) ന്റെ അടിസ്ഥാനത്തിൽ 20.06.2018 ലെ സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം 1.7.2018 മുതൽ 6 മാസത്തെ കാലയളവിലേക്ക് നിയമിക്കുകയും, തുടർന്ന് നാളിതുവരെ കൌൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി നീട്ടിനല്കുകയുമാണ് ചെയ്തുവരുന്നത് എന്ന് കാണുന്നു.
- സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ വികസനഫണ്ടിൽ നിന്ന് ശമ്പളമോ ഓണറേറിയമോ നല്കാൻ പാടില്ലാത്തതാണ് എന്ന് 8.5.2022 ലെ സ.ഉ(കൈ)നം.115/2022/LSGD ഖ 8.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നടത്താൻ പാടുള്ളു എന്നും, അപ്രകാരമുള്ള കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതും, വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നല്കാവുന്നതാണെന്നും, എന്നാൽ രണ്ട് വർഷ കാലാവധിക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാൻ പാടുള്ളുവെന്നും ധനകാര്യ (വ്യയം.സി) വകുപ്പിന്റെ 9.7.2019ലെ GO(P)No.81/2019/Fin ൽ നിഷ്കർഷിച്ചിരിക്കുന്നു.
- എന്നാൽ നഗരസഭയുടെ ദുരന്ത നിവാരണ സെല്ലിൽ പ്രോജക്ട് കോ-ഓർഡിനേറ്റർ, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികകളിൽ താല്ക്കാലിക ജീവനക്കാരായി സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരെ 2018 ജൂലായ് 1 മുതൽ 6 മാസ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ച ശേഷം നാളിതുവരെ പ്രസ്തുത ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന മുറക്ക് കൌൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 6 മാസകാലയളവ് എന്ന കണക്കിൽ കാലാവധി ദീർഘിപ്പിച്ചു നല്കുന്നതായുമാണ് കാണുന്നത്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ 22.8.2025 ലെ 44 /കെ.എസ്.എ./എ.ഒ.III/2025 നം ഓഡിറ്റ് എൻകയറിക്ക് നഗരസഭ മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ അപാകതകൾക്ക് മറുപടി നല്കേണ്ടതും, മേൽ പരാമർശിച്ച കരാർ ജീവനക്കാരുടെ വേതന ഇനത്തിൽ വികസനഫണ്ടിൽ നിന്ന് അനുവദിച്ച 6,64,275 രൂപയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ വികസനഫണ്ടിൽ നിന്ന് വകയിരുത്തുന്ന തുക ലാപ്സാകാത്ത വിധംപദ്ധതി നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-88 തിരുവനന്തപുരം നഗരസഭ -പി എം എ വൈ (അർബൻ) - ലൈഫ് പദ്ധതി - അവലോകനം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നഗരസഭകളിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന -അർബൻ(പി.എം.എ.വൈ-യു). ഇത് പ്രകാരം ലൈഫ് മിഷൻ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം നൽകുന്നു. ഭവനരഹിതരും എന്നാൽ സ്വന്തമായി ഭൂമിയുള്ളവരും, ഭൂരഹിതരും ഭവനരഹിതരും ആയിട്ടുള്ളയവരും (ഭൂമി നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങുകയോ നഗരസഭയുടെ പദ്ധതി മുഖാന്തിരം ഭൂമി സ്വന്തമാക്കുകയോ ചെയ്തിട്ടുള്ളവർ) ആണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ.

തിരുവനന്തപുരം നഗരസഭയിൽ 2017 ൽ പദ്ധതി ആരംഭിച്ചു. ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നല്കിയ ഗുണഭോക്താക്കളുടെ എണ്ണം, അംഗീകരിച്ച ഗുണഭോക്താക്കളിൽ ഭവന നിർമ്മാണ അനുമതി നേടി നഗരസഭയുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ചവരുടെ വിവരം, പൂർത്തീകരിച്ചവ, പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ആകെ ലഭിച്ചതും, ചെലവഴിച്ചതുമായ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (06.01.2026 ലെ 186/കെ.എസ്.എ./എ.ഒ.III/2025 നം, 22.01.2026 ലെ 199/കെ.എസ്.എ./എ.ഒ.III/2025 നം എന്നിവ) നഗരസഭ നല്കിയ മറുപടി, ഫയലുകളുടെ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിലുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിലെ സ്ഥിതി

തിരുവനന്തപുരം നഗരസഭ പി എം എ വൈ (അർബൻ) - ലൈഫ് പദ്ധതി പ്രകാരം 2017-18 മുതൽ 2025-26 വരെ ആകെ 12398 ഗുണഭോക്താക്കൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 11562 പേർക്ക് ഭവനനിർമ്മാണ അനുമതി ലഭിക്കുകയും അത്രയും പേർ നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും, 8145 പേർ എല്ലാ ഗഡുക്കളും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കുകയും, പൂർത്തീകരിക്കാൻ ബാക്കിയുള്ള 3417 എണ്ണം ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും നഗരസഭ അറിയിച്ചു.

അംഗീകാരം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച് വർഷം തിരിച്ചുള്ള വിവരം, പദ്ധതിയുടെ തൽസ്ഥിതി വിവരം എന്നിവ ചുവടെ ചേർക്കുന്നു.

വർഷം	അംഗീകാരം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം
2017-18	5783
2018-19	949
2019-20	0
2020-21	1076
2021-22	1466
2022-23	1847
2023-24	1277
2024-25	0
2025-26	0
Total	12398

പദ്ധതിയുടെ തൽസ്ഥിതി വിവരം

വർഷം	അംഗീകൃത ഗുണഭോക്താക്കൾ	ഭവന നിർമ്മാണ അനുമതി ലഭിച്ചവർ	നഗരസഭയുമായി കരാറിൽ ഏർപ്പെട്ടവർ	ഒന്നാം ഗഡു നൽകിയവർ	രണ്ടാം ഗഡു നൽകിയവർ	മൂന്നാം ഗഡു നൽകിയവർ	നാലാം ഗഡു നൽകിയവർ	നാലു ഗഡുക്കളും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം
2017-18	5783	3124	3124	3124	902	558	7	7
2018-19	949	1786	1786	1786	3163	2393	855	855
2019-20	0	1418	1418	1418	1674	2018	1953	1953
2020-21	1076	1046	1046	1046	687	732	1199	1199
2021-22	1466	426	426	426	647	866	624	624
2022-23	1847	1021	1021	1021	332	358	866	866
2023-24	1277	1691	1691	1691	2017	1792	694	694
2024-25	0	897	891	891	798	813	1205	1205
2025-26	0	153	153	153	272	335	742	742
Total	12398	11562	11562	11562	10492	9865	8145	8145

ധനസഹായം

പി എം എ വൈ (യു) ലൈഫ് പദ്ധതി വിഹിതമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് ചുവടെപ്പറയും പ്രകാരം 4 ലക്ഷം രൂപയാണ്.

* കേന്ദ്ര വിഹിതം - 1,50,000/- രൂപ

* സംസ്ഥാന വിഹിതം - 50,000/- രൂപ

* നഗരസഭ വിഹിതം - 2,00,000/- രൂപ

ഘട്ടങ്ങൾ	സ്റ്റേജ് ലെവൽ	ആകെ തുക
I	ഭവനനിർമ്മാണം തുടങ്ങുന്നതിനു മുൻപ്	40000
II	അടിസ്ഥാനം പൂർത്തിയാക്കിയതിന് ശേഷം	160000
III	ലിന്റൽ വാർത്തതിന് ശേഷം	80000
IV	മേൽക്കൂര വാർത്തതിന് ശേഷം	80000
V	ഭവനനിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം	40000
ആകെ		4,00,000

തിരുവനന്തപുരം നഗരസഭയിൽ PMAY ലൈഫ് ഭവന പദ്ധതിക്കായി 2017-18 മുതൽ 2024-25 വരെ ചെലവഴിച്ച കേന്ദ്ര, സംസ്ഥാന, നഗരസഭ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	നഗരസഭാ വിഹിതം	
			വികസനഫണ്ട്	ഹഡ്കോ വായ്പ
2016-17	-	-	74314000	-

2017-18	6,75,00,000	2,25,00,000	191761115	-
2018-19	47,09,10,000	15,69,70,000	257317529	15,10,00,000
2019-20	5,25,00,000	1,75,00,000	70580000	53,32,00,000
2020-21	7,42,50,000	2,47,50,000	249000000	21,88,00,000
2021-22	-	-	267572261	9,41,40,000
2022-23	36,15,45,000	12,05,15,000	159421568	3,90,00,000
2023-24	21,14,88,000	7,04,96,000	50000000	2,60,000
2024-25	15,33,37,500	5,11,12,500	-	-
2025-26	11,78,70,000	3,92,90,000	-	-
Total	1,50,94,00,500	50,31,33,500	1,31,99,66,473	1,03,64,00,000

ജിയോടാ ഗിംഗ്

പി.എം.എ.വൈ(യു)-ലൈഫ് പദ്ധതി പ്രകാരം വ്യക്തിഗത ഭവനനിർമ്മാണ ഘടകത്തിന് കീഴിൽ "ജിയോടാഗിംഗ്" പ്രക്രിയയിലൂടെ ഭവനനിർമ്മാണ സ്ഥിതിവിവരം/പുരോഗതിയുടെ വിവിധ ഘട്ടങ്ങൾ Ministry Of Housing And Urban Afffairs -ന്റെ Bhuvan HFA എന്ന ആപ്ലിക്കേഷനിൽ അപ്ലോഡ് ചെയ്ത ശേഷമാണ് ഭവനനിർമ്മാണ ധനസഹായ ഗഡുക്കൾ ഗുണഭോക്താക്കൾക്ക് നൽകുന്നത്. ജിയോടാഗ്ഗിംഗ് നടത്തുന്നതിന് പരിശീലനം നൽകി സർവ്വയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം 14 സർവ്വേയർമാരെയാണ് 100 വാർഡുകളിൽ ജിയോടാഗ്ഗിംഗ് ചെയ്യുന്നതിനായി തിരുവനന്തപുരം നഗരസഭ നിയോഗിച്ചിട്ടുള്ളത്. ഇപ്രകാരം ജിയോടാഗ്ഗിംഗ് ചെയ്യുന്ന ഫോട്ടോകൾ Bhuvan സൈറ്റിൽ അപ്ലോഡ് ചെയ്യുകയും ആയത് മോഡറേറ്റർ അപ്രൂവൽ ചെയ്യുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ നൽകിവരുന്നു.

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർ.

PMAY – ലൈഫ് (അർബൻ്) ഭവനപദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ നഗരസഭയുമായി കരാറിൽ ഏർപ്പെട്ട് 12 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. പൂർത്തീകരിക്കാത്ത പക്ഷം പദ്ധതി പ്രകാരം ലഭിച്ച മുഴുവൻ തുകയും പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

തിരുവനന്തപുരം നഗരസഭയുടെ പ്രസ്തുത പദ്ധതിക്കായുള്ള ഗുണഭോക്താക്കളിൽ, നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും, ഭവനനിർമ്മാണത്തിനുള്ള ഗഡുക്കൾ കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ (2017-18 മുതൽ 2025-26വരെ) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, വിഷയത്തിൽ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 199/കെ.എസ്.എ./എ.ഒ.III/2025തീയതി: 22.01.2026) നഗരസഭ നല്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 2017മുതൽ നാളിതുവരെ നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുള്ള 11562 ഗുണഭോക്താക്കളിൽ 3417 പേർ ഭവനനിർമ്മാണം പൂർത്തീകരികരിക്കാൻ അവശേഷിക്കുന്നു. ഇതിൽ 1070 ഗുണഭോക്താക്കൾ പദ്ധതി പ്രകാരമുള്ള ഒന്നാം ഗഡുവായ40,000രൂപ മാത്രം കൈപ്പറ്റുകയും ഭവനനിർമ്മാണത്തിനുള്ള തുടർഗഡു കൈപ്പറ്റാത്തതിരിക്കുകയും ചെയ്തിട്ടുണ്ട്. 627 പേർ രണ്ടാം ഗഡുവരെയുള്ള തുക കൈപ്പറ്റുകയും, തുടർ ഗഡുക്കൾ കൈപ്പററാതിരിക്കുകയും, 1720 പേർ മൂന്നാം ഗഡുവരെ കൈപ്പറ്റുകയും ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെയും ഉണ്ട്.
- അപ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിക്കുമ്പോൾ വർഷങ്ങൾക്ക് മുൻപ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുണ്ട് എന്ന് കാണുന്നു. (ഉദാഹരണമായി 2017 ൽ 27പേർ, 2018ൽ 135 പേർ, 2019 ൽ 94 പേർ2020 ൽ 19 പേർ 2021 ൽ 89 പേർ, 2022ൽ 66 പേർ ഒന്നാം ഗഡു കൈപ്പറ്റിയിട്ടും ഭവനം നിർമ്മാണം നടത്തിയിട്ടില്ല). ഇപ്രകാരം വർഷങ്ങൾക്ക് മുൻപ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത കേസുകളിൽ തുക തിരികെ ഈടാക്കാത്ത പക്ഷം പ്രസ്തുത ചെലവ് ഉദ്ദശലക്ഷ്യം നേടാതെ പാഴായിപ്പോകുകയും, കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഫണ്ട് ലാപ്സ് ആയി പോകുന്ന അവസ്ഥയുമാണുള്ളത്.
- ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കുന്നതുൾപ്പെടെ നഗരസഭ സ്വീകരിച്ച നടപടിവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്, ഫോൺ മുഖേനയും, തപാൽ/രജിസ്റ്റേർഡ് തപാൽ മുഖേനയും, വാർഡ് കൌൺസിലർ മുഖാന്തിരവും അറിയിപ്പ് നല്കുക, സോണൽ തലത്തിൽ അദാലത്ത് സംഘടിപ്പിച്ച് പദ്ധതി കാലാവധിക്കുള്ളിൽ തന്നെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നല്കുക എന്നീ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നും പി.എം.എ.വൈ(യു)-ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടം 2025 ഡിസംബറിൽ അവസാനിച്ചതായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നല്കിക്കൊണ്ടും, അല്ലാത്ത പക്ഷം നഗരസഭയിൽ നിന്ന് ഭവന നിർമ്മാണത്തിന് അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് രജിസ്റ്റേർഡ് തപാൽ അയച്ചിട്ടുള്ളതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചുണ്ട്.

മേൽ വിഷയത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ പതിയേണ്ടതും നഗരസഭ അടിയന്തിരമായി ഇടപെട്ട്, അനുവദിച്ച തുക പലിശയടക്കം തിരികെ ഈടാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-89 വസ്തു വാങ്ങൽ ലൈഫ് മിഷൻ പദ്ധതി എസ്.സി-പദ്ധതിയിലേറെ ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്തിയില്ല - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല

പ്രോജക്ട് നം.	72/2025
പ്രോജക്ടിന്റെ പേര്	വസ്തു വാങ്ങൽ ലൈഫ് മിഷൻ പദ്ധതി എസ്.സി.
അടങ്കൽ തുക	118525000/-രൂപ
ചെലവ് തുക	43800000/-രൂപ
ഫണ്ട്	വികസന ഫണ്ട് (എസ്.സി.പി)
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്രീമതി.നീന.എൻ,പട്ടികജാതി വികസന ഓഫീസർ
ബിൽനം.തീയതി	996/11.09.2024, 2233/31.01.2025, 2355/10.02.2025, 2358/10.02.2025 2359/10.02.2025,2462/18.02.2025,2557/19.02.2025,2612/25.02.2025, 2682/01.03.2025,2774/06.03.2025,2902/14.03.2025,3001/17.03.2025, 3189/21.03.2025,3269/22.03.2025,3340/24.03.2025,3388/24.03.2025,3464/25.03.2025, 3550/25.03.2025, 3718/26.03.2025, 3719/26.03.2025.

തിരുവനന്തപുരം നഗരസഭ പരിധിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിന് വസ്തു വാങ്ങൽ പദ്ധതി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിരവധി വർഷങ്ങളായി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരം 2021-22 മുതൽ 2024-25 വരെ 50 കോടിയിലധികം രൂപ ചെലവഴിച്ച് 851 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇവയിൽ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ

വിവരം ആവശ്യപ്പെട്ട് 20.09.2025 ൽ ഓഡിറ്റ് അന്വേഷണം നം.67/കെ.എസ്.എ/ടി.വി.സി.9/2024-25 നൽകിയിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടി (SCP/S2/754/25 തീയതി 27.10.2025) പ്രകാരം 2021-22 മുതൽ നാളിതുവരെ 307 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണം നടത്തിയിട്ടുള്ളത് . വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം.	സാമ്പത്തിക വർഷം	ഭൂമി ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ എണ്ണം	ഭൂമി ലഭിച്ചതിൽ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ ശതമാനം
01	2021-22	269	136	51
02	2022-23	268	140	52
03	2023-24	304	31	10
	ആകെ	854	307	36

ഇതു പ്രകാരം എസ്.സി.പി വിഹിതം ചെലവഴിച്ച് ഭൂമി വാങ്ങി നൽകിയതിൽ 36 ശതമാനം ഗുണഭോക്താക്കൾ മാത്രമെ ഭവന നിർമ്മാണം നടത്തിയിട്ടുള്ളുവെന്ന് കാണുന്നു. ഇതിൽ നിന്നും ഭൂമി വാങ്ങി നൽകൽ പദ്ധതി ലക്ഷ്യം നേടുന്നില്ലെന്ന് വ്യക്തമാണ്. ഈ വിഷയത്തിൽ നഗരസഭ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്ന മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-90 ഭവനപുനരുദ്ധാരണം - ഒന്നാം ഗഡു കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല – നടപടി അനിവാര്യം

നഗരസഭാ പരിധിയിലെ നിർദ്ധനരായ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനും, മേൽക്കൂര മാറ്റുന്നതിനും ആനുകൂല്യം നൽകുന്നതിന് 2024-25 സാമ്പത്തിക വർഷം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണത്തിന് ഒരു ഗുണഭോക്താവിന് 1,00,000/- രൂപാ വീതം 600പേർക്കും (6,00,00,000/- രൂപ), വീടിന്റെ മേൽക്കൂര മാറ്റുന്നതിന് 75,000/- രൂപവീതം 200പേർക്കും (1,50,00,000/- രൂപ) നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഒന്നാം ഗഡു മാത്രവും ,ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയവരും, മുൻവർഷ പ്രോജക്കുകളിൽ ഉൾപ്പെട്ടതുമായ ആകെ 613 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനും ,129 ഗുണഭോക്താക്കൾക്ക് മേൽക്കൂര മാറ്റുന്നതിനും 2024-25 സാമ്പത്തിക വർഷം ആനുകൂല്യം നൽകിയിട്ടുണ്ട്.പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തുക വിതരണം ചെയ്ത രജിസ്റ്റർ പരിശോധിച്ചതിൽ തെരഞ്ഞെടുത്ത വാർഡുകളിലെ ഏതാനും ഗുണഭോക്താക്കൾ ഒന്നാം ഗഡു മാത്രം കൈപ്പറ്റിയതായി കണ്ടു. നാളിതുവരെ രണ്ടാം ഗഡു കൈപ്പറ്റാത്തതിനാൽ ടി ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടില്ല എന്ന് കണക്കാക്കുന്നു.

I)

പ്രോജക്ട് നം.	21/2025
പ്രോജക്ടിന്റെ പേര്	ഭവനപുനരുദ്ധാരണം - ജനറൽ
ആകെ അടങ്കൽ	6,00,00,000/- രൂപ (വികസന ഫണ്ട്)
ആകെ ചെലവ്	4,95,82,425/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, യു.പി.എ സെൽ

ഒന്നാം ഗഡു കൈപ്പറ്റിയിട്ടും പണി ആരംഭിക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താവ്	കൈപ്പറ്റിയ തീയതി	തുക
ആറ്റിപ്ര	ജീന.എൻ	02.07.2025	50000
	സുരേഷ് കുമാർ	24.06.2025	50000
	കുമാരി.ആർ	15.08.2025	50000
	സുനിർ.ആർ	15.08.2025	50000
വള്ളക്കടവ്	സുനിത	24.06.2025	50000
	ജമീല.എസ്	24.06.2025	50000
	മിനിമോൾ നജീം	24.06.2025	50000
	നജ്മത്ത് ബീവി.എ	24.06.2025	50000
വലിയതുറ	വിലാസിനി	24.06.2025	50000
	ചന്ദ്രൻ.കെ	24.06.2025	50000
	റീറ്റ	24.06.2025	50000
പുത്തൻപള്ളി	ജസീനാബീവി	24.06.2025	50000
	ജമീലത്ത് ബീവി	24.06.2025	50000
ചന്തവിള	കവിത	22.03.2025	50000
	ശ്രീകുമാരി.എസ്	24.06.2025	50000
ശ്രീകാര്യം	നസീറാബീവി	22.03.2025	50000
ചെറുവയ്ക്കൽ	അനുമോൾ.സി.ബി	27.02.2025	50000

ഉള്ളൂർ	ബിന്ദു.എസ്	24.06.2025	50000
പൗഡിക്കോണം	പങ്കജാക്ഷിയമ്മ	27.02.2025	50000
കേശവദാസപുരം	ജയകുമാരി.എസ്	27.02.2025	50000
പട്ടം	ത്രേസ്യാമ്മ (അതിദാരിദ്ര്യം)	22.03.2025	100000
മുട്ടട	ആർ.രാധ	27.02.2025	50000

II)

പ്രോജക്ട് നം.	20/2025
പ്രോജക്ടിന്റെ പേര്	വീടിന്റെ മേൽക്കൂര മാറ്റൽ - ജനറൽ
ആകെ അടങ്കൽ	1,50,00,000/- രൂപ(വികസന ഫണ്ട്)
ആകെ ചെലവ്	92,88,800/- രൂപ

വീടിന്റെ മേൽക്കൂര മാറ്റൽ പദ്ധതിയിൽ ഒന്നാം ഗഡു കൈപ്പറ്റിയിട്ടും പണി ആരംഭിക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താവ്	കൈപ്പറ്റിയ തീയതി	തുക
ശ്രീകാര്യം	സുഭദ്ര	07.03.2025	37500
പൗഡിക്കോണം	ബാലൻപിള്ള	31.10.2025	37500
ഞാണ്ടൂർക്കോണം	സുരേഷ് കുമാർ	12.06.2025	37500
പാതിരപ്പള്ളി	സിന്ധു.എസ്.ആർ	23.03.2025	37500
നെട്ടയം	മഞ്ജു.എസ്	23.03.2025	37500
വാഴോട്ടുകോണം	ശരണ്യ	23.03.2025	37500
വലിയശാല	ശരണ്യ.ജി	07.03.2025	37500
ജഗതി	ശോഭനകുമാരി.എസ്	07.03.2025	37500
തൃക്കണ്ണാപുരം	സുജി.ആർ	12.06.2025	37500
പുഞ്ചക്കരി	ഗിരിജ കുമാരി	12.06.2025	37500
വലിയതുറ	ലൈല മോഹൻ	12.06.2025	37500

III) മുൻ വർഷങ്ങളിലെ പ്രോജക്കുകളിൽ ഉൾപ്പെട്ടിട്ടും ആനുകൂല്യം ലഭിക്കാത്തവർക്ക് പ്രോജക്ട് നം.21/25, പ്രോജക്ട് നം.20/25 എന്നിവയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിൽ ഒന്നാം ഗഡു കൈപ്പറ്റിയിട്ടും പണി തുടങ്ങാത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു. (23.02.2026 ൽ ലഭ്യമാക്കിയ ഓഡിറ്റ് എൻകൃയറിയുള്ള UPAIV/44,45/26 നമ്പർ മറുപടി പ്രകാരം)

പ്രോജക്ട് നം.	എണ്ണം	റിമാർക്സ്
77/21	8	21/25 പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്
142/22	20	
1142/23	24	
16/24	54	
101/21	1	20/25 പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്
2/22	8	
1152/23	11	
15/24	5	

ആദ്യ ഗഡു കൈപ്പറ്റി 30 ദിവസത്തിനകം എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ ഫോട്ടോ സഹിതം രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ടായിരിക്കെ ക്രമ നം. I, II, III പ്രകാരം പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് എതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.287/കെ.എസ്.എ/ടിവിസി.8/2025, തീയതി.28.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയുമായിരുന്ന പണം പ്രയോജനമില്ലാതെ ഗുണഭോക്താവിന്റെ കയ്യിൽ സൂക്ഷിക്കുന്നത് പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയെ തടസ്സപ്പെടുത്തുന്നു. നഗരസഭയിൽ നിന്നും കൈപ്പറ്റിയിട്ടുള്ള തുക പദ്ധതികളുടെ പൂർത്തീകരണത്തിന് വിനിയോഗം ചെയ്തിട്ടില്ല എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മുഴുവൻ തുകയും 18% പലിശ സഹിതം ഗുണഭോക്താവിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളോട് പണി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയോ അല്ലെങ്കിൽ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

1-91 വീട് വാസയോഗ്യമാക്കൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ അനിവാര്യം

പ്രോജക്ട് നം.	30/2025
പ്രോജക്ടിൻറെ പേര്	വീട് വാസയോഗ്യമാക്കൽ
അടങ്കൽ തുക	50000000/-രൂപ
ചെലവ് തുക	45875000/-രൂപ

ഫണ്ട്	വികസന ഫണ്ട് (എസ്.സി.പി)
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്രീമതി.നീന.എൻ,പട്ടിക ജാതി വികസന ഓഫീസർ
ബിൽനം.തീയതി	815/20.07.2024,863/05.08.2024,864/05.08.2024, 905/23.08.2024, 994/11.09.2024,1157/30.09.2024,1158/30.09.2024 ,1159/30.09.2024, 1369/25.10.2024,1370/25.10.2024,1371/25.10.2024,1371/25.10.2024, 1372/25.10.2024,1468/26.11.2024,1714/18.12.2024,1715/18.12.2024, 1716/18.12.2024,1717/18.12.2024,1718/18.12.24, 1793/26.12.2024, 1924/07.01.2025,2135/24.01.2025,2244/03.02.2025,2356/10.02.2025, 2357/10.02.2025,2464/18.02.2025,2651/28.02.2025,2769/06.03.2025,2864/ 11.03.2025,3080/19.03.2025,3336/23.03.2025,3558/25.03.2025&3727/26.03.2025.

പതിനാലാം പഞ്ചവത്സര പദ്ധതി-സബ്സിഡി,ധനസഹായം,അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ-സ.ഉ(കൈ)നം.115/2022/LSGD തീയതി 28.05.2022 ഖ.6.7 ക്രമനം.4 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്ക് പരമാവധി 150000/-രൂപയാണ് വീട് വാസയോഗ്യമാക്കലിന് ധനസഹായമായി നൽകാവുന്നത്. ഇതിൽ50% തുക മുൻകൂർ നൽകാവുന്നതാണെന്നും ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 വർഷത്തെ 49/24 നമ്പർ പദ്ധതി പ്രകാരം വീട് പുനരുദ്ധാരണത്തിന് ആദ്യ ഗഡു അനുവദിച്ച നിരവധി ഗുണഭോക്താക്കൾക്ക് 2024-25 ൽ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതി(30/2025) പ്രകാരം രണ്ടാം ഗഡു നൽകിയിട്ടുണ്ട്.കൂടാതെ നിരവധി ഗുണഭോക്താക്കൾക്ക് 2024-25 ലെ പദ്ധതി പ്രകാരം തന്നെ ഒന്നും രണ്ടും ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്.ഇവയിൽ 25 ഗുണഭോക്താക്കൾ ഹാജരാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ മൂല്യനിർണ്ണയ തുക പദ്ധതി പ്രകാരം അനുവദനീയമായ പരമാവധി തുകയായ 150000/- രൂപയിൽ കുറവാണ്. ഇതു സംബന്ധിച്ച 12.09.2025ലെ ഓഡിറ്റ് എൻകൃയറി നം.60/ കെ.എസ്.എ/ടിവിസി.9/2024-25 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നിർദ്ധനരായ ടി ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു തുക കൂടി അനുവദിച്ചാൽ മാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുകയുള്ളുവെന്ന് ബോധ്യപ്പെട്ടതിനാലാണ് രണ്ടാം ഗഡു കൂടി നൽകിയതെന്നും ഇതിൽ 18 ഗുണഭോക്താക്കൾ പുതുക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്നവർ കൂടി പുതുക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം അനുവദിച്ച മുഴുവൻ തുകയും പ്രവൃത്തി നിർവ്വഹണത്തിനായി വിനിയോഗിച്ചെന്നും ഇനിയും അവശേഷിക്കുന്ന 7 ഗുണഭോക്താക്കൾ കൂടി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നുവെന്നും നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

1-92 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിരവധി വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം.	31/2025	990/25(51/2024)
പ്രോജക്ടിന്റെ പേര്	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം	
അടങ്കൽ തുക	10000000/-രൂപ	310000/-രൂപ
ചെലവ് തുക	10000000/-രൂപ	310000/-രൂപ
ഫണ്ട്	വികസന ഫണ്ട് (എസ്.സി.പി)	
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്രീമതി.നീന.എൻ,പട്ടിക ജാതി വികസന ഓഫീസർ	
ബിൽനം. തീയതി	796/15.07.2024,858/05.08.2024, 995/11.09.2024,1160/30.09.2024, 1161/30.09.2024,1367/25.10.2024, 1368/25.10.2024,1719/18.12.2024, 1792/26.12.2024,1925/07.01.2025 ,2333/07.2.2025,2469/18.02.2025, 2643/28.02.2025,2990/17.3.2025& 3347/24.03.2025.	69/09.05.2024,461/16.5.2024

ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാർ പ്രകാരം കരാർ ഒപ്പുവച്ച് രണ്ട് മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും 2024-25 സാമ്പത്തിക വർഷം വിവിധ ഗഡുക്കൾ കൈപ്പറ്റിയ 42 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2021-22 മുതൽ 2023-24 സാമ്പത്തിക വർഷം വരെ പഠനമുറി നിർമ്മാണ ആനുകൂല്യത്തിൻറെ വിവിധ ഗഡുക്കൾ കൈപ്പറ്റിയ 45 ഗുണഭോക്താക്കൾ വർഷങ്ങൾ കഴിഞ്ഞിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത സ്ഥിതിയാണുള്ളത് .പഠന മുറി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

വർഷം	ഗുണഭോക്താക്കളുടെ എണ്ണം
2021-22	04
2022-23	07
2023-24	34
ആകെ	45

ഇതു സംബന്ധിച്ച 17.07.2025 ലെ ഓഡിറ്റ് അന്വേഷണം നം.30/കെ.എസ്.എ/ടിവിസി.9/2024-25 ന് നൽകിയ മറുപടി പ്രകാരം പഠന മുറി നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.പദ്ധതി നിർവ്വഹണത്തിലെ ഇത്തരം ദീർഘമായ കാലതാമസം ഒഴിവാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും നഗരസഭയും നടപടികൾ കൈക്കൊള്ളേണ്ടതും മേൽ പരാമർശിച്ച പഠനമുറികളുടെ നിർമ്മാണ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-93 പട്ടിക ജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം- ആനുകൂല്യ വിതരണം ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ കർശനമാക്കേണ്ടതാണ്

പ്രോജക്ട് നം.	2333/2025
പ്രോജക്ടിൻറെ പേര്	പട്ടിക ജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം-കുടിശ്ശിക തീർപ്പാക്കൽ
അടങ്കൽ തുക	2500000/-രൂപ
ചെലവ് തുക	1350000/-രൂപ

ഫണ്ട്	വികസന ഫണ്ട് (എസ്.സി.പി)
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്രീമതി.നീന.എൻ,പട്ടിക ജാതി വികസന ഓഫീസർ
ബിൽനം.തീയതി	2642/28.02.2025

2024-25 ൽ പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി 3 പദ്ധതികളാണ് (2333/25,29/25,1129/25(47/24-Old)) പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയത്. ഇതുകൂടാതെ പട്ടിക ജാതി വികസന വകുപ്പും സമാന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിൽ പട്ടിക ജാതി വികസന വകുപ്പിൽ കടിശ്ശികയുണ്ടായിരുന്ന 14 വിവാഹ ധനസഹായ അപേക്ഷകൾ
തീർപ്പാക്കുന്നതിനായിരുന്ന 2333/25 നമ്പർ പദ്ധതി. ഇതേ ആവശ്യത്തിനുള്ള മറ്റൊരു പദ്ധതിയായ 29/2025 (പട്ടിക ജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം) പ്രകാരം 24.01.2025 ൽ തുക അനുവദിച്ച ഗുണഭോക്താവിന് തന്നെ 2333/25 പദ്ധതി പ്രകാരം 28.02.2025 ൽ ആനുകൂല്യം നൽകി.
ഇത് സംബന്ധിച്ച് 31.07.2025ൽ ഓഡിറ്റ് എൻക്വയറി നം.35/കെ.എസ്.എ/ടിവിസി.9/2024-25 മുഖേന വിവരം ആരായുകയും തുടർന്ന് ചെലാൻ നം.KL020549545202526Mപ്രകാരം 05.02.2025 ൽ അധികമായി കൈപ്പറ്റിയ 1,25,000/-രൂപ തിരികെ ഒടുക്കുകയും ചെയ്തു.
ഇത്തരത്തിൽ നഗരസഭയുടെ തന്നെ വിവിധ പദ്ധതികൾ പ്രകാരവും പട്ടികജാതി വികസന വകുപ്പ് മുഖേനയും ഒരു ഗുണഭോക്താവിന് തന്നെ ഒരേ ആവശ്യത്തിനായി ഒന്നിലധികം തവണ ആനുകൂല്യം ലഭ്യമാകുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-94 'അഗതിരഹിത കേരളം '-ചെലവ് രേഖകൾ ഹാജരാക്കിയില്ല – 40,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	SO116/2025
പ്രോജക്ടിന്റെ പേര്	അഗതിരഹിത കേരളം
അടങ്കൽ തുക	40,00,000/- രൂപ
ചെലവ് തുക	40,00,000/- രൂപ
ഫണ്ട്	വികസന ഫണ്ട് - ജനറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
ബിൽ നം./തീയതി	1778/24.12.2024, 7,00,000/- രൂപ 1541/11.12.2024, 4,14,000/- രൂപ 1542/11.12.2024, 4,20,342/- രൂപ 1543/11.12.2024, 3,25,500/- രൂപ 1544/11.12.2024, 4,18,500/- രൂപ 1971/13.01.2025, 17,21,658/- രൂപ

കേരളത്തെ ദാരിദ്ര്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ശ്രദ്ധേയമായ ഒരു പദ്ധതിയാണ് 'അഗതിരഹിത കേരളം' - അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങളേയും വ്യക്തികളേയും കണ്ടെത്തി അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പവരുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നഗരപ്രദേശങ്ങളിൽ താമസിക്കുന്ന ഭ്രഹിതർ, ഭവനരഹിതർ, 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ലാത്തവർ, ശുചിത്വ കക്കൂസ് ഇല്ലാത്തവർ, ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം, വനിത കുടുംബനാഥയായുള്ള കുടുംബം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരോ തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം, പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം, പ്രായപൂർത്തിയായ നിരക്ഷർ ഉള്ള കുടുംബം തുടങ്ങിയ 9 ക്ലേശഘടകങ്ങളിൽ 7 ക്ലേശഘടകങ്ങൾ ബാധകമാകുന്ന കുടുംബത്തെയാണ് അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താവായി തെരഞ്ഞെടുക്കുന്നത്. എന്നാൽ ടി കുടുംബത്തെ അഗതി കുടുംബമായി പരിഗണിക്കണമെങ്കിൽ സർക്കാർ നിശ്ചയിച്ച 10 പ്രത്യേക ക്ലേശഘടകങ്ങളിൽ ഒരെണ്ണം കൂടി ബാധകമാകേണ്ടതുണ്ട് (സ.ഉ(എം.എസ്) നം. 252/2017/തസ്വഭവ, തീയതി. 12.12.2017 പ്രകാരം അഗതിരഹിത കേരളം പദ്ധതി മാർഗരേഖ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്). മേൽ സൂചിപ്പിച്ച ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി കുടുംബശ്രീ തയ്യാറാക്കിയിരിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.
അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്കായി 2024-25 സാമ്പത്തിക വർഷം ആകെ 40,00,000/- രൂപ വകയിരുത്തുകയും 40,00,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏതൊക്കെ തരത്തിലുള്ള ആനുകൂല്യങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/കെ.എസ്.എ/ടിവിസി.8/2025, തീയതി.30.06.2025) ലഭ്യമാക്കിയ മറുപടിയിൽ 40,00,000/- രൂപയുടെ ചെലവ് വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഉൾപ്പെടുത്തിയിട്ടില്ല. അർഹരായ ഗുണഭോക്താക്കൾക്ക് അവർ അർഹിക്കുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ 40,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-95 അതിദരിദ്രർ - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ- 52,98,921/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	S111/2025
പ്രോജക്ടിന്റെ പേര്	അതിദരിദ്രർ
അടങ്കൽ തുക	60,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)
ചെലവ് തുക	60,00,000/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
ബിൽ നം./തീയതി	804/22.07.2024, 1564000/- രൂപ 1545/18.12.2024, 106951/- രൂപ 2071/27.01.2025, 587276/- രൂപ 2070/14.02.2025, 3734921/- രൂപ 2855/11.03.2025, 6852/- രൂപ

അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്തെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. അതിജീവനത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, സുരക്ഷിത താമസസ്ഥലം, അടിസ്ഥാന വരുമാനം) നേടിയെടുക്കാൻ തീരെ കഴിയാതെ പോകുന്ന അതിജീവനം തന്നെ പ്രതിസന്ധിയിൽ ആയ വിഭാഗം ആണ് അതിദരിദ്രർ.

തിരുവനന്തപുരം നഗരസഭ പരിധിയിലെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള എന്യൂമറേഷൻ പ്രക്രിയ വഴി 581 ഗുണഭോക്താക്കളെ നഗരസഭ തെരഞ്ഞെടുത്തിട്ടുണ്ട്. തുടർപ്രവർത്തനം എന്ന നിലയിൽ വാർഡ് തലത്തിൽ കുടുംബശ്രീ സംവിധാനത്തിലൂടെയും, വാർഡ് തല ഉദ്യോഗസ്ഥർ, വാർഡ് കൗൺസിലർ മുഖാന്തിരവും ടി ഗുണഭോക്താക്കളുടെ വിശദമായ വിവരശേഖരണം നടത്തി മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ 280 ഗുണഭോക്താക്കൾക്ക് പാചകം ചെയ്യാത്ത ഭക്ഷണം ആവശ്യമുള്ളതായും അവർക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനും, പാചകം ചെയ്ത ഭക്ഷണം ആവശ്യമുള്ള 118 ഗുണഭോക്താക്കൾക്ക് ജനകീയ ഹോട്ടൽ/കുടുംബശ്രീ/ആയൽക്കൂട്ടം എന്നിവ മുഖേന ഭക്ഷണം എത്തിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഒരു ഗുണഭോക്താവിന് ഭക്ഷണത്തിനായി ഒരു ദിവസം 140 രൂപയും ആയത് എത്തിക്കുന്നിന് ADS-ന് 10/- രൂപ നിരക്കിൽ ആകെ 150/- രൂപയുമാണ് ഒരു ദിവസം ഒരാളുടെ നിരക്ക്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പാചകം ചെയ്തതും, ചെയ്യാത്തതുമായ ഭക്ഷ്യവസ്തുക്കൾ കുടുംബശ്രീയിലെ 4 സിഡിഎസ്-കൾ (CDS I, II, III, IV) മുഖേനയാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ഇതിനായി മെമ്പർ സെക്രട്ടറിമാരുടെ അക്കൗണ്ടിൽ 2024-25 സാമ്പത്തിക വർഷം തുക നിക്ഷേപിച്ചിട്ടുണ്ട്. (ബിൽ നം.804/22.07.2024, 15,64,000/- രൂപയും, ബിൽ നം.2070/14.02.2025, 37,34,921/- രൂപയും നൽകിയിട്ടുണ്ട്) എന്നാൽ ആയതിന്റെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 52,98,921/- രൂപ തടസ്സപ്പെടുത്തുന്നു.

2. അതിദരിദ്ര പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങിയ വകയിൽ (ഇൻവോയിസ് നം. 249/11/3687, തീയതി. 07.06.2024) ത്രിവേണി സൂപ്പർ മാർക്കറ്റിന് 1,06,951/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിൽ എടുത്ത് കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ഫോർട്ട് സപ്ലൈകോ സൂപ്പർമാർക്കറ്റിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന ഇൻവോയിസുകൾ പ്രകാരം ഭക്ഷ്യവസ്തുക്കൾ വാങ്ങിയിട്ടുണ്ട്.

ക്രമ നം.	ഇൻവോയിസ് നം./തീയതി	തുക
1	0101203/241020/31.10.2024	325995
2	0101203/241513/18.12.2024	249406
	ആകെ	575401

എന്നാൽ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/കെ.എസ്.എ/ടിവിസി.8/2025, തീയതി.30.06.2025) ലഭ്യമാക്കിയ മറുപടിയിൽ ബഹു. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.09.2024 ലെ കത്ത് പ്രകാരമാണ് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതെന്നും 14.09.2024 മുതൽ ഓണാവധി ആയിരുന്നതിനാൽ ഭക്ഷ്യകിറ്റുകൾ ഓർഡർ ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും ബുദ്ധിമുട്ട് നേരിട്ടു എന്നും അറിയിച്ചിട്ടുണ്ട്. വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥൻ നേരിട്ട് സപ്ലൈകോയിൽ നിന്നും ഭക്ഷ്യ കിറ്റുകൾ കൈപ്പറ്റി ഗുണഭോക്താക്കൾക്ക് ഒറ്റ ദിവസം കൊണ്ട് എത്തിക്കുകയായിരുന്നതിനാൽ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഭക്ഷ്യ കിറ്റുകൾ സ്റ്റോക്കിൽ രേഖപ്പെടുത്താതെ വിതരണം ചെയ്തത് ഭരണപരമായ വീഴ്ചയായി ഓഡിറ്റ് കാണുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ ഭക്ഷ്യ കിറ്റുകൾ ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. ഭാവിയിൽ ഇത്തരം പിഴവുകൾ സംഭവിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-96 കാർഷിക മേഖലയിലെ പദ്ധതികൾ, പ്രവർത്തനങ്ങൾ - ലഘു അവലോകനം

കാർഷിക മേഖലയിലെ പദ്ധതികൾ, പ്രവർത്തനങ്ങൾ- ലഘു അവലോകനം

കാർഷിക മേഖലയിലെ അഭിവൃദ്ധി ഒരു ഭൂപ്രദേശത്തെ പുരോഗതിയുടെ തന്നെ പ്രതിഫലനമാണ്. നഗരസഭാ പരിധിയിലെ കൂടിയ ജനസാന്ദ്രതയും, കൃഷി ഭൂമിയുടെ വ്യാപ്തിക്കുറവും ആധുനിക കൃഷി രീതികളുടെയും സാങ്കേതിക വിദ്യയുടെയും കാലഘട്ടത്തിൽ കാർഷിക പുരോഗതിക്ക് തടസ്സമാകേണ്ടതില്ല. തിരുവനന്തപുരം നഗരസഭയുടെ 2024-25 വർഷത്തെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ ചുവടെ പറയും പ്രകാരം വിലയിരുത്തുന്നു.

മേഖലാടിസ്ഥാനത്തിലെ ചുമതലകൾ - അവസ്ഥാരേഖയിലെ പ്രശ്നങ്ങളും, പദ്ധതികളും - താരതമ്യം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30(1) പ്രകാരമുള്ള ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള നഗരസഭകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ പ്രധാനം താഴെ പറയുന്നവയാണ്.

. തരിശ് ഭൂമിയിൽ കൃഷി

. മണ്ണ് സംരക്ഷണം

. ജൈവവള ഉത്പാദനം

. സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക

. കൃഷിക്കാർക്കായി സ്വയം സഹായസംഘങ്ങൾ രൂപീകരിക്കുക

. ഉദ്യാനകൃഷിയും പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കുക

. കാലിത്തീറ്റ വിള സംരക്ഷണം

. വിത്തുല്പാദനം

. സസ്യ സംരക്ഷണം


. കൃഷിയിടങ്ങളിലെ യന്ത്രവത്കരണം

2024-25 വർഷത്തെ നഗരസഭയുടെ അവസ്ഥാരേഖയിൽ കാർഷിക മേഖലയിലെ പുരോഗതിക്കായി വിഭാവനം ചെയ്ത ലക്ഷ്യങ്ങളിൽ രാസവളത്തിന്റെ പ്രയോഗം ഒഴിവാക്കുക, ഭക്ഷ്യ സ്വയം പര്യാപ്തത ഉറപ്പുവരുത്തുക, ആധുനിക കൃഷി സമ്പ്രദായം പ്രചരിപ്പിക്കുക എന്നിവയും ഉൾപ്പെടുന്നു.

2023-24, 2024-25 വർഷത്തിലെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച്

തൻവർഷം കാർഷിക മേഖലയിലെ പദ്ധതികളുടെ ചുമതലകൾ 12 നിർവഹണ ഉദ്യോഗസ്ഥർ ഏറ്റെടുക്കുകയും 12 കൃഷി ഭവനുകളിലൂടെ നടപ്പാക്കുകയും ചെയ്തു.

സാമ്പത്തിക വർഷം	2023-24	2024-25
ആകെ ആവിഷ്കരിച്ച പദ്ധതികൾ (എണ്ണം)	118	135
നടപ്പാക്കിയ പദ്ധതികൾ (എണ്ണം)	108	132
അടങ്കൽ തുക	6,87,14,060	8,02,04,325
ചെലവ് തുക	5,08,26,745	6,25,63,835
ലാപ്സായ തുക	1,78,87,315	1,76,40,490



വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ ശ്രദ്ധേയമായവ ചുവടെ ചേർക്കുന്നു

- പച്ചക്കറി തൈ വിതരണം, മൺചട്ടിയിൽ പച്ചക്കറി തൈ വിതരണം, ഇടവിള കൃഷി വ്യാപനം, സമഗ്ര പുരയിട കൃഷി, വാഴ കൃഷി വ്യാപനം, തരിശ് കൃഷി വ്യാപനം എന്നീ പ്രോജക്ടുകൾക്ക് കൃഷി എന്ന സംസ്കാരം കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിനായി സാധിച്ചിട്ടുണ്ടെന്നുള്ളത് ഗുണഭോക്താക്കളുടെ എണ്ണത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.
- തൻവർഷം കഴക്കൂട്ടം, തിരുവല്ലം, വിഴിഞ്ഞം, നേമം, സിറ്റി, ശ്രീകാര്യം എന്നീ കൃഷി ഭവനുകൾ നടപ്പിലാക്കിയ പുഷ്പകൃഷി വികസനമെന്ന പ്രോജക്ട് കൂടുതൽ സ്ഥലങ്ങളിലും കൂടിയ അളവിലും അനുവർത്തിക്കാൻ കഴിഞ്ഞാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പൂക്കളുടെ ഇറക്കുമതി കുറയ്ക്കാൻ സാധിക്കും.
- സസ്യ വിളകളുടെ ആരോഗ്യ സംരക്ഷണത്തിനായി വിഭാവനം ചെയ്ത ബയോഫാർമസി (കഴക്കൂട്ടം, വട്ടിയൂർക്കാവ്), വിള ആരോഗ്യ പരിപാലനത്തിന് ആഗ്രോക്ലിനിക്ക് (വട്ടിയൂർക്കാവ്, വിഴിഞ്ഞം, ഉള്ളൂർ) എന്നീ പ്രോജക്ടുകളും വിജയകരമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.
- ജല സേചന പ്രോജക്ടുകളിൽ തുറന്ന കിണർ/ പമ്പ് സെറ്റ്, എന്നിവയിന്മേലുള്ള സബ്സിഡി സഹായം കർഷകർക്ക് കൈത്താങ്ങാണ്.
- ആക്കുളത്ത് സർക്കാർ ഉടമസ്ഥതയിലുള്ള 3 ഹെക്ടർ വരുന്ന സ്ഥലത്തു നടന്ന തരിശ് ഭൂമി കൃഷിയിൽ 2 ഹെക്ടറോളം സ്ഥലത്ത് നെൽ കൃഷി നടത്തിയത് നെൽ പാടങ്ങൾ അന്യംനിന്ന് പോകുന്ന ഈ കാലത്ത് ശ്ലാഘനീയമാണ്.
- കൽപവൃക്ഷമായ തെങ്ങിനായി കേരസമൃദ്ധി – കേടുവന്ന തെങ്ങുകൾ സൗജന്യമായി മുറിച്ചുമാറ്റി 75% സബ്സിഡിയിൽ നല്ല ഇനം തെങ്ങിൻ തൈകളും വളവും വിതരണം ചെയ്യുന്ന പദ്ധതി തെങ്ങ്കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു.
- കുരുമുളക് വിപണിയുള്ള ഒരു നാണ്യവിലയാണെന്നിരിക്കെ കറുകുരുമുളക് തൈകൾ എച്. ഡി. പി. ഇ ചട്ടിയിൽ വിതരണം നടത്തുന്നത് (ഉള്ളൂർ, സിറ്റി) കർഷകർക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിന് സഹായകമായ പദ്ധതിയായി വിലയിരുത്തുന്നു.
- കാട്ടുപന്നി ആക്രമണം നേരിടുന്ന പ്രദേശങ്ങളിൽ സോളാർ ഫെൻസിങ് പോലുള്ള സംരക്ഷണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി നൽകൽ (കഴക്കൂട്ടം സോണൽ) പ്രൊജക്ടുകൾ മനുഷ്യ-വന്യ ജീവി സംഘർഷം നേരിടുന്ന മറ്റ് പ്രദേശങ്ങളിലും അനുവർത്തിക്കാവുന്നതാണ്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ അതിന്റെ മോണിറ്ററിങ്ങും കാര്യക്ഷമമാക്കേണ്ടതാണ്.

പൊതു അപാകതകൾ

ഇത്രയും വിപുലമായ പദ്ധതികൾ കൃഷിക്കുവേണ്ടി നടപ്പാക്കുന്നുണ്ടെങ്കിലും, ചുവടെ ചേർക്കുന്ന അപാകതകൾ ഗൗരവമായി കണക്കാക്കേണ്ടതാണ്.

- പ്രോജക്ടുകൾ എത്രമാത്രം ഫലം കാണുന്നുണ്ടെന്നത് സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ടുകളൊന്നും തയ്യാറാക്കുന്നില്ല. ഇത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി പരിശോധിക്കാൻ ഓഡിറ്റിന് പരിമിതികൾ നേരിടേണ്ടി വരുന്നുണ്ട്.
- ഭൂരിഭാഗം അപേക്ഷകളിലും കൃഷി സ്ഥല വിസ്തൃതി, കൃഷി വിളയിനം, എന്നിവ പ്രതിപാദിച്ചു കാണുന്നില്ല. അത് മൂലം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സബ്സിഡി അർഹമായ അളവിൽ ആണോയെന്ന് ഓഡിറ്റിന് തിട്ടപ്പെടുത്താൻ കഴിയുന്നില്ല.
- ഹൈഡ്രോപോണിക്സ് (മണ്ണില്ലാ കൃഷി രീതി), തിരിനന പോലുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള കൃഷി വ്യാപന പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കാൻ ശേഷിയുള്ള ചെറുധാന്യ കൃഷി എന്നിവ ഈ വർഷം ആവിഷ്കരിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട, 'ആധുനിക കൃഷി രീതികളുടെ പ്രചരണം' എന്ന ലക്ഷ്യം കൈവരിക്കാൻ നൂതന കൃഷി രീതികളിൽ കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടില്ല. ആയത് വരും വർഷങ്ങളിൽ ആസൂത്രണം ചെയ്യാവുന്നതാണ്.
- അലങ്കാര ചെടികൾ, കറ്റി കുരുമുളക്, ക്ലൗൺ കൃഷി, ഇൻഡോർ പ്ലാന്റ്സ്, എന്നിവയിൽകൂടി പുതിയ പദ്ധതികൾ വരുന്നത് കൂടുതൽ പേരെ കൃഷിയിലേക്ക് ആകർഷിക്കുകയും അവർക്ക് സാമ്പത്തിക നേട്ടം ഉറപ്പാക്കുകയും ചെയ്യും.
- അടങ്കൽ തുകയിൽ 22 % ഓളം ലാപ്സായിട്ടുണ്ട്. കൃഷിയ്ക്കായി നീക്കിവെച്ച തുക പരമാവധി വിനിയോഗിക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.
- പ്രോജക്ടുകളുടെ ഫലപ്രാപ്തി കൃത്യമായി നിരീക്ഷിച്ച് മോണിറ്ററിങ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതും അതിനനുസൃതമായി അടുത്ത വർഷത്തെ പ്രോജക്ടുകളിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

1-97 യഥാർത്ഥ ചെലവും സൂക്ഷ്മ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തക്കേട്

I)

പ്രോജക്ട് നം.	SO050/2025
പ്രോജക്ടിന്റെ പേര്	മൺചട്ടി HDPE പച്ചക്കറി കൃഷി തിരുവല്ലം കൃഷിഭവൻ പരിധിയിൽ
അടങ്കൽ	15,00,000/- രൂപ (പ്ലാൻ ഫണ്ട് - 11,25,000/- ഗുണഭോക്തൃ വിഹിതം - 3,75,000/-രൂപ)
ചെലവ്	11,25,000/- രൂപ(പ്ലാൻ ഫണ്ട് - 11,25,000/- രൂപ ഗുണഭോക്തൃ വിഹിതം - 3,75,000/-രൂപ)
ഫണ്ടിനം	പ്ലാൻ ഫണ്ട് (ജനറൽ)

ബിൽ നം./തീയതി	2920/14.03.2025, 3,75,000/- രൂപ 2371/11.02.2025, 3,00,000/- രൂപ 2028/17.01.2025, 4,50,000/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ-തിരുവല്ലം കൃഷിഭവൻ

II)

പ്രോജക്ട് നം.	146/2025
പ്രോജക്ടിന്റെ പേര്	കേരശ്രീ നാളികേര വികസനം
അടങ്കൽ	5,40,000/- രൂപ (പ്ലാൻ ഫണ്ട് - 3,30,000/- രൂപ ഗുണഭോക്തൃ വിഹിതം - 2,10,000/-രൂപ)
ചെലവ്	2,03,750/- രൂപ (പ്ലാൻ ഫണ്ട് - 2,03,750/- രൂപ ഗുണഭോക്തൃ വിഹിതം - 41,250/- രൂപ)
ഫണ്ടിനം	പ്ലാൻ ഫണ്ട് (ജനറൽ)
ബിൽ നം./തീയതി	2922/14.03.2025, 18,750/- രൂപ 3670/26.03.2025, 80,000/- രൂപ 2095/23.01.2025,1,05,000/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ-തിരുവല്ലം കൃഷിഭവൻ

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകൾ പ്രകാരം 2024-25 കാലയളവിൽ നടന്ന ചെലവും സൂലേഖ പത്രിക പ്രകാരം 2024-25 കാലയളവിൽ നടന്ന ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ.

പദ്ധതി നം.	ബിൽ നം.	യഥാർത്ഥ തുക	സൂലേഖ പ്രകാരം
50/2015 (SO)	2920/14.03.2025 2371/11.02.2025 2028/17.01.2025	1125000	750000
146/25	2922/14.03.2025 3670/26.03.2025 2095/23.01.2025	203750	105000

യഥാർത്ഥ ചെലവും സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസത്തിന് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.168/കെ.എസ്.എ/ടിവിസി.2/2025, തീയതി.22.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-98 വാഴക്കന്നുകൾ, പച്ചക്കറി തൈകൾ, വിത്തുകൾ എന്നിവയുടെ വാങ്ങൽ സംബന്ധിച്ച പ്രോജക്ടുകൾ - വിതരണം പൂർണ്ണമല്ല.

I)

പ്രോജക്ട് നം.	SO134/25
പേര്	സമഗ്ര പുരയിട കൃഷി
അടങ്കൽ	6,60,000/- രൂപ
ചെലവ്	6,60,000/- രൂപ
ബിൽ നം./തീയതി	1623/13.12.2024 – 135000/- 1622/13.12.2024 – 400000/- 2021/16.01.205 – 125000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ – വിഴിഞ്ഞം കൃഷിഭവൻ

മേൽ ബില്ലുകൾ പ്രകാരം 6,60,000/- രൂപ ചെലവഴിച്ച് 600 കിഴങ്ങുവർഗ്ഗ കിറ്റ്, 30000 പച്ചക്കറി തൈകൾ, 6000 വാഴക്കന്നുകൾ എന്നിവ വാങ്ങിയിരിക്കുന്നു. ഒരു യൂണിറ്റിൽ 10 വാഴക്കന്നുകൾ, 50 പച്ചക്കറി തൈകൾ, ഒരു കിഴങ്ങുവർഗ കിറ്റ് എന്നിവ ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള 600 യൂണിറ്റിൽ 577 എണ്ണം മാത്രമേ വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്തതായി കാണുന്നുള്ളൂ. ബാക്കിയുള്ള 23 കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 167/കെ.എസ്.എ/ടിവിസി.2/2025,തീയതി.25.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇവ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

II)

പ്രോജക്ട് നം.	SO092/25
പേര്	ഞങ്ങളും കൃഷിയിലേക്ക്
അടങ്കൽ	9,00,000/- രൂപ
ചെലവ്	9,00,000/- രൂപ
ബിൽ നം./തീയതി	1626/13.12.2024 – 450000/- 2386/13.12.2025 – 150000/- 1625/13.12.2024, 150000/- 1624/13.12.2024 – 150000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ – വിഴിഞ്ഞം കൃഷിഭവൻ

മേൽ ബില്ലുകൾ പ്രാകരം VFPCK, KAICO, RAIDCO എന്നീ സ്ഥാപനങ്ങളിൽ നിന്നായി 200000 പച്ചക്കറി തൈകൾ, 10000 പാക്കറ്റ് വിത്തുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 167/കെ.എസ്.എ/ടിവിസി.2/2025, തീയതി.22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പച്ചക്കറി തൈകളും വിത്തുകളും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-99 രസീതുകളും വിതരണ രജിസ്റ്ററുകളും തമ്മിലുള്ള പൊരുത്തക്കേടുകൾ

പ്രോജക്ട് നം.	121/2025
പേര്	ഓണത്തിന് ഒരു വട്ടി പൂവ് - തിരുവല്ലം കൃഷിഭവൻ പരിധിയിൽ
അടങ്കൽ	2,92,500/ (വികസന ഫണ്ട്-2,19,375/- രൂപ,ഗുണഭോക്തൃവിഹിതം73,125/- രൂപ)
ചെലവ്	2,19,375/- രൂപ
ബിൽ നം/തീയതി	1306/17.10.2024, 2,19,375/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ – തിരുവല്ലം കൃഷിഭവൻ

തിരുവല്ലം കൃഷിഭവൻ പരിധിയിൽ 1170 യൂണിറ്റ് മാരിഗോൾഡ് തൈകൾ വിതരണം ചെയ്യുക എന്നതായിരുന്ന പദ്ധതി ലക്ഷ്യം. 250/- രൂപ വില വരുന്ന ഒരു യൂണിറ്റിൽ 20 ഹൈബ്രിഡ് മാരിഗോൾഡ് തൈകൾ ഉൾപ്പെടുന്നു. 75% സബ്സിഡിയോടുകൂടിയാണ് തൈകൾ വിതരണം ചെയ്യുന്നത്. മേൽ ബിൽ പ്രകാരം അതിയന്നൂർ സർവ്വീസ് സൊസൈറ്റിയിൽ നിന്നും 2,19,375/- രൂപയ്ക്ക് 1170 യൂണിറ്റ് മാരിഗോൾഡ് തൈകൾ വാങ്ങിയിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീത് ബുക്കുകൾ പരിശോധിച്ചതിൽ 900 യൂണിറ്റുകൾക്ക് മാത്രമാണ് രസീത് നൽകിയിരിക്കുന്നത്. എന്നാൽ 1170 യൂണിറ്റുകളുടെ ഗുണഭോക്തൃ വിഹിതം നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 696 യൂണിറ്റുകൾ മാത്രമാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളൂ. 270 യൂണിറ്റുകളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് എപ്രകാരമാണെന്നും ബാക്കി 474 യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 168/ടിവിസി.2/2025, തീയതി.22.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വിതരണ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-100 തരിശ് കൃഷി വികസനം- പ്രോജെക്ടിലെ അപാകതകൾ

പ്രൊജക്ട് നം./ പേര്	2325/25, തരിശ് കൃഷി വികസനം
സോണൽ ഓഫീസ്	കഴക്കൂട്ടം
അടങ്കൽ	₹300000/- {₹105000 (വികസന ഫണ്ട്- പൊതു വിഭാഗം) ₹195000/- ഗുണഭോക്തൃ വിഹിതം - നേരിട്ട് ചെലവഴിക്കുന്നത്}
ചെലവ്, (ബിൽ നം./തീയതി)	₹1,05,000/- (2845/10.03.2025)
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

1. സ. ഉ.(കൈ) നം. 115/2022/LSGD 28.05.2022 സബ്സിഡി മാർഗ്ഗരേഖയുടെ 6.1(8) ൽ മൂന്ന് വർഷത്തിൽ അധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടതെന്നും ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

   എന്നാൽ മേൽ പ്രൊജക്ടിലേയ്ക്കുള്ള അപേക്ഷകളിൽ ഒന്നും തന്നെ കൃഷി ചെയ്യ ഭൂമി തരിശ് ഭൂമിയാണെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തിയ രേഖ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്.

2. പല അപേക്ഷകളിലും കൃഷി ചെയ്ത വിളയുടെയോ / കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണമോ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സബ്സിഡി തുകയുടെ കൃത്യത നിശ്ചയിക്കാൻ സാധിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്/സബ്സിഡി തുക	അപാകതകൾ
1.	ഉല്ലാസ് ജെ നാഥ്, ₹35000/-	1) പാട്ട ഉടമ്പടി പ്രകാരം പാട്ടത്തിന് നൽകിയ കൃഷി സ്ഥലം 220 സെന്റ് (0.8903 ഹെക്ടർ) ആണ്. എന്നാൽ സബ്സിഡി തുക നൽകിയിരിക്കുന്നത് 1 ഹെക്ടറിനാണ്. വൗചർ പ്രകാരം

		പച്ചക്കറി, വാഴ എന്നിവയാണ് കൃഷി ചെയ്തിരിക്കുന്നത്. എന്നാൽ ഇത് ഇടവിളയായിട്ടാണോ, വേറ്വേറെയായിട്ടാണോ കൃഷി ചെയ്തത് എന്ന് വ്യക്തമല്ല.
		2) ടി ഗുണഭോക്താവ് കൃഷി സ്ഥലത്തിന്റെ ഉടമയാണോ അതോ പാട്ടത്തിന് കൃഷി ചെയ്ത വ്യക്തിയാണോ എന്ന് വ്യക്തമല്ല. ചെലവ് വൗച്ചർ പ്രകാരം ചെലവ് നടത്തിയ വ്യക്തിയും, കരാർ ഉടമ്പടി പ്രാകാരം, പാട്ടത്തിന് കൃഷി ചെയ്ത വ്യക്തിയും ടിയാൾ ആണ്.
2.	വിജയൻ നായർ പി., ₹7264/-	പാട്ട ഉടമ്പടി പ്രകാരം പാട്ട കൃഷിക്ക് നൽകിയ കൃഷി സ്ഥലം 24 സെന്റ് ആണ്. എന്നാൽ വൗച്ചർ പ്രകാരം സബ്സിഡി ആവശ്യപ്പെട്ടിരിക്കുന്നത് 90 സെന്റിനാണ്. ഇക അനുവദിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.
3.	കെ. രാമചന്ദ്രൻ നായർ, ₹2960/-	കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി 34 ആർ ആണ്. എന്നാൽ കൃഷി അസിസ്റ്റന്റിന്റെ ശിപാർശയിൽ 34 'സെന്റിന് ഇക അനുവദിക്കാവുന്നതാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
4.	നകുലൻ ആർ, ₹4884/-	പാട്ട കൃഷി ക്ക് വേണ്ടി ചെലവഴിച്ച ഇകയുടെ വൗച്ചർ അപേക്ഷയോടൊപ്പം ലഭ്യമല്ല.
5.	സി നെൽസൺ, ₹5920/-	
6.	സത്യദാസ് എൻ., ₹5600/-	

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 274/24.02.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. വിവിധ പ്രൊജക്ടുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ അവയിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
അപാകതകൾക്കുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-101 IT, GST-TDS ഈടാക്കിയിട്ടില്ല.

നഗരസഭയിലെ വിവിധ പദ്ധതികളുടെ പരിശോധനയിൽ IT, GST-TDS ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-101-1 പേട്ട ക്ലിനിക്കിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ നിയമനവും ക്ലിനിക്ക് നവീകരണവും -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ- IT TDS ഈടാക്കിയില്ല-55049/- രൂപ- തനത് ഫണ്ട് ചെലവുകൾ പ്രോജക്ടിൽ ഉൾപ്പെടുന്നില്ല.

പേട്ട ക്ലിനിക്കിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ നിയമിച്ച് ശമ്പളം നൽകുന്നതിനും ക്ലിനിക്കിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും ക്ലിനിക്ക് നവീകരിക്കുന്നതിനും വേണ്ടി ഏറ്റെടുത്തവയാണ് 780/2025, 2004/2025 എന്നീ പദ്ധതികൾ. പ്രോജക്ട് നം 780/2025 ൽ തനത്ഫണ്ട് 30,00,000/- രൂപയും പ്രോജക്ട് നം 2004/2025 ൽ വികസന ഫണ്ട് 500000/-രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. സൂലേഖ പത്രിക പ്രകാരം ഇവയിൽ യഥാക്രമം 7,25,118/- രൂപയുടെയും 4,86,257/- രൂപയുടെയും ചെലവ് ഉണ്ട്. പ്രോജക്ടുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്	പേട്ട ക്ലിനിക്കിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ നിയമനവും ക്ലിനിക്ക് നവീകരണവും	പേട്ട ക്ലിനിക്കിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ നിയമനവും ക്ലിനിക്ക് നവീകരണവും
പ്രോജക്ട് നം	780/2025	2004/2025
അടങ്കൽ	30,00,000/- (തനത് ഫണ്ട്.)	500000/- (വികസനഫണ്ട് ജനറൽ)
ചെലവ്	7,25,118/-സൂലേഖ ചെലവ് പത്രിക പ്രകാരം.	486257/-സൂലേഖ ചെലവ് പത്രിക പ്രകാരം

ബിൽ നം/ ചെക്ക് നം	MB1219859 DTD 25/10/2024 തുക 1,17,566/- MB1219866 DTD 07/11/2024 തുക 1,21,500/- 461882 DTD 11/12/2024 തുക 4,86,052/-	129 തീയതി.09/05/2024 തുക-4,03,787/- 130 തീയതി.09/05/2024 തുക-67,260/- 131 തീയതി .09/05/2024 തുക-15,210/-
നിർവഹണം	ഹെൽത്ത് സൂപ്പർ വൈസർ	ഹെൽത്ത് സൂപ്പർ വൈസർ

പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ചെലവ് വിവരങ്ങൾ സൂലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .

പ്രോജക്ട് നം 780/2025 ൽ തനത്ഫണ്ട് 30,00,000/- രൂപ വകയിരുത്തിയതിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് രണ്ട് ചെലവുകളാണ് ഉള്ളത്. In House Drug Bank ൽ നിന്നും മരുന്ന് വാങ്ങിയ ചെലവും HLL ൽ നിന്ന് ലാബ് ഉപകരണങ്ങൾ വാങ്ങിയ ചെലവും. ഇതിൽ മരുന്ന് വാങ്ങലിനായി രണ്ട് ഇൻവോയ്സുകൾ പ്രകാരം ജി.എസ്.റ്റി. ഉൾപ്പെടെ ആകെ 4,86,052/-രൂപയും ,ലാബ് ഉപകരണങ്ങൾ വാങ്ങിയ വകയിൽ ജി.എസ്.റ്റി. ഉൾപ്പെടെ ആകെ 6,01,000/-രൂപയും ഉൾപ്പെടെ ആകെ 10,87,052/-രൂപയുടെ ചെലവ് ഉണ്ട്. ഇവയിൽ നിന്നും IT, GST എന്നിവയിലെ TDS കൾ കുറവ് ചെയ്ത് യഥാക്രമം 469028/-രൂപ, 580564/-രൂപ എന്നിങ്ങനെ In House Drug Bank, HLL എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ ബില്ലുകൾ പ്രകാരം സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന തുക 10,87,052/-രൂപയാണ്. എന്നാൽ സൂലേഖ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 7,25,118 രൂപയുടെ ചെലവ് മാത്രമാണ്.

കൂടാതെ പേട്ട ക്ലിനിക്കിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്ക് ഹെൽത്ത് സൂപ്പർവൈസറുടെ വിവിധ നടപടി ക്രമങ്ങൾ പ്രകാരം വേതനം നൽകിയ വകയിൽ ആകെ 725066/- രൂപ (വേതനം 719816/-രൂപ തൊഴിൽ നികുതി 5250/-രൂപ) ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവും സൂലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ടി അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 135 തീയതി. 24.10.2025) പ്രസ്തുത ചെലവ് തുകകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് പുതുതായി വന്ന സെക്ഷൻ ക്ലർക്കിന് അറിയില്ലായിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ശമ്പളയിനത്തിൽ ചെലവഴിച്ചിരിക്കുന്ന തുക

ശമ്പള മാസം	ചെക്ക് നം, തീയതി	ചെലവഴിച്ചിരിക്കുന്ന തുക
2024 സെപ്റ്റംബർ	MB 1219859 DTD. 25.10.2024	117566
2024 ഒക്ടോബർ	MB 1219866 DTD. 07.11.2024	121500/-
2024നവംബർ	MB 1219885 DTD. 09.12.2024	121500/-
2024 ഡിസംബർ	MB 1310403 DTD. 18.01.2025	121500/-
2025 ജനുവരി	MB 1310421 DTD. 12.02.2025	121500/-
2025 ഫെബ്രുവരി.	MB 1310443 DTD. 24.03.2025	121500/-
ആകെ		7,25,066/-

ഇപ്രകാരം പ്രോജക്ട് നം 2004/2025 ൽ വികസന ഫണ്ട് 500000/-രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ലാബ് റീ-ഏജന്റ്സ് വാങ്ങിയത്, പ്രിന്റിംഗ് ഇനത്തിൽ ചെലവഴിച്ച തുക, കരാറടിസ്ഥാനത്തിൽ നിയമിതരായ മെഡിക്കൽ ജീവനക്കാരുടെ ശമ്പളം , എന്നിവയുൾപ്പെടെ ആകെ 10,96779/-രൂപ ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽനിന്നും ശമ്പളയിനത്തിൽ ചെലവഴിച്ചിരിക്കുന്ന 610522/- രൂപയുടെ (ശമ്പളം 6,05,272/-രൂപ, തൊഴിൽ നികുതി 5250/-രൂപ) ചെലവും സൂലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പേട്ട ക്ലിനിക്കിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ നിയമനം പദ്ധതിയുടെ ഭാഗമായതിനാൽ തുക തനത് ഫണ്ട് അടങ്കലിലും ചെലവിലും വകയിരുത്താത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം 136 തീയതി. 21.10.2025) പേട്ട ക്ലിനിക്കിലെ സ്റ്റാഫിനുള്ള ആഗസ്റ്റ് 2024വരെയുള്ള ശമ്പളവുമായി ബന്ധപ്പെട്ട പ്രോജക്ടിന് ഡി.പി.സി. അനുമതി ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാലാണ് തനത് ഫണ്ടിൽ നിന്നും ശമ്പളം നൽകേണ്ടിവന്നത് എന്നാണ് അറിയിച്ചിരിക്കുന്നത്. ആയതിനാലാണ് ടി തുക സൂലേഖ പത്രികയിൽ ഉൾപ്പെടാതെ പോയത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

ശമ്പളയിനത്തിൽ ചെലവഴിച്ചിരിക്കുന്ന തുക

ശമ്പള മാസം	ചെക്ക് നം, തീയതി	ചെലവഴിച്ചിരിക്കുന്ന തുക
2024 ഏപ്രിൽ.	നം. 890836തീയതി. 30/05/2024	1,21,500/-
2024 മെയ്.	നം. 341976തീയതി. 13/06/2024	1,21,500/-
2024 ജൂൺ.	നം. 341995തീയതി. 08/07/2024	1,19,683/-
2024 ജൂലൈ.	നം. 1237667തീയതി. 16/08/2024	1,26,339/-
2024	നം.	1,21,500/-(5250/-രൂപ

ഓഗസ്റ്റ്.	1237681തീയതി. 12/09/2024	തൊഴിൽ നികുതിയിനത്തിൽ കുറവ് ചെയ്യ.)
ആകെ		6,10,522/-

തനത് ഫണ്ട് ഉൾപ്പെടെ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിക്കുന്ന തുകകൾ സൂലേഖ പത്രികയിൽ ഉൾപ്പെടേണ്ടതാണ്. എന്നാൽ ഇവ കൃത്യമായി ഉൾപ്പെടാത്തപക്ഷം പ്ലാൻ എക്സ്പെൻഡിച്ചറിൽ വ്യത്യാസം വരുത്തുകയും സ്ഥാപത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ തെറ്റായ വിവരങ്ങൾ പ്രതിഫലിക്കുകയും ചെയ്യും. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

2. ആദായനികുതി ടി .ഡി.എസ് ഈടാക്കിയിട്ടില്ല .

കൂടാതെ ഇവിടെ നിയമിച്ചിരുക്കുന്ന മെഡിക്കൽ ഓഫീസർക്ക് രണ്ട് പ്രോജക്കുകളിൽ നിന്നുമായി ആകെ 5,34,005/- രൂപ ചുവടെ പറയും പ്രകാരം വേനതം ഇനത്തിൽ നൽകിയിട്ടുണ്ട്.

2024 ഏപ്രിൽ.	33,333/-
2024 മെയ്.	50,000/-
2024 ജൂൺ.	50,000/-
2024 ജൂലൈ.	54,839/-
2024 ഓഗസ്റ്റ്.	48,750/-
2024 സെപ്തംബർ	48,333/-
2024 ഒക്ടോബർ	50,000/-
2024നവംബർ	50,000/-
2024 ഡിസംബർ	50,000/-
2025 ജനുവരി	50,000/-
2025 ഫെബ്രുവരി.	48,750/-
ആകെ	5,34,005/-

എന്നാൽ മെഡിക്കൽ ഓഫീസറിൽ നിന്നും Income Tax Section 194-J പ്രകാരമുള്ളതും പ്രൊഫഷണൽസിൽ നിന്നും ഈടാക്കുന്നതുമായ IT TDS @10% തുക 53,400/- ഈടാക്കിയതായി കാണുന്നില്ല.

കൂടാതെ ഈ പ്രോജക്ട് പ്രകാരം HREDC സ്റ്റ് ആകെ 82,470/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി സെക്ഷൻ 194-C പ്രകാരമുള്ള IT TDS @2% (1649/-രൂപ)ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറികൾ (നം 135, നം 136) നൽകിയിരുന്നുവെങ്കിലും IT TDS ഈടാക്കിയത് സംബന്ധിച്ച മറുപടിയൊന്നും തന്നെ ലഭ്യമാക്കിയില്ല.

1-101-2 ഹരിത കർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ-ചെലവ് രേഖകൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല, ടി.ഡി.എസ്. ഇനത്തിൽ 16000/-ഈടാക്കിയില്ല.

ഹരിത കർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലിന്റെ ഭാഗമായി 2 പ്രോജക്കുകൾക്കാണ് തൻവർഷം തുക ചെലവഴിച്ചിരിക്കുന്നത്. (പ്രോജക്ട് നം 1937/25 & പ്രോജക്ട് നം 1047/25) ഇതിൽ പ്രോജക്ട് നം 1047/25ൽ ഹരിത കർമ്മസേനയ്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഇൻഷ്വറൻസ് പരിശീലനം, കൺസ്യൂമർ കാർഡ് നൽകൽ, എന്നീ പ്രവർത്തനങ്ങളും പ്രോജക്ട് നം 1937/25ൽ ഹരിതകർമസേനയ്ക്ക് ആവശ്യമായുള്ള യൂണിഫോം, ഗ്ലൗസ്, മാസ്ക്, റയിൻകോട്ട് എന്നിവയുടെ വാങ്ങൽ പ്രവർത്തനങ്ങളുമാണ് നിർവഹിച്ചിരിക്കുന്നത്. പ്രോജക്കുകൾ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹരിതകർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യം (പ്രോജക്ട് നം 1937/25)

നഗരസഭയിലെ ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ യൂണിഫോം, ഗ്ലൗസ്, മാസ്ക്, റയിൻകോട്ട് എന്നിവ വാങ്ങുന്നതിനും ഇ.എസ്.ഐ.പി.എസ്. വിഹിതം നൽകുന്നതിനും വേണ്ടിയാണ് ഈ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്.

പ്രോജക്ട്	ഹരിത കർമ്മസേനയ്ക്ക് ആവശ്യമായിട്ടുള്ള യൂണിഫോം, ഗ്ലൗസ്, മാസ്ക്, റയിൻകോട്ട് എന്നിവ വാങ്ങുന്നതിനും ഇ.എസ്.ഐ.പി.എസ്. വിഹിതം നൽകുന്നതിനും.
പ്രോജക്ട് നം	1937/2025
അടങ്കൽ	9,00,000/- (വികസനഫണ്ട് ജനറൽ) 15,00,000/- (തനത് ഫണ്ട്.)
ചെലവ്	8,48,782/-(വികസനഫണ്ട് ജനറൽ)

ബിൽ നം	1746 തീയതി. 20/12/2024 തുക- 4,02,624/- 1748 തീയതി. 20/12/2024 തുക- 3,02,158/- 0142 തീയതി. 09/05/2024 തുക-1,44,000/-
നിർവഹണം	ഹെൽത്ത് സൂപ്പർ വൈസർ

യൂണിഫോം, ഗ്ലൗസ്, മാസ്ക്, റയിൻകോട്ട് ,ഓവർകോട്ട് എന്നിവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുകയും സാധനങ്ങൾ വാങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. KICO Business Corporation Vellakulangara, Adoor എന്ന സ്ഥാപനത്തിൽ നിന്നും 402684/-രൂപ ചെലവഴിച്ച് 919 റയിൻകോട്ട് (96 Male, 823 Female) വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. Choice Chemicals North Park Building Vincent Road Ernakulam എന്ന സ്ഥാപനത്തിൽ നിന്നും 4,02,684/-രൂപ ചെലവഴിച്ച് 919 ഓവർകോട്ട് (96 Male, 823 Female) വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. HEADCO, Malabar Acred, Pantheerankavu Kozhikkod എന്ന സ്ഥാപനത്തിൽ നിന്നും 3000 ഗ്ലൗസുകൾ @48/- നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഇവയ്ക്കായി ആകെ 144000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 10.01.2024 ലെ പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം നെഗോസിയേഷൻ നടത്തിയതിൽ ഒരു ഗ്ലൗസിന് 47.75 നിരക്കാണ് അംഗീകരിച്ചിരിക്കുന്നത്. ഈ നിരക്ക് അംഗീകരിക്കാൻ ബഹു.കൗൺസിലിലേക്ക് 23-01-24 ലെ 21 (1) തീരുമാന പ്രകാരം ശിപാർശ ചെയ്തിരുന്നതാണ്. ആയതിൻ പ്രകാരം നൽകേണ്ടിയിരുന്ന തുക 143250/- രൂപയാണ്. ഈ ഇനത്തിൽ 750/-രൂപ അധികം നൽകിയിട്ടുണ്ട്. കൂടാതെ 3000ഗ്ലൗസുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് സംബന്ധിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.129//2025.തീയതി: 24.10.2025) മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കി/രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

2. ഹരിതകർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യം (പ്രോജക്ട് നം 1047/25)

പ്രോജക്ട് നം 453/2024 ആയി 2023-24 ൽ തുടങ്ങിയ പദ്ധതിയാണിത്. 2023-24 സാമ്പത്തിക വർഷം 25,00,000/- രൂപ വകയിരുത്തിയതിൽ 12,02,752/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ സേനയിൽ പ്രവർത്തിക്കുന്ന എല്ലാപേർക്കും യൂണിഫോം, റയിൻകോട്ട്, ഗ്ലൗസ്, മാസ്ക്, എന്നിവ വാങ്ങി നൽകുക, ആവശ്യമായ പരിശീലനം നൽകുക, ഹരിതസേനാംഗങ്ങൾക്ക് മെഡിക്കൽ ചെക്കപ്പ് നടത്തുക, കുടുംബശ്രീ മുഖാന്തിരം ഇൻഷ്വറൻസ് പരിരക്ഷ നൽകുക, എല്ലാ വീടുകൾക്കും യൂസർ ഫീ നൽകൽ, സർവേ ഫോം പ്രിന്റ് ചെയ്യൽ എന്നിവയാണ് പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. പ്രോജക്ട് സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	തൻവർഷം (2024-25) സ്പിൽ ഓവർ (പ്രോജക്ട് നം 1047/2025)	മുൻവർഷം (2023-24) പ്രോജക്ട് നം 453/2024
അടങ്കൽ	10,50,000/- (വികസനഫണ്ട് ജനറൽ) 2,61,113 തനത് ഫണ്ട്.	2500000/- (വികസനഫണ്ട് ജനറൽ)
ചെലവ്	10,50,000/-	12,02,752/-
ബിൽ നം	2814 തീയതി.08/03/2025 തുക-5,06,315/- 387 തീയതി.09/05/2024 തുക-5,43,685/-	531 തീയതി.30/10/2023 തുക-4,72,000/- 387 തീയതി.20/12/2023 തുക-7,30,752/-
നിർവഹണം	ഹെൽത്ത് സൂപ്പർ വൈസർ	ഹെൽത്ത് സൂപ്പർ വൈസർ

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.

1.ഇൻഷ്വറൻസ്, തനത്ഫണ്ട് ചെലവ്, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല .

1109 ഹരിത കർമ്മസേന പ്രവർത്തകരുടെ ഇൻഷ്വറൻസ് 2025 ജനുവരി 7 ന് അവസാനിച്ച സാഹചര്യത്തിൽ ആയത് പുതുക്കുവാൻ ഒരാൾക്ക് 692/- രൂപ നിരക്കിൽ ആകെ 7,67,428/- രൂപ അനുവദിക്കുന്നതിനായി 10.03.2025 ൽ ചേർന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം (തീരുമാനം നം 25) 506315/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും 261113 രൂപ തനത്ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചു. തനത്ഫണ്ടിൽ നിന്നും അനുവദിച്ച തുക 2,61,113 രൂപയുടെ ചെക്ക് നം, വൗച്ചർ നം എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല ഈ തുക ചെലവഴിച്ച വിവരം സൂലേഖ ചെലവ് പത്രികയിൽ വന്നിട്ടില്ല. കൂടാതെ ഹരിത കർമ്മസേന പ്രവർത്തകർ ഇൻഷ്വറൻസ് പുതുക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ, സാക്ഷ്യപ്പെടുത്തലുകൾ, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ജി.എസ്.ടി, ഐ.ടി ടി.ഡി.എസ് വരുത്തിയിട്ടില്ല .

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 2023-24 ൽ 4,72,000/-രൂപ യൂസർ ഫീ കാർഡ്, രസീത് ബുക്കുകൾ എന്നിവ പ്രിന്റ് ചെയ്തയിനത്തിൽ HREDC യ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 72000/- രൂപ 18% ജി.എസ്.ടി. ഇനത്തിൽ അനുവദിച്ചതാണ്. എന്നാൽ തുക അനുവദിച്ചപ്പോൾ GST TDS @2%, (8000/-) IT TDS @2% (8000/-) എന്നിവ ഈടാക്കിയിട്ടില്ല. ഈ സ്ഥാപനത്തിന്റെ 2023-24 ലെ ജി.എസ്.ടി. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 128/2025.തീയതി: 24.10.2024. നൽകിയിട്ടും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-101-3 യഥാർത്ഥ ജി.എസ്.ടി നിരക്കിനേക്കാൾ അധികരിച്ച് ജി.എസ്.ടി കണക്കാക്കി - അധികം നൽകിയത് -10761/-രൂപ.

1)

പ്രോജക്ട്	Purchasing Of Furniture & Electronic Equipment For Fort Hospital (SO 1284/25)
അടങ്കൽ	11,00,000/- രൂപ
പദ്ധതി ചെലവ്	11,00,000/- രൂപ വീൽ ചെയർ വാങ്ങൽ (ചെലവ് - 65,000/- രൂപ)
ബിൽനം , തുക	24010147016200933268/21.11.2024, 65000/-
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)
ഫയൽ നം.	3332/2024/THF
നിർവ്വഹണഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഫോർട്ട് താലൂക്ക് ആശുപത്രി.

ഫോർട്ട് ഹോസ്പിറ്റലിലെ ക്യാഷ്വാലിറ്റി വിഭാഗത്തിലെ ഉപയോഗത്തിനായി ന്യൂ ഹൈടെക് എഞ്ചിനീയറിംഗ് വർക്സ്, നഗരൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ വീൽ ചെയറിന്റെ ടാക്സ് ഇൻവോയിസ് (നം. 17/20.11.2024) പ്രകാരം 5 വീൽ ചെയറുകളുടെ ആകെ തുകയായ 55084.7 രൂപയ്ക്ക് 18% ജി.എസ്.ടി -യാണ് (9915.2/- രൂപ) സ്ഥാപനം ഈടാക്കിയിട്ടുള്ളത്. ജി.എസ്.ടി രേഖകൾ പ്രകാരം രോഗികൾക്കായുള്ള Medical/Mobility ഉപകരണങ്ങൾക്കുള്ള ജി.എസ്.ടി Concessional Rate-ലാണ് ഈടാക്കുന്നത്. ജി.എസ്.ടി ഗ്രഡ്സ് & സർവ്വീസസ് റേറ്റ് പ്രകാരം HSN കോഡ് 8713 ആയിട്ടുള്ള മാന്വൽ വീൽ ചെയറിന് ഈടാക്കാവുന്ന ജി.എസ്.ടി 5% ആണ്. ആയതിനാൽ താഴെപ്പറയും പ്രകാരം ജി.എസ്.ടി ഇനത്തിൽ 7161/- രൂപ ന്യൂ ഹൈടെക് എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിന് അധികം നൽകിയതായി കാണുന്നു.

5 വീൽ ചെയറിന്റെ ആകെ തുക - 5*11016.91=55084.7

ജി.എസ്.ടി @18% - 9915.2

ജി.എസ്.ടി @ 5% - 2754.2

വ്യത്യാസം - 7161/- രൂപ

2)

പ്രോജക്ട് .	ഫോർട്ട് ആശുപത്രിയിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗും വാങ്ങലും(SO 2349/25)
X- റേ മെഷീൻ റിപ്പയർ ചാർജ്ജ് ചെലവ്	70800/-
ബിൽ നം./തീയതി	24010147016201438033/06.03.2025
ഫയൽ നം.	A4-3714/2024/THF
വൗച്ചർ നം.	1

ഫോർട്ട് താലൂക്ക് ആശുപത്രിയിലെ X-Ray മെഷീൻ റിപ്പയർ ചാർജ്ജായി യൂണിറ്റ് Price 60,000/- രൂപയും 18% ജി.എസ്.ടി-യും ഉൾപ്പെടെ 70,800/- രൂപ വിഷൻ മെഡിക്കൽ എക്യൂപ്മെന്റ്സ്, പൂനെ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. HSN Code 9022 ആയിട്ടുള്ള X-Ray മെഷീൻ ഭാഗങ്ങൾ മാറ്റി വയ്ക്കുന്നതിന് 12% GST ആണ് ചുമത്താവുന്നത്. CBIC സർക്കുലർ നം.195/07/2023-GST പ്രകാരം വാറണ്ടി പിരീഡിലാണ് ഇപ്രകാരമുള്ള Replacement നടത്തുന്നതെങ്കിൽ ജി.എസ്.ടി ഈടാക്കേണ്ടതില്ല. മെഷീന്റെ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

18% ജി.എസ്.ടി ചുമത്തിയതിനാൽ താഴെപ്പറയും പ്രകാരം അധികം തുക ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ടതായി വന്നു.

യൂണിറ്റ് വില - 60,000/-

ജി.എസ്.ടി @18% - 10,800/-

ജി.എസ്.ടി @ 12% - 7,200/-

വ്യത്യാസം - 3,600/-

ഇപ്രകാരം ആകെ 10,761/- (7161+3600) രൂപ ജി.എസ്.ടി ഇനത്തിൽ അധികം നൽകിയിട്ടുണ്ട്. ജി.എസ്.ടി അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് നൽകിയ എൻക്വയറിയ്ക്ക് (നം.143/കെ.എസ്.എ/എ.ഒ1/2025 തീയതി 31.10.2025) അധികമായി നൽകിയ ടി തുക സപ്ലയറിൽ നിന്ന്തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ആശുപത്രിയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാൻ സാധിക്കുകയില്ല. ആയതിനാൽ മേൽ ഖണ്ഡികകൾ പ്രകാരമുള്ള നിരക്കിൽ ജി.എസ്.ടി തുകകൾ പരിഷ്കരിച്ച ഇൻവോയിസ് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-101-4 ബില്ലിൽ നിന്നും TDS കുറവ് ചെയ്തിട്ടില്ല - കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകൾക്ക് നഷ്ടം

സി.ഡി.പി.ഒ.അർബൻ IV 2024-25 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ SO223/25, SO985/23 നം.പ്രോജക്ടുകൾ പ്രകാരം വഞ്ചിനാട് സർജിക്കൽസ് ,ഓസ്റ്റിച്ച് മൊബിലിറ്റി സർവീസസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ ജി.എസ്.ടി തുക സ്ഥാപനം ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലുകളിൽ നിന്നും CGST Act 2017 സെക്ഷൻ 51(1) ,SGST Act സെക്ഷൻ

51(1) - എന്നിവയിൽ നിഷ്കർഷിക്കും പ്രകാരം (2%) TDS കുറവ് ചെയ്തിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	തുക കൈപ്പറ്റിയ സ്ഥാപനം	ബിൽ നം./ തീയതി	ബിൽ പ്രകാരമുള്ള തുക (രൂപ)	ജി.എസ്.ടി തുക (രൂപ)
1.	SO223/25	വഞ്ചിനാട് സർജിക്കൽസ്	2549/19.02.25 2392/12.02.25	336800 130000	102112.60
			2550/19.02.25	350100	76584
			3660/26.03.25	233400	51056
2.	SO985/25	ഓസ്വിച്ച് മൊബിലിറ്റി സർവീസസ് ലിമിറ്റഡ്	1875/04.01.25	363000	17286
		വഞ്ചിനാട് സർജിക്കൽസ്	1580/12.12.24	350100	53405
			1582/12.12.24	350100	53405
			851/01.08.24	1167000	255281

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/കെ.എസ്.എ./ടി.വി.സി.5/2024-25, തീയതി 01.07.2025) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി റ്റി.ഡി.എസ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും തുടർ വർഷത്തെ ബില്ലുകളിൽ നിന്നും ജി.എസ്.ടി റ്റി.ഡി.എസ്.കുറവ് വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-101-5 അധികമായി നൽകിയ GST തുക വ്യാപാരിയിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം.	1044/2025 (SO)
പ്രോജക്ടിന്റെ പേര്	സ്കൂളുകൾക്ക് എസ്.പി.സി-യ്ക്ക് ആവശ്യമായ അലമാര,കസേര, മേശ,ഷൂറാക്ക്, വൈറ്റ് ബോർഡ് എന്നിവ വാങ്ങി നൽകൽ
അടങ്കൽ	817920/-
ചെലവ്	817920/-
ഫണ്ട്	മെയിന്റനൻസ് ഫണ്ട് (റോഡിതരം)
നിർവഹണോദ്യോഗസ്ഥൻ	പ്രിൻസിപ്പാൾ,ഗവ:വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ,പട്ടം
ബിൽ നം/തീയതി	855/2.08.2024

മേൽ പദ്ധതി പ്രകാരം നഗരസഭാപരിധിയിലെ 6 സ്കൂളുകൾക്ക് എസ്.പി.സി-യ്ക്ക് ആവശ്യമായ അലമാര,കസേര, മേശ,ഷൂറാക്ക്, വൈറ്റ് ബോർഡ് എന്നിവ ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുക്കപ്പെട്ട ചോയ്സ് ഫർണിച്ചർ,കടലുണ്ടി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് പർച്ചേസ് ചെയ്തിരിക്കുന്നത്.സാധനങ്ങൾ സ്ഥാപനം നേരിട്ടാണ് സ്കൂളുകൾക്ക് വിതരണം ചെയ്തിരിക്കുന്നത്.

ഫയൽ പരിശോധനയിൽ Choice Furniture എന്ന സ്ഥാപനത്തിന്റെ ബില്ലിൽ GST പ്രത്യേകമായി ഉൾപ്പെടുത്തി കാണുന്നില്ല.സ്ഥാപനം ലഭ്യമാക്കിയ Bill Of Supply ൽ Composition Taxable Person Not Eligible To Collect Tax On Supplies എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ നിർവഹണോദ്യോഗസ്ഥൻ അംഗീകരിച്ച ബിൽ പ്രകാരം 2% GST കുറവ് വരുത്തിയതായി കാണുന്നു.സ്ഥാപനത്തിനു GST രജിസ്ട്രേഷനുണ്ട്.GST ഉൾപ്പെട്ട നിരക്കുകളാണോ സാധനങ്ങൾക്ക് നൽകിയിരിക്കുന്നത് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.283/കെ.എസ്.എ/റ്റി.വി.സി 7/2025 തീയതി 27.02.2026) നുള്ള മറുപടിയിൽ GST ഉൾപ്പെട്ട നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു.

സർക്കുലർ നം 90/2017 /ഫിൻ തീയതി 14.12.2017 ഉത്തരവ് പ്രകാരം GST ഉൾപ്പെടാത്തതും എന്നാൽ ബാധകമായ മറ്റെല്ലാ നികുതികളും,ഡ്യൂട്ടികളും ക്ഷേമനിധിവിഹിതവും ഉൾപ്പെടുത്തിയതുമായ നിരക്കാണ് കരാറുകാരൻ ടെണ്ടർ സമർപ്പിക്കുമ്പോൾ നൽകേണ്ടത്. ബാധകമായ GST ടെണ്ടറിൽ കരാറുകാരൻ പ്രത്യേകമായി കാണിക്കേണ്ടതാണ്.എന്നാൽ ഇപ്രകാരമല്ല ടെണ്ടർ /ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നത്.

Composition Taxable Person Not Eligible To Collect Tax On Supplies ആയ വിതരണക്കാരൻ ബില്ലിൽ GST പ്രത്യേകമായി കാണിക്കാതിരിക്കുകയും GST ഉൾപ്പെട്ട നിരക്ക് പ്രകാരം തുക ഈടാക്കുകയും ചെയ്ത സാഹചര്യത്തിൽ അധികമായി നൽകിയ GST കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.GST ഉൾപ്പെടുത്താത്ത ബിൽ ലഭ്യമാക്കി അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-101-6 നഗരസഭ ഈടാക്കിയ ജി. എസ്. ടി തുക പൂർണമായും അടവാക്കിയില്ല - സർക്കാരിന് നികുതിയിനത്തിൽ 77236/- രൂപയുടെ നഷ്ടം

നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക, വസ്തുവകകളുടെ ലേല വരവ് തുടങ്ങിയവയുടെ മേൽ ഈടാക്കിയ GST, അഡ്വക്കേറ്റ് ഫീസിൽ നിന്ന് ഈടാക്കിയ റിവേഴ്സ് GST എന്നിവയുടെ 2024-25 ലെ അടവ് വിശദാംശങ്ങളുമായി ബന്ധപ്പെട്ട ഫയൽ, GST Collection Statements, നഗരസഭയുടെ GST അടവ് അക്കൌണ്ട് (SBI A/C No. 632284) ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ നഗരസഭ ഈടാക്കിയ GST തുകയും സർക്കാർ അക്കൗണ്ടിൽ

ഒടുക്കിയ GST തുകയും തമ്മിൽ വ്യത്യാസം വന്നിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ട്രാൻസാക്ഷൻ തീയതി	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഒടുക്കിയ GST തുക	ഫയലിലെ സ്റ്റേറ്റ്മെന്റ് പ്രകാരം നഗരസഭ മുൻമാസത്തിൽ ഈടാക്കിയതും തൻമാസം സർക്കാർ അക്കൗണ്ടിൽ ഒടുക്കേണ്ടതുമായ GST തുക	കുറവ്
18.04.2024	1470674	1470836	162
16.05.2024	681012	683716	2704
18.06.2024	869070	870782	1712
19.07.2024	1093946	1094432	486
17.08.2024	803970	805310	1340
18.09.2024	634390	634422	32
19.10.2024	2041928	2042682	754
18.11.2024	825432	825594	162
16.12.2024	746456	746838	382
18.01.2025	925146	925680	534
18.02.2025	742874	811738	68864
18.03.2025	676788	676892	104
ആകെ കുറവ്			77236

ടി തുക അടവാക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 25.07.2025-ലെ 33/കെ.എസ്.എ/ടിവിസി.6/2025 നമ്പർ ഓഡിറ്റ് എൻകൃയറിനഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒടുക്കിയതിൽ കുറവ് വന്ന തുക സർക്കാർ അക്കൗണ്ടിൽ അടവാക്കി സർക്കാരിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

1-102 അമൃത് പദ്ധതി - അവലോകനം

നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത് (Atal Mission For Rejuvenation And Urban Transformation - AMRUT) . ശുദ്ധജല വിതരണം, മലിനജല സംസ്കരണം, ജലസ്രോതസുകളുടെ പുനരുജ്ജീവനം, പാർക്ക് പോലെയുള്ള തുറസ്സായ സ്ഥലങ്ങളും ഹരിതഇടങ്ങളും തയ്യാറാക്കൽ, മലിനീകരണം കുറയ്ക്കുന്ന വിധത്തിൽ പൊതുഗതാഗതം നവീകരിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ നഗരജീവിതം മെച്ചപ്പെടുത്തുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം.അമൃത് മിഷൻആണ് പദ്ധതിയുടെ നോഡൽ ഏജന്റ്. കേരള വാട്ടർ അതോറിറ്റി(KWA) മുഖാന്തിരമാണ് കുടിവെള്ള, മലിനജല പദ്ധതികൾ നടപ്പിലാക്കുന്നത്.

ആദ്യഘട്ട പദ്ധതിയായ അമൃത്-1 2015 മുതൽ 2020 വരെ 5 വർഷകാലയളവിൽ നടപ്പിലാക്കിയിരുന്നു. തുടർന്ന് രണ്ടാം ഘട്ട പദ്ധതിയായ അമൃത്-2, 2021 മുതൽ 2026 വരെയുള്ള 5 വർഷ കാലയളവിൽ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

അമൃത് -2-നഗരസഭ പൂർത്തിയാക്കാനുള്ളത് 296.6416 കോടിയുടെ പദ്ധതികൾ

നഗര പ്രദേശത്തെ എല്ലാ വീടുകളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കൽ , സമ്പൂർണ്ണമായും ശാസ്ത്രീയമായുമുള്ള മലിനജല സംസ്കരണം, ജലാശയങ്ങളുടെ പുനരുജ്ജീവനം, നഗരത്തിലെ ഹരിതഭംഗി പാർക്കുകളുടെ നവീകരണം തുടങ്ങിയ ലക്ഷ്യങ്ങൾങ്ങൾക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വികസന പദ്ധതികളാണ് അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ -രണ്ടാം ഘട്ടത്തിൽ(അമൃത്2.0) ഉൾപ്പെടുത്തിയിട്ടുള്ളത്. 2021 മുതൽ 2026 വരെയുള്ള 5വർഷ കാലയളവിലാണ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടത്. പദ്ധതികൾക്കാവശ്യമായ ഫണ്ട് കേന്ദ്രവും സംസ്ഥാനങ്ങളും, നഗര തദ്ദേശസ്ഥാപനങ്ങളും ചേർന്ന് (33.33 : 33.33 : 33.33 എന്ന അനുപാതത്തിൽ) വഹിക്കുന്നു. നഗരസഭാ വിഹിതം അമൃത്-2 മിഷൻ ഡയറക്ടറുടെ പേരിൽ ഇന്ത്യൻ ബാങ്കിന്റെ തൈക്കാട് ബ്രാഞ്ചിലെ 7468785906 എന്ന അക്കൌണ്ടിൽ നിക്ഷേപിക്കുന്നതിന് 28.03.2023 ലെ 740/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭ അമൃത്-2 പദ്ധതിയിൽ കുടിവെള്ളം, സ്വീവറേജ്, ജലാശയങ്ങളുടെ നവീകരണം എന്നീ മേഖലകളിലായി 169 പദ്ധതികൾക്കായി 382.7493കോടി രൂപയുടെ അംഗീകാരം ലഭിച്ചതിൽ കുടിവെള്ളം, സ്വീവറേജ് മേഖലകളിൽ നിന്നായി 86.1077422 കോടി ചെലഴിച്ച് ആകെ 47 പദ്ധതികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനായി 17.09 കോടി രൂപ വകയിരുത്തി 29പ്രോജക്റ്റുകൾ ആവിഷ്കരിച്ചെങ്കിലും

നിലവിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച29 പദ്ധതികളിൽ 27 എണ്ണത്തിന് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ മാത്രമാണ് ഭരണാനുമതി(25.3.2025ൽ) ലഭിച്ചതെന്നും, ആയതിന് ശേഷം ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും നഗരസഭ അറിയിച്ചു.

പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, തിരുവനന്തപുരം നഗരസഭ പ്രദേശങ്ങളിൽ അമൃത്2.0 പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ/നടത്തിയ പ്രവർത്തനങ്ങൾ, പദ്ധതിക്കായി കടിവെള്ളം, സ്വീവറേജ്, ജലാശയങ്ങളുടെ നവീകരണം എന്നീ മേഖലകളിലായി ഹരിത ഇടങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ മേഖലകളിലേക്കായി ആകെ ലഭിച്ചതും, ചെലവഴിച്ചതുമായ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.107/കെ.എസ്.എ./എ.ഒ.III/2025. തീയതി: 13.10.2025) നഗരസഭ നല്കിയ മറുപടിയുടെ അടിസ്ഥാനത്തിലുമുള്ള പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

. നിലവിലെ സ്ഥിതി

മേഖല

	അംഗീകാരം ലഭിച്ച പ്രോജക്ടുകൾ		പൂർത്തിയായ പ്രോജക്ടുകൾ		പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രോജക്ടുകളുടെ എണ്ണം
	എണ്ണം	ഭരണാനുമതി ലഭിച്ച തുക (കോടി)	എണ്ണം	ചെലവ് (കോടി)	
കുടിവെള്ളം	87	273.0113	26	61.5533834	61
മലിന ജല സംസ്കരണം	53	92.648	21	24.5543588	32
ജലാശയങ്ങളുടെ പുനരുജ്ജീവനം	29	17.09	0	0	29
ആകെ	169	382.7493	47	86.1077422	122

. ഫണ്ട് വിനിയോഗം

കുടിവെള്ളം

വർഷം	കേന്ദ്രവിഹിതം		സംസ്ഥാന വിഹിതം		നഗരസഭാ വിഹിതം		നഗരസഭാവിഹിതം (*ലഭിച്ചത്)
	വരവ്	ചെലവ്	വരവ്	ചെലവ്	വരവ്	ചെലവ്	
2023-24	78947959.33	78947959.33	78947959.33	78947959.33	78947959.33	78947959.33	78947959.33
2024-25	98325303	98325303	98325303	98325303	98325303	98325303	98325303
2025-26	27904682.33	27904682.33	27904682.33	27904682.33	27904682.33	27904682.33	27904682.33
ആകെ	205177944.7	205177944.7	205177944.7	205177944.7	205177944.7	205177944.7	205177944.7

സ്വീവറേജ്

വർഷം	കേന്ദ്രവിഹിതം		സംസ്ഥാന വിഹിതം		നഗരസഭാ വിഹിതം		ULB SHARE RECEIVED
	വരവ്	ചെലവ്	വരവ്	ചെലവ്	വരവ്	ചെലവ്	
2023-24	23290571.33	23290571.33	23290571.33	23290571.33	23290571.33	23290571.33	2500000
2024-25	50017456.67	50017456.67	50017456.67	50017456.67	50017456.67	50017456.67	86958065
2025-26	24981403.67	24981403.67	24981403.67	24981403.67	24981403.67	24981403.67	Nil
ആകെ	98289431.67	98289431.67	98289431.67	98289431.67	98289431.67	98289431.67	89458065

ജലാശയങ്ങളുടെ പുനരുജ്ജീവനം

വർഷം	കേന്ദ്രവിഹിതം		സംസ്ഥാന വിഹിതം		നഗരസഭാ വിഹിതം		ULB SHARE RECEIVED
	വരവ്	ചെലവ്	വരവ്	ചെലവ്	വരവ്	ചെലവ്	
2023-24	0	0	0	0	0	0	2500000
2024-25	0	0	0	0	0	0	86958065
2025-26	56998134	0	56998134	0	56998134	0	0
ആകെ	56998134	0	56998134	0	56998134	0	89458065

. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പദ്ധതികൾ

അമൃത്-2 പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം വരെ Water Supply Sector ൽ 61.55 കോടി ചെലവഴിച്ച് 26പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ Sewerage Sectorൽ 24.55 കോടി ചെലവഴിച്ച് 21 പ്രോജക്ടുകളും പൂർത്തീകരിച്ചിട്ടുള്ളതാണ്. അമൃത്2 പ്രകാരം കുടിവെള്ള മേഖലയിൽ പുതിയ ഗാർഹിക കുടിവെള്ള കണക്ഷൻ നല്കൽ, കേടായ പഴയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കൽ/ മാറ്റം വരുത്തൽ, കുടിവെള്ള വിതരണ ശൃംഖല വ്യാപിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കുടിവെള്ള വിതരണ മേഖലയിലെയും, സ്വീവറേജ് മേഖലയിലെയും പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ലക്ഷ്യം (എണ്ണം/കി.മോ)	നേടിയത് (എണ്ണം	പൂർത്തിയാക്കാൻ അവശേഷിക്കുന്നത്
കുടിവെള്ള വിതരണം				
1	പുതിയ ഗാർഹിക കുടിവെള്ള കണക്ഷൻ	38605	10379	28226
2	പഴയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കലും /മാറ്റം വരുത്തൽ	28103	5398	22705
3	കുടിവെള്ള വിതരണ ശൃംഖല വ്യാപിപ്പിക്കൽ	212.45 Km	42.79 Km	169.77
സ്വീവറേജ്				
1	സ്വീവറേജ്ശൃംഖല വ്യാപിപ്പിക്കൽ		11.19 Km	
2	പുതിയ സ്വീവറേജ് കണക്ഷൻ നല്കൽ			

അമൃത്-1 പദ്ധതികൾ നിലവിലും പൂർത്തീകരിക്കാൻ അവശേഷിക്കുന്നു .

2015 മുതൽ 2020 വരെയുള്ള 5 വർഷ കാലയളവിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആദ്യ ഘട്ട പദ്ധതിയായ അമൃത്-1 പ്രകാരം തിരുവനന്തപുരം നഗരസഭയിൽ കുടിവെള്ളം, സ്വീവറേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, ഗ്രീൻ സ്പെയ്സ് ആന്റ് പാർക്സ് എന്നീ 5 മേഖലകളിലേക്കായി പദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്ന 317പദ്ധതികളിൽ 2024-25 സാമ്പത്തിക വർഷാവസാനം വരെയുള്ള കണക്ക് അനുസരിച്ച് 297എണ്ണമാണ് പൂർത്തിയാക്കിയിട്ടുള്ളത്. കോവിഡ് മൂലമായ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി നീട്ടി ലഭ്യമാക്കുകയും, 2024 ഡിസംബറിൽ പദ്ധതി പ്രർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം ലഭിക്കുകയും ചെയ്തിരുന്നു എന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2024-25 വർഷം വരെയുള്ള പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ പരിശോധിക്കുമ്പോൾ ചുവടെപ്പറയും പ്രകാരം വിവിധ മേഖലകളിലായി 20 പദ്ധതികളാണ് പൂർത്തീകരിക്കാൻ അവശേഷിക്കുന്നത്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന മേൽ പദ്ധതികളുടെ വിശദാംശങ്ങളും, നിലവിലെ സ്ഥിതിയും വ്യക്തമാക്കാൻ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 2.3.2026 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.288/കെ.എസ്.എ./എ.ഒ.III/2025 യുടെ മറുപടിയിൽ പൂർത്തീകരിക്കാൻ ബാക്കിയായ20 പദ്ധതികളിൽ 9 പദ്ധതികൾ കൂടി പൂർത്തീകരിക്കുകയും നിലവിൽ 11 പദ്ധതികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായും മറുപടി നല്കിയിട്ടുണ്ട്.

അമൃത് 1- 2024-25 ലെ തൽ സ്ഥിതി വിവരം							
മേഖല	ആകെ പ്രോജക്ടുകളുടെ എണ്ണം	ഭരണാനുമതി ലഭിച്ച തുക (കോടി)	അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം	ബാക്കി	ചെലവ് (കോടി)	Financial %
കുടിവെള്ളം	57	120.80	57	54	3	104.38	86
സ്വീവറേജ്	134	208.16	131	122	12	198.31	95
സ്റ്റോം വാട്ടർ ഡ്രെയിനേജ്	117	47.26	117	114	3	43.87	93
അർബൻ ട്രാൻസ്പോർട്ട്	4	33.00	4	2	2	32.64	99

ഗ്രീൻ സ്പെയ്സ്& പാർക്ക്സ്	5	5.85	5	5	0	5.64	96
ആകെ	317	415.07	314	297	20	384.84	93

. പൂർത്തിയാക്കാൻ അവശേഷിക്കുന്ന പദ്ധതികളുടെ വിവരം

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി(നം.288) മുഖാന്തിരം ആവശ്യപ്പെട്ടതിന് നഗരസഭ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾചുവടെ ചേർക്കുന്നു.

AMRUT 1 BALANCE WORKS

Sl No	Sector	Project ID	Name	AS Amount (Cr.)	Awarded Amount (Rs.)	Physical Progress (%)	Financial Progress (%)	Expenditure (Cr.)	Status
1	SEW	KER-THI-332	Providing Sewerage Lines In Various Areas For Connecting Lines Already Laid In AMRUT-1.0 In Block L, J, K & I - Branch Sewer From MH150 Ithadi Towards Sreekaryam Area - Branch Sewer From Ulloor Jn To SN Jn In Ulloor-Akkulam Road - Branch Sewer From Nish Jn To Kattela Road	22.48	17.297	68%	74%	16.545	Balance 3 Works In Progress.
2	SEW	KER-THI-336	Construction Of Sewer Pumping Station In Kollavila In Block N, Ulloor	5.23	3.08	68%	59%	3.08	Work In Progress.
3	SEW	KER-THI-006	Construction Of Sewerage Pump House At Edathara In Thiruvananthapuram Corporation	8.21	8.21	75%	100%	8.2047	Work Rearranged And Started. Well, Grit Chamber And Pump House Work In Progress.
4	SEW	KER-THI-297	Laying Transmission Main And Sewer Networks In Block J (Karimanal) Collection And Conveyance System. (A) Trunk Main To Karimanal.	13.27	13.27	95%	98%	12.971	Manhole Interconnection Works In The Third Reach Is Only Pending. Work Rearranged.
5	SEW	KER-THI-039	Construction Of Pumping Station At Karimanal (Block J)	4	3.023	95%	75%	3.014	Agreement To Be Executed For Rearranged Work. Inter Connection Works Pending.
6	SEW	KER-THI-073	Sewer Network From Pettah Arasumoode Junction To MH-7 Edathara Pumping Station Package 4	6.41	6.41	95%	41%	2.639	Work Short Closed And Balance Works Rearranged At The Risk And Cost Of Contractor. Final Bill To Be Submitted By KWA.
7	SEW	KER-THI-313	Procurement Of Compact STP 500 KLD	6	6	10%	0%	0	Work Is Likely To Be

			Units Including Network System						Retendered.
8	SEW	KER-THI-209	(B) Well At Kulathoor	4.81	4.81	97%	85%	4.09	Finishing Works In Progress.
9	SWD	KER-THI-314	Drain From Back Side Of STP To Medical College-700X2.30X1.80	2.382	2.382	85%	74%	1.752	Drain - 358 / 700m Completed. Work In Progress.
10	SWD	KER-THI-315	Drain From Vavarakkonam To Medical College	1.882	1.882	50%	62%	1.164	Drain - 250/ 700m Completed. Work In Progress.
11	SWD	KER-THI-317	Drain Near Veli Tourist Village In Vettukadu Ward	2	2	35%	50%	1	Work In Progress. 100m/450m Completed.

കൂടാതെ അമൃത്-1 പദ്ധതിയുടെ ഭാഗമായി നഗരസഭാപരിധിയിൽ 31.73 കോടി രൂപ നഗരസഭ മെയിൻ ഓഫീസ്, പുത്തരിക്കണ്ടം മൈതാനം, മെഡിക്കൽ കോളേജ് ക്യാമ്പസ് എന്നിവിടങ്ങളിലായി മൂന്ന് മൾട്ടി ലെവൽ കാർപാർക്കിംഗ് പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്നു. ഇതിൽ നഗരസഭ മെയിൻ ഓഫീസിലെ മൾട്ടിലെവൽ കാർ പാർക്കിംഗ് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടുള്ളത്. മറ്റ് രണ്ടിടത്തും പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിലുള്ള കാലവിളംബം മൂലം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും വളരെയധികം കാലതാമസം നേരിടുന്ന സ്ഥിതിയുണ്ട്. സമയ ബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നഗരസഭക്ക് അനുവദിച്ചുനല്കുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

1-103 സ്മാർട്ട് സിറ്റി പ്രോജക്ട്-അവലോകനം.

2018 ലാണ് തിരുവനന്തപുരം സ്മാർട്ട് സിറ്റി മിഷൻ പ്രവർത്തനം ആരംഭിക്കുന്നത്. 2024 ജൂൺ 30 ന് മിഷൻ കാലാവധി അവസാനിക്കുന്ന വിധത്തിലാണ് പദ്ധതിയുടെ പ്രവർത്തങ്ങൾ ഏകോപിപ്പിച്ച് പോയിരുന്നത്. നഗരസഭയുടെ ജനകീയാസൂത്രണം 2019-20 ഭാഗമായി നഗരസഭയുടെ പരിധിയിൽ വരുന്ന ബസ്സ് സ്റ്റോപ്പുകളെ സ്മാർട്ട് ബസ്സ് സ്റ്റോപ്പുകളാക്കുന്നതിനും ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ നിർമ്മിക്കാനും പബ്ലിക് ടോയ്ലറ്റുകൾ നിർമ്മിക്കാനുമായി 2019-20 വർഷം 1 കോടി രൂപ വകയിരുത്തിയാണ് പദ്ധതി രൂപീകരിച്ചത്. തിരുവനന്തപുരം നഗരത്തിന്റെ കേന്ദ്രഭാഗത്ത് സ്ഥിതിചെയ്യുന്ന 9 വാർഡുകളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്. 2025 മാർച്ച് മാസം പദ്ധതിയുടെ കാലാവധി അവസാനിച്ചു.

തിരുവനന്തപുരത്ത് 1403 ഏക്കറോളം വരുന്ന പൈതൃക കേന്ദ്രവും നഗര ഹൃദയഭാഗവുമായ പ്രദേശം ആകർഷകവും എല്ലാ വിഭാഗത്തിലുള്ള ജനങ്ങളെ ഉൾക്കൊള്ളുന്നതുമാക്കി മാറ്റുന്നതിനാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. മിശ്രിത ഭൂവിനിയോഗം, പൈതൃകം, സംസ്കാരം, സവിശേഷത, സംയുക്ത നഗര സേവനം, പരിസ്ഥിതി സൗഹൃദമായ ദൃഢത, സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനം എന്നീ ലക്ഷ്യങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള പദ്ധതികളാണ് ഇതിൽ പെടുന്നത്. സ്മാർട്ട് സിറ്റി ഒരു കമ്പനിയായി രജിസ്റ്റർ ചെയ്തത് 30.08.2017 ൽ ആണ്. ഗൈഡ് ലൈൻസ് പ്രകാരം അഞ്ചു വർഷമാണ് പദ്ധതി പൂർത്തീകരണ കാലാവധിയായിരുന്നത്. നഗരസഭാ കൗൺസിൽ തയ്യാറാക്കിയ 1538.2 കോടി രൂപയുടെ സ്മാർട്ട്സിറ്റി പദ്ധതിക്ക് കൗൺസിലിന്റെ 17/03/2017 ലെ 1 -ാം നമ്പർ തീരുമാന പ്രകാരമുള്ള അംഗീകാരവും കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അംഗീകാരവും ലഭിച്ചിട്ടുള്ളതാണ്. കേന്ദ്ര/സംസ്ഥാന/നഗരസഭാ വിഹിതം ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രവൃത്തി നിർവഹിക്കുന്നത്.

സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പ്രധാന പ്രോജക്ടുകൾ.

1. സോളാർ പവർപ്ലാന്റുകൾ.
2. മൾട്ടിലെവൽ വാഹന പാർക്കിംഗ് സമുച്ചയങ്ങൾ.
3. സ്മാർട്ട് റോഡുകൾ.
4. ഇന്റഗ്രേറ്റഡ് ട്രാഫിക് കമാന്റ് & കൺട്രോളിംഗ് സെന്റർ.
5. 115 ഇലക്ട്രിക് ബസുകൾ.
6. 100 ഇലക്ട്രിക് ഓട്ടോറിക്ഷകൾ.
7. 30 ഇലക്ട്രിക് സ്കൂട്ടറുകൾ.
8. മാർക്കറ്റ് നവീകരണം, കുട്ടികളുടെ പാർക്ക് നിർമ്മാണം.
9. പുത്തരിക്കണ്ടം ഓപ്പൺ എയർ തീയറ്റർ.
10. കുടിവെള്ള കിയോസ്കുകൾ.
11. ബസ് കാത്തിരിപ്പു കേന്ദ്രങ്ങൾ.
12. സ്മാർട്ട് ക്ലാസ് റൂമുകൾ.

പദ്ധതിയെ സംബന്ധിച്ച് നഗരസഭ ലഭ്യമാക്കിയ ഫയലിലെ വിവരങ്ങൾ പൂർണമായും ആശ്രയിക്കത്തക്കതല്ല. നഗരസഭയുടെ 2023-24വാർഷിക റിപ്പോർട്ട് പ്രകാരം കേന്ദ്രവിഹിതമായി 390 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 390 കോടി രൂപയും മുനിസിപ്പൽ കോർപ്പറേഷന്റെ വിഹിതമായി 15 കോടി

രൂപയും ഉൾപ്പെടെ 795 കോടി രൂപ ലഭിച്ചതായി സൂചിപ്പിക്കുന്നുണ്ട്. ഇതുവരെ ലഭിച്ചതിൽനിന്നും 511.63 കോടി രൂപ വിനിയോഗിച്ചതായി പറയുന്നുണ്ട്. 2023-24 വരെ 74 പ്രോജക്ടുകൾക്കായി ആകെ 1242.47 കോടി രൂപ വകയിരുത്തിയതിൽ 38 പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികളിൽ തമ്പാനൂർ മൾട്ടിലെവൽ കാർ പാർക്കിംഗ്, പൂത്തറിക്കണ്ടം മൈതാനം ഓപ്പൺ എയർ തീയറ്റർ, ശ്രീചിത്രാ പാർക്ക്, ട്രാഫിക് സർവലൈൻസ് കമാന്റ് ആന്റ് കൺട്രോൾ സെന്റർ ബിൽഡിംഗ്, ആർ.കെ.വി.വെൻഡിംഗ് സോൺ, ചിൽഡ്രൻസ് പാർക്ക് കെ.ഡബ്ല്യു.എ, സോളാർ പവർ പ്ലാന്റ്, സ്മാർട്ട് EV ചാർജർ, 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്കുകൾ, പൊന്നറ ശ്രീധരൻ പാർക്ക്, രാജാജി നഗറിലെ പബ്ലിക് ഹെൽത്ത് സെന്റർ എന്നിവ ഉൾപ്പെടുന്നതായി നഗരസഭയുടെ വാർഷിക റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ഒന്നാം കക്ഷിയായും സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് കമ്പനി രണ്ടാം കക്ഷിയായും ചേർന്ന് 13/11/2019 ൽ ഒരു കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ കരാറിലെ വ്യവസ്ഥ പ്രകാരം രണ്ടാം കക്ഷി ഓരോ പ്രവൃത്തിയുടെയും പുരോഗതി ഇടയ്ക്കിടെ ഒന്നാംകക്ഷിയെ അറിയിക്കണമെന്നും, ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രോജക്ട് നം 2246/18പ്രകാരം നല്കിയ 5 കോടി രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ സ്മാർട്ട് സിറ്റി സി.ഇ.ഒ യ്ക്ക് സെക്രട്ടറി കത്ത് (നം E17/18328/19 തീയതി. 25.03.2024) നൽകിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് നം 12/24 പ്രകാരം നൽകിയ 1 കോടി രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയറും കത്ത് (നം.E16/J4/12/33/ തീയതി. 25-03-2024) നൽകിയിട്ടുണ്ട്. എന്നാൽ 30-09-2024 വരെ നഗരസഭാ വിഹിതമായി ആകെ 15.49 കോടി രൂപ സ്മാർട്ട്സിറ്റി സി.ഇ.ഒ പേർക്ക് നൽകിയിട്ടുള്ളതിൽ നാളിതുവരെയും ഒരു വിനിയോഗ സാക്ഷ്യപത്രം പോലും സ്മാർട്ട്സിറ്റി സി.ഇ.ഒ യിൽ നിന്നും ലഭ്യമായതായി ഫയലിൽ സൂചനയില്ല.

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നാളിതുവരെ ഏറ്റെടുത്ത ആകെ പ്രോജക്ടുകളുടെ എണ്ണം, വിശദാംശങ്ങൾ, ഏറ്റെടുത്ത പ്രോജക്ടുകളിൽ പൂർണമായും പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണം, ഏറ്റെടുത്ത പ്രോജക്ടുകളിൽ ഭാഗികമായി പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണം, ഏറ്റെടുത്ത പ്രോജക്ടുകളിൽ ഇതുവരെയും പൂർത്തിയാക്കാത്ത പ്രോജക്ടുകളുടെ എണ്ണം ടി പദ്ധതിയുടെ ഭാഗമായി ഓരോവർഷവും നഗരസഭ നൽകിയ പദ്ധതി വിഹിതവും അവയിൽ വിനിയോഗം ലഭ്യമായതു സംബന്ധിച്ചുമുള്ള വിവരങ്ങൾ, സ്മാർട്ട്സിറ്റി തിരുവനന്തപുരം ലിമിറ്റഡ് നിർമ്മാണം പൂർത്തിയാക്കി നഗരസഭയ്ക്ക് കൈമാറിയതും നഗരസഭ ഏറ്റെടുത്തതുമായ ആസ്തികളുടെ വിവരങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.119/കെ.എസ്.എ./ടിവിസി.11/2024. തീയതി :16.10.2025. & നം 228. തീയതി 02.02.2026) മറുപടി ലഭ്യമാക്കിയില്ല.

ഫയൽ പരിശോധിച്ചതിലെ വിവരങ്ങൾ പ്രകാരം ഈ പ്രോജിനായി 30-09-2024 വരെ ആകെ 991.49/-കോടി രൂപ ലഭിച്ചിട്ടുണ്ട്. ആകെ 49-ഓളം പദ്ധതികൾ പൂർത്തീകരിക്കുകയും 20 ഓളം പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു. 30-09-2024 വരെയുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

Present Sourse	991.49 Crore
Cost Of Completed Projects (49 Projects)	236.76 Crore
Awarded Cost Of Ongoing Projects (20 Projects)	863.15 Crore
Total Cost Of All Projects (69 Projects)	1099.91 Crore
Total Amount Released For Projects	846.23 Crore
Balance Amount Tobe Released For Projects	253.68 Crore

ഈ പ്രോജക്ടിനായി നാളിതുവരെ ലഭ്യമായ പദ്ധതി വിഹിതം സംബന്ധിച്ച (കേന്ദ്ര, സംസ്ഥാന, നഗരസഭാ വിഹിതം) വിവരങ്ങൾ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് നം 2394637/2024 തീയതി. 23/12/2024 പ്രകാരം ലഭ്യമായത് ചുവടെ ചേർക്കുന്നു.

സ്രോതസ്സ്	വകയിരുത്തിയ തുക (കോടിയിൽ)	ലഭ്യമായത് (കോടിയിൽ)	ഇനി ലഭ്യമാകാനുള്ളത് (കോടിയിൽ)
കേന്ദ്രവിഹിതം	500	488 (500)	Nil
സംസ്ഥാന വിഹിതം	500	488 (500)	Nil
തിരുവനന്തപുരം നഗരസഭാ വിഹിതം	135.70	15.49	120.21
ആകെ	1135.70	991.49	120.21

എന്നാൽ ഈ പദ്ധതിയിലെ വിവിധ പ്രോജക്ടുകൾക്കായി നഗരസഭ ഓരോവർഷവും നൽകിയ വിഹിതവും അവയിൽ വിനിയോഗം ലഭ്യമായ പ്രോജക്ടുകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാകാനുണ്ട്. 2023-24 സാമ്പത്തികവർഷം പദ്ധതി നം 547/2023-24 പ്രകാരം 25,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി ചെലവിന്റെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

തൻവർഷം നൽകിയ നഗരസഭാ വിഹിതം

ഫണ്ട്	നൽകിയ തുക	ബിൽ നം/ചെക്ക് നം
വികസന ഫണ്ട്-ജനറൽ	150000000 (15കോടി)	2077 തീയതി 21/01/2025
തനത് ഫണ്ട്	230000000 (23 കോടി)	037681 തീയതി 08/11/2024
തനത് ഫണ്ട്.	270000000 (27 കോടി)	MB 1219871 തീയതി 11/11/2024

ആയതിനാൽ സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി നഗരസഭ നാളിതുവരെ ഓരോ പ്രോജക്ടിനായും ചെലവഴിച്ച തുക സംബന്ധിച്ചും അവയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുകകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ, നഗരസഭയ്ക്ക് കൈമാറി ലഭിച്ച ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ, ഈ റിപ്പോർട്ട് ലഭ്യമായി രണ്ട് മാസത്തിനകം അറിയിക്കേണ്ടതാണ്.

1-104 കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 31500000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ശ്രീ. ബിജു.കെ.എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ക്രമ നം.	പ്രോജക്ട് നം./പേര്	ഫണ്ട്	ഡെപ്പോസിറ്റ് ചെയ്ത തുക	ബിൽ നം./തീയതി
1	515/കുടിവെള്ള പൈപ്പ് ലൈൻ വ്യാസം കൂട്ടലും നീട്ടലും	CFC	30000000	C032548027169/15.03.2025
2	541/നഗരസഭയുടെ സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ	വികസന ഫണ്ട്	1000000	2801/07.03.2025
3	548/നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും ഗവ. സ്കൂളുകളിലും നിലവിലുള്ള വാട്ടർ കണക്ഷൻ പുതുക്കലും വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കലും	വികസന ഫണ്ട്	500000	2802/07.03.2025

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 286/കെ.എസ്.എ/ടിവിസി.6/2025, തീയതി.28.02.2026) മറുപടി ലഭ്യമാക്കിയില്ല. ഹാജരാക്കുന്നതുവരെ നിക്ഷേപതുകയായ 31500000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-105 കൗൺസിൽ തീരുമാനങ്ങൾ – തുടർനടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ്

ചുവടെ പറയുന്ന കൗൺസിൽ തീരുമാനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ സംബന്ധിച്ച് മറുപടി നൽകാനും ഫയലുകൾ ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 172 /കെ. എസ്.എ/എ ഒ 2/2025, തീയതി 27.12.2025) നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ഫയലുകൾ ഹാജരാക്കേണ്ടതാണ്.

ക്രമ നം	ഫയൽ നം	കൗൺസിൽ തീരുമാനനം/ തീയതി	വിഷയം	ഓഡിറ്റ് നിർദേശങ്ങൾ
1	R11/86526/2024	3 (എ)42, 20-06-2024	തൈക്കാട് മിനി ശ്മശാനം നടത്തിപ്പ് - 2021-22 ലെ ലേല നിരക്ക് 1128000/-രൂപയായിരുന്നത് 2022-23 ൽ 410500/-രൂപയാകുകയും 2023-24ൽ ആരംഭലേലതുക 451500/-രൂപ വച്ചതിൽ 420000/- രൂപയ്ക്ക് കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു	ലേല തുക ഓരോ വർഷം കഴിയുംതോറും കുറവ് വരുന്നതിനാൽ നഗരസഭ നേരിട്ട് നടത്താൻ സ്റ്റിയറിംഗ് കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നു. തുടർവിവരം ലഭ്യമാക്കേണ്ടതാണ്.
2	NE1/942/2023	3 ഇ (35) /20-06-2024	നേമം വാർഡിൽ Woman Friendly Shelter നിർമാണവുമായി ബന്ധപ്പെട്ട തുടർ പരിശോധന നടത്തിയതിൽ ടി സ്ഥലത്ത് MLA യുടെ ആസ്തി വികസനഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമിക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തി നിർവഹിക്കാൻ സാധ്യമല്ലാത്തതിനാൽ ആയത് റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചു.	പ്രസ്തുത സ്ഥലത്ത് ആസ്തിവികസനഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.
3	VTZ/A2/4456/23	3 ഇ (52) /20-06-2024	2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 948/2023 പ്രകാരമുള്ള വാഴോട്ടുകോണം വാർഡിൽ ചിത്ര നഗർ, ഭരത് നഗർ, തേജസ് നഗർ എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ സുനിൽ ആർ എന്ന കരാറുകാരൻ AO/AEE3/TVM Central 22-23 18-11-2022 പ്രകാരം നഗരസഭയുമായി കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ ടിയാനെ PWD മാനുവൽ പ്രകാരം Risk & Cost ൽ ഉൾപ്പെടുത്തി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്താൻ തീരുമാനിച്ചു	Risk & Cost ൽ ഉൾപ്പെടുത്തി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
4	R18/Ksmart File 1532002/2024	3 എ (20) /30.08.2024	5ാംമത് ഗ്ലോബൽ ആയുർവേദ ഫെസ്റ്റിന്റെ ഭാഗമായി നഗരസഭാപ്രദേശത്ത് അനധികൃതമായി ബോർഡുകൾ സ്ഥാപിച്ചതിന് ബഹു.ഹൈക്കോടതിയുടെ 13.01.2023 ലെ WP(C) No. 22750/2018, 25784/2018, 42754/2018, 27642/21 & 42160/22 നമ്പർ ഉത്തരവ്, തദ്ദേശസ്വയംഭരണ (ഡബ്ല്യു എം) വകുപ്പിന്റെ 17.03.2023 ലെ സ.ഉ (സാധാ) നം. 639/2023/ എൽ എസ് ജി ഡി നമ്പർ ഉത്തരവ് , തദ്ദേശസ്വയംഭരണ (ഡബ്ല്യൂ എം) വകുപ്പിന്റെ 05.06.2023 ലെ സ.ഉ (സാധാ) നം. 1166/2023/ എൽ എസ് ജി ഡി നമ്പർ ഉത്തരവുകൾക്ക് വിധേയമായി 150 ബോർഡുകൾക്ക് 5010/-രൂപ നിരക്കിൽ 751500/-രൂപ പിഴ നിശ്ചയിച്ചിരുന്നുവെങ്കിലും ഒഴിവാക്കി നൽകിയിട്ടുണ്ട്.	കോടതിഉത്തരവു കൾക്കും സർക്കാർ നിർദേശങ്ങൾക്കും വിരുദ്ധമായി പിഴ ഒഴിവാക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.
5	Project No. 817/21-22, NE/68506/23	3ഇ (13)/1-09-2024	പൊന്നുമംഗലം വാർഡിൽ വിവിധ ഇടവഴികൾ ഇന്റർലോക്കിംഗ്ം കോണക്രീറ്റും (807/21-22) എന്ന പ്രവൃത്തിയും പാപ്പനംകോട് വാർഡിലെ പൂന്തോപ്പ് കോളനി റോഡ് ഓട മെയിന്റനൻസ് മഴക്കുഴി നിർമാണം (791/21-22) എന്ന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ ശ്രീകുമാരൻനായർ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ കൗൺസിൽ ശുപാർശ ചെയ്തിരുന്നുവെങ്കിലും അസുഖബാധിതനായിരുന്നുവെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിച്ച് പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.	പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

6	E13/S 2168/24	3ഡി (48)/30-08-24	വഴുതക്കാട് വാർഡിലെ ഗവ. വിമൻസ് കോളേജിൽS 2168/24 പ്രകാരം Compost Aerobin സ്ഥാപിക്കുന്നതിന് 22,00,000/- രൂപ വകയിരുത്തുകയും ശ്രീ അജികുമാർ എസ് എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തെങ്കിലും നിലവിൽ വിമൻസ് കോളേജിൽ ബിൻ ഉള്ളതിനാൽ ബിൻ ആവശ്യമില്ലായെന്ന് കോളേജ് പ്രിൻസിപ്പൽ അറിയിച്ചതിനെതുടർന്ന് തൈക്കാട് ഗവ. H S L P S ൽ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.	തൈക്കാട് സ്കൂളിൽ ബിൻ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.
7	E4/44234/2023	3ഇ (101)/27-11-2024	പട്ടം വാർഡിൽ തേക്കുംമൂട് എബിസി ഫണ്ട് കോളനി സൈഡ്വാൾ നിർമാണവും ഇന്റർലോക്കിംഗും (914/24) എന്ന പ്രവൃത്തി കരാറുകാരനായ ശ്രീ രതീഷ് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ Risk And Cost പ്രകാരം കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.	Risk And Cost പ്രകാരം കരിമ്പട്ടികയിൽപ്പെടുത്തിയതിന്റെയും പ്രവൃത്തി റീടെണ്ടർ ചെയ്ത് പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
8	VTZ/A2/1459	3ഇ(9)/24-12-2024	കൊടുങ്ങാനൂർ വാർഡിൽ (Proj 1572/22-23) ഷീഹബ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ 3 നിലയുള്ള Framed Structure Building ന് Structure തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭിച്ചതിനെതുടർന്ന് ശ്രീ ജി എസ് സുരേഷ് കുമാർ എന്ന കരാറുകാരൻ 29.03.2023 ൽ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടെങ്കിലും എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനാൽ എഗ്രിമെന്റ് റദ്ദ് ചെയ്ത് കരാറുകാരനെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും Risk And Cost പ്രകാരം കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.	Risk And Cost പ്രകാരം കരിമ്പട്ടികയിൽപ്പെടുത്തിയതിന്റെയും പ്രവൃത്തി റീടെണ്ടർ ചെയ്ത് പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
9	FE3/ KSMART/68956/23	3ഇ(16)/15-02-2025	കമലേശ്വരം വാർഡിൽ നമ്പി ഗാർഡൻസ് അസോസിയേഷൻ റോഡ് പ്രകൃതി ക്ഷോഭ ദുരിതാശ്വാസഫണ്ടിൽ ഉൾപ്പെടുത്തി 1000000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി ഉപഭോക്തൃഭരണസമിതി രൂപീകരിക്കുകയും സമിതിക്ക് കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ടി പ്രവൃത്തി (Agreement Register 2014-15, Vol 1, Plan Fund, Page No. 131) M Book 626,14-15 Dated 01.01.2015 വച്ച് തൃപ്തികരമായി പൂർത്തികരിച്ചതുമാണ്. 787376/- രൂപ കിഴിവുകൾ കഴിച്ച് അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ഫയൽ കൈമോശം വന്നതായി ആ കാലയളവിൽ ജോലി ചെയ്തിരുന്ന ശ്രീ സുരേഷ് , അസി.എക്സി.എഞ്ചിനീയർ, ശ്രീമതി ഷീല, അസി. എഞ്ചിനീയർ എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ചെലവ്തുകയായ 787376/- രൂപയും ബിൽ തീയതിയായ 25.05.2015 മുതൽ 25.07.2024 വരെയുള്ള പലിശഉൾപ്പെടെ ചുവടെ ചേർക്കുന്ന തുക അനുവദിക്കാൻ ഓംബുഡ്സ്മാൻ വിധിച്ചിട്ടുണ്ട്. പ്രവൃത്തി ചെയ്ത തുക : 786412 പലിശ :667372 ആകെ : 1453784/- ഓംബുഡ്സ്മാന്റെ വിധിയുടെ അടിസ്ഥാനത്തിൽ 1453784/-രൂപ തനതുഫണ്ടിൽനിന്നും അനുവദിക്കുന്നതിനും പ്രകൃതിക്ഷോഭ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റീഇപ്പ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഫയൽ കൈമോശം വന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനും പലിശ നൽകുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പലിശതുക ഈടാക്കുന്നതിനും കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.	പ്രസ്തുത തുക കൺവീനറായ ശ്രീ ഷാഹൽഹമീദിന് നൽകിയിട്ടുണ്ടെങ്കിൽ തുക അനുവദിച്ചതിന്റെ ചെക്ക് നം. തീയതി എന്നിവ ലഭ്യമാക്കേണ്ടതാണ്. ഫയൽ കൈമോശം വന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചതിന്റെയും പലിശ നൽകുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പലിശതുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-106 ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പാക്കിയത് സംബന്ധിച്ച്- അപാകതകൾ. ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

സ.ഉ (കൈ) നം 86/2022/ തസ്വഭവ തി.19.04.2022 ഉത്തരവിലെ ഖണ്ഡിക 3.8.4 ൽ കോർപ്പറേഷനുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായി ജില്ലാ ആസൂത്രണ സമിതി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക. നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണെന്നും ടെക്നിക്കൽ കമ്മിറ്റി അംഗമായ ഒരു എഞ്ചിനീയറെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതും മേൽപ്പറഞ്ഞ ചുമതലകൾ നിറവേറ്റുന്നതിന് പ്രസ്തുത എൻജിനീയറുമായി കരാറിൽ ഏർപ്പെടാവുന്നതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അളവ് രേഖപ്പെടുത്തി ബിൽതയ്യാറാക്കുന്നതിനും നിശ്ചിത നിരക്കിൽ പ്രതിഫലം/ഓണറേറിയം ആയി നൽകാവുന്നതാണ്. ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിക്കുന്നു.

സാംഖ്യ പെയ്ഡ് ബിൽ പരിശോധിച്ചതിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് നം 612/2025 പ്രകാരം

നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഇലക്ട്രിക് പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാംതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും, അളവുകൾ രേഖപ്പെടുത്തിയതിനും, ചെക്ക് മെഷർ ചെയ്തതിനും എഞ്ചിനീയർമാക്ക് തുക അനുവദിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി സംബന്ധിച്ച വിവരങ്ങൾ, മിനിട്ട്സ് ബുക്ക്, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക. നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റി അംഗമായ എഞ്ചിനീയറെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുത്തതും എൻജിനീയറുമായി കരാറിൽ ഏർപ്പെട്ടതുമായ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും (ഓഡിറ്റ് എൻക്വയറി നം 256-A തീയതി 19-02-2026) മറുപടി അറിയിക്കുകയോ ടെക്നിക്കൽ കമ്മിറ്റി സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുകയെ ചെയ്തിട്ടില്ല.

പ്രോജക്ട് നം 612/2025 പ്രകാരം നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഇലക്ട്രിക് പ്രവൃത്തികൾ നിർവഹിച്ചതിലൂടെ ഉണ്ടായ ചെലവും എഞ്ചിനീയർമാർക്ക് നൽകിയ തുകയും സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ചെലവ് തുക	ബിൽ നം./ തീയതി	എസ്റ്റിമേറ്റ് തയ്യാറാക്കൽ,അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി നൽകിയ തുക.
1	100279	3004/17.03.2025	4000
2	111752	3335/23.03.2025	4000
3	300064	2978/15.03.2025	8173
4	137835	2335/07.02.2025	4000
5	486485	2809/07.03.2025	12344
6	101090	2810/07.03.2025	4000
7	140180	2811/07.03.2025	4291
8	164412	2812/07.03.2025	4144
9	175775	1482/30.11.2024	4236
10	109144	1483/30.11.2024	4000
11	154211	1484/30.11.2024	4076
12	181119	1485/30.11.2024	4181
13	204523	1486/30.11.2024	4760
14	321892	1498/06.12.2024	9475
15	410061	1499/06.12.2024	11475
16	880426	1553/11.12.2024	5186
17	126681	1727/18.12.2024	4000
18	89410	2476/18.02.2025	4000
19	318476	2270/04.02.2025	6607
20	211945	2278/04.02.2025	4163
21	1056068	799/17.07.2024	25135
22	123588	950/07.09.2024	4000
23	144638	951/07.09.2024	4250
24	438095	954/07.09.2024	9605
25	443114	1141/25.09.2024	12590
26	71681	1145/26.09.2024	4000
27	383527	1146/26.09.2024	10365
28	151243	1271/14.10.2024	4281
29	172786	1414/08.11.2024	4000
30	500000	1439/15.11.2024	11363
31	420647	1435/14.11.2024	11200
32	125174	3495/25.03.2025	4000
33	195650	3496/25.03.2025	5838
34	323616	3497/25.03.2025	8698
35	113447	3601/25.03.2025	4000
36	94471	3602/25.03.2025	4000
37	433620	3603/25.03.2025	11891
38	700034	3604/25.03.2025	20630
39	945981	3712/26.03.2025	19619
40	432388	3713/26.03.2025	13571
41	213348	3714/26.03.2025	6246
42	506657	3715/26.03.2025	14614
43	181279	3302/23.03.2025	5080
44	161247	3326/23.03.2025	4000
45	103491	3327/23.03.2025	4000

46	283219	3328/23.03.2025	6361
47	169627	3329/23.03.2025	4993
ആകെ			3,49,441/-

ഇവിടെ 47 ബില്ലുകളിലായി/പ്രോജക്ടുകളിലായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്ക് ആകെ 3,49,441/- രൂപ എഞ്ചിനിയർമാർക്ക് അനുവദിച്ചിട്ടുണ്ട്. ഈ ചെലവുകളുടെ ആധികാരികത പരിശോധിക്കുവാനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുഴുവൻ പ്രോജക്ട് ഫയലുകളും ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചത് സംബന്ധിക്കുന്ന വിവരങ്ങളും ലഭ്യമാക്കേണ്ടതും പരാമർശം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-107 ഓട നിർമാണത്തിനായി മണ്ണ് കഴിച്ച് മാറ്റൽ – അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിലെ ഓടനിർമാണപ്രവൃത്തികൾക്കായി മണ്ണ് കഴിച്ചെടുക്കുന്നതിന് അധികനിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. മണ്ണ് കഴിച്ചെടുക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ 11.1.1.1 പ്രകാരമുള്ള Excavation For Structueres – Earth Work Excavation For Structures As Per Drawing And Technical Specifications Clause 305.1 Including Setting Out Construction Of Shorting And Bracing, Removal Of Stumps And Other Deletarious Material And Disposal Upto A Lead Of 50m, Dressing Of Sides And Bottom And Backfilling In Trenches With Excavated Suitable Materai എന്ന ഇനമാണ് നൽകിയത്. സ്ട്രക്ചർ കെട്ടിപ്പടുക്കുന്ന പ്രവൃത്തികളിൽ മണ്ണ് കഴിച്ചെടുക്കുന്നതിനാണ് മേൽ നിരക്ക് ബാധകമായിട്ടുള്ളത്. എന്നാൽ Earth Work, Erosion Control And Drainage പ്രവൃത്തി നിർവഹിക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ 3.5.1 ഇനമായ Excavation In Cutting Soil By Manual Means With Lead Upto 50m Excavtion For Roadway In Soil Using Manual Means For Carrying Out Cut Earth To Embankment Site With A Lift Upto 1.5 Mand Lead Upto 50m As Per Technical Specification Clause 302.3 എന്ന ഇനം പ്രകാരമുള്ള നിരക്കാണ് പരാമർശിത പ്രവൃത്തികളിൽ അനുവദനീയമായിട്ടുള്ളത്. അപ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരം അധികം തുക കരാറുകാർക്ക് നൽകാനിടയായി.

ക്രമനം	പ്രോജക്ട് വിവരം	കഴിച്ച് മാറ്റിയ മണ്ണിന്റെ അളവ്	എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (Specifi Cation Code 11.1.1.1)	അനുവദിക്കാവുന്ന നിരക്ക് (Specifi Cation Code 3.5.1)	Tender Deduction/ Excess പരിഗണിച്ച് അനുവദിക്കാവുന്ന തുക	അനുവദിച്ച തുക	അധികമായി അനുവദിച്ച തുക (ജിഎസ് ടി 18% ഉൾപ്പെടെ)
	പ്രോജക്ട്നം 1076/25, മണ്ണന്തല വാർഡിലെ ആനന്ദ വല്ലീശ്വരം റോഡ്, ബാലൻവൈദ്യർഎസ് എൻ നഗർ റോഡ് റീടാറിംഗും ഓടനിർമാണവും വകയിരുത്തൽ 1678551/-രൂപ (678551 വികസനഫണ്ട്, 1000000 മെയിന്റനൻസ് ഫണ്ട് റോഡ്) ചെലവ് 1000000(ബിൽ നം.598/04.06.2024) 663785/- രൂപ (ബിൽനം. 1084/13.09.24)) കരാറുകാരൻ-ബൈജു തമ്പി പി (16.03 %Below Tender) കരാർ തുക - 1694086.46 എം ബുക്ക് നംഇ എം ബുക്ക് എഗ്രിമെന്റ് നം40/AEE/ NE/23-24, 13-10-23	165.284m3 (ഇനം 1)	764.77	358.49	49753.78 3 (165.284m3@ 301.02) 16.03% Below Tender	106180.09 (165.284m3@ 642.41) Quoted Rate	66583 (56426.31 +18%GST
2	നാലാഞ്ചിറ വാർഡിലെ വയലരികം റോഡിലെ ഓട പൂർത്തീകരണം(പ്രോജക്ട് നം 1387/25) വകയിരുത്തൽ -	189.841m3 (ഇനം 1)	764.77	358.49	63972.62 (189.841m3@336.98) 6%Below Tender	136472.90 (189.841m3 718.88) Quoted Rate	85550/- രൂപ (72500.28+ 18%GST

	1879235/- രൂപ (വികസനഫണ്ട്) ചെലവ് 1878141/ (ബിൽ നം.1029/11.09.2024)) കരാറുകാരൻ – വിജയചന്ദ്രൻ കരാർ തുക – 1592572.12 (6% Below) എഗ്രിമെന്റ് നം -44/ AEE/NE/23-24 , 13.10.23						
3	പ്രോജക്ട് നം 1343/25, ഉള്ളൂർ വാർഡിലെ അർച്ചന നഗർ, മിച്ചഭൂമിപാലം റോഡ്, ഇ കെ നായനാർ റോഡ്, ജനശക്തി റോഡ് റീടാറിംഗ് ഓടനിർമാണം വകയിരുത്തൽ 2072688(വികസനഫണ്ട് ജനറൽ) ചെലവ് 808407 (ബിൽ നം. 2807/07.03.2025) കരാറുകാരൻ- അർജ്ജുനൻ കെ എഗ്രിമെന്റ്- AEE/35/23-24/ 10.10.23 കരാർ തുക1756515.18 (20.2% Below Tender)	95.272 M3 (ഇനം 1)	764.77	358.49	27254.4 (95.272m3@ 286.07) (20.2% Below Tender)	58143.55 (95.272m3 @610.29) Quoted Rate	36449/- രൂപ (30889.15+ 18% GST)
4	പ്രോജക്ട് നം 1727/25 - കടപ്പനക്കുന്ന് വാർഡിൽ ഹാർവിപുരം എസ് സി കോളനി മരിയനഗർ പുല്ലുകുളം എരപ്പക്കുഴി NSS കരയോഗം റോഡ്ടാറിംഗ്, കോൺക്രീറ്റിംഗ്,ഓട നിർമാണം വകയിരുത്തൽ 2696800(വികസനഫണ്ട് ജനറൽ) ചെലവ് 2345163 (457217/- രൂപ, 1549/11.12.2024, 1887946/- രൂപ, 3460/24.03.2025) കരാറുകാരൻ- പ്രമോദ്കുമാർഎസ് ബി എഗ്രിമെന്റ് 106/AEE/ KZTM/23-24, 01.03.24 കരാർതുക2285379.85 (9.99929 % Below Tender)	47.51 M3 (എക്സ്ട്രാ ഇനം 1)	764.77	358.49	15328.63 (47.51m3@ 322.64) (9.99929 % Below Tender)	32700.66 (47.51@ 688.29) Quoted Rate	20499/- (17372.03+ 18%GST)

5	പ്രോജക്ട് നം 1089/25 -കടപ്പനക്കുന്ന് സോണൽ ഓഫീസ് റോഡ് ഓടനിർമാണവും സ്ലാബ് പാകലും വകയിരുത്തൽ 1499804(വികസനഫണ്ട് ജനറൽ 1242804/-രൂപ, സെൻട്രൽ ഷെയർ 257000/-) ചെലവ് 1224785 (ബിൽ നം. 705/15.06.2024) കരാറുകാരൻ അനൂപ് എ എസ് എം ബുക്ക് നം ഇ എം ബുക്ക് ടി എസ് നം, തുക 2911/23-24, 17.05.2023 എഗ്രിമെന്റ് 13/ AEE/TVM Central /23-24, 07.08.23 കരാർ തുക 1053223(17.10025 % Below Tender)	83.7m3 (ഇനം 3)	764.77	358.49	24874.80 (83.7m3 @297.19) 17.10025% Below Tender	53064.13 (83.7m3@ 633.98) Quoted Rate	33263.02/ (28189.3+ 18% GST)

മേൽ അപാകതയിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 291, 292, 293, 305, 306 കെ.എസ്.എ /എ ഒ2/2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി നൽകേണ്ടതാണ്. അധികനിരക്കിൽ കരാറുകാർക്ക് നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-108 വിവിധ പ്രവൃത്തികൾക്ക് വേണ്ടി കുഴിച്ചെടുത്ത മണ്ണ്, പൊളിച്ചുമാറ്റിയ സിമന്റ് കോൺക്രീറ്റ് - വിനിയോഗവിവരം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായി വിവിധ അളവുകളിൽ മണ്ണ് കുഴിച്ച് മാറ്റുകയും പഴയ സിമന്റ് കോൺക്രീറ്റ് പൊളിച്ചുമാറ്റുകയും ചെയ്യുന്നുണ്ട്. എന്നാൽ ആയവയുടെ വിനിയോഗവിവരം ഇഎം ബുക്കിൽ രേഖപ്പെടുത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ക്രമ നം	പ്രോജക്ട് പേര്, നമ്പർ	ഇനം നം	കുഴിച്ചെടുത്ത മണ്ണ് /സിമന്റ് കോൺക്രീറ്റിന്റെ അളവ്	ചെലവായ തുക	ബിൽ വിവരം
1	ചെങ്കോട്ടകോണം കമ്മ്യൂണിറ്റിഹാൾ നിർമാണം (1338/25)	3	1123.84 മണ്ണ്	3,11,542/-രൂപ (2,64,018.74+ 18%GST)	4571215/-രൂപ (2872360/-ചെക്ക് നം.890572/27.03.2025 – തനതുഫണ്ട്, 1698855/- (ബിൽ നം. 1659/13.12.24)
2	മണ്ണന്തല വാർഡിലെ ആനന്ദ വല്ലീശ്വരം റോഡ്, ബാലൻവൈദ്യർ എസ് എൻ നഗർ റോഡ് റീടാറിംഗും ഓടനിർമാണവും(1076/25)	1	165.284m3 മണ്ണ്	125293 (106180.09+ 18% GST)	1663785/- രൂപ (1000000(ബിൽ നം.598/04.06.2024) 663785/-രൂപ (ബിൽനം. 1084/13.09.24)
എക്സ്ട്രാ ഇനം 3	46.023m3 സിമന്റ് കോൺക്രീറ്റ്	59990 (50838.85+ 18%GST)			
3	നാലാഞ്ചിറ വാർഡിലെ വയലരികം റോഡിലെ ഓട പൂർത്തീകരണം(പ്രോജക്ട്	1	189.841 M3 മണ്ണ്	161038 (136472.9 + 18% GST)	1878141/ (ബിൽ നം.1029/11.09.2024))

	നം 1387/25)				
4	ഉള്ളൂർ വാർഡിലെ അർച്ചന നഗർ, മിച്ചഭൂമിപാലം റോഡ്, ഇ കെ നായനാർ റോഡ്, ജനശക്തി റോഡ് റീടാറിംഗ് ഓടനിർമാണം (1343/25)	1	95.272m3 മണ്ണ്	68609 (58143.55+18% GST)	808407 (ബിൽ നം.2807/07.03.25)

ക്രമ നം.1

പ്രസ്തുത പ്രവൃത്തിയുടെ ഇനം 3 പ്രകാരം 1123.84 M3 മണ്ണ് കഴിച്ചെടുത്തിട്ടുണ്ട്. പ്രസ്തുതമണ്ണിന്റെ വിനിയോഗം സംബന്ധിച്ച് ഇഎം ബുക്കിൽ രേഖപ്പെടുത്തലുകളൊന്നുമില്ല. എന്നാൽ 10-01-2024ൽ പോത്തൻകോട് SHO മുമ്പാകെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സാക്ഷ്യപത്രത്തിൽ പ്രസ്തുതസ്ഥലത്തുനിന്ന് 100m3 സാധാരണ മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെന്നും കാട്ടായിക്കോണം വാർഡിൽ നഗരസഭയുടെ മറ്റൊരു പ്രവൃത്തിക്ക് 60m3 മണ്ണ് ആവശ്യമുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ശേഷിക്കുന്ന 1063.84 M3 മണ്ണ് പ്രവൃത്തിസ്ഥലത്ത് സ്റ്റാക്ക് ചെയ്യേണ്ടതുണ്ട്. സ്റ്റാക്ക് ചെയ്ത മണ്ണ് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ലേലം നടത്തിയില്ലായെങ്കിൽ ആയത് ഇപ്പോൾ എവിടെ സൂക്ഷിക്കുന്നുണ്ട് എന്നുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 298/കെ.എസ്.എ എ ഒ 2/2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം. 3

ഇനം 1 പ്രകാരം 189.841 M3 മണ്ണ് കഴിച്ച് മാറ്റിയിട്ടുണ്ട്. കഴിച്ച് മാറ്റിയതിൽ 36.885 M3 മണ്ണ് Clay ആയതിനാൽ Unservicable ആണെന്ന് E M Book ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 152.956 M3 മണ്ണ് സ്റ്റാക്ക് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല. സ്റ്റാക്ക് ചെയ്ത മണ്ണ് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ലേലം നടത്തിയില്ലായെങ്കിൽ ആയത് ഇപ്പോൾ എവിടെ സൂക്ഷിക്കുന്നുണ്ട് എന്നുള്ള വിവരം നൽകാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 292 /കെ.എസ്.എ എ ഒ 2/2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമനം. 2, 4 പ്രവൃത്തികൾക്ക് വേണ്ടി കഴിച്ച് മാറ്റിയ മണ്ണിന്റെയും സിമന്റ് കോൺക്രീറ്റിന്റെയും വിനിയോഗവിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി (നം. 291, 293 /കെ.എസ്.എ എ ഒ 2/2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-109 ഓട നിർമാണം - ബഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി

നഗരസഭാ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ അധികം തുക കരാറുകാർക്ക് നൽകിയിട്ടുണ്ട്.

ക്രമ നം.	പ്രവൃത്തി	ചെയ്ത അളവ്	നൽകിയ തുക (സെന്ററിംഗിനുള്ള നിരക്ക് ഉൾപ്പെടെ)	നൽകാവുന്ന തുക (സെന്ററിംഗിനുള്ള നിരക്ക് കഴിച്ച്)	അധികം 18% GST ഉൾപ്പെടെ
1	മണ്ണന്തല വാർഡിലെ ആനന്ദ വല്ലീശ്വരം റോഡ്, ബാലൻവൈദ്യർ എസ് എൻ നഗർ റോഡ് റീടാറിംഗും ഓടനിർമാണവും (പ്രോജക്ട് നം 1076/25) വകയിരുത്തൽ - 1678551/- രൂപ (678551 വികസനഫണ്ട്, 1000000 മെയിന്റനൻസ് ഫണ്ട്) ചെലവ് 1678551/ (1000000(ബിൽ നം.598/04.06.2024)) 663785/- രൂപ (ബിൽ നം. 1084/13.09.24) കരാറുകാരൻ - ബൈജു തമ്പി പി എം ബുക്ക് - ഇ എം ബുക്ക്	30.682 M^3 (ഇനം 3)	200830.11 @6545.98/-M^3 For 24.85 M3 And @ 6543.64/-M3 For 5.832 M3	193049.30 @ 6291.94/M3 (7493.09/M3 -16.03% Tender Deduction)	9181.35 (7780.81 +18% GST)

	കരാർ തുക - 1694086.46 എഗ്രിമെന്റ് നം -40/ AEE/NE/23-24, 13.10.23				
2	പ്രോജക്ട്നം. 1089/25 -കടപ്പനക്കുന്ന് സോണൽ ഓഫീസ് റോഡ് ഓടനിർമാണവും സ്ലാബ് പാകലും വകയിരുത്തൽ 1499804 (വികസനഫണ്ട് ജനറൽ 1242804/- രൂപ, സെൻടൽ ഷെയർ 257000/-) ചെലവ് 1224785 (ബിൽ നം. 705/15.06.2024) കരാറുകാരൻ - അനൂപ് എ എസ് എഗ്രിമെന്റ് 3/AEE/ TVM Central/23-24, 07.08.23 കരാർതുക1053223 (17.10025 % Below Tender)	22.3 M^3 (ഇനം 4)	144063.80 @6460.26/M^3	138522.02 @6211.75/M3 (7493.09/M3 -17.10025% Tender Deduction	6539.30 (5541+18% GST)
3	പ്രോജക്ട് നം 1036/25, വെള്ളൈക്കടവ് പാണാങ്കര മൂന്നാംമൂട് ബൈറോഡുകളുടെ നിർമാണവും പുനരുദ്ധാരണവും വകയിരുത്തൽ 2073500 (വികസനഫണ്ട് ജനറൽ) ചെലവ് 2053156 (624/5-6-24) കരാറുകാരൻ - സുരേന്ദ്രൻ എം എഗ്രിമെന്റ് - AEE/17/23-24/ 11.08.2023 കരാർ തുക-1757069 (17.052% Below Tender)	8.498 M^3 (എക്സ്ട്രാ ഇനം 2)	54932.35 @6464.15/M^3	52818.21 @6215.37/M^3 (7493.09/M3 -17.O52% Tender Deduction)	2494.68 (2114.14+18% GST)
	അധികം നൽകിയ തുക				18215.33

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നം. 294 /കെ. എസ്.എ/എ ഒ 2/ 2025, തീയതി 04.03.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-110 ഉള്ളൂർ വാർഡിലെ നീരാഴിലൈൻ ഓടനിർമാണവും റീടാറിംഗും കരാറുകാരന് അധികം തുക നൽകി

പ്രോജക്ട് നം , പേര് -1397/25 ഉള്ളൂർ വാർഡിലെ നീരാഴിലൈൻ ഓടനിർമാണവും റീടാറിംഗും

വകയിരുത്തൽ – 2200000(വികസനഫണ്ട്- 1200000, മെയിന്റനൻസ് ഫണ്ട് 1000000)

ചെലവ് - 2075906/- (100000/- 222/9.5.24, 1000000/-1458/23.11.24,

975906/- 1521-11.12.24 കരാറുകാരൻ – ഷാൻദാസ് ജി കെ

എം ബുക്ക് - ഇ എം ബുക്ക്

കരാർ തുക – 1864136.95 (12% Below)

എഗ്രിമെന്റ് നം -AEE/74/23-24, 22.11.23/ 2.12.23

നിർവഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

ഉള്ളൂർ വാർഡിലെ നീരാഴിലൈൻ ഓടനിർമാണവും റീടാറിംഗും എന്ന പ്രവൃത്തിയ്ക്കായി ആകെ ബിൽ തുകയായ 2075906/-രൂപയിൽ നിന്നും നികുതിയിനത്തിലുള്ള 70370/-രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 9130/-രൂപയും റവന്യൂ ഇനത്തിൽ 16851/-രൂപയും കുടി ആകെ 25981/- രൂപ കുറച്ച് കരാറുകാരന് അനുവദിക്കാവുന്നത് 19,79,555/-രൂപയാണെന്നാണ് പ്രൈസ് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഫയൽ, സാംഖ്യാ ബിൽ എന്നിവ പരിശോധിച്ചതിൽ കരാറുകാരന് 19,99,689/-രൂപയാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരന് 20134/-രൂപ അധികമായാണ് അനുവദിച്ചിട്ടുള്ളത്. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 299 /കെ. എസ്.എ/എ ഒ 2/ 2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച 20134/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-111 ചെറുവയ്ക്കൽ വാർഡിലെ അമ്പാടി നഗർ, ശ്രീകൃഷ്ണ നഗർ റീടാറിംഗ്, ബൈറോഡ് കോൺക്രീറ്റിംഗ്, ഇന്റർലോക്കിംഗ് - പ്രവൃത്തി നിർവഹണത്തിലെ കാലതാമസം - അന്തിമബില്ലിൽ നിന്നും പിഴ ഈടാക്കിയില്ല

പ്രോജക്ട് നം. പേര് - 1389/25 ചെറുവയ്ക്കൽ വാർഡിലെ അമ്പാടി നഗർ, ശ്രീകൃഷ്ണ നഗർ

റീടാറിംഗ്, ബൈറോഡ് കോൺക്രീറ്റിംഗ്, ഇന്റർലോക്കിംഗ്

വകയിരുത്തൽ – 1260583 വികസനഫണ്ട്

ചെലവ് - 1258294/- (506646/-രൂപ 1082/13.08.24, 1751648/-

രൂപ3185/21.03.25)

കരാറുകാരൻ – ബൈജു ബി

എം ബുക്ക് - ഇ എം ബുക്ക്

കരാർ തുക – 1377322.94 (18.3% Below)

എഗ്രിമെന്റ് നം - AEE/09/23-24, 21.08.202

സ്ഥലം ഏറ്റെടുത്തത് - 31-08-2023

പ്രവൃത്തി പൂർത്തിയാക്കേണ്ട

കാലയളവ് - 6 മാസം

പൂർത്തിയാക്കിയ തീയതി - 05.02.2025

നിർവഹണം - അസി. എക്സി. എഞ്ചിനീയർ

മേൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനായ ശ്രീ ബൈജു ബി 31-08-2023 ന് പ്രവൃത്തിസ്ഥലം ഏറ്റെടുത്തിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിക്കുന്നത് 08-03-2024ൽ ആണ്. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ടിയാന് 27-08-2024 വരെ അസി. എഞ്ചിനീയർ സമയം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സമയത്ത് പ്രവൃത്തിയുടെ 20% മാത്രമേ നിർവഹിച്ചിട്ടുള്ളതിനാൽ 13773/-രൂപ പിഴ ഈടാക്കുന്നതിനായും അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും പ്രസ്തുത പിഴ കുറവ് ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.300/കെ. എസ്.എ/എ ഒ 2/ 2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-112 കാലിവീപ്പയുടെ വില പ്രവൃത്തികൾക്കായി ചെലവഴിച്ച ഫണ്ടിൽ തിരിച്ചടവാക്കുന്നില്ല

നഗരസഭയിൽ 2024-25 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ നിർവഹണത്തിൽ നടപ്പിലാക്കിയ ഏതാനും പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില കുറവ് ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ ടാർ പ്രവൃത്തികൾക്ക് തുക ചെലവഴിയ്ക്കപ്പെടുന്നത് അതേ ഫണ്ടിലേയ്ക്ക് തന്നെയാണ് കാലിവീപ്പയുടെ വില തിരിച്ചടവാക്കേണ്ടത്. ഫയൽ പരിശോധിച്ചതിൽ അപ്രകാരം തുക അതാതു ഫണ്ടിൽ തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമായില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്, നമ്പർ	ഫണ്ടിനം	കാലിവീപ്പയുടെ വിലയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത തുക	ചെലവുവിവരം
1	ശ്രീകാര്യം വാർഡിലെ കുറ്റിച്ചൽ റോഡ് മൂഴിയിൽ റോഡ് റീടാറിംഗ് റീകോൺക്രീറ്റിംഗ് (1314/25)	വികസനഫണ്ട് ജനറൽ	23872/-	3545728/- (1.1045728/- 2906/10.03.25 2.2500000/- 2849/10.03.2025)
2	ചെറുവയ്ക്കൽ വാർഡിലെ സൂര്യനഗർ റീടാറിംഗ്, ബൈലൈൻ റീടാറിംഗ് – സംബന്ധിച്ച്	വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഫണ്ട്	11424	2683728/- (1623853/- മെയിന്റനൻസ് ഫണ്ട് , 1056875/- വികസനഫണ്ട്)

	1379/25			
3	കടപ്പനക്കുന്ന് വാർഡിൽ ഹാർവിപുരം എസ് സി കോളനി മരിയനഗർ പുല്ലുകുളം എരുപ്പക്കുഴി NSS കരയോഗം റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ്, ഓടനിർമാണം 1727/25	വികസനഫണ്ട് ജനറൽ,	11662	2345163/- (1.457217/- 1549/11.12.24 2.1887846/- 3460/24.03.2025)
4	ചെറുവയ്ക്കൽ വാർഡിലെ അമ്പാടി നഗർ, ശ്രീകൃഷ്ണ നഗർ റീടാറിംഗ്, ബൈറോഡ് കോൺക്രീറ്റിംഗ്, ഇന്റർലോക്കിംഗ് (1389/25)	വികസനഫണ്ട് ജനറൽ	4213	1258294/- (1.506646/- 1082/13.08.2024 2.751648/- 3185/21.03.25)
5	ചന്തവിളവാർഡിലെ തുജ്യോതിപുരം റോഡ് നിർമാണം ഓട നിർമാണം (1402/25)	വികസനഫണ്ട് ജനറൽ	21625	3734265/- (1.2207062/- 1067/112.09.24 2.1507203/- 2161/25.01.25)
6	വെള്ളൈക്കടവ് പാണാങ്കര മൂന്നാംമൂട് ബൈറോഡുകളുടെ നിർമാണവും പുനരുദ്ധാരണവും 1036/25	വികസനഫണ്ട് ജനറൽ	4493	2053156(624/5-6-24)

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നൽകിയതിന് (നം. 296, 300, 303, 304, 305 /കെ. എസ്.എ/എ ഒ 2/ 2025, തീയതി 04.03.2026) മറുപടി ലഭ്യമാക്കിയില്ല. തുക അതാത് ഫണ്ടിൽ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-112-1 പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (Retension) തുക തിരികെ നൽകിയ വിവരങ്ങൾ പ്രോജക്ട് ഫയലിൽ ലഭ്യമല്ല.

സ.ഉ(പി) നം. 429/15 ഫിൻ തീയതി 28-09-2015 പ്രകാരം, കരാറുകാർക്ക് തുക നൽകുന്ന അവസരത്തിൽ ഓരോ പാർട്ട് ബിൽ / റണ്ണിംഗ് ബില്ലുകളിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ 2.5 % തുക പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഈ തുക പ്രവൃത്തിയുടെ അന്തിമ ബിൽ അനുവദിച്ചു നൽകുന്ന അവസരത്തിൽ കരാറുകാരന് തിരികെ നൽകേണ്ടതുമാണ്. നഗരസഭ, തനത് ഫണ്ട് ഒഴികെയുള്ള ഗ്രാന്റുകൾ വകയിരുത്തി നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ അനുവദിക്കുന്ന അവസരത്തിൽ റിടെൻഷൻ തുക തനത് ഫണ്ടിലേക്കാണ് മുതൽക്കൂട്ടുന്നത്. എന്നാൽ ഭൂരിഭാഗം പ്രവൃത്തികളുടെയും അന്തിമ ബിൽ അനുവദിക്കുന്ന സമയത്ത് ഈ തുക തിരികെ നൽകുന്നതായി കാണുന്നില്ല. ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയപ്പോൾ ഇത്തരത്തിൽ വസൂലാക്കിയ റിടെൻഷൻ തുക തിരികെ നൽകിയതായി കാണുന്നില്ല.

പ്രവൃത്തി നം	പ്രവൃത്തിയുടെ പേര്.	റിടെൻഷൻ ഇനത്തിൽ വസൂലാക്കിയ തുക
1468/2025	പെരുന്താന്നി വാർഡിലെ വാഴപ്പിള്ളി ലൈൻ മാനവ നഗർ ഇടവഴി, കാരാളി ഇടവഴി, ജെ.പി.നഗർ ഇടവഴി, അക്ഷരവീഥി ഇടവഴി, കൊത്തളം ഇടവഴി, കുളത്തിൻകര ഇടവഴി, കൈതവിളാകം ഇടവഴി, എന്നിവിടങ്ങളിൽ കോൺക്രീറ്റ്, ഇന്റർലോക്ക്, ഓടനിർമ്മാണം.	51,957/-
1338/2025	ചെങ്കോട്ടുകോണം കമ്മ്യൂണിറ്റി ഹാൾ.	60,855/-
1402/2025	തുജ്യോതിപുരം റോഡ്& ഓടനിർമ്മാണം.	47,184/-

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ റിടെൻഷൻ തുക തിരികെ നൽകിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. മറ്റു പ്രവൃത്തികളിലും ഇത്തരത്തിൽ പ്ലാൻഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുക റിടെൻഷൻ ഇനത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ട്. ടി തുകകൾ കരാറുകാർക്ക് തിരികെ നൽകിയിട്ടില്ലായെങ്കിൽ ആയത് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-113 ഇൻഷ്വറൻസ് കവറേജ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ഇൻഷ്വറൻസ് കവറേജ് എടുത്ത് (കോൺട്രാക്ടു് തുകയുടെ 0.5%, മിനിമം 2,00,000/- മാക്സിമം 5,00,000/-) കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് Letter Of Acceptance ലും എഗ്രിമെന്റിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകളിൽ നിശ്ചിത തുകയ്ക്കുള്ള ഇൻഷുറൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽ നിന്നും പ്രസ്തുത ഫൈൻ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ

ക്രമ നമ്പർ ഫണ്ടിനം	പ്രോജക്ട് നം./പേര്	കരാറുകാരൻ	കരാർ തുക	ഈടാക്കേണ്ടഫൈൻ (കരാർ തുകയുടെ 0.2%)
1	1318/25, ചെറുവയ്ക്കൽ വാർഡിലെ അയണിയറത്തല റോഡ്, വെള്ളവിളാകം റോഡ് റീടാറിംഗ്, ഇന്റർലോക്കിംഗ്, കോൺക്രീറ്റിംഗ്	അനികുമാർ എ	1656814.5	3314
2	പ്രോജക്ട്നം 1076/25, മണ്ണന്തല വാർഡിലെ ആനന്ദ വല്ലീശ്വരം റോഡ്, ബാലൻവൈദ്യർ എസ് എൻ നഗർ റോഡ് റീടാറിംഗും ഓടനിർമാണവും	ബൈജു തമ്പി പി	1422501.22	2845
3	പ്രോജക്ട് നം 1387/25, നാലാഞ്ചിറ വാർഡിലെ വയലരികം റോഡിലെ ഓട പൂർത്തീകരണം	വിജയചന്ദ്രൻ	1592572.12	3185
4	പ്രോജക്ട് നം 1379/25, ചെറുവയ്ക്കൽ വാർഡിലെ സൂര്യനഗർ റീടാറിംഗ്, ബൈലൈൻ റീടാറിംഗ്	ഷാബു ബി	2318270	4637
5	പ്രോജക്ട് നം. 1338/25, ചേങ്കോട്ടുകോണം കമ്മ്യൂണിറ്റിഹാൾ കാട്ടായിക്കോണം വാർഡ്	ഷാബു ബി	3887777.22	7776
6	പ്രോജക്ട് നം 1394/25, കടകംപള്ളി വാർഡിലെ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ്	അജികുമാർ എസ്	1326402.28	2653
7	പ്രോജക്ട് നം 1036/25, വെള്ളൈക്കടവ് പാണാങ്കര മൂന്നാംമൂട് ബൈറോഡുകളുടെനിർമാണവും പുനരുദ്ധാരണവും	സുരേന്ദ്രൻ എം	1757069	3514
8	പ്രോജക്ട് നം 1727/25 - കടപ്പനക്കുന്ന് വാർഡിൽ ഹാർവിപുരം എസ് സി കോളനി മരിയനഗർ പുല്ലുകുളം എരപ്പക്കുഴി NSS കരയോഗം റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ്, ഓടനിർമാണം	പ്രമോദ്കുമാർ എസ് ബി	2285379.85	4571
9	പ്രോജക്ട് നം 1089/25 -കടപ്പനക്കുന്ന് സോണൽ ഓഫീസ് റോഡ് ഓടനിർമാണവും സ്ലാബ് പാകലും	അനൂപ് എ എസ്	1053223	2106
ആകെ				34601

മേൽ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ (നം. 291, 292, 296, 298, 302, 303, 305, 306 /കെ. എസ്.എ/എ ഒ 2/2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-114 പാർട്ട്പേമെന്റ് നൽകിയതിനുശേഷം റിവൈസ്ഡ് പ്രോജക്ട് തയ്യാറാക്കുന്നു

എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവഹണം നടത്തിയിട്ടുള്ള ചുവടെ പറയുന്ന പ്രോജക്ടുകളിൽ പാർട്ട്പേമെന്റ് നൽകിയതിനുശേഷമാണ് റിവൈസ്ഡ് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുന്നത്.

ക്രമ നം	പ്രവൃത്തി	വകയിരുത്തൽ	ചെലവ്	റിവൈസ്ഡ് പ്രോജക്ട് അംഗീകരിച്ചതിന്റെ വിവരം
1	ചെറുവയ്ക്കൽ വാർഡിലെ അയണിയറത്തലറോഡ്, വെള്ളവിളാകം റോഡ് റീടാറിംഗ്, ഇന്റർലോക്കിംഗ്, കോൺക്രീറ്റിംഗ് (1318/25) കരാറുകാരൻ - അനികുമാർ എ (7.75% Below Tender) കരാർ തുക- 1656814.5/- എം ബുക്ക് നം -78-23/22-23 എഗ്രിമെന്റ് നം 66/AEE/ NE/22-23, -9-01-23 ടി എസ് നം, തുകTS/13082/2022-5-1-15.10.22	2022-23 1955042/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്) 2024-25 1505718/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)	2022-23 449324 /- (ബിൽ നം.3607/27-03-23) 2024-25 1505718/- രൂപ (ബിൽ നം. 1397/1-11-24)	റിവൈസ്ഡ് എ എസ് 3(ഇ) 51, തീയതി 28.02.24
2	ചെറുവയ്ക്കൽ വാർഡിലെ അമ്പാടി നഗർ, ശ്രീകൃഷ്ണ നഗർ റീടാറിംഗ്, ബൈറോഡ് കോൺക്രീറ്റിംഗ്,ഇന്റർലോക്കിംഗ് (1389/25) കരാറുകാരൻ – ബൈജു ബി എം ബുക്ക് - ഇ എം ബുക്ക് കരാർ തുക – 1377322.94 (18.3% Below) എഗ്രിമെന്റ് നം - AEE/09/23-24,21.08.23 ടി എസ് നം - 7989/23-24, 18.06.2023	2023-24 600000 2024-25 1260583 (വികസനഫണ്ട്)	2023-24 364658/-രൂപ, (2413/19.03.24, 2024-25 1258294/- (506646/-രൂപ 1082/13.08.24, 751648/-3185/21.03.25)	റിവൈസ്ഡ് ടി എസ് നം - 54894/2023/RE1 05.03.2025
3	കടപ്പനക്കുന്ന് വാർഡിൽ ഹാർവിപുരം എസ് സി കോളനി മരിയനഗർ പുല്ലുകുളം എരപ്പക്കുഴി NSS കരയോഗം റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് ഓടനിർമാണം (1727/25) കരാറുകാരൻ -പ്രമോദ്കുമാർ എസ് ബി എം ബുക്ക് നം-ഇ എം ബുക്ക് ടി എസ് നം, തുക -89349/23-24, 09.01.2024 എഗ്രിമെന്റ് -106/ AEE/ KZTM/23-24, 01.03.24	2696800 (വികസനഫണ്ട് ജനറൽ)	2345163 (457217/-രൂപ/-1549/11.12.2024, 887946/-രൂപ 3460/24.03.2025)	റിവൈസ്ഡ് ടി എസ് 146/2024/ RE1/24.01.2025

ക്രമ നം. 1

വെള്ളവിളാകം റോഡിൽ റീടാറിംഗും അയണിയറത്തലറോഡിൽ റീടാറിംഗും ഇന്റർലോക്കിംഗും ചെയ്യാനായിരുന്ന 2022-23 ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആയതിൽ വെള്ളവിളാകം റോഡ് റീടാർ ചെയ്ത് പാർട്ട്ബിൽ 27-03-2023 ൽ മാറിയിട്ടുണ്ട്. ആയതിനുശേഷം 6 മാസം കഴിഞ്ഞ് അയണിയറത്തലറോഡിൽ റീടാറിംഗും ഇന്റർലോക്കിംഗും അഭികാമ്യമല്ലായെന്നും കോൺക്രീറ്റിംഗ് ആണ് ഉചിതമെന്നുമുള്ള 30-09-2023 ലെ ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് 28.02.2024ൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതായും കാണുന്നു. പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. പാർട്ട്പേമെന്റ് നൽകി 11 മാസം കഴിഞ്ഞാണ് പ്രോജക്ടിന് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

ക്രമ നം.2

കരാറുകാരന് ഒന്നും രണ്ടും പാർട്ട്പേമെന്റ് നൽകിയതിനുശേഷമാണ് പ്രവൃത്തി റിവൈസ് ചെയ്തിട്ടുള്ളത്. പുതുക്കിയ ഭരണാനുമതി നേടേണ്ട വിധത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റിൽ കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ഉണ്ടായാൽ (കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 1601.1.6) പിന്നീട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ പുരോഗമിക്കുന്നതിനോ കാത്തിരിക്കാതെ ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തി നിർവഹണത്തിന് അപ്രകാരം അംഗീകാരം വാങ്ങിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 295,300,305 /കെ. എസ്.എ/എ ഒ 2/ 2025, തീയതി 04.03.2026) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. വിഷയത്തിൽ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-115 മണ്ണന്തല വാർഡിലെ പുന്നാരംതോപ്പ് കോട്ടമുഗൾ വിലപ്പള്ളി ഓടനിർമാണം - ഒറിജിനൽ എസ്റ്റിമേറ്റിലെ ഭ്രരിഭാഗം ഇനങ്ങളും ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി

പ്രോജക്ട് നം	1396/25,
പ്രോജക്ടിന്റെ പേര്	മണ്ണന്തല വാർഡിലെ പുന്നാരംതോപ്പ് കോട്ടമുഗൾ വിലപ്പള്ളി ഓടനിർമാണം
വകയിരുത്തൽ	2159697രൂപ (വികസന ഫണ്ട് ജനറൽ)
ചെലവ്	1568207 (3591/21-03-25)
കരാറുകാരൻ	ഷാബു ബി
എം ബുക്ക്	ഇ എം ബുക്ക്
കരാർ തുക	1830251.36 (7.99% Above)
എഗ്രിമെന്റ് നം	AEE/41/23-24, 13.10.23
നിർവഹണം	അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

മണ്ണന്തല വാർഡിലെ പുന്നാരംതോപ്പ് കോട്ടമുകൾ വിലപ്പള്ളി റോഡിലെ നിലവിലുള്ള ഓടയിൽ മഴക്കാലത്ത് വെള്ളം നിറഞ്ഞ് സമീപപ്രദേശങ്ങളിൽ വെള്ളം കയറുന്ന അവസ്ഥയായതിനാൽ പ്രസ്തുത ഓടയ്ക്ക് 172 മീറ്റർ നീളത്തിൽ സൈഡ് വാൾ നിർമിച്ച് കവറിംഗ് സ്ലാബ് ഇടുന്നതിനാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നിലവിലെ സൈറ്റ് കണ്ടീഷൻ പ്രകാരം എസ്റ്റിമേറ്റിൽ ഉള്ളതിനെക്കാൾ ഓടയുടെ അളവിൽവ്യത്യാസം വരുത്തേണ്ടിവരുന്നുവെന്നും കൂടാതെ പ്രവൃത്തി ആരംഭിക്കവേ ഓടയുടെ ബേസിലെ ചെളിമണ്ണ് ആയതിനാൽ DR പാക്കിംഗ് ആവശ്യമായി വരുന്നുവെന്നും മറ്റും കാണിച്ച് ഒറിജിനൽ എസ്റ്റിമേറ്റിലെ ഭ്രരിഭാഗം ഇനങ്ങളും ഒഴിവാക്കിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടിന് പ്രത്രക്കിയ സാങ്കേതികാനുമതി വാങ്ങിയപ്പോൾ കരാർ തുകയായ 1737262.65/- രൂപയിൽ 1587171.98/-രൂപ എക്സ്ട്രാ ഇനങ്ങൾക്കും 150090.67/-രൂപ ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനങ്ങൾക്കുമാണ് വകയിരിത്തിയിരിക്കുന്നത്. ത.സ്വ.ഭ. വ വകപ്പിന്റെ 21-06-2018 ലെ E20 6699/2018/CE സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവഹണം നടത്തേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുമ്പ് വിശദമായ സ്ഥലപരിശോധനയുടെ അഭാവമാണ് ഒറിജിനൽ എസ്റ്റിമേറ്റിലെ ഭ്രരിഭാഗം ഇനങ്ങളും ഒഴിവാക്കുന്നതിന് കാരണം.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകയറി (നം. 297/കെ. എസ്.എ/എ ഒ 2/ 2025, തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി നൽകേണ്ടതാണ്. വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-116 മരാമത്ത് പ്രവൃത്തി പൂർത്തീകരണകാലാവധി നീട്ടി നൽകുന്നതിന് പൊതുമരാമത്ത് മാന്വവലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണത്തിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയെങ്കിലും കാലവർഷക്കെടുതി, വാട്ടർഅതോറിറ്റി വർക്ക്, കെഎസ്ഇബി വർക്ക് മുതലായ കാരണങ്ങളാൽ പിഴ ഒഴിവാക്കിക്കൊണ്ട് പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ക്രമനം	പ്രോജക്ട് വിവരം	പൂർത്തീകരണ കാലാവധി	പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി	പ്രവൃത്തി പൂർത്തീകരിച്ച തീയതി
1	ചെറുവയ്ക്കൽ വാർഡിലെ അയണിയറത്തലറോഡ് , വെള്ളവിളാകം റോഡ് റീടാറിംഗ്, ഇന്റർലോക്കിംഗ്, കോൺക്രീറ്റിംഗ് (1318/25) വകയിരുത്തൽ 1505718/-രൂപ(മെയിന്റനൻസ് ഫണ്ട് റോഡ്) ചെലവ് - 449324 (ബിൽ നം.3607/27-03-23) 1505718/- രൂപ (ബിൽ നം. 1397, 1/11-24) കരാറുകാരൻ - അനികുമാർ എ (7.75% Below Tender) കരാർ തുക-1656814.5 എഗ്രിമെന്റ് നം -66/AEE/NE/22-23, 9-01-2023	6 മാസം	08.07.2023	21.03.2024
2	നാലാഞ്ചിറ വാർഡിലെ വയലരികം റോഡിലെ ഓട പൂർത്തീകരണം(പ്രോജക്ട്	6 മാസം	22.04.2024	10.09.2024

	നം 1387/25) വകയിരുത്തൽ -1879235/- രൂപ(വികസനഫണ്ട്) ചെലവ് -1878141/ (ബിൽ നം.1029/11.09.2024)) കരാറുകാരൻ – വിജയചന്ദ്രൻ കരാർ തുക – 1592572.12 (6% Below) എഗ്രിമെന്റ് നം -44/AEE/ NE/23-24 , 13.10.23			
3	ഉള്ളൂർവാർഡിലെ നീരാഴിലൈൻ ഓടനിർമാണവും റീടാറിംഗും (പ്രോജക്ട് നം. 1397/25) ടി എസ് തുക - 2500000 വകയിരുത്തൽ – 2200000(വികസനഫണ്ട്- 1200000, മെയിന്റനൻസ് ഫണ്ട് 1000000) ചെലവ് 2075906/- (100000/- 222/9.5.24, 1000000/-1458/23.11.24, 975906/- 1521/11.12.24) കരാറുകാരൻ – ഷാൻദാസ് ജി കെ കരാർ തുക – 1864136.95 (12% Below) എഗ്രിമെന്റ് നം - AEE/74/23-24, 22.11.23/ 2.12.23	6മാസം	01.06.2024	13.09.2024
4	ചന്തവിളവാർഡിലെ തൃജ്യോതിപുരം റോഡ് നിർമാണം ഓട നിർമാണം (പ്രോജക്ട് നം. 1402/25) വകയിരുത്തൽ – 3734452 (വികസനഫണ്ട്) ചെലവ് -3734265/- (2227062/-രൂപ 1067/12.09.24, 1507203/- 2161/25.01.25) കരാറുകാരൻ – ആർ മൈക്കിൾ കരാർ തുക – 3164790.25 (6.63% Below) എഗ്രിമെന്റ്നം- AEE/93/23-24, 14.02.2024	6 മാസം	21.08.2024	06.01.2025
5	ശ്രീകാര്യം വാർഡിലെ കുറ്റിച്ചൽ റോഡ് മുഴിയിൽ റോഡ് റീടാറിംഗ് റീകോൺക്രീറ്റിംഗ് (പ്രോജക്ട് നം 1314/25) വകയിരുത്തൽ -38,49,226 (വികസനഫണ്ട്) ചെലവ് - 1. 3545728 (1045728/- രൂപ,	6 മാസം	06.03.2024	11.02.2025

	2906/10.03.2025 2. 2500000/- രൂപ, 2849/10.03.2025) കരാറുകാരൻ - ബൈജു തമ്പി എഗ്രിമെന്റ് - AEE/26/23-24/ 07.09.2023 കരാർ തുക-3262056.22 (9.98 % Above Tender)			
6	കടപ്പനക്കുന്ന് വാർഡിൽ ഹാർവിപുരം എസ് സി കോളനി മരിയനഗർ പുല്ലുകളം എരപ്പക്കുഴി NSS കരയോഗം റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ്, ഓടനിർമാണം പ്രോജക്ട് നം 1727/25) വകയിരുത്തൽ- 2696800 (വികസനഫണ്ട്) ചെലവ് -2345163 (1. 457217/- രൂപ, 1549/11.12.2024 2. 1887946/- രൂപ, 3460/24.03.2025) കരാറുകാരൻ - പ്രമോദ്കുമാർ എസ് ബി എഗ്രിമെന്റ് 106/ AEE/KZTM/23-24, 01.03.24 കരാർ തുക -2285379.85 (9.99929 % Below Tender)	6 മാസം	10.09.2024	19.03.2025

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നാൽ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പൂർത്തീകരണകാലാവധി നീട്ടികിട്ടുന്നതിന് അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ ഒരു പ്രവൃത്തിയിൽ ഇത്തരത്തിൽ പരമാവധി അനുവദിക്കാവുന്ന വർധന ആകെ പൂർത്തീകരണസമയത്തിന്റെ പകുതിയിൽ കൂടാൻ പാടില്ല. എന്നാൽ മേൽ പറയുന്ന പ്രവൃത്തികൾക്കെല്ലാം അനുവദിക്കാവുന്നതിലും അധികസമയം വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അപ്രകാരം വർദ്ധനവ് വരുത്തിയതിന് കൗൺസിൽ തീരുമാനവും ലഭിച്ചിട്ടില്ല. മേൽ പ്രവൃത്തികളിൽ ക്രമ നം. 1, 3, 4, 6 എന്നിവയിൽ പ്രവൃത്തി കാലാവധി നീട്ടിക്കിട്ടുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുമില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, സെക്ഷൻ 2112.1 പ്രകാരം നിശ്ചിതസമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തികാലാവധി നീട്ടിനൽകാവുന്നതല്ല. അത്തരം സാഹചര്യങ്ങളിൽ മുമ്പ് അംഗീകരിച്ച സമയത്ത് കരാർ അവസാനിക്കുന്നതാണ്. മേൽ അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ (നം.കെ.എസ്.എ 292, 295, 299, 301, 304, 305/എ ഒ 2/ തീയതി 04.03.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-117 പൊതുമരാമത്ത് പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക 120545509/-രൂപ തടസ്സം ചെയ്യുന്നു.

നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം തൻവർഷം വിവിധ ഫണ്ടുകളിൽനിന്നും തുക വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ട് ഫയലുകൾ മുഴുവനും ലഭ്യമാക്കിയിട്ടില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ നിർവഹണം നടത്തിയ പ്രോജക്ട് ഫയലുകളാണ് ഇനിയും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലാത്തത്. വിവിധ ഓഡിറ്റ് റിക്വസിഷനുകളിലൂടെയും ഓഡിറ്റ് എൻക്വയറികളിലൂടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറെയും നഗരസഭാസെക്രട്ടറിയെയും നേരിൽ കണ്ടും ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാത്ത പ്രോജക്കുകളിലായി ആകെ 120545509/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. പ്രോജക്കുകൾ സംബന്ധിക്കുന്ന വിശദവിവരം അനുബന്ധം 30 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം ടി ഫയലുകൾ ഓഡിറ്റ് കാലയളവിനുള്ളിൽ ലഭ്യമാക്കാത്തതിന് തൃപ്തികരമായ മറുപടി ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കുന്ന ഫയലുകളിലെ പരിശോധനയിൽ അപാകത ഉണ്ടെങ്കിൽ ആയത് റിപ്പോർട്ടിന്റെ ഭാഗമാകുന്നതും തുടർ നടപടി സ്വീകരിക്കുന്നതുമാണ്. അപാകത ഇല്ലാത്ത പക്ഷം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കുന്നതാണ്. ഫയലുകൾ ഹാജരാക്കാത്ത പക്ഷം ഈ ചെലവുകൾ നടന്നിട്ടില്ലായെന്ന നിഗമനത്തിൽ നിർവഹണ ഉദ്യോഗസ്ഥർക്കുമേൽ ബാധ്യത ചുമത്തി മുഴുവൻ തുകയും ഈടാക്കുന്നതിനുവേണ്ട നടപടികളും വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പണമാകാത്ത ചെക്കുകൾ, ഡിഡികൾ 91,39,949/- രൂപ നഗരസഭാ ഫണ്ടിൽ വരവ് വന്നില്ല

തിരുവനന്തപുരം നഗരസഭ മെയിൻ ഓഫീസിൽ 01.04.2024 മുതൽ 31.08.2025 വരെ നികുതി നികുതിയേതര ഇനങ്ങളിലെ വരവ് സംബന്ധിച്ച് കെസ്മാർട്ട്

ചെക്ക്/ഡിഡി റിസീവ്ഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 91,39,949/- രൂപ മൂല്യമുള്ള ചെക്കുകൾ/ഡിഡികൾ നഗരസഭയുടെ SBI സേവിംഗ്സ്/കറന്റ്/SIB എന്നീ മൂന്ന് ബാങ്ക് അക്കൗണ്ടുകളിലും വരവ് വന്നതായി കാണുന്നില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20 അനുസരിച്ച് പണമാകാത്ത ചെക്കുകൾ/ഡിഡികൾ പ്രകാരം വരേണ്ട തുക തുടർനടപടികളിലൂടെ ഈടാക്കേണ്ടതാണ്. അപ്രകാരം പണം ഈടാക്കാൻ കഴിയാത്ത പക്ഷം പ്രസ്തുത ചെക്കുകൾ/ഡിഡികൾ രസീത് നൽകി രജിസ്റ്ററിൽ ചേർത്ത് ബാങ്കിൽ സമർപ്പിച്ച് ആയത് പണമാകുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.സ്ഥാപന മേധാവിയും ഓഫീസ് ഉത്തരവ് മുഖേന ചുമതല വിഭജിച്ച് നൽകപ്പെട്ട ഉദ്യോഗസ്ഥരും ഇതിനു ഉത്തരവാദികളാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 261/കെ.എസ്.എ/ടിവിസി.2/2025, തീയതി 19.01.2026) ലഭ്യമാക്കിയ മറുപടി പരിഗണിച്ച് തയ്യാറാക്കിയ വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.

2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ,ആശുപത്രി,ലോഡ്ജ് എന്നിവയുടെ വസ്തുനികുതി കെസ്മാർട്ടിൽ നിർണ്ണയിച്ചതിൽ വാർഷിക വർദ്ധനവ് വരുത്തിയില്ല- നഗരസഭ ഫണ്ടിന് നഷ്ടം - 1,13,694/- രൂപ.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023-ലെ സ.ഉ (അച്ചടി) 26/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച് R3/26859/23, തീയതി.09.02.2024 ഉത്തരവ് പ്രകാരം നഗരസഭാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ്, വിജ്ഞാപനം എന്നിവ പ്രകാരം 01.04.2023 മുതൽ 5 വർഷ കാലയളവ് പൂർത്തിയാകുന്നതുവരെ അടിസ്ഥാന വസ്തു നികുതിയിൽ 5% വീതം വാർഷിക വർദ്ധനവ് വരുത്തുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

ഇതു പ്രകാരം വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 01.04.2023 മുതൽ 90രൂപയും 100 മുതൽ 500 വരെ ച.മീറ്റർ വിസ്തീർണ്ണമുള്ളവയ്ക്ക് 120 രൂപയുമാണ്. 01.04.2024 മുതൽ ഇത് 5% വാർഷിക വർദ്ധനവ് ഉൾപ്പെടെ യഥാക്രമം 94.50 രൂപയും 126 രൂപയുമാണ്. 01.04.2024 മുതൽ ആശുപത്രികൾക്ക് 31.50രൂപയും 300 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ലോഡ്ജുകൾക്ക് 94.5/- രൂപയുമാണ് നിരക്ക്. എന്നാൽ നഗരസഭയിലെ വിവിധ വാർഡുകളിൽ 2024-25 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ ചുവടെ ചേർക്കുന്ന വാണിജ്യ കെട്ടിടങ്ങളുടെയും ,ലോഡ്ജ് ആശുപത്രി എന്നിവയുടെയും വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫോറം നം.06 (Property Tax Assessment Report) കെസ്മാർട്ടിൽ പരിശോധിച്ചതിൽ 01.04.2023 ന് മുൻപ് നിലവിലുണ്ടായിരുന്ന നിരക്കിൽ (വാണിജ്യ കെട്ടിടങ്ങൾ 100ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 80രൂപ അതിന് മുകളിലുള്ളവയ്ക്ക് 110/- രൂപ, ലോഡ്ജുകൾക്ക് 60/-രൂപ,ആശുപത്രികൾക്ക് 20രൂപ) വസ്തുനികുതി നിർണയിച്ചതിലൂടെ നഗരസഭ ഫണ്ടിന് നഷ്ടം ഉണ്ടായതായി കാണുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.189/കെ.എസ്.എ/ ടിവിസി.7/ 2024-25തീയതി17.01.2026, നം.160,/കെ.എസ്.എ/ ടിവിസി.9/2024-25തീയതി 02.12.2025, നം.227/കെ.എസ്.എ/ ടിവിസി.2/2024-25 തീയതി.02.02.2026. നം.170/കെ.എസ്.എ/എഒ2/2024-25 തീയതി.27.12.2025,നം.212/കെ.എസ്.എ/എഒ1/2024-25തീയതി.27.01.2026, 202/കെ.എസ്.എ/എഒ1/2024-25തീയതി 23.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. കെസ്മാർട്ടിൽ ആവശ്യമായ ക്രമീകരണം വരുത്തി മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ വന്ന കുറവ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.കൂടാതെ വാണിജ്യ കെട്ടിടങ്ങൾ,ആശുപത്രി,ലോഡ്ജ് എന്നിവയുടെ നികുതി നിർണ്ണയം സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി നികുതി നിർണ്ണയം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തി വരവിനത്തിലെ ചോർച്ച ഒഴിവാക്കേണ്ടതാണ്.വിശദവിവരം അനുബന്ധം-8 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2-3 പാർപ്പിടാവശ്യത്തിനുള്ളതും മറ്റ് ഓഫീസ് കെട്ടിടങ്ങളുടെയും വസ്തുനികുതി കെസ്മാർട്ടിൽ നിർണ്ണയിച്ചതിൽ വാർഷിക വർദ്ധനവ് വരുത്തിയില്ല- നഗരസഭ ഫണ്ടിന് നഷ്ടം 26,573/- രൂപ.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023-ലെ സ.ഉ (അച്ചടി) നം. 26/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച് R3/26859/23, തീയതി.09.02.2024 ഉത്തരവ് പ്രകാരം നഗരസഭാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ്, വിജ്ഞാപനം എന്നിവ പ്രകാരം 01.04.2023 മുതൽ 5 വർഷ കാലയളവ് പൂർത്തിയാകുന്നതുവരെ അടിസ്ഥാന വസ്തു നികുതിയിൽ 5% വീതം വാർഷിക വർദ്ധനവ് വരുത്തുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

ഇതു പ്രകാരം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന 300 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 01.04.2023 മുതൽ 16രൂപയും 300 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 20(കെസ്മാർട്ടിൽ ൽ നിലവിലുള്ള നിരക്ക്-22രൂപയാണ്) രൂപയുമാണ്. 01.04.2024 മുതൽ ഇത് 5% വാർഷിക വർദ്ധനവ് ഉൾപ്പെടെ യഥാക്രമം 16.80രൂപയും21രൂപയുമാണ്. മറ്റ് ഓഫീസ് കെട്ടിടങ്ങൾക്ക് ഇത് 01.04.2023 മുതൽ 80 രൂപയും 01.04.2024 മുതൽ 84 രൂപയുമാണ്.എന്നാൽ നഗരസഭയിലെ വിവിധ വാർഡുകളിൽ 2024-25 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫോറം നം.06 (Property Tax Assessment Report) പരിശോധിച്ചതിൽ 01.04.2024 പ്രാബല്യത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ ബാധകമായ വാർഷിക വർദ്ധനവ് വരുത്താതെയാണ് വസ്തുനികുതി നിർണയിച്ചിരിക്കുന്നതെന്ന് കാണുന്നു.

ഇതു സംബന്ധിച്ച് മെയിൻ ഓഫീസിലും വിവിധ സോണൽ കാര്യാലയങ്ങളിലുമായി നൽകിയ ഭ്രരിഭാഗം ഓഡിറ്റ് അന്വേഷണങ്ങൾക്കും (നം.76/ കെ.എസ്.എ/ ടിവിസി.9/ 2024-25 തീയതി 26.09.2025, നം.159/ കെ.എസ്.എ/ ടിവിസി.9/ 2024-25 തീയതി 02.12.2025, നം176/ കെ.എസ്.എ/ ടിവിസി.9/ 2024-25 തീയതി 06.01.2026 നം.197/കെ.എസ്.എ./ ടിവിസി.11/2025.തീയതി:19.01.2026, 196/കെ.എസ്.എ./ടിവിസി.11/ 2025. തീയതി:19.01.2026 നം.117/ കെ.എസ്.എ/ടിവിസി.5/2024-25, തീയതി:15.10.2025, നം.189/ കെ.എസ്.എ/ ടിവിസി.7/2025 തീയതി:17.01.2026, നം. 227/കെ.എസ്.എ/ടിവിസി.2/ 2025, തീയതി.02.02.2026, നം. 211/ കെ.എസ്.എ/ടിവിസി10/2025, തീയതി.27.01.2026,നം. 127 /കെ.എസ്.എ./എ.ഒ.III/2025. തീയതി:31.10.2025.) മറുപടി ലഭ്യമാക്കിയിട്ടില്ല.ഫോർട്ട് സോണൽ കാര്യാലയത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഈ സാങ്കേതിക പ്രശ്നത്തിൽ വ്യക്തത വരുത്തുന്നതിന് IKM ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കിയ നിരക്കിൽ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദവിവരം അനുബന്ധം-9 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2-4 തെറ്റായ മേഖലാ നിർണ്ണയത്തിലൂടെ നഗരസഭ ഫണ്ടിന് നഷ്ടം 18453/-രൂപ.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023-ലെ സ.ഉ (അച്ചടി) നം. 26/2023/LSGD നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച് R3/26859/23, തീയതി.09.02.2024 ഉത്തരവ് പ്രകാരം നഗരസഭാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.കൂടാതെ മേൽ വിജ്ഞാപനം പ്രകാരം നഗരസഭാവാർഡുകളെ പ്രാഥമികം,ദ്വിതീയം,തൃതീയം എന്നിങ്ങനെ മേഖലാ വിഭജനവും നടത്തിയിരുന്നു. ഒരു വാർഡിനെ പൂർണ്ണമായും ഒരു മേഖലയിൽ ഉൾപ്പെടുത്തുന്ന തരത്തിലാണ് മേഖലാ വിഭജനം നടത്തിയിരിക്കുന്നത്. എന്നാൽ കെസ്മാർട്ടിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ "ഓട്ടോമാറ്റിക് ഡ്രോപ് ഡൌൺ" മുഖാന്തിരം വാർഡുകൾ അതത് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലില്ല എന്ന് കാണുന്നു.ആയതിനാൽ 2024-25 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള ഒരേ വാർഡിലെ വിവിധ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി തെറ്റായി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.ഇത്തരത്തിൽ കെട്ടിടങ്ങളെ തെറ്റായ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ നഗരസഭ ഫണ്ടിന് നഷ്ടം ഉണ്ടായി.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് (കെ.എസ്.എ/ടിവിസി.5/2024-25 തീയതി 18.10.2025,നം. 194/കെ.എസ്.എ./ ടിവിസി.11/ 2025.തീയതി: 19.01.2026, നം. 198/കെ.എസ്.എ./ ടിവിസി.6/ 2025.തീയതി: 21.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിടങ്ങളെ ശരിയായ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.കൂടാതെ കെസ്മാർട്ടിൽ നികുതി നിർണ്ണയം നടത്തിയ

നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളെയും ശരിയായ മേഖലയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി നഗരസഭ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ അനുബന്ധം-10 ആയി ചേർക്കുന്നു.

2-5 വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-11,88,040/- രൂപ നഷ്ടം.

2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കാത്ത വ്യാപാരികളുടെ വിവരം മെയിൻ ഓഫീസ് വാർഡ് തിരിച്ചും സോണൽ ഓഫീസുകളുടെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു

ക്രമ നം	വാർഡിന്റെ പേര് (നമ്പർ)	തുക
	മെയിൻ ഓഫീസ്	
1	മെഡിക്കൽ കോളേജ്(16)	31650
2	ശാസ്തമംഗലം (22)	11000
3	കവടിയാർ (23)	11650
4	കറവൻക്കോണം(24)	15850
5	പാളയം(27)	5550
6	വഴുതയ്ക്കാട് (29)	22900
7	കാഞ്ഞിരംപ്പാറ(30)	11150
8	പേരൂർക്കട(31)	27000
9	പി.റ്റി.പി.നഗർ(38)	13680
10	തിരുമല(40)	6450
11	വലിയവിള(41)	39000
12	പൂജപ്പുര(42)	7500
13	വലിയശാല(43)	1140
14	ജഗതി(44)	8900
15	കരമന(45)	13150
16	ആറന്നൂർ(46)	13950
17	മുടവൻമുകൾ(47)	32580
18	തൃക്കണ്ണാപുരം(48)	9400
19	പുന്നയ്ക്കാമുകൾ (51)	9600
20	തമ്പാനൂർ (81)	15950
21	പെരുന്താന്നി(84)	11000
22	പാൽക്കുളങ്ങര (85)	4750
23	ചാക്ക(86)	11350
24	ശംഖുമുഖം(89)	7250
25	വെട്ടുകാട്(90)	5150
26	പേട്ട(93)	6340
	ആകെ	353890
27	കടപ്പനക്കുന്ന് സോണൽ കിണവൂർ(12) പാതിരപ്പള്ളി(20) കടപ്പനക്കുന്ന്(19) ചെട്ടിവിളാകം(21)	109470
28	വട്ടിയൂർക്കാവ് സോണൽ തുരുത്തുംമൂല(32) നെട്ടയം(33) കാച്ചാണി(34) വാഴോട്ടുകോണം(35) കൊടുങ്ങാനൂർ(37)	112000
29	തിരുവല്ലം സോണൽ പുഞ്ചക്കരി(57) പൂങ്കുളം(58) വെള്ളാർ(64) തിരുവല്ലം(65)	24900
30	നേമം സോണൽ നേമം(49) പൊന്നുമംഗലം(50) പാപ്പനംകോട്(52) എസ്റ്റേറ്റ്(53) മേലാംകോട്(56)	56650
31	കടകംപള്ളി കരിക്കകം(91) കടകംപള്ളി(92)	246390

	അണമുഖം(95)	
32	ആറ്റിപ്ര കുളത്തൂർ(97) ആറ്റിപ്ര(98) പൌണ്ട്കടവ്(99) പള്ളിത്തുറ(100)	24900
33	വിഴിഞ്ഞം വെങ്ങാനൂർ(59) മുല്ലൂർ(60) കോട്ടപ്പുറം(61) വിഴിഞ്ഞം(62) ഹാർബർ(63)	6300
34	കഴക്കൂട്ടം കഴക്കൂട്ടം(1) ചന്തവിള(2) കാട്ടായിക്കോണം(3)	253540
ആകെ		1188040

തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തൊഴിൽ നികുതി കുടിശ്ശിക വരുത്തിയവരുടെ പേര് വിവരം അനുബന്ധം- 15 ആയി ഉൾപ്പെടുത്തുന്നു.

2-6 അർദ്ധ വർഷ വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-104642/- രൂപ നഷ്ടം.

നഗരസഭാ പരിധിയിലെ നിരവധി ജീവനക്കാരിൽ നിന്നും അർദ്ധ വർഷ വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെയും മുനിസിപ്പിലാറ്റികളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് 27.06.2024-ലെ സ.ഉ(സാധാ) നം. 1149/2024/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതലാണ് പ്രാബല്യ തീയതി. എന്നാൽ നഗരപരിധിയിലെ നിരവധി സ്ഥാപനങ്ങൾ പരിഷ്കരിച്ച ഉത്തരവിനനുസൃതമായി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ള തുകയുടെ വിവരം സോണൽ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ക്രമ നം	സോണലിന്റെ പേര്	തുക
1	ഉള്ളൂർ	31755
2	വട്ടിയൂർക്കാവ്	2400
3	തിരുവല്ലം	26640
4	നേമം	12980
5	കടകംപള്ളി	8940
6	ആറ്റിപ്ര	15077
7.	കഴക്കൂട്ടം	6850
ആകെ		104642

തൊഴിൽ നികുതി കുറവായി അടവാക്കിയവരുടെ പേര് വിവരം അനുബന്ധം-16 ആയി ഉൾപ്പെടുത്തുന്നു.

2-7 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയില്ല - 1,24,000/-രൂപ കുടിശ്ശിക.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. (അവലംബം - ഓഡിറ്റ് എൻക്വയറികളുടെ നം.173,174/ടിവിസി.9/2024-25 തീയതി 29.12.2055 നുള്ള മറുപടി).

സോണൽ അടിസ്ഥാനത്തിലുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	സോണലിൻറെ പേര്	തുക
1	കുടപ്പനക്കുന്ന്	17,500
2	വട്ടിയൂർക്കാവ്	50,000
3	കടകംപള്ളി	16,900
4	ശ്രീകാര്യം	39,600
ആകെ		1,24,000

കൂടാതെ മെയിൻ ഓഫീസ് പരിധിയിലെ ശാസ്തമംഗലം വാർഡിലെ നിരവധി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. കുടിശ്ശികയാക്കിയ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം -22 ആയി ഉൾപ്പെടുത്തുന്നു.

2-8 ചാല കരുപ്പെട്ടിക്കട മാർക്കറ്റ് ലേലം - 23,16,000/- രൂപയുടെ നഷ്ടം - വ്യക്തമായ വിശദീകരണം നൽകാത്ത പക്ഷം ഉത്തരവാദികളിൽ നിന്നും നഷ്ടത്തുക ഈടാക്കണം.

തിരുവനന്തപുരം നഗരസഭയുടെ ചാല(കരുപ്പെട്ടിക്കട)മാർക്കറ്റ് ലേലവുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 5.01.2024 ലെ 1(1)-ാം നം.തീരുമാന പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ ഫീസ് പിരിവ് അവകാശത്തിനായുള്ള ആരംഭ ലേല തുകയായി 28,90,000/- രൂപ നിശ്ചയിച്ചു. 18.01.2024-ൽ ഇ-ടെണ്ടർ മുഖേന ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും പ്രസ്തുത ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് 21/02/2024 ന് നടത്തിയ പുനർലേലത്തിൽ 2 പേർ പങ്കെടുക്കുകയും തുകകൾ ക്വാട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത പുനർലേലം ഇ-ടെണ്ടർ നടപടിക്രമങ്ങൾ മുഖേന അല്ല എന്നതും ശ്രദ്ധേയമാണ്.

പുനർലേലത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്, മേൽവിലാസം	ലേല തുക
1	രാധാകൃഷ്ണൻ.വി, കേശവവിളാകത്ത്,മണക്കാട് പി.ഒ, തിരുവനന്തപുരം	28,17,000/-
2	ശിവപ്രസാദ് എ.എസ്, പുത്തൻവിളാകത്ത് വീട്, ആറ്റുകാൽ, മണക്കാട് പി.ഒ	28,16,000/-

കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.രാധാകൃഷ്ണൻ.വി എന്ന വ്യക്തിയുടെ പേരിൽ ഗാന്ധിപാർക്ക് പാർക്കിംഗ് ഏരിയയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം ഉള്ളതിനാലും കഴിഞ്ഞ സാമ്പത്തിക വർഷം ലേലതുകകടിശ്ശിക ആയതിനാലും ടിയാളുടെ ക്വട്ടേഷൻ നിരസിക്കുകയും 26.02.2024 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നം. 2(37)പ്രകാരം ഓഫർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് സാധുവായ രണ്ടാമത്തെ ഉയർന്ന ബിഡ് പരിഗണിക്കുകയോ വീണ്ടും ലേലം നടത്തുകയോ ചെയ്യാതെയാണ് നഗരസഭ ഇപ്രകാരം ഓഫർ നടപടികളിലേയ്ക്ക് കടന്നിട്ടുള്ളത് എന്ന് കാണുന്നു.

പുനർലേലത്തിൽ പങ്കെടുത്ത് 28,16,000/- രൂപ ക്വാട്ട് ചെയ്ത ശ്രീ.ശിവപ്രസാദ് എന്ന വ്യക്തിയുമായി നഗരസഭ ലേലം ഉറപ്പിച്ച് പ്രവൃത്തി നടത്തുന്നത് സംബന്ധമായ കത്തിടപാട് നടത്തിയതായോ നെഗോസിയേഷൻ നടത്തുന്നത് സംബന്ധിച്ചോ ഉള്ള യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബഹു.മേയറുടെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ 23.03.2024 ൽ ഓഫർ ക്ഷണിച്ചതിൽ രണ്ട് ഓഫറുകളാണ് ലഭ്യമായത് . വിശദാംശങ്ങൾ ചുവടെ

ക്രമ നം	പേരും മേൽ വിലാസവും	ലേല നിരക്ക് (രൂപ)
1	എം.അബ്ദുൾ റഹ്മാൻ, ഷമീം മൻസിൽ,20/1192(2), വി.ആർ.എ 88, കരമന പി.ഒ, തിരുവനന്തപുരം	5,00,000/-
2	ഷഫീഖ് എം.എസ്, ഷഫീഖ് മൻസിൽ, പഴയ കാരക്കാമണ്ഡപം, നേമം പി.ഒ തിരുവനന്തപുരം	4,50,000/-

ഓഫറിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ റഹ്മാന്റെ 5,00,000/- രൂപയുടെ ഓഫർ നിരക്ക് അംഗീകരിക്കുന്ന വിഷയം കൗൺസിൽ മുമ്പാകെ സുപാർശ ചെയ്യുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചു (27.03.2024-ലെ 2(17)-ാം നം. തീരുമാനം).

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 (സെക്ഷൻ 457, 458) പ്രകാരം പൊതുമാർക്കറ്റുകളായി ഉപയോഗിക്കുന്നതിന് സ്ഥലങ്ങൾ നഗരസഭ എർപ്പെടുത്തി കൊടുക്കുന്നതിനും അതിന്മേൽ യുക്തമെന്ന് തോന്നുന്ന നിരക്കുകളിൽ ഫീസ് ചുമത്തുന്നതിനുമുള്ള അധികാരം നഗരസഭയ്ക്കുണ്ട്.
ആസ്തികൾ പരസ്യവും മത്സരാത്മകവുമായ പൊതുലേലം വഴി കൈമാറ്റം ചെയ്ത് പരമാവധി വരുമാനം ഉറപ്പാക്കേണ്ടതാണ്. എന്നാൽ പ്രാരംഭ ലേല തുകയുടെ 18% മാത്രം വരുന്ന ഓഫർ തുകയായ 5,00,000/- രൂപ ക്വാട്ട് ചെയ്ത വ്യക്തിയ്ക്ക് കരാർ ഉറപ്പിച്ച് നൽകുകയും 21.02.2024-ലെ ടെണ്ടർ നടപടി മുഖേന ക്വാട്ട് ചെയ്ത രണ്ടാമത്തെ ബിഡ് പരിഗണിക്കാതിരിക്കുകയും ചെയ്തതിനാൽ 23,16,000/- രൂപയുടെ (2816000 – 500000) നഷ്ടമാണ് തനത് ഫണ്ടിന് ഉണ്ടായിട്ടുള്ളത്.

തിരുവനന്തപുരം നഗരത്തിലെ ഏറ്റവും തിരക്കേറിയ മാർക്കറ്റാണ് നഗരസഭയുടെ ആസ്തിയായ ചാല കമ്പോളത്തിക്കട മാർക്കറ്റ്. ഈ മാർക്കറ്റിന്റെ 2022-23 മുതലുള്ള ലേല തുക സംബന്ധിച്ച വിവരങ്ങളും മുൻവർഷ ലേലതുകയേക്കാളുള്ള വർദ്ധനവ്/കുറവ് ശതമാനവും ചുവടെ ചേർക്കുന്നു.

വർഷം	ഫയൽ നം.	പ്രാരംഭലേല തുക	ലേലനിരക്ക് (രൂപ)	ശതമാനം (വർദ്ധനവ്/കുറവ്)
2022-23	R11/2159/2022(1)	1051000	14,25,000	-
2023-24	R11/6662/2023(1)	1577500	25,54,000	79% വർദ്ധനവ്
2024-25	R11/85077/2024	2890000	5,00,000	80% കുറവ്

ചാല മാർക്കറ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായും കച്ചവടം കുറവാണെന്നതും 2024-25 വർഷം ലേല തുകയിൽ ഇപ്രകാരം കുറഞ്ഞ ഓഫർ തുകയ്ക്ക് മാർക്കറ്റ് നൽകിയ 27.03.2024 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നം.2(17) ലെ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗവ. ഓഫ് ഇന്ത്യയുടെ ജനറൽ ഫിനാൻഷ്യൽ റൂൾസ് 2017 റൂൾ 173 പ്രകാരം ലേലത്തിലൂടെ ആസ്തികളുടെ നടത്തിപ്പ് കൈമാറുമ്പോൾ പരമാവധി വരുമാനം ഉറപ്പാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2024-25 വർഷത്തിൽ ലേലതുകയിലുണ്ടായ വലിയ കുറവ് തുടർന്നുള്ള വർഷങ്ങളിലും പ്രതിഫലിക്കുന്നതായാണ് കാണുന്നത്. ഇത് നഗരസഭയുടെ സ്ഥിരമായ വരുമാന ചോർച്ചയ്ക്ക് കാരണമാവുന്ന സ്ഥിതിയാണുള്ളത്.

ഓഫറിൽ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ ശ്രീ.അബ്ദുൾ റഹ്മാന് ചാല മാർക്കറ്റിന്റെ ഗ്രേറ്റ് ഫീസ് പിരിക്കുന്നതിനുള്ള സെലക്ഷൻ നോട്ടീസ് നൽകുകയും ലേല തുകയുടെ ആദ്യ ഗഡു 1,66,667/- രൂപ ടിയാൾ നഗരസഭയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.(രസീത് നം. R-(CO10100-24001298). മുഴുവൻ കരാർ തുകയും ഒടുക്കുവരുത്തിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.158/കെ.എസ്.എ ടി.വി.സി15 തീയതി 10.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പുനർലേലത്തിൽ പങ്കെടുത്ത രണ്ടാമത്തെ കരാറുകാരൻ 28,16000/- ക്വാട്ട് ചെയ്തിട്ടും ടിയാൾക്ക് ലേലം ഉറപ്പിച്ച് നൽകാതെ ഓഫർ നടപടി സ്വീകരിക്കുക വഴി തനത് ഫണ്ടിനുണ്ടായ നഷ്ടത്തിന്(23,16,000/- രൂപ) 26.02.2024-ലെയും 27.03.2024-ലെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത് പ്രസ്തുത തീരുമാനങ്ങൾ അംഗീകരിച്ച എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥരും ഉത്തരവാദികളാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദികളിൽ നിന്നും നഷ്ടം ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. ചാല മാർക്കറ്റിന്റെയും മാർക്കറ്റിലേയ്ക്ക് പ്രവേശിക്കുന്ന റോഡുകളിലേയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുക.

2. മാർക്കറ്റിന്റെ അതിര് അളന്ന് തിരിച്ച് ഫീസ് പിരിവ് നടത്തേണ്ട ഏരിയ നിശ്ചയിക്കുക.

3. നഗരസഭയ്ക്ക് വരുമാന നഷ്ടം വരാത്ത തരത്തിൽ 2023-24 വർഷത്തെ പ്രാരംഭ തുകയിൽ കുറയാതെ കാലാനുസൃതമായ വർദ്ധനവ് വരുത്തി വരും വർഷങ്ങളിൽ പ്രാരംഭ ലേല തുക നിശ്ചയിക്കുക.
4. കേന്ദ്ര സർക്കാരിന്റെ General Financial Rules 2017 (Rule 173) ലെ വ്യവസ്ഥകൾക്കനുസൃതമായി ആസ്തികളിൽ പ്രവൃത്തികളുടെ നടത്തിപ്പിനായി ലേലം ചെയ്യുമ്പോൾ പരമാവധി വരുമാനം ഉറപ്പാക്കുക.

2-9 ഉള്ളൂർ സോണൽ-മാർക്കറ്റ് ലേലം-പിഴപലിശ ഈടാക്കിയില്ല-7333/-രൂപയുടെ നഷ്ടം

2024-25 സാമ്പത്തിക വർഷം ഉള്ളൂർ നീരാഴി മാർക്കറ്റ് ലേലം കൈക്കൊണ്ട ശ്രീ. ഇർഷാദ്.എം, ലേലതുകയുടെ (1100000+18% GST) രണ്ടാം ഗഡു 366667+18% GST 11.06.2024- ൽ രസീത് നമ്പർ R-C010100-24080663 പ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ ലേല നിബന്ധനകൾ പ്രകാരം രണ്ടാം ഗഡു പിഴപലിശ കൂടാതെ 2024 മെയ് 10 നകം ഒടുക്കേണ്ടതായിരുന്നുവെങ്കിലും ഈ സമയപരിധി പാലിച്ചില്ല. ടിയാൻ രണ്ടാം ഗഡു ഒടുക്കുവരുത്തിയതിന്റെ രസീത് പരിശോധിച്ചതിൽ കാലതാമസം വരുത്തിയതിന് പ്രതിമാസ പിഴപലിശയായ 2%- 7333/- രൂപ ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 01/12.01.2026) മറുപടി ലഭ്യമാക്കിയില്ല. പിഴത്തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

2-10 അപാകത പരിഹരിക്കാതെ റഗുലറൈസേഷൻ അനുവദിച്ചു,അധിക FSI ഏരിയയ്ക്കുള്ള ഫീസും ഈടാക്കിയില്ല-558750/-രൂപ നഷ്ടം

ഫയൽ നം. 2195166-2024, 1153009-2024

അനധികൃത നിർമാണത്തിൽ നടപടി സ്വീകരിക്കാതെ റഗുലറൈസേഷൻ അനുവദിച്ചതിലെയും ഫീസ് ഈടാക്കിയതിലെയും അപാകത ചുവടെ ചേർക്കുന്നു.

1. നഗരസഭയുടെ പട്ടം വാർഡിൽ പട്ടം വില്ലേജിൽ ബ്ലോക്ക് 18 യിൽ റീ സർവ്വേ നമ്പർ 103 ,102 134 യിൽ 19 .03 ആർ വസ്തുവിൽ (കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം പ്ലോട്ട് ഏരിയ 1821.15 M^2 ആണ്) ശ്രീ G S ഗോപു ന്റെ ഉടമസ്ഥതയിലുള്ള SKYLINE MAPLE HEIGHTS APARTMENTS , APARTMENT NO

11 -B ൽ അനധികൃതമായി ബാൽക്കണി ഭാഗത്തു 6.4 M^2 വർദ്ധനവ് ഉണ്ടായതിനാൽ കെട്ടിട ഉടമയായ ശ്രീ G S ഗോപുവിന് 20 -05 -2024 ൽ കാരണം കാണിക്കൽ നോട്ടീസ് അയച്ചു.

2. ടിബുണൽ കേസ് ഉള്ളതിനാലും Fireway ഇല്ലാത്തതിനാലും റഗുലറൈസ് ചെയ്യാൻ സാധിക്കില്ലായെന്ന് AE-PWO2 സെക്ഷൻ 5-1-2026 ൽ അഭിപ്രായപ്പെട്ടു.

3. 7-1-2026 ൽ ശ്രീ G S ഗോപു ആപ്ലിക്കേഷൻ റീ സബ്മിറ്റ് ചെയ്യുകയും തുടർന്ന് E10, AE3 എന്നീ സീറ്റുകളിൽ നിന്നുള്ള നടപടികളെ തുടർന്ന് ഫയൽ 14-1-2026 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയരുടെ (SE)സീറ്റിൽ എത്തുകയും ഫയൽ Forward ചെയ്യാൻ കഴിയാത്തതിനാൽ Demand ചെയ്യുക എന്ന പ്രൊവിഷൻ മാത്രമേ ഉള്ളൂവെന്ന് SE അഭിപ്രായപ്പെടുകയും 1920/-രൂപ പെർമിറ്റ് ഫീയായി Demand Generate ചെയ്യുകയും ചെയ്തു.

4. കെട്ടിടഉടമയായ ശ്രീ G S ഗോപു 1920/-രൂപ R-C010100-25274057 & 14-01-2026 എന്ന നമ്പർ രസീത് പ്രകാരം ഒടുക്കുകയും ചെയ്തിട്ടുണ്ട്.

5. കെ സ്മാർട്ട് പരിശോധിക്കുമ്പോൾ ടിയാന് 16-01-2026ലെ RO/1858/2026 നമ്പർ ഉത്തരവ് പ്രകാരം റഗുലറൈസേഷൻ അനുവദിച്ചതായി കാണുന്നു.

6. AE-PWO2 സെക്ഷൻ 5-1-2026 ൽ പമാമർശിച്ചിരുന്ന (നോട്ട് ഫയൽ ഖണ്ഡിക 82) അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ഇല്ല. പ്രസ്തുത അപാകത പരിഹരിക്കാതെയാണ് ടിയാന് റഗുലറൈസേഷൻ അനുവദിച്ചത്.

7. കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ നിന്നും (കെ സ്മാർട്ട് ഫയൽ നം.2195166-2024) BASEMENT FLOOR, GROUND FLOOR, FIRST FLOOR TO ELEVENTH FLOOR AND TERACE FLOORഉൾപ്പെടെ 7444 .82 M^2 BUILD UP AREA ഉണ്ടായിരുന്നതായി വ്യക്തമാണ്. എന്നാൽ ELEVENTH FLOOR ൽ ബാൽക്കണി ഏരിയ നിർമിച്ചപ്പോൾ 6. 4 M^2വർദ്ധനവ് ഉണ്ടായി Total Built Up Area 7451.2 M^2 ആയും ഫ്ലോർ ഏരിയ 5575.2 M^2 ആയും വർദ്ധിച്ചു. (FSI 3 .06, COVERAGE 51 %)

10-03-2025 ലെ നോട്ട് ഫയൽ, ഖണ്ഡിക 22 ൽ (ഫയൽ നം. 2195166-2024) ചൂവടെപറയും പ്രകാരം 73205/-രൂപയാണ് പെർമിറ്റ് ഫീയായി കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത തുക കണക്കാക്കിയതിന്റെ കൃത്യത വിശദീകരിച്ചിട്ടില്ല. കൂടാതെ കണക്കാക്കിയ ഈ തുക ഒടുക്കിയിട്ടുമില്ല, പകരം 1920/- രൂപ മാത്രം ഈടാക്കി പെർമിറ്റ് അനുവദിക്കുകയും ചെയ്തു. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.218/കെ. എസ്.എ/എ ഒ 2/2025, തീയതി 29.01. 2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിലവിലുണ്ടായിരുന്ന ബിൽറ്റ് അപ് ഏര്യ	7444.82 M^2
ക്രമവൽക്കരിച്ച വിസ്തീർണ്ണം	6.40 M^2
ആകെ ബിൽറ്റ് അപ് ഏര്യ	7451.20 M^2
കണക്കാക്കിയ ഫീസ്	
200X2X6.40	RS 2560.00
2X5000X6.40	RS 64000.00
ആകെ	RS 66550.00
10%	RS 6655.00
Grand Total	RS 73205 .00

അധിക FSI ഏര്യയ്ക്ക് ഫീസ് അടവാക്കിയിട്ടില്ല

കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ (ഫയൽ നം. 2195166-2024) Approved Drawings പ്രകാരം Floor Area ക്രമവൽക്കരിച്ച 6.4m^2 ഉൾപ്പെടെ 5575.2 M^2 ഉം FSI കണക്കാക്കിയതായ പ്ലോട്ട് ഏരിയ 1821.15 M^2 ഉം ആയി രേഖപ്പെടുത്തിയിട്ടുണ്ട്.അധിക FSI ഏര്യയ്ക്ക് ഫീസ് താഴെ പറയും പ്രകാരമാണ് ഈടാക്കേണ്ടത്.

കെട്ടിടത്തിന്റെ ആകെ ബിൽറ്റ് അപ്പ് ഏര്യ	7451.2m^2
നിയമാനുസൃത കിഴിവുകൾ കഴിച്ചുള്ള FSI ഏര്യ	5575.2m^2

ഫയൽ പ്രകാരം FSI : 5575.2/1821.15	3.06
അധിക FSI ഏര്യ : 5575.2 – (1821.15*3)	111.75
അധിക FSI ഫീസ് (2019 KMBR ചട്ടം 27 പ്രകാരം) = 111.75*5000	558750/-

FSI ൽ അധികം വന്ന നിർമാണത്തിന് ഈടാക്കേണ്ടിയിരുന്ന 558750/-രൂപയും ക്രമവൽക്കരണ ഫീസായ 1920/- രൂപയും ഉൾപ്പെടെ 560670/-രൂപ ഈടാക്കേണ്ടിയിരുന്നുവെങ്കിലും 1920/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. നടപടിക്രമങ്ങൾ പാലിക്കാതെ FSI ൽ അധികരിച്ച നിർമാണം അംഗീകരിച്ച് കെട്ടിടം ക്രമവൽക്കരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും 558750/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2-11 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്,ക്രമവൽക്കരണ ഫീസ് എന്നിവ കുറവായി ഈടാക്കി നഗരസഭ ഫണ്ടിന് 226041/- രൂപ നഷ്ടം

ചുവടെ ചേർക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ്,ക്രമവൽക്കരണ ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ്, ക്രമവൽക്കരണ ഫീസുകൾ കുറവായാണ് ഈടാക്കിയിരിക്കുന്നത്. കൃത്യമായ ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് ഫീസ് ഈടാക്കാത്തത്, ക്രമവൽക്കരണ ഫീസ് ഈടാക്കുമ്പോൾ കൃത്യമായ സ്ലാബിൽ ഉൾപ്പെടുത്താതിരുന്നത്,ഇരട്ടി ഫീസ് ഈടാക്കാത്തത് എന്നിവ ഇത്തരത്തിൽ കുറഞ്ഞ ഫീസ് ഈടാക്കുന്നതിന് കാരണമായി. 2011 ലെ കേരളമുനിസിപ്പാലിറ്റി A(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5, കുറിപ്പ് 1 പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നതിൽ വീടുകൾ,അപ്പാർട്ട്മെന്റുകൾ,റെസിഡൻഷ്യൽ ഫ്ലാറ്റുകൾ,ഹോസ്റ്റലുകൾ എന്നിവ ഉൾപ്പെടുന്നു. എന്നാൽ നിരവധി ഹോസ്റ്റൽ കെട്ടിടങ്ങളെ 'മറ്റുള്ളവ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള ഫീസാണ് ഈടാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

പെർമിറ്റ് ഫീസ്

ക്രമനം.	ഫയൽ നം	കെട്ടിടത്തിന്റെ തരം	കെട്ടിടത്തിന്റെ വിസ്തീർണ്ണം (M^2)			പെർമിറ്റ് ഫീസ്		
			നിലവിലുള്ളത്	പുതിയത്	ആകെ	ഈടാക്കേണ്ടിയിരുന്നത്	ഈടാക്കിയത്	കുറവ്
01	1537304-2024	സ്പെഷ്യൽ റസിഡൻസ് (ഹോസ്റ്റൽ)	-	2152.67	2152.67	322901 150/M^2	258320 120/M^2	64581
02	603159-2024	സ്പെഷ്യൽ റസിഡൻസ് (ഹോസ്റ്റൽ)	-	1427.17	1427.17	214076 @150/M^2	171260 @120/M^2	42816
03	1840723-2024	സ്പെഷ്യൽ റസിഡൻസ് (ഹോസ്റ്റൽ)	-	466.77	466.77	70016 @150/M^2	56012 @120/M^2	14004
04	1156279-2024	സ്പെഷ്യൽ റസിഡൻസ് (ഹോസ്റ്റൽ) വാണിജ്യം	-	556.58 (ഹോസ്റ്റൽ 445.36 വാണിജ്യം 111.22)	556.58	83487 @150/M^2	70126 @120/M^2	13361
05	1393858-2024	മറ്റുള്ളവ, വാണിജ്യം	16669 (16085m^2 മറ്റുള്ളവ 584m^2 വാണിജ്യം)	3112.04 (3075.24m^2 മറ്റുള്ളവ 36.8m^2 വാണിജ്യം)	19781.04	374549 @120/M^2 മറ്റുള്ളവ @150/M^2 വാണിജ്യം	351569	22980
06	85772-2025	സ്പെഷ്യൽ റസിഡൻസ്	-	384.85	384.85	57728 @150/M^2	46422 @120/M^2	11306
07	2353566-2024	റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ്	-	567.11	567.11	85067 @150/M^2	68053 @120/M^2	17014
08	2442540-2024	മറ്റുള്ളവ	309.13	144	453.13	17280 @120/M^2	7200 @50/M^2	10080
								196142

ക്രമവൽക്കരണം

ക്രമനം.	ഫയൽ നം	കെട്ടിടത്തിന്റെ തരം	കെട്ടിടത്തിന്റെവിസ്തീർണ്ണം (M^2)			പെർമിറ്റ് ഫീസ്		
			നിലവിലുള്ളത്	ക്രമവൽക്കരിച്ചത്	ആകെ	ഈടാക്കേണ്ടിയിരുന്നത്	ഈടാക്കിയത്	കുറവ്
09	5557302-2025	താമസം	68	125.67	193.67	17594 70/M^2	5027 40/M^2	12567
10	5171307-2025	താമസം	50	83.44	133.44	6675 40/M^2	3338 40/M^2	3337

11	1698181-2024	മൾട്ടി ഒക്യുപൻസി	224.15	211.2 സ്പെഷ്യൽ റസിഡൻസ് (ഹോസ്റ്റൽ) 199.15 പാർപ്പിടം 12.05	435.35	63360 150/M^2	51411 120/M^2	11949
12	2389119-2024	താമസം	154.95	8.66	163.61	1212 @70/M^2	173 @10/M^2	1039
13	2565890-2024	താമസം	286.76	01	287.76	140 @70/M^2	20 @10/M^2	120
14	2567665-2024	താമസം	343.55	01	344.55	300 @150/M^2	20 @10/M^2	280
15	2092678-2024	താമസം	225.38	3.06	228.44	428 @70/M^2	61 @10/M^2	367
16	2300325-2024	താമസം	249	2	251	280 @70/M^2	40 @10/M^2	240
								29899
	ആകെ							226041

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണങ്ങൾക്ക് (നം.222/കെഎസ്എ/ടിവിസി.9/2024-25തീയതി:31.01.2026,നം.255/കെഎസ്എ/ എ.ഒ.2/2024-25 തീയതി:17.02.2026,നം.229/കെ.എസ്എ/ടിവിസി.7/2024-25 തീയതി:03.02.2026,നം.235കെഎസ്എ/ടിവിസി.6/2026 തീയതി 04.02.2026, നം.244/ കെഎസ്എ/ടിവിസി.3/2026 തീയതി 10.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.ഫീസ് കടിശ്ശിക തുക ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ സമർപ്പിക്കേണ്ടതാണ്.

2-12 ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിന് തറ വിസ്തീർണ്ണം കുറവായി പരിഗണിച്ചു-നഗരസഭ ഫണ്ടിന് നഷ്ടം-122855/-

തറ വിസ്തീർണ്ണം കുറവായി കണക്കാക്കി ക്രമവൽക്കരണ ഫീസ് ഈടാക്കിയതിലൂടെ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായി.വിശദവിവരം ചുവടെ ചേർക്കുന്നു.

I ഫയൽ നം. 2691302-2024

1. നഗരസഭയുടെ പള്ളിത്തുറ വാർഡിൽ ശ്രീ ഹിരൺ എ എച്ച് എന്ന വ്യക്തിയുടെ ഉടമസ്ഥയിലുള്ള 253.12m^2 (Existing GF 237.44M^2, Existing FF 15.68M^2 - പാർപ്പിടം) തറവിസ്തീർണമുണ്ടായിരുന്ന നിലവിലുള്ള കെട്ടിടത്തിൽ 249.45m^2 (Completed FF 233.77M^2, Stair Cabin 15.68m^2) കൂട്ടിച്ചേർക്കലുകൾ വരുത്തി Total Built Up Area 502.57m^2 ആയി ക്രമവൽക്കരണം നടത്തിയതായി നോട്ട് ഫയലിലും ബിൽഡിംഗ് പ്ലാനിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 501.11 M^2 തറവിസ്തീർണമുണ്ടായിരുന്ന കെട്ടിടത്തിൽ 1.46m^2 കൂട്ടിച്ചേർക്കലുകൾ വരുത്തി 502.57m^2 ആയി ക്രമവൽക്കരണം അനുവദിച്ചതായാണ് ഓക്യുപെൻസി സർട്ടിഫിക്കറ്റിൽ (OC/6474/2024, 11.12.2024) രേഖപ്പെടുത്തിയിട്ടുള്ളത്. K Smart Building Details പരിശോധിച്ചതിൽ ശ്രീ ഹിരൺ എ എച്ച് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിട നം	തറവിസ്തീർണം
3848/1	164 M^2
3848/6	82.84 M^2
3848/7	83.79 M^2
3848/8	82.82 M^2
ആകെ	413.45 M^2

ആകെ 413.45 M^2 വിസ്തീർണമുള്ള കെട്ടിടങ്ങളാണ് നിലവിലുള്ളതായി കാണുന്നത്.

2. 164m^2 തറവിസ്തീർണമുള്ള കെട്ടിടത്തിന് (3848/1) 2016-17 I Half മുതൽ വസ്തുനികുതി നിർണയിച്ചിട്ടുള്ളതിനാൽ ആയത് Existing കെട്ടിടമാണ്. എന്നാൽ 253.12m^2 തറവിസ്തീർണമുള്ള Existing കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 3848/1 നമ്പരിലുള്ള Existing കെട്ടിടത്തിന് 89.12m^2 കുറവായാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത്. ആയതിനു വിശദീകരണം നൽകിയിട്ടില്ല.

3. 89.12m^2 നും ഇപ്പോൾ കൂട്ടിച്ചേർക്കലുകൾ വരുത്തിയ 249.45 M^2 നും കൂടി ആകെ 338.57m^2 ക്രമവൽക്കരിച്ചതിന് ഫീ ഈടാക്കേണ്ടിയിരുന്നു. എന്നാൽ 1.46 M^2 ക്രമവൽക്കരിച്ചതിനുള്ള ഫീസ് മാത്രമാണ് (438/- രൂപ, രസീത് നം. 24252887/9.12.2024) അടവാക്കിയിട്ടുള്ളത്.

അടവാക്കിയതും അടവാക്കേണ്ടതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമവൽക്കരിച്ച ഏര്യ	അടച്ച പെർമിറ്റ്	ക്രമവൽക്കരിക്കേണ്ട ഏര്യ	അടവാക്കേണ്ട പെർമിറ്റ്	കുറവായി ഈടാക്കിയത്

	ഫീ		ഫീ	
1.46m^2	438/-	338.57	101571/-	101133/-

II. ഫയൽ നം. 107258-2025

നഗരസഭയുടെ കരിക്കകം വാർഡിൽ ശ്രീമതി അർച്ചന സുരേന്ദ്രൻ എന്ന വ്യക്തിയുടെ ഉടമസ്ഥയിൽ 229.05m^2 തറവിസ്തീർണമുണ്ടായിരുന്ന Block 1 കെട്ടിടത്തിൽ 152.93m^2 കൂട്ടിച്ചേർക്കലുകൾ വരുത്തിയാണ് Block 2 കെട്ടിടത്തിൽ ക്രമവൽക്കരണം നടത്തിയത്. നോട്ട് ഫയലിലും ബിൽഡിംഗ് പ്ലാനിലും ഇത് വ്യക്തമാണ്. എന്നാൽ 362.31m^2 തറവിസ്തീർണമുണ്ടായിരുന്ന (Block 1, Block 2) കെട്ടിടത്തിൽ 19.67 M^2 കൂട്ടിച്ചേർക്കലുകൾ വരുത്തി ക്രമവൽക്കരണം അനുവദിച്ചതായാണ് ഓക്യുപെൻസി സർട്ടിഫിക്കറ്റിൽ (OC 4622/2025, 02.03.2025) രേഖപ്പെടുത്തിയിട്ടുള്ളത്. 19.67 M^2 ക്രമവൽക്കരിച്ചതിനുള്ള ഫീസ് മാത്രമാണ് (2754/- രൂപ, രസീത് നം. 24318979/27.02.2025) ക്രമവൽക്കരണ ഫീയായി അടവാക്കിയിട്ടുള്ളതും.

അടവാക്കിയതും അടവാക്കേണ്ടതുമായ തുകയുടെ വിവരങ്ങൾ താഴെ

ക്രമവൽക്കരിച്ച ഏര്യ	അടച്ച പെർമിറ്റ് ഫീ	ക്രമവൽക്കരിക്കേണ്ട ഏര്യ	അടവാക്കേണ്ട പെർമിറ്റ് ഫീ	കുറവായി ഈടാക്കിയത്
19.67 M^2	2754/-	152.93m^2	21410/-	18656/-

മേൽ വിഷയവുമായി ബന്ധപ്പെട്ട് സൂപ്രണ്ടിംഗ് എഞ്ചിനീയറിന് ഓഡിറ്റ് എൻക്വയറി (നം.255 /കെ. എസ്.എ/എ ഒ 2/2025, തീയതി 17.02.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

III ഫയൽ നം. 1445460-2024

തിരുവനന്തപുരം നഗരസഭയിൽ ചെട്ടിവിളാകം വാർഡിൽ, ശ്രീ ജി മോഹൻകുമാറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 21/2666 നമ്പർ കെട്ടിടത്തിൽ (താമസം) കൂട്ടിച്ചേർക്കലുകൾ വരുത്തിയ മുഴുവൻ ഏരിയയും കണക്കാക്കാതെയാണ് റഗുലറൈസേഷൻ ഫീ ഈടാക്കിയത്.

നിലവിലുണ്ടായിരുന്ന തറ വിസ്തീർണം	19 M^2
കൂട്ടിച്ചേർക്കലുകൾ വരുത്തിയ തറ വിസ്തീർണം	80.3 M^2 (GF) + 88.37 M^2 (FF)
ആകെ കൂട്ടിചേർക്കലുകൾ വരുത്തിയത്	168.67 M^2
പെർമിറ്റ് ഫീ ഈടാക്കിയതിന് കണക്കാക്കിയ തറവിസ്തീർണം	146.77 M^2
ഈടാക്കിയ ഫീസ്	20548/- (RO-C010100, 24281949/20.01.25)
ഈടാക്കേണ്ടിയിരുന്ന ഫീസ്	23614 (168.67 X 140)
കുറവായി ഈടാക്കിയത്	3066/-

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 216 /കെ. എസ്.എ/എ ഒ 2/2025, തീയതി 29-01-2026) മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ 3066/- രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
മേൽ 3 ഖണ്ഡികകളിലായി ആകെ 122,855/-രൂപ (101133+18656+3066) ഈടാക്കേണ്ടതാണ്.

2-13 ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധന - അധിക FSI ഏരിയയ്ക്ക് ഈടാക്കിയ ഫീസിൽ കുറവ് - നഗരസഭ ഫണ്ടിന് 18,15,000/- രൂപയുടെ നഷ്ടം

താഴെപ്പറയുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ 2019 KMBR ചട്ടം 27 പ്രകാരം അധിക FSI ഏര്യയ്ക്ക് ഈടാക്കിയ ഫീസ് തുകയിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പെർമിറ്റ് ഫയൽ നം	E5/BA/20420/2019 E5/BA/91433/2024

അപേക്ഷകൻ	ധനഞ്ജയൻ ഉണ്ണിത്താൻ
പെർമിറ്റ് നം	E5/BA/91433/2024, തീയതി.03.07.2024

പ്രസ്തുത ഫയൽ പ്രകാരം ശ്രീ. ജി. ഹരികുമാർ എന്നയാൾ പേർക്ക് E5/BA/20420/2019, തീയതി.19.03.2020 നമ്പർ പ്രകാരം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് ടിയാൻ ശ്രീ. ധനഞ്ജയൻ ഉണ്ണിത്താൻ - പേർക്ക് നൽകിയ പവർ ഓഫ് അറ്റോർണിയുടെയും ശ്രീ. ധനഞ്ജയൻ ഉണ്ണിത്താൻ-ന്റെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ അപേക്ഷകൻ ആയ ധനഞ്ജയൻ ഉണ്ണിത്താൻ പേർക്ക് കൈമാറി റിവൈസ്ഡ് പെർമിറ്റ് അനുവദിച്ചു. ഫയലിലെ കുറിപ്പ് പ്രകാരം പ്ലോട്ട് ഏര്യ 3042 M^2 ആണ്. പ്രസ്തുത വിസ്തീർണത്തിന് ശ്രീ. ഹരികുമാർ പേർക്ക് വസ്തുവിന്റെ കരമടച്ച രസീതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

കെട്ടിടത്തിന്റെ ആകെ ബിൽറ്റ് അപ്പ് ഏര്യ	15228.87
നിയമാനുസൃത കിഴിവുകൾ കുറച്ചുള്ള FSI ഏര്യ	10719.14
ഫയൽ പ്രകാരം FSI - 10719.14/3042	3.52
അധിക FSI ഏര്യ – 10719.14-(3042*3)	1593.14
അധിക FSI ഫീസ് (2019 KMBR ചട്ടം 27 പ്രകാരം) = 1593.14*5000	7965700/-

ടി തുക 03.07.2024-ലെ R-CO-10100-24107606 നമ്പർ രസീത് പ്രകാരം നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുള്ളതാണ്. 19.03.2020-ൽ ശ്രീ. ഹരികുമാർ പേർക്ക് അനുവദിച്ച പെർമിറ്റിൽ FSI '3' ൽ താഴെ ആയിരുന്നതിനാൽ അധിക FSI ഫീസ് ഈടാക്കിയിട്ടില്ല.

എന്നാൽ ഫയലിൽ ചേർത്തിട്ടുള്ള ശാസ്തമംഗലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയത 18.12.2023 തീയതിയിലെ പവർ ഓഫ് അറ്റോർണിയുടെ പകർപ്പ് പരിശോധിച്ചതിൽ ശ്രീ. ജി. ഹരികുമാർ-ന്റെ ഉടമസ്ഥതയിലുള്ള 2921 M^2 ഭൂമി ആണ് പവർ ഓഫ് അറ്റോണി പ്രകാരം കൈമാറിയിട്ടുള്ളത്. പവർ ഓഫ് അറ്റോർണിയിലെ രേഖപ്പെടുത്തലുകൾ പ്രകരാമുള്ള ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റീസർവ്വേ നമ്പർ 37	2592 M^2
റീസർവ്വേ നമ്പർ 47	329 M^2
ആകെ	2921 M^2

അപേക്ഷകൻ ടി ഭൂമിയിലെ പ്രോജക്ട് (പ്രോജക്ട് രജിസ്ട്രേഷൻ നം. K-RERA/PRJ/TVM/207/2024) സംബന്ധിച്ച് 2016-ലെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി ആക്ട് പ്രകാരം രൂപീകൃതമായ നിയന്ത്രണ സംവിധാനം ആയ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ (K-RERA) വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുള്ള റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ് രേഖകൾ പരിശോധിച്ചതിൽ അംഗീകൃത പ്ലാനിൽ ആകെ പ്ലോട്ട് ഏര്യ 3042m^2 എന്നത് തിരുത്തി 2921m^2 എന്ന് നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ FSI 10719.14/2921=3.66 എന്ന് കണക്കാക്കുകയും സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത രേഖകൾ നഗരസഭയിൽ നിന്ന് ഓഡിറ്റിന് ലഭ്യമാക്കിയ മാന്വൽ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. K-RERA വെബ്സൈറ്റിൽ ലഭ്യമായ നഗരസഭ നൽകിയ റിവൈസ്ഡ്ബിൽഡിംഗ് പെർമിറ്റിലും പ്ലോട്ട് ഏര്യ തിരുത്തി 2921 M^2 എന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഘടകങ്ങൾ പരിഗണിക്കുമ്പോൾ അപേക്ഷകന്റെ പേരിൽ കൈമാറിയിട്ടുള്ള ഭൂമിയുടെ യഥാർത്ഥ അളവ് 2921m^2 ആണെന്ന് വ്യക്തമാണ്. ആയതിനാൽ ടിയാനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന FSI ഫീസ് താഴെപ്പറയുന്ന പ്രകാരമാണ്.

അധിക FSI ഏര്യ = 10719.14-(2921*3)	1956.14
അധിക FSI ഫീസ് = 1956.14*5000	9780700/-
ഈടാക്കിയ ഫീസ്	7965700/-
കുറവ്	1815000/-

ടി വിഷയം സംബന്ധിച്ച് നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയ 14.07.2025-ലെ കെ.എസ്.എ.28/ടിവിസി.6/2025 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

ടി തുക ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-14 ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു -വ്യാപാര നിയന്ത്രണ സംവിധാനം ദുർബലം 1,06,000 രൂപയുടെ നഷ്ടം

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും IFTE & OS ലൈസൻസ് എടുക്കാതെയും, ലൈസൻസ് പുതുക്കാതെയും പ്രവർത്തിക്കുന്നു. ആയതിനാൽ ലൈസൻസ് ഫീ ഇനത്തിൽ വലിയ കടിശ്ശിക നിലവിലുണ്ട്. ലൈസൻസ് ഫീ ഡിമാന്റ് ചെയ്തിട്ടും ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് വഴി നഗരസഭക്ക് വരുമാനച്ചോർച്ച ഉണ്ടാകുന്നു എന്ന് മാത്രമല്ല, ലൈസൻസ് ഇല്ലാതെ അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പൊതുജനങ്ങളുടെ ആരോഗ്യത്തിനും, പരിസ്ഥിതിക്കും ഹാനികരമാകുന്നതും, പൊതുജന ആരോഗ്യത്തിനും സുരക്ഷയ്ക്കും ബാധകമായ നിയമങ്ങളുടെ ലംഘനത്തിനും അതുവഴി വ്യാപാര നിയന്ത്രണ സംവിധാനം ദുർബലമാക്കപ്പെടുകയും ചെയ്യുന്നു.

ഉദാഹരണമായി കഴക്കൂട്ടം സോണൽ പരിധിയിലെ കാട്ടായിക്കോണം വാർഡിലെ (വാർഡ് നം.3) ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. വരുൺ സാഗർ.എസ് എന്ന വ്യക്തി 2024-25 വർഷം കെട്ടിട നമ്പർ 768-ൽ Cracker Shop പ്രവർത്തിച്ചത് കോർപ്പറേഷനിൽ നിന്നും നിർബന്ധമായും ലഭിക്കേണ്ട നിയമാനുസൃത ലൈസൻസ് നേടാതെയാണെന്ന് കാണുന്നു. ലൈസൻസ് ഇല്ലാതെ പടക്കകട പ്രവർത്തിച്ചതിലൂടെ കോർപ്പറേഷനു ലഭിക്കേണ്ട ലൈസൻസ് ഫീസ്, പിഴ എന്നിവ നഷ്ടപ്പെട്ടതിലുപരി അപകട സാധ്യതയുള്ള വ്യാപാരങ്ങൾ നിയന്ത്രണമില്ലാതെ പ്രവർത്തിക്കാൻ അനുവദിച്ചത് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഗുരുതരമായ സുരക്ഷാ ഭീഷണിയാണ് സൃഷ്ടിച്ചത് . കൂടാതെ പരിസ്ഥിതിക്കും ദോഷം ചെയ്യുന്നു. ഇപ്രകാരം ലൈസൻസ്/ടെമ്പററി ലൈസൻസ് എടുക്കാതെ പടക്കകട നടത്താൻ ഇടയായതിന് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 7/കെ.എസ്.എ/2024-25, തീയതി. 08.01.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച കാലയളവിന് അനുയോജ്യമായ ലൈസൻസ് ഫീസ്, പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം നിയമലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

ലൈസൻസ് ഇല്ലാതെ/ലൈസൻസ് പുതുക്കാതെ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിലൂടെ 2024-25 വർഷം ചുവടെപ്പറയും പ്രകാരം നഗരസഭാ ഫണ്ടിന് 106000 രൂപയുടെ നഷ്ടം ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

ക്രമ നം	സോണൽ കാര്യാലയത്തിന്റെ പേര്	ഉക
1	നേമം	27500
2	ആറ്റിപ്ര	22500
3	കടകംപള്ളി	2500
4	തിരുവല്ലം	31500
5	ഉള്ളൂർ സോണൽ	7000
6	വട്ടിയൂർക്കാവ് സോണൽ	12500
7	കടപ്പനക്കുന്ന് സോണൽ	2500
ആകെ		106000

വിശദവിവരങ്ങൾ അനുബന്ധം(24) ആയി ഉൾപ്പെടുത്തിയിരിക്കുന്നു

2-15 ലൈസൻസ് ഫീ ഒടുക്കാത്തവർക്കും ലൈസൻസ് അനുവദിച്ച-78115 രൂപയുടെ നഷ്ടം

നഗരസഭയുടെ മെയിൻ ഓഫീസിലെയും, കടകംപള്ളി സോണലിലെയും IFTE&OS ലൈസൻസ് പരിശോധനയിൽ ലൈസൻസ് ഫീ ഒടുക്കാതെ ലൈസൻസ് അനുവദിച്ചു നൽകിയിട്ടുള്ളതായി കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) മെയിൻ ഓഫീസ്

K-SMART ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മെയിൻ ഓഫീസ് പരിധിയിലുള്ള ചുവടെ ചേർത്തിരിക്കുന്ന സ്ഥാപന ഉടമകളുടെ 2024-25-ലേയ്ക്ക് ലൈസൻസ് പുതുക്കുവാനുള്ള അപേക്ഷകളുടെ സ്റ്റാറ്റസ് "Approved" എന്നാണ് കാണുന്നത്. എന്നാൽ അപേക്ഷകരിൽ നിന്ന് ലൈസൻസ് ഫീസ് ഉക ഡിമാൻഡ് ചെയ്തിട്ടുണ്ടെങ്കിലും ഫീസ് അടവാക്കിയ രസീത് വിവരങ്ങൾ ലഭ്യമല്ല.

ക്രമ നമ്പർ	അപേക്ഷ നമ്പർ	അപേക്ഷകന്റെ പേര് / സ്ഥാപനം	മൂലധന നിക്ഷേപം	ലൈസൻസ് അപ്പ്രൂവ് ചെയ്ത വ്യക്തി/തീയതി	ആകെ അടവാക്കാനുള്ള ലൈസൻസ് ഫീസ് (ഫൈനും, പിഴയും ഉൾപ്പെടെ)
1	BFIF-00274010-2024	Babu, Babu Cane Furniture Shop	1000500	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ/ 14.10.2024	5510
2	BFIF-00310234-2024	Shameer, Surgipoint Healthcare LLP	2500000	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ /28.01.2025	4460
3	BFIF-00121155-2024	Sreedevi S Ghosh, MSP Medicals	1000001	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ /22.04.2024	1000
4	BFIF-00260381-2024	Aysha Beevi M, Dubai Gold/	700000	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ /23.09.2024	500
5	BFIF-00227271-2024	Vaishakh CM / Pets Club	1000500	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ /11.07.2024	17510

6	BFIF-00285784-2024	Dr. Prem Kumar, Olive Care Homoeopathy	1100000	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ /05.11.2024	10260
7	BFIF-00284064-2024	Renuka PR, Little Stars Day Care Centre	900000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 20.12.2024	500
8	BFIF-00293480-2024	Alan Davis Babu, Petoria Wellness Centre Trivandrum	2000000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 19.11.2024	1000
9	BFIF-00236452-2024	Sithara SS, JDRA Designs	400000	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ/ 27.07.2024	500
10	BFIF-00268407-2024	S Venu, Pan Shop	10000	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ/ 30.09.2024	500
11	BFIF-00024259-2025	Mohammad Afsal P. K, Looks Saphalyam Complex	50000	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ/ 12.03.2025	2110
12	BFIF-00133533-2024	Uma A, Shreshta Cultural Centre For Students And After School Care	500000	ശശികുമാർ പി. കെ, ഹെൽത്ത് സൂപ്പർവൈസർ/ 08.05.2024	500
13	BFIF-00223587-2024	Anil Kumar, Pan Environ India Pvt Limited	200000	ശശികുമാർ പി. കെ, ഹെൽത്ത് സൂപ്പർവൈസർ/ 01.07.2024	500
14	BFIF-00287389-2024	M. G Radhakrishnan, Aishwarya Stitching Centre	100000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 30.10.2024	500
15	BFIF-00263322-2024	Shyamkumar Sadasivan Nair, S V Electrical Works And Power Tools Rent	100000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 24.09.2024	500
16	BFIF-00287733-2024	Aswathy Murukan, Aswathy Medicals	500000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 30.10.2024	500
17	BFIF-00221867-2024	Malini Devi U R, Sreee Sathya General Stores	100000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 04.07.2024	500
18	BFIF-00219985-2024	Bindu S, Akshaya Agencies	1000100	അജയകുമാർ ബി, ഹെൽത് സൂപ്പർവൈസർ /17.07.2024	1000
19	BFIF-00229348-2024	Vijo B Raj, Asraya Life Care Pharmacy	100000	അജയകുമാർ ബി, ഹെൽത് സൂപ്പർവൈസർ /12.08.2024	500
20	BFIF-00213867-2024	Muraleedharan P K, Hari Motors	100000	അജയകുമാർ ബി, ഹെൽത് സൂപ്പർവൈസർ /12.08.2024	500
21	BFIF-00211104-2024	Jayakumar S, Kasinath Tyre Works	100000	അജയകുമാർ ബി, ഹെൽത്ത്	500

				സൂപ്പർവൈസർ/ 15.07.2024	
22	BFIF-00151527-2024	Ansha Kamarban, Sweet Rani Bake House	2500000	ശശികുമാർ പി കെ, ഹെൽത്ത് സൂപ്പർവൈസർ/ 09.12.2024	1000
24	BFIF-00270726-2024	Ragesh T G, NU Smile Dental Clinic	1000100	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 17.10.2024	1000
25	BFIF-00218827-2024	Sindhu N, Emmanuel Provision Store	100000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 29.06.2024	500
26	BFIF-00213108-2024	Biju B, Tea Shop	500000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 29.06.2024	500
27	BFIF-00274813-2024	Vijayan B, Vijayan Stores	300000	ശശികുമാർ പി. കെ, ഹെൽത്ത് ഇൻസ്പെക്ടർ/ 07.10.2024	1000
28	BFIF-00059031-2024	Murukeshan Nair S. P, SP Dmart	2500000	ശശികുമാർ പി. കെ, ഹെൽത്ത് സൂപ്പർവൈസർ/ 06.05.2024	1000
29	BFIF-00064365-2025	Anil B. R, Provision Store	90000	ശശികുമാർ പി. കെ, ഹെൽത്ത് സൂപ്പർവൈസർ/ 04.03.2025	500
30	BFIF-00065096-2025	Jiji, Gayathri Store	200000	ശശികുമാർ പി. കെ, ഹെൽത്ത് സൂപ്പർവൈസർ/ 04.03.2025	500
31	BFIF-00257050-2024	Jincy Kannayakonil Jose, INTANDEM LANGUAGE AND TRAINING CENTER PRIVATE LIMITED	1100000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 16.01.2025	3210
32	BFIF-00308700-2024	MOOSA RASHEETHA/ Selection Opticals	1200000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 01.02.2025	3210
34	BFIF-00111552-2024	ANNA VARGHESE, Rose Shop	200000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 11.05.2024	500
35	BFIF-00151367-2024	NOORUDDIN A S, DIAMOND REXINE	1000000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 24.05.2024	5635
36	BFIF-00266530-2024	Anod S S, SAP General Trading	1000000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 01.11.2024	500
37	BFIF-00307231-2024	Arvind S, Cricket Arena	100000	അജയകുമാർ ബി, ഹെൽത്ത് സൂപ്പർവൈസർ/ 28.12.2024	500
39	BFIF-00298672-2024	Johnson, Johnson Store	300000	ബിജു ബി, ഹെൽത്ത് സൂപ്പർവൈസർ/ 13.12.2024	500

ആകെ	69,405/-

ഫീസ് അടവാക്കാതെ, ലൈസൻസ് പുതുക്കി നൽകിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 241/9.02.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്കുള്ള മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)കടകംപള്ളി സോണൽ

ലൈസൻസ് കാലാവധി 31.03.2024-ൽ പൂർത്തിയാക്കിയിട്ടുള്ള ചുവടെപ്പറയുന്ന വാണിജ്യ സ്ഥാപനങ്ങളുടെ ഉടമസ്ഥർ അടുത്ത വർഷങ്ങളിലേയ്ക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ താമസിച്ചാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷകളുടെ Payment Status പരിശോധിക്കുമ്പോൾ Pending For Payment ആണ് കാണിക്കുന്നത്. എന്നാൽ 2024-25/2024-26 കാലയളവിൽ പ്രസ്തുത അപേക്ഷകർക്ക് ലൈസൻസ് അനുവദിച്ചതായി കെസ്മാർട്ട് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷകന്റെ പേര്, കെട്ടിട നം.	അപേക്ഷാ തീയതി/അപേക്ഷ നമ്പർ	ഡിമാന്റ് ചെയ്ത ഫീസ്	ലൈസൻസ് പുതുക്കിയ കാലാവധി
1	സിദ്ദിഖ് പൂഴ്ക്കൽ, റ്റി.സി. 91/270/152	28.06.2025, BFIF - 0360555-2025	4460	01.04.2024 മുതൽ 31.03.2026 വരെ
2	സരിത, റ്റി.സി. 95/809/46	14.05.2024 - BFIF-00142916-2024	3250	01.04.2024 മുതൽ 31.03.2025 വരെ
3	വിഷ്ണു.എം, റ്റി.സി. 92/736/1	30.01.2025 - BFIF-00010621-2025	1000	01.04.2024 മുതൽ 31.03.2025 വരെ
		ആകെ	8710	

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.5/കെ.എസ്.എ/2024-25, തീയതി.14.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വയോജനങ്ങൾക്ക് കട്ടിൽനല്കൽ പദ്ധതി- 1,81,80,165രൂപ തടസ്സപ്പെടുത്തുന്നു, 98,235 രൂപ നിരാകരിക്കുന്നു

വയോജനങ്ങൾക്ക് കട്ടിൽനല്കൽ പദ്ധതി- 1,81,80,165രൂപ തടസ്സപ്പെടുത്തുന്നു, 98,235 രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം.	5/2024-25	1163/2024-25 (SO) (ACR

		പ്രകാരം9/2024-25)
ഫണ്ടിനം	വികസന ഫണ്ട്-ജനറൽ	വികസന ഫണ്ട്-ജനറൽ
അടങ്കൽ	2,50,00,000	34,00,000
ചെലവ്	1,48,78,400	34,00,000
ബിൽ നം, തീയതി	900/16.8.24 (Rs.51,00,000) 1028/11.9.24(Rs.18,02,000) 1591/12.12.24 (Rs.24,82,000) 1592/12.12.24 (Rs.24,85,400) 2800/7.3.25 (Rs.23,12,000) 3251/22.3.25 (Rs.6,97,000)	539/23.5.24
നിർവഹണ ഉദ്യോഗസ്ഥൻ	അഡീഷണൽ സെക്രട്ടറി	

നഗരസഭാ പ്രദേശത്ത് സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന 60വയസിന് മുകളിൽ പ്രായമുള്ളവർക്ക് കട്ടിൽ നല്കുന്നതിനായുള്ളതാണ് പദ്ധതി. വർഷങ്ങളായി പ്ലാൻഫണ്ടിൽ നിന്ന് കോടികൾ വകയിരുത്തി പദ്ധതി തയ്യാറാക്കുകയും, തുക ചെലവഴിക്കുകയും ചെയ്യുന്നുവെങ്കിലും നിലവിലും കൃത്യമായും സുതാര്യമായും പദ്ധതി നടപ്പാക്കുന്നില്ല. ഓരോ വർഷവും നഗരസഭ തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് മുഴുവൻ അതത് വർഷം തന്നെ കട്ടിൽ വിതരണം പൂർത്തിയാക്കാനോ, വാർഡ് അടിസ്ഥാനത്തിൽ എത്ര പേർക്ക് /ആർക്കൊക്കെ വിതരണം ചെയ്തു എന്നത് സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കാനോ നഗരസഭ ശ്രദ്ധിക്കുന്നില്ല. മുൻവർഷം ആനുകൂല്യം നല്കാൻ അവശേഷിക്കുന്നവർക്ക് വേണ്ടി ആവശ്യമായ തുക വകയിരുത്തി സ്പിൽഓവർ പദ്ധതി തയ്യാറാക്കി പദ്ധതി പൂർത്തീകരിക്കുന്നതിന് പകരം, ആയതിലേക്ക് തൻവർഷ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ ഓരോ വർഷവും അതത് വർഷത്തെ ഗുണഭോക്താക്കൾക്ക് ആ വർഷം കട്ടിൽ വിതരണം സാധ്യമാകുന്നില്ല എന്ന് മാത്രമല്ല തുടർവർഷങ്ങളിലായാണ് ആനുകൂല്യം വിതരണം ചെയ്ത് പോരുന്നത്. വർഷങ്ങളായി ഈ അപാകത തുടർന്നു വരുന്നതായി കാണുന്നു. പദ്ധതി നടത്തിപ്പിൽ നിരവധി അപാകങ്ങൾ നിലനില്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പർച്ചെയ്സ് ചെയ്ത കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തോ എന്ന് പരിശോധിക്കാനാ യില്ല- വിതരണവിവരങ്ങൾ സംബന്ധി ച്ച് അവ്യക്തത

- 2024-25 വർഷം 100 വാർഡുകളിൽ നിന്നായി ആകെ 4054 ഗുണഭോക്താക്കളെ പദ്ധതിയ്ക്കായി തിരഞ്ഞെടുത്തിട്ടുണ്ട് [30.8.2024ലെ 3(ബി)3(12) നം കൌൺസിൽ തീരുമാന പ്രകാരം അംഗീകരിച്ച 3999 പേരുടെ മെയിൻ ലിസ്റ്റും, 11.3.25ലെ 3(ബി)2(8)പ്രകാരം അംഗീകരിച്ച 55 പേരുടെ സപ്ലിമെന്ററി ലിസ്റ്റും പ്രകാരമുള്ളത്]. എന്നാൽ തൻവർഷ ഗുണഭോക്താക്കളിൽ എത്ര പേർക്ക്/ആർക്കൊക്കെയാണ് കട്ടിലുകൾ നല്കിയത് എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.
- 2023-24വർഷത്തിലെ കട്ടിൽ വിതരണ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 3000 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാൻ അവശേഷിക്കുന്നുവെന്നും, ആയതിനാൽ 2024-25 വർഷത്തിലെ പുതിയ പദ്ധതിയിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നല്കി 29.7.2024ലെ 3 (സി)53 നം കൌൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. 3400 രൂപ നിരക്കിൽ തൻവർഷ പുതിയ പദ്ധതി (നം. 5/2024-25)പ്രകാരം 1,48,78,400 രൂപ ചെലവഴിച്ച് 4376കട്ടിലുകളും, സ്പിൽഓവർ പദ്ധതിയായ 163/2024-25 പ്രകാരം 34,00,000 രൂപ ചെലവഴിച്ച് 1000 കട്ടിലുകളും (ആകെ 5376 കട്ടിലുകൾ)2024-25 വർഷം വാങ്ങിയിട്ടുണ്ട്. മേൽ കൌൺസിൽ തീരുമാന പ്രകാരം മുൻവർഷ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ആനുകൂല്യം ലഭിക്കാൻ അവശേഷിക്കുന്ന 3000 പേരെ കൂടി തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കുന്ന സാഹചര്യത്തിൽ ആകെ ഗുണഭോക്താക്കളുടെ എണ്ണം 7054 (4054+3000) ആകുകയും, തൻവർഷം പർച്ചെയ്സ് ചെയ്ത ആകെ 5376 കട്ടിലുകൾ പ്രസ്തുത ഗുണഭോക്താക്കൾ വിതരണം ചെയ്യുക വഴി ബാക്കി വിതരണം ചെയ്യാൻ അവശേഷിക്കുന്ന തൻവർഷ ഗുണഭോക്താക്കളുടെ എണ്ണം 1678 (7054-5376)ആകേണ്ടതുമാണ്. എന്നാൽ തൻ വർഷഗുണഭോക്താക്കളിൽ ഭൂരിഭാഗം പേർക്കും കട്ടിലുകൾ ലഭിച്ചിട്ടില്ല. മുൻവർഷ ഗുണഭോക്താക്കളിൽ ആർക്കൊക്കെയാണ് അവ ലഭിച്ചത് എന്ന വിവരവും പരിശോധിക്കാനാകുന്നില്ല.
- വിതരണവിവരങ്ങൾ പരിശോധിക്കുമ്പോൾ വാർഡ് കൌൺസിലർമാർ അതത് വാർഡിലേക്കുള്ള കട്ടിലുകൾ കൈപ്പറ്റിയിരിക്കുന്നു എന്ന ഒരു സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് (ടി സാക്ഷ്യപത്രത്തിൽ 2022-23, 2023-24 ഉൾപ്പെടെ മുൻവർഷങ്ങളിലെ ഇത്ര എണ്ണം കട്ടിലുകൾ കൈപ്പറ്റിയിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു).

  അതത് വാർഡുകളിൽ നിന്നുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകളോ, രേഖകളോ സൂക്ഷിച്ചിട്ടില്ല. കൌൺസിലർമാർ കൈപ്പറ്റിയ കട്ടിലുകൾ എത്ര പേർക്ക് വിതരണം ചെയ്തെന്നോ, ആർക്കൊക്കെ നല്കി/നല്കാൻ അവശേഷിക്കുന്നവർ എത്ര എന്നോ ഉള്ള വിവരങ്ങൾ പരിശോധനക്ക് ലഭ്യമല്ലാത്തതിനാൽ കൌൺസിലർമാർ കൈപ്പറ്റിയിട്ടുള്ള കട്ടിലുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താനും കഴിയുന്നില്ല.

ഉദാ: അമ്പലത്തറ വാർഡ് കൌൺസിലർ 2023-24 വർഷത്തെക്കായി45കട്ടിലുകൾ കൈപ്പറ്റിയതായി സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. എന്നാൽ 2023-24ൽ പ്രസ്തുത വാർ ഡിൽ നിന്ന് 14ഗുണഭോക്താക്കൾ മാത്രമാണ് ഉള്ളത്. കൈപ്പറ്റിയ കട്ടിലുകൾ പൂർ ണ്ണമായും 14ഗുണഭോക്താക്കൾക്കും വിതരണം ചെയ്തോ, ആർക്കൊക്കെ വിതരണം ചെയ്തു, ബാക്കിയുള്ളവ എന്ത് ചെയ്തു എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

- പർച്ചെയ്സ് ചെയ്ത കട്ടിലുകൾ വിതരണത്തിന് മുമ്പായി സ്റ്റോക്കിലെടുക്കുന്നതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല. ഇവയിൽ 5/2024-25 പദ്ധതി ഫയലിൽ (J8/0005/24) പരിശോധനയിൽ 3337കട്ടിലുകൾ 2022-23, 2023-24വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് നല്കുന്നതിലേക്ക് വിവിധ വാർഡ് കൌൺസിലർമാർ കൈപ്പറ്റിയതായുള്ള കൈപ്പറ്റ് സർട്ടിഫിക്കറ്റ് മാത്രമാണ് ഉള്ളത്. ബാക്കി 1039കട്ടിലുകൾ വാർഡുകളിൽ വിതരണം ചെയ്തോ, കൌൺസിലർമാർ കൈപ്പറ്റിയോ എന്നതിൽ അവ്യക്തത നിലനില്ക്കുന്നു. നിർവഹണ ഉദ്യോഗസ്ഥൻ ഇത് എപ്രകാരമാണ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നത്, പദ്ധതി പ്രവർത്തനങ്ങൾ എപ്രകാരമാണ് വിലയിരുത്തുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്.

വിതരണവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 12.092025 ലെ 55 /കെ.എസ്.എ./എ.ഒ.III/2025 നം ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയില്ല.

പദ്ധതി പരിശോധനയി ൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു .

- പ്രോജക്ട് ഫയൽ J8/0005/24 പരിശോധിച്ചതിൽ നിന്ന് 2024-25വർഷത്തെ പദ്ധതിയിലേക്ക് ഇ-ടെണ്ടർ നടത്തിയതിൽ കട്ടിലൊന്നിന് 3289 ക്വാട്ട് ചെയ്ത L1 ആയ രാജേഷ് ഫർണിച്ചർ മാർട്ട്, നെയ്യാറ്റിൻകര എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 15/2/2025 ലെ കൌൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. രാജേഷ് ഫർണിച്ചർ മാർട്ടിന്റെ യൂണിറ്റ്കോസ്റ്റായ3289/- രൂപ കൌൺസിലിൽ അംഗീകരിച്ചതിന് ശേഷം 2025 മാർച്ച് മാസത്തിൽ 5-ാം നമ്പർ പദ്ധതി

പ്രകാരം കട്ടിൽ വാങ്ങിയിരിക്കുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള മുൻവർഷത്തെ കൂടിയ നിരക്കായ 3400രൂപക്കാണ്. വിശദാംശങ്ങൾ ചുവടെ.

ക്രമ നം	ബിൽനം, തീയതി	ബിൽ തുക	വാങ്ങിയ കട്ടിലുകളുടെ എണ്ണം(@3400)	കട്ടിലുകളുടെ വില@3289	അധികമായി നല്കിയത്
1	2800/7.3.2025	23,12,000	680	22,36,520	75,480
2	3251/22.3.2025	6,97,000	205	6,74,245	22,755
ആകെ					98235

മേൽ അപാകതക്ക് മറുപടി നല്കാൻ ആവശ്യപ്പെട്ട് 23.12.2025 ൽ നല്കിയ 166 /കെ.എസ്.എ./എ.ഒ.III/2025 നം ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയില്ല. എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 27.09.2025 ൽ നല്കിയ (നം. 68 /കെ.എസ്.എ./എ.ഒ.III/2025) ഓഡിറ്റ് അന്വേഷണത്തിന് 2024-25 ലെ ക്വാട്ട് ചെയ്ത തുകയാണ് 3289 രൂപ എന്നും, 29/7/2024ലെ (3സി) തീരുമാനപ്രകാരം 2024-25 പ്രോജക്ടിൽ നിന്നും 2023-24 ലെ ഗുണഭോക്താക്കൾക്കാണ് 3400രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുള്ളത് എന്നുമാണ് മറുപടി നല്കയിട്ടുള്ളത്. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഏത് വർഷത്തെ ഗുണഭോക്താക്കൾക്കായാലും 3289ക്ക് കട്ടിൽ വിതരണം ചെയ്യാൻ ഒരു സ്ഥാപനത്തിനെ തിരഞ്ഞെടുത്തതിന് ശേഷം പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് അംഗീകൃത നിരക്കിൽ തുടർ വാങ്ങലുകൾ നടത്താതെ പഴയ കൂടിയ നിരക്കിൽ തന്നെ കട്ടിലുകൾ വാങ്ങൽ നടത്തിയത് അംഗീകരിക്കാൻ കഴിയുന്നതല്ല. ആയതിനാൽ അംഗീകൃത നിരക്കിനേക്കാൾ അധികം നല്കിയ 98,235/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

- നഗരസഭ ഫർണിച്ചർ വിതരണം നടത്തിയ സ്ഥാപനമായ രാജേഷ് ഫർണിച്ചർ മാർട്ടുമായി കരാറിലേർപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 2024-25 വർഷം ഇ-ടെണ്ടർ നടത്തിയതിൽ L1 ടി സ്ഥാപനത്തിന്റെ ടെണ്ടർ 15/2/2025 ലെ കൌൺസിൽ തീരുമാനപ്രകാരം അംഗീകരിക്കുകയും 17.2.2025 ൽ സപ്ലൈ ഓർഡർനല്കുകയും, സപ്ലൈ ഓർഡറിൽ ഓർഡർ തീയതി മുതൽ 30ദിവസത്തിനകം കട്ടിൽ വിതരണം പൂർത്തിയാക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫർണിച്ചർ വിതരണത്തിനായി രാജേഷ് ഫർണിച്ചർ മാർട്ട് നഗരസഭയുമായി വച്ചിട്ടുള്ള കരാറിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(നം.68/27.9.25)ത്തിന്,പ്രസ്തുത സ്ഥാപനം ദർഘാസിനൊപ്പം സമർപ്പിക്കുന്ന പ്രാഥമിക കരാറുടമ്പടിയാണ് പരിശോധനക്ക് ഹാജരാക്കിയത്.
- കൂടാതെ രാജേഷ് ഫർണിച്ചർ മാർട്ട് എന്ന പ്രൈവറ്റ് സ്ഥാപനം EMD , സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇവ അടവാക്കിയതായി കാണുന്നില്ല. ആയവ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനും അല്ലാത്ത പക്ഷം EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടവാക്കുന്നതിൽ നിന്നും സ്ഥാപനത്തിന് ഇളവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും അപ്രകാരമുള്ള രേഖകളും ലഭ്യമാക്കിയില്ല.
- സാധനങ്ങളോ, സേവനങ്ങളോ വിതരണം നടത്തുമ്പോൾ തുകയുടെ ഭാഗമായി വരാവുന്ന നികുതി,ഇൻവോയ്സ് പോലുള്ള രേഖകളിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ് എന്ന് CGST Act 2017വകുപ്പ് 33 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ സ്ഥാപനത്തിന്റെ ഇൻവോയ്സുകളിൽ അപ്രകാരം നികുതി പ്രത്യേകമായി കാണിച്ചിട്ടില്ല.
- കട്ടിലിന്റെ സാമ്പിൾ പരിശോധന നടത്തി ടെണ്ടർ അംഗീകരിക്കുന്നതിലേക്ക് അജണ്ട തയ്യാറാക്കുന്നതായി 4/1/2025 ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാമ്പിൾ പരിശോധിച്ച് പർച്ചെയ്സ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.രാജേഷ് ഫർണിച്ചർ മാർട്ട് സപ്ലൈ ചെയ്തിട്ടുള്ള കട്ടിലുകളുടെ സ്പെസിഫിക്കേഷൻ, തടിയുടെ ഇനം, ഗുണനിലവാരം എന്നിവ പരിശോധിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ 5/2024-25(new) നം പദ്ധതി പ്രകാരമുള്ള 1,48,78,400രൂപയും , സ്പിൽഓവർ പദ്ധതി 1163/2024-25 (SO) പ്രകാരമുള്ള 34,00,000 രൂപയും ഉൾപ്പെടെയുള്ളയുള്ള ആകെ ചെലവ് തുകയായ 1,82,78,400 രൂപയിൽ 1,81,80,165/- രൂപ തടസ്സപ്പെടുത്തുകയും 98,235/- രൂപ നിരാകരിക്കുകയും ചെയ്യുന്നു. തൻവർഷം പർച്ചെയ്സ് ചെയ്ത മുഴുവൻ കട്ടിലുകളുടെയും വിതരണ വിവരങ്ങൾ, കൌൺസിലർമാർ ഹാജരാക്കിയിട്ടുള്ള വാർഡ് അടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് രജിസ്റ്ററുകൾ/രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

കട്ടിൽ വിതരണം പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളിൽ നഗരസഭ സുതാര്യത ഉറപ്പാക്കേണ്ടതും, സർക്കാർ മാർഗ്ഗരേഖ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റ് കോർപ്പറേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, പ്രോജക്ട് പൂർത്തിയായാലുടൻ ആ പ്രോജക്ടിൽ ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അത് നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. യഥാർത്ഥ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം വയോജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് പദ്ധതികൾ കൂടി ആവിഷ്കരിക്കാവുന്നതാണ്.

3-2 കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിനെക്കാൾ അധിക നിരക്കിൽ തുക അനുവദിച്ചു. നഷ്ടം 38908/-രൂപ

Item Rate Contract പ്രകാരം ഒരു പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുന്ന കരാറുകാരന് തുക നൽകുമ്പോൾ ഓരോ ഇനത്തിനും കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന് വ്യത്യാസം വരുത്തി തുക നൽകാൻ പാടില്ല. എന്നാൽ നെട്ടയം വാർഡിൽ 26-ാം നമ്പർ അംഗനവാടിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ ഇത്തരത്തിൽ നിരക്കിൽ വ്യത്യാസം വരുത്തി തുക അനുവദിച്ചതിലൂടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി നം-	1771/2024-25
അടങ്കൽ-	1042855/- (തനത് ഫണ്ട്)

ചെലവ്-	1042761/- (തനത് ഫണ്ട്)
ബിൽ നം/ചെക്ക് നം	ചെക്ക് നം. 461381. തീയതി.23/09/2024 തുക- 1042761/-
സ്റ്റാന്റിംഗ് കമ്മറ്റി/ തീരുമാനം	മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി No.1(1) തീയതി.24.06.2022
ഭരണാനുമതി	No.3(B) 1/ തീയതി. 29.06.2022
സാങ്കേതികാനുമതി	47268/2022-23 തീയതി. 03.11.2022
കരാറുകാരന്റെ പേര്	ആർ.ജയകുമാർ.
നിർവഹണം	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
എം. ബുക്ക് നം	1358/2023-24 1363/2023-24 540/14-15
എസ്റ്റിമേറ്റ്	DSR 2018 Cost Index-35.59%

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ ഇനം നം 20 (DSR-50-6-1-2) Solid Block Masonry Using Pre Cast Solid Blocks (Factory Made) Of Size 40x20x20cm Or Nearest Available Size Confirming To IS 2185 Part I Of 1979 For Super Structure Up To Floor Two Level Thickness 20cm And Above In: CM 1:6 (1 Cement: 6 Coarse Sand) Etc Complete. എന്ന ഇനം ഉപയോഗിച്ച് പ്രവൃത്തി നിർവഹിച്ചതിന് അധിക തുക ചെലവഴിച്ചിട്ടുണ്ട്.(എം. ബുക്ക് 1358/23-24 പേജ് നം 20) വിവരം ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് പ്രകാരം അനുമതി ലഭിച്ച അളവും തുകയും	31.164m3 @ 6602.11/M3 = 205748.16/-
കരാറുകാരൻ ക്വാട്ട് ചെയ്തനിരക്കും തുകയും (Item Rate Contract)	31.164m3 @ 5347.71/M3 = 166656.01/-
എം. ബുക്ക് പ്രകാരം അനുവദിച്ച തുക	32.970 M3 @ 6347.75/M3 =209287.17/- (റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം)
യഥാർത്ഥത്തിൽ അനുവദിക്കേണ്ടിയിരുന്ന തുക	32.970 M3 @ 5347.75/M3 = 176314/-
അധികം അനുവദിച്ച തുക.	32973/- രൂപ (209287- 176314)
GST ഉൾപ്പെടെ അധികം അനുവദിച്ച തുക.	38908/- രൂപ

ഇതിൻ പ്രകാരം ഈ ഇനത്തിൽ 32973/- രൂപയും ടി തുകയ്ക്കുള്ള ജി.എസ്.റ്റി കോമ്പൻസേഷനും (@18% = 5935/-) ഉൾപ്പെടെ ആകെ 38908/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.271/കെ.എസ്.എ./ടിവിസി.11/2025.തീയതി: 24.02.2026) മറുപടി ലഭ്യമാക്കിയില്ല. ഈ ഇനത്തിന് അധികം അനുവദിച്ച തുക 32973/- രൂപ കരാറുകാരനിൽ നിന്നും ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ ചെലവഴിച്ച 5935/- രൂപ എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 ഓടനിർമ്മാണം പ്രവൃത്തി-ഉയർന്ന സ്പെസിഫിക്കേഷനിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചതിലൂടെയും, തെറ്റായ അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെയും നഷ്ടം- 25393/- രൂപ.

നെട്ടയം വാർഡ് മേലത്തുമേലെ ശങ്കർലെയ്ൻ, പ്രസ് ലെയ്ൻ, റീ ടാറിംഗ്, റീ കോൺക്രീറ്റിംഗ്. എന്ന പ്രവൃത്തിയിൽ തെറ്റായ അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ചതിലൂടെയും, ഓടയുടെ വശങ്ങളിൽ മാർഗനിർദ്ദേശത്തിനെതിരായി ഉയർന്ന സ്പെസിഫിക്കേഷനിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചതിലൂടെയും നഷ്ടം ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ പരാമർശിക്കുന്നു.

പ്രവൃത്തിയുടെ പേര്	നെട്ടയം വാർഡ് മേലത്തുമേലെ ശങ്കർലെയ്ൻ, പ്രസ് ലെയ്ൻ, റീ ടാറിംഗ്, റീ കോൺക്രീറ്റിംഗ്.
പ്രവൃത്തി നം-	1692/2024-25
അടങ്കൽ-	1843300/- (വികസന ഫണ്ട്-ജനറൽ)

	300000/- (തനത് ഫണ്ട്)
ചെലവ്-	1843299/- (വികസന ഫണ്ട്-ജനറൽ) 298007/- (തനത് ഫണ്ട്)
ബിൽ നം/ ചെക്ക് നം	ബിൽ നം.986. തീയതി. 10/09/2024 തുക- 10,43,299/- ബിൽ നം.638. തീയതി. 05/06/2024 തുക- 8,00,000/- ചെക്ക് നം. 461616. തീയതി. 06/11/2024 തുക- 2,98,007/-
എസ്റ്റിമേറ്റ് പി.എ.സി.	1694381.68
ആകെ എസ്റ്റിമേറ്റ് തുക	2000000/-GST ഉൾപ്പെടെ.
എഗ്രീമെന്റ് പി.എ.സി.	1816312/-(7.2% Above)
കരാറുകാരന്റെ പേര്	സന്തോഷ്കുമാർ. പി.ടി.
നിർവഹണം	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
എസ്റ്റിമേറ്റ്	DSR 2018 Cost Index-35.59%

1.തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരന് അധിക ആനുകൂല്യം നൽകി .

ഈ പ്രവൃത്തിയിൽ 50 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും 1 മീറ്റർ താഴ്ചയിലും ഓട നിർമ്മാണത്തിനായി എർത്ത് വർക്കിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ശേഷം ഇതേ നീളത്തിലും വീതിയിലും 10 സെ.മീ കനത്തിലും M10 (1:3:6) ഉപയോഗിച്ച് ബെഡ് കോൺക്രീറ്റ് ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. ശേഷം ഓടകളുടെ സൈഡ് വാൾ (2 വശങ്ങൾ) 20 സെ.മീ വീതിയിലും 50 മീറ്റർ നീളത്തിലും 75 സെ.മീ ഉയരത്തിലും ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നു. ഇതിനുശേഷം ചെയ്യേണ്ട വെയറിംഗ് കോട്ട് (M20 C 1:2:4) സിമന്റ് കോൺക്രീറ്റിന്റെ വീതി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ അധിക തുകയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കുകയും കരാറുകാരന് അധിക ലാഭം ഉണ്ടാകുകയും ജി.എസ്.ടി ഇനത്തിൽ (18%) അധിക തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് വിവരങ്ങൾ

ഇനം നം.	ഇനം	നം.	L	B	H	Quantity (M3)
6	Mord 11-1-1-1 Earth Work	1	50.00	1.00	1.00	50
7	Mord 11-4-1-1 Bed Concrete M-10	1	50.00	1.00	0.10	5
8	Mord 11-4-3-1 Side Wall M-20	2	50.00	0.20	0.750	15
9	Mord 75-8-1-1-A Wearing Coat	1	50.00	1.00	0.050	2.5

ഇവിടെ ഇനം നം.9- Mord 75-8-1-1-A ഉപയോഗിച്ച് Wearing Coat ചെയ്യാൻ തയ്യാറാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് വിവരം ചുവടെ ചേർക്കുന്നു.

9	Mord 75-8-1-1-A Wearing Coat	1	50.00	0.600	0.050	1.5m3

ഇവിടെ 1 M3-ന് അധികമായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ അധികം അനുമതി ലഭിച്ച തുക സംബന്ധിക്കുന്ന വിവരം.

1 M3@7977.65	7977.65/-
GST (18%)	1435.9
Total	9413.55

ടി ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്	8552/-(7.2% Above)
GST (18%)	1539/-
Total	10091/-
ടി പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പി.എ.സി	1694381.68
ടി ഇനത്തിന് അധികം അനുമതി ലഭിച്ച തുക കുറച്ചാൽ ലഭിക്കുമായിരുന്ന പി.എ.സി	1686404.03
കരാറുകാരന്റെ പി.എ.സി	1816312/- (7.2% Above)
അധികം അനുമതി ലഭിച്ച തുക ഒഴിവാക്കിയാൽ കരാറുകാരന്റെ പി.എ.സി	1807825.12

പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ ടി ഇനം കരാറുകാരൻ നിർവ്വഹണം നടത്തുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എം.ബുക്ക് PRICE SOFTWARE-ൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. പ്രവൃത്തിയുടെ എം.ബുക്കിന്റെ കോപ്പി ലഭ്യമാക്കേണ്ടതാണ്.

ആയതിനാൽ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ജി.എസ്.ടി ഉൾപ്പെടെ അധികം ചെലവഴിച്ച ടി ഇനത്തിന്റെ തുക 10091/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

2. ഓടയുടെ സൈഡ് വാൾ (വശങ്ങളിലെ കോൺക്രീറ്റ്) നിർമ്മാണം ഉയർന്ന നിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗി ച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നം.ഡി.ബി1/3727/2021/സി.ഇ/ത.സ്വ.ഭവ. തീയതി. 05.04.2021 കത്ത് ഖണ്ഡിക 5 പ്രകാരം ഓടകളുടെ വശങ്ങളിലെ കോൺക്രീറ്റ് MoRD സ്പെസിഫിക്കേഷൻ 11.4.2.1 ഉപയോഗിച്ച് നിർവഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ MoRD സ്പെസിഫിക്കേഷൻ 11.4.3.1 ഉപയോഗിച്ച് വശങ്ങൾ കോൺക്രീറ്റ് ചെയ്തതായി കാണുന്നു. ഉയർന്ന സ്പെസിഫിക്കേഷൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക തുകയ്ക്ക് സാങ്കേതികാനുമതി ലഭിക്കുകയും അധിക തുക കരാറുകാരന് നല്കേണ്ടതായും വന്നു. വിവരം ചുവടെ ചേർക്കുന്നു.

ടി ഇനത്തിന് സാങ്കേതികാനുമതി ലഭിച്ച വിവരം/തുക- (MoRD സ്പെസിഫിക്കേഷൻ 11.4.3.1)	15m3 @ 8271.59/M3 =124073.85
ടി ഇനത്തിന് കരാറുകാരൻ ടെണ്ടർ ചെയ്ത നിരക്കും, തുകയും.	15m3 @ 8867.10/M3 =133006.5 (7.2% Excess)
ടി ഇനത്തിന് കരാറുകാരന് നൽകിയ തുക	18.489m3 @8867.10/M3 =163943.81 (റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം)
ടി ഇനത്തിന് സാങ്കേതികാനുമതി നൽകേണ്ടിയിരുന്ന നിരക്ക്/തുക (MoRD സ്പെസിഫിക്കേഷൻ 11.4.2.1)	15 M3 @ 7617.29/M3 = 114259.35
ടി ഇനത്തിന് കരാറുകാരന് പരമാവധി ടെണ്ടർ ചെയ്യാമായിരുന്ന നിരക്കും, തുകയും.	15 M3 @ 8165.73/M3 =122485.95 (7.2% Excess)
ടി ഇനത്തിന് കരാറുകാരന് പരമാവധി നൽകേണ്ടിയിരുന്ന തുക	18.489m3 @ 8165.73/ M3 = 150976.95
ഈ ഇനത്തിൽ അധികം നൽകിയ തുക	= 12968/- (163943.81-150976.18)
ജി.എസ്.റ്റി. ഇനത്തിൽ അധികം നൽകിയ തുക	12968 ന്റെ 18% =2334/-

ആകെയാൽ ടി ഇനത്തിന് ജി.എസ്.റ്റി ഉൾപ്പെടെ 15302/- രൂപ അധികം ചെലവഴിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

3.ഇൻഷ്വറൻസ് സാക്ഷ്യപത്രം ഹാജരാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല .

മരാമത്ത് പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റിന്റെ (PWD Bidding Document (GO(p) No.3/2017 PWD.Dtd.9.8.0217) ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭിക്കുന്ന തീയതി മുതൽ പൂർത്തീകരിക്കുന്ന തീയതി വരെയുള്ള കാലയളവിലും, ഡിഫക്ട് ലയബിലിറ്റി കാലയളവിലും ഉള്ള രണ്ടു ഭാഗങ്ങളിലായി ഇൻഷുറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം എടുക്കുന്ന ഇൻഷുറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം ₹2,00,000), ഇൻഷുറൻസ് രേഖകൾ (ഒറിജിനൽ പോളിസികൾ) പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി നിർവഹണച്ചുമതല ഏൽപ്പിച്ചു നൽകിക്കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ലും വിവരിക്കുന്നു. ഇൻഷുറൻസ് പോളിസി ലഭ്യമാക്കാത്തപക്ഷം കരാർ തുകയുടെ

₹0.2% ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതുമാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരൻ ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അന്തിമബിൽ നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടുമില്ല. കറാറുകാരനിൽ നിന്നും ചുവടെ പരാമർശിക്കും വിധം പിഴ ഈടാക്കേണ്ടിയിരുന്നു.

കരാറുകാരന്റെ പി.എ.സി	1816312/-
ഇൻഷ്വറൻസ്ഹാജരാക്കാത്തതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴ	0.2% Of 1816312 =3633/-

ആയതിനാൽ പിഴ ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുക 3633/- രൂപ നഷ്ടമായി.

ഓടയുടെ സൈഡ് വാൾ (വശങ്ങളിലെ കോൺക്രീറ്റ്) നിർമ്മാണം ഉയർന്ന നിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.278/കെ.എസ്.എ./ടിവിസി.11/2025.തീയതി: 26.02.2026. ലൂടെയും ഓടയുടെ വെയറിംഗ് കോട്ടിന് തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് സംബന്ധിച്ചും പ്രവൃത്തിയുടെ ഇൻഷ്വറൻസ് ഈടാക്കാത്തത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നം. 290/കെ.എസ്.എ./ടിവിസി.11/2025.തീയതി: 02.03.2026 ലൂടെയും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. നഷ്ടതുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-4 കൊടുങ്ങാന്നൂർ വാർഡിലെ ദീപു നഗർ റോഡ് റീടാറിംഗ്- പൊതുമരാമത്ത് മാന്വൽ, പൊതുമരാമത്ത് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല- അപാകതകൾ- പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 54,137/-ഈടാക്കിയില്ല.

ഈ പ്രോജക്ട് സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി നം-	1538/2024-25 116/2023-24 (Old)
അടങ്കൽ-	1500000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)
ചെലവ്-	780243/-ബിൽ നം. 675. തീയതി .11/06/2024 441870/-ബിൽ നം. 1590. തീയതി .12/12/2024
സ്റ്റാന്റിംഗ് കമ്മറ്റി/ തീരുമാനം	മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി No.1(55) തീയതി.21.10.2023
ഭരണാനുമതി	No.3(B) 1/ തീയതി. 29.06.2022
സാങ്കേതികാനുമതി	47268/2022-23 തീയതി. 10.11.2023
കരാറുകാരന്റെ പേര്	സുരേന്ദ്രൻ.
കരാറുകാരന്റെ പി.എ.സി.	11,04,838/-
നിർവഹണം	അസിസ്റ്റന്റ് എഞ്ചിനീയർ.
എസ്റ്റിമേറ്റ്	DSR 2018 Cost Index-35.59%

1. എസ്റ്റിമേറ്റ് പുതുക്കിയതിൽ അപാകത .

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/Pwd/Dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.ഒ.(എം.എസ്) 86/2022 ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്നും വ്യക്തമാക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 16 ഇനങ്ങളാണ് ഉണ്ടായിരുന്നത്. എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ഇത് 11 ഇനങ്ങളായി കുറഞ്ഞിട്ടുണ്ട്. ക്രമ നം 12-ാമത്തെ ഇനമായ CC 1:2:4 (1 Cement:2 Fine Aggregate:4 Course Aggregate) ആണ് അവസാനം (13/11/2024 ന്) നിർവഹിച്ചിരിക്കുന്ന പ്രവൃത്തി. ഈ പ്രവൃത്തി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും 1/10/2024 ന് തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിരിക്കുന്നത് 4/11/2024 നാണ്. ഇവിടെ മാർഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തിയിൽ വളരെയേറെ പുരോഗതി കൈവരിച്ചശേഷമാണ് എസ്റ്റിമേറ്റ് റിവിഷൻ നടത്തിയിരിക്കുന്നത്.

2. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം സപ്ലിമെന്ററി എഗ്രീമെന്റ് തയ്യാറാക്കി .

ഈ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 13/11/2024 നാണ്. എന്നാൽ സപ്ലിമെന്ററി എഗ്രീമെന്റ് തയ്യാറാക്കിയിരിക്കുന്നത് 20/11/2024 നാണ്. (എഗ്രീമെന്റ് നം 01/B/AE/VTZ/Corpn/തീയതി. 20/11/24). ഈ എഗ്രിമെന്റിൽ പ്രവൃത്തിയുടെ പൂർത്തീകരണം 30/11/2024 വരെയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ദീർഘിപ്പിച്ചു നൽകാൻ കരാറുകാരൻ അപേക്ഷിച്ചതായോ, സ്റ്റാന്റിംഗ് കമ്മിറ്റി/ കൗൺസിൽ അനുമതി നൽകിയതായോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചശേഷം സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയ നടപടി പൊതുമരാമത്ത് മാന്വലിനും നിർദ്ദേശങ്ങൾക്കും എതിരാണ്.

3. ഇൻഷ്വറൻസ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല .

മരാമത്ത് പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റിന്റെ (PWD Bidding Document (GO(p) No.3/2017 PWD.Dtd.9.8.0217) ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭിക്കുന്ന തീയതി മുതൽ പൂർത്തീകരിക്കുന്ന തീയതി വരെയുള്ള കാലയളവിലും, ഡിഫക്ട് ലയബിലിറ്റി കാലയളവിലും ഉള്ള രണ്ടു

ഭാഗങ്ങളിലായി ഇൻഷുറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം എടുക്കുന്ന ഇൻഷുറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം ₹2,00,000), ഇൻഷുറൻസ് രേഖകൾ (ഒറിജിനൽ പോളിസികൾ) പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി നിർവഹണച്ചുമതല ഏൽപ്പിച്ച നൽകിക്കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ലും വിവരിക്കുന്നു. ഇൻഷുറൻസ് പോളിസി ലഭ്യമാക്കാത്തപക്ഷം കരാർ തുകയുടെ ₹0.2% ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതുമാണെന്നും പരാമർശിച്ചിട്ടുണ്ട്. പിഴ തുക തുച്ഛമായതിനാൽ കരാറുകാരൻ പോളിസി ലഭ്യമാക്കാതെ പിഴ ഒടുക്കുന്നതാണ് കണ്ടത്. കരാറുകാരനിൽ നിന്നും ഇൻഷുറൻസ് പോളിസി ലഭ്യമാക്കാനുള്ള നടപടി എഞ്ചിനീറിംഗ് വിഭാഗം സ്വീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത്തരം അപാകതകൾ തുടർ പ്രവൃത്തികളിൽനിന്നും ഒഴിവാക്കേണ്ടതാണ്.

4. പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം -നിയമാനുസൃത പിഴ ഈടാക്കുന്നില്ല .

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. 17/02/2024 ന് ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 16/05/2024 ന് ആയിരുന്നു.(3 മാസം). പരമാവധി അനുവദിക്കാമായിരുന്ന ദീർഘീകരണം 30/06/2024 വരെയാണ് (1.5 മാസം അധികം). പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 13/11/2024 നാണ്. എന്നാൽ പ്രവൃത്തി ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ അപേക്ഷിച്ചതായോ, കൗൺസിൽ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ച് നൽകാൻ അനുമതി നൽകിയതായോ ഫയലിൽ വ്യക്തമല്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയുമാണ് ഇവിടെ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. പിഴ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

സ്ഥലം കൈമാറ്റം ചെയ്ത തീയതി-	17/02/2024
പ്രവൃത്തി പൂർത്തികരിക്കേണ്ടിയിരുന്ന തീയതി	16/05/2024 (മൂന്ന് മാസം)
പ്രവൃത്തി പൂർത്തീകരിച്ച തീയതി	13/11/2024
ആദ്യ തവണ പ്രവൃത്തി ദീർഘിപ്പിച്ച് നൽകേണ്ടിയിരുന്ന തീയതിയും ഈടാക്കേണ്ടിയിരുന്ന പിഴയും	07/06/2024 1% Of 11,04,838/- =11,048/-
രണ്ടാം തവണ പ്രവൃത്തി ദീർഘിപ്പിച്ച് നൽകേണ്ടിയിരുന്ന തീയതിയും ഈടാക്കേണ്ടിയിരുന്ന പിഴയും	30/06/2024 2% Of 11,04,838/- =22,097/-
ആകെ ഈടാക്കേണ്ടിയിരുന്ന പിഴ	33,145/-

5. ലിക്യുഡേറ്റ് ഡാമേജ് കണക്കാക്കി പിഴ ഈടാക്കിയിട്ടില്ല .

G.O (Ms) No./21/2024 PWD Dated, 02-04-2024 പ്രകാരം ഒരു പ്രവൃത്തിക്ക് നൽകാവുന്ന പരമാവധി ദീർഘീകരണ സമയം ആ പ്രവൃത്തിയുടെ ഒറിജിനൽ പൂർത്തീകരണ സമയത്തിന്റെ പകുതി സമയം കൂടെ മാത്രമാണ്. ആയതിന് ശേഷമുള്ള പിഴകൂടാതെയുള്ള ദീർഘീകരണത്തിന്റെ മുൻകൂർ അനുമതി നൽകേണ്ടത് അടുത്ത ഉയർന്ന ഉദ്യോഗസ്ഥനാണ്. എന്നാൽ ഇവിടെ ഉയർന്ന ഉദ്യോഗസ്ഥനിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ ഒറിജിനൽ പൂർത്തീകരണ സമയത്തിനിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണത്തിന് വൈകിയ ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ 0.1% (പരമാവധി 10%) പിഴയായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ പിഴ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന പിഴ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

ടി പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന പരമാവധി ദീർഘീകരണ സമയം	30/06/2024
പ്രവൃത്തി പൂർത്തീകരിച്ച തീയതി	13/11/2024
പ്രവൃത്തി പൂർത്തീകരിക്കാൻ താമസിച്ച സമയം	136 ദിവസം 19 ആഴ്ച
ഈടാക്കേണ്ടിയിരുന്ന പിഴ	(0.1% Of 11,04,838/-)X19 =20992/-

പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മുഴുവൻ അപാകതകളും ഓഡിറ്റ് എൻക്വയറി നം. 272/കെ.എസ്.എ./ടിവിസി.11/2025.തീയതി പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായുണ്ടായ അപാകതകൾ തുടർന്ന് ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി വിവരം അറിയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

3-5 കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ പ്രവർത്തി ഏൽപ്പിച്ചു, സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കിയില്ല 1,25,897/- രൂപ നിരാകരിക്കുന്നു 8,01,980/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	SO1111/25
പേര്	സ്മാർട്ട് അംഗനവാടി
അടങ്കൽ തുക	15,00,000/-രൂപ
ചെലവ് തുക	9,27,877/-രൂപ

ഫണ്ടിനം	വികസന ഫണ്ട് ജനറൽ
ബിൽ നം./തീയതി/തുക	3569/25.03.25-404241/-രൂപ
	3570/25.03.25-110556/-രൂപ
	1581/12.12.24-413080/- രൂപ
നിർവഹണോദ്യോഗസ്ഥ	സി.ഡി.പി.ഒ.അർബൻ IV

സ്വന്തമായികെട്ടിടം ഉള്ള അങ്കണവാടികളിൽ Child Friendly Painting , Child Friendly Classroom, Indoor/Outdoor Playing Equipments , Child Friendly Furniture തുടങ്ങിയവ സജ്ജീകരിച്ച് കുട്ടികളെയും രക്ഷിതാക്കളെയും കൂടുതൽ ആകർഷിക്കത്തക്ക രീതിയിൽ മെച്ചപ്പെടുത്താവുന്ന പ്രവർത്തികൾ നിർവഹിക്കുന്നതിനാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്.

പ്രവർത്തി നിർവഹിക്കുന്നതിനായി നഗരസഭാ പ്രദേശത്തെ 10 അംഗനവാടികളെ തെരഞ്ഞെടുത്തു . പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത് തെരഞ്ഞെടുക്കപ്പെട്ട സൃചമയം എന്ന സ്ഥാപനത്തെ പ്രവർത്തി ഏൽപ്പിക്കുകയും ചെയ്തു.

ടെണ്ടർ നോട്ടീസ് പ്രകാരം സ്മാർട്ട് അംഗനവാടി പദ്ധതി നടപ്പിലാക്കുവാൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിൽ 25 ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവർത്തി നിർവ്വഹിച്ച സൃചമയം എന്ന സ്ഥാപനം ഹാജരാക്കിയ ബില്ല് പ്രകാരം 17 ഇനം പ്രവർത്തികൾ മാത്രമാണ് ചെയ്തിട്ടുള്ളത് . സൃചമയം എന്ന സ്ഥാപനം 30.08.24-ൽ നൽകിയ ബിൽ (ഇൻവോയിസ് നം.2024-25/4) പ്രകാരമുള്ള ആകെ തുക 4,70,680/-രൂപയാണ്. എന്നാൽ നഗരസഭ 4,13,080/- രൂപയാണ് (ബിൽ നം.1581/10.12.24) സ്ഥാപനത്തിന് നൽകിയത് . ബാക്കി തുക നൽകിയിട്ടുണ്ടോ എന്നതിന്റെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/കെ.എസ്.എ./ടി.വി.സി.5/2024-25 , തീയതി 28.06.2025) കരാറുകാരൻ 17 പ്രവർത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവർത്തികൾക്ക് മാത്രമാണ് തുക മാറി നൽകിയിട്ടുള്ളതെന്നുമാണ് മറുപടി നൽകിയത്.

ടെണ്ടർ നടപടിക്രമങ്ങളിലെ അപാകം - കൂടിയ നിരക്കിൽ തുക നൽകി

ചെയ്ത പ്രവർത്തികളുടെ Item Wise നിരക്ക് കണക്കാക്കുമ്പോൾ സൃചമയം ക്വാട്ട് ചെയ്ത നിരക്കിനെക്കാൾ (985477/-രൂപ) കുറഞ്ഞ തുകയാണ് Little Care And Play എന്ന സ്ഥാപനം ക്വാട്ട് (801980/-രൂപ) ക്വാട്ട് ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	കരാർ നോട്ടീസ് പ്രകാരമുള്ള നിരക്ക്	സൃചമയത്തിന്റെ നിരക്ക്	അളവ്	ആകെ വില	Little Care And Play യുടെ നിരക്ക്	അളവ്	ആകെ വില
1.	Baby Friendly Art	24	44.90	9200	413080	24	9200	220800
2.	Acrylic Smooth Painting	13	32	1800	57600	13	1800	23400
3.	Class Room Soft Flooring	890	674	235	158390	890	235	209150
4.	Rectangle Writing White Board	1988	3245	10	32450	1988	10	19880
5.	12 Piece Shape Adjustable Fence	5888	5467	10	54670	5888	10	58880
6.	Indoor Toybin	1348	1198	10	11980	1348	10	13480
7.	Storage Stand	3598	3489	10	34890	3598	10	35980
8.	Out Door Merry Go Round	22900	17684	3	53052	22900	3	68700
9.	Out Door Play Area Setting Slide	10990	11789	1	11789	10990	1	10990
10.	Alphabet And Number Puzzle Play Mats.	288	197	10	1970	288	10	2880
11.	Activity Pendrive	394	350	10	3500	394	10	3940
12.	Educational Advantage Multicolour Fetterset	320	1789	10	17890	320	10	3200
13.	Colourful Smooth Rocker		909	10	9090	1198	10	11980
14.	Multi Colour 50 Ball Set		423	10	4230	260	10	2600
15.	Adjustable Basket Ball Set		1034	10	10340	1028	10	10280
16	32 Inch Smart Tv	11500	11989	9	107901	11500	9	103500
17	TV Wall Fitting	260	295	9	2655	260	9	2340
ആകെ					985477			801980

സൃ ചമയത്തിന് നൽകേണ്ട തുക	985477/-രൂപ
നൽകിയ തുക	927877/-രൂപ
Little Care And Play എന്ന സ്ഥാപനത്തിന് കരാർ നൽകിയിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന നിരക്ക്	8,01,980/-
അധികം നൽകിയ തുക 927877-801980	1,25,897/-രൂപ

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകി പ്രവർത്തി ഏൽപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/കെ.എസ്.എ./ടി.വി.സി.5/2024-25 , തീയതി 28.06.2025) Little Care And Play എന്ന സ്ഥാപനം പദ്ധതി ഏറ്റെടുത്തില്ല , പ്രസ്തുത രേഖകൾ ഹാജരാക്കുന്നു എന്ന മറുപടി ലഭ്യമാക്കിയെങ്കിലും സ്ഥാപനം പദ്ധതി ഏറ്റെടുക്കാത്ത വിവരം സാധൂകരിക്കുന്നതിന് ഉപോൽബലകമായ രേഖകൾ

ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. മാത്രമല്ല, പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് വിതരണ രേഖകൾ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കണം എന്ന് ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകി പ്രവർത്തി ഏൽപ്പിക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 1,25,897/- രൂപ അധികം ചെലവഴിക്കേണ്ടി വന്നു. പ്രസ്തുത തുക നിരാകരിക്കുന്നു. ആയത് നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്. സ്റ്റോക്ക് വിതരണ രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച തുകയിൽ നിരാകരിച്ച 1,25,897/- രൂപ കിഴിച്ച് ബാക്കി തുക 8,01,980/- രൂപ തടസ്സപ്പെടുത്തുന്നു. നിരാകരിച്ച തുക പദ്ധതി നിർവ്വഹണത്തിൽ പാളിച്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

3-6 സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടറുകൾ, യു.പി.എസുകൾ എന്നിവ വാങ്ങി- അധികച്ചെലവ്- രൂപ 4,73,000/-

ഫയൽ നം	J3/S1993/25
പ്രോജക്ടിന്റെ പേര്	എല്ലാ ആരോഗ്യസ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യവികസനം.
പ്രോജക്ട്-നം	നം-1993/2025
അടങ്കൽ	ആകെ-10000000/- (1495532/-വികസനഫണ്ട് ജനറൽ 8504468/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ചെലവ്	ആകെ-9070116/- (1495532/-വികസനഫണ്ട് ജനറൽ 7574584/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ബിൽ നം	നം.83. തീയതി. 09/05/2024 -തുക-1495532/- നം.2939. തീയതി. 15/03/2025 -തുക-320134/- നം.3620. തീയതി. 25/03/2025 -തുക-226250/- നം.3683. തീയതി. 26/03/2025 -തുക-1985200/- നം.3686. തീയതി. 26/03/2025 -തുക- 2221000/- നം. 3687. തീയതി. 26/03/2025 -തുക-2435000/- നം. 3726. തീയതി. 26/03/2025 -തുക-387000/-
സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി. നം. 1(1) തീയതി. 24/07/2024
ഭരണാനുമതി.	നം. 3 (B)/1 തീയതി. 02/08/2024
നിർവഹണം	ഹെൽത്ത് ഓഫീസർ.

മേൽ സൂചിപ്പിച്ച പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പദ്ധതിയുടെ ആകെ ചെലവ് സൂക്ഷ്മ പത്രിക പ്രകാരം 9070116/-രൂപയാണ്. എന്നാൽ സാംഖ്യയിലെ ട്രഷറി പെയ്ഡ് ബിൽ പ്രകാരം പ്രോജക്ട് നം 1993/25 ന്റെ ചെലവ് 7574584/- രൂപയാണ്. 1495532/-രൂപയുടെ ചെലവ് (പ്രോജക്ട് നം 1993/25 നോടൊപ്പം വികസനഫണ്ട് ജനറൽ) സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല. 1495532/-രൂപയുടെ ചെലവ് "ട്രഷറി പെയ്ഡ് ബിൽ" വിവരങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ഈ ചെലവ് പ്രോജക്ട് നം 1161/25 ലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് അപാകതയായി നിൽക്കുന്നു.

2. ഈ പ്രോജക്ട് പ്രകാരം ആകെ 43 Desktop Computers, 63 Laptops, 43 UPS, 66 Printers എന്നിവ വാങ്ങിയിട്ടുണ്ട്. ഇ-ടെണ്ടർ നടപടി ക്രമത്തിലൂടെയാണ് ഇവ വാങ്ങിയിരിക്കുന്നത്. ഇവയിൽ Desktop Computers, Laptops, UPS എന്നിവ Pazhoor Ideal Systems Ltd എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്ററുകൾ MP Associates എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത് . ഈ സ്ഥാപനങ്ങളുമായി നഗരസഭയ്ക്കുവേണ്ടി ഹെൽത്ത് ഓഫീസർ കരാർ ചമയ്ച്ചിട്ടുണ്ട്. ജി.ഒ(പി.നം) 10/2019 എസ്.പി.ഡി.തീയതി 22.08.2019 സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള

സർക്കാറിന്റെ ഓൺലൈൻ പോർട്ടൽ മുഖേനയേ വാങ്ങാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി സെല്ലിന്റെ സർക്കുലർ നം 1/26/2019 വി.സ.വ. തീയതി 18-03 2019 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ CPRCS മുഖേനമാത്രമെ ഐ.ടി ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരമുള്ള വാങ്ങലിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 65/കെ.എസ്.എ./ടിവിസി.11/2025. തീയതി: 19.09.2025) നൽകിയിരുന്നു. CPRCSമുഖേന വാങ്ങുന്നതിലുള്ള കാലതാമസവും മുമ്പ് വാങ്ങിയ ഉപകരണങ്ങളുടെ നിലവാരമില്ലായ്മയും കാരണമാണ് ടെണ്ടർ നടപടികളിലൂടെ വാങ്ങാൻ പർച്ചേസ് കമ്മിറ്റി അനുവാദം നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

3. As Per G.O.(Rt) No.99/2021/ITD Dated,Thiruvananthapuram, 23/07/2021 Services Of Government Of Kerala, It Was Decided That The Departments May Procure Laptops For The Implementation Of E-Office, So That The Work Can Be Carried Out From Anywhere. The Advantages Of Procuring Laptops Instead Of Desktops Are Portability, Low Maintenance, Reduced Cable Clutters, Low Power Consumption, Less Space Occupancy, No Cost Required For UPS Etc. Hence Government Have Examined The Matter In Detail And Are Pleased To Order That The Departments / Grant In Aid Institutions / Boards / Corporations / Universities /Local Self Government Institutions / Public Sector Undertakings Should Procure Laptops Instead Of Desktops For The Roll Out Of E-Governance And Other Activities In Their Organization. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി 43 Desktop കളും (വിവിധ ബില്ലുകളിലായി) അത്രതന്നെ UPS കളും (ബിൽ നം. 3726. തീയതി. 26/03/2025 -തുക-387000/-) വാങ്ങിയിട്ടുണ്ട്. ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കു പകരം ലാപ്ടോപ്പുകൾ വാങ്ങുവാൻ സർക്കാർ ഉത്തരവ് നിലവിലുണ്ടായിരുന്നിട്ടും അത് പാലിക്കാതെ 43 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 65/കെ.എസ്.എ./ടിവിസി.11/2025. തീയതി: 19.09.2025) നൽകിയിരുന്നു. ആശുപത്രികളിലെ മെഡിക്കൽ ഓഫീസർ, ഫ്രണ്ട് ഓഫീസ്, ഫാർമസി, ലാബ്, എന്നിവിടങ്ങളിൽ ഇ-ഹോസ്പിറ്റൽ പ്രവർത്തനത്തിന് ഡെസ്ക് ടോപ്പുകളാണ് സൗകര്യമെന്നതിനാലാണ് അവ വാങ്ങിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായ ഈ നടപടിയും മറുപടിയും അംഗീകരിക്കാൻ കഴിയില്ല.

സ്ഥാപനം വാങ്ങിയിയ കമ്പ്യൂട്ടറുകളുടെയും, യു.പി.എസുകളുടെയും വില വിവരം ചുവടെ ചേർക്കുന്നു.

Items	Rate / Piece
Desktop Computers	48,000/-
Laptops	46,000/-
UPS	9,000/-

ലാപ്ടോപ്പുകൾക്കു പകരം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയതിലൂടെ ആകെ വിവിധ ബില്ലുകളിലായി 2064000/-രൂപ (48000x43) ചെലവഴിച്ചിട്ടുണ്ട്. ഈ ഡെസ്ക് ടോപ്പുകൾക്കായുള്ള യു.പി.എസുകൾക്കായി ആകെ 387000/-(9000x43) രൂപയും ചെലവഴിച്ചു. സർക്കാർ നിർദ്ദേശത്തിനനുസരിച്ച് ലാപ്ടോപ്പുകൾ വാങ്ങിയിരുന്നുവെങ്കിൽ 1978000/-(46000x43) മാത്രമെ ചെലവ് ഉണ്ടാകുമായിരുന്നുള്ളൂ. ഈ വാങ്ങൽ നടപടി പ്രകാരം ഓരോ കമ്പ്യൂട്ടറിനും 2000/-രൂപയും ഓരോ യു.പി.എസുകൾക്ക് 9000/-രൂപയും വീതം അധികമായി ചെലവഴിക്കേണ്ടി വന്നു. 43 കമ്പ്യൂട്ടറുകൾക്കും യു.പി.എസിനുമായി ആകെ 4,73,000/-രൂപ (2000x43 + 387000) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതാണ്.

3-7 വയോജനോത്സവം-മധുരം ജീവിതം - പ്രവർത്തനങ്ങളിൽ അവ്യക്തത -അനുവദിച്ച മുൻകൂർ ഉൾപ്പെടെ 52,65,193രൂപ തടസപ്പെടുത്തുന്നു.

പ്രോജക്ട് നം. : 62/2024-25 ഫണ്ടിനം : വികസന ഫണ്ട്-ജനറൽ ആകെവകയിരുത്തൽ:60,00,000/- ചെലവ് : 27,65,193/- ഫയൽ നം. : J8/2246/24 നിർവഹണ ഉദ്യോഗസ്ഥൻ : അഡീഷണൽ സെക്രട്ടറി	Bill No., Date 3199/21.3.2025 (Rs.1335170) 3200/21.3.25(Rs.70,800 3201/21.3.25(Rs.118826/-) 3202/21.3.25(Rs.53888) 3203/21.3.25(Rs.93633) 3397/24.3.25(Rs.168936) 3398/24.3.25(Rs.30975) 3399/24.3.25(Rs.26550) 3400/24.3.25(Rs.26550) 3401/24.3.25(Rs.25665) 3402/24.3.25(Rs.814200)

വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഭാഗമായി അവരുടെ കലാ കായിക സാംസ്കാരിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനായുള്ള വേദി ഒരുക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് ഇത്. വികസനഫണ്ടിൽ നിന്ന് 60 ലക്ഷം രൂപ വകയിരുത്തി DPC അംഗീകാരം(PLG/2600/24-25/DPC/DPO/Tvpm തീയതി.17.2.2024) നേടിയ ടി പദ്ധതിയുടെ ഭാഗമായി നഗരസഭാ പരിധിയിലുള്ള പൂത്തരിക്കണ്ടം മൈതാനം, യൂണിവേഴ്സിറ്റി ഇൻഡോർ സ്റ്റേഡിയം, മാഞ്ഞാലിക്കുളം മൈതാനം, ശംഖുമുഖം ഐ.ആർ.സി ഗ്രൗണ്ട് എന്നിവിടങ്ങളിൽ വച്ച് 2025 ജനുവരി 10 മുതൽ 16 വരെയുള്ള തീയതികളിൽ

വയോജനോത്സവം സംഘടിപ്പിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രോജക്റ്റിനായി വികസന ഫണ്ടിൽ നിന്ന് 27,65,193 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ചുവടെപ്പറയും പ്രകാരം 25,00,000രൂപ തനത്ഫണ്ടിൽ നിന്ന് (Own Fund SBI 1385)കൌൺസിൽ വിഭാഗം ക്ലാർക്ക് ശ്രീ.സജി.വി.നായർ എന്നയാൾക്ക് മുൻകൂർ നല്കിയിട്ടുള്ളതായും കാണുന്നു.

Sl No	Voucher No& Date	Name Of The Payee	Cheque No& Date	Amount
1	P-C010100-24003537/ 24.12.2024	Saji.V.Nair	461934/24.12.2024	10,00,000
2	P-C010100-24003826/ 15.01.2025	Saji.V.Nair	430498/15.01.2025	5,00,000
3	P-C010100-24003837/ 16.01.2025	Saji.V.Nair	430511/16.01.2025	10,00,000
				25,00,000

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

മുൻകൂർ ക്രമീകരിച്ച വിവരം ലഭ്യമല്ല

പദ്ധതിക്കായി അനുവദിച്ച മുൻകൂർ ക്രമീകരിച്ചിട്ടില്ല എന്ന് മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 27,65,193 രൂപയ്ക്ക് പുറമേ തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച 25,00,000 യും പ്രസ്തുത പ്രോജക്റ്റിനായി ചെലവഴിച്ചോ, വികസനഫണ്ടിൽ നിന്നുള്ള ഫണ്ട് ലഭിച്ച മുറക്ക് ആയത് ക്രമീകരിച്ചോ എന്ന വിവരം പരിശോധിക്കാനായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ 7.2.2026ലെ 240 /കെ.എസ്.എ./ എ.ഒ.III/2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

ചെലവിലും, പ്രവർത്തനങ്ങളിലും വ്യക്തതക്കുറവ്

- പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നതിന് വ്യക്തതയില്ല. ഉദാഹരണമായി വയോജനോത്സവത്തോട് അനുബന്ധിച്ച് പൊതുപ്രവർത്തനം, സാഹിത്യം, സിനിമ, ആരോഗ്യം, പത്രപ്രവർത്തനം, സംഗീതം, പരിസ്ഥിതി, കായികം എന്നീ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച നഗരാതിർത്തിയിൽ താമസിക്കുന്ന പ്രശസ്തരായ മുതിർന്ന പൌരന്മാർക്ക് നഗരസഭയുടെ 25000 രൂപയും, പ്രശസ്തി പത്രവും, ഫലകവും അടങ്ങുന്ന 'നഗരരത്ന' അവാർഡ് നല്കാൻ 29.11.2024 ൽ കൂടിയ സ്പെഷ്യൽ കൌൺസിൽ യോഗത്തിൽ തീരുമാനിക്കുകയും, പ്രൊ. വി.കാർത്തികേയൻ നായർ ചെയർമാനും, പ്രൊ. എ.ജി.ഒലീന, എം.വിജയകുമാരൻ, പൂജപ്പുര എന്നിവർ അംഗങ്ങളായും അവാർഡ് നിർണ്ണയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബ്രോഷറിൽ 2025ജനുവരി 16ന് വൈകുന്നേരം 5.30മണിക്ക് പുത്തരിക്കണ്ടം മൈതാനത്ത് നടക്കുന്ന സമാപന സമ്മേളനത്തിൽ നഗരരത്ന അവാർഡ് വിതരണം ഉൾപ്പെടെയുള്ള കാര്യപരിപാടികളുടെ വിവരങ്ങൾ, നഗരരത്ന അവാർഡിനായി തിരഞ്ഞെടുത്തിട്ടുള്ള വിവിധ മേഖലകളിൽ കഴിവുതെളിയിച്ച പ്രഗൽഭരുടെ പേര് വിവരങ്ങൾ എന്നിവ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അപ്രകാരം ക്യാഷ് അവാർഡ് നല്കിയിരുന്നോ എന്ന് പരിശോധിക്കാനായിട്ടില്ല. അവാർഡ് നല്കുന്നതിനായി എത്ര തുക ചെലവഴിച്ചു, ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത് തുടങ്ങി ക്യാഷ് അവാർഡ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ യാതൊന്നും ഫയലിൽ ലഭ്യമല്ല. കൂടാതെ അവാർഡ് നിർണ്ണയ സമിതി അംഗങ്ങൾക്ക് റമ്യൂണറേഷൻ നല്കിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല. തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക ക്യാഷ് അവാർഡ് വിതരണത്തിനും മറ്റ് അനുബന്ധ ചെലവുകൾക്കും വിനിയോഗിച്ചോ എന്നും വ്യക്തമല്ല.
- വേദിക്കായുള്ള പന്തൽ, സ്റ്റേജ്, കസേര, ലൈറ്റ് & സൌണ്ട്, പരസ്യങ്ങൾ, ബോർഡുകൾ, പരസ്യം നല്കൽ, അനൌൺസ്മെന്റ്, ഭക്ഷണം എന്നിങ്ങനെയുള്ള ഇനങ്ങളിലെ ചെലവുകൾക്കാണ് വികസനഫണ്ടിൽ നിന്നുള്ള 27,65,193/- രൂപയും ചെലവഴിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനായി ക്ഷണിച്ചിട്ടുള്ള ക്വട്ടേഷനുകൾ/ടെണ്ടറുകൾ, സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ്, കൌൺസിൽ തീരുമാനം എന്നിവയുടെ വിശദാംശങ്ങൾ പരിശോധനക്ക് നല്കിയില്ല.
- മെഡിക്കൽ ക്യാമ്പ് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളാണ് ബ്രോഷറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇവയെല്ലാം നടപ്പാക്കിയതായി കാണുന്നില്ല. സമാപന ദിവസം വൈകുന്നേരം 7 മണി മുതൽ പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകൻ സുദീപ്കുമാർ നയിക്കുന്ന ഗാനസന്ധ്യ സംബന്ധിച്ച അറിയിപ്പ് പരിപാടിയുടെ ബ്രോഷറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിയുടെ അപ്രകാരമുള്ള പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളോ ചെലവ് വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. അതിനായി തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ടോ എന്നതിലും വ്യക്തതയില്ല.

മറ്റ് അപാകതകൾ

വയോജനോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി ബഹു.മേയർ ചെയർപേഴ്സൺ ആയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജനറൽ കൺവീനറായും, നഗരസഭാ സെക്രട്ടറി കൺവീനറായും എക്സിക്യൂട്ടീവ് കമ്മിറ്റിയും, 13സബ്കമ്മിറ്റികളും രൂപീകരിച്ചതായി കാണുന്നു. പ്രസ്തുത കമ്മിറ്റികൾ യോഗം ചേർന്നിട്ടില്ല.

2024-25 പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി ക്ഷണിച്ചിട്ടുള്ള ക്വട്ടേഷനുകൾ/ടെണ്ടറുകൾ, സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ്, കൌൺസിൽ തീരുമാനം എന്നിവ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടും, വികസന ഫണ്ടിൽ നിന്ന് അല്ലാതെ തനത് ഫണ്ട് ഉൾപ്പെടെയുള്ള മറ്റ് ഏതെങ്കിലും ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 92 /കെ.എസ്.എ./ എ.ഒ.III/2025 , തീയതി. 6.10.2025) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയില്ല.

ഈ സാഹചര്യങ്ങളിൽ പദ്ധതി ചെലവ് തുകയായ 27,65,193രൂപയും, തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച 2500000 രൂപയും ഉൾപ്പെടെ 52,65,193രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതക്ക് മറുപടി ലഭ്യമാക്കിയും, മുൻകൂർ ക്രമീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

മുൻകൂർ ക്രമീകരിച്ച് വിവരം ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത തുക കൈപ്പറ്റിയിട്ടുള്ള കൌൺസിൽ വിഭാഗം ക്ലാർക്ക് ശ്രീ.സജി.വി.നായരുടെ ബാദ്ധ്യതയായി കണക്കാക്കി ഓഡിറ്റിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിൻറെ വിവരം

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിൻറെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം./ യു റ്റി ആർ നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാക്കി
1	കേരള വാട്ടർ അതോറിറ്റി	515/25-കുടിവെള്ള പൈപ്പ് ലൈൻ വ്യാസം കൂട്ടലും നീട്ടലും	C0325480271 69/15.03.2025	30000000	-	30000000
2	"	541/25-നഗരസഭയുടെ സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ	RBI0752502282884/15.03.2025	1000000	-	1000000
3	"	548/25 – നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലും ഗവ. സ്കൂളുകളിലും വാട്ടർ കണക്ഷൻ പുതുക്കലും വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കലും	2802/07.03.2025	500000	-	500000
4	"	1231/25 – ലൈൻ എക്സ്റ്റൻഷനും മാറ്റലും പുതിയ 110HP പമ്പ് വയ്ക്കലും - കുടപ്പനക്കുന്ന്	2761/06.03.2025	11648000	-	11648000
5	"	SO1232/2025, ഉള്ളൂർ വാർഡിലെ ലൈൻ എക്സ്റ്റൻഷനും മാറ്റലും	2762/06.03.2025	10000000	-	10000000
6	"	SO1230/2025, പൂങ്കുളം വാർഡിലെ പൈപ്പ് ലൈൻ മാറ്റലും നീളം കൂട്ടലും	2633/26.02.2025	47000000	-	47000000
7	"	SO 697/2025, പുന്നയ്ക്കാമുഗൾ വാർഡിലെ പൈപ്പ് ലൈൻ മാറ്റലും നീളം കൂട്ടലും	2632/26.02.2025	2038000	-	2038000
8	"	SO1229/2025, പുഞ്ചക്കരി വാർഡിലെപൈപ്പ് ലൈൻ മാറ്റലും നീളം കൂട്ടലം	2631/26.02.2025	2595000	-	2595000
9	"	SO1228/2025 – പെരുന്താന്നി വാർഡിലെ പൈപ്പ് ലൈൻ മാറ്റലും നീളം കൂട്ടലും	2638/26.02.2025	3400000	-	3400000
10	"	SO – 1243/2025 - ആറ്റുകാൽ വാർഡിലെ പൈപ്പ് ലൈൻ മാറ്റലും നീളം കൂട്ടലും	2629/26.02.2025	4895000	-	4895000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ-വായ്പാ തിരിച്ചടവ്.

വർഷാരംഭത്തിൽ അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (വാർഷിക ധനകാര്യ പത്രിക പ്രകാരം)	തൻവർഷം ലഭിച്ച തുക (വാർഷിക ധനകാര്യ പത്രിക പ്രകാരം	തൻവർഷം തിരിച്ചടച്ച തുക (സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്കുകൾ പ്രകാരം)	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (വാർഷിക ധനകാര്യ പത്രിക പ്രകാരം)
69,09,33,332/-	ഇല്ല.	6,90,93,334/-	62,18,39,998/-

ലോൺ തിരിച്ചടവ് തുകയായ 6,90,93,334/-രൂപ റവന്യൂ ചെലവ് ആയതിനാൽ ഈ തുക എക്സ്പെൻഡിച്ചർ ഹെഡിൽ ഉൾക്കൊള്ളിക്കേണ്ടതായിരുന്നു. എന്നാൽ ഉൾക്കൊള്ളിച്ചിട്ടില്ല. നേരിട്ട് ബാധ്യതയിൽ നിന്നും തുക കുറവ് ചെയ്യുന്ന രീതിയിലാണ് അക്കൗണ്ടിംഗ് നടത്തിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ലോൺ വിവരങ്ങൾ രേഖപ്പെടുത്തുന്ന Prepaid Programme Expense എന്നൊരു ഹെഡ് ഓഫ് അക്കൗണ്ട് K-Smart വഴി സമർപ്പിച്ചിട്ടുള്ള വാർഷിക ധനകാര്യപത്രികയിൽ ഇല്ല.

4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നം.	സ്ഥാപനത്തിന പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തീയതി	കാലയളവ്	തുക	മെച്യൂരിറ്റി തുക
1	CSB-കുമാരപുരം-0048-04935656-11021-8	26.03.2025	1 വർഷം	180674163	196527953
2	CSB – കുമാരപുരം 0048-04935656-11021-9	26.03.2025	1 വർഷം	180674163	196527953
3	കേരള ബാങ്ക് പാളയം - C10022016	04.11.2024	1 വർഷം	22757140	24633060
4	CSB – കുമാരപുരം 0048-04935656-110201-3	05.07.2024	1 വർഷം	250000000	271199948
5	CSB – കുമാരപുരം 0048-04935656-110201-4	05.07.2024	1 വർഷം	250000000	271199948
6	CSB – കുമാരപുരം 0048-04935656-110201-5	05.07.2024	1 വർഷം	250000000	271199948
7	CSB – കുമാരപുരം 0048-04935656-110201-6	05.07.2024	1 വർഷം	250000000	271199948
8	CSB – കുമാരപുരം 0048-04935656-110201-7	05.07.2024	1 വർഷം	139822101	151678986
9	CSB – കുമാരപുരം 0048-04935656-110201-1	29.06.2024	1 വർഷം	250000000	271199948
10	CSB – കുമാരപുരം 0048-04935656-110201-2	29.06.2024	1 വർഷം	140000000	151871971
11	ഫെഡറൽ ബാങ്ക്, സ്റ്റാച്ചു - 10300300730167	14.06.2024	1 വർഷം	250000000	270210306
12	ഫെഡറൽ ബാങ്ക്, സ്റ്റാച്ചു - 10300300730175	14.06.2024	1 വർഷം	250000000	270210306
13	ഫെഡറൽ ബാങ്ക്, സ്റ്റാച്ചു - 10300300730183	14.06.2024	1 വർഷം	250000000	270210306
14	ഫെഡറൽ ബാങ്ക്, സ്റ്റാച്ചു - 10300300730191	14.06.2024	1 വർഷം	250000000	270210306
15	ഫെഡറൽ ബാങ്ക്, സ്റ്റാച്ചു - 10300300730209	14.06.2024	1 വർഷം	92667804	100159183
16	ബാങ്ക് ഓഫ് ബറോഡ, വള്ളക്കടവ് -	22.02.2024	1 വർഷം 3 മാസം	42500000	46865958

	19390300018732				
17	ബാങ്ക് ഓഫ് ബറോഡ, വള്ളക്കടവ്- 19390300018733	22.02.2024	1 വർഷം 3 മാസം	43857268	48362656
18	SBI, വികാസ് ഭവൻ - 40507912775	12.10.2023	2 വർഷം	11913243	13815678
				3104865882	3367284362

4-7 ഓഡിറ്റ് റിക്കവറി

വിവരങ്ങൾ ലഭ്യമല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ അനുബന്ധം-31 ആയി ചേർക്കുന്നു.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

2024-25 കാലയളവിൽ ചാർജ് നടപടി വഴി തുക ഈടാക്കിയിട്ടില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

2024-25 കാലയളവിൽ സർചാർജ് നടപടി വഴി തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	9743043696.6
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	6541373617
വരവിനങ്ങളിലുള്ള നഷ്ടം	:	15945445
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	815570
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	422145265

(ബി) നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം	നഷ്ടമായ തുക		ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
	ചാർജ്	സർചാർജ്	
2-1	91,39,949		ശ്രീ. ജഹാംഗീർ.എസ്, സെക്രട്ടറി
2-2	1,13,694		ശ്രീ. ജഹാംഗീർ.എസ്, സെക്രട്ടറി
2-3	26,573		ശ്രീ. ജഹാംഗീർ.എസ്, സെക്രട്ടറി
2-4	18,453		ശ്രീ. ജഹാംഗീർ.എസ്, സെക്രട്ടറി
2-5 (11,88,040)	3,53,890		ശ്രീ. ജഹാംഗീർ.എസ്, സെക്രട്ടറി
	1,09,470		ശ്രീമതി. ജയകുമാരി.ആർ, ചാർജ്ജ് ഓഫീസർ, കടപ്പനക്കുന്ന്
	1,12,000		ശ്രീ. ബിജുകുമാർ.ബി, ചാർജ്ജ് ഓഫീസർ, വട്ടിയൂർക്കാവ്
	24,900		ശ്രീ.എ. ശ്രീകുമാരൻ, ചാർജ്ജ് ഓഫീസർ, തിരുവല്ലം
	56,650		ശ്രീമതി. സുഖിലാജിജി.എസ്, ചാർജ്ജ് ഓഫീസർ, നേമം
	2,46,390		ശ്രീ.സുമൻ.റ്റി.എസ്, ചാർജ്ജ് ഓഫീസർ, കടകംപള്ളി
	24,900		ശ്രീ. സുനിൽ.എം.എസ്, ചാർജ്ജ് ഓഫീസർ, ആറ്റിപ്ര
	6,300		ശ്രീ. പ്രശാന്ത്.ബി.റ്റി, ചാർജ്ജ് ഓഫീസർ, വിഴിഞ്ഞം
	2,53,540		ശ്രീമതി. ശ്രീബിന്ദു.ജി.എസ്, ചാർജ്ജ് ഓഫീസർ, കഴക്കൂട്ടം
2-6 (1,04,642)	31,755		ശ്രീ.ശശികുമാർ.കെ, ചാർജ്ജ് ഓഫീസർ, ഉള്ളൂർ
	2,400		ശ്രീ. ബിജുകുമാർ.ബി, ചാർജ്ജ് ഓഫീസർ, വട്ടിയൂർക്കാവ്
	26,640		ശ്രീ.എ. ശ്രീകുമാരൻ, ചാർജ്ജ് ഓഫീസർ, തിരുവല്ലം
	12,980		ശ്രീമതി. സുഖിലാജിജി.എസ്, ചാർജ്ജ് ഓഫീസർ, നേമം
	8,940		ശ്രീ.സുമൻ.റ്റി.എസ്, ചാർജ്ജ് ഓഫീസർ, കടകംപള്ളി
	15,077		ശ്രീ. സുനിൽ.എം.എസ്, ചാർജ്ജ് ഓഫീസർ, ആറ്റിപ്ര
	6,850		ശ്രീമതി.ശ്രീബിന്ദു.ജി.എസ്, ചാർജ്ജ് ഓഫീസർ, കഴക്കൂട്ടം
2-7 (1,24,000)	17,500		ശ്രീമതി. ജയകുമാരി.ആർ, ചാർജ്ജ് ഓഫീസർ, കടപ്പനക്കുന്ന്
	50,000		ശ്രീ. ബിജുകുമാർ.ബി, ചാർജ്ജ് ഓഫീസർ, വട്ടിയൂർക്കാവ്
	16,900		ശ്രീ.സുമൻ.റ്റി.എസ്, ചാർജ്ജ് ഓഫീസർ, കടകംപള്ളി
	39,600		ശ്രീ.ഉണ്ണികൃഷ്ണൻ.ബി.എസ്, ചാർജ്ജ് ഓഫീസർ, ശ്രീകാര്യം
2-8	23,16,000		ശ്രീ. ജഹാംഗീർ.എസ്, സെക്രട്ടറി
			ശ്രീ. പി.കെ. രാജു, ഡെപ്യൂട്ടി മേയർ
			അഡ്വ. അംശുവാമദേവൻ, കൗൺസിലർ, കേശവദാസപുരം
			ശ്രീ. പി. ശ്യാംകുമാർ, കൗൺസിലർ, കുറവൻകോണം

			ശ്രീ.എസ്.കൃഷ്ണകുമാർ, കൗൺസിലർ, വലിയശാല
			ശ്രീമതി. കവിത.എൽ.എസ്, കൗൺസിലർ, കഴക്കൂട്ടം
			ശ്രീമതി. സൗമ്യ.എൽ, കൗൺസിലർ,എസ്റ്റേറ്റ്
			ശ്രീ. വിജയകുമാർ.എസ് (Late) കൗൺസിലർ, ശ്രീവരാഹം
			ശ്രീമതി. ഗായത്രിദേവി.സി, കൗൺസിലർ, ചെല്ലമംഗലം
			ശ്രീമതി. മീനാ ദിനേഷ്.വി, കൗൺസിലർ, ചെട്ടിവിളാകം
			ശ്രീമതി.ബിന്ദു.എസ്.ആർ, കൗൺസിലർ,ചെറുവയ്ക്കൽ
			ശ്രീ.മധുസൂദനൻ നായർ.എസ്, കൗൺസിലർ, ശാസ്തമംഗലം
2-9	7,333		ശ്രീ.സജീവൻ.ജി, ചാർജ്ജ് ഓഫീസർ, ഉള്ളൂർ
2-10	5,58,750		ശ്രീ.സജീഷ്.ആർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
2-11 (2,26,041)	64,581		ശ്രീ.സജീഷ്.ആർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
	42,816		ശ്രീ. ബിജു.ഡി, എക്സി.എഞ്ചിനീയർ
	55,685		ശ്രീ.ജോസ്.എച്ച്.ജോൺസ്, അസി.എക്സി.എഞ്ചിനീയർ
	22,980		ശ്രീ. ജഹാംഗീർ.എസ്, സെക്രട്ടറി
	10,080		ശ്രീമതി. ലീന.ആർ.എസ്, അസി.എഞ്ചിനീയർ
	16,271		ശ്രീമതി. ഗ്രീഷ്മ.എ.വി, അസി.എഞ്ചിനീയർ
	11,949		ശ്രീമതി. ധന്യ.എസ്.നായർ, അസി.എക്സി.എഞ്ചിനീയർ
	1,399		ശ്രീ. ലോറൻസ്.എൻ, അസി.എഞ്ചിനീയർ
	280		ശ്രീമതി.രമാകുമാരി.ബി, അസി.എക്സി.എഞ്ചിനീയർ
2-12 (122855)	1,19,789		ശ്രീ.ജോസ്.എച്ച്.ജോൺസ്, അസി.എക്സി.എഞ്ചിനീയർ
	3,066		ശ്രീമതി. ലക്ഷ്മി.റ്റി.എൻ, അസി.എഞ്ചിനീയർ
2-13	18,15,000		ശ്രീ. സജീഷ്.ആർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
2-14 (106000)	27,500		ശ്രീമതി. രാജി.വി.എസ്, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സജിമോൻ.ബി, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി. അജികുമാരി.വൈ, ഹെൽത്ത് ഇൻസ്പെക്ടർ
	22,500		ശ്രീ. ആരിഷ്.എ.ആർ, ഹെൽത്ത് ഇൻസ്പെക്ടർ
	2,500		ശ്രീ. ഷമ്മി.ബി.എസ്, ഹെൽത്ത് ഇൻസ്പെക്ടർ
	31,500		ശ്രീമതി. രജിതാറാണി.വൈ, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഷാജൻ.എസ്, ഹെൽത്ത് ഇൻസ്പെക്ടർ
	7,000		ശ്രീമതി. സുനിത.ഒ.എസ്, ഹെൽത്ത് ഇൻസ്പെക്ടർ
	12,500		ശ്രീമതി. ഗായത്രി.സി.എസ്, ഹെൽത്ത് ഇൻസ്പെക്ടർ
	2,500		ശ്രീ.ബിജു.എസ്, SPHI ശ്രീ. വിജയകുമാർ.വി.ബി, SPHI ശ്രീ. രവികുമാർ.എസ്, SPHI
2-15 (78115)	42,850		ശ്രീ. ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ)
	21,555		ശ്രീ. അജയകുമാർ.ബി, ഹെൽത്ത് സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ)
	5,000		ശ്രീ. ശശികുമാർ.പി.കെ ഹെൽത്ത് സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ)
	8,710		ശ്രീ. ഷമ്മി.ബി.എസ്, SPHI
3-1		98,235	ശ്രീ. സജികുമാർ.വി, അസി. സെക്രട്ടറി
3-2		38,908	ശ്രീ. ജോസ്.എച്ച്.ജോൺ, അസി.എക്സി.എഞ്ചിനീയർ
3-3		25,393	ശ്രീ. ജോസ്.എച്ച്.ജോൺ, അസി.എക്സി.എഞ്ചിനീയർ
3-4		54,137	ശ്രീമതി. രാമസുധ, അസി.എഞ്ചിനീയർ
3-5		1,25,897	ശ്രീമതി. ഷീബ എഡ്വേർഡ്, സിഡിപിഒ,അർബൻ IV
3-6		4,73,000	ശ്രീ. ശശികുമാർ.എ, ഹെൽത്ത് ഓഫീസർ
	1,59,45,445	8,15,570	

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
1-26	64,994	ശ്രീ.സുഖിലാ ജിജി.എസ്,ചാർജ്ജ് ഓഫീസർ,നേമം സോണൽ
1-29-3	1,27,637	ശ്രീ.ജഹാംഗീർ.എസ്, സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

1-29-5	52,64,672	"
1-29-6	3,15,000	"
1-29-7	81,766	"
3-1	1,81,80,165	ശ്രീ.സജികുമാർ.വി, അഡീഷണൽ സെക്രട്ടറി
3-5	8,01,980	1.ശ്രീമതി.ഷീബ എഡ്വേർഡ്, സിഡിപിഒ അർബൻ IV (തുക - 400990/-) 2.ശ്രീമതി.ഖദീജ.കെ.എം,സിഡിപിഒ അർബൻ IV (തുക - 4,00,990/-)തിരു. നഗരസഭ
1-42-2	50,000	ശ്രീ.ജഹാംഗീർ.എസ്, സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
1-43	36,11,803	ശ്രീ.സജികുമാർ.വി, അഡീഷണൽ സെക്രട്ടറി
1-44	13,60,000	ശ്രീ.ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ
1-45	14,63,700	ശ്രീ.ജഹാംഗീർ.എസ്, സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
1-47-1	8,15,76,000	"
1-47-3	1,07,21,573	"
1-48	9,27,900	ശ്രീമതി.ഷീബ എഡ്വേർഡ്,സിഡിപിഒ അർബൻ IV
1-49	13,31,000	ശ്രീമതി.ഷീബ എഡ്വേർഡ്സി,ഡിപിഒ അർബൻ IV
1-50	1,04,54,000	ശ്രീമതി.ദീപ.എ.എസ്,സിഡിപിഒ അർബൻ II
1-51-2	1,27,47,893	1.ശ്രീമതി.സുജ,സിഡിപിഒ അർബൻ I (തുക-11,53,457) 2.ശ്രീമതി.ഇന്ദു.വി.എസ്,സിഡിപിഒ അർബൻ I (തുക-1,15,94,436)
1-52	40,07,651	ശ്രീമതി.സജിത.എൻ.നായർ,ഡിപിഒ അർബൻ III
1-52-1	34,39,236	ശ്രീമതി.സജിത.എൻ.നായർ,സിഡിപിഒ അർബൻ III
1-53-2	1,07,96,559	ശ്രീ.ജഹാംഗീർ.എസ്, സെക്രട്ടറി
1-53-3	40,44,565	"
1-53-4	71,44,586	"
1-53-5	2,73,02,000	"
1-55	24,92,800	ശ്രീ.ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ(ക്ലീൻ സിറ്റി മാനേജർ)
1-57	7,70,876	ഡോ.സീമ,മെഡിക്കൽ ഓഫീസർ,ചെട്ടിവിളാകം
1-60	28,63,132	ഡോ.അജിത്ത്കുമാർ.S.L, മെഡിക്കൽ ഓഫീസർ, ഫോർട്ട് താലൂക്ക് ആശുപത്രി
1-62	3,89,294	ശ്രീ.ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ(ക്ലീൻ സിറ്റി മാനേജർ)
1-63	57,37,249	ശ്രീ.അജയകുമാർ, ഹെൽത്ത്സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ) തുക-2500000/- ശ്രീ.ശശികുമാർ.പി.കെ, ഹെൽത്ത്സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ) തുക-2989000/- ശ്രീ.ശശികുമാർ.എ, ഹെൽത്ത് ഓഫീസർ (ക്ലീൻ സിറ്റി മാനേജർ) തുക- 248249/-
1-64-1	8,29,298	ശ്രീമതി.സ്മിത.എ,മെഡിക്കൽ ഓഫീസർ,വള്ളക്കടവ് സിദ്ധ ആശുപത്രി
1-67	14,96,412	ശ്രീ.ബിജു.ബി, ഹെൽത്ത് സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ)
1-69	2,38,62,356	ശ്രീ.ജഹാംഗീർ.എസ്, സെക്രട്ടറി
1-70	50,00,000	"
1-75	9,292	ശ്രീമതി.സജിത.എൻ.നായർ, സിഡിപിഒ അർബൻ III
